# HISTORY OF THE WORLD

**Pt. I for Form IV**

**Written According to Syllabus**

2329

MUNAVIRUL ISLAM H... SCHOOL
ERNAKULAM
2329

BY

T. S. BASKER,

*Author of History of Kerala Pts. I, II & III.*

# ലോകചരിത്രം

ഒന്നാംഭാഗം നാലാം ഫാറത്തിലേക്കു

കൊച്ചിപാഠക്രമം അനുസരിച്ചു രചിക്കപ്പെട്ടതു്.

ഗ്രന്ഥകർത്താ:

ടി. എസ്സ്. ബാസ്കർ

V. SUNDRA IYER & SONS,
TRICHUR.

Price 1—12—0]　　*Copy-right*　　[വില 1—12—0

A. H. Mohamed Haneefa
IV Form M.I.H.S.

MUNAVIRUL ISLAM HIGH SCHOOL ERNAKULAM
2329

# വിഷയവിവരം.


| | | |
|---|---|---|
| 1. | ആദിയിൽ | 1 |
| 2 | യഥാർത്ഥ മനുഷ്യർ | 8 |
| 3. | നവീന ശിലായുഗം | 11 |
| 4. | നവീന ശിലാസംസ്കാരം | 13 |
| 5. | ഈജിപ്ത് | 16 |
| 6. | പുരാതന ഈജിപ്തിലെ സംസ്കാരം | 20 |
| 7. | ഫറോ രാജാക്കന്മാർ | 24 |
| 8. | അമൻടോപ്പ് നാലാമൻ | 28 |
| 9. | രമേശൻ ദ്വിതീയൻ | 30 |
| 10. | ഈജിപ്തിന്റെ അധഃപതനം | 31 |
| 11. | ബാബിലോൺ | 33 |
| 12. | ബാബിലോണിന്റെ പൂർവ്വചരിത്രം | 41 |
| 13. | അസിറിയ | 47 |
| 14. | കൽദായക്കാർ | 57 |
| 15. | മിഡ്സും പേഴ്സ്യക്കാരും | 60 |
| 16. | ഡാരിയസ്സ് | 68 |
| 17. | പേഴ്സ്യൻ സാമ്രാജ്യത്തിന്റെ അധഃപതനം | 72 |
| 18. | ചൈന | 75 |
| 19. | കൺഫ്യൂഷ്യസ്സ് | 80 |
| 20. | വാങ്ങ് രാജവംശം | 84 |
| 21. | ഹാൻ രാജവംശം | 87 |
| 22. | ഇന്ത്യ പ്രാചീനപരിഷ്കാരം | 93 |
| 23. | ആര്യന്മാർ | 98 |
| 24. | ഇന്ത്യയിലെ ആദിമനിവാസികൾ | 100 |
| 25. | ഹിന്ദുമതവും ബുദ്ധമതവും | 106 |

| | | |
|---|---|---|
| 26. | ഫിനീഷ്യക്കാർ | 110 |
| 27. | ഐറോപ്യൻ പരിഷ്കാരം | 116 |
| 28. | ക്രീറ്റ | 118 |
| 29. | യവനർ | 123 |
| 30. | ക്രീറ്റിലെ പരിഷ്കാരാഘാതം | 126 |
| 31. | നഗരഭരണാധിപത്യവും ഉപനിവേശ സ്ഥാപനങ്ങളും | 131 |
| 32. | സ്പാട്ട് | 135 |
| 33. | യവന പേഴ്സ്യയുദ്ധം | 143 |
| 34 | ഡിലോസ്സിലെ ഐക്യരാഷ്ട്ര സംഘം | 148 |
| 35. | അതീനിയൻ സാമ്രാജ്യം | 152 |
| 36. | പരിക്ലീസിന്റെ കാലം | 154 |
| 37. | യവനരുടെ അധഃപതനം | 158 |
| 38. | ഡമസ്തനീസ്സ് | 161 |
| 39. | പ്ലേറ്റോ | 163 |
| 40. | അരിസ്റ്റോററൽ | 166 |
| 41. | എപ്പിക്കൂറസ്സ് | 168 |
| 42. | മാസിഡോണിന്റെ പുരോഗതി | 169 |
| 43. | മഹാനായ അലക്സാന്തർ | 173 |
| 44. | റോമൻ പരിഷ്കാരം | 180 |
| 45. | റോമിന്റെ വ്യാപനം | 197 |
| 46. | റോമിലെ ജീവിതരീതി | 211 |
| 47. | റോമ സാമ്രാജ്യം | 214 |
| 48. | പൂർവ്വറോമാസാമ്രാജ്യം | 225 |
| 49. | റോമിന്റെ അധഃപതനകാരണം | 234 |
| 50. | യഹൂദന്മാർ | 236 |
| 51. | ക്രിസ്തുവും അദ്ദേഹത്തിന്റെ ഉപദേശവും | 245 |
| 52. | വിശുദ്ധ പൌലൂസ്സും പത്രോസ്സും | 249 |
| 53. | ക്രിസ്ത്യാനികളുടെ അഭിവൃദ്ധി | 263 |

# ലോകചരിത്രം.

IRUL ISLAM HIGH SCHOOL

## 1. ആദിയിൽ

ലോകചരിത്രത്തെക്കുറിച്ചു നമുക്കുള്ള ജ്ഞാനം വളരെ വിരളമാകുന്നു. ഉദ്ദേശം 8000 കൊല്ലങ്ങൾക്കു മുമ്പു് "ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു" എന്നു ക്രിസ്തീയ വേദപുസ്തകം ഘോഷിക്കുന്നു. ഹിന്ദുമതഗ്രന്ഥങ്ങളാകട്ടെ, അനേകം കോടി സംവത്സരങ്ങളടങ്ങിയ നാലു യുഗങ്ങൾ ഉണ്ടെന്നും, അങ്ങനെയുള്ള അനേകം ചതുര്യുഗങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടെന്നും പറയുന്നു. ലോകത്തിലെ ജീവിതപ്രഭവത്തിന്റെ ക്രമമായ പ്രവൎദ്ധനയെ കുറിക്കുന്നതോ എന്നു തോന്നിക്കുന്ന ദശാവതാരകഥയും ഹിന്ദുപുരാണഗ്രന്ഥങ്ങളിൽ ഉൾക്കൊണ്ടു കിടപ്പുണ്ടു്. ഈ പ്രസ്താവനകളുടെ സത്യാവസ്ഥ അതതു മതസ്ഥരുടെ വിശ്വാസമനുസരിച്ചിരിക്കും. വെറും വിശ്വാസത്തെ അവലംബിച്ചുള്ള അഭിപ്രായത്തെക്കാൾ ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തത്തിനാണു് അധികം പ്രാമാണ്യം. അതിനാൽ ഭൂമിയിൽ ജീവികൾ, പ്രത്യേകിച്ചു മനുഷ്യർ ആവിർഭവിച്ചതു് എങ്ങനെ, എപ്പോൾ എന്നെല്ലാം ശാസ്ത്രദൃഷ്ട്യാ ഒന്നു പരിചിന്തനം ചെയ്യാം.

ചരിത്രത്തിനെത്തിനോക്കുവാൻ കഴിയാത്ത കാലത്തു ജീവികളുടെ ഉൽപത്തിയും വളർച്ചയും നാശവും ഭൂമുഖത്തെ അന്നത്തെ കാലാവസ്ഥയ്ക്കനുസരിച്ചായിരുന്നു. ഹൈമയുഗങ്ങളെന്നറിയപ്പെടുന്ന ഹേമന്തകാലങ്ങൾ അന്നു കൂടെക്കൂടെ പ്രത്യക്ഷപ്പെട്ടിരുന്നു. അവ ജീവികളുടെ ഉത്ഭവത്തിനു പ്രതികൂ

ലമായിച്ചമഞ്ഞു. ഇത്തരം ഹൈമയുഗങ്ങളെ ശാസ്ത്രജ്ഞന്മാർ പ്രധാനമായി നാലായി ഭാഗിച്ചിരിക്കുന്നു. ഇവയ്ക്കു് ഓരോന്നിനും ഇടയ്ക്കുള്ള കാലങ്ങളെ "അന്തഃഹൈമയുഗങ്ങൾ" എന്നും പറയുന്നു. അവയാകട്ടെ സുഖോഷ്ണാവസ്ഥയോടുകൂടിയ കാലങ്ങളുമാണു്. ഈ അന്തഃഹൈമയുഗങ്ങളിലാണു് ഭൂമിയിൽ ജീവികൾ ആവിർഭവിച്ചിരുന്നതും വർദ്ധിച്ചിരുന്നതും. അസാധാരണമായ വലുപ്പവും ഭയങ്കരമായ രൂപവുമുള്ള ജീവികളാണു് ആദ്യത്തെ അന്തഃഹൈമയുഗത്തിലെ ആദ്യജീവികൾ. അവ ആഴംകുറഞ്ഞ ജലാശയങ്ങളിലും അവയുടെ കരയ്ക്കുള്ള ചതുപ്പുപ്രദേശങ്ങളിലുമാണു് ജീവിച്ചു വന്നതു്. തമ്മിൽ കലഹിച്ചും തന്നിൽ എളിയതു തനിക്കിരയാക്കിയുമാണു് അവ കാലം പോക്കിയിരുന്നതു്. രണ്ടാമത്തെ ഹൈമയുഗം ആഗതമായപ്പോൾ അന്നത്തെ അതിയായ ശൈത്യം സഹിപ്പാൻ കഴിയാതെ അവയെല്ലാം നശിച്ചു. ഈ ഹൈമയുഗവുമവസാനിച്ചതിനുശേഷമാണു് കുതിര, കരടി തുടങ്ങിയ സ്തന്യജീവികൾ ആവിർഭവിച്ചതു്. ആദ്യം ചെറുതായിരുന്ന അവ പരിതഃസ്ഥിതികളുടെ ആനുകൂല്യംകൊണ്ടു ക്രമത്തിൽ വലുപ്പംകൂടിക്കൊണ്ടെ വളർന്നു.

ഈ ഹൈമയുഗങ്ങൾ ഭൂമുഖത്തു മുഴുവൻ വ്യാപിച്ചിരുന്നതായി തോന്നുന്നില്ല. അതിശൈത്യം താങ്ങുവാൻ ശക്തിയില്ലാത്തവയും സുഖോഷ്ണാവസ്ഥയിൽ ജീവിച്ചിരുന്നവയുമായ ജീവികൾ ഒന്നുകിൽ നശിച്ചിരിക്കണം; അല്ലാത്തപക്ഷം അനുകൂലമായ ശീതോഷ്ണാവസ്ഥയുള്ളടങ്ങളിലേയ്ക്കു തിരിച്ചിരിക്കണം. എന്നാൽ ഒടുവിലത്തെ ഹൈമയുഗത്തിൽ കാലാവസ്ഥ വളരെ കഠിനമായിച്ചമഞ്ഞു. ആ കാലത്താണു് മനുഷ്യൻ തന്റെ ബുദ്ധിവൈദഗ്ദ്ധ്യത്താൽ സമസ്തസൃഷ്ടികളുടെ മേൽ അധികാരവും പ്രാബല്യവും ചെലുത്തുവാൻ തുടങ്ങിയതു്. അന്നത്തെ ആ ഭയങ്കരമായ ഹേമന്തത്താൽ ശൂന്യമാക്കപ്പെട്ട ഒരു ലോകത്തിലാണു് നാം ഇന്നു ജീവിക്കുന്നതു്.

ആദ്യത്തെ ഹൈമയുഗം ആറുലക്ഷം വർഷങ്ങൾക്കു മുമ്പായിരുന്നു. നാലാമത്തേതു് ഉച്ചാവസ്ഥയെ പ്രാപിച്ചതു് അയ്മ്പതിനായിരം സംവത്സരങ്ങൾക്കു മുമ്പാണു്. സുദീർഘവും സാർവ്വത്രികവുമായ ആ ഹേമന്തത്തിലെ ശീതവർഷങ്ങൾക്കിടയിലാണു് ഭൂമുഖത്തു മനുഷ്യസമാനന്മാരായ ആദ്യത്തെ ജീവികൾ ജനിച്ചതു്.

മനുഷ്യോൽപത്തിയെക്കുറിച്ചുള്ള വിവരങ്ങൾ ഇന്നും അജ്ഞാതമായിട്ടാണിരിക്കുന്നതു്. എന്നാൽ നവീന സത്വയുഗത്തിന്റെ ഏതാണ്ടു മദ്ധ്യത്തിലുള്ള ഹൈമയുഗത്തോടടുക്കുമ്പോഴാണു് മാനുഷപ്രായരായ ജീവികളുടെ ലക്ഷ്യങ്ങൾ ഭൂഗർഭത്തിൽ പ്രത്യക്ഷപ്പെടുന്നതു്. ഈ ലക്ഷ്യങ്ങൾ എല്ലുകളും ആയുധങ്ങളുമാകുന്നു. തട്ടിമേടുന്നതിനൊ, ചുരണ്ടുന്നതിനൊ പററിയവയും യുദ്ധം ചെയ്യുന്നതിന്നു ഉപകരിക്കുന്നവിധം തലകൂർപ്പിച്ചു ചെത്തി ശരിപ്പെടുത്തീട്ടുള്ളവയുമായ ആയുധങ്ങൾ അഞ്ചുലക്ഷം മുതൽ പത്തുലക്ഷംവരെ സംവത്സരം പഴക്കംചെന്ന ശിലാപടലങ്ങളിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ടു്. ഇവയ്ക്കു് "ഉദയശിലകൾ" എന്നാണു് പേർ പറയുന്നതു്. എന്നാൽ ഈ ആയുധങ്ങൾ ഉപയോഗിച്ചിരുന്ന ജീവികളുടെ അവശിഷ്ടങ്ങളൊന്നും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. ഇതു് ഉപയോഗിച്ചിരുന്നതു് മനുഷ്യസമാനരല്ലെങ്കിലും ബുദ്ധിയുള്ളവരായ വല്ല കുരങ്ങന്മാരുമായിരിക്കാം എന്നു സംശയിക്കപ്പെടുന്നു. മേല്പറഞ്ഞ ശിലാപടലങ്ങളിൽനിന്നു് ഇന്നു ഭൂമിയിലുള്ള വാലില്ലാക്കുരങ്ങന്മാരുടെ കപാലങ്ങളെക്കാൾ വലുപ്പമുള്ള കപാലത്തോടുകൂടിയതും കാൽനിവർത്തി നടന്നിരുന്നതുമായ ഒരു വാലില്ലാക്കുരങ്ങന്റെ തലയോടിൻകഷണവും കുറെ പല്ലുകളും എല്ലുകളും ജാവയിലെ ട്രിനിൽ എന്ന സ്ഥലത്തുനിന്നു കണ്ടുകിട്ടിയിട്ടുണ്ടു്. ഈ ജന്തുവിനെ നടക്കുന്ന വാനരനരൻ എന്നാണു് പറയുന്നതു്.

രണ്ടര ലക്ഷം സംവത്സരത്തെ പഴക്കമുള്ള ശിലാപടലങ്ങ

ളിൽ എത്തുന്നതുവരെ ഉപമാനുഷമായ ഒരു ജന്തുവിന്റെയും അവശിഷ്ടങ്ങൾ കാണുന്നില്ല. എന്നാൽ ആയുധങ്ങൾ ധാരാളമായി കാണുന്നുണ്ടു്. ആ ശിലാപടലങ്ങളെ പരിശോധിച്ചു ചെല്ലുംതോറും ആയുധങ്ങളുടെ ഗുണം കൂടിയും വരുന്നു. തട്ടിയുരുട്ടി ഉണ്ടാക്കിയ ഉദയശിലായുധങ്ങളല്ല അതിസമർത്ഥമാംവണ്ണം ഭംഗിയിൽ ഉണ്ടാക്കപ്പെട്ട ആയുധങ്ങളാണവ. പിൽക്കാലത്തു മനുഷ്യനിർമ്മിതങ്ങളായ ആയുധങ്ങളെക്കാൾ അവ വലുപ്പംകൂടിയുമിരിക്കുന്നു.

ഇതിനുശേഷം ജർമ്മനിയിലെ ഹീഡൽബെർഗ്ഗിലെ ഒരു മണൽക്കുഴിയിൽനിന്നു മനുഷ്യോപമമായ ഒരു താടിയെല്ലു കണ്ടുകിട്ടി. ഈ ജന്തുവിനു താടിയില്ലായിരുന്നിരിക്കണം. ഒരു യഥാർത്ഥ മനുഷ്യന്റേതിനേക്കാൾ കനംകൂടി വിസ്താരം കുറഞ്ഞ ഒരു ഹനുവാണതു്. വ്യക്തമായി സംസാരിക്കുന്നതിനു തക്കവണ്ണം നാവിനു യഥേഷ്ടം പെരുമാറുവാൻ വിസ്താരമില്ലാത്തതാണതു്. ഈ താടിയെല്ലിനെ പുരസ്കരിച്ചൂഹിക്കുമ്പോൾ ഈ ജന്തു വമ്പിച്ച കൈകളും അവയവങ്ങളുമുള്ളതും രോമം ഇടതൂർന്നു നില്ക്കുന്ന ചർമ്മത്തോടുകൂടിയതുമായ ഒരു ഭീമമനുഷ്യസത്വമായിരുന്നു എന്നു് അറിയുമാറാകുന്നു. ഇതാണു ഹീഡൽബെർഗ്ഗു മനുഷ്യൻ.

പിന്നീടു്, ഒന്നരലക്ഷം കൊല്ലം പഴക്കം ഉണ്ടെന്നു കരുതപ്പെടുന്ന ഒരു ജന്തുവിന്റെ അവശിഷ്ടങ്ങൾ ഇംഗ്ലാണ്ടിൽ പിൽട്ടുഡൌൺ എന്ന ദിക്കിൽനിന്നു കണ്ടുകിട്ടിയിരിക്കുന്നു. ഇതിനു ഹീഡൽബെർഗ്ഗു മനുഷ്യനേക്കാൾ പഴക്കമുള്ളതായിട്ടാണു് കരുതുന്നതു്. ഇതിനെ "ഉദയമനുഷ്യൻ" എന്നാണു് ശാസ്ത്രകാരന്മാർ പറയുന്നതു്. ഹീഡൽബെർഗ്ഗു മനുഷ്യനിൽനിന്നും വാലില്ലാക്കുരങ്ങന്മാരിൽനിന്നും വ്യത്യാസപ്പെട്ട ഒരു ജന്തുവായിരുന്നു അതു്.

ഉദ്ദേശം അയ്മ്പതിനായിരമോ അറുപതിനായിരമോ സംവത്സരങ്ങൾക്കു് മുമ്പു—നാലാം ഹൈമയുഗത്തിന്റെ മൂർദ്ധ

ന്യാവസ്ഥയ്ക്കു മുമ്പു—മനുഷ്യനോടു വളരെ അധികം സാദൃശ്യമുള്ള ഒരു ജന്തു ഭൂമിയിൽ വസിച്ചിരുന്നു എന്നു് അതിന്റെ അവശിഷ്ടങ്ങൾ കണ്ടുകിട്ടിയതിൽനിന്നു് അറിവാകുന്നു. അതു് ആയുധങ്ങളും തണുപ്പിൽനിന്നു രക്ഷ നേടുവാൻ അഗ്നിയും ഉപയോഗിച്ചിരുന്നു. ഗുഹകൾക്കകത്തു പാർത്തു ശൈത്യബാധയിൽനിന്നും വന്യമൃഗങ്ങളുടെ ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെടുകയും മൃഗചർമ്മങ്ങളെ വസ്ത്രമായി ഉപയോഗിക്കുകയും ചെയ്തിരുന്നു. അതു് ഒരു വലംകയ്യനാണെന്നാണു് കരുതപ്പെടുന്നതു്. എന്നാൽ അതിനു നിവർന്നു നടപ്പാനും സംസാരിക്കുവാനും കഴിവുണ്ടായിരുന്നില്ല.

ഇത്രയെല്ലാം മാനുഷസാദൃശ്യമുണ്ടായിരുന്നിട്ടും അതു ഒരു യഥാർത്ഥ മനുഷ്യനല്ലെന്നാണു് അഭിജ്ഞമതം. കനത്ത താടിയും ഇടുങ്ങിയ നെററിയും ഉയർന്ന പുരികങ്ങളും ഈ ജീവിയ്ക്കുണ്ടു്. എന്നാൽ തള്ളവിരലുകൾ മനുഷ്യന്റേതുപോലെ മററു വിരലുകളോടു ചേർത്തു പിടിക്കത്തക്കവണ്ണമുള്ളവയല്ല. തല പിന്നാക്കമിട്ടു മേല്പോട്ടു നോക്കുവാൻ വയ്യാത്തവിധം ആണു് കഴുത്തിന്റെ സൃഷ്ടി. തന്മൂലം അവ മുഖം മുൻപോട്ടു കുനിച്ചിട്ടാവണം നടന്നിരുന്നതു്. അവയുടെ താടിയെല്ലുകൾ ഹീഡൽബർഗ്ഗ് മനുഷ്യന്റെ താടിയെല്ലുകൾക്കു സദൃശങ്ങളും മനുഷ്യന്റെ താടിയെല്ലിൽനിന്നു വ്യത്യാസപ്പെട്ടവയുമായിരുന്നു. പല്ലുകളുടെ ഘടനയിലും മനുഷ്യന്റേതിൽനിന്നു വ്യത്യാസമുണ്ടായിരുന്നു. തലയോടിന്നു മനുഷ്യമസ്തിഷ്ക്കത്തോടു സാദൃശ്യമുണ്ടെങ്കിലും അതു മുൻവശം കൊണ്ടു കീഴോട്ടിടിഞ്ഞതും പിന്നിൽ വലുപ്പം കൂടിയതുമാണു്. ഈ ജീവി മനുഷ്യരിൽനിന്നു ഭിന്നമായ ഒരു വർഗ്ഗത്തിൽ പെട്ടതാണെന്നാണു് ശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നതു്.

ഈ വർഗ്ഗം ഇപ്പോൾ മണ്ണടിഞ്ഞു പോയ്ക്കഴിഞ്ഞു. എങ്കിലും ഇതിന്റെ അവശിഷ്ടങ്ങളും തലയോടുകളും എല്ലുക

ളം മററു പലേടങ്ങളിൽനിന്നും കണ്ടുകിട്ടിയ കൂട്ടത്തിൽ ജർമ്മനിയിലെ ഡസ്സൽഡ്രോഫ് എന്ന പട്ടണത്തിന്റെ സമീപപ്രദേശമായ നിയാണ്ടർതാലിൽനിന്നും കിട്ടിയിട്ടുണ്ട്. അതുകാരണം ഈ ജീവിക്കു നിയാണ്ടർതാൽ മനുഷ്യൻ എന്നു പേർ പറയുന്നു.

ചെറിയ ജന്തുക്കളുടെ മാംസവും കായ്കനികളും കിഴങ്ങുകളും ആയിരുന്നു നിയാണ്ടർതാൽ മനുഷ്യന്റെ ആഹാരം. ഇവൻ വൃക്ഷങ്ങളുടെ ഇലകളും വേരുകളും ചവച്ചു തിന്നിരുന്ന ഒരു സസ്യഭുക്കായിരുന്നു എന്നു ദന്തപരിശോധനയിൽനിന്ന് അനുമാനിച്ചിരിക്കുന്നു. എന്നാൽ ഈ വർഗ്ഗക്കാരുടെ വാസസ്ഥാനങ്ങളിൽ മജ്ജ എടുത്തുതിന്മാൻ കടിച്ചു ചവച്ചിട്ടിരിക്കുന്ന മൃഗങ്ങളുടെ നീണ്ട എല്ലുകൾ കാണുന്നുണ്ട്. നദീതടങ്ങളിൽവെച്ചു കുന്തങ്ങൾകൊണ്ടു കുത്തിയും കുഴികളിൽ വീഴ്ത്തിയും അവർ മൃഗങ്ങളെ പിടിച്ചിരുന്നു. സ്വയംമൃതവും മാംസഭുക്കുകളായ മററു മൃഗങ്ങൾ കൊന്നതിന്നു ശേഷിച്ചതുമായ മൃഗങ്ങളുടെ മാംസമായിരിക്കാം അവർ ഭുജിച്ചിരുന്നതു്. അല്ലെങ്കിൽ ഹൈമയുഗങ്ങളിലെ തീവ്രശൈത്യത്താൽ സസ്യങ്ങൾ നശിച്ചതു കാരണം ഇര മുട്ടുകയാൽ പ്രാണരക്ഷാർത്ഥം ആയിരിക്കാം അതു മാംസഭുക്കായി ചമഞ്ഞതു്.

ഇവ സമുദായമായിട്ടാണ് ജീവിച്ചിരുന്നതു്. കൂട്ടത്തിൽ ശക്തിയേറിയവനായിരുന്നു സമുദായത്തിൽ തലവൻ. ഒരു തലവന്റെ ശക്തി ക്ഷയിക്കുന്നതോടുകൂടി പിന്നത്തെ ശക്തിമാൻ പൊരുതു ജയിച്ചോ കൊന്നോ തൽസ്ഥാനത്തു കയറിപ്പററുകയായി.

ഈ ഉദയശിലാമനുഷ്യരിൽനിന്നു വ്യത്യസ്തമല്ലാത്ത ഒരു മനുഷ്യവർഗ്ഗത്തെയാണ്, 1642-ൽ ഡച്ചുകാർ ആസ്ത്രേലിയയുടെ ദക്ഷിണഭാഗത്തു സ്ഥിതിചെയ്യുന്ന ടാസ്മേനിയ ദ്വീപു കണ്ടുപിടിച്ചപ്പോൾ കണ്ടതു്. അവർ നഗ്നരും ഗൃഹഹീനരുമായിരുന്നു. തുറന്ന സ്ഥലങ്ങളിലാണ് അവർ വസിച്ചി

രുന്നതു്. ശസ്ത്രശസ്ത്രാദികളായ ആയുധങ്ങളൊ പശു, കുതിര, ആടു്, നായ തുടങ്ങിയ മൃഗങ്ങളൊ അവൎക്കുണ്ടായിരുന്നില്ല. പാത്രനിൎമ്മാണവും കൃഷിപ്പണിയും അവൎക്കു അപരിചിതങ്ങളായിരുന്നു. മാംസം പാകംചെയ്താണു് അവർ ഭുജിച്ചിരുന്നതു്. അഗ്രത്തിൽ കൂൎത്ത ശിലകൾ വെച്ചുപിടിപ്പിച്ച കുന്തങ്ങളാണു് അവർ ഉപയോഗിച്ചിരുന്നതു്. മരത്തോലുകൊണ്ടു മെടഞ്ഞുണ്ടാക്കിയ പാനപാത്രങ്ങളും കൊട്ടകളും അവർ ഉപയോഗിച്ചിരുന്നു. തമ്മിൽ തമ്മിൽ ആവശ്യങ്ങളെ ഗ്രഹിപ്പിക്കാൻ ഒരു ഭാഷയും അവൎക്കുണ്ടായിരുന്നു.

ഈ നിയാണ്ടർത്താൽ മനുഷ്യൻ യൂറോപ്പു് വൻകരയിൽ അനേകസഹസ്രം വൎഷങ്ങളോളം ജീവിച്ചിരുന്നുവെന്നു് അനുമാനിക്കപ്പെടുന്നു. അതിനുശേഷം സുമാർ മുപ്പതോ മുപ്പത്തഞ്ചോ ആയിരം സംവത്സരങ്ങൾക്കുമുമ്പു ഭൂമുഖത്തെ കാലാവസ്ഥ സുഖോഷ്ണസ്ഥിതിയെ പ്രാപിച്ചു. അപ്പോൾ കൂടുതൽ ബുദ്ധിയും അറിവുമുള്ളവരും സംസാരിപ്പാൻ കഴിവുള്ളവരും പരസ്പരം സഹകരണശീലരുമായ ഒരു പുതിയ മനുഷ്യവൎഗ്ഗക്കാർ നിയാണ്ടർത്താൽ മനുഷ്യൻ അധിവസിച്ചിരുന്ന പ്രദേശങ്ങളിലേക്കു വലിഞ്ഞുകയറി എത്തി. അവർ വടക്കെ ആഫ്രിക്കയിൽനിന്നൊ, തെക്കെ ഏഷ്യയിൽനിന്നോ മദ്ധ്യധരണ്യാഴിയിൽ മുങ്ങിപ്പോയ പ്രദേശങ്ങളിൽനിന്നൊ ആണു് വന്നതു്. അവർ നിയാണ്ടർത്താലരെ നശിപ്പിക്കുകയൊ ആട്ടി ഓടിക്കുകയൊ ചെയ്തു് അവരുടെ സ്ഥാനം കയ്യേറിയിരിക്കാം.

---

## 2 യഥാർത്ഥ മനുഷ്യൻ

മുൻപു പ്രസ്താവിച്ചപോലെ നിയാണ്ടർതാലന്മാരെ തട്ടിനീക്കി അവരുടെ സ്ഥാനത്തുവന്ന വർഗ്ഗക്കാരാണ് മനുഷ്യരോടു രക്തബന്ധമുള്ള ആദ്യത്തെ യഥാർത്ഥമനുഷ്യർ. ഇവരുടെ കഴുത്തും പല്ലുകളും വിരലുകളും കപാലങ്ങളുമെല്ലാം മനുഷ്യരുടേതിനോടു സദൃശങ്ങൾതന്നെയായിരുന്നു.

അവരിൽതന്നെ രണ്ടു പിരിവുകൾ ഉണ്ടായിരുന്നതായി ഊഹിക്കപ്പെടുന്നു. ഒരു പിരിവിൽപെട്ടവരുടെ അവശിഷ്ടങ്ങൾ ഫ്രാൻസിലെ ക്രോമാഗ്നൻ എന്ന സ്ഥലത്തുള്ള ഒരു ഗുഹയിൽനിന്നു കണ്ടെടുത്തിട്ടുണ്ട്. ആ സ്ഥലത്തിന്റെ പേർതന്നെ ഈ വർഗ്ഗക്കാർക്കും പറയുന്നു. ഇവരാണ് ക്രോമാഗ്നൻ മനുഷ്യർ.

ക്രോമാഗ്നൻ മനുഷ്യർ ഉയർന്ന വർഗ്ഗക്കാരായിരുന്നു. വളരെ ഉയരവും വലിയ തലച്ചോറുമുള്ള ഇവർ ശരീരത്തിന്റെ ആകൃതികൊണ്ടു വടക്കെ അമേരിക്കയിലെ റെഡ് ഇന്ത്യക്കാരോട് ഒത്തവരാണ്. അവർ കാടന്മാരാണെങ്കിലും ഉത്തമ വർഗ്ഗക്കാരും അല്പം തവിട്ടുനിറമുള്ളവരുമത്രെ.

അതുപോലെതന്നെ ഇററലിയിലെ മെൻറോൺദേശത്തിനുസമീപം ഗ്രിമാൾഡി എന്ന സ്ഥലത്തെ ഗുഹകളിൽനിന്നും മററൊരു മനുഷ്യവർഗ്ഗത്തിന്റെ കപാലങ്ങൾ കിട്ടിയിട്ടുണ്ട്. ഗ്രിമാൾഡിവർഗ്ഗമെന്നാണ് ഇവരെ പറയുന്നതു്. ഈ വർഗ്ഗക്കാർ നീഗ്രോച്ഛായയോടുകൂടിയ കറുത്തമനുഷ്യരായിരുന്നു. ദക്ഷിണാഫ്രിക്കയിലെ ഹോട്ടൻടോട്ട് ജാതിക്കാരോടും കാട്ടുമനുഷ്യരോടുമാണ് ഇവർക്കധികം സാമ്യം.

നിയാണ്ടർതാലരുടേയും ഇവരുടേയും ഇടയിൽ മററൊരു വർഗ്ഗക്കാർ ഉണ്ടായിരുന്നതായി ഊഹിക്കപ്പെടുന്നു. അവരുടെ അവശിഷ്ടങ്ങൾ 1921-ൽ ദക്ഷിണാഫ്രിക്കയിലെ ബ്രോക്കൻഹിൽ എന്ന സ്ഥലത്തുനിന്നാണ് ലഭിച്ചതു്. മുന്നിൽ

നിയാണ്ടർതാലരുടേതിനേക്കാൾ വലുപ്പം കൂടിയതും പിന്നിൽ പതിഞ്ഞതുമായ ഒരു മസ്തിഷ്കപേടകമാണു് അവൎക്കുണ്ടായിരുന്നതു്. തലയോടു നട്ടെല്ലുമായി കൂട്ടിയോജിപ്പിച്ചിരുന്നതു് മനുഷ്യന്റേതുപോലെതന്നെയായിരുന്നു എങ്കിലും തലയോടിന്റെ നടുക്കു് ഒരു വരമ്പുണ്ടായിരുന്നു. എന്നാൽ പുരികങ്ങൾ വാനരന്റേതുമാതിരി ഉന്നതങ്ങളായിരുന്നു. പല്ലുകളും എല്ലുകളുമെല്ലാം മനുഷ്യസദൃശം തന്നെ. നിയാണ്ടർതാലന്റേയോ വാനരന്റേയോ മുഖം ചേൎന്ന ഒരു യഥാൎത്ഥ മനുഷ്യനായിരുന്നു അവൻ. നിയാണ്ടർതാലനോടാണു് ഇവനു് അധികം സാദൃശ്യം.

നാല്പതിനായിരത്തോളം കൊല്ലങ്ങൾക്കു മുമ്പു ഭൂമിയിൽ ജീവിച്ചിരുന്ന ഈ കാടന്മാർ യഥാൎത്ഥമനുഷ്യർ തന്നെയായിരുന്നു. അവർ കക്കകൾ തുളച്ചു മാലകൾ ഉണ്ടാക്കുകയും ദേഹത്തിൽ ചായങ്ങൾ തേയ്ക്കുകയും കല്ലുകൊണ്ടും എല്ലുകൊണ്ടും രൂപങ്ങൾ കൊത്തിയുണ്ടാക്കുകയും പാറകളിലും അസ്ഥികളിലും ചിത്രങ്ങൾ കൊത്തുകയും ഗുഹകളുടെ മിനുത്ത ഭിത്തികളിലും വിശിഷ്ടങ്ങളായ ശിലാതളിമങ്ങളിലും മൃഗങ്ങളുടേയും മററും ചിത്രങ്ങൾ അസംസ്കൃതമായിട്ടെങ്കിലും വളരെ ചതുരതയോടെ എഴുതുകയും ചെയ്തിരുന്നു. അവരുണ്ടാക്കിയിരുന്ന പലതരം ഉപകരണങ്ങൾ നിയാണ്ടർതാലന്മാർ നിൎമ്മിച്ചിരുന്നവയെക്കാൾ ചെറുതെങ്കിലും വിശിഷ്ടങ്ങളാണു്.

ഇവരിൽ ആദ്യത്തെ വകക്കാരായ ക്രോമാഗ്നൻസ് വേടന്മാരായിരുന്നു. അവരുടെ പ്രധാന ഭക്ഷണം കാട്ടുകുതിരയുടെ മാംസമാണു്. കാട്ടുപോത്തുകളേയും അവർ വേട്ടയാടിപ്പിടിച്ചിരുന്നു. മാമോത്തുകളും അവൎക്കു പരിചയപ്പെട്ടിരിക്കണമെന്നു് അവർ രചിച്ചിട്ടുള്ള ചിത്രങ്ങളിൽനിന്നു് അനുമാനിക്കാം. അവർ മാമോത്തുകളെ കെണിവെച്ചും പിടിച്ചിരുന്നു.

അവർ വേട്ടയ്ക്കു കുന്തവും കവണയും പ്രയോഗിച്ചിരുന്നെങ്കിലും വില്ലുകൾ ഉപയോഗിച്ചിരുന്നില്ല. മൃഗങ്ങളെ ഇണക്കുക പതിവുണ്ടായിരുന്നില്ല. കെട്ടിടങ്ങൾ പണിതിരുന്നില്ലെങ്കിലും തോൽകൊണ്ടു കൂടാരങ്ങൾ നിർമ്മിച്ചിരുന്നു. കളിമണ്ണുകൊണ്ടു പാത്രങ്ങൾ നിർമ്മിച്ചിരുന്നില്ലെങ്കിലും രൂപങ്ങൾ ഉണ്ടാക്കിയിരുന്നു. പാത്രങ്ങൾ ഇല്ലായിരുന്നതുകൊണ്ടു് അവക്കു പാചകവൃത്തി അറിവില്ലായിരുന്നു എന്നു വിചാരിക്കാം. കൃഷിയും നെയ്ത്തും ഒന്നും അവക്കറിയാമായിരുന്നില്ല. ശീതപരിഹാരത്തിനു തോൽകൊണ്ടും രോമചർമ്മങ്ങൾകൊണ്ടുമുള്ള വസ്ത്രങ്ങൾ അവർ ധരിച്ചിരുന്നു.

ഈ ആദിമ മനുഷ്യർ പതിനായിരം സംവത്സരങ്ങളോളം യൂറോപ്പിലെ വിസ്തീർണ്ണമായ മരുഭൂമിയിൽ വേട്ടയാടി നടന്നിരിക്കാം. ക്രമേണ കാലാവസ്ഥ മാറുകയും ആ മാററം ഭൂമിയിലെ ജീവികളിലും പ്രത്യക്ഷപ്പെടുകയും ചെയ്തു. ആയുധങ്ങളുടെ സമ്പ്രദായവും കാലത്തിനൊത്തു വ്യത്യാസപ്പെട്ടു. എല്ലുകൊണ്ടുള്ള ഉപകരണങ്ങൾ ആവിർഭവിച്ചു. മീൻപിടുത്തം മുഖ്യമായ ഒരു തൊഴിലായിത്തീരുകയും ചെയ്തു. കാലക്രമത്തിൽ ഈ നരവംശം എങ്ങനെയോ തിരോധാനം ചെയ്തു.

അതിനുശേഷം ഉദ്ദേശം പന്ത്രണ്ടോ പതിനഞ്ചോ സഹസ്രാബ്ദങ്ങൾക്കു മുമ്പു് സ്പെയിനിൻെറ ദക്ഷിണഭാഗങ്ങളിൽ അസിലിയക്കാരെന്ന ഒരു പുതിയ മനുഷ്യവർഗ്ഗം ആവിർഭവിച്ചു. ഈ സംഗതി അവിടങ്ങളിലെ തുറന്ന പാറപ്പുറങ്ങളിലും മററും എഴുതിവെച്ചിട്ടുള്ള ചിത്രങ്ങളിൽനിന്നാണു് അറിയുമാറാകുന്നതു്. ഇവർ വില്ലുപയോഗിച്ചിരുന്നു. വ്യക്തമായി ചിത്രമെഴുതുകയും ചെയ്തിരുന്നു. ഈ ചിത്രലേഖനത്തിൽനിന്നു നിഗൂഢമായ ഒരു ഭാഷാചിഹ്നവും ആവിർഭവിച്ചു.

ഇവരാണു പുരാണശിലായുഗത്തിലെ ഒടുവിലത്തെ മനു

ഷ്യവൎഗ്ഗം. ഇവരുടെ ആയുധങ്ങൾ കേവലം ശിലാനിൎമ്മിതങ്ങളായിരുന്നു, തന്മൂലമാണ് അവൎക്കു ശിലായുഗക്കാർ എന്നു പേർ ലഭിച്ചതു്.

12000_മൊ 15000_മൊ സംവത്സരങ്ങൾക്കു മുമ്പ് യൂറോപ്പിൽ ഒരു നൂതനജീവികൾ ആവിൎഭവിച്ചു. അവർ കല്ലുകൾകൊണ്ടുതന്നെയാണ് ആയുധങ്ങൾ ഉണ്ടാക്കിയിരുന്നതു്. എങ്കിലും അവയെ മിനുക്കി ചാണയ്ക്കു വെക്കുന്നതിന്നു ശീലിച്ചിരുന്നു. കൃഷിയും അവൎക്കു പരിചിതമായിരുന്നു.

---

## 3. നവീന ശിലായുഗം.

അസിലിയക്കാർ സ്പെയിനിന്റെ ദക്ഷിണഭാഗത്തു താമസിച്ചിരുന്നകാലത്തു്—ഉദ്ദേശം പതിനയ്യായിരം ആണ്ടോടടുത്തു്—ഉദയശിലാകാലത്തിന്റെ ഒടുവിൽ അവശേഷിച്ചിരുന്ന വേടവൎഗ്ഗക്കാരായ ജനങ്ങൾ ഉത്തരഭാഗത്തേയ്ക്കും പൂൎവ്വഭാഗത്തേയ്ക്കും വ്യാപിച്ചു് ഉത്തരആഫ്രിക്കയിലോ പശ്ചിമ എഷ്യയിലൊ മദ്ധ്യധരണ്യാഴിയിൽ മുങ്ങിപ്പോയ കരയിലൊ കടിയേറിപ്പാൎത്തിരിക്കാം. അവരായിരിക്കണം കൃഷിയും കന്നുകാലിവളൎത്തലും ശിലായുധങ്ങളെ പരിഷ്കരിച്ചു രൂപാന്തരപ്പെടുത്തലും തുടങ്ങിയതു്. കൊട്ടകൾ മെടയുവാനും സസ്യങ്ങളിൽനിന്നു നാരെടുത്തു വസ്ത്രങ്ങൾ നെയ്യുവാനും പാത്രം നിൎമ്മിപ്പാനും ആരംഭിച്ചതും ഇക്കാലത്തുതന്നെയായിരിക്കണം.

ഇക്കാലത്തോടുകൂടിയാണ് മനുഷ്യൻ പുരാതനശിലായുഗത്തിൽനിന്നു നവീനശിലായുഗത്തിലേയ്ക്കു കാലെടുത്തുകുത്തുന്നതു്. ജനങ്ങൾ ഇക്കാലത്തു ഭൂമിയിലെ സുഖോഷ്ണപ്രദേശങ്ങളിലേക്കു മന്ദമന്ദം കയറിക്കൂടിത്തുടങ്ങി. ക്രി. മു. പതിനായിരമാണ്ടിടയ്ക്കു മനുഷ്യസമുദായം നവീനശിലായുഗ

ത്തിൽ എത്തിക്കഴിഞ്ഞു. ആദ്യം അവർ ആഹാരത്തിന പഴങ്ങളുമുളച്ച ധാന്യങ്ങൾ കൊയ്തെടുത്തു കുത്തി അരിയാക്കിയായിരിക്കാം ഉപയോഗപ്പെടുത്തിയിരുന്നതു്. പിന്നീടായിരിക്കണം കൃഷി അഭ്യസിച്ചതു്.

കൃഷി കൊയ്യുന്നകാലത്തെ ആഹ്ലാദം പ്രദർശിപ്പിപ്പാനായിരിക്കണം അവർ നരബലി തുടങ്ങിയ ചടങ്ങുകൾ തുടങ്ങിവെച്ചതു്. ബലിക്കായി തിരഞ്ഞെടുത്ത ആളെ ആദരത്തോടും ഭക്തിയോടുംകൂടി ഉപചരിച്ചിരുന്നു. പിന്നീടു അതു സമുദായത്തിലെ ഒരു ചടങ്ങായും പരിണമിച്ചു.

ഋതുക്കളെപ്പററിയും അവ്യക്തമായ ഒരു ജ്ഞാനം അവൎക്കുണ്ടായിരുന്നിരിക്കാം, ചന്ദ്രനെ ആസ്പദമാക്കി ഋതുക്കളെ തിരിച്ചിരുന്നതായും നക്ഷത്രങ്ങളെ നോക്കി ദിക്കുകൾ നിർണ്ണയിച്ചിരുന്നതായും വിചാരിക്കാം. ഋതുനിർണ്ണയത്തിൽ ജ്യോതിർഗ്ഗോളങ്ങളുടെ പ്രാധാന്യം ഗ്രഹിച്ചതോടുകൂടി കൃഷിയിലും അതിൻെറ ഉപയോഗം ബലപ്പെട്ടു. അതിനെത്തുടൎന്നു നക്ഷത്രാരാധനയും ആവിർഭവിച്ചു. ഈവക കാര്യങ്ങളിൽ അനുഭവപൂർവ്വമായ ജ്ഞാനം സിദ്ധിച്ചവർ സമുദായത്തിൽ പ്രബലരായും വന്നു.

ഇങ്ങനെ നവീനശിലായുഗത്തിലെ മനുഷ്യർ സമുദായമായി പാർത്തുവന്ന സ്ഥലങ്ങൾ ചെറുപട്ടണങ്ങളായി ചമഞ്ഞു. തമ്മിൽപ്പിരിഞ്ഞു ഭിന്നസ്ഥാനങ്ങളിൽ പാർപ്പുറപ്പിച്ച സമുദായങ്ങൾ അന്യോന്യം ആദർശങ്ങളും ആശയങ്ങളും വിനിമയം ചെയ്തിരുന്നു. ഈ ആദർശവിനിമയസമ്പ്രദായത്തിനു സൗരശിലാസംസ്കാരമെന്നു പറയുന്നു. മദ്ധ്യധരണാഴിപ്രദേശവും പശ്ചിമേഷ്യയും കൂടിച്ചേരുന്ന ഒരു പ്രദേശത്തായിരിക്കണം ഈ സംസ്കാരം ആദ്യമായി ഉത്ഭവിച്ചതു്. ഇതു ക്രമേണ പൂർവ്വദിക്കുകളിലേക്കു വ്യാപിച്ചു അവിടെനിന്നു ശാന്തസമുദ്രദ്വീപങ്ങൾവഴി അമേരിക്കയ്ക്കും സംക്രമിച്ചിരിക്കാം.

തവിട്ടുനിറത്തോടുകൂടിയ ഈ മനുഷ്യർ ചെല്ലുന്ന ദിക്കു

കളിലെല്ലാം സൌരശിലാസംസ്കാരത്തോടുകൂടി പല ആചാരങ്ങളും പ്രചരിപ്പിച്ചു. അവ ഇന്നും ലോകത്തിൽ നിലനിന്നുപോരുന്നുണ്ട്.

---

## 4. നവീന ശിലാസംസ്കാരം

ഏകദേശം പത്തു സഹസ്രാബ്ദം മുൻപുമുതൽക്കുതന്നെ ഭൂമിയുടെ ആകൃതി നാം ഇന്നു കാണുംപോലെ ആയിക്കഴിഞ്ഞിരുന്നു. ഒരുൾപ്രദേശതടാകം ആയിരുന്നിരുന്ന മദ്ധ്യധരണ്യാഴി ജിബ്രാൾട്ടർ കടലിടുക്കുമൂലം അത്ലാന്തിക് സമുദ്രവുമായി യോജിച്ചു. കരിങ്കടൽതൊട്ടു കാക്കസസ്സ് പർവ്വതം വരെ വ്യാപിച്ചു കിടന്നിരുന്ന കാസ്പ്യൻകടലിനു ചുററുമുള്ള തരിശായ പ്രദേശങ്ങൾ ഫലപുഷ്ടിയുള്ളവയും നിവാസയോഗ്യങ്ങളും ആയി ചമഞ്ഞു. ബയറിംഗ് കടലിടുക്കുമൂലം അമേരിക്കയും ഏഷ്യയും ഇക്കാലത്തു യോജിപ്പിക്കപ്പെട്ടിരുന്നു എന്നും കരുതപ്പെടുന്നു.

അക്കാലത്തുതന്നെ മനുഷ്യസമുദായത്തിൽ വർഗ്ഗവ്യത്യാസങ്ങൾ ഉത്ഭവിച്ചിരുന്നു. ലോകത്തിലെ സുഖോഷ്ണാവസ്ഥയുള്ള പ്രദേശങ്ങളിലെല്ലാം സൌരശിലാസംസ്കാരത്തിനു അവകാശികളായ തവിട്ടുനിറത്തോടുകൂടിയ മനുഷ്യർ—മദ്ധ്യധരണ്യാഴിപ്രദേശത്തിലെ ഭൂരിപക്ഷം വർഗ്ഗക്കാരുടേയും പൂർവ്വികന്മാർ, ബെർബെർവർഗ്ഗക്കാർ, ഈജിപ്റ്റിലെ വർഗ്ഗക്കാർ, തെക്കും കിഴക്കും ഏഷ്യാഖണ്ഡത്തിലെ നിവാസികളിൽ അധികപക്ഷത്തിന്റെ പൂർവ്വികന്മാർ എന്നിവർ—പാർപ്പുറപ്പിച്ചിരുന്നു. ഈ വമ്പിച്ച മനുഷ്യസമുദായത്തിന്റെ വിവിധശാഖകളാണ് അത്ലാന്തിക്, മദ്ധ്യധരണ്യാഴി എന്നീ സമുദ്രങ്ങളുടെ തീരങ്ങളിൽ വസിച്ചിരുന്നവരും, മിക്കവാറും വെളുത്ത നിറത്തോടുകൂടിയിരുന്നവരുമായ ഐബീറിയൻ അഥവാ മെ

ഡിററേനിയൻ വർഗ്ഗം, ബർബരും, ഈജിപ്തുകാരും ഉൾപ്പെട്ട ഹാമ്യവർഗ്ഗം, ദ്രാവിഡന്മാർ, ഇന്ത്യയിലെ കറുത്ത പൂർവ്വനിവാസികൾ, പൂർവ്വേന്ത്യാദ്വീപുകളിലെ വിവിധവർഗ്ഗങ്ങൾ, പോളിനേഷ്യൻ വർഗ്ഗങ്ങൾ, മയോറികൾ തുടങ്ങിയവ. യൂറോപ്പിലെ മദ്ധ്യഭാഗങ്ങളിലും ഉത്തരഭാഗങ്ങളിലും ഉള്ള വനപ്രദേശങ്ങളിൽ കുറെക്കൂടി നിറമുള്ളവരും നീലനയനങ്ങളോടുകൂടിയവരുമായ നോർദ്ദിവർഗ്ഗം പരന്നിരുന്നു. വടക്കുകിഴക്കൻ ഏഷ്യയിൽ ഈ തവിട്ടുനിറമുള്ള വർഗ്ഗക്കാർതന്നെ ചെരിഞ്ഞ കണ്ണുകളും ഉയന്ന കപോലങ്ങളും മഞ്ഞനിറവും കറുത്ത കോലൻതലമുടിയുമുള്ള മംഗോളിയൻ വർഗ്ഗമായി രൂപാന്തരപ്പെട്ടു. ദക്ഷിണാഫ്രിക്കയിലും, ആസ്ത്രേലിയയിലും, ഏഷ്യയുടെ തെക്കുഭാഗത്തുള്ള പല ഉഷ്ണമേഖലാദ്വീപുകളിലും നീഗ്രോ ജാതിയിൽ ഉൾപ്പെട്ട ജനങ്ങളുടെ അവശിഷ്ടങ്ങൾ അനവധിയുണ്ടു്. ആഫ്രിക്കയുടെ മദ്ധ്യപ്രദേശം വർഗ്ഗസങ്കരത്തിന്റെ രംഗമായി തീർന്നുകഴിഞ്ഞിരുന്നു.

ഈ നവീനശിലായുഗത്തിൽ മംഗോളിയ വർഗ്ഗക്കാർ ബെയറിംഗു് കടലിടുക്കുവഴി ആദ്യമായി അമേരിക്കയിൽ കയറിക്കൂടി. അവരിലധികവും അലഞ്ഞുനടക്കുന്നവരായിരുന്നു. അവർ ഇരുമ്പുകൊണ്ടുള്ള ഉപയോഗം അറിഞ്ഞിരുന്നില്ല. എങ്കിലും സ്വർണ്ണം, ചെമ്പു് എന്നീ ലോഹങ്ങൾ ഉപയോഗിച്ചിരുന്നു. അവിടങ്ങളിലെ പെറു, മെക്സിക്കൊ തുടങ്ങിയ രാജ്യങ്ങളിൽ കൃഷിക്കനുകൂലമായ പരിതഃസ്ഥിതികൾ ഉണ്ടായിരുന്നു. ക്രി. മു. 1000 സംവത്സരങ്ങൾക്കു് മുമ്പു് പഴയ ലോകമായ പൂർവ്വാൽഗോളത്തിൽ ഉണ്ടായിരുന്നതിനെക്കാൾ മെച്ചമായ ഒരു പരിഷ്കാരവും സംസ്കാരവും ആ രാജ്യങ്ങളിലുണ്ടായിരുന്നു. പൌരോഹിത്യപ്രാബല്യം ഉച്ചത്തിലെത്തുകയാൽ അവർ ജ്യോതിശ്ശാസ്ത്രത്തിലും എഴുത്തുവിദ്യയിലും വൈദഗ്ദ്ധ്യം പ്രാപിച്ചിരുന്നു. ഇവർ വമ്പിച്ചതോതിൽ നരബലി നടത്തിയിരുന്നു. പാത്രനിർമ്മാണവും

തുണിനെയ്ത്തും ചായപ്പണിയും വളരെ ഉന്നതനിലയിൽ എത്തിയിരുന്നു.

മേല്പറഞ്ഞ കാലഘട്ടത്തിനു മൂവ്വായിരമോ നാലായിരമോ കൊല്ലത്തിനുമുമ്പ്, ക്രി. മു. നാലായിരമോ അയ്യായിരമോ കൊല്ലങ്ങൾക്കടുത്ത് അമേരിക്കൻ പരിഷ്കാരത്തോടു സാദൃശ്യമുള്ള ഒരു പരിഷ്കാരം പൂർവാർദ്ധഗോളപ്രദേശങ്ങളിലും ഉണ്ടായിരുന്നു. ഉദ്ദേശം ക്രി. മു. ആറായിരമാണ്ടിനും ഏഴായിരമാണ്ടിനും അടുത്തു ഏഷ്യയിലെ ഫലപുഷ്ടിയുള്ള പ്രദേശങ്ങളിലും ആഫ്രിക്കയിലെ നൈൽനദീതീരത്തിലും പരിഷ്കൃതങ്ങളായ മനുഷ്യസമുദായങ്ങൾ ആവിർഭവിച്ചുകഴിഞ്ഞിരുന്നു. അന്നു വടക്കൻപേഴ്സ്യയും (ഇറാൻ) പടിഞ്ഞാറെ തുർക്കിസ്ഥാനവും തെക്കെ അറേബിയയും ഇന്നത്തേക്കാൾ ഫലപുഷ്ടികൂടിയവയായിരുന്നു. ഈ പ്രദേശങ്ങളിൽ അനേകം പ്രാചീനസമുദായങ്ങളുടെ അവശിഷ്ടങ്ങൾ കാണാം. എന്നാൽ മെസപ്പൊട്ടോമിയയുടെ ദക്ഷിണഭാഗങ്ങളിലും ഈജിപ്തിലുമാണ് ആദ്യമായി ഒരു പ്രത്യേകസ്ഥലത്തു കുടിയേറിപ്പാർപ്പും നഗരങ്ങളുടെ ആവിർഭാവവും ക്ഷേത്രനിർമ്മാണവും ജലസേചനപദ്ധതികളും ഒരുവിധം പരിഷ്കരിച്ച സമുദായസംഘടനയും വ്യവസ്ഥാപിതമായ ഒരു ഭരണരീതിയും വ്യവസായവാണിജ്യപുരോഗതിയും അക്ഷയ്യമായ അഭിവൃദ്ധിയെ പ്രാപിപ്പാനുള്ള ശക്തിയും പ്രത്യക്ഷപ്പെട്ടതു്. നവീനശിലായുഗത്തിൻെറ പുരോഗതിക്കു പ്രതിബന്ധമായി ഭവിച്ചതു് അക്ഷരവിദ്യയുടേയും കപ്പലുകളുടേയും അഭാവമായിരുന്നു. യൂറോപ്പിൽ ഇക്കാര്യങ്ങളിൽ ക്ലേശങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ മററു ചിലേടങ്ങളിൽ ഇന്നത്തേക്കാൾ ഒട്ടും താഴ്ന്നതല്ലാത്ത പരിഷ്കാരം ആവിർഭവിച്ചിരുന്നു. ഈജിപ്റ്റിലും ബാബിലോണിയയിലും ചൈനയിലും ഇന്ത്യയിലും ക്രീററിലുമാണ് ആദ്യമായി പരിഷ്കാരങ്ങൾ കാണപ്പെട്ടതു്. എങ്കിലും അവയിൽവെച്ചു പഴക്കമേറിയവ ഈജിപ്തും

ബാബിലോണിയയുമാണെന്നാണു് കരുതപ്പെടുന്നതു്. ഇവയിൽ ഏതിന്നാണു് പഴമയധികമെന്നും ഏതു പരിഷ്കാരമാണു് മററതിന്റെ ഉന്നമനത്തിന്നു പര്യാപ്തമായി ചമഞ്ഞതെന്നും ഇന്നും തീർച്ചയാവാത്ത സംഗതികളാണു്. ഇവയെല്ലാം അതതു പ്രദേശങ്ങളിൽ ആവിർഭവിച്ചു തന്നത്താൻ അഭിവൃദ്ധിപ്പെടുകയാണു് ചെയ്തതെന്നും കരുതപ്പെടുന്നു.

---

## ൫. ഈജിപ്തു്

“നീലനദിയുടെ പാരിതോഷികം ആണു് ഈജിപ്തു” എന്നു ഹെരോദത്തസ്സു പറഞ്ഞിരിക്കുന്നു. ഈ മഹാനദി പാറപ്പുറപ്പു തുരന്നു മുറിച്ചെടുത്ത പ്രദേശമാണു് ഈ രാജ്യം. മലകളിൽനിന്നു മണ്ണൊഴുക്കിക്കൊണ്ടുവന്നു നിക്ഷേപിച്ചു നദിയാൽ ഫലസമൃദ്ധമാക്കപ്പെട്ടതാകുന്നു ഈ പ്രദേശം. പ്രതിവർഷം നദിയിലുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം രാജ്യത്തെ മാലിന്യം നീങ്ങുന്നതുകൊണ്ടു് ഇതിനെ പ്രകൃതിനിർമ്മിതമായ ഒരു നീർച്ചാലായും കരുതാം. അങ്ങനെ രാജ്യവാസികൾക്കു് അധികം അദ്ധ്വാനിക്കാതെ ജീവിതം നയിക്കുവാനും അതു സൌകര്യം നൽകുന്നു.

മന്ദമായി വളഞ്ഞൊഴുകുന്ന നദിയുടെ ഇരുഭാഗങ്ങളിലേയ്ക്കും ക്രമമായി ചെരിഞ്ഞുകിടക്കുന്ന കരകളും മദ്ധ്യധരണ്യാഴിയുമായി സംഗമിക്കുന്ന അഴിമുഖത്തു നദി പല കൈവഴികളായി പിരിഞ്ഞൊഴുകുക മൂലം ഉണ്ടായിത്തീർന്നിട്ടുള്ള മുക്കോൺ തുരുത്തുകളും എന്നിങ്ങിനെ പ്രകൃത്യാ രണ്ടു ഭാഗങ്ങളായി പിരിഞ്ഞതാണു് രാജ്യത്തിന്റെ കിടപ്പു്. നദീതടത്തിന്റെ ഇരുഭാഗങ്ങളിലും പാറകൾ ചെങ്കുത്തായി ഉയർന്നുനില്ക്കുന്നു. അവയ്ക്കപ്പുറം പൂർവ്വഭാഗത്തു മരുഭൂമിയും നീലനദിയ്ക്കും ചെങ്കടലിനും ഇടയ്ക്കു് ഇടുങ്ങിയ ഒരു കരയും മാത്ര

മേയുള്ളു. പശ്ചിമഭാഗത്തു കര അനേകം നാഴിക വിസ്താരത്തിൽ വ്യാപിച്ചു കിടക്കുന്നു. ഈ നദിയുടെ ഉല്പത്തിസ്ഥാനം ദക്ഷിണഭാഗത്തുള്ള ന്യൂബിയൻ പർവ്വതങ്ങളിലാണു്. നദിയുടെ മന്ദമായ ഒഴുക്കിനെ ഭേദിച്ചുകൊണ്ടു് ആറു നിർഝരങ്ങൾ അതിൽ പതിക്കുന്നുണ്ടു്. നദീമുഖം തൊട്ടു് ആദ്യത്തെ നിർഝരംവരെ 500 നാഴിക ഉള്ളിലേക്കു നദിയിൽക്കൂടി ഗതാഗതസൌകര്യമുണ്ടു്.

ഈജിപ്തുകാരുടെ ചരിത്രത്തിൽ മററു പല വർഗ്ഗക്കാരിൽ കാണുംപോലെ പറയത്തക്ക വിടവുകൾ ഒന്നുമില്ല. അവിടത്തെ ജനങ്ങൾ ഒരു സങ്കരജാതിയല്ലെന്നും പറയാം. ഇവയ്ക്കെല്ലാം കാരണമായി ഗണിക്കപ്പെടുന്നതു് പുറത്തുനിന്നു രാജ്യത്തിനുള്ളിലേക്കു് എളുപ്പത്തിൽ പ്രവേശിക്കത്തക്ക മാർഗ്ഗമൊന്നും ഇല്ലാത്തതുതന്നെയാണു്. ദക്ഷിണഭാഗത്തുനിന്നു നീലനദിയിൽക്കൂടിയും പശ്ചിമഭാഗത്തുനിന്നു മദ്ധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങളിൽക്കൂടിയും പൂർവ്വോത്തരദിക്കിൽനിന്നു് ഇടുങ്ങിയ സീനായി അർദ്ധദ്വീപിൽ കൂടിയുമുള്ള വിസ്താരംകുറഞ്ഞ മൂന്നു മാർഗ്ഗങ്ങളേ രാജ്യത്തിന്നകത്തേക്കു് ഉള്ളു. ഹിതമായ കാലാവസ്ഥ, നിയതമായ സൂര്യാതപം, വർഷക്കുറവു് ഇവ ഒത്തിണങ്ങിയ ഒരു പ്രദേശമാണിതു്. മണലിൻെറ ചൂടിനാൽ ശവകുടീരങ്ങളിൽ അടക്കംചെയ്തിരിക്കുന്ന പഴയ മൃതശരീരങ്ങൾ ഇന്നും അന്നത്തെപ്പോലെ ജീർണ്ണിക്കാതെതന്നെയിരിക്കുന്നു.

ഈജിപ്തിൻെറ ചരിത്രത്തെ വിവിധരാജവംശങ്ങളുടെ വാഴ്ചകളായി ചരിത്രകാരന്മാർ തിരിച്ചിരിക്കുന്നു. ഓരോ രാജവംശത്തിലും അനേകം രാജാക്കന്മാരുണ്ടു്. രാജവംശങ്ങൾക്കു മുമ്പുള്ള കാലത്തും ഈജിപ്തിനു ചരിത്രമുണ്ടു്. അക്കാലങ്ങളെപ്പററിയുള്ള അറിവു നമുക്കു ലഭിക്കുന്നതു് മണ്ണിന്നടിയിൽ കുഴിച്ചിട്ടിരിക്കുന്ന വസ്തുക്കളിൽനിന്നാണു്. ഈജിപ്തിലെ ആദിമനിവാസികൾ എവിടെനിന്നാണു വന്നതു്

എന്നു നമുക്കറിവില്ല. ബി. സി. അയ്യായിരം കൊല്ലങ്ങൾക്കു മുമ്പ് അവർ ഏഡൻവഴി പൂർവ്വദിക്കിൽനിന്നു വന്നു നീലനദീതടത്തിൽക്കൂടി തെക്കോട്ടു വ്യാപിച്ചിരിക്കാം എന്നു കരുതപ്പെടുന്നു. അവർ ഹ്രസ്വകായന്മാരും മെലിഞ്ഞവരെങ്കിലും ബലിഷ്ഠരുമാകുന്നു. നീണ്ട മുഖം, കൂർത്ത താടി, പതിഞ്ഞ മൂക്ക് ഇവ ഈജിപ്തുകാരുടെ പ്രത്യേകതയാണ്. തലമുടി കറുത്തതാണെങ്കിലും അവർ ശിരോമുണ്ഡനം ചെയ്യും. ചിലർ മീശയും താടിരോമവും നിർത്താറുണ്ട്. ഇത്തരം പഴമക്കാരെ ചില ഗ്രാമങ്ങളിൽ ഇന്നും കാണും. നദിയുടെ മുക്കോൺതുരുത്തുകൾ ഫലപുഷ്ടിയുള്ളവയായിച്ചമഞ്ഞപ്പോൾ ജനങ്ങൾ അവിടങ്ങളിലും വസിച്ചു തുടങ്ങി. അങ്ങനെ ഒരായിരം വർഷത്തോളം അവർ വിദേശാക്രമണങ്ങളൊന്നും കൂടാതെ സ്വൈരജീവിതം നയിച്ചു. അതു കാരണം ഈ രാജ്യത്തു പരിഷ്കാരം അഭിവൃദ്ധി പ്രാപിച്ചുതന്നെ വന്നു.

ഈജിപ്തിലെ നിവാസികൾ അനേകം സ്വതന്ത്രവർഗ്ഗങ്ങളായിട്ടാണ് വസിച്ചിരുന്നതു്. ഓരോ വർഗ്ഗത്തിനും ചിഹ്നമായി ഓരോ മൃഗം ഉണ്ടായിരുന്നു. കാലക്രമത്തിൽ അത്തരം മൃഗങ്ങൾ അതതുവർഗ്ഗങ്ങളുടെ ദൈവമാണെന്നു കരുതുകയും അങ്ങനെ മൃഗങ്ങളെ പാവനങ്ങളായി ഗണിക്കയും ചെയ്തുവന്നു. മരണാനന്തരജീവിതത്തിൽ അവർ വിശ്വസിച്ചിരുന്നു. തന്മൂലം മൃതശരീരങ്ങളെ അടക്കംചെയ്യുന്നതോടൊപ്പം അവർ ജീവിച്ചിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന വസ്തുക്കൾ മിക്കവയും അവയ്ക്കടുത്തു വെക്കുക പതിവായിരുന്നു. ആദ്യമായി ലോഹങ്ങൾ ഉപയോഗിച്ചു തുടങ്ങിയതു് ഈ ജനങ്ങളാണെന്നു കരുതാം. സിനായി അർദ്ധദ്വീപിൽനിന്നാണു ചെമ്പു കുഴിച്ചെടുത്തിരുന്നതു്. ലോഹം കണ്ടുപിടിച്ചിട്ടും ആയുധങ്ങളെല്ലാം ശിലകൾകൊണ്ടുതന്നെയാണ് നിർമ്മിച്ചിരുന്നതു്. ദന്തംകൊണ്ടോ മരംകൊണ്ടോ ഉണ്ടാക്കപ്പെട്ട പിടികളിൽ കോടാലിത്തല ഉറപ്പിക്കുവാനും അവർക്കറിയാമാ

യിരുന്നു. ഈ ആയുധങ്ങൾ മൂർച്ചകൂട്ടിയിരിക്കുന്നതു കണ്ടാൽ ആരും അത്ഭുതപ്പെട്ടും. ചക്രത്തിൻെറ സഹായംകൂടാതെ കൈകൊണ്ടു മൺപാത്രങ്ങൾ ഉണ്ടാക്കുന്നതിലും അവർ നിപുണരായിരുന്നു.

താഴ്ന്ന സ്ഥലങ്ങളിൽനിന്നു യന്ത്രവിശേഷങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ജലസേചനപദ്ധതികൾമൂലം അവർ വിദഗ്ധമാംവണ്ണം കൃഷിചെയ്തിരുന്നു. നദിയിലെ വെള്ളപ്പൊക്കക്കാലങ്ങളെ അറിഞ്ഞും അവർ കൃഷി ചെയ്തുവന്നു. ഗോതമ്പു, ബാർലി, ചണ എന്നീ വിവിധവിളകളാണ് അവർ ഇറക്കിയിരുന്നതു്. ചണനൂൽകൊണ്ടു വിശേഷമായ വസ്ത്രങ്ങൾ അവർ നിർമ്മിച്ചിരുന്നു.

രാജവംശങ്ങളുടെ ആവിർഭാവകാലത്തുതന്നെ ചിത്രരൂപത്തിലുള്ള അക്ഷരവിദ്യ ഉച്ചസ്ഥിതിയിലെത്തിയിരുന്നു. ചരിത്രത്തിൽ ആദ്യമായി ഒരു പഞ്ചാംഗം എഴുതി പുറപ്പെടുവിച്ചതു് ബി. സി. 4241_ലാണ്. ഇവർ സംവത്സരത്തെ മുപ്പതു ദിവസങ്ങളടങ്ങിയ 12 മാസങ്ങളായി തിരിച്ചിരുന്നു. ബാക്കി വരുന്ന 5 ദിവസങ്ങളെ വർഷാന്തത്തിൽ ഒഴിവുദിനങ്ങളായി ഗണിച്ചു. വളരെ കാലങ്ങൾക്കുശേഷം ഈ സമ്പ്രദായംതന്നെയാണ് റോമക്കാർ അനുകരിച്ചതു്.

ചരിത്രാതീതമായ കാലത്തുകൂടി അവിടെ നിവസിച്ചിരുന്ന വിവിധവർഗ്ഗങ്ങൾ തമ്മിൽ കലഹിച്ചിരുന്നു. അതിൽ ആയുധനിർമ്മാണത്തിൽ വൈദഗ്ധ്യം സിദ്ധിച്ചവർ വിജയം നേടി. വിജയികൾ മററുള്ളവരെ അടക്കി ഭരിച്ചുവന്നു. വിജയിച്ചവരുടെ മതാചാരങ്ങളെ പരാജിതർ കൈക്കൊള്ളേണ്ടതായി വന്നിരുന്നുവെങ്കിലും പൂർവ്വാചാരങ്ങളെ കൈവെടിയേണ്ടി വന്നിരുന്നില്ല. വിജയികളുടെ മതാചാരങ്ങൾക്കാണ് പ്രാധാന്യം കൊടുത്തതു്. ഇക്കാരണത്താൽ അനേകം ശതവർഷങ്ങളിലായി കാട്ടാടും, മുതലയും കുറുനരിയും പൂച്ചയുമെല്ലാം ആരാധിക്കപ്പെട്ടുകയും അവയുടെ രൂപ

ങ്ങൾ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു.

ബി. സി. നാലായിരാമാണ്ടടുത്തു രണ്ടു വർഗ്ഗക്കാർ ബാക്കിയുള്ളവരെയെല്ലാം ജയിച്ചു കീഴടക്കി. നീലനദീതടം രണ്ടു ഭിന്നരാജ്യങ്ങളായി പകുക്കപ്പെട്ടു. സർപ്പപതാകയുള്ള വർഗ്ഗക്കാർ മുക്കോൺതുരുത്തു പ്രദേശങ്ങളിലും ഫാൾക്കൻ പറവയടയാളമുള്ളവർ ദക്ഷിണഭാഗത്തും പ്രബലരായിച്ചമഞ്ഞു.

---

## 6. പുരാതന ഈജിപ്തിലെ സംസ്കാരം

ഉദ്ദേശം ബി. സി. 3400-ാമാണ്ടിനടുത്തു—ചിലർ അതിനും മുമ്പാണെന്നും പറയുന്നുണ്ട്—മുക്കോൺതുരുത്ത് പ്രദേശങ്ങളും ദക്ഷിണഭാഗവും എന്നു രണ്ടായി പിരിഞ്ഞിരുന്നിരുന്ന ഈജിപ്ത് രാജ്യത്തെ മെനസ്സ് എന്ന രാജാവ് അടക്കി ഭരിച്ചുവന്നു. ദക്ഷിണദേശക്കാർ ഉത്തരദേശക്കാരെ കീഴടക്കിയതായി പറഞ്ഞിരിക്കകൊണ്ട് മെനസ്സ് ദക്ഷിണദേശത്തെ രാജാവായിരുന്നു എന്നു വേണം കരുതുവാൻ. ഒരേ രാജാവു തന്നെയാണ് രണ്ടു രാജ്യങ്ങളിലും ഭരണം നടത്തിയിരുന്നതെങ്കിലും ആ രണ്ടു രാജ്യങ്ങളും വ്യത്യസ്തങ്ങളായിത്തന്നെയാണ് കിടന്നിരുന്നത്. വല്ലപ്പോഴും കലാപമൊ വിപ്ലവമൊ ഉണ്ടായാൽ രാജ്യം രണ്ടു ചേരിയായിട്ടുതന്നെയാണ് വർത്തിച്ചിരുന്നത്.

ഫറൊ എന്നായിരുന്നു രാജാവിന്റെ സ്ഥാനപ്പേർ. രാജകിരീടത്തിൽ ഈരുരാജ്യങ്ങളേയും കുറിക്കുന്ന അടയാളങ്ങളുമുണ്ടായിരുന്നു.

കൊട്ടാരത്തിലെ ജീവിതം വലിയ പദവിയിലായിരുന്നു. രാജവംശജർ, പ്രഭുജനങ്ങൾ, പുരോഹിതന്മാർ, ഗ്രന്ഥമെഴുത്തുകാർ, കരകൌശലവിദഗ്ദ്ധർ, കർഷകർ എന്നിങ്ങനെയുള്ള ഉച്ചനീചത്വങ്ങൾ അവിടെ കല്പിക്കപ്പെട്ടിരുന്നു. ഭരണ

സംബന്ധമായും വാണിജ്യവ്യവസായസംബന്ധമായുമുള്ള ലേഖകവൃത്തികൾ ഗ്രന്ഥമെഴുത്തുകാരാണ് (സ്ക്രൈബ്സ്) നടത്തിയിരുന്നതു്. നീലനദീതീരത്തു വളൎന്നിരുന്ന പപ്പൈറസ്സ് എന്ന ചെടിയുടെ ഇലകൾ കൂട്ടിയോജിപ്പിച്ചാണ് എഴുതുവാൻ ഉപയോഗിച്ചിരുന്നതു്.

പ്രഭുഗൃഹങ്ങൾ ഇഷ്ടികാനിൎമ്മിതങ്ങളായിരുന്നു. ഗൃഹങ്ങൾക്കു ചുററും തോട്ടങ്ങളും തോട്ടങ്ങളിൽ വിചിത്രങ്ങളായ തടാകങ്ങളും ഉണ്ടായിരുന്നു. പുരകൾ പരപ്പൻമട്ടിലാണ്. ചിത്രീകരിക്കപ്പെട്ട തുണികൾകൊണ്ടു് അവ ആച്ഛാദനം ചെയ്യപ്പെട്ടിരുന്നു. വിദഗ്ദ്ധശില്പികളാൽ വിശിഷ്ടങ്ങളായ ഉപകരണങ്ങൾകൊണ്ടു് ആണ് ഗൃഹങ്ങൾ നിൎമ്മിക്കപ്പെട്ടിരുന്നതു്. ഗൃഹഭിത്തികളും ഗൃഹത്തിന്നലങ്കാരമായി വെച്ചിരുന്ന പ്രതിമകളും ചായംതേച്ചു മനോഹരമാക്കുകയും അലങ്കാരത്തിന്നു സ്വൎണ്ണം ധാരാളം ഉപയോഗിക്കുകയും പതിവായിരുന്നു. പ്രഭുഗൃഹങ്ങളിൽ നടന്മാരേയും നൎത്തകന്മാരേയും നിയമിക്കുന്നതിൽ ലോഭം കാണിച്ചിരുന്നില്ല.

കൎഷകന്മാർ പക്ഷിമൃഗാദികളെ ദൈവങ്ങളായി ആരാധിച്ചിരുന്നു എങ്കിലും രാജാക്കന്മാർ സൂൎയ്യനേയും നീലനദിയേയുമാണാരാധിച്ചിരുന്നതു്. രാജാക്കന്മാരുടേയും കൎഷകരുടേയും ദൈവങ്ങളെ സംയോജിപ്പിച്ചും സൂൎയ്യന് പ്രാധാന്യം കല്പിച്ചുമുള്ള രൂപങ്ങളും ദൈവത്തിനു കല്പിച്ചുവന്നു. യമരാജാവായ ഒസറിസ്സിനു വലിയ പ്രാമാണ്യം കല്പിച്ചിരുന്നു. മരണാനന്തരജീവിതത്തിലുള്ള വിശ്വാസത്താൽ ശവകുടീരനിൎമ്മാണത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുവാൻ തുടങ്ങി. മരണാനന്തരജീവിതത്തെ സുഖപ്രദമാക്കുവാൻവേണ്ടി ശവകുടീരത്തിൽ സകല സുഖോപകരണങ്ങളും ഒരുക്കുന്നതു പതിവായിരുന്നു. രണ്ടാം രാജവംശത്തിന്റെ കാലത്തു ഈ സമ്പ്രദായം മൂൎദ്ധന്യദശയിൽ എത്തി.

അക്കാലത്തു ശില്പകലയിൽ വിദഗ്ദ്ധൻ സോസർ ഫറോ

വിൻെറ പ്രധാന സചിവനായിരുന്ന ഇംഹോതെപ്പായിരുന്നു. അദ്ദേഹം തൻെറ സ്വാമിക്കുവേണ്ടി സക്കറ എന്ന സ്ഥലത്തു പ്രഥമമായി ഒരു ശവകുടീരം നിൎമ്മിച്ചു. സ്റ്റെപ്പ് പിരാമീഡ് എന്നറിയപ്പെടുന്ന അതു് ഇന്നും അന്നത്തെപ്പോലെ തന്നെ നിലകൊള്ളുന്നു. പിന്നീടുണ്ടായ രാജാക്കന്മാരും ഇതിനെ അനുകരിച്ചുതന്നെ തങ്ങളുടെ ശവകുടീരങ്ങൾ നിൎമ്മിച്ചുവന്നു. ഗിസ്സയിൽ ഫറൊകുഫസ്സിനുവേണ്ടി പണിത വലിയ പിരാമീഡിന്നു 13 ഏക്കർ സ്ഥലം വേണ്ടിവന്നു. അതിൽ ശവം വെക്കുവാനുള്ള കല്ലറകളും അവയിലേക്കുള്ള ദ്വാരങ്ങളുമൊഴികെ എല്ലാ ഭാഗങ്ങളും കട്ടിയായിട്ടാണു് പണിതിരിക്കുന്നതു്. ഇതിൽനിന്നു അന്നത്തെ രാജാക്കന്മാർ ഏകശാസനയിലാണു് രാജ്യം ഭരിച്ചിരുന്നതു് എന്നു് അനുമാനിക്കാം. ഈ പിരാമീഡുണ്ടാക്കാൻ ഒരു ലക്ഷം ജനങ്ങൾ ഇരുപതുകൊല്ലത്തോളം പ്രവൃത്തി എടുത്തതായി പറയപ്പെടുന്നു. അവരിൽ അധികം ഭാഗവും അടിമകളായിരുന്നു.

ഫറോമാർ മരിച്ചാൽ ആ മൃതശരീരം ജീൎണ്ണിക്കാതെ സൂക്ഷിക്കയാണു് പതിവു്. ഹൃദയവും മസ്തിഷ്കവും കീറിയെടുത്തു പാത്രങ്ങളിലാക്കി അടച്ചു ശവശരീരത്തിന്നടുത്തുതന്നെ നിക്ഷേപിക്കപ്പെട്ടിരുന്നു; രാജാവിനു കൈങ്കൎയ്യം ചെയ്യുവാൻ പരലോകത്തും ദാസന്മാരില്ലാതെ വരരുതു് എന്നു കരുതി ചില സിൽബന്ധികളേയും കൊന്നു കുഴിച്ചുമൂടുക ആദ്യകാലങ്ങളിൽ പതിവായിരുന്നു. ഈ വലിയ പിരാമിഡിനുചുററും പ്രഭുക്കന്മാരുടെ ചെറിയ പിരാമിഡുകളും നില്ക്കുന്നു. മരണാനന്തരം സ്വാമിയെ സേവിച്ചു കഴിയണമെന്നുദ്ദേശിച്ചു അവർ അതിനരികത്തുതന്നെ സ്വന്തം ശവകുടീരങ്ങളും പണിയിച്ചു.

സേവകന്മാരും പ്രഭുക്കളും ഫറോവിനെ ദൈവപുത്രനായി കരുതിവന്നു. ചില ഫറോമാർ ഗോത്രനാമത്തിനു പുറമെ ദൈവത്തിൻെറ പേർകൂടി സ്വീകരിച്ചു. തങ്ങൾ ദൈവമാണെന്നുള്ള സങ്കല്പത്താൽ രാജാവും അദ്ദേഹത്തിൻെറ സീമ

നപുത്രനും രാജകുഡുംബത്തിലെ സ്ത്രീകളെത്തന്നെ വിവാഹം ചെയ്തിരുന്നു. ഒരുതരം മരുമക്കത്തായമാണ് അവരുടെ ഇടയിൽ നടപ്പിലിരുന്നതു്.

രാജാവിനെക്കഴിച്ചാൽ പിന്നെ അടുത്ത സ്ഥാനികൾ രാജകുഡുംബാംഗങ്ങളാണു്. രാജാവിനോടൊപ്പംതന്നെ അവക്കും വസ്തുവഹകൾ ഉണ്ടായിരുന്നു. പ്രബലരായ അവരാണു് സക്കാർ ഉദ്യോഗസ്ഥന്മാരിൽ അധികംപേരും. രാജാവു വ്യവസ്ഥാപിതമായ ഭരണകൂടത്തിൻെറ തലവനാണെങ്കിലും നികുതിപിരിവിന്നു വ്യവസ്ഥയുണ്ടായിരുന്നില്ല. നാണ്യങ്ങൾ ഇല്ലാതിരുന്നതിനാൽ നികുതിപിരിവും കൊള്ളക്കൊടുക്കയുമെല്ലാം വിളവുമൂലമാണ് നടത്തിവന്നതു്. എല്ലാററിനും ക്രോഡീകൃതമായ നിയമങ്ങൾ ഉണ്ടായിരുന്നു.

കരവഴിക്കും കടൽവഴിക്കും വ്യാപാരങ്ങൾ നടന്നിരുന്നു. ചള്ളങ്ങളും പാവഞ്ചികളും ഉപയോഗിച്ചു നീലനദിയിൽകൂടി ഉൾനാട്ടുകളുമായും വ്യാപാരം നടന്നിരുന്നു. സീനായി അൽഭൈപുവഴിക്കു് ചെമ്പു മുതലായവയും ഉത്തരഭാഗത്തുനിന്നു ഗൃഹനിമ്മാണത്തിനുള്ള മരത്തരങ്ങളും നൂബിയയിൽനിന്നു സ്വർണ്ണവും, ദന്തവും, സുഗന്ധദ്രവ്യങ്ങളും ഒട്ടകപ്പക്ഷിയുടെ തൂവലും ഈജിപ്തുകാർ കൊണ്ടുവന്നു.

ശിലാസ്തംഭങ്ങളിൽ സ്ഫിൻക്സ് എന്നതു് പ്രസിദ്ധമാകുന്നു. കാഫ്രിഫറോവിൻെറ ശവകുടീരത്തെ കാത്തുകൊണ്ടു് അതിനല്പം അകലെ സ്ഥിതിചെയ്യുന്ന ഇതിന്നു സിംഹത്തിൻെറ ഉടലും കാഫ്രിഫറോവിൻെറ തലയുമാണുള്ളതു്.

പീപ്പി ഒന്നാമൻെറ കാലത്തു് പാഹോട്ടപ്പു് എന്നൊരു തത്വചിന്തകൻ ജീവിച്ചിരുന്നു. വലിയവരെ ബഹുമാനിക്കുക, എളിയവരെ സ്നേഹിക്കുക, ഈശ്വരനെ വിശ്വസിക്കുക, അഹിംസ ശീലിക്കുക എന്നുതുടങ്ങിയ തത്വങ്ങൾ ഉപദേശിച്ചിരുന്നു. വളരെക്കാലം ഇവയെ വിദ്യാലയങ്ങളിൽ പഠിപ്പിച്ചുമിരുന്നു. മൌനമാണു് ജ്ഞാനത്തിൻെറ ലക്ഷണമെന്നും,

അഹംകാരമരുതെന്നും, ഗൃഹജീവിതം ഇന്നവിധമായിരിക്കണമെന്നും പ്രസ്തുത തത്വചിന്തകൻ തന്റെ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ടു്.

ആറാം വംശത്തിലെ പീപ്പി രണ്ടാമന്റെ 94 കൊല്ലത്തെ ഭരണകാലത്തിന്റെ അന്ത്യത്തിൽ ഭരണത്തിന്റെ അശക്തതമൂലം പ്രഭുക്കൾ സ്വതന്ത്രരാവുകയും, അന്തഃഛിദ്രങ്ങൾ പൊട്ടിപ്പുറപ്പെടുകയും, പിൻതുടച്ച്ാവകാശതക്കങ്ങൾ ഉത്ഭവിക്കുകയും ചെയ്കയാൽ ക്ഷീണിച്ച രാജ്യത്തെ ദക്ഷിണഭാഗത്തുനിന്നു കാപ്പിരിവർഗ്ഗക്കാർ ആക്രമിച്ചധീനമാക്കി. രാജ്യത്തെ പ്രഭുക്കൾ ഉലഞ്ഞു. മുക്കോൺതുരുത്തുപ്രദേശം ഭിന്നിച്ചു. ഇങ്ങനെ പ്രാചീനരാജ്യം അസ്തമിക്കയും ചെയ്തു.

---

## 7. ഫറോ രാജാക്കന്മാർ

പീപ്പി രണ്ടാമന്റെ കാലശേഷം രാജ്യം വളരെ ശതാബ്ദത്തോളും അരാജകത്വത്തിൽ നീന്തിക്കളിച്ചു. ആ അരാജകത്വകാലത്തിന്റെ അവസാനത്തിൽ നീഗ്രോ വർഗ്ഗവുമായി കലന്ന ഒരു സങ്കീർണ്ണവർഗ്ഗക്കാർ പ്രബലരായിച്ചമഞ്ഞു് മററുള്ളവരെ അടക്കി ഭരിച്ചു.

ഈ വർഗ്ഗക്കാർ നല്ല ചൊടിയും പ്രാപ്തിയുമുള്ളവരായിരുന്നു. ഇവർ മക്കളെത്തന്നെ പിൻതുടച്ച്യോളു് അവകാശികളായി കല്പിച്ചു. രാജാവിരിക്കുമ്പോൾതന്നെ രാജ്യാവകാശിയും രാജ്യകാര്യങ്ങളിൽ പരിചയിച്ചിരുന്നതിനാൽ ഉദ്യോഗസ്ഥന്മാക്കും ജനങ്ങൾക്കും പിൻവാഴ്ചക്കാരുമായി പരിചയം നേടുവാൻ തരപ്പെട്ടിരുന്നു. അന്നേവരെയുള്ള രാജാക്കന്മാരിൽ കണ്ടിട്ടില്ലാത്തവിധം പ്രജാക്ഷേമംതന്നെയാണു് തങ്ങളുടെ ധമ്മം എന്നു് ഈ വംശക്കാർ കരുതിവന്നു.

ബി. സി. ഇരുപതാം ശതകത്തോടടുകൂടി രാജ്യം വീണ്ടും

ഏകീകരിക്കപ്പെട്ടു. അതിന്റെ വിസ്താരം രണ്ടാം നിർഝരംവരെ വ്യാപിച്ചു. അമൻഹെററ് രാജാവ് സ്ഥാനാരോഹണം ചെയ്തപ്പോൾ സമാധാനത്തോടുകൂടി വർത്തിക്കുന്ന ഒരു ഏകീകൃതസാമ്രാജ്യമാണ് അദ്ദേഹത്തിനു ലഭിച്ചതു്. ഈ രാജാവിന്റെ കാലത്തു രാജ്യകാര്യങ്ങളെല്ലാം നിഷ്കൃഷ്ടയോടെ നടത്തപ്പെട്ടു. നാനാമുഖങ്ങളായ അഭിവൃദ്ധികൾ ഉണ്ടായെങ്കിലും മതപരമായും സമുദായപരമായും ഗണ്യമായ മാററമൊന്നും സംഭവിച്ചില്ല.

സബക്‌ഫറോവംശം വാണിരുന്നകാലത്തു സിറിയവഴിക്കു വടക്കുകിഴക്കുനിന്നു രാജ്യത്തിൽ വലിഞ്ഞുകയറിവന്ന ഫിക്‌സോസ്സുവർഗ്ഗം രാജ്യം ആക്രമിച്ചു് അധീനപ്പെടുത്തി. ആക്രമികൾ തങ്ങളുടെ നായകനെ ഫറോവായി വാഴിച്ചു. ഇവരാണ് ഇടയവർഗ്ഗക്കാരായ രാജാക്കന്മാർ. ഇവർ സമ്പൽസമൃദ്ധങ്ങളായ നഗരങ്ങൾ കൊള്ളചെയ്കയും രാജഗൃഹങ്ങളും ദേവാലയങ്ങളും നശിപ്പിക്കുകയും ജനങ്ങളെ ദ്രോഹിക്കയും ചെയ്തു. തൻമൂലം ആദ്യകാലങ്ങളിൽ ജനങ്ങളിൽ മങ്ങിക്കിടന്നിരുന്ന സ്വാതന്ത്ര്യചിന്ത വീണ്ടും പൊട്ടിപ്പുറപ്പെട്ടു. അവർ ഭരണാധികാരികളോടു തുടരെത്തുടരെ കലഹിച്ചു. ഒടുവിൽ തീബ്സിലെ രാജവംശത്തിലുൾപ്പെട്ട അഹമോസ്സ് ഈ ഇടയവംശത്തെ രാജ്യത്തുനിന്നു് ആട്ടിയോടിച്ചു. രാജാസനത്തിനു് അവകാശപ്പെടുന്നവരെയെല്ലാം വെന്നു; ലഹളക്കാരെ അമർത്തിയും രാജവംശജന്മാരെ നിരവധി ഹനിച്ചും അവരുടെ മുതൽ അടക്കിയും ഇദ്ദേഹം രാജാവായി.

ഇദ്ദേഹം ആദ്യമായി സൈന്യത്തെ പരിഷ്കരിച്ചു. രഥങ്ങളെ സൈന്യത്തിന്റെ ഒരു വിഭാഗമാക്കി. പ്രഭുക്കൾക്കും സാധാരണ ജനങ്ങൾക്കും ആയോധനചിന്ത ഉണ്ടാക്കിത്തീർത്തു. ഇദ്ദേഹത്തിന്റെ സേനാനായകന്മാർ യുദ്ധച്ചടങ്ങുകൾ നല്ലപോലെ ഗ്രഹിച്ചവരായിരുന്നു.

അഹമോസ്സിന്റെ മകൻ അമൻടെപ്പ് ഒന്നാമൻ രാജ്യ

ത്തിൻെറ അതിൎത്തിയെ യൂഫ്രട്ടീസ്സ് നദി തൊട്ട നൂബിയ വരെ വ്യാപിപ്പിച്ചു. ഇദ്ദേഹത്തെത്തുടൎന്ന തട്ടമോസ്സ് ഒന്നാമൻ നൂബിയ മുഴവൻ കീഴ്പ്പെടുത്തി രാജ്യത്തോട ചേൎത്തു. പിടിച്ചെടുത്ത രാജ്യങ്ങളുടെ രക്ഷാൎത്ഥം കോട്ടകഠം കെട്ടി സൈന്യങ്ങളെ നിൎത്തി. കപ്പം അടയ്ക്കായ്ക്കകാരണം ഏഷ്യയെക്കൂടി വീണ്ടും ആക്രമിക്കേണ്ടതായി വന്നു. വിദേശങ്ങളിൽ ഏവംവിധമായ ഏൎപ്പാടുകഠം ചെയ്തശേഷം ഇദ്ദേഹം ഇടയ രാജവംശക്കാരാൽ നശിപ്പിക്കപ്പെട്ട ദേവാലയങ്ങളെ പുനരുദ്ധാരണം ചെയ്കയും അവയ്ക്കുവേണ്ട വസ്തുവഹകഠം നീക്കിവെക്കുകയും ചെയ്തു,

ഇത്തരം പ്രവൃത്തികഠംമൂലം മതകാൎയ്യങ്ങളിൽ രാജാക്കന്മാൎക്ക് പ്രധാന പൌരോഹിത്യം കല്പിക്കപ്പെട്ടു. ഇതോടൊപ്പം പുരോഹിതന്മാരും പ്രാബല്യം പ്രാപിച്ചു. രാജാവിനെ ഒഴിച്ചാൽ പിന്നത്തെ പ്രമാണികഠം പുരോഹിതന്മാരായി ഭവിച്ചു.

പിൻതുടൎച്ചയെക്കുറിച്ചു വ്യവസ്ഥാപിതമായ നിയമങ്ങഠം ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും മക്കളാണ് മിക്കവാറും അവകാശികളായി നിയമിക്കപ്പെട്ടിരുന്നതു്. എന്നാൽ ടട്ടമോസ്സിന് ആദ്യഭാൎയ്യയിൽ ആൺമക്കഠം ഉണ്ടായിരുന്നില്ല. ഫറോമാൎക്ക വളരെ ഭാൎയ്യന്മാർ ഉണ്ടായിരുന്നുവെങ്കിലും ആദ്യഭാൎയ്യക്കു മാത്രമേ രാജ്ഞീസ്ഥാനത്തിനു അവകാശമുള്ളു. ഇക്കാലത്തു രാജ്ഞിയിൽ ഒരു മകഠം മാത്രമേ ഉണ്ടായിരുന്നുള്ളു. പിന്നീടവകാശതൎക്കം ഉണ്ടാകാതിരിപ്പാൻ രാജാവു് ഈ മകളെ തൻെറ അനുഗാമിനിയായി നിശ്ചയിക്കയാണുണ്ടായതു്.

അങ്ങനെയാണ് ലോകചരിത്രത്തിൽ ആദ്യമായി ഒരു രാജ്ഞിയെ കാണുവാൻ നമുക്കിടയാകുന്നതു്. ആദ്യം ഒരു പുരോഹിതൻ മാത്രമായിരുന്ന തട്ടമോസ്സ് രാജ്ഞിയെ വിവാഹം ചെയ്കയാൽ അവരുടെ കാലശേഷം രാജാവായിത്തീ

ന്നു. അദ്ദേഹമാണു തട്ടമോസ്സ് മൂന്നാമൻ.

ഈ രാജ്ഞിയുടെ കാലംതൊട്ടാണ് രാജാക്കന്മാരുടെ ശവകുടീരങ്ങൾ പിരാമിഡാകൃതിയിൽ നിർമ്മിക്കുന്നതു നിർത്തൽ ചെയ്തതു്. നടീതടത്തിലെ ചെങ്കുത്തായ പാറക്കുന്നുകളിൽ അജ്ഞാതമായ സ്ഥലങ്ങളിലാണ് അന്നുമുതൽ അവ നിർമ്മിക്കപ്പെട്ടതു്. ഇതിനു കാരണമായി പറയുന്നതു് ഹൈക്സോസ്സ് വംശക്കാർ നടത്തിയ കൊള്ളയായിരുന്നു.

തട്ടമോസ്സ മൂന്നാമൻ നല്ലൊരു രണനിപുണനായിരുന്നു. അദ്ദേഹം ഏഷ്യയിലെ സംസ്ഥാനങ്ങളെ കീഴടക്കി അവയുടെ പരിപാലനത്തിനു ഗവർണ്ണർമാരുടെ കീഴിൽ സൈന്യങ്ങളെ നിർത്തുകയും ഗവർണ്ണർമാരുടെ മക്കളെ ഈജിപ്തിൽ കൊണ്ടുപോയി വളർത്തി പിന്നീടു് അവരെ ആ രാജ്യങ്ങളിലെ ഗവർണ്ണർമാരാക്കി നിയമിച്ചു മാതൃരാജ്യത്തോടുള്ള ബന്ധം സുദൃഢമാക്കിവെക്കയും ചെയ്തിരുന്നു. ഈജിപ്തിന്റെ പ്രാബല്യം അന്നു് ഉച്ചത്തിലെത്തി.

ആദ്യത്തെ സാമ്രാജ്യസ്ഥാപകൻ എന്നറിയപ്പെടുന്ന തട്ടമോസ്സ് മൂന്നാമൻ എഴുപതുവയസ്സാകുന്നവരെ എല്ലാ വർഷങ്ങളിലും ആയോധനം നടത്തിയിരുന്നു. അനേകം ദേവാലയങ്ങൾ ഇദ്ദേഹം പണിയിച്ചു. രാജ്യകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിക്കുകയും പടനായകത്വം താൻതന്നെ വഹിക്കുകയും ചെയ്തിരുന്നു.

തട്ടമോസ്സിനെ തുടർന്നുവന്ന രാജാക്കന്മാർ നാമമാത്രന്മാരായിരുന്നു. അവർ വിദേശരാജകന്യകമാരെ പരിഗ്രഹിച്ചു സുഖജീവിതം നയിക്കയും അങ്ങനെ സമ്പാദിച്ച ബന്ധുത്വമൂലം രാജ്യരക്ഷ സുസ്ഥിരമായി നിലനിർത്തിപ്പോരുകയും ചെയ്തു. പ്രജാജനങ്ങളും അവരെ അനുകരിച്ചു രാജസേവകന്മാരായിത്തന്നെ നിത്യവൃത്തി കഴിച്ചു. അങ്ങനെ അവർ കൃഷിയിൽ അശ്രദ്ധരായിഭവിച്ചു. ഗൃഹനിർമ്മാണങ്ങൾക്കും മററും അടിമകൾ ഉണ്ടായിരുന്നതിനാൽ ക്ലേശമുണ്ടായില്ല. ധന

വ്യയവും മൃഗയാവിനോദത്തിൽ താല്പര്യവും വൎദ്ധിച്ചു. സ്ത്രീകൾ രാജ്യകാൎയ്യങ്ങളിൽ മുന്നിട്ടിറങ്ങിത്തുടങ്ങി.

---

## 8. അമൻടോപ്പ് നാലാമൻ

ബി. സി. 1375-ൽ അമൻടോപ്പ നാലാമൻ രാജ്യഭാരം കൈയേററു. രാജ്യത്തിൽ മതപരമായി വമ്പിച്ച പരിവൎത്തനം വരുത്തിയതു് ഇദ്ദേഹമാണു്. പിതാവിൻെറ കാലത്തു നടപ്പുണ്ടായിരുന്ന സൂൎയ്യാരാധനതന്നെയാണു് ഇദ്ദേഹം തുടൎന്നു വന്നതു്. എങ്കിലും മൂൎത്തിമാനായ സൂൎയ്യനെയല്ല സൂൎയ്യശക്തിയെയാണു് ഇദ്ദേഹം ആരാധിച്ചിരുന്നതു്. ഈജിപ്തിൽ കാണപ്പെടുന്ന ശക്തിയെ മാത്രമായിട്ടല്ല സൎവ്വാന്തൎയ്യാമിയായിട്ടാണു് സൂൎയ്യശക്തിയെ ആരാധിച്ചതു്. ശക്തിസ്വരൂപനായ സൂൎയ്യദേവനു് "ആററൻ" എന്നാണു് പേർ. നാലുപാടും കിരണങ്ങൾ ചിന്നിക്കുന്നതും ഓരോകിരണവും ഓരോ ഹസ്തത്തിൽ ചെന്നവസാനിക്കുന്നതും ആയ ഒരു രൂപമാണു് അദ്ദേഹം ആററനു കല്പിച്ചതു്. ഓരോഹസ്തവും മനുഷ്യസാമാന്യത്തിനു രക്ഷനല്കുന്നതായിട്ടും സങ്കല്പിച്ചിരുന്നു. ഇങ്ങനെയിരിക്കുന്ന ആററനെയല്ലാതെ മറെറാരു ദൈവത്തേയും ആരാധിച്ചുകൂടാ എന്ന കല്പനയും അദ്ദേഹം പുറപ്പെടുവിച്ചു. അന്നേവരെ അത്തരമൊരു രാജപ്രഖ്യാപനമുണ്ടായിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല. ഇതു പുരോഹിതവൎഗ്ഗത്തെ ക്ഷോഭിപ്പിച്ചു. രാജാവിൻെറ പ്രതാപംമൂലം മറെറാരു രാജാവിനെ തൽസ്ഥാനത്തു വാഴിക്കുവാൻ പുരോഹിതവൎഗ്ഗത്തിനു കഴിവുണ്ടായില്ല. വിരോധിയായ പുരോഹിതവൎഗ്ഗത്തിൻെറ വസ്തുവഹകളെല്ലാം രാജാവു കണ്ടുകെട്ടി. മൂൎത്തിമാനായ സൂൎയ്യദേവൻെറ നാമമായ "ആമൻ" എന്ന സംജ്ഞ ശിലാസ്തംഭങ്ങളിൽനിന്നു മാച്ചുകളഞ്ഞു. ആ സംജ്ഞയോടുകൂടിയ പി

താവിൻെറ നാമവും പാടെ നീക്കി മൂൎത്തിമാനായ സൂൎയ്യദേവൻെറ പേരുമായിച്ചേൎന്ന ആമൻടോപ്പ് എന്ന സ്വനാമംകൂടി മാററി ആക്നാട്ടനെന്നാക്കി. തലസ്ഥാനനഗരിയായിരുന്ന തീബ്സ് ത്യജിച്ചു. ആററനു സമൎപ്പിച്ചുകൊണ്ട് ഒരു നൂതന നഗരി നിൎമ്മിച്ചു.

ആക്നാട്ടൻെറ ദൈവതത്വചിന്ത അസാധാരണമായ ഒന്നാണെന്ന് ഇക്കാലത്തുള്ളവൎക്ക ബോദ്ധ്യമാകയില്ലെങ്കിലും അന്ന് അതു ദൈവനിന്ദയും മതവിദ്വേഷവുമായി ഗണിക്കപ്പെട്ടവനം. ഈ മതതത്വവിചാരം സാധാരണന്മാൎക്ക ദുൎഗ്രഹമായിരുന്നു. സകല ചരാചരത്തിൻെറയും അധിഷ്ഠാനദേവത കരുണാമൂൎത്തിയായ ആററൻ മാത്രമാണെന്ന് അദ്ദേഹം ഉൽഘോഷിച്ചു.

അനാഡംബരമായ ഒരു ജീവിതമാണ് ആക്നാട്ടൻ നയിച്ചതു്. അദ്ദേഹം കുടുംബസമേതം പൊതുസമ്മേളനങ്ങളിൽ സന്നിഹിതനായിരുന്നു. അദ്ദേഹത്തിൻെറ കുടുംബമടക്കമുള്ള പടങ്ങളാണ് വരയ്ക്കപ്പെട്ടിരുന്നതു്. ആക്നാട്ടൻെറ കാലംമുതൽക്കാണ് തന്മയത്വത്തോടുകൂടിയ ചിത്രങ്ങൾ ഈജിപ്റ്റിൽ വരച്ചുതുടങ്ങിയതു്.

ഈ നൂതന മതതത്വങ്ങൾ സാമാന്യജനങ്ങളെ ബാധിച്ചില്ല. അവൎക്ക അവ സുഗ്രാഹ്യങ്ങളായുമിരുന്നില്ല. അവരുടെ മനസ്സു പൂൎവ്വികന്മാരുടെ ആരാധനാമൂൎത്തികളിൽതന്നെയാണ് ലയിച്ചിരുന്നതു്.

ആററൻെറ ഭക്തനായ ആക്നാട്ടൻ ഏഷ്യയിൽ പൊരുതിയിരുന്ന സ്വസൈന്യത്തിൻെറ സഹായാപേക്ഷകളെ നിരാകരിച്ചു. തന്മൂലം പുരോഹിതവൎഗ്ഗത്തെപ്പോലെ സൈന്യങ്ങളും അദ്ദേഹത്തോടു കലഹിച്ചു. അങ്ങനെ 18 കൊല്ലം രാജ്യം വാണ് മുപ്പതാംവയസ്സിൽ അദ്ദേഹം സഹജമായ അപസ്മാരരോഗത്താൽ നിര്യാതനായി. ആണ്മക്കൾ ഇല്ലായിരുന്നതുകൊണ്ട് അദ്ദേഹത്തെ പിൻതുടൎന്നതു ജാമാതാവാണ്.

ലോകത്തിലെ ആദ്യത്തെ മതതത്വചിന്തകനായിട്ടാണ് ആക്നാട്ടൻ പ്രശോഭിക്കുന്നതു്. ദൈവവിശ്വാസിയും അഖിലലോക പ്രവാചകനുമായി അദ്ദേഹം ഗണിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മതതത്വങ്ങൾ ലോകാവസാനംവരെ നിലകൊള്ളുമെന്നു തദനുയായികൾ കരുതി. എന്നാൽ അദ്ദേഹത്തിന്റെ അനുഗാമിയായ ടട്ടാങ്കാമൻ പഴയപടി ആമൻ ആരാധനതന്നെ കൈക്കൊള്ളുകയാണു ചെയ്തതു്.

ഇദ്ദേഹത്തിന്റെ ഭരണകാലത്തു ഫറോവും ഇതരരാജാക്കന്മാരുമായി നടന്നിരുന്ന രേഖകൾ 1888_ൽ കണ്ടുകിട്ടിയിട്ടുണ്ടു്. ഇവ ഇഷ്ടികകളിലാണു് എഴുതപ്പെട്ടിരിക്കുന്നതു്.

## 9. രമേശൻ ദ്വിതീയൻ

ആക്നാട്ടൻ 18_ാം രാജവംശത്തിലെ ഒടുവിലത്തെ രാജാവാകുന്നു. പിന്നെ ഒമ്പതു വഷത്തിനുശേഷം 19_ാം രാജവംശം ആരംഭിക്കയായി.

ആക്നാട്ടന്റെ കാലശേഷം രാജ്യം വീണ്ടും അരാജകത്വത്തിൽ പതിച്ചു. എങ്കിലും ഏഷ്യയിലെ നഷ്ടപ്പെട്ട പ്രദേശങ്ങളെല്ലാം വീണ്ടെടുത്തു. ഇക്കാലത്തു ഹിററയിററ വർഗ്ഗക്കാർ ലോഹനിമ്മിതങ്ങളായ ആയുധങ്ങൾ ഉപയോഗിച്ചു തുടങ്ങുകയാൽ അവർ ഈജിപ്തുകാരെക്കാൾ പ്രബലരായി ചമഞ്ഞു.

ഇക്കാലത്തു പല രാജാക്കന്മാരും രമേശൻ എന്ന പേരിൽ രാജ്യം പാലിക്കയുണ്ടായിട്ടുണ്ടു്. അവരുടെ എല്ലാം വാഴ്ചക്കാലത്തു രാജ്യം സുഖസമൃദ്ധമായിരുന്നു. എന്നാലും സാമ്രാജ്യം അധഃപതിച്ചുകൊണ്ടുതന്നെ വന്നു. ആമന്റെ പുരോഹിതന്മാക്കു പ്രാബല്യം വദ്ധിച്ചു. യഥാത്ഥത്തിൽ രാജ്യഭരണം നടത്തിയിരുന്നതു് അവരാണ്. ഫലപുഷ്ടിയുള്ള

രാജ്യങ്ങഠം നഷ്ടപ്പെട്ടകയാൽ കപ്പം ശരിയായി പിരിഞ്ഞി ല്ല. ദേവാലയകാര്യങ്ങഠം ഉല്ക്കടമായി ചമഞ്ഞു. പുരോഹി തന്മാർ ഭൂമിയുടേയും ഖനികളുടേയും ഉടമകളായിത്തീൎന്നു. അവർ സൈന്യങ്ങളെക്കൂടി നിൎത്തിയുമിരുന്നു.

ഇതിന്നിടയിൽ രമേശൻ ദ്വിതീയൻ രാജാവായി. ഇ ദ്ദേഹം അഹംകാരിയും സുഖലോലുപനുമായിരുന്നു. ഇദ്ദേഹ ത്തിനു ഒട്ടധികം ഭാൎയ്യമാരും നൂറോളം ആൺമക്കളും അത്ര തന്നെ പെൺമക്കളുമുണ്ടായിരുന്നു. ഈജിപ്റ്റിനു നഷ്ടപ്പെട്ട ആയോധനപ്രതാപത്തിൻെറ ഒരംശം വീണ്ടെടുത്തുവെങ്കി ലും സിറിയയെ കീഴടക്കുവാൻ ഇദ്ദേഹത്തിനു തരപ്പെട്ടില്ല. ഇദ്ദേഹം 67 കൊല്ലം രാജ്യം ഭരിച്ചു. ബി. സി. 1292— 1225 വരെ സുഡാനിലും സിറിയയിലും പോർചെയ്തു. എ ന്നാൽ ഗണ്യമായ വിജയമുണ്ടായതു് സിറിയയിലെ ക ണ്ടേശിൽവെച്ചുമാത്രമാണ്. ഇദ്ദേഹം ദേവാലയങ്ങഠം പണി യിക്കുന്നതിലും മററും തൽപരനുമായിരുന്നു.

---

## 10. ഈജിപ്റ്റിൻെറ അധഃപതനം

രമേശനും തദനുയായികളും സുഖജീവിതം നയിച്ചിരു ന്നെങ്കിലും സാധാരണജനങ്ങഠം പട്ടിണിയായിട്ടാണു കഴി ഞ്ഞുകൂടിയതു്. ധനധാന്യങ്ങളെല്ലാം രാജ്യത്തെ ദേവാല യാധികാരികഠംക്കധീനമായിരുന്നു. സൈന്യങ്ങഠം ശമ്പള ത്തിനു പണി എടുത്തിരുന്നു എന്നല്ലാതെ രാജ്യസ്നേഹം അ വൎക്കുണ്ടായിരുന്നില്ല.

ഈ സുഖജീവിതം ജനങ്ങളിൽ ശാസ്ത്രാഭിവൃദ്ധികരമാ യില്ല. അവർ അങ്കഗണിതം അഭ്യസിച്ചിരുന്നുവെങ്കിലും രണ്ടുകൊണ്ടല്ലാതെ ഹരിക്കുവാനോ പെരുക്കുവാനോ അവ ൎക്ക് നിശ്ചയമില്ലായിരുന്നു. മൃതശരീരങ്ങളെ ജീൎണ്ണമാക്കാതെ

സൂക്ഷിപ്പാനല്ലാതെ ചികിത്സാസംബന്ധമായും അവക്ക് അറിവുണ്ടായിരുന്നില്ല. ശരീരശാസ്ത്രമൊ വൈദ്യവിദ്യയൊ വശമില്ലായിരുന്നുവെങ്കിലും മരുന്നുകൾക്ക് ഒരു ഫലമൊക്കെയുണ്ടായിരുന്നു. എന്നാൽ ആഭിചാരമന്ത്രങ്ങൾ ചെയ്തേ അവർ മരുന്നുകൾ കൊടുത്തിരുന്നുള്ളു. പുതിയ തത്വങ്ങളെ കയ്യേററാതെ മാമൂലുകളെ മുറകെ പിടിക്കുന്ന സ്വഭാവക്കാരായിരുന്നു അവർ. രോഗങ്ങൾ ക്ഷുദ്രബാധകളാൽ ഉണ്ടാകുന്നതാണെന്ന് അവർ വിശ്വസിച്ചു. തന്മൂലം വയറിളക്കിയും ഛർദ്ദിപ്പിക്കുന്ന മരുന്നു കൊടുത്തുമാണ് രോഗശാന്തി വരുത്തിയിരുന്നത്. ശസ്ത്രവിദ്യ അഭിവൃദ്ധിപ്പെടാതിരുന്നതു് അതിൽ അപായം വന്നാൽ മരണശിക്ഷ നല്കുമെന്നു നിയമമുള്ളതിനാലായിരുന്നു. ജ്യോതിഷത്തിൽ കുറെ അറിവുണ്ടായിരുന്നു. മകം നക്ഷത്രത്തിൻെറ ഉദയത്തെയാണ് വർഷപ്പിറപ്പായി അവർ കരുതിപ്പോന്നതു്. ഗ്രഹണങ്ങളും ഗണിച്ചിരുന്നു. സമയം കുറിക്കുവാൻ പകൽ നിഴൽഘടികാരവും രാത്രി ജലഘടികാരവും ഉപയോഗിച്ചു.

രാജവാഴ്ചയുടെ അവസാനത്തോടുകൂടി രാജശക്തിയും ക്ഷയിച്ചു. ആഫ്രിക്കയിലേയും മദ്ധ്യധരണ്യാഴിക്കരയിലേയും ജനങ്ങളുടെ ആക്രമണത്തിന്നെതിരെ അവക്ക് പൊരുതേണ്ടതായി വന്നു. പശ്ചിമേഷ്യയിൽ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ബി. സി. 664—610വരെ തദ്ദേശവാസികൾ തന്നെ രാജ്യംഭരിച്ചു. അക്കാലത്തിന്നുപ്പുറം നിക്കൊ രണ്ടാമൻെറ കാലത്തു സിറിയയെ അധീനമാക്കി എങ്കിലും മീഡ്സും കൽദായക്കാരും നിനവയെ ആക്രമിച്ചു. നിക്കൊ രാജാവു ജൂഡിയായിലെ രാജാവായ ജോസായാവിനെ തോല്പിച്ചു കൊന്നു. എന്നാൽ കൽദായ രാജാവായ നെബുക്കഡ്നെസർ നിക്കോവിനേയും വധിച്ചു. അദ്ദേഹം പശ്ചിമേഷ്യയിൽ പിടിച്ചടക്കിയ രാജ്യങ്ങളേയും ഹെബുക്കഡ്നെസക്ക് കൊടുക്കേണ്ടിവന്നു. അദ്ദേഹവുമായി സഖ്യത്തിൽ വ

ത്തിച്ച ജൂതന്മാരെ അടിമകളായി പിടിച്ചു ബാബിലോണിലേയ്ക്കു കൊണ്ടുപോയി. ബാബിലോണിന്റെ അധഃപതനത്തിനുശേഷം പേഴ്സ്യക്കാർ ഈജിപ്തു കൈകയറി. പിന്നീടു ഒരു വിപ്ലവമുണ്ടായി. അതിനുശേഷം ബി. സി. 410—340വരെ 60 കൊല്ലം അതു സ്വാതന്ത്ര്യമായിത്തന്നെ വത്തിച്ചു. പിന്നെയും ഒരെട്ടുകൊല്ലം പേഴ്സ്യാധിപത്യത്തിൽ പെട്ടുവെങ്കിലും ബി. സി. 332-ൽ മഹാനായ അലക്സാന്തർ ആ രാജ്യം പിടിച്ചടക്കി പേഴ്സ്യക്കാരുടെ മർദ്ദനഭരണത്തിൽനിന്നതിനെ വിമുക്തമാക്കി.

---

## 11. ബാബിലോൺ

ടൈഗ്രീസ്സ്, യൂഫ്രട്ടീസ്സ് എന്നീ നദികളാൽ പരിവൃതമായ പ്രദേശമാണ് മെസപ്പൊട്ടാമിയ. ഉദയശീലാകാലത്തു പേഴ്സ്യൻ ഉൾക്കടലിന്റെ ഉല്പത്തിസ്ഥാനം ഇന്നത്തെ ബാഗ്ദാദിന്നല്പം വടക്കുമാറിയാണ് സ്ഥിതിചെയ്തിരുന്നതു്. അതിനു കുറച്ചു തെക്ക് അന്യോന്യം അഭിമുഖമായി സ്ഥിതിചെയ്യുന്ന ഇരുനദികളുടേയും മുഖങ്ങളിൽക്കൂടി ഒഴുകി വന്ന മണ്ണടിഞ്ഞു ഒരു തിട്ടു പൊങ്ങി ഉയന്നു. ഈ തിട്ടിനും കരയ്ക്കുമിടയ്ക്കു് അങ്ങനെ ഒരു ജലാശയം ആവിർഭവിക്കയും, കാലക്രമത്തിൽ ഇതുയന്നു ഒരു ചതുപ്പുപ്രദേശമായും പിന്നീടു ഫലപുഷ്ടിയുള്ള ഒരു സമതലമായും പരിണമിക്കുകയും ചെയ്തു. ഈ സമതലത്തെ ആദ്യം അവിടെ കുടിയേറിപ്പാർത്തവർ "ഷിനാർ" സമതലം എന്നു വിളിച്ചുവന്നു. ഇതിന്റെ പശ്ചിമഭാഗം മരുപ്രദേശമാണ്. ഇതു ഫലപുഷ്ടിയുള്ളതും മദ്ധ്യധരണ്യാഴിയുടെ തീരത്തെ തൊട്ടുകിടക്കുന്നതുമായ സമതലത്തെ വേർപെടുത്തുന്നു. ഉത്തരഭാഗത്തു് അനടോലിയൻ പീഠദേശമാണ്. പൂർവ്വഭാഗത്തു ചെങ്കുത്തായതും ഉന്നതമായതുമായി എലാം പർവ്വതവും സ്ഥിതിചെയ്യുന്നു. ഈ പ്ര

ദേശത്തിൻെറ ഇതരഭാഗങ്ങൾ ഫലശൂന്യമായി ഭവിച്ചപ്പോൾ കാലിമേച്ചുനടന്നിരുന്ന അനേകം വൎഗ്ഗക്കാർ സമ്പൽസമൃദ്ധങ്ങളായ പുൽത്തകിടികൾ അന്വേഷിച്ചു ഈ നദികളാൽ ചുററപ്പെട്ട പ്രദേശത്തിൽ കയറിക്കൂടി. ഇതിൻെറ ഉത്തരഭാഗത്തു് "അമോറൈററു്" എന്ന സെമിററിക് വൎഗ്ഗക്കാർ പററിക്കൂടി. പൂൎവ്വോത്തരഭാഗങ്ങളിലെ ഉന്നതപ്രദേശങ്ങളിൽ കയറിപ്പററിയിരുന്ന അസിറിയക്കാർക്കു മുമ്പു് ഇവർ അവിടെ ചെന്നുകൂടിയിരുന്നു. സുമേറിയക്കാർ ദക്ഷിണകോണിലും കൂടി. ഈ സുമേറിയക്കാരിൽനിന്നാണു് ആ പ്രദേശത്തിനു സുമർ എന്ന പേരു വന്നതു്.

ദേവന്മാരാൽ അനുഗ്രഹിക്കപ്പെട്ട സ്വൎഗ്ഗമായിട്ടാണു് പേഴ്സ്യൻ കടൽതീരത്തെ സുമേറിയക്കാരുടെ പുരാണങ്ങളിൽ വിവരിച്ചിരിക്കുന്നതു്. കീഴ്തടം നിവാസയോഗ്യമായി തീരുന്നതിനു മുമ്പു ഇവർ ടൈഗ്രീസ്സ് നദിയുടെ മേത്തടത്തിൽ അധിവാസം ആരംഭിച്ചിരുന്നു. അവരുടെ ആഹാരപദാർത്ഥങ്ങളിൽ പ്രധാനം ഈത്തപ്പഴമാകുന്നു. ആ പ്രദേശത്തിരുന്നു് അവർ അഭിവൃദ്ധിപ്പെട്ടു.

ബി. സി. 5000 കൊല്ലങ്ങൾക്കു മുമ്പു് നിവസിച്ചിരുന്ന സെമിററിക് വൎഗ്ഗക്കാരിൽ ഉൾപ്പെട്ടവരല്ലായിരുന്നു സുമേറിയക്കാർ. കറുത്ത തലമുടിയുള്ളവർ എന്നാണു് അവരുടെ പേരിന്നർത്ഥം. മൂകളിലേയ്ക്കു കയറംതോറും പതിഞ്ഞുപോകുന്ന നെററി, അധോഭാഗത്തേയ്ക്കു് ഇടിഞ്ഞ നയനങ്ങൾ ഇവയാണു് ഇവരുടെ ലക്ഷണം, ഒരു കാലത്തവർ താടിവളൎത്തുകയും മീശ വടിക്കുകയും ചെയ്തിരുന്നു. പിന്നീടു തലമുണ്ഡനം ചെയ്കയും, മുഖം മുഴുവൻ വടിക്കുകയും ചെയ്തുവന്നു. മെസപൊട്ടേമിയയിലെ കാലാവസ്ഥയും കളിമണ്ണുകൊണ്ടുള്ള പണികളും പഴയ ഈജിപ്തിൽനിന്നു കണ്ടുകിട്ടിയതുപോലെ അവശിഷ്ടങ്ങൾ ലഭിപ്പാൻ തരപ്പെടുത്തിയില്ല. അവരുടെ രചനയ്ക്കു കാലപ്പഴക്കംമൂലം മാററം സംഭവിക്കാതിരുന്ന

ത്തുകൊണ്ടു കണ്ടുകിട്ടിയ വസ്തുക്കൾക്കു് ബി. സി. 3000 കൊല്ലത്തിലധികം പഴക്കമുള്ളതായി കരുതപ്പെടുന്നു. ആദ്യകാലത്തവർ ആട്ടിൻരോമചർമ്മങ്ങളാണു് ഉപയോഗിച്ചിരുന്നതു്. പിന്നീടു നെയ്ത്തു തുണിയും ഉപയോഗിച്ചു തുടങ്ങി. മനുഷ്യർ ആദ്യമായി നെയ്ത്തു തുണികൊണ്ടു് വസ്ത്രം ഉണ്ടാക്കി തുടങ്ങിയപ്പോൾ ശരീരത്തിന്റെ അധോഭാഗം മറയ്ക്കുവാൻ മാത്രമായിരുന്നു അതു നിർമ്മിക്കപ്പെട്ടതു്.

ഇവർ പററിക്കൂടിയതു് ഒരു സമതലത്താണു്. അവിടെ ഉഷ്ണവും ക്ഷാരവും അധികമുണ്ടായിരുന്നെങ്കിലും ജലസേചനം ശ്രദ്ധാപൂർവ്വം നടത്തിയാൽ ഭൂമി ഫലപുഷ്ടിയുള്ളതായിരുന്നു. ഉപകാരയോഗ്യമായ ഒരു വൃക്ഷം ഈത്തപ്പന മാത്രമാണു്. കല്ലില്ല. ഉള്ളവ ഉപയോഗപ്രദമല്ലാത്ത ചെറുതുണ്ടുകളുമായിരുന്നു. ചങ്ങണത്തണ്ടുകൾ കമാനാകാരത്തിൽ വളച്ചു വരിയായി നിലത്തു കുത്തിയുറപ്പിച്ചു് അവക്കുമീതെ ചങ്ങണക്കോൽപരത്തി അടുക്കിക്കെട്ടി അതിന്മീതെ കളിമണ്ണെറിഞ്ഞുപിടിപ്പിച്ചാണു് ആദ്യം പാർപ്പിടങ്ങൾ നിർമ്മിക്കപ്പെട്ടതു്. ചങ്ങണത്തണ്ടുകൾ ഒരു ചട്ടത്തിന്മേൽ നിരത്തി ഉറപ്പിച്ചു ആ ചട്ടം കൽത്തൂണിൽ തുളച്ചു ചെലുത്തിയുമാണു വാതിലുകൾ നിർമ്മിച്ചിരുന്നതു്. കാലക്രമത്തിൽ വസതികൾ കളിമണ്ണുകൊണ്ടുള്ള ഇഷ്ടികകൾ പടുത്തുകെട്ടിത്തുടങ്ങി. കളിമണ്ണുകൊണ്ടുള്ള ഇഷ്ടികകൾ വെയിലത്തുവെച്ചു ഉണക്കിയാണു് ഉപയോഗിച്ചിരുന്നതു്. ചൂളക്കുവെക്കലും കാലക്രമത്തിൽ ചെയ്തുതുടങ്ങി. ഇവകൊണ്ടു കമാനം വളച്ചുതന്നെയാണു് ഗൃഹങ്ങൾ നിർമ്മിച്ചിരുന്നതു്. മരത്തിന്റെ ദൌർലഭ്യത്താൽ പരപ്പൻപുരകൾ നിർമ്മിച്ചിരുന്നില്ല. സൂസ എന്ന ദിക്കിൽനിന്നു കണ്ടെടുത്ത അവശിഷ്ടങ്ങൾ കുറിക്കുന്നതു് അന്ത്യശിലാകാലത്തെയും ആദ്യതാമ്രകാലത്തെയും ആണു്. അപരിഷ്കൃതകാലത്തു് ചെയ്തിട്ടുള്ള കൊത്തുപണികളും കാണുന്നുണ്ടു്.

ചതുപ്പുപ്രദേശമൊന്നു ഉയൻവന്നപ്പോൾ സുമേറിയക്കാർ ധാന്യങ്ങൾ കൃഷിചെയ്തുതുടങ്ങി. ആദ്യത്തെ അരിവാൾ ശിലാനിർമ്മിതമാണ്. ചൂണ്ടലിട്ടും വലവീശിയും മീൻ പിടിച്ചിരുന്നു. ആട്ടമാട്ടുകളേയും ഭാരംപേറുവാൻ കഴുതകളേയും സാമാനങ്ങൾ മാററുവാൻ ചക്രമില്ലാത്ത വണ്ടികളേയും ഉപയോഗിച്ചു. ചക്രം ആവിർഭവിച്ചതും ഇക്കാലത്തുതന്നെയായിരിക്കണം. ഇവിടെവന്നു കുടിയേറിപ്പാർത്തപ്പോൾ രോമത്തോൽ ധരിച്ചിരുന്ന അവർ കാലക്രമത്തിൽ നെയ്ത്തു പരിശീലിച്ചു. ആദ്യകാലങ്ങളിൽ നെയ്ത വസ്ത്രങ്ങളിൽ അവർ കമ്പിളികൊണ്ടുള്ള തൊങ്ങലുകൾ പിടിപ്പിച്ചിരുന്നു. അസ്ഥികൊണ്ടുള്ള ഓടവും സൂചിയും അവർ ഉണ്ടാക്കിയിരുന്നു. സ്ത്രീപുരുഷന്മാർ പച്ച കുത്തിയുമിരുന്നു.

ആണിതൊട്ടുള്ള സർവ്വവസ്തുക്കളും അവർ കളിമൺകൊണ്ടാണ് നിർമ്മിച്ചിരുന്നതു്. ചിത്രങ്ങൾ എഴുതി പിടിപ്പിച്ചിരുന്ന മൺപാത്രങ്ങളുണ്ടായിരുന്നു. എഴുതുവാൻ ഉപയോഗിച്ചിരുന്നതും കളിമൺകട്ടകൾതന്നെ. ആദ്യകാലത്തുതന്നെ കോലെഴുത്തു സമ്പ്രദായത്തിലുള്ള അക്ഷരങ്ങൾ കണ്ടുപിടിച്ചിരുന്നു. കാലാന്തരത്തിൽ അതു് എഴുതുന്നതു തിരിച്ചറിവാൻ കഴിയാത്ത മട്ടിലായി. ഓരോ ചിഹ്നവും ഓരോ പദത്തെയാണു കുറിച്ചിരുന്നതു്; ഓരോ അക്ഷരത്തെയല്ല. ബി. സി. 3000-ാമാണ്ടിടക്കു ഈ ചിഹ്നങ്ങൾ നാനൂറോളമായി. കളിമൺകട്ടകളിൽ രേഖപ്പെടുത്തിയിരുന്ന ഗ്രന്ഥങ്ങളെ സുരക്ഷിതമാക്കി ചെയ്തിരുന്നതു ചൂളക്കു വെച്ചിട്ടാണ്. വിശേധമാംവണ്ണം നിർമ്മിച്ച പഞ്ചാംഗങ്ങൾ അവക്കുണ്ടായിരുന്നില്ല. ചാന്ദ്രമാസങ്ങളാണ് അവർ അംഗീകരിച്ചിരുന്നതു്. പഞ്ചാംഗങ്ങൾ പലപ്പോഴും ഓരോ രാജാക്കന്മാരുടെ കാലത്തു വ്യത്യാസപ്പെടുത്തിയിരുന്നു. ശരിപ്പെടുത്തൽ സ്ഥിരമായ രീതിയിൽ ഒരു കാലത്തും നടന്നിട്ടില്ലായിരുന്നു. ജൂതരും, മുഹമ്മദീയരും അതു് അനുകരിക്കയാണുണ്ടായതു്.

വിവിധസമുദായങ്ങൾ രാജ്യത്തു രൂപീകൃതമായി. ഓരോ സമുദായത്തിന്നും ഓരോ നഗരിയും ചുററും അതിനു വേണ്ട വസ്തുക്കളും ഒരു രാജാവും പുരോഹിതപ്രധാനിയും ഉണ്ടായി. "പാദസ്സി" എന്ന പേരുകൊണ്ടാണു് പുരോഹിതപ്രധാനന്മാർ അറിയപ്പെട്ടിരുന്നതു്. പാദസ്സിയും രാജാവും ചിലപ്പോൾ ഒരാൾതന്നെയായിരുന്നു. രാജപുത്രന്മാരും ചിലപ്പോൾ പാദസ്സികളായി വാണു. ഈ അധികാരങ്ങൾ കാലാന്തരത്തിൽ നഷ്ടപ്പെട്ടു തൽസ്ഥാനങ്ങൾ ഒരു ഗവർണ്ണരുടെ അധികാരത്തിൽ കവിയാത്ത മട്ടിലായി തീർന്നു.

തോടിന്റെയോ പുഴയുടേയോ വക്കത്താണു് പട്ടണങ്ങൾ സ്ഥിതിചെയ്തിരുന്നതു്. ഇതിനടുത്തു് ഈത്തപ്പന വളർന്നിന്നിരുന്ന വനങ്ങളും ഈ വനങ്ങൾക്കിടക്കു മാതളം, അത്തി, മുന്തിരി തുടങ്ങിയ ചെടികളും വളർത്തിയിരുന്നു. അതിനപ്പുറം കൃഷിവയലുകളും അങ്ങേപ്പുറം മേച്ചിൽസ്ഥലങ്ങളും കിടന്നിരുന്നു. അന്നത്തെ ജലസേചനപദ്ധതി ഇന്നുള്ളവക്കു് ഒരു മാതൃകയാണു്. നദിയുടെ അടിത്തട്ടു മട്ടടിഞ്ഞു നികന്നിരുന്നതിനാൽ വെള്ളപ്പൊക്കം അവിടങ്ങളിൽ സാധാരണമായിരുന്നു. ജലവിതരണനിയമങ്ങൾ വളരെ ദൃഢംപിടിച്ച നിലയിലായിരുന്നു. ഭൂമി തരിശായി ഇടുന്നവരെ ശിക്ഷിച്ചും കാടുവെട്ടിത്തെളിയിച്ചു കൃഷി വർദ്ധിപ്പിക്കുന്നവർക്കു നികുതി ഇളവാക്കിക്കൊടുത്തും ഇരുന്നു.

ഇത്തരം ചെറിയ സമുദായ ഭരണരാജ്യങ്ങൾ തമ്മിൽ സദാ കലഹിച്ചുകൊണ്ടിരുന്നു. ജലവിതരണകാര്യമാണു് മിക്കതും കലഹകാരണമായി ഭവിച്ചതു്. ഇതുകാരണം പട്ടണങ്ങൾ കൂടെക്കൂടെ നശിക്കയും ആ സ്ഥാനങ്ങളിൽതന്നെ അവ ഉയർത്തപ്പെടുകയും ചെയ്തിരുന്നു.

സുമേറിയക്കാരുടെ ജീവിതത്തിൽ മതത്തിനു ഒരു പ്രധാനസ്ഥാനമുണ്ടായിരുന്നു. അവർ ഭൂമിയേയും ജലത്തേയും ആരാധിച്ചുവന്നു. കാലക്രമത്തിൽ മററു ദൈവങ്ങളും കടന്നു

കൂടി. സമുദായഭരണം അഭിവൃദ്ധിപ്പെട്ടതിനോടൊപ്പം ഓരോ സമുദായത്തിനും ഓരോ ദൈവവും ഓരോ പട്ടണത്തിനും ഓരോ ദേവാലയവും ഉണ്ടായിവന്നു.

ഐഹികാഭിവൃദ്ധിക്കും ആയുസ്സിനുമാണ് അവർ ദൈവാരാധന ചെയ്തിരുന്നത്. പാരത്രികശ്രേയസ്സിനല്ല. പാരത്രികജീവിതം നിഴലെന്നപോലെ വെറും ഭ്രമമാണെന്നാണ് അവർ വിശ്വസിച്ചിരുന്നതെങ്കിലും മൃതശരീരങ്ങൾ വിധിയാംവണ്ണം അടക്കം ചെയ്യാതിരുന്നാൽ പ്രേതം ഭക്ഷണം തേടി അലഞ്ഞുതിരിയുമെന്നു അവർ വിശ്വസിച്ചു. മരിച്ചുപോയവരെ വിസ്മരിച്ചിട്ടില്ലെന്നും അവൎക്കും കുടുംബദേവതാരാധനയിൽ പങ്കുകൊള്ളുവാൻ സൌകൎയ്യം ഉണ്ടാകണമെന്നും കരുതി ഗൃഹഭിത്തികളുടെ അടിയിലാണ് മൃതശരീരങ്ങളെ അടക്കംചെയ്തിരുന്നത്. മൃതശരീരങ്ങളോടൊപ്പം ചുണ്ടലും ഭക്ഷണപാനീയങ്ങളും അവർ നിക്ഷേപിച്ചിരുന്നു. സ്ത്രീകളുടെ ശവത്തോടൊപ്പം അണിഞ്ഞൊരുങ്ങുവാനുള്ള സാധനങ്ങളും നിക്ഷേപിച്ചുവന്നു.

എടവാടു സംബന്ധിച്ച രേഖകളിൽ അവർ ആരാധിച്ചിരുന്ന ദേവന്റെയൊ ദേവിയുടേയൊ സ്വരൂപങ്ങൾ കൊത്തിയ മുദ്രകൾ പതിച്ചിരുന്നു. ഇത്തരം മുദ്രകൾ ചില ശവകുടീരങ്ങളിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്. ഇവയിൽ ചിലതിൽ ഇന്ത്യയിലെ ചില മൃഗങ്ങളുടെ രൂപങ്ങളും കാണുന്നതുകൊണ്ട് അവൎക്കു ഇന്ത്യയുമായി അക്കാലത്തു വ്യാപാരബന്ധമുണ്ടായിരുന്നുവെന്നൂഹിക്കാം. ഇതിനെ സ്ഥാപിപ്പാൻ മഹേൻജഡാരോവിലെ ചില അവശിഷ്ടങ്ങളും പ്രയോജനപ്പെടുന്നു.

രാജാക്കന്മാരുടെ ശവകുടീരങ്ങളിൽനിന്നു സ്വൎണ്ണം വെള്ളി എന്നീ ലോഹങ്ങൾകൊണ്ടുള്ള ആഭരണങ്ങളും സംഗീതോപകരണങ്ങളും കൊന്നു കുഴിച്ചിട്ടിരിക്കുന്ന സേവകവൎഗ്ഗങ്ങളുടെ മൃതശരീരങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. രാജകീയപ്രേതങ്ങ

ളോടൊപ്പം നരബലിയും നടന്നിരുന്നുവെന്നു് ഇതിൽനിന്നു കരുതാം. മററു വിലപിടിച്ച സാധനങ്ങൾ വേറെ ശവകുടീരങ്ങളിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ടെങ്കിലും സേവകവർഗ്ഗത്തിന്റെ പ്രേതങ്ങൾ കണ്ടുകിട്ടിയിട്ടില്ല.

കുന്തവും പരിചയും ചർമ്മനിർമ്മിതമായ ചട്ടയുമിട്ടു അണിനിരന്നു പോർചെയ്തിരുന്ന സുമേറിയക്കാരെ വെല്ലത്തക്ക അന്യവർഗ്ഗക്കാർ അന്നുണ്ടായിരുന്നില്ല. തെണ്ടിത്തിരിഞ്ഞുവന്ന വർഗ്ഗക്കാരും അവിടങ്ങളിലെ വനങ്ങളിൽ വസിച്ചിരുന്ന സെമിററിക് വർഗ്ഗക്കാരുമായിരുന്നു ഇവരുടെ പ്രധാന വൈരികൾ. സെമിററിക് വർഗ്ഗക്കാർ സുമർ സമതലത്തിന്റെ ഉത്തരഭാഗത്താണു് നിവസിച്ചിരുന്നതു്. അമ്പും ശരങ്ങളും ഉപയോഗിച്ചിരുന്ന ഇവർ വളരെക്കാലത്തേയ്ക്കു അജയ്യരായിരുന്നു. ഇവർ നിരവധി അക്കാഡിയിൽ നഗരികളുടേയും ഭരണം നടത്തിയിരുന്നു.

ബി. സി. 2750-ൽ സെമിററിക് വർഗ്ഗക്കാരനായ സാരഗോൺ രാജാവു സുമേറിയ വർഗ്ഗക്കാരെ വെന്നു. ഇക്കാലത്തു അവരുടെ വാണിജ്യം ഉച്ചനിലയിൽ എത്തിയിരുന്നതുകൊണ്ടു വ്യാപാരപഥങ്ങളെല്ലാം സുരക്ഷിതങ്ങളായിരിക്കേണ്ടിയിരുന്നു. യുദ്ധം തുടരുന്നതായാൽ വ്യാപാരം നശിക്കും. അതോർത്തു എതിർത്തു എതിർത്തില്ല എന്നു കാട്ടിക്കൂട്ടി അവർ സാരഗോണിന്നു വഴങ്ങുകയാണു് ചെയ്തതു്.

സാരഗോൺ തന്റെ സാമ്രാജ്യത്തെ വിപുലീകരിച്ചു. ഇതുമൂലം നാടോടികളായി വർത്തിച്ചിരുന്ന വർഗ്ഗക്കാർ ഏകീകരിക്കപ്പെട്ടു. കൂടാരങ്ങളിലെ നിവാസം ത്യജിച്ചു ഇഷ്ടികകൊണ്ടു നിർമ്മിക്കപ്പെട്ട വീടുകളിലായി വാസം. കോലെഴുത്തു രൂപത്തിലുള്ള എഴുത്തുവിദ്യ നടപ്പിലായി. സുമേറിയക്കാരുടെ ഭരണസമ്പ്രദായങ്ങളും സംസ്കാരവും സെമിററിക് വർഗ്ഗക്കാർ കൈക്കൊണ്ടു. ഈ വർഗ്ഗക്കാരും ഒത്തൊരുമിച്ചു സമാധാനത്തിൽ വർത്തിച്ചുംവന്നു.

ഇത്രയെല്ലാമായിട്ടും സെമിററിക് വൎഗ്ഗക്കാൎക്കു പ്രാബല്യം മുഴുവൻ ലഭിച്ചില്ല. അക്കാഡിയൻ വൎഗ്ഗക്കാരുമായി കലഹിച്ചിരുന്നു. അങ്ങനെയിരുന്നാലും സുമേറിയ വൎഗ്ഗക്കാരും സെമിററിക് വൎഗ്ഗക്കാരും ഒത്തൊരുമിച്ചുതന്നെയാണു് വസിച്ചിരുന്നതു്. മതവിശ്വാസങ്ങളിൽ സുമേറിയക്കാർ സെമിററിക് വൎഗ്ഗക്കാരെ അനുകരിപ്പാൻ കൂട്ടാക്കിയില്ല.

പുറമെനിന്നു കൂടെക്കൂടെ സെമിററിക് വൎഗ്ഗക്കാർ ഈ ഭാഗങ്ങളിൽ എത്തിക്കൂടി അവിടെയുള്ളവരുമൊത്തു വസിച്ചുതുടങ്ങിയതുകൊണ്ടു കാലക്രമത്തിൽ അവൎക്കു രാഷ്ട്രീയ പ്രാബല്യം സിദ്ധിക്കതന്നെ ചെയ്തു. എന്നാൽ അതോടൊപ്പം സുമേറിയവൎഗ്ഗം പെരുത്തുമിരുന്നില്ല. ഗ്രന്ഥങ്ങളിൽ കോലെഴുത്തു സമ്പ്രദായംതന്നെയാണു് സ്വീകരിച്ചിരുന്നതു്. എന്നാൽ കൎമ്മാദികളിൽ ഉപയോഗപ്പെട്ടുത്തിവന്നതു് സുമേറിയൻ ഭാഷതന്നെ. കരവഴിക്കും കപ്പൽവഴിക്കും ഇന്ത്യയും ഈജിപ്തുമായും നദിവഴിക്കു് ഉത്തരപ്രദേശങ്ങളുമായും അവർ വ്യാപരിച്ചിരുന്നു. അവർ വിദേശങ്ങളിൽ സഞ്ചരിച്ചു വ്യാപരിക്കാതിരുന്നതിനാൽ നാനാദിക്കുകളിലും നടന്നു വിററിരുന്ന സെമിററിക് വൎഗ്ഗക്കാൎക്കാണു് അവരുടെ സാധനങ്ങൾ വിററുവന്നതു്. അവരുടെ സാധനങ്ങൾ മേന്മകൂടിയവയായിരുന്നു. വിദേശസഞ്ചാരംചെയ്തു വ്യാപാരം ചെയ്തിരുന്ന വ്യാപാരികൾമൂലം അവരുടെ സംസ്കാരം അവർ ചെല്ലുന്ന രാജ്യങ്ങളിലും വ്യാപിച്ചിരുന്നു.

ആദിമ സുമേറിയക്കാരുടെ ഗ്രന്ഥങ്ങൾ ഇന്നുമുണ്ടു്. അക്കാലത്തു മെസപൊട്ടേമിയായിൽ വൻതോതിലുള്ള ഒരു പ്രളയമുണ്ടായതായും പറയപ്പെടുന്നുണ്ടു്. ഇതറിവായതു് ഭൂമിക്കടിയിൽ എട്ടടി ഘനത്തിലുള്ള മട്ടു പതിഞ്ഞുകിടക്കുന്നതിൽനിന്നാണു്. ഇതിനെപ്പററി ബൈബിളിലെ നോവയുടെ കഥയെപ്പോലുള്ള ഒരു കഥയും അവരുടെ ഇടയിൽ നടപ്പുണ്ടു്.

## 12. ബാബിലോണിൻെറ പൂർവ്വചരിത്രം.

ബി. സി. 2200-ാമാണ്ടടുത്തു് സെമിററിക് വർഗ്ഗക്കാരായ അമറൈററക്കാർ ബാബിലോണിന്നു ചുററുമുള്ള പ്രദേശങ്ങളിൽ വാസമുറപ്പിച്ചു. ഹമ്മുറബി രാജാവിൻെറ കാലത്തു് അവർ പ്രബലരായി ചമഞ്ഞു. ഹമ്മുറബി അയൽരാജ്യങ്ങളെ പിടിച്ചടക്കി ഒരു സാമ്രാജ്യം സ്ഥാപിപ്പാൻ ഉറച്ചു. അദ്ദേഹം ആദ്യമായി ദക്ഷിണദേശമായ എല്ലാമിനെ ആക്രമിച്ചു. എങ്കിലും, അവിടത്തെ നിവാസികൾ യുദ്ധവൈദഗ്ദ്ധ്യമുള്ളവരായിരുന്നതിനാൽ മുപ്പതുകൊല്ലം കാലം എതിർത്തു യുദ്ധംചെയ്തു. അവസാനം ഹമ്മുറബിതന്നെ ജയിച്ചു. അങ്ങനെ ഒന്നൊന്നായി രാജ്യങ്ങൾ പിടിച്ചടക്കി അവയിൽ കോട്ടകൾ കെട്ടിച്ചു രാജ്യരക്ഷയ്ക്കുവേണ്ട സൈന്യങ്ങളേയും നിത്തി. ബാബിലോൺ ഇക്കാലത്തു വലിയ പ്രാമാണ്യം പ്രാപിച്ചു.

യുദ്ധത്തിലെന്നപോലെ സമാധാനപാലനത്തിലും രാജ്യംഭരിക്കുന്നതിലും ഹമ്മുറബി നിപുണനായിരുന്നു. അദ്ദേഹത്തിൻെറ ഭരണസമ്പ്രദായങ്ങളെ വിവരിക്കുന്ന ലക്ഷ്യങ്ങൾ കണ്ടുകിട്ടിയിട്ടുണ്ടു്.

ഹമ്മുറബിയുടെ പൂർവ്വന്മാർ ഇടയവംശക്കാരാകയാൽ അവരുടെ വംശവൃത്തിയായ പശുപാലനത്തെ പോഷിപ്പിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ഒരു വലിയ തോടു വെട്ടിച്ചു രാജ്യത്തെ ജലസേചനപദ്ധതി പരിഷ്കരിച്ചു. വീട്ടുമൃഗങ്ങളായ ആടുമാടുകളേയും, ഭാരം വഹിക്കുന്ന കാള ഒട്ടകം എന്നിവയേയും, വീട്ടുപക്ഷികളേയും ധാരാളം വളർത്തിയിരുന്നു. കായ്കറികളും സസ്യങ്ങളും ധാരാളം കൃഷിചെയ്തുവന്നു. യാത്രാസൌകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തി.

ഹമ്മുറബിയുടെ നിയമസംഹിത കേൾവികേട്ടതാണു്. മുമ്പു രാജ്യത്തു നടപ്പുണ്ടായിരുന്നവയും സ്വയംകൃതങ്ങളുമായ

നിയമങ്ങളെ അദ്ദേഹം സമാഹരിച്ചു. കുററങ്ങൾക്കു കഠിന ശിക്ഷകൾ വിധിച്ചിരുന്നുവെങ്കിലും അതുപ്രകാരംതന്നെ അവ പ്രയോഗിച്ചിരുന്നില്ല. മജിസ്ട്രേട്ടുമാരും, ജഡ്ജിമാരും, അപ്പീൽകോടതിയും എല്ലാം അന്നു നടപ്പിലുണ്ടായിരുന്നു. അവസാനത്തെ അപ്പീൽ രാജാവിൻെറ അടുക്കലായിരുന്നു. തൊഴിലുകൾക്കെല്ലാം കൂലിനിരക്ക് ക്ലിപ്തപ്പെടുത്തിയിരുന്നു. വൈദ്യന്മാരും, മൃഗവൈദ്യന്മാരും, തുന്നക്കാരും, ആശാരിമാരും, വള്ളക്കാരും, നിത്യജോലിക്കാരുമെല്ലാം തൊഴിലാളികളിൽ ഉൾപ്പെട്ടിരുന്നു.

പ്രഭുജനങ്ങൾ, ഇടത്തരക്കാർ, അടിമകൾ എന്നു മൂന്നു വിഭാഗങ്ങൾ സമുദായത്തിലുണ്ടായിരുന്നു. ആദ്യകാലം മുതല്ക്കു മെസപ്പൊട്ടോമിയയിൽ അടിമകൾ ഉണ്ടായിരുന്നെങ്കിലും ഇന്നത്തെപ്പോലെ അന്നു അവക്കു നീചത്വം കല്പിച്ചിരുന്നില്ല. അടിമകൾ ഇതരസമുദായാംഗങ്ങളുമായി വിവാഹബന്ധത്തിൽ ഏൎപ്പെട്ടിരുന്നു. എന്നാൽ അതിൽനിന്നു ജനിക്കുന്ന സന്തതികൾ പിതാവിൻെറ മരണാനന്തരമേ സ്വതന്ത്രരാവൂ. അടിമകൾക്കാനുകൂല്യങ്ങൾ വളരെയെല്ലാം ഉണ്ടായിരുന്നു. പക്ഷെ ഭരണകാൎയ്യങ്ങളിൽ അവക്കോരവകാശവും നല്കിയിരുന്നില്ല. പ്രഭുജനങ്ങളോടു പ്രവൎത്തിക്കുന്ന കുററങ്ങൾക്ക് ഇരട്ടി ശിക്ഷയാണ് അവക്കു കല്പിച്ചിരുന്നതു്. അതുപോലെ പ്രഭുജനങ്ങൾക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾക്കു ഇരട്ടിക്കൂലിയും അവക്കു കൊടുത്തിരുന്നു. സകല വിധത്തിലുമുള്ള സ്വാതന്ത്ര്യം അവക്കുണ്ടായിരുന്നു. ശത്രുക്കൾ രാജ്യം ആക്രമിക്കുമ്പോഴല്ലാതെ അവരെ സൈന്യത്തിൽ ചേരുവാൻ നിർബ്ബന്ധിച്ചിരുന്നില്ല.

അനാഘോഷമായിട്ടാണ് വിവാഹാദികൾ നടത്തപ്പെട്ടിരുന്നതു്. വധൂവരന്മാരുടെ യുക്തംപോലെയൊ കാരണവന്മാരുടെ നിശ്ചയമനുസരിച്ചോ വിവാഹം തീൎച്ചപ്പെടുത്തിയിരുന്നതെന്നു് അറിവില്ല. വിവാഹം നിശ്ചയിച്ചാൽ ആ

ദ്യമായി വരൻ വധുവിന്റെ പിതാവിന്നു കാഴ്ചദ്രവ്യം കൊടുക്കുക പതിവായിരുന്നു. സ്ത്രീധനവും കൊടുത്തിരുന്നു. വിവാഹാനന്തരം വധുവോ വധൂഗൃഹക്കാരോ വിവാഹബന്ധം വേർപെടുത്തുന്നതായാൽ സ്ത്രീധനത്തിന്റെ പകുതി വരന്നു മടക്കിക്കൊടുത്തിരുന്നു. അതുപോലെ വരനാണു് വിവാഹമോചനത്തിന്നു് ആവശ്യപ്പെടുന്നതെങ്കിൽ ശ്വശുരന്നു നല്കിയ കാഴ്ചദ്രവ്യം തിരികെ ചോദിക്കാവുന്നതല്ല. ഭാര്യക്കു ശരീരസുഖമില്ലാതെവന്നാൽ രണ്ടാമതും വിവാഹം ചെയ്യാം. അപ്പോൾ ആദ്യഭാര്യക്കു ചിലവിനു കൊടുക്കണം. ദത്തെടുക്കുന്ന സമ്പ്രദായം നടപ്പുണ്ടായിരുന്നു. മുതലിന്നു് ആൺമക്കൾ സമാവകാശികളാണു്.

സ്ത്രീകൾക്കു സമുദായത്തിൽ സ്ഥാനമുണ്ടായിരുന്നു. സ്വന്തമായി ധനാർജ്ജനം ചെയ്യുവാനും, ഭർത്താവിന്റെ അപേക്ഷകൂടാതെതന്നെ വ്യവഹാരാദികളിൽ ഇടപെടുവാനും അവക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. ഭർത്തൃസ്വത്തിലും പിതൃസ്വത്തിലും അവക്കു് അവകാശം ഉണ്ടു്. ഭർത്താവിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ കച്ചവടം നടത്തുന്ന ഭാര്യക്കു് അക്കാലത്തെ ലാഭത്തിൽ മൂന്നിലൊരു ഭാഗം അവകാശപ്പെടാം. മൂന്നു കൊല്ലത്തേക്കു ഭർത്താവിന്നു കടത്തിന്നായി ഭാര്യയെ അടിമപ്പെടുത്താം. എന്നാൽ അതിനുശേഷം അവൾ സ്വതന്ത്രയാകും.

ഉയർന്ന സ്ഥലങ്ങളിലാണു് പട്ടണങ്ങൾ സ്ഥിതിചെയ്തിരുന്നതു്. ഗൃഹങ്ങൾ പരിഷ്കാരം കൂടാതെ പരപ്പനായിട്ടാണു് പണിതിരുന്നതു്. പട്ടണങ്ങളിലെല്ലാം ദേവാലയങ്ങളുണ്ടായിരുന്നു. ഗൃഹത്തിലെ മാലിന്യങ്ങൾ പുറത്തിട്ടു നികത്തുകയാൽ നിരത്തുകൾ ഗൃഹദ്വാരങ്ങളെക്കാൾ ഉയർന്നുനിന്നിരുന്നു. അകങ്ങൾ വിശാലവും സുഖവാസയോഗ്യവുമായിരുന്നു. തളത്തിനു ചുററുമാണു് മുറികൾ കെട്ടപ്പെട്ടിരുന്നതു്. അതിഥികൾക്കു കാൽ കഴുകുവാൻ ഈ തളത്തിൽകൂടി

ഒരു തോട്ട താത്ത്രിയായിരുന്നു. ഗൃഹംതോറും ഓരോ ആരാധനസ്ഥലവും നിർമ്മിച്ചിരുന്നു. രാജധാനികളിലും പ്രഭുഗൃഹങ്ങളിലും കുളിമുറികളും അലങ്കരണമുറികളും ഉണ്ടു്. സ്ത്രീകളാണ് ചിത്രവേലകൾ ചെയ്തിരുന്നതു്.

ജീവിതരീതി അന്നും ഇന്നും ഒരുപോലെതന്നെ. എന്നാൽ അന്നു ധാന്യങ്ങൾ സുലഭമായിരുന്നു. ധാന്യങ്ങളും കന്നുകാലികളും കഴിച്ചാൽപിന്നെ പ്രാധാന്യം ഈന്തപ്പഴത്തിനാണ്. അതു ഭക്ഷണത്തിനും അതിന്റെ കുരു കരിയുണ്ടാക്കുവാനും കാലികൾക്കു തീററയ്ക്കും ഉപയോഗിച്ചിരുന്നു. കൊയ്ത്തുകാലങ്ങളിൽ അടിമകളെ കൂലിക്കെടുക്കാറുണ്ടു്. കൈകൊണ്ടു് ധാന്യം പൊടിച്ചു റൊട്ടി പാകം ചെയ്തിരുന്നു. വസ്ത്രമുണ്ടാക്കുന്നതു് ആട്ടിൻരോമംകൊണ്ടും തോലുകൊണ്ടുമാണ്.

ദേവാലയങ്ങൾതന്നെ വാണിജ്യകേന്ദ്രങ്ങളായും മത സ്ഥാപനങ്ങളായും ബാങ്കുകളായും ഉപയോഗിച്ചുവന്നു. നാണയങ്ങൾ ഇല്ലാത്തതുകൊണ്ടു വെള്ളി കട്ടിയായും തൂക്കിയുമാണ് കൊടുത്തിരുന്നതു്. സ്വർണ്ണം സുലഭമായിരുന്നില്ല. അതിനു വെള്ളിയുടെ 15 ഇരട്ടി വിലയുമുണ്ടായിരുന്നു. നികുതിപിരിവു നടത്തുന്നതു ദേവാലയങ്ങളിൽ വെച്ചാണ്. വിളകളായും കന്നുകാലികളായുമാണ് നികുതി പിരിഞ്ഞിരുന്നതു്. അവയെ സൂക്ഷിപ്പാൻ വലിയ സ്ഥലങ്ങളും വേണ്ടിവന്നു.

വിദ്യാസങ്കേതങ്ങളും ദേവാലയങ്ങൾതന്നെ. ഉദ്ദേശം 350 സംജ്ഞകൾ അടങ്ങിയ ലിപികൾ കുട്ടികളെ കാണാപ്പാഠം പഠിപ്പിക്കലാണ് വിദ്യാഭ്യാസത്തിൽ പ്രധാനം. കളിമണ്ണുകൊണ്ടുള്ള സ്ലേററുകളിൽ എഴുത്തുകോലുകൾകൊണ്ടാണ് അക്ഷരങ്ങൾ എഴുതിയിരുന്നതു്. ഈ അക്ഷരങ്ങൾ കരക്ഷണങ്ങൾകൊണ്ടു മാച്ചുകളയാം. എഴുത്തു പരിശീലിച്ചവരെ അന്നു വലിയ കാര്യമായി കരുതിവന്നു. അന്നത്തെ

ഒരു വിദ്യാലയം 1894-ൽ ഫ്രഞ്ചു ഗവേഷകന്മാർ കണ്ടുപിടിച്ചു. അതിനു് 55 അടി നീളവും അത്രതന്നെ വീതിയുമുണ്ടായിരുന്നു.

ദേവാലയങ്ങളിലെ നടത്തിപ്പിനു കാര്യദർശിമാർക്കു പുറമെ ഇടയരും മുക്കവരും പുരോഹിതന്മാരും അവരുടെ ദാസന്മാരും ഉണ്ടായിരുന്നു. മനുഷ്യരേയും ദൈവത്തേയും കൂട്ടിയിണക്കുന്ന ഒരു ശൃംഖലയായിട്ടാണു് ദേവാലയങ്ങളെ കരുതിവന്നതു്. ബേബൽ എന്ന വാക്കിനു ശരിയായ അർത്ഥം ദൈവത്തിങ്കലേക്കുള്ള പ്രവേശമാർഗ്ഗം എന്നത്രേ. അതിനെ യഹൂദന്മാർ തെററായി "കുഴപ്പം" എന്നു വ്യാഖ്യാനിച്ചു. ദേശീയമായും വ്യക്തിപരമായുമുള്ള ആരാധനകൾ അവിടെ നടത്തിയിരുന്നു. ആരാധനകളിൽ വാദ്യഘോഷങ്ങളും ഉണ്ടാകാറുണ്ടു്.

സ്ത്രീകളും പൌരോഹിത്യം നടത്തിയിരുന്നു. അവർക്കും സമുദായത്തിൽ ഉന്നതസ്ഥാനം ഉണ്ടു്. പുരോഹിതയെ ദൈവത്തിന്റെ പ്രധാന ദാസിയായിട്ടാണു് ഗണിച്ചുവന്നതു്. ആ സ്ഥാനത്തു രാജപുത്രിമാരെയാണു് പലപ്പോഴും നിയമിച്ചിരുന്നതു്. ദേവദാസീസമ്പ്രദായവും അക്കാലത്തു നടപ്പുണ്ടായിരുന്നു. സമുദായത്തിൽ താണപടിയിലുള്ളവരാണു് അതു നടത്തിപ്പോന്നതു്. ഈ വൃത്തിമൂലം അവർക്കു സമുദായത്തിൽ മാന്യത സിദ്ധിച്ചിരുന്നു. പ്രഭുകുടുംബങ്ങളിൽ കുട്ടികളുടെ ധാത്രിമാരായും ഇവരെ നിശ്ചയിച്ചുവന്നു. ദേവാലയങ്ങളോടു ബന്ധപ്പെട്ടു് ഗണിതക്കാരും ഉണ്ടായിരുന്നു. ബലി കഴിക്കപ്പെട്ട മൃഗങ്ങളുടെ കരളുകളിലെ അടയാളം നോക്കിയും, വെള്ളത്തിൽ എണ്ണവീഴ്ത്തിയുണ്ടാവുന്ന ആകാരങ്ങൾ നോക്കിയും ഇവർ ഭാവിഫലം പറഞ്ഞിരുന്നു.

എൻലിൽ എന്ന ഭൂമിദേവത ദൈവമാണു്. ജലാധിദേവതയേയും ആദിയിൽ അവർ ദൈവമായി ആരാധിച്ചിരുന്നു. പിന്നീടു ഹമ്മുറബിയുടെ കാലത്തു മുറഡോക്കിനു പ്രാ

മാണ്യം സിദ്ധിച്ചു. നഗരികൾക്ക് അധിദേവതകളായ പ്ര
ധാനപ്പെട്ട ദൈവങ്ങൾക്കു പുറമേയും അനേകം ദേവന്മാരും
അവൎക്കുണ്ടായിരുന്നു. ഒരേ ദേവനെത്തന്നെ പല ദേവാലയ
ങ്ങളിൽ പ്രതിഷ്ഠിച്ചിരുന്നു. അവയ്ക്കു ചില കാൎയ്യങ്ങൾക്കു വി
ശേഷാൽ ശക്തിയുണ്ടെന്നു വിശ്വസിച്ചു വന്നു. ദൈവത്തെ
ആരാധിക്കുന്നതിലുള്ള ശക്തിയെ കാണിപ്പാൻ അവർ തങ്ങ
ളുടെ പ്രതിമ കളിമണ്ണിൽ നിൎമ്മിച്ചു ദേവന്മാരുടെ മു
മ്പിൽ സ്ഥാപിക്ക പതിവുണ്ടായിരുന്നു. ഈ ദേവന്മാരെത്ത
ന്നെ കുലദേവതയായിട്ടും കരുതി വന്നതിനു പുറമെ പിതൃക്ക
ളുമായിട്ടും ഇവയ്ക്കു ബന്ധമുണ്ടെന്നു സങ്കല്പിച്ചിരുന്നു. എ
ന്നാൽ ദൈവങ്ങളെപ്പററി ഭക്തിശ്രദ്ധകൾ ഉണ്ടായിരുന്നതാ
യി അന്നത്തെ നടപടികളിൽനിന്നു തെളിയുന്നില്ല. ഭയ
മാണ് ഉണ്ടായിരുന്നത്. അവരെ തൃപ്തിപ്പെടുത്തിയും ദീർ
ഘായുസ്സിനും അഭിവൃദ്ധിക്കും ഐഹിക സുഖത്തിനും അവ
രോട് അപേക്ഷിച്ചുമാണ് ആരാധിച്ചിരുന്നത്. പുനൎജ്ജ
ന്മത്തെക്കുറിച്ച് അത്രയൊന്നും പ്രാധാന്യം ഇല്ലായിരുന്നു.

കലാശില്പാദികളിൽ സർഗൺ രാജാവിന്റെ ഭരണകാ
ലത്തുണ്ടായിരുന്നതിലും മേന്മ വേറെയൊന്നും പ്രത്യക്ഷപ്പെ
ട്ടിരുന്നില്ല. സാധനദൌർല്ലഭ്യത്താലും പരിശീലനത്തിന്
അവസരം ലഭിക്കായ്കയാലുമാണ് അങ്ങനെ വന്നത്. എ
ന്നാൽ ആ കാലസ്ഥിതിക്ക് അന്നത്തെ അഭിവൃദ്ധി പ്രശംസാ
ൎഹം തന്നെ. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ നന്നാ
ക്കിയിരുന്നത് കൃഷിയും കളിമണ്ണും ഈത്തപ്പനയും ആണ്.

വാണിജ്യം പ്രവൃദ്ധമായിത്തന്നെ ഇരുന്നു എങ്കിലും പ
രിഷ്കാരം അധഃപതിച്ചുതന്നെ വന്നു. രാജ്യരക്ഷയ്ക്കു യുദ്ധം
ചെയ്യേണ്ടി വന്നേയ്ക്കുമെന്ന കരുതലേ അവരിലില്ലാതായി.
അയൽപ്രദേശമായ ഏല്ലാമിലെ ആക്രമണങ്ങൾ ഇടയ്ക്കിടയ്ക്കു
നുഭവപ്പെട്ടിട്ടും അവർ അതു ഗ്രഹിച്ചില്ല. ഹിററയിററ വൎഗ്ഗ
ക്കാർ ഉത്തരഭാഗത്തുനിന്നും, അവരും കൊസ്സയിററ വൎഗ്ഗക്കാ

രുമൊത്തു പൂർവ്വദിക്കിൽനിന്നും രാജ്യത്തെ ആക്രമിച്ചു. ബി. സി. 2070-ാം ആണ്ടടുത്തു കാസയിററുകാർ യുദ്ധത്തിൽ കുതിരകളെ ഉപയോഗിച്ചിരുന്നതുകൊണ്ടു വർത്തമാനങ്ങൾ ഉദ്ദിഷ്ടസ്ഥാനങ്ങളിൽ വേഗത്തിലെത്തിപ്പാൻ തരപ്പെട്ടു.

കൊള്ള ചെയ്തു കിട്ടിയ പൊരുളുംകൊണ്ടു് കാസയിററ വർഗ്ഗക്കാരിൽ കുറെ പേർ അവരുടെ വാസസ്ഥാനങ്ങളിലേയ്ക്കു തിരിച്ചു. മററു ചിലർ സമതലങ്ങളിൽതന്നെ പാർപ്പുറപ്പിച്ചു. ബാബിലോണിയയിലെ പരിഷ്കാരം നശിച്ചു. ജലസേചനനിയന്ത്രണം ഇല്ലാതായതിനാൽ തോടു മണ്ണിടിഞ്ഞു നികന്നു. ജലമാർഗ്ഗം അടഞ്ഞതിനാൽ രാജ്യത്തു വെള്ളം കെട്ടിനിന്നു. അഞ്ചാറു ശതാബ്ദകാലം കാസ്സയിററ വർഗ്ഗക്കാർ രാജ്യം ഭരിച്ചു് അതിനെ നശിപ്പിക്കതന്നെ ചെയ്തു. ഇങ്ങനെ, രണ്ടു നദികളാൽ ആവൃതമായി കിടക്കുന്ന ആ പ്രദേശത്തെ ആദിമപരിഷ്കാരം അവസാനിച്ചു.

---

## 13. അസിറിയ

അസിറിയ എന്ന ഉന്നത പ്രദേശത്തിന്നു അസ്സൂർ എന്നു കൂടി പണ്ടു പേരുണ്ടായിരുന്നു. പ്രകൃതിദത്തമായ അതിരുകൾ ഒന്നും ഇതിനു് ഇല്ല. ഇവിടെ ആദ്യം കുടിയേറിപ്പാർത്തവർ ആരെന്നറിവില്ല. അതിപുരാതനമായി ഇവിടെ പാർത്തിരുന്നതു പൂർവ്വഭാഗങ്ങളിൽ വന്നുകൂടിയ വർഗ്ഗക്കാരാണു് എന്നു പ്രാചീനമായ അവശിഷ്ടങ്ങളിൽനിന്നു മനസ്സിലാകുന്നുണ്ടു്. ബി. സി. 3000-ാമാണ്ടു് ആവുമ്പോഴെയ്ക്കു ചില സെമിററിക് വർഗ്ഗക്കാർ അവിടെ കയറിക്കൂടി തങ്ങളുടെ ഭരണം സ്ഥാപിച്ചിരുന്നു. അയൽരാജ്യക്കാരായ സമതലവാസികളുടേതുപോലുള്ള ഒരു ഭാഷയാണു് അവർ സംസാരിച്ചിരുന്നതു്. സുമേറിയക്കാരുമായി അവർക്കു സംസർഗ്ഗവുമുണ്ടായിരുന്നു. അവർ അനേകം നൂററാണ്ടുകാലം വിദേശീയരാൽ

ഭരിക്കപ്പെട്ടു. ഹമ്മുറബിയുടെ ആക്രമണകാലത്തു് ഒരു ശക്തമായ സേനയെ അസ്സൂറിൽ നിർത്തിയിരുന്നു. ഈ ദേശത്തെ ചിലപ്പോൾ ഹിററയിററ വർഗ്ഗക്കാരും മററു ചിലപ്പോൾ പശ്ചിമഭാഗത്തുള്ള ഹിററയിററ വർഗ്ഗക്കാരും ഉത്തരദേശത്തുള്ള വർഗ്ഗങ്ങളും അടക്കി ഭരിച്ചിരുന്നു. ആ രാജ്യങ്ങളിലെ ആചാരങ്ങളും അസിറിയക്കാർ കൈക്കൊണ്ടു. ബാബിലോണിലെ കോലെഴുത്തും ഹിററയിററ വർഗ്ഗക്കാരുടെ കലാരചനയും ശില്പവിദ്യയും അവർ സ്വീകരിച്ചിരുന്നു. കൽത്തറകളിൽ ഇഷ്ടികകെട്ടിയും ശിലകളിൽ മൃഗാദികളുടെ രൂപങ്ങൾ കൊത്തിയുമുള്ളവയായിരുന്നു കെട്ടിടങ്ങൾ. എന്നാൽ അവയിലെ ദേവന്മാരുടെ രൂപങ്ങൾ അസ്സൂർ വർഗ്ഗക്കാരുടെതന്നെയായിരുന്നു.

1500 കൊല്ലത്തെ യുദ്ധം അസിറിയക്കാരെ കഠിനചിത്തരാക്കി. കുതിരകളെ ഉപയോഗിച്ചിരുന്നതുകൊണ്ടു് അവർ ശക്തരായി. ദക്ഷിണപശ്ചിമഭാഗത്തു് ഈജിപ്റ്റും സിറിയൻ രാജ്യങ്ങളും തമ്മിൽ യുദ്ധമുണ്ടായിരുന്നതുകൊണ്ടു് അസിറിയ അഭിവൃദ്ധി പ്രാപിച്ചു. ഈജിപ്റ്റിലെ ഫറോവായായ അമൻഹോട്ടപ്പു് തൃതീയൻ അസിറിയൻ രാജാവിനു കുറെ സ്വർണ്ണം കാഴ്ചയായി അയച്ചുകൊടുത്തു എന്നു പറഞ്ഞുകാണുന്നതിൽനിന്നു അസിറിയക്കാർ അക്കാലത്തു് പ്രബലരായിരുന്നു എന്നു അനുമാനിക്കാം. സുമാർ ബി. സി. 1250-ാമാണ്ടടുത്തു ടൈഗ്രീസ്സു് നദിവഴി ഒരു സൈന്യം ചെന്നു ബാബിലോണിയ അധീനമാക്കി. അക്കാലത്തു് അതു ഭരിച്ചിരുന്നതു് കാസ്സയററു് വർഗ്ഗക്കാരായിരുന്നു. അസിറിയക്കാർ അവിടെ കടന്നുകൂടിയശേഷം ഹിററയിററുകാരുടെ രാജ്യം ആക്രമിച്ചു. എന്നാൽ ഹിററയിററുകാർ അസിറിയക്കാരുടെ ജലസംഭരണം വിഘ്നപ്പെടുത്തുകയാൽ അവൎക്കു അപജയം പററി. എങ്കിലും അവർ പതുക്കെ പിൻവലിഞ്ഞു ഗ്രാമങ്ങളും ചെറുപട്ടണങ്ങളും പിടിച്ചടക്കി.

ഒരുനൂററയ്മ്പതു വർഷങ്ങൾക്കുശേഷം ടിഗ്ലത്തു പിൽസർ ഒന്നാമൻ ഹിററയിററുകാരുടെ രാജ്യം അധീനപ്പെടുത്തി. സൈഡനിൽനിന്നും ബൈബ്ളസ്സിൽനിന്നും അദ്ദേഹം കപ്പം പിരിച്ചു. ഈ രാജാവ് അനേകം ദേവാലയങ്ങളും രാജമന്ദിരങ്ങളും ജീർണ്ണോദ്ധാരണം ചെയ്യുകയും കീഴടക്കിയ രാജ്യങ്ങളിൽനിന്നും കൊണ്ടുവന്ന പുതിയതരം ചെടികൾ ആ രാജമന്ദിരങ്ങളിലെ തോട്ടങ്ങളിൽ നട്ടുവളർത്തുകയും ചെയ്തിരുന്നു. ജലസേചനപദ്ധതികളെ പരിഷ്കരിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തുകയും ധാന്യങ്ങൾ ധാരാളം ശേഖരിക്കുകയും ചെയ്തു. പിടിച്ചടക്കിയ രാജ്യങ്ങളിലെ കന്നുകാലികളെ സ്വദേശത്തേയ്ക്കു ആട്ടിക്കൊണ്ടുപോയി. നായാട്ടിൽ പ്രിയമേറിയ ഈ രാജാവിൻെറ മൃഗശേഖരം പ്രസിദ്ധപ്പെട്ടതാണ്. ഈജിപ്റ്റിലെ ഫറോ ഈ ശേഖരത്തിലേക്ക് ഒരു മുതലയെക്കൂടെ അയച്ചുകൊടുത്തിട്ടുണ്ടത്രേ.

ടിഗ്ലത്തു് പീൽസരുടെ അനുഗാമികൾ അദ്ദേഹത്താൽ ആധീനമാക്കപ്പെട്ട പശ്ചിമദേശങ്ങളെ കൈവിട്ടുകളഞ്ഞു. അങ്ങനെ അസിറിയക്കാർ വീണ്ടും ബലഹീനരായി ചമഞ്ഞു. അന്ന് അവരുടെ രാജ്യം അസ്സൂർ, നിനിവെ എന്നീ നഗരങ്ങളും അവയുടെ പരിസരങ്ങളും മാത്രമായി ചുരുങ്ങി. ഇരുനൂറു കൊല്ലക്കാലം അവർ വിദേശീയരുടെ ആക്രമണങ്ങളാൽ വലഞ്ഞു. ഈ അക്രമികളിൽ പ്രധാനപ്പെട്ടവർ ഉത്തരഭാരത്തുള്ള സ്റ്റെപ്പ് പ്രദേശത്തുനിന്നു് ഇറങ്ങിവന്ന സിത്തിയൻ വർഗ്ഗക്കാരാണ്. അസിറിയക്കാർ രാജഭക്തിയുള്ളവരും, രണനിപുണരുമായിരുന്നു. കാപ്പഡോഷ്യാ ചെമ്പുഖനിയിലേക്കുള്ള മാർഗ്ഗം അവരധീനപ്പെടുത്തി. അവർ ഇരുമ്പുകൊണ്ടുള്ള ആയുധങ്ങൾ യുദ്ധത്തിനു് ഉപയോഗിച്ചു. ദക്ഷിണ ദിക്കിലെ കൽദായക്കാരേയും ഇലാമൈററുവർഗ്ഗക്കാരേയും തോല്പിച്ചു. ഇതു ഭാവിയിൽ കൈവരുവാനിരിക്കുന്ന ഒരു സാമ്രാജ്യത്തിൻെറ ശിലാസ്ഥാപനം ആയി.

ലോഹയുഗത്തിലാണ് അസിറിയൻ സാമ്രാജ്യത്തിന്റെ ഉദയം. അതിനു പ്രേരകമായി ഭവിച്ചതു് ഈജിപ്ത്, ഹിററയിററ്, അക്കാഡിയൻ എന്നീ വർഗ്ഗക്കാരുടെ ശക്തിയാണ്. അസീറിയയുടെ ഉത്ഭവവും വളർച്ചയും നിലയുമെല്ലാം സൈന്യബലത്തെ ആശ്രയിച്ചിരുന്നു. പൂർവ്വപ്രദേശങ്ങളിലെ പ്രഥമരാജസ്ഥാനം അവരുടേതായിരുന്നു. തങ്ങളിൽനിന്നു യുദ്ധരീതിയും ഭരണരീതിയും ഗ്രഹിച്ച ഒരു സാമ്രാജ്യത്തിൻ മുമ്പിൽ മാത്രമേ അവർ തല കുനിച്ചുള്ളു.

സമ്പൽസമൃദ്ധങ്ങളായ നഗരങ്ങളെ ആക്രമിച്ചും കൊള്ള ചെയ്തുമാണ് അസിറിയ പ്രാബല്യം പ്രാപിച്ചതു്. പിടിച്ചടക്കിയ രാജ്യങ്ങളിലെ ഭരണാധികാരികൾക്കും പ്രബലന്മാർക്കും അംഗഛേദം, കഴുമേൽ തറക്കൽ, കണ്ണുപൊട്ടിക്കൽ തുടങ്ങിയ ശിക്ഷകൾ നൽകിവന്നു. ജനതയിൽ ഒരു വലിയ വിഭാഗത്തെ നാടു കടത്തുകയും ചെയ്തിരുന്നു. തടവുകാരായി പിടിച്ചവരെ കൂലിക്കാരായും തൊഴിൽക്കാരായും ഉപയോഗപ്പെടുത്തി.

അസിർ നാസീർപാൽ തൃതീയൻ ഉത്തരഭാഗത്തുള്ള വനപ്രദേശങ്ങളിൽ ആക്രമണങ്ങൾ ആരംഭിച്ചു്, അനേകം നഗരികൾ അധീനപ്പെടുത്തി. അദ്ദേഹം എററമുട്ടുന്നവരെ ജീവനോടെ തൊലിയുരിച്ചിരുന്നതുകൊണ്ടു് അനേകം നഗരികൾ എതിർക്കാതെതന്നെ അദ്ദേഹത്തിനു കീഴടങ്ങി. അയാൾ പ്രാപ്തിയുള്ളവനായിരുന്നെങ്കിലും മെരുക്കമില്ലാത്തവനായിരുന്നു. വളരെ ആലോചിക്കുന്ന സ്വഭാവമുള്ള അദ്ദേഹം ദുസ്തരങ്ങളായ കാര്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിയിരുന്നു. വിജയം നിശ്ചയമാണെന്ന സംഗതികളിൽ പ്രവേശിച്ചു് അദ്ദേഹം വിജയം കൈവരുത്തി.

അസിർ നാസീർപാൽ തൃതീയന്റെ അനുഗാമികൾ തങ്ങളുടെ കോട്ടകളെല്ലാം ഇരട്ടമതിലുകൾ കെട്ടിയും ചുററം

കിടങ്ങുകൾ വെട്ടിയും സുരക്ഷിതങ്ങളാക്കി. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടവരെക്കൊണ്ടു തരിശുഭൂമികൾ വെട്ടിത്തെളിയിച്ചു കൃഷി ചെയ്യിച്ചിരുന്നു. യോഗ്യതയും പഠിപ്പുമുള്ളവരെ മാത്രമേ ഗവൎണ്ണർമാരായി നിയമിച്ചിരുന്നുള്ളു. ശില്പിവിദ്യയേയും കലാവിദ്യയേയും പ്രോത്സാഹിപ്പിച്ചിരുന്നു. രാജമന്ദിരങ്ങൾ ഇഷ്ടികകൊണ്ടു പണിതു്, അലബാസ്റ്ററാലും മിനുക്കിയ ഇഷ്ടികകളാലും അലങ്കരിച്ചിരുന്നു. ആയോധനങ്ങളുടേയും വല്ലികളുടേയും ചിത്രങ്ങളാൽ അവ അലങ്കരിച്ചിരുന്നു. അസ്വാഭാവികമായാണു് മനുഷ്യരെ ചിത്രീകരിച്ചിരുന്നതു്. എങ്കിലും പക്ഷിമൃഗാദികളെ തന്മയത്വത്തോടുകൂടിത്തന്നെ ലേഖനം ചെയ്തിരുന്നു. ഒരുകാലത്തു് ഈ സാമ്രാജ്യം പ്രായപൂൎത്തിവരാത്ത മകനുവേണ്ടി മൂന്നുകൊല്ലം രാജമാതാവാണു് ഭരിച്ചിരുന്നതു്. ഇതിൽ നിന്നു് ഈ വൎഗ്ഗക്കാരിൽ അച്ചടക്കവും അനുസരണവും എത്രമാത്രം പ്രബലപ്പെട്ടിരുന്നുവെന്നു ഗ്രഹിക്കാറാകുന്നു.

രാജാവു സൎവ്വാധികാരങ്ങളോടുകൂടിയവനായിരുന്നു. പ്രവിശ്യകളിലെ ഗവൎണ്ണർമാരെല്ലാം രാജാവിനാൽ നിയമിക്കപ്പെട്ട അസിറിയ വൎഗ്ഗക്കാർതന്നെ. അവർ രാജാവിന്നധീനരാണെങ്കിലും പ്രവിശ്യകളിലെ കാൎയ്യങ്ങളിലെല്ലാം പൂൎണ്ണാധികാരികളായിരുന്നു. ഗവൎണ്ണർമാൎക്ക് എതുസമയത്തും കേന്ദ്രഭരണത്തിൽനിന്നു സഹായസഹകരണങ്ങൾ ലഭിച്ചിരുന്നു.

രാജ്യാവകാശം പരമ്പരയായിട്ടുതന്നെയായിരുന്നു. എന്നാൽ ബി. സി. 725-നടുത്തു അതു ഒരാൾ കൈകയറി. മുമ്പു പ്രസിദ്ധിയോടുകൂടി രാജ്യം ഭരിച്ചിരുന്ന സർഗൺ എന്ന രാജാവിൻെറ പേരാണു് അദ്ദേഹം കൈക്കൊണ്ടതു്. അങ്ങനെ സർഗൺ ദ്വിതീയൻ ഒരു വലിയ രാജവംശത്തിൻെറ ജനയിതാവായി ഭവിച്ചു. ഈ വംശക്കാർ ഒരു ശതാബ്ദകാലത്തോളം രാജ്യം ഭരിച്ചു. ഉത്തരഭാഗത്തുനി

ന്നും,, സിറിയയിൽനിന്നും, ഈജിപ്തിൽനിന്നും ഏല്ലാമിൽനിന്നും, കൽദായക്കാരിൽനിന്നും സർഗോണിന്നു ആക്രമണങ്ങൾ നേരിട്ടിരുന്നു. അസിറിയക്കാരുടെ ജന്മവൈരികളായിരുന്ന ഏല്ലാമും കൽദായും ഒത്തുചേൎന്നാണു് ലഹളയ്ക്കൊരുങ്ങിയതു്. എന്നാൽ വേണ്ട സമയത്തു കൽദായക്കാർ യുദ്ധത്തിനെത്തിച്ചേരാതിരുന്നതുകൊണ്ടു യുദ്ധം ഇരുപക്ഷക്കാൎക്കും ജയമില്ലാത്ത മട്ടിലാണു് കലാശിച്ചതു്. അതു കണ്ടു സർഗൺ തല്ക്കാലം ഒന്നു പിന്മാറി തക്കവും പാൎത്തിരുന്നു. ഏല്ലാമും കൽദായുമായുള്ള സഖ്യം തകൎന്നു. ആ തക്കത്തിൽ സർഗൺ ആദ്യം കൽദായക്കാരേയും പിന്നീടു ഏല്ലാം വൎഗ്ഗക്കാരേയും യുദ്ധംചെയ്തു തോല്പിച്ചു അധീനപ്പെടുത്തി.

സർഗണിന്റെ മകനായ സേനാഖറിബു രാജാവാകുന്നതിന്നു മുമ്പുതന്നെ രാജ്യഭരണത്തിൽ പങ്കെടുത്തിരുന്നു. രാജ്യം വിപുലമാക്കുന്നതിനാണു് അദ്ദേഹം ആദ്യമായി ശ്രദ്ധ ചെലുത്തിയതു്. ഈജിപ്തിനേയും സിറിയയേയും തങ്ങളുടെ നേരെ ഇളക്കിവിടുവാൻ അദ്ധ്വാനിച്ചിരുന്ന കൽദായക്കാരെയാണു് ആദ്യം സെനാഖരിബു അടക്കിയതു്. പിന്നെ ജൂതന്മാരെ ജയിച്ചു കീഴടക്കി. ബാബിലോണിയയെ ആക്രമിച്ചു പിടിച്ചു കൊള്ളചെയ്തു. സ്വപുത്രനെ ദക്ഷിണദേശങ്ങളുടെ ഗവൎണ്ണരായി നിയമിച്ചു. രാജ്യത്തിന്നു് സാമ്പത്തികവും വ്യവസായപരവുമായി വൎദ്ധനവുണ്ടായി. തലസ്ഥാനനഗരിയായ നിനിവെയിൽ മണിമന്ദിരങ്ങൾ ഉയൎന്നു പ്രശോഭിച്ചു. സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നു വൎത്തമാനങ്ങൾ കാലവിളംബംകൂടാതെ കിട്ടുന്നതിനുവേണ്ടി സന്ദേശവാഹകന്മാരെ ഏൎപ്പെടുത്തി. ഇതിനെ തപാൽ ഏൎപ്പാടിന്റെ നാന്ദിയായി കരുതാം. മതകാൎയ്യങ്ങളിൽ വലിയ നിഷ്ഠയൊന്നും സെനാഖരിബിന്നുണ്ടായിരുന്നില്ല. മരാമത്തിലാണു് അദ്ദേഹം ശ്രദ്ധ ചെലുത്തിയിരുന്നതു്. നിനിവയിലെ വീഥികൾ പുതുക്കി വിസ്താരപ്പെടുത്തി. കുന്നു

കളിൽ അണകെട്ടി നിനിവയിലെ ജലസേചനം പരിഷ്കരിച്ചു. ഇന്ത്യയിൽനിന്നു പരുത്തിച്ചെടി വരുത്തി അവയെ സ്വദേശത്തു കൃഷിചെയ്യിച്ചു.

സെനാഖരിബിന്റെ സാമ്രാജ്യത്തിനു അദ്ദേഹത്തിന്റെ മകൻ വിസ്താരം കൂട്ടി. അസീറിയയിലെ പശ്ചിമദേശങ്ങളെ കലഹിക്കുവാൻ പ്രേരിപ്പിച്ചിരുന്ന ഈജിപ്തിന്റെ ഒരു വലിയ വിഭാഗവും സൈപ്രസും അദ്ദേഹം പിടിച്ചടക്കി.

അസ്സൂർ ബാനിപാലിന്റെ ആദ്യത്തെ മുപ്പതു വർഷത്തെ ഭരണകാലം അസീറിയൻ വാഴ്ച്ചയുടെ സുവർണ്ണദശയായിരുന്നു. തലസ്ഥാനനഗരിയായ നിനിവ അക്കാലത്തെ മററു നഗരികളിൽവെച്ചു് മഹത്തായിരുന്നു. നാനാജാതിമതസ്ഥരും, നാനാഭാഷകൾ സംസാരിക്കുന്നവരും വ്യാപാരകേന്ദ്രമായ ആ നഗരിയിൽ കൊള്ളക്കൊടുക്കക്കു് എത്തിയിരുന്നു. ബാങ്കുകളും വ്യാപാരപുഷ്ടിക്കൊപ്പം വർദ്ധിച്ചു. ആദ്യം ഈയത്തിലും പിന്നീടു വെള്ളിയിലുമുള്ള നാണയങ്ങൾ നടപ്പിൽ വന്നു. തല മുണ്ഡനം ചെയ്തും കാതു കുത്തിയുമുള്ള അടിമകൾ ധാരാളമായി. അവരോടു മററു സമുദായക്കാർ മയ്യാദയിൽതന്നെ പെരുമാറിയിരുന്നു. അവർക്കും വസ്തുവകകൾ സമ്പാദിക്കാൻ വിരോധമുണ്ടായിരുന്നില്ല. ജനങ്ങൾ മൂന്നു തരക്കാരായി തിരിക്കപ്പെട്ടിരുന്നു. ഉയർന്നവർ—പ്രഭുക്കളും പുരോഹിതരും ഗവർണ്ണർമാരും സേനാനായകന്മാരും ഇവരിൽ അടങ്ങും; ഇവർ എണ്ണത്തിൽ കുറച്ചു മാത്രമേയുണ്ടായിരുന്നുള്ളു. സ്ത്രീകൾക്കും ഗവർണ്ണർ പദത്തിലിരിക്കാമായിരുന്നു. പട്ടാളക്കാരും, തൊഴിൽക്കാരും മററുമായിരുന്നു സാധാരണ തരക്കാർ. താഴ്ന്നവർ—ഇവർ വെറും തൊഴിൽക്കാരാണു്. ജനനമനുസരിച്ചാണു തൊഴിൽ പാരമ്പര്യം. പരിശീലനംകൊണ്ടു് ഇതിനെ സ്ഥാപിച്ചും വന്നു.

വിദ്വാനായിരുന്ന അസ്സിർബാനിപാലിന്നു 20,000

ശിലാഗ്രന്ഥങ്ങളടങ്ങിയ ഒരു വമ്പിച്ച ഗ്രന്ഥാലയം ഉണ്ടായിരുന്നു. അതിൽ മതപരമായും, ശാസ്ത്രപരമായുമുള്ള സ്വദേശഗ്രന്ഥങ്ങളും വിദേശഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. സൈനികക്കുറിപ്പുകൾ എല്ലാം സൂക്ഷിക്കപ്പെട്ടിരുന്നു. പുരോഹിതപ്രവാചകന്മാരുടെ പ്രവചനങ്ങളും ഇതിൽ ഉൾപ്പെട്ടിരുന്നു.

രാജാവിനെ സ്വാധീനിപ്പാൻ പ്രവാചകന്മാൎക്കല്ലാതെ മററാൎക്കും സാദ്ധ്യമായിരുന്നില്ല. പ്രഭുവൎഗ്ഗത്തിൽ ഉൾപ്പെട്ടിരുന്ന പ്രവാചകന്മാരെ ഭരിച്ചിരുന്നതും പ്രഭുക്കൾതന്നെ. ദൈവസഹായമുണ്ടെന്നു പ്രവാചകമുഖത്തു നിന്നറിഞ്ഞല്ലാതെ അസിറിയക്കാർ ഒരു കാൎയ്യത്തിനും തുനിഞ്ഞിരുന്നില്ല. അസൂർ, ഇഷ്ടാർ എന്ന രണ്ടു ദൈവങ്ങൾക്കും പുറമെ മററ 60 ദൈവങ്ങളും അവരാൽ ആരാധിക്കപ്പെട്ടിരുന്നു. പിശാചുക്കളിലും ആഭിചാരത്തിലും അവൎക്കു വിശ്വാസമുണ്ടായിരുന്നു. രക്ഷായന്ത്രങ്ങൾ ധരിക്കയും, പാപശാന്തിക്കു മഹാകൎമ്മങ്ങൾ നടത്തുകയും ചെയ്തിരുന്നു.

അവർ മതവിശ്വാസത്തിൽ സ്വതേ ഉന്മേഷമുള്ളവരായിരുന്നില്ല. പക്ഷെ മതഭ്രാന്തിയുണ്ടുതാനും. കാൎയ്യകാരണസിദ്ധാന്തമാണവർ അനുസരിച്ചിരുന്നതു. രണ്ടു സംഗതികൾ ഉണ്ടായാൽ അതിൽ ഒന്നു മറേറതിനു കാരണമായിരിക്കേണമെന്നു് അവർ കരുതിയിരുന്നു, അങ്ങനെ ഓരോന്നിൻേറയും തമ്മിൽ തമ്മിലുള്ള ബന്ധം നിൎണ്ണയിപ്പാൻ അവർ എല്ലാ സംഗതികളും രേഖപ്പെടുത്തി വന്നിരുന്നു. ഈ സമ്പ്രദായത്തെ മററ രാജ്യക്കാരും ഇവരിൽനിന്നു പഠിച്ചു. ജ്യോതിശ്ശാസ്ത്രത്തിൻേറ വൎദ്ധനയ്ക്കു് ഇതു വലിയ സഹായമായിത്തീൎന്നിട്ടുണ്ടു്. ബാബിലോണിയക്കാരിൽനിന്നു ഗ്രഹിച്ച ശാസ്ത്രങ്ങളെല്ലാം അവർ രേഖപ്പെടുത്തിവെച്ചിട്ടുണ്ടു്. വൈദ്യശാസ്ത്രത്തിലും അവൎക്കു കുറച്ചൊരു പരിജ്ഞാനമുണ്ടായിരുന്നു.

ബാബിലോണിയയിലെ നിയമങ്ങളിൽനിന്നു വ്യത്യ

സ്തമായ രീതിയിലാണു് ഇവരുടേതു്. ഹമ്മുറബിയുടെ നിയമസംഹിതകൾ ഇവക്കു ലഘുതരങ്ങളായിരുന്നു. അന്നത്തെപ്പോലെ ഇന്നും ഉത്തരഭാഗത്തെ ജനതയിൽനിന്നുള്ള ആക്രമണങ്ങൾ കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. കുററങ്ങൾക്കു് കഠോരമായ ശിക്ഷകളാണു് നല്കിയിരുന്നതു്. ചെവിയും മൂക്കും ചെത്തലും, 20 മുതൽ നൂറുവരെ ചമ്മട്ടികൊണ്ടുള്ള അടിയും, കഠിനതടവുമാണു ശിക്ഷകളിൽ ലഘുവായി ഗണിക്കപ്പെട്ടിരുന്നവ. സാമ്രാജ്യഭരണത്തിനു വിപുലമായ നിയമങ്ങൾ ഉണ്ടായിരുന്നു. വിധവകൾക്കു രക്ഷാഭോഗങ്ങൾ അനുവദിച്ചിരുന്നു. വിവാഹിതനായ ഒരുവൻ യുദ്ധത്തടവുകാരനായി പിടിക്കപ്പെട്ടാൽ അവന്റെ ഭാര്യക്കു് രണ്ടു കൊല്ലം പൊതുമുതലിൽനിന്നു ചിലവിന്നു നല്കിവന്നു. അതിനുശേഷം അവൾക്കു് ഇഷ്ടമുള്ളവരെ വിവാഹം ചെയ്യാം. അങ്ങനെ വിവാഹം ചെയ്തിരിക്കുമ്പോൾ ആദ്യഭർത്താവു തിരിച്ചെത്തിയാൽ അവൾക്കു് അവനോടുകൂടിയിരിക്കാം. രണ്ടാംകെട്ടിലെ സന്തതികളെ രണ്ടാമത്തെ ഭർത്താവു നോക്കിക്കൊള്ളും.

സൈന്യനിയമങ്ങൾക്കനുസരിച്ചിട്ടാണു് രാജ്യം ഭരിച്ചിരുന്നതു്. രഥം, കാലാൾ, കുതിരപ്പട, ശില്പികൾ എന്നിവയെല്ലാം ഉൾക്കൊണ്ടതായിരുന്നു സേന. യുദ്ധത്തിൽ ലഭിക്കുന്ന കൊള്ളയിൽ ഒരു പങ്കു പട്ടാളക്കാക്കും ലഭിച്ചിരുന്നു. അതു് അവക്കു യുദ്ധം ചെയ്യുവാൻ ഒരു പ്രേരകമായും ഭവിച്ചു. നഗരങ്ങളെ നിരോധിക്കുന്നതിൽ അതി വിദഗ്ദ്ധരായിരുന്നു അവർ. ഇഷ്ടികകളാൽ കെട്ടിപ്പടുത്ത കോട്ടമതിലുകൾ ഇടിച്ചുതകൎപ്പാൻ ഉതകിയിരുന്ന ഒരു യന്ത്രം അവക്കുണ്ടായിരുന്നു. ഉത്തുംഗങ്ങളായുള്ള മതിലുകൾ കയറിക്കടപ്പാനുള്ള ഉപകരണങ്ങളും അവർവശം ഉണ്ടു്. അങ്ങനെ കയറുന്നവരുടെ രക്ഷയ്ക്കായി അസ്ത്രങ്ങൾക്കുകൂടി അഭേദ്യങ്ങളായ കവചങ്ങളും അവർ ധരിച്ചിരുന്നു. ഭിത്തികൾക്കടിയിൽ വെടിമരുന്നു കുഴിച്ചിട്ടു തീകൊടുത്തും കോട്ട തകർത്തിരുന്നു.

അസ്സൂർ ബാനിപാളിന്റെ വാഴ്ച തുടങ്ങിയപ്പോൾ ഈ സാമ്രാജ്യം പ്രതാപത്തോടുകൂടി നീണാൾ നിൽക്കുമെന്നു് എല്ലാവരും കരുതി. ഈജിപ്റ്റിൽ പൊട്ടിപ്പുറപ്പെട്ട ഒരു കലാപം ഒതുക്കി അവിടെ ആ രാജ്യത്തെ ഒരുവനെ രാജാവായി വാഴിച്ചു് അദ്ദേഹവുമായി സഖ്യം ചെയ്തു. അയൽരാജ്യങ്ങളിലുണ്ടായിരുന്ന അസംതൃപ്തിയും അസ്സീറിയൻ നയത്തിന്റെ മർദ്ദനശക്തിയും ബാബിലോണിയക്കാരെ കലഹത്തിന്നു പ്രേരിപ്പിച്ചു. ഇവർ കലഹത്തിന്നൊരുങ്ങിയതു് അവിടത്തെ ഗവർണ്ണരും രാജസോദരനുമായ ഒരാളുടെ നേതൃത്വത്തിലാണു്. എല്ലാ വർഗ്ഗക്കാരുമായി യോജിച്ചാണു് ഇവർ കലഹിച്ചതു്. എങ്കിലും ആ ലഹള അമർത്തപ്പെട്ടു. നിരോധന സൈന്യത്തിന്റെ പ്രവർത്തനം നടന്നിരുന്നിട്ടും രണ്ടുകൊല്ലം പട്ടിണിയിട്ടു വേണ്ടിവന്നു ലഹള ശമിപ്പിപ്പാൻ. ഗവർണ്ണർ തന്റെ കൊട്ടാരം തീവെച്ചു് അതിൽ കിടന്നു് ആത്മഹത്യ ചെയ്തു. ഭരണം അങ്ങനെ തുടർന്നുകൊണ്ടുപോയി. ഈ ഭരണത്തിന്റെ അന്ത്യദശയായ പന്ത്രണ്ടുകൊല്ലം ദുർന്നിമിത്തങ്ങളോടുകൂടിയവയായിരുന്നു. അങ്ങനെ അസ്സൂർപാൽ നിര്യാതനായി.

ആസ്സൂർപാലിന്റെ നിര്യാണശേഷം അവകാശതർക്കങ്ങളും അതിനെത്തുടർന്നു കലാപങ്ങളും ഉളവായി. പ്രവിശ്യകൾ ഓരോന്നായി കേന്ദ്രത്തിൽനിന്നു വിട്ടുപോയിത്തുടങ്ങി. അസീരിയൻ ആധിപത്യം പാടെ നശിപ്പിക്കാൻ മററരാജ്യക്കാർ തക്കവും പാർത്തിരുന്നു. ഉത്തരഭാഗത്തു മീഡ്സ്സും പേഴ്സ്യരും എതിർത്തു. ദക്ഷിണഭാഗത്തു കൽദായക്കാരും. ഇവർ ബാബിലോണിയ അധീനപ്പെടുത്തി. പിന്നീടു് മിഡ്സിന്റെ സഹായത്തോടുകൂടി നിനിവെ പിടിപ്പാൻ ശ്രമിച്ചു. അതു് അധീനപ്പെടുത്തിയതിൽ സർവ്വരും ആഹ്ളാദംകൊണ്ടു. നിപുണരായ തൊഴിൽക്കാരെ എല്ലാം മിഡ്സ് അവരുടെ രാജ്യത്തേക്കു പിടിച്ചുകൊണ്ടുപോയി.

കുറച്ച് അസിറിയക്കാർ കുറച്ചു കാലത്തേക്കു ഹാരൻകോട്ടയിൽ കഴിച്ചുകൂട്ടിയിരുന്നു. പിന്നീട് അവരും മററു വർഗ്ഗങ്ങളിൽ ലയിച്ചുപോയതായി കരുതപ്പെടുന്നു. അവരുടെ ഭാഷ കൂടി പിന്നീടാരും സംസാരിച്ചിരുന്നില്ല.

———o———

## 14. കൽദായക്കാർ

അസിറിയ ഭരണത്തിനു ജന്മനാ വിരോധികളായിരുന്നു കൽദായവർഗ്ഗക്കാർ. ഇവർ ബി. സി. 625-ൽ നബൊപൊലസരുടെ നേതൃത്വത്തിൽ അസിറിയ തലസ്ഥാനമായ നിനിവെ നഗരം കൊള്ളചെയ്തു നശിപ്പിക്കുവാൻ പുറപ്പെട്ടു. ആ കൊല്ലംതന്നെ നബോപലസർ കൽദായവർഗ്ഗക്കാരുടെ രാജാവായി പ്രഖ്യാപിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ വംശമാണു മെസപൊട്ടേമിയ ഭരിച്ച അവസാനത്തെ രാജവംശം. പുതിയ രാജവംശത്തിന്റെ പുരാതന നാമമായ കാൽഡിയയിൽനിന്നാണ് രാജ്യത്തിനു കൽദിയാ എന്ന പേർ സിദ്ധിച്ചതു്. പേഴ്സ്യൻ കടൽത്തീരത്തുനിന്നു വന്നവരെന്നു പറയപ്പെടുന്ന ഈ വംശക്കാർ രാജാധികാരം നടത്തിയിരുന്നതു് പുരോഹിതന്മാരുടെ ആനുകൂല്യത്താലാണ്. പിൻതുടർച്ചാവകാശത്തിനു ഹാനി തട്ടുമ്പോൾ പ്രവാചകന്റെ അരുളപ്പാടനുസരിച്ചാണ് രാജാവിനെ നിശ്ചയിച്ചിരുന്നതു്. തന്മൂലം ബാബിലോണിലെ കൽദായ രാജാക്കന്മാർ മതവിശ്വാസികളായി നടിച്ചാണ് വർത്തിച്ചിരുന്നതു്. മാർദക്‌ദേവന്റെ ദേവാലയോദ്ധാരണത്തിനു നബോപലസർ തന്റെ രണ്ടു മക്കളെ സാധാരണ കൂലിവേലക്കു വിട്ടിരുന്നു എന്നതു് പ്രസ്താവയോഗ്യമാണ്.

കൂലിവേല ചെയ്ത മക്കളിൽ ഒരുവനാണു നെബുക്കഡ്നസർ. പിൽക്കാലത്തു് ഇദ്ദേഹം രാജ്യത്തിന്റെ പ്രതാപൈ

ശ്വര്യങ്ങളെ പുഷ്ടിപ്പെടുത്തി. ഇദ്ദേഹത്തിന്റെ ഭരണകാലത്തു രാജ്യം കലാപങ്ങളുടേയും യുദ്ധങ്ങളുടേയും കേളീരംഗമായിരുന്നു. ആദ്യവർഗ്ഗക്കാരായ മീഡ്സുകാരുടെ സാഹായ്യത്തോടുകൂടി ഉത്തരാതിർത്തി പ്രദേശങ്ങളെ ശത്രുക്കളുടെ അക്രമങ്ങളിൽനിന്നു സുരക്ഷിതമാക്കി. നെബുക്കഡ്നസർ മീഡ്സ് വർഗ്ഗത്തിലെ ഒരു കന്യകയെ വിവാഹം ചെയ്തുകൊണ്ടു ഇദ്ദേഹത്തിനു് ഈജിപ്റ്റിന്റെ പ്രേരണയാൽ രാജ്യത്തിന്റെ പശ്ചിമഭാഗത്തുള്ള ശത്രുനിവാസപ്രദേശങ്ങളിൽ ശ്രദ്ധ പതിപ്പാൻ തരപ്പെട്ടു. യുദ്ധവീരനായ ഇദ്ദേഹത്തിന്റെ പ്രഥമവിജയം ഈജിപ്റ്റിലെ ഒരു സേനയെ കാർക്കിമിഷിൽ വെച്ചു തോല്പിച്ചോടിച്ചതാണു്. ഇതിൽപിന്നെ ഇദ്ദേഹം ടയർ നഗരി ഒഴികെയുള്ള ഫിനീഷ്യരുടെ നഗരികളെയെല്ലാം ഓരോന്നായി കൈവശപ്പെടുത്തി. പതിമൂന്നു കൊല്ലത്തെ നിരോധനംകൊണ്ടേ ടയർ കീഴടക്കുവാൻ സാധിച്ചുള്ളു. പിന്നീടു് ഇദ്ദേഹം യരുശലമിനെ ആക്രമിച്ചു കൊള്ള ചെയ്കയും, തദ്ദേശീയരായ അനേകം ജനങ്ങളെ അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോകയും ചെയ്തു. ഒടുവിൽ അദ്ദേഹം യൂഫ്രട്ടീസു താഴ്വരയും, സിറിയ മുഴുവനും, പലസ്തീനവും, ഈജിപ്റ്റിന്റെ അതിർത്തിവരെയുള്ള പ്രദേശങ്ങളും അധീനപ്പെടുത്തി വാണു.

നിരന്തരമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോഴും തലസ്ഥാനനഗരിയായ ബാബിലോണിനെ മഹനീയമാക്കിത്തീർപ്പാനുള്ള സമയവും സന്ദർഭവും അദ്ദേഹത്തിനു ലഭിച്ചു. വിദ്യയിൽ വലിയ താല്പര്യം പ്രദർശിപ്പിച്ചില്ലെങ്കിലും അദ്ദേഹം തൽപ്രദേശത്തുനിന്നു ലഭിച്ചിരുന്നതായ കളിമണ്ണുകൊണ്ടു മഹത്തരങ്ങളായ ഉത്തുംഗമന്ദിരങ്ങൾ പണിയിച്ചു ശില്പകലാവിദഗ്ധൻ എന്ന പുകൾകൊണ്ടു. മാർദക്ദേവന്റെ ദേവാലയം പണിതീർക്കയും അതിൽ നിന്നു് ഇഷ്ടദേവാലയത്തിന്റെ പടിയിൽകൂടി ഒരു നടപ്പന്തൽ പണിയുകയും ദേവാ

ലയത്തെ രാജമന്ദിരവുമായി യോജിപ്പിക്കുകയും ചെയ്തു. നദി തീരത്തു നിന്നിരുന്ന ആ മന്ദിരത്തിൽനിന്നു നോക്കിയാൽ ആ നഗരി മുഴുവൻ കാണുമായിരുന്നു. ഈ നൂതന മന്ദിരങ്ങളിലെല്ലാം അദ്ദേഹം അപൂർവ്വങ്ങളായ ചെടികൾ നട്ടുവളർത്തി. ഇങ്ങനെ നട്ടുവളർത്തപ്പെട്ട തൂങ്ങിക്കിടക്കുന്ന ഉദ്യാനം ലോകത്തിലെ സപ്താത്ഭുതങ്ങളിൽ ഒന്നായിരുന്നു. യൂഫ്രട്ടീസ്സ് നദിയെ തരണം ചെയ്യാൻ ഇദ്ദേഹം പണിത പാലമാണ് ചരിത്രകാലത്തെ ആദ്യപാലം.

ഹമ്മുറബിയുടെ ഭരണകാലത്തെപ്പോലെതന്നെ വീണ്ടും രാജ്യം അഭിവൃദ്ധിപ്പെട്ടു. വാണിജ്യത്തിനു വൽ്സനയുണ്ടായി. ശാസ്ത്രത്തിലും കലാവിദ്യയിലും അഭിവൃദ്ധി വന്നിരുന്നതുകൊണ്ട് പൂർവ്വസംസ്കാരം കൽദായക്കാർ കൈക്കൊണ്ടിരുന്നു എന്നു കരുതേണ്ടിയിരിക്കുന്നു. ജ്യോതിശ്ശാസ്ത്രമായിരുന്നു പ്രധാനമായതു്. പഠനംമൂലം വളരെ പരിചയം നേടിയ അവർ ഭൂമദ്ധ്യരേഖയെ 360 സമഭാഗങ്ങളായി പരിച്ഛേദിക്കയും, അതിൽ 12 ഗ്രഹനിലകളെ സ്ഥാപിക്കയും ചെയ്തു. നക്ഷത്രങ്ങൾക്ക് മനുഷ്യനുമായി ബന്ധമുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. നക്ഷത്രബംഗ്ലാവുകളും അവർ നിർമ്മിച്ചിരുന്നു. തദ്വിഷയത്തെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ സാധാരണ ജനങ്ങൾകൂടി അന്വേഷിച്ചുപിടിച്ചു പഠിച്ചിരുന്നു.

വൈദ്യശാസ്ത്രത്തിലും മററു രാജ്യങ്ങളിലുമുണ്ടായിരുന്നതിനേക്കാൾ അധികം പുരോഗതി അവർ പ്രാപിച്ചിരുന്നു. ചുരുക്കത്തിൽ 550 തരം മരുന്നുകൾ അക്കാലത്തു പ്രയോഗത്തിലിരുന്നിരുന്നു. ഓടുകൊണ്ടുണ്ടാക്കപ്പെട്ട ഉപകരണങ്ങളാണ് വൈദ്യന്മാർ ഉപയോഗിച്ചിരുന്നതു്. പൊട്ടീസു വെച്ചുകെട്ടുവാൻ തുണിയും തോലും ഉപയോഗിച്ചിരുന്നു.

നെബുക്കഡ്നസരുടെ പിൻഗാമികൾക്ക് അദ്ദേഹത്തെപ്പോലെ മെയ്മിടുക്കും ബുദ്ധിയും ഭരണതന്ത്രപരിജ്ഞാനവു

മുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ മരണാനന്തരം പ്രഭുജനങ്ങൾ അധികാരത്തിന്നുവേണ്ടി തമ്മിൽ തമ്മിൽ പൊരുതിത്തുടങ്ങി. രാജാസനത്തിനു വഴക്കു തുടങ്ങി. രാജ്യത്തിന്റെ ബലം ക്ഷയിച്ചു. തന്മൂലം പുരോഹിതന്മാർ വിദ്വാനായ ഒരാളെ രാജാവായി നിയമിച്ചു. കഴിഞ്ഞുപോയ പ്രതാപത്തെപ്പററിയുള്ള സ്മരണയോടെ അദ്ദേഹം വടക്കേ അറേബിയയിലെ ഒരു പട്ടണത്തിൽ സ്വൈരമായി കഴിഞ്ഞുകൂടി. മിഡ്സ്‌വൎഗ്ഗക്കാരുടെ പ്രബലതകൊണ്ടു് ഉത്തരഭാഗത്തുനിന്നു രാജ്യത്തിന്നു് ഉപദ്രവം ഒന്നും ഉണ്ടായില്ല. എങ്കിലും മററു ശക്തികളുടെ ആക്രമണങ്ങളാൽ ബാബിലോണിന്റെ ശക്തി ക്ഷയിക്കതന്നെ ചെയ്തു. പേഴ്സ്യയിലെ രാജാവായ സൈറസ് നഗരം ആക്രമിച്ചപ്പോൾ യാതൊരു എതിൎപ്പുംകൂടാതെ അതു താനേ കവാടം തുറന്നുകൊടുത്തു കീഴടങ്ങുകയാണു് ചെയ്തതു്. അങ്ങനെ മെസപ്പൊട്ടേമിയായുടെ സ്വാതന്ത്ര്യം നശിച്ചു. എന്നിരുന്നാലും ബാബിലോൺ പിന്നീടും വിവിധദേശക്കാരുടെ വിപണികയായിത്തന്നെ പരിലസിച്ചു. ഇന്ത്യയിൽനിന്നും മററു അയൽരാജ്യങ്ങളിൽനിന്നുമുള്ള വ്യാപാരമാൎഗ്ഗങ്ങൾ ചെന്നുചേൎന്നിരുന്നതു് അവിടെയാണു്. ഇരുനൂറു കൊല്ലങ്ങൾക്കുശേഷം അതു സൈറസ്സിനേക്കാൾ പരാക്രമിയായ ഒരാൾധീനപ്പെട്ടു. അതിനെ ഏഷ്യയേയും യൂറോപ്പിനേയും ബന്ധിക്കത്തക്ക തലസ്ഥാനമാക്കുവാൻ അദ്ദേഹം ശ്രമിച്ചു.

## 15. മീഡ്സും പേഴ്സ്യക്കാരും.

ആൎയ്യഭാഷ സംസാരിക്കുന്ന ഉത്തരദേശവാസികൾ ബി. സി. 2000-ൽ തുൎക്കിസ്ഥാനത്തുനിന്നു ഇറാൻവഴി ഹിമാലയത്തിന്നു് അഭിമുഖമായി തള്ളിക്കയറിയെങ്കിലും അവരിൽ ചില ചെറുസംഘങ്ങൾ ഇറാനിലെ പീഠഭൂമിപ്രദേശത്തി

ന്റെ പശ്ചിമഭാഗത്തു പാറിക്കൂടി. അവർ വളരെ ശതാബ്ദങ്ങളോളം ഓരോ തലവന്റെ അധികാരത്തിൻകീഴിൽ വിവിധസമുദായങ്ങളായിത്തന്നെ കഴിച്ചുകൂട്ടി. കാലക്രമത്തിൽ അവരിൽ രണ്ടു സമുദായക്കാർ പ്രബലരായി ചമയുകയും, മററു സമുദായക്കാരെ തങ്ങളുടെ അധികാരപരിധിയിൽ ഇരുത്തുകയും ചെയ്തു. പ്രബലരായി ചമഞ്ഞ രണ്ടു സമുദായങ്ങളാണ് മിഡ്സും പേഴ്സ്യരും. അവർ രണശൂരരായ അശ്വഭടന്മാരായിരുന്നതിനാൽ ഐക്യമില്ലാതെ ചിന്നിച്ചിതറി കിടന്നിരുന്ന പൂർവ്വനഗരികളെ ഓർക്കാപ്പുറത്തു ആക്രമിച്ച് അധീനപ്പെടുത്തിയിരുന്നു. ഈ മിഡ്സ് വർഗ്ഗക്കാർ ഇറാനിന്റെ മദ്ധ്യഭാഗവും ഉത്തരഭാഗവും അടക്കിഭരിച്ചു. പേഴ്സ്യർ ദക്ഷിണഭാഗത്തും ആധിപത്യം സ്ഥാപിച്ചു.

ആര്യഭാഷ സംസാരിച്ചിരുന്ന വർഗ്ഗങ്ങൾ സാഗ്രോസ്സ് താഴ്‌വരകളിൽ വ്യാപിക്കുന്നതിനു മുമ്പുതന്നെ എല്ലാമികളും അവരുടെ സംസ്കാരങ്ങളും പരിഷ്കാരങ്ങളും ആചാരങ്ങളുമെല്ലാം ഗ്രഹിക്കുകയും അവയെ കൈക്കൊള്ളുകയും ചെയ്തിരുന്നു. അവരിൽ ചില പ്രധാനികൾ ചില പുരാതന നഗരികളിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. എന്നാൽ അവരിലധികം പേരും ഗ്രാമങ്ങളിലാണ് വസിച്ചിരുന്നതു". ഇതരമതസ്ഥരുടെ ഭാഷയേയോ ദൈവങ്ങളേയോ അവർ സ്വീകരിച്ചില്ല; നാടോടികളായി നടന്നിരുന്ന പൂർവ്വികന്മാരുടെ ദൈവങ്ങളേയും അവരുടെ ഭാഷയേയും അവർ മുറുകെപ്പിടിച്ചു.

വിവിധവർഗ്ഗങ്ങളായി ചിന്നിച്ചിതറി കിടക്കുന്നവർ ഒന്നിച്ച് ഒരു നായകന്റെ അധികാരത്തിൽ വർത്തിച്ചാലേ ഇറാനിൽ തങ്ങൾക്ക് വ്യവസ്ഥാപിതമായ ഒരു ഭരണം ഉണ്ടാവു എന്നു ഗ്രഹിപ്പാൻ അവക്കു കുറേക്കാലം വേണ്ടിവന്നു. ബി. സി. 9-ാം ശതകത്തിന്റെ മദ്ധ്യത്തോടടുത്ത് അവർ അസിറിയക്കാരുമായി ഏററുമുട്ടി. പ്രകൃത്യാതന്നെ വിദേശഭര

യ രണവീരന്മാരായിരുന്നെങ്കിലും അവർ നല്ല ശിക്ഷണവും സജ്ജീകരണവും ഉള്ള നിനിവയിലെ സൈന്യങ്ങളോടു സമന്മാരായിരുന്നില്ല. അവർ ഇപ്പോഴത്തെ ഹാമഡാൻ പ്രദേശത്തു് ഒരു തലസ്ഥാനനഗരി പണിതീർത്തു. ഭാരം വഹിക്കുന്ന കുതിര തുടങ്ങിയ മൃഗങ്ങളെ വളർത്തുവാൻ പററിയ പ്രദേശമായിരുന്നു അതു്. അവരുടെ സമ്പത്തു കുതിരകളായിരുന്നു. മീഡിയൻ രാജാക്കന്മാരിൽനിന്നു കപ്പമായി കിട്ടിയിരുന്നതു കുതിരകളായിരുന്നു. ആട്ടിൻതോൽകൊണ്ടുള്ള ഉടുപ്പും ഉയന്ന കുതിക്കാലുള്ള പാദുകങ്ങളും, ശൂലവും, ചൂരൽകൊണ്ടുള്ള പരിചയും ധരിച്ചവരായിട്ടാണു് ഇവരുടെ യോദ്ധാക്കളെ ചിത്രീകരിച്ചിരിക്കുന്നതു്.

ആയോധനത്തിൽ അവക്കു നിരന്തരം ഏപ്പെടേണ്ടിവന്നു. കുതിരകൾക്കുവേണ്ടി ഹാമഡാൻ സമതലത്തെ കൂടെക്കൂടെ ആക്രമിച്ചിരുന്ന സാഗ്രോസ്സ് നഗരികളിലെ പൂർവ്വരാജാക്കന്മാരേയും അസിറിയൻ വർഗ്ഗക്കാരേയും മാത്രമല്ല അവക്കു നേരിടേണ്ടിവന്നതു്; 12 ശതാബ്ദം മുമ്പു ആക്രമണം നടത്തിയ കാട്ടാളന്മാരായ പൂർവ്വികന്മാരെ ഇന്നും പിന്തുടരുന്ന സിത്തിയൻസ്സിനേയും സിമ്മറിയൻസിനേയും അവക്കു നേരിടേണ്ടിവന്നു. ഈ കാട്ടാളന്മാരുടെ അക്രമങ്ങൾ അസിറിയയിലേയും ഇറാനിലേയും സിറിയയിലേയും ജനങ്ങൾക്കും അനുഭവിക്കേണ്ടിവന്നു.

ഉത്തരഭാഗത്തു നിവസിക്കുന്ന കാട്ടാളവർഗ്ഗക്കാർ അവസാനമായി പുറത്തേക്കു പുറപ്പെട്ടപ്പോൾ അവക്കു നിനിവയുമായി ഒന്നു പൊരുതിനോക്കണമെന്നു മോഹം ജനിച്ചു. അക്കാലത്തു വിപുലമായിരുന്ന അവരുടെ സാമ്രാജ്യത്തിൻെറ പരിരക്ഷണത്തിന്നായുള്ള സമരങ്ങളിൽ അവരുടെ ആൾബലം നശിച്ചിരുന്നു. കുറച്ചു കാലത്തേക്കു മിഡ്സ്വർഗ്ഗത്തിൻെറ ഉദ്യമം ഫലിച്ചില്ല. ഇതിനുള്ള കാരണം അസുർബാനിപ്പാൾ മിഡ്സ്വർഗ്ഗക്കാരുമായി സഖ്യംചെയ്തതാണു്. അ

തിനുശേഷം അസ്സൂർബാനിപ്പാൾ പശ്ചിമമീഡിയയെ ആക്ര
മിച്ച സിത്തിയക്കാരെ തോല്പിച്ച് ബാബിലോണിലെ കൊ
ള്ളക്കാരെ നിശ്ശേഷം ഉന്മൂലനം ചെയ്തു്, എല്ലാമിലെ അവ
സാനത്തെ രാജാവിനെ പാടേ നശിപ്പിച്ചു. എന്നിരുന്നാ
ലും അദ്ദേഹത്തിന്റെ അനുഗാമികൾ മീഡ്സ് വർഗ്ഗക്കാരെ
ഏകീകരിച്ച് ഒരു വർഗ്ഗമാക്കി ശക്തിപ്പെടുത്തിയ സയസർക്സീ
സിന്റെ സേനയോടു പൊരുതുനില്ക്കുവാൻ പ്രാപ്തിയില്ലാത്ത
വരായിരുന്നു. അദ്ദേഹം സിത്തിയക്കാരിൽനിന്നുമുള്ള ആ
പത്തൊഴിച്ച്, ബാബിലോണുമായി സഖ്യംചെയ്തു് അവി
ടത്തെ രാജകുമാരനായ നെബുക്കഡ്നസർക്കു മകളെക്കൊടുത്തു
ബന്ധുതയിലും ഏർപ്പെട്ടു. എല്ലാമിനെ അധീനപ്പെടുത്തു
കയും പെർസേപോളീസിനു തെക്കുകിഴക്കു സ്ഥിതിചെയ്തി
രുന്ന പ്രദേശങ്ങളിൽ വ്യാപിച്ചിരുന്ന പേഴ്സ്യ അദ്ദേഹ
ത്തിന്റെ ആധിപത്യം സ്വീകരിക്കുകയും ചെയ്തു. ബി. സി.
612-ൽ മീഡ്സ് വർഗ്ഗക്കാരുടേയും ബാബിലോണിലെയും
സൈന്യങ്ങളുടെ ഏകോപിച്ചുള്ള ആക്രമണത്തിൽ നിനിവേ
അധഃപതിച്ചു.

അങ്ങനെ സയാസർക്സീസും നെബുക്കഡ്നസറും പൂ
ർവ്വപ്രദേശങ്ങളിലെ പ്രതാപശാലികളായ രാജാക്കന്മാരായി
ച്ചമഞ്ഞു. അവരോടു നേരിടുവാനുള്ള ശക്തി അക്കാലത്തു
ഈജിപ്തിനും ലിഡിയയ്ക്കും മാത്രമേ ഉണ്ടായിരുന്നുള്ളു. ബാ
ബിലോൺ അധീനപ്പെടുത്തി ഇരുപതു കൊല്ലം കഴിഞ്ഞി
ട്ടാണു് സയാസർക്സീസ്സ് ആർമീനിയ പിടിച്ചടക്കിയതു്.
ഏഷ്യാമൈനറിന്റെ പൂർവ്വാർദ്ധവും അദ്ദേഹം അടക്കി-ലിഡിയ
യിലെ വർഗ്ഗക്കാരുമായി കുറച്ചു പൊരുതശേഷം അദ്ദേഹ
ത്തിന്റെ രാജ്യത്തിന്റെ പശ്ചിമാതിർത്തി ഹാലിസ്സുപർവ്വതം
വരെയായി. ഉത്തരഭാഗത്തു എൽബറസ്സുപർവ്വതംവരേയും
മുമ്പുതന്നെ വ്യാപ്തിയുണ്ടായിരുന്നു. പൂർവ്വഭാഗത്തു പാർഥിയ
യിലെ നാടോടിവർഗ്ഗക്കാരും അദ്ദേഹത്തിന്റെ ആധിപത്യം

സ്വീകരിച്ചു. എല്ലാമിലേയും ദക്ഷിണഭാഗത്തേയും പേഴ്സ്യൻ രാജാക്കന്മാർ അദ്ദേഹത്തിനു കപ്പവും കൊടുത്തുവന്നു.

സയസർക്സീസ്സ് മരിച്ചപ്പോൾ പശ്ചിമ ഏഷ്യയിലെ മഹത്തായ സാമ്രാജ്യമായി വിളങ്ങിയിരുന്ന അസിറിയായെ മീഡിയ അനുഗമിക്കുമോ എന്നു സംശയം ജനിച്ചു. എന്നാൽ അദ്ദേഹത്തിൻെറ പിൻഗാമി അസ്റ്റ്യാഗസ്സ് അതിനു പ്രാപ്തനായില്ല. ഇദ്ദേഹത്തിൻെറ സമാധാനപരമായ ഭരണകാലത്ത് ഇദ്ദേഹത്തിൻെറ മരുമകനായ ആൻസഹാനിലെ കൈരഷ് (സൈറസ്സ്) ഇറാനിയൻ വർഗ്ഗത്തിൻെറ ദക്ഷിണശാഖയിൽനിന്ന് ഒരു അജയ്യമായ സൈന്യം രൂപീകരിച്ചു. അനൈക്യത്തിൽ വർത്തിച്ചിരുന്ന ബാബിലോണിലെ രാജാവായ ക്രബോണിഡസ്സുമായി അദ്ദേഹം സഖ്യം ചെയ്തു. പാസർഗാഡി എന്ന സ്ഥലത്ത് അദ്ദേഹം ഒരു രാജമന്ദിരം പണികഴിപ്പിച്ചു. ഇദ്ദേഹത്തിൻെറ നായകത്വം മീഡിയൻ സേനാനികളുടെ ശ്രദ്ധയിൽ പതിയുകയും അദ്ദേഹത്തിൻെറ വലിയച്ഛനുമായി പൊരുതേണ്ടിവന്നപ്പോൾ അവർ അദ്ദേഹത്തിൻെറ ഭാഗത്തു ചേരുകയും ചെയ്തു. ആ നേതാവു് ഏതു ശത്രുവിനോടും എതിർത്തു് അവക്കു വിജയം കൈവരുത്തത്തക്ക പ്രാപ്തനായിരുന്നു. അതോടുകൂടി അദ്ദേഹം തൻെറ ദിഗ്വിജയം സമാരംഭിച്ചു.

ബി. സി. ആറാം ശതകം ചരിത്രപ്രാധാന്യമുള്ള ഒരു കാലമാണ്. അക്കാലത്താണ് പ്രാചീന മെസപ്പൊട്ടോമിയ ക്ഷയിച്ചതും പേർസ്യ വികസിച്ചതും. പൂർവ്വപശ്ചിമ ശക്തികളായ ഗ്രീക്കുകാരും പേർസ്യക്കാരും ഏററുമുട്ടിയതും റോമൻ റിപ്പബ്ളിക്ക് ഉത്ഭവിച്ചതും അക്കാലത്തുതന്നെ. ആദ്യത്തെ മൂന്നു പേഴ്സ്യൻ രാജാക്കന്മാരുടെ കാലത്തു ഗതാഗതമാർഗ്ഗങ്ങൾ അഭിവൃദ്ധിപ്പെട്ടിരുന്നതിനാൽ വ്യാപാരം ദ്രുതഗതിയിൽ അഭിവൃദ്ധിപ്പെട്ടു. തമ്മിൽ തമ്മിൽ അകന്നു കിടന്നിരുന്ന രാജ്യങ്ങളിൽ മതപരമായ പരിവത്തനങ്ങൾ

പ്രത്യക്ഷപ്പെട്ടു. വിചാരവിനിമയവും ക്ഷണത്തിൽ രാജ്യങ്ങൾ തമ്മിൽ പ്രവഹിച്ചു. ചീനയിൽ കൺഫ്യൂഷ്യസും ലവോസിയും തങ്ങളുടെ വിഭിന്ന മതതത്വങ്ങളെ പ്രചരിപ്പിച്ചു. ബുദ്ധമതവും ജൈനമതവും ഇന്ത്യയിലും പ്രചരിച്ചു. പ്രവാചകനായ ജർമ്മിയ, അധഃപതിച്ചു കിടന്നിരുന്ന യൂതവർഗ്ഗത്തോടു് ഓരോരുത്തർക്കുമുള്ള ചുമതലകളെ ഉൽഘോഷിച്ചു. സോറാസ്ത്രമതം പേർസ്യയിലെ രാജാക്കന്മാരുടേയും രാജാംഗങ്ങളുടെയും ചിന്താഗതിയെ നയിച്ചുവന്നു.

സോറാസ്റ്റർ ബി. സി. 6-ാം ശതകത്തിൽ തന്നെയാണോ ജീവിച്ചിരുന്നതു് എന്നു് അറിവില്ല. ഇറാനിയൻ ആധിപത്യത്തിൽ പെട്ടിരുന്ന പ്രാചീന ജനങ്ങളിൽ അദ്ദേഹത്തിന്റെ മതതത്വങ്ങൾ പ്രചരിച്ചിരുന്നതായി കാണുന്നുണ്ടു്. സർവ്വശക്തനും, സർവ്വജ്ഞനും, അവ്യക്തനും, ലോകസ്രഷ്ടാവുമായ ദൈവത്തിൽ സോറാസ്റ്റർ വിശ്വസിച്ചിരുന്നു. അഹൂറമസ്ദ് എന്നോ ഓർമ്മസ്ദ് എന്നോ ആ ശക്തിയെ വിളിച്ചുവന്നു. അസത്തിന്റെ മൂർത്തിയായി അഹിറിമാനും ഗണിക്കപ്പെട്ടുവന്നു. ജ്ഞാനാജ്ഞാനികളായി ഭവിപ്പാൻ ഏവർക്കും അർഹതയുണ്ടെന്നു് ഈ മതം സിദ്ധാന്തിക്കുന്നു. അവരവർ വർത്തിച്ചുവരുന്ന മാർഗ്ഗമനുസരിച്ചിരിക്കും അവരവർക്കു ലഭിക്കുന്ന നന്മതിന്മകൾ എന്നും അജ്ഞാനികൾക്കു് അവസാനമില്ലാത്ത ദുഃഖം ഉണ്ടാകുന്നതാണെന്നും അതു സിദ്ധാന്തിക്കുന്നുണ്ടു്. ഭൂമിക്കും, സൂര്യചന്ദ്രനക്ഷത്രാദികൾക്കുമെല്ലാം ആധാരം അഹൂറമസ്ദാണു്. എന്നാൽ ഇവയുടെ പ്രതിമകളെ വെച്ചാരാധിക്കുന്നതിൽനിന്നു മനുഷ്യരെ വിലക്കിയിരിക്കുന്നു. സോറാസ്ത്രമതപുരോഹിതന്മാരായ മാഗികളുടെ കർമ്മങ്ങളുമായി മതം ബന്ധിക്കപ്പെട്ടാണിരിക്കുന്നതു്. മൃതശരീരങ്ങൾ മറവു ചെയ്യുന്നതിനു പകരം അന്തരീക്ഷത്തിൽ തുറന്നിടണമെന്നാണു് ഇവരുടെ അഭിമതം. പ്രകൃതിയെ അനുസരിച്ചു ആവിർഭവിച്ചിരുന്ന മററു മതസിദ്ധാന്തങ്ങളും ഈ മതതത്വങ്ങ

ളുമായികൂടിക്കലൎന്നു. അഹൂറമസ്ദ് ശക്തിമത്തായ സൂൎയ്യനുമായി ബന്ധിക്കപ്പെട്ടു. സൂൎയ്യനെ അന്നു് ഉത്തരദേശങ്ങളിൽ അലഞ്ഞു തിരിഞ്ഞിരുന്ന ആൎയ്യന്മാർ ആരാധിച്ചുവന്നിരുന്നു. അതോടൊപ്പം എല്ലാമികളുടെ ഐശ്വൎയ്യദേവതയായി ഗണിക്കപ്പെട്ടു വന്നിരുന്ന അനെയിററ്സും ആരാധിക്കപ്പെട്ടു.

സോറാസ്റ്റരുടെ തത്വങ്ങളെ അനുസരിച്ചിരുന്ന പേൎഷ്യൻ രാജാക്കന്മാർ ബിംബാരാധനയ്ക്കു വിരോധികളായിരുന്നു. എന്നാൽ അവർ പിടിച്ചടക്കിയ രാജ്യങ്ങളിൽ അതു് ആദ്യം അത്ര നിഷ്കൎഷിച്ചിരുന്നില്ല. ആ രാജ്യങ്ങളിലെ മതാചാരങ്ങളിൽ അവർ കൈകടത്തിയതുമില്ല. അവരുടെ വിജയസിദ്ധിക്കു മൂലം ഇതാണു്. അല്ലാതെ അവരുടെ രാജ്യപ്രകൃതിയൊ കൃഷിയുടെ ആധിക്യമൊ നല്ല തുറമുഖങ്ങളോ അല്ല. ഫലപുഷ്ടിയുള്ള താഴ്വരകളും ആരോഗ്യകരമായ കാലാവസ്ഥയും എല്ലാം ഉണ്ടായിരുന്നിട്ടും അവിടെ ജനങ്ങൾ തിങ്ങിക്കൂടുവാനുള്ള പരിതഃസ്ഥിതികൾ ഇല്ലായിരുന്നു. ആൎയ്യവൎഗ്ഗക്കാരരായ കാലാൾപ്പടയുടേയും അശ്വസേനയുടേയും ഗുണങ്ങളും, പ്രഭുജനങ്ങളുടെ ശരിയായ നായകത്വവും, രാജാക്കന്മാരുടെ യുദ്ധവൈദഗ്ദ്ധ്യവും മൂലം മാത്രമാണു് അവരുടെ പ്രാബല്യം വൎദ്ധിച്ചതു്.

മീഡ്സ്സുവൎഗ്ഗക്കാരുടെ ആധിപത്യത്തിൽ വൎത്തിച്ചിരുന്നവനും ദക്ഷിണജില്ലയിൽ വാണിരുന്നവനുമായ ആൻഷാൻ എന്ന അക്കാമെനസ്സിൻെറ വംശജനാണു് താൻ എന്നാണു് സൈറസ്സ് ഭാവിച്ചിരുന്നതു്. ആയോധനനിപുണതപോലെ നയവൈദഗ്ദ്ധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു വ്യാഴവട്ടക്കാലംകൊണ്ടദ്ദേഹം മീഡിയയേയും ലിഡിയയേയും ബാബിലോണിയയേയും സിറിയയേയും കീഴടക്കി സ്വരാജ്യത്തോടുചേൎത്തു. അങ്ങനെ അഭൂതപൂൎവ്വമായ ഒരു സാമ്രാജ്യം ചീനയ്ക്കു പടിഞ്ഞാറു് ആവിൎഭവിച്ചു. അസ്സ്യ്രാ

ജസ്സ് അന്യാധീനപ്പെട്ടതോടുകൂടി പേഴ്സ്യയിൽനിന്നു തനിക്കും സംഭവിച്ചേക്കാവുന്ന ആപത്തോർത്തു ലിഡിയയിലെ രാജാവായ ക്രീസസ്സ് ഈജിപ്തും, ബാബിലോണിയയും, സമുദ്രതീരത്തുള്ള ഗ്രീക്കരാജ്യങ്ങളുമായി സഖ്യത്തിലേർപ്പെട്ടു. സൈറസ്സ് സൈന്യസമേതം ഐക്യകക്ഷികളോട് ഏററു. ഹാലിസ്സ് നദിയെ തരണംചെയ്തു ലിഡിയയുടെ തലസ്ഥാനമായ സാർഡിസ്സിനെ ബി. സി. 546-ൽ അധീനപ്പെടുത്തി. ഗ്രീക്കനഗരികളെ അധീനപ്പെടുത്തുവാനുള്ള ഭാരം സേനാനികൾക്കു വിട്ടുകൊടുത്തു അദ്ദേഹം തന്റെ പഴയ കൂട്ടുകാരനായ നബോനിഡസ്സിന്റെ നേർക്കു ചെന്നു. കുറച്ചു കാലത്തെ പോർകൊണ്ട് അദ്ദേഹം പ്രാപ്തിയില്ലാത്തവനാണെന്നു ഗ്രഹിക്കുകയും അദ്ദേഹത്തിന്റെ രാജ്യത്തെ മീഡ്സുവർഗ്ഗക്കാരും പേഴ്സ്യക്കാരുംകൂടി പങ്കിട്ടെടുക്കുകയും ചെയ്തു.

പേഴ്സ്യൻ രാജാവു പുതുതായി അധീനപ്പെടുത്തിയ രാജ്യങ്ങളിലെ മതാചാരങ്ങളിൽ കൈകടത്തിയില്ല. എന്നാൽ അവരുടെ ദേവാലയങ്ങൾ പുതുക്കുന്നതിനും മററും വേണ്ട ധനസഹായങ്ങൾ ചെയ്തുകൊടുത്തുമിരുന്നു. ചിന്നിച്ചിതറി വിദേശങ്ങളിൽ പാർപ്പുറപ്പിച്ചിരുന്ന ജൂതന്മാരെ യരുശലേമിലേക്കു തിരിച്ചയച്ചു് അവിടെയുള്ള അവരുടെ ദേവാലയം പുതുക്കുവാൻ കല്പിച്ചു. പേഴ്സ്യൻ ജനതയെ തന്നെയാണ് ഉദ്യോഗങ്ങളിൽ നിയമിച്ചതെങ്കിലും പിടിച്ചടക്കിയ രാജ്യങ്ങളുടെ തൃപ്തിക്കനുസരിച്ചുതന്നെയാണ് ഭരണം നടത്തിയിരുന്നതു്.

സൈറസ്സിന്റെ അധികാരത്തെ സമ്മതിക്കാതിരുന്ന ഏകരാജ്യം ഈജിപ്തായിരുന്നു. ഈ രാജ്യത്തെ ആക്രമിച്ചു പിടിപ്പാൻവേണ്ടി സൈന്യങ്ങളെ ഒരുക്കൂട്ടുന്നതിനു ബാബിലോണിയയിലെ രാജാവായി വാഴിച്ചിരുന്ന തന്റെ മകൻ കാംബെസീസിനെ ഭാരമേല്പിച്ചു സൈറസ്സ് ഉത്തരഭാഗത്തുനിന്നു ഇറാനേയും മെസപൊട്ടോമിയായേയും ആക്രമിച്ചിരു

ന്ന കാട്ടാളവർഗ്ഗക്കാരോട് എതിരിടുവാൻ തിരിച്ചു. അവരുമായി നടന്ന യുദ്ധത്തിൽ അദ്ദേഹം ഹതനായി. മൃതശരീരം പാസാർഗാഡിയിലാണ് അടക്കം ചെയ്യപ്പെട്ടതു്. ആ ശവകുടീരം ഇന്നുമുണ്ടു്.

ബി. സി. 525-ൽ കാംബസീസ്സ് ഈജിപ്റ്റിനെ കീഴടക്കി ഫറോ സ്ഥാനം നേടിയതിനു പുറമെ ഇത്തിയോപ്പിയയുടെ ഉത്തരഭാഗവും പിടിച്ചടക്കി. ആ സമയത്തു അദ്ദേഹത്തിനുവേണ്ട സഹായം സ്വദേശത്തുനിന്നു ലഭിച്ചില്ല. എന്നു മാത്രമല്ല അവിടെ ലഹളപൊട്ടിപ്പുറപ്പെടുകയും ചെയ്തു. ആ വർത്തമാനം ലഭിക്കയാൽ അദ്ദേഹം അങ്ങോട്ടു തിരിച്ചു.

കാംബസീസ്സിൻെറ മരണകാലത്തു പേഴ്സ്യ സാമ്രാജ്യത്തിൽ ഈജിപ്ത്, സിറിയ, ഏഷ്യാ മൈനർ, മെസപൊട്ടോമിയ, ഇറാൻ തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെട്ടിരുന്നു. എന്നാൽ അന്തഃഛിദ്രം രാജ്യത്തെ അധഃപതിപ്പിക്കാൻ ഭാവിച്ചിരുന്നു.

---

## 16 ഡാരിയസ്സ്

സൈറസ്സും കാംബസീസ്സും കെട്ടി ഉയർത്തിയ ആ മഹത്തായ സാമ്രാജ്യത്തെ അന്തഃഛിദ്രം നശിപ്പിക്കുവാൻ തുടങ്ങിയ ആ കാലത്തു് അതിനെ തടുത്തുനിർത്തി അഭിവൃദ്ധിപ്പെടുത്തുവാൻ പ്രാപ്തനായ ഡാരിയസ്സ് രാജ്യഭാരമേറെറടുത്തു. ഇദ്ദേഹം സൈറസ്സിൻെറ വംശജനായിരുന്നു. അദ്ദേഹം പൊരിഞ്ഞു യുദ്ധം ചെയ്തു അന്തഃഛിദ്രം പാടെ ശമിപ്പിച്ചു. ഈജിപ്തും ലിഡിയയും പേഴ്സ്യയുമായി ഏർപ്പെട്ടിരുന്ന സഖ്യത്തിൽനിന്നു് ഇക്കാലത്തും വ്യതിചലിച്ചില്ല. തന്മൂലം ഡാരിയസ്സ് ഉത്തരഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരുന്ന കാടരുടെ ഉപദ്രവം തീർപ്പാൻ ഒരുങ്ങി പുറപ്പെട്ടു.

സിത്തിയൻ വർഗ്ഗക്കാരെ അടിച്ചമർത്തുവാൻ ഉദ്ദേശിച്ചാണ് ഡാരിയസ്സ് യൂറോപ്പിൽ കാലെടുത്തു കുത്തിയതു്. അതിന്നു് ഏഷ്യൻ സമുദ്രതീരങ്ങളിൽ വസിച്ചിരുന്ന ഗ്രീക്കുകാർ കപ്പലുകളും മറവും കൊടുത്തു് അദ്ദേഹത്തെ സഹായിച്ചു. തന്മൂലം അദ്ദേഹത്തെ അഗാരണനാക്കുവാൻ സിത്തിയക്കു സാധിച്ചില്ല. ഈ സമരംകൊണ്ടു പറയത്തക്ക ഫലമൊന്നുമുണ്ടായില്ലെങ്കിലും ത്രേസ്സ് അധീനപ്പെടുത്തുവാൻ അദ്ദേഹത്തിന്നു സാധിച്ചു. അതിനു പുറമെ പൂർവ്വദേശങ്ങളിൽ സിന്ധിലെ ഒരു വമ്പിച്ച ഭാഗത്തും പഞ്ചാബിലും ആധിപത്യം സ്ഥാപിപ്പാൻ അദ്ദേഹത്തിന്നു തരപ്പെട്ടു.

ഏഷ്യമൈനറിലെ സമുദ്രതീരങ്ങളിൽ വസിച്ചിരുന്ന ഗ്രീക്കുകാരോടു പേഴ്സ്യക്കാർക്ക യാതൊരു നീരസവുമുണ്ടായിരുന്നില്ല. എന്നു മാത്രമല്ല, അവർ കപ്പലുകൾ തന്നു സഹായിച്ചതിന്നു തൃപ്തിയുമുണ്ടായിരുന്നു. എന്നാൽ അവരെ ഭരിച്ചിരുന്നതു സ്വേച്ഛാപ്രഭുക്കളായിരുന്നു. സ്വാതന്ത്ര്യപ്രിയന്മാരായിരുന്ന ഗ്രീക്കുകാർ ഈ മർദ്ദനഭരണത്തിൽ അതൃപ്തരായി. മർദ്ദനഭരണംമൂലം അവരുടെ വ്യാപാരത്തിന്നു് അസഹ്യമായ ഇടിവു നേരിട്ടു. ബി. സി. 499-ൽ ഗ്രീക്കുകാർ ഏഥൻസുകാരുടെ സഹായത്തോടുകൂടി സാർഡിസ്സിനെ ആക്രമിച്ചു. ഇതെല്ലാം കണ്ടു ക്രുദ്ധനായിത്തീർന്ന ഡാരിയസ്സ് ഏഷ്യാമൈനറിലെ ഗ്രീക്കുകാർക്കു് അവരർഹിക്കുന്ന ശിക്ഷ നൽകി. അതിനുശേഷം ഏഥൻസിനേയും അധീനപ്പെടുത്തി താൻ അജയ്യനാണെന്നു് ബോദ്ധ്യപ്പെടുത്തുവാൻ അദ്ദേഹം മുതിർന്നു.

ഡാരിയസ്സ് തൻെറ സഹോദരൻെറ നേതൃത്വത്തിൽ ഒരു സൈന്യത്തെ യൂറോപ്പിലേക്കയച്ചു. ഈജിയൻ ദ്വീപസമൂഹത്തിലെ ചില ദ്വീപുകളെ പേഴ്സ്യക്കാർ പിടിച്ചെടുത്തു. ഏഥൻസിനോടു് എതിരിട്ടപ്പോൾ ആയോധനനൈപുണ്യവും സജ്ജീകരണവും തികഞ്ഞിരുന്ന ഏഥൻസുകാർ മാർഗ്ഗനിരോധം ചെയ്തു് മാരത്തനിൽ വെച്ചു് അവരെ

തോല്പിച്ചു. കിട്ടിയ മുതലോടുകൂടി തടവുകാരെയുംകൊണ്ടു പേഴ്സ്യക്കാർ സ്വദേശത്തേയ്ക്കു മടങ്ങുകയും വിവരം രാജാവിനെ ഗ്രഹിപ്പിക്കുകയും ചെയ്തു. അഭിമാനക്ഷയത്താൽ കുപിതനായ ഡാരിയസ്സ് വീണ്ടും പടയ്ക്കു കോപ്പിട്ടു പുറപ്പെട്ടുവെങ്കിലും, ആ സമയത്ത് ഈജിപ്തുകാർ ലഹളയ്ക്കൊരുങ്ങിയതിനാൽ ഡാരിയസിന്റെ ശ്രദ്ധ ഈജിയൻ കടലിൽനിന്നു നീലനദിയിലേക്കു തിരിച്ചു. ബി. സി. 486-ൽ മാത്താനിലെ മാനഭംഗം തീക്കുവാൻ മകനായ സെർക്സിസിനെ ഏല്പിച്ചു മരിക്കുകയും ചെയ്തു.

ഡാരിയസ് നല്ലൊരു ഭരണപരിഷ്കാരിയായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്താണ് പേഴ്സ്യൻ സാമ്രാജ്യം ഉച്ചനിലയിലെത്തിയത്. സൈറസ്സിനാൽ ആരംഭിക്കപ്പെട്ടതും ഡാറിയസ്സിനാൽ പൂർത്തിപ്പെടുത്തപ്പെട്ടതുമായ ഭരണപരിഷ്കാരംകൊണ്ടു മാത്രമാണ് ഈ മഹാസാമ്രാജ്യം രണ്ടുശതാബ്ദം നിലനിന്നത്. ഇവരുടെ ശക്തി കേവലം സൈന്യശക്തിയായിരുന്നു. ആര്യവംശത്തിൽപെട്ട ഒരു പേഴ്സ്യനാണെന്നു ഡാരിയസ് അഭിമാനിച്ചിരുന്നു. ആര്യന്മാരുടെ മാമൂലനുസരിച്ചായിരുന്നു അദ്ദേഹത്തിന്റെ പരിശീലനം. അവരുടെ മതത്തേയും രാജ്യത്തേയും അദ്ദേഹം നല്ലപോലെ പഠിച്ചു. കുതിരസ്സവാരിയും വെടിപ്പയററും മൃഗയാവിനോദവും അദ്ദേഹം പരിശീലിച്ചു. അനാഡംബരജീവിതത്തിന്റെ ഗുണങ്ങളെ അറിഞ്ഞു താൻതന്നെ അതനുസരിച്ചു ജീവിച്ച് അദ്ദേഹം ഉദ്യോഗസ്ഥവൃന്ദത്തിനു് ഒരു മാതൃകയായി പരിലസിച്ചു. എന്നു മാത്രമല്ല, സുഖഭോഗാദികളിൽ ലയിച്ചു് അലസന്മാരായി ജീവിക്കകൊണ്ടാണ് ഇതിനുമുമ്പു സ്ഥാപിതമായ സാമ്രാജ്യങ്ങൾ നശിക്കുവാൻ ഇടയായതെന്നും അദ്ദേഹം ഉദ്യോഗസ്ഥവൃന്ദങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു.

ഭരണസൌകര്യത്തിന്നായി പേഴ്സ്യൻ സാമ്രാജ്യം ഇ

രുപത്തു സാട്രാപ്പികളായി ഭാഗിക്കപ്പെട്ടിരുന്നു. ഇവയെല്ലാം
കൂടി 4 തലസ്ഥാന നഗരികളുമുണ്ടായിരുന്നു. അതാവിതു്:—
ബാലിലോൺ, സൂസ, പാസർഗാഡേ, ഹാംഡൺ. സാട്രാ
പ്പികളിൽ പ്രാധാന്യം പാർസ, മീഡിയ, എലാം എന്നിവ
യ്ക്കാണു്. സൈന്യങ്ങളെ തിരഞ്ഞെടുത്തിരുന്നതു പാർത്തിയ,
ആർമീനിയ, കപ്പഡോഷ്യ എന്നിവിടങ്ങളിൽനിന്നാണു്.
സമ്പത്തുകൊണ്ടു മികച്ചവ ബാബിലോണിയയും, ഈജി
പ്തും, ഇന്ത്യയുമായിരുന്നു. പേർഷ്യൻ വർഗ്ഗത്തിൽനിന്നോ
മിഡ്സ് വർഗ്ഗത്തിൽനിന്നോ ആണു് സാട്രാപ്പികളിലെ ഗവ
ർണ്ണർമാരെ നിയമിച്ചിരുന്നതു്. ഗവർണ്ണർമാർക്കു് അവരവരു
ടെ അധികൃതരാജ്യങ്ങളിലെ സേനകൾ, സമാധാന പരിപാ
ലനം, നീതിന്യായം, നികുതിപിരിവു് എന്നിവയുടെ ചുമ
തലയുണ്ടായിരുന്നു. ഉയന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവൎത്തന
ങ്ങൾ കണ്ടും കേട്ടും അറിഞ്ഞു് രാജാവിനെ അറിയിക്കുവാൻ
"രാജചക്ഷുസ്സു്" എന്നൊരു ഉദ്യോഗസ്ഥനുമുണ്ടായിരുന്നു.

വളരെ അകന്ന സാട്രാപ്പികളേയും അവയുടെ ഭരണാക
ർത്താക്കളേയും നിയന്ത്രിക്കുന്നതിന്നു് ഓരോ ദിക്കിലും വേഗ
ത്തിൽ എത്തിച്ചേരുവാൻ സുഗമങ്ങളായ രാജമാർഗ്ഗങ്ങൾ ഉ
ണ്ടായിരിക്കേണ്ടതത്യാവശ്യമാണല്ലൊ. അതിന്നായി നി
ർമ്മിച്ച പാതകളിൽ പ്രധാനമായതു സൂസയിൽനിന്നാരംഭി
ച്ചു സാഗ്രസ്സ്, ടാറസ്സ് എന്നീ പർവ്വതനിരകളെ തരണംചെ
യ്തു പടിഞ്ഞാട്ടു തിരിഞ്ഞു ഹാലൃനദിയെ മുറിച്ചു സാർഡി
സ്സിനേയും സമുദ്രതീരത്തേയും യോജിപ്പിക്കുന്നതായിരുന്നു.
അതിനു 1700 നാഴിക നീളവും, 4 താവളസ്ഥാനങ്ങളുമു
ണ്ടായിരുന്നു. അത്തരം നിരത്തുകൾ ബാക്ടീരിയയിലും ഇന്ത്യ
യിലും ഉണ്ടായിരുന്നു. സാമ്രാജ്യത്തിന്റെ മററു ഭാഗങ്ങളിൽ
പഴയ നിരത്തുകളെ വെട്ടിമിനുക്കി ശരിപ്പെടുത്തിയുമിരുന്നു.

രാജാവു് ഏകാധിപതിയാണു്. പിൻതുടർച്ചാവകാശം
മക്കൾക്കാകുന്നു. പേർഷ്യക്കാരും മീഡ്സുകാരുമായ പ്രഭു

കളുമായി ആലോചിച്ചാണ് രാജാവു രാജ്യകാര്യങ്ങൾ നടത്തിയിരുന്നതു്. ജനങ്ങളുടെ മതാചാരങ്ങളിൽ കൈയിടാതെ നിഷ്പക്ഷമാംവണ്ണം ആദരിച്ചു പോന്നിരുന്നു. രാജകല്പന നിയമമായിരുന്നു. തന്മൂലമാണ് രാജാവു രാജ്യംഭരിപ്പാൻ ശക്തനായതു്. ഒരു രാജാധിരാജനായിരുന്നു അദ്ദേഹം. രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാരെല്ലാം രാജകല്പനയ്ക്കു വിധേയരായിരുന്നു. അധീനരാജ്യങ്ങളെ ഒരു സാമ്രാജ്യത്തിൻകീഴിൽ ഇണക്കിനിൎത്തുവാൻ പര്യാപ്തമായ ഒരു ഭരണഘടനയാണ് സൈറസും ഡാരിയസ്സും രൂപീകരിച്ചിരുന്നതു്. ഇങ്ങനെ പരിഷ്കൃതമായും വിപുലമായും സ്ഥാപിക്കപ്പെട്ട ഭരണം രാജാവിന്റെ പ്രാപ്തിയിലും ഗുണത്തിലുമാണ് അടിയുറച്ചു നിന്നിരുന്നതു്.

ഈജിപ്തുകാരെ തോല്പിച്ചശേഷം സക്സീസ് ഗ്രീക്കുകാരോടേററു. എന്നാൽ ഗ്രീക്കുകാർ സലാമിസിലും പ്ലാററിയയിലുംവെച്ചു അദ്ദേഹത്തെ തീരെ പരാജിതനാക്കി. ഗ്രീക്കുകാർ പേഴ്സ്യൻ രാജ്യത്തിന്നുള്ളിൽക്കൂടിയും കടന്നു പട പൊരുതി. ഈ യുദ്ധങ്ങളുടെ ഗതി ഒന്നു തിരിഞ്ഞിരുന്നുവെങ്കിൽ പശ്ചിമലോകത്തിന്റെ നായകത്വം പേഴ്സ്യയിൽ ലയിക്കുമായിരുന്നു. യൂറോപ്പിന്റെ ചരിത്രവും ഒന്നു മാററി എഴുതേണ്ടിവരുമായിരുന്നു.

---

## 17. പേഴ്സ്യൻ സാമ്രാജ്യത്തിന്റെ അധഃപതനം

ഇതുകൊണ്ടൊന്നും പേഴ്സ്യൻ സാമ്രാജ്യത്തിനു കുലുക്കമുണ്ടായില്ല. അതിന്റെ അഭിമാനത്തിനു ക്ഷതം തട്ടിയെന്നേ ഉള്ളു. പിന്നേയും ഒന്നര ശതാബ്ദം കാലം പശ്ചിമ ഏഷ്യയിൽ പേഴ്സ്യക്കാർ പ്രാബല്യത്തിൽതന്നെ ഇരുന്നു. എന്നാൽ ഭരണകൎത്താക്കന്മാരുടെ മനോഗതിക്കും ജീവിതരീതി

ക്കും വ്യത്യാസം ഭവിച്ചു. ബഹുഭാൎയ്യത്വം സൎക്സീസിന്റെ കുഡുംബത്തിന്നു കോടാലിയായിത്തീൎന്നു. കുടുംബത്തിൽ യോജിപ്പില്ലാതിരുന്നതിനാൽ പിൻതുടൎച്ചാവകാശം മരുമക്കത്തായ സമ്പ്രദായത്തെ കൈക്കൊണ്ടു. തങ്ങളുടെ മക്കൾക്കും സേവകന്മാൎക്കും രാജസ്ഥാനം ലഭിപ്പാൻ വേണ്ട തന്ത്രങ്ങൾ രാജസ്ത്രീകൾ പ്രയോഗിച്ചുകൊണ്ടിരുന്നു.

സൎക്സീസും അദ്ദേഹത്തിന്റെ അവകാശിയായ മകനും വധിക്കപ്പെട്ടു. പിന്നെ രാജ്യം ഭരിപ്പാൻ ഒരു ബാലനാണു ശേഷിച്ചതു്. സാട്രാപ്പികളെ ഭരിച്ചിരുന്ന ഗവൎണ്ണൎമാർ സ്വതന്ത്രരായി. ഗ്രീക്കുകാരുമായുള്ള മത്സരം ആതിനിയക്കാരെ ഏഷ്യയിൽ കയറിപ്പററുവാൻ പ്രാപ്തരാക്കിയില്ല. പ്രബലനെ അടക്കിനിൎത്തുവാൻ മാത്രമെ രാജഭണ്ഡാരം പ്രയോജനപ്പെട്ടുള്ളു. രാജാധിരാജന്റെ പണംകൊണ്ടു സ്പാൎട്ടൻ രാജാവായ ലൈക്കൎഗസ്സിന്റെ നാവികപ്പട പുഷ്ടിപ്പെട്ടു. ഏതൻസിലെ നീണ്ട കോട്ടമതിൽ ഭേദിക്കപ്പെട്ടു. അതോടുകൂടി അതിന്നു തക്ക പ്രതികാരം ഉണ്ടാകുമെന്നു പേഴ്സ്യക്കു തീൎച്ചയായി.

പേഴ്സ്യ പ്രബലമാകുവാനുള്ള സന്ദൎഭത്തെ പാഴാക്കിക്കളഞ്ഞു. രാജഗൃഹത്തിലെ ഗൂഢതന്ത്രങ്ങളും കലാപങ്ങളും പേഴ്സ്യൻ സൈന്യശക്തിയുടെ ബലഹീനതയെ ഗ്രീക്കുകാൎക്കു കാട്ടിക്കൊടുത്തു. ബി. സി. 401-ൽ പതിനായിരം യോദ്ധാക്കളടങ്ങിയ ഒരു ഗ്രീക്കുപട യാതൊരു നിരോധവുമെന്യെ കുനക്സയിലേക്കു പോയി ഒരു വിപത്തുംകൂടാതെ കരിങ്കടൽതീരത്തു എത്തിച്ചേൎന്നു. ഇതു പേഴ്സ്യയുടെ അബലതയേയും അനൈക്യത്തേയും പ്രത്യക്ഷമാക്കി. ആൎട്ടാസൎക്സീസ്സ് കൈവിട്ടുപോയ പ്രതാപത്തെ വീണ്ടെടുത്തു. ഈജിപ്തിനേയും മററു പല പ്രദേശങ്ങളേയും തിരിച്ചുപിടിച്ചു. എങ്കിലും ഗൂഢതന്ത്രത്താൽ ആവൃതമായിരുന്ന സൎക്സീസ് വംശത്തിലെ അബലനായ ഒരു രാജാവിന്നു മഹാനായ അലക്സാന്തരോടു യുദ്ധം ചെയ്യേണ്ടിവന്നു.

ഡാരിയസ്സ് തൃതീയന്റെ നിര്യാണത്തോടുകൂടി പേർഷ്യൻ സാമ്രാജ്യം അസ്തമിച്ചതായി കരുതാം. എന്നാൽ അതിൽനിന്നുണ്ടായ ഫലം പിന്നേയും അവശേഷിക്കതന്നെ ചെയ്തു. സാഹിത്യപരമായൊ ശില്പകലാപരമായൊ യാതൊരു പുതുമയും ആ കാലത്തുണ്ടായിട്ടില്ല. അവർ ബാബിലോണിയക്കാരിൽനിന്നു കോലെഴുത്തു സമ്പ്രദായം അനുകരിച്ചു. ശിലാലിഖിതങ്ങളിൽ അറമേക് എന്ന സെമിററിക്ക ഭാഷയും അംഗീകരിച്ചു. പാർസഗാഡെയിലേയും പെർസിപോലീസിലേയും കെട്ടിടങ്ങൾ ബാബിലോണിന്റേയും ഈജിപ്തിന്റേയും ഗ്രീസ്സിന്റേയും മാതൃകകളെ കുറിക്കുന്നവയാണ്. എന്നാൽ എല്ലാമിലെ പുരാതന രചനാവൈദഗ്ദ്ധ്യം അവയിൽ കാണപ്പെടുന്നുണ്ട്. എങ്കിലും പേർഷ്യൻ മാതൃകയിൽ ലതാലംകൃതങ്ങളായ മൂലഗ്രന്ഥങ്ങളോടുകൂടിയ സ്തംഭങ്ങൾ ഗ്രീക്കിലേയും ഈജിപ്തിലേയും മാതൃകകളെക്കാൾ മഹനീയങ്ങളാകുന്നു. സെർക്സീസ്സ് വംശജന്മാരുടെ രണ്ടു ശതാബ്ദങ്ങളിലെ ഭരണം പേർഷ്യൻ വർഗ്ഗാഭിമാനത്തെ സ്ഥിരപ്രതിഷ്ഠിതമാക്കിച്ചെയ്തു. അതു വിദേശാക്രമണങ്ങളെപ്പോലും അതിലംഘിച്ചു നിലനിന്നു.

പേർഷ്യൻ ജനതയിലെ കുലീനർ ഗ്രീക്കുകാരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിരുന്നു. പോളോ കളി കണ്ടുപിടിച്ചതു പേർഷ്യക്കാരാണ്. സെറാസ്റ്ററുടെ അനുയായികൾ കുറവായിരുന്നു. എന്നാൽ അതിലെ സിദ്ധാന്തങ്ങൾ ഇറാനിലെ ജനങ്ങളിൽ ഏകദൈവബോധത്തേയും ബിംബാരാധനയിൽ വെറുപ്പിനേയും ഉത്ഭവിപ്പിച്ചു. പേർഷ്യൻ ഭരണസമ്പ്രദായത്തെയാണ് അലക്സാണ്ടർ പൂർവ്വദേശഭരണത്തിൽ അനുകരിച്ചതു്. മാസിഡോണിയക്കാരൊടൊപ്പം പേർഷ്യൻ പ്രഭുക്കളേയും തന്റെ സേനാനികളായി അദ്ദേഹം നിയമിച്ചു. സെർക്സീസ്സ് വംശജന്മാരുടെ മന്ദിരങ്ങളിൽ നടത്തിയിരുന്ന ആഡംബരപൂർണ്ണമായ ചടങ്ങുകളും അദ്ദേഹം അനു

കരിച്ചു. സൈരസ്സിനാലും ഡാറിയസ്സിനാലും പണി ചെയ്യിക്കപ്പെട്ട നിരത്തുകൾ പിന്നീട പശ്ചിമേഷ്യ അടക്കി ഭരിച്ച യൂറോപ്യൻ ഭരണകർത്താക്കൾക്ക് ഒരു മാതൃകയായി.

---

## 18. ചൈന.

റോമാസാമ്രാജ്യം അറിയപ്പെടുന്നതിനുമുമ്പ്, ഗ്രീസ്സും പേഴ്സ്യയും ഉത്ഭവിക്കുന്നതിനുമുമ്പ് ചൈനയിൽ ചീനക്കാർ താമസിച്ചിരുന്നു. ചരിത്രകാലത്ത് അവർ മഞ്ഞ നദീതീരത്തു കൃഷിചെയ്തു വീടുകളിൽ വസിച്ചുവന്നതായി നാം കാണുന്നതുകൊണ്ടു അതിനുമുമ്പും അവർ അതേനിലയിലായിരുന്നു ജീവിച്ചിരുന്നതെന്നു കരുതാം. നാല്പതു ശതാബ്ദങ്ങളായി കൃഷിവൃത്തി നടത്തിയിരുന്നവർ എന്നാണ് അവരെപ്പററി പറഞ്ഞിരിക്കുന്നതു്.

ചീനയിലെ വിദൂരമലംപ്രദേശങ്ങളിൽ ചീനക്കാർക്കുപുറമെ ഇതരവർഗ്ഗക്കാരും നിവസിച്ചിരുന്നു. അവരെ കാലക്രമത്തിൽ ചീനക്കാർ ഓടിക്കുകയാണ് ചെയ്തതു്. ചീനക്കാർ ചെറുസംഘങ്ങളായി ഓരോ പ്രദേശത്തു പാർത്തു് ആ ദേശങ്ങളുടെ ഭരണം സ്വയം നടത്തിക്കൊണ്ടാണ് വസിച്ചുവന്നതു്. അങ്ങിനെ നിവസിച്ചിരുന്ന പ്രദേശങ്ങളാണ് ഇപ്പോഴത്തെ ഉത്തരചൈനയിൽപ്പെട്ട സ്ഥലങ്ങൾ.

യാങ്ങ്ടീസ്സ നദിയും മഞ്ഞ നദിയും കൂടക്കൂടെ ഗതിഭേദത്തോടുകൂടി ചീനയുടെ ഉത്തരഭാഗത്തുകൂടി ഒഴുകുന്നു. ഈ നദികളുടെ വികൃതികളെ തടയുവാൻ ആ കാലത്തുതന്നെ ഉൾഭാഗങ്ങളിലേക്കു തോടുകൾ വെട്ടുകയും തീരം പടുത്തുകെട്ടുകയുംചെയ്തിരുന്നു.

അക്കാലത്തുതന്നെ തുണികൾക്കു കട്ടുത്ത നിറമുള്ള ചായങ്ങൾ അവർ ഉപയോഗിച്ചിരുന്നു. പുരഗൃഹങ്ങളിലും, ചീ

ല പ്രത്യേക സന്ദർഭങ്ങളിൽ ഇതരഗൃഹങ്ങളിലും ശീട്ടിത്തരങ്ങളും ഉപയോഗിച്ചിരുന്നു. വഴിയാത്ര പോകുമ്പോഴും, യുദ്ധത്തിന്നു പുറപ്പെടുമ്പോഴും, വീടുവിട്ടു വിദൂരസ്ഥലങ്ങളിലേക്കു ജോലിക്കു പോകുമ്പോഴും ഭക്ഷണത്തിനു പയറുവർഗ്ഗങ്ങളാണു് ഉപയോഗപ്പെടുത്തിയിരുന്നതു്. പുരുഷന്മാർ വയലുകളിൽ വേലചെയ്തുകൊണ്ടിരിക്കുമ്പോൾ സ്ത്രീകൾ അവർക്കുള്ള ഭക്ഷണം അവിടെ കൊണ്ടുപോയികൊടുത്തിരുന്നു. എളവൻ, മത്തൻ തുടങ്ങിയ കായ്കളും പീച്ചസ്, ആപ്രിക്കോട്ടു, ചെറീസ്സ്, ചെസ്റ്റ് നട്ടു തുടങ്ങിയ കനികളും അവർ കൃഷിചെയ്തിരുന്നു. മസാലക്കൂട്ടിന്നു ചുവന്നുള്ളിയും കടുകും മററനേകം മൂലികകളും ഉപയോഗിച്ചിരുന്നു.

വിളവിറക്കിയാൽ കൊയ്ത്തു കഴിയുന്നവരെ കൃഷിക്കാർ വയലുകളിൽ കാത്തുകിടക്കുക പതിവാണു്. അല്ലാത്തപക്ഷം വെട്ടിത്തെളിയിച്ചിട്ടില്ലാത്ത വനനിബിഡവും ചതുപ്പുള്ളതുമായ പ്രദേശങ്ങളിൽ നിവസിച്ചിരുന്ന കാട്ടാളവർഗ്ഗക്കാർ ഒളിസ്ഥലങ്ങളിലിരുന്നു വിളവുകൾ കൊള്ളചെയ്തുകൊണ്ടുപൊയ്ക്കളയും. ഇങ്ങിനെ സ്ത്രീപുരുഷന്മാർ പിരിഞ്ഞു താമസിക്കേണ്ടിവരികയും ഗൃഹകാര്യങ്ങൾ സ്ത്രീകൾതന്നെ നടത്തേണ്ടിവരികയും ചെയ്തു. നെയ്ത്തുജോലിയിൽ ഏർപ്പെട്ടിരുന്നതും സ്ത്രീകൾതന്നെ. കൊള്ളക്കൊടുക്ക നടത്തിയിരുന്നതു ചണ, ലിനൻ, പട്ടു തുടങ്ങിയവകൊണ്ടാണു്.

ഒററ മുറിയോടുകൂടിയ ഗൃഹങ്ങളിലാണു് ചീനക്കാർ വസിച്ചിരുന്നതു്. ഗൃഹത്തിന്റെ ഒരു ഭാഗത്തു വിത്തുകൾ സൂക്ഷിക്കും; നടുക്കു് അടുപ്പും കൂട്ടും. പുക പുറത്തേയ്ക്കു പോകുവാനും മഴക്കാലത്തു വെള്ളം ശേഖരിപ്പാനും വേണ്ടി അടുപ്പിൻമുകളിൽ പുര തുറന്നിട്ടിരുന്നു.

കൂട്ടംകൂട്ടമായി വീടുകൾ പണിതാണു് ചീനക്കാർ വസിച്ചിരുന്നതു്. കൊള്ളക്കാരുടെ ഉപദ്രവം വരാതിരിപ്പാൻ ഗ്രാമങ്ങൾക്കുചുററും മതിലോ മുൾപ്പടർപ്പുവെച്ചുപിടിപ്പിച്ചു

വേലികളോ കെട്ടി ഉറപ്പിച്ചിരുന്നു. ഗ്രാമങ്ങൾ ഉയൎന്ന സ്ഥാനങ്ങളിൽ ആയിരുന്നതിനാൽ വെള്ളപ്പൊക്കംകൊണ്ടുള്ള ശല്യം ഉണ്ടായിരുന്നില്ല; ഗ്രാമങ്ങളിൽനിന്നു താഴെയുള്ള കൃഷിസ്ഥലം കാണുകയുംചെയ്യാമായിരുന്നു.

ഗുരുജനങ്ങൾക്കാണു് യോദ്ധാക്കന്മാരേക്കാൾ പ്രാമാന്യം കല്പിച്ചിരുന്നതു്. അഗ്നികൊണ്ടുള്ള ഉപയോഗവും കൃഷിക്കു കരിയും കലപ്പയുംകൊണ്ടുള്ള ഉപയോഗവും ചീനക്കാൎക്കു് ആദ്യമായി പഠിപ്പിച്ചതു ഷെൻനംഗു ആണു്. ലോഹോപകരണങ്ങളും വള്ളങ്ങളും നിൎമ്മിപ്പാൻ അഭ്യസിപ്പിച്ചതു ബി.സി. 2704-ൽ ജീവിച്ചിരുന്ന ഹുവാൻടിയാണു്. പല സ്വതന്ത്രസമുദായങ്ങളായി വൎത്തിച്ചുവന്ന ചീനക്കാർ രാജശാസനയിൻകീഴിൽ നിവസിക്കുവാൻ തുടങ്ങിയതു് ഇക്കാലത്താണു്. പിന്നെയും അവർ തമ്മിൽതമ്മിൽ കലഹിച്ചിരുന്നുവെങ്കിലും സംസ്കാരവും വൎഗ്ഗീയത്വവും വീണ്ടും അവരെ യോജിപ്പിക്കതന്നെചെയ്തു.

എഴുത്തും വായനയും ശീലിച്ചവർ പുരാതനഗ്രന്ഥങ്ങളെ സാധാരണ ജനങ്ങളിൽനിന്നു മറച്ചുവെക്കുകമൂലം അവ നശിച്ചുപോയിരിക്കുന്നു. മണികളിലും ആടിന്റെ അസ്ഥികളിലും മററും രേഖപ്പെടുത്തിവെച്ചിട്ടുള്ള ലിഖിതങ്ങൾമാത്രമേ നമുക്കിപ്പോൾ ലഭിക്കുന്നുള്ളു. അവയിലെ അക്ഷരങ്ങളുടെ വടിവുകണ്ടാൽ അന്നു ലേഖനവൃത്തി അഭിവൃദ്ധിപ്രാപിച്ചിരുന്നതായി അറിയാം

ഒരാളുടെ ഇംഗിതം അന്യനെ ചരടുകളിൽ കെട്ടുകളിട്ടാണു് അവർ ധരിപ്പിച്ചിരുന്നതു്. ആശയങ്ങളെ അന്യോന്യം ധരിപ്പിപ്പാൻ അവ അപൎയ്യാപ്തങ്ങളായിചമഞ്ഞപ്പോൾ അസ്ഥികളിലും മുളംപാളകളിലും ചെറുചിത്രങ്ങളെഴുതി കാണിക്കുന്ന സൂത്രം കണ്ടുപിടിച്ചു. ഓരോ വാക്കിനും ഓരോ ചിത്രംവീതം വരച്ചിരുന്നു. ഒന്നിനുതാഴെ ഒന്നായിട്ടാണു് അവ എഴുതിയിരുന്നതു്. ഇതാണു് ഇന്നത്തെ ചീനഭാഷ.

അഭ്യാനിച്ചു ചിത്രീകരിച്ചിരുന്ന ലിപികൾ കാലക്രമത്തിൽ നിശ്ചിതസ്ഥാനങ്ങളിൽ നിശ്ചിതമായ അളവിൽ വരയ്ക്കുന്ന കോറലുകളായി ചമഞ്ഞു. ഇത്തരത്തിലായതു് ബി. സി. 3-ാം ശതകത്തിലാണു്. എഴുതുവാൻ രോമംകൊണ്ടുള്ള ബ്രഷോ, മുളങ്കോലുകൊണ്ടുള്ള പേനയോ ആണു് പ്രയോജനപ്പെടുത്തിയിരുന്നതു്. ലിപികൾ കൊത്തുവാൻ മൂർച്ചയുള്ള ആയുധങ്ങളും ഉപയോഗിച്ചുവന്നു. മരക്കറകൊണ്ടുണ്ടാക്കിയ മഷികൊണ്ടു് പട്ടിലും എഴുതിവന്നു.

പട്ടിലും മരക്കഷണങ്ങളിലും എഴുതിയിട്ടുള്ള കുറെ അക്ഷരങ്ങൾ ചീനയിലെ വന്മതിലിലെ ഒരു കാവൽപ്പുരയിൽനിന്നു കുറച്ചുകാലംമുമ്പു ലഭിച്ചു. ഇവ എ. ഡി. 150-ൽ എഴുതിയവയാണെന്നു കരുതുന്നു. ഇവയ്ക്കുംപുറമെ എ. ഡി. 105-ൽ കടലാസ്സിലെഴുതിയ എട്ടക്ഷരങ്ങളും കിട്ടിയിട്ടുണ്ടു്. ലോകത്തിൽവെച്ചു പഴക്കമേറിയ കടലാസ്സു് ഇതാണു്.

ചീനക്കാർ ഉണ്ടാക്കിയിരുന്ന കടലാസ്സിന്റെ വക്കു പൊട്ടുകയോ ദ്രവിക്കുകയോ ചെയ്തിരുന്നില്ല. തുണിക്കഷണങ്ങളും, പൊളിഞ്ഞ വലകളും, കുമ്മായവുംകൂട്ടി അരച്ചാണു് കടലാസ്സുണ്ടാക്കിയിരുന്നതു്. 15-ാം ശതാബ്ദത്തിൽ ജർമ്മൻകാരോ ഇററലിക്കാരോ കണ്ടുപിടിച്ചതെന്നും 8-ാം ശതകത്തിൽ അറബികളാൽ ഉണ്ടാക്കപ്പെട്ടിരുന്നതെന്നും 1885-വരെ കരുതിപ്പോന്നിരുന്ന തുണിയുപയോഗിച്ചു നിർമ്മിച്ച കടലാസ്സു് 2-ാം ശതകത്തിൽതന്നെ ചീനക്കാർ ഉണ്ടാക്കിയിരുന്നു. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട ചീനക്കാർ ഈ വിദ്യ സമർക്കൻറിൽവെച്ചു് അറബികൾക്കു പഠിപ്പിച്ചുകൊടുത്തു. അതിനിടയ്ക്കുള്ള 600 കൊല്ലം കടലാസ് നിർമ്മാണം അഭിവൃദ്ധിപ്പെട്ടുവന്നു. കടലാസ്സിന്നു കവുടിയിട്ടു തുടങ്ങി. പല തരത്തിലും വലുപ്പത്തിലും കടലാസ്സുണ്ടാക്കിത്തുടങ്ങി. അറബികളും കടലാസ്സുനിർമ്മാണത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തി. 13-ാം ശതകത്തിൽ സ്പെയിൻകാരും ഇററ

ലിക്കാരും ചീനക്കാർ ഉണ്ടാക്കിവന്നപോലെതന്നെ കടലാസ് ഉണ്ടാക്കിവന്നുവെങ്കിലും അതു ചീനക്കാരാൽ കണ്ടുപിടിക്കപ്പെട്ടതാണെന്നു സമ്മതിപ്പാൻ അവർ ഒരുങ്ങിയില്ല. 3-ാം ശതകത്തിലാണ് ചീനക്കാർ എഴുത്തുബ്രഷ് കണ്ടുപിടിച്ചതു്. 4-ാം ശതകത്തിലോ അഞ്ചിലോ ആണ് മഷി ആവിർഭവിച്ചതു്.

വിചാരശീലത്തിന്റെ അഭിവൃദ്ധിക്കത്യന്താപേക്ഷിതമായ ലേഖനവിദ്യ ചീനക്കാർക്ക് അറിയാമായിരുന്നു. ഐഹിക പരിഷ്കാരത്തിനു പറയത്തക്ക അഭിവൃദ്ധി അവരിലുണ്ടായില്ലെങ്കിലും, അവർ ഉപയോഗിച്ചിരുന്ന വാക്കുകളുടെ ബാഹുല്യം നോക്കുമ്പോൾ, അവരുടെ ചിന്താഗതി പരമകാഷ്ഠയിൽ എത്തിയിരുന്നു എന്നു ശങ്കിക്കാവുന്നതാണ്. അതു ലോഹം, മരം തുടങ്ങിയ ഭൗതിക പദാർത്ഥങ്ങളെപ്പററി മാത്രമായിരുന്നില്ല. രാജഭക്തി, നിസ്വാർത്ഥത, സത്യം എന്നീ വിഷയങ്ങളെല്ലാം അതിൽ ഉൾക്കൊണ്ടിരുന്നു. ചീനക്കാർ ചിന്താവിഷയത്തിൽ മുഴുകിയിരുന്നതിനാലാണ് ഗവേഷകന്മാർക്ക് അവിടെനിന്നു പുരാണവസ്തുക്കൾ കാര്യമായി ലഭിപ്പാൻ തരപ്പെടാത്തതു്.

പ്രകൃതിയിലുണ്ടാകുന്ന വിവിധ പരിണാമങ്ങളിൽനിന്നാണ് മനുഷ്യജീവിതത്തിലെ മാററങ്ങൾ അവർ ഗ്രഹിച്ചിരുന്നതു്. പ്രകൃതിക്കനുസരിച്ചു പ്രവർത്തിച്ച് അതിനെ ജയിക്കുവാനാണ് അവർ പരിശ്രമിച്ചിരുന്നതും.

അതീന്ദ്രിയങ്ങളായ പ്രകൃതിയിലെ ശക്തികൾ ചില ദേവതകളുടെ പ്രവർത്തനഫലങ്ങളാണെന്ന് അവർ വിശ്വസിച്ചു. ആ ദേവതകളുടെ വാസം മലകളിലും പുഴകളിലും മററുമാണെന്നും കരുതിവന്നു. അവയുടെ പ്രീതിക്കായി ബലികളും മററും കൊടുത്തിരുന്നു. ദുർല്ലഭമായി നരബലിയും നടപ്പുണ്ടായിരുന്നു.

ഈ ദേവതകൾക്കെല്ലാം ഉപരിയായിട്ടാണ് സർവ്വശ

ക്തൻെറ സ്ഥിതി. ഇദ്ദേഹവുമായി സഹവസിച്ചിരുന്നതു കാരണവന്മാരുടെ പ്രേതങ്ങൾ മാത്രമാണു്. നവവത്സരാരംഭത്തിൽ രാജാവു ജനങ്ങളുടെ അഭ്യുദയത്തെ ഉദ്ദേശിച്ചു സർവ്വശക്തനു ബലി നല്കിയിരുന്നു. ഒരിക്കൽ ദീർഘമായ ജലദുർഭിക്ഷമുണ്ടായപ്പോൾ രാജാവു തൻെറ ജീവനെത്തന്നെ ബലികൊടുപ്പാൻ മുതിർന്നതായി പറയപ്പെടുന്നു. ബലിക്കായി 1912 വരെ ഉപയോഗിച്ചിരുന്ന സാധനങ്ങൾ ധാന്യവും വീഞ്ഞും കാളയുമായിരുന്നു. രാജാവിനു ഭരണാധികാരം സിദ്ധമാകുന്നതു് ദൈവത്തിൽ നിന്നാണെന്നാണു സങ്കല്പം. രാജാവിൻെറ ഭരണം ദുഷിക്കുമ്പോൾ ആ അധികാരം അദ്ദേഹത്തിൽനിന്നു് എടുത്തുപോയതായി കരുതപ്പെടുന്നു. ദുർഭരണത്തിനെതിരെ വിപ്ലവം നടത്തേണ്ടതു ജനങ്ങളുടെ കർത്തവ്യമാണെന്നും ഗണിക്കപ്പെട്ടിരുന്നു.

രാജാവിനൊഴികെ ആർക്കും സർവ്വശക്തനെ സമീപിപ്പാൻ അധികാരമില്ല. തദ്വിഷയത്തിൽ പ്രാധാന്യം കല്പിച്ചിരുന്നതു സംഘങ്ങൾക്കാണു്. അതു് ഒരു കുടുംബമോ, വർഗ്ഗമോ, ഗ്രാമമോ ആവാം. വ്യക്തിപരമായ ചിന്തയോ, പ്രവർത്തനമോ അനുവദിച്ചിരുന്നില്ല. ഈ ആദിമ നടപടിക്കു് ഊനം തട്ടിയപ്പോൾ വ്യക്തിത്വം പ്രത്യക്ഷപ്പെട്ടുതുടങ്ങി. അങ്ങനെ ഉണ്ടായിത്തുടങ്ങിയ പരിണാമങ്ങളെ കാലാനുസൃതമാക്കിത്തീർപ്പാൻ തത്വചിന്തകന്മാരും ആവിർഭവിച്ചു.

## 19. കൺഫ്യൂഷ്യസ്സ്.

ബി. സി. 6-ാം ശതകത്തോടുകൂടി പുരാതന ചീനയുടെ ഘടനയിൽ വിടവുകൾ കണ്ടുതുടങ്ങി. രാജത്വത്തിനു് ഇടിവു തട്ടി. ശക്തിയുള്ളവർ അബലരെ അടക്കി അധികാരം നടത്തി. അങ്ങനെ സംഘബലം ശിഥിലമായി. രാജ്യ

ത്തിൽ അസ്വാസ്ഥ്യം നടമാടി. തൊഴിലിന്നും വ്യക്തിപരമായ ഭരണത്തിന്നും പ്രത്യക്ഷഫലം കണ്ടിരുന്നതിനാൽ അവൎക്കു പ്രാമാണ്യം സിദ്ധിച്ചു.

പുതിയതരം ആയുധങ്ങൾ ഉണ്ടായിത്തുടങ്ങിയപ്പോൾ യുദ്ധസമ്പ്രദായത്തിലും മാററം വന്നു. ഒരു സംസ്ഥാനത്തിൽ ഉപ്പും ഇരിമ്പും ഗവൎമ്മെണ്ടു് കുത്തകവസ്തുക്കളാക്കുകയാൽ ആ സംസ്ഥാനക്കാർ പ്രബലരായിച്ചമഞ്ഞു. രാഷ്ട്രീയ കാരണത്താലുള്ള വധം സാധുവായി കരുതി. അധികാരം ദുരുപയോഗപ്പെടുത്തുകയാൽ അതു് ഒരു സാധാരണ നടപടിയായി തീൎന്നു. ഗുണവാന്മാരായി വൎത്തിക്കണമെന്നാൎക്കും മോഹമില്ലാതായി. അങ്ങനെ ഒരവസ്ഥയുണ്ടെന്നുതന്നെ ആരും കരുതിയതുമില്ല. വിധിയിൽ അവർ വിശ്വസിച്ചു. ജീവിതം നയിക്കേണ്ടതെങ്ങനെ എന്നും സമുദായജീവിതരീതി ഏതു തരത്തിലിരിക്കണമെന്നും മററും ചിന്തകന്മാരുടെ ആലോചനാവിഷയങ്ങളായിത്തീൎന്നു. ഈ ചിന്താശീലൎക്കു് അനുയായികളുമുണ്ടായി. അവർ ഓരോ സംസ്ഥാനത്തിലും സഞ്ചരിച്ചു പ്രസംഗങ്ങൾ നടത്തി. രാജാക്കന്മാർ ആവശ്യപ്പെട്ടാൽ അവൎക്കും അവർ ഉപദേശം നല്കിയിരുന്നു. അത്തരം ഉപദേഷ്ടാക്കളെ രാജാക്കന്മാർ ആദരിച്ചു സൽക്കരിച്ചിരുന്നതിനാൽ അവൎക്കു പ്രാബല്യം വൎദ്ധിച്ചു. അവരുമായി ചൎച്ച ചെയ്യുന്നതു് വലിയ കാൎയ്യമായി രാജാക്കന്മാർ കരുതിപ്പോന്നു. സാധാരണക്കാരിൽ ഒരു പക്ഷക്കാർ ഇതെല്ലാം ഒരു കളിയായും മറെറാരു പക്ഷക്കാർ കാൎയ്യമായും കരുതി. ഈ പരിതഃസ്ഥിതിയിലാണു് ചീനയിലെ തത്വചിന്ത പുരോഗതി പ്രാപിച്ചതു്.

തത്വചിന്തകന്മാരിൽ പ്രധാനി കൺഫ്യൂഷ്യസ്സായിരുന്നു. ഇദ്ദേഹം ബി. സി. 551ലാണു ഭൂജാതനായതു്. കൺഫ്യൂഷ്യസ്സിൻെറ കുഡുംബത്തിന്നു രാജവംശവുമായി ബന്ധമുണ്ടായിരുന്നുവെങ്കിലും ഇദ്ദേഹത്തിൻെറ പിതാവു് അപ്പോഴ

ത്തെ ഷാൻറംഗിൻെറ ഒരു ഭാഗമായിരുന്ന ലൂ സംസ്ഥാനത്തെ ഒരു അപ്രധാനനായ ഉദ്യോഗസ്ഥൻ മാത്രമായിരുന്നു. കൺഫ്യൂഷ്യസ്സിൻെറ മൂന്നാംവയസ്സിൽ വൃദ്ധനായ പിതാവു നിൎയ്യാതനായി.

ചെറുപ്പത്തിൽതന്നെ കൺഫ്യൂഷ്യസ്സ് സൎക്കാർ ജോലിയിൽ പ്രവേശിച്ചു. ആ മഹാൻ ഭരിച്ചിരുന്ന വകുപ്പുകളെല്ലാം അഭിവൃദ്ധിപ്പെട്ടിരുന്നതുകൊണ്ടു് അദ്ദേഹം ഉയൎന്ന ഉദ്യോഗത്തിൽ നിയമിക്കപ്പെടുകയും, ഒടുവിൽ പ്രധാന ന്യായാധിപനായിച്ചമയുകയും ചെയ്തു. ലൂവിലെ പ്രഭുവിനു സ്വാതന്ത്ര്യമില്ലാതിരുന്നതിനാൽ കൺഫ്യൂഷ്യസ്സിന്നു തൻെറ ഭരണപദ്ധതികളെ പൂൎത്തിയായി നടപ്പിൽ വരുത്തുവാൻ തരപ്പെട്ടില്ല. ഒരിക്കൽ ലൂവിലെ പ്രഭുവിന്നു് അയൽരാജ്യത്തെ ഭരണാധികാരി മൂന്നു നൎത്തകികളെ സമ്മാനിച്ചു. അവരുടെ സൌന്ദൎയ്യാദികളിൽ മയങ്ങി പ്രഭു മൂന്നു ദിവസത്തേക്കു രാജ്യകാൎയ്യാദികളിൽ ശ്രദ്ധിച്ചതേയില്ല. ഇതു കണ്ടുകൊണ്ടു വൈരാഗ്യം പൂണ്ടു കൺഫ്യൂഷ്യസ്സ് ഉദ്യോഗം രാജി കൊടുത്തു.

കൺഫ്യൂഷ്യസ്സിന്നു അന്നു 43 വയസ്സു പ്രായമാണു്. പിന്നീടു പതിന്നാലു വൎഷം തൻെറ ആദൎശങ്ങളെ നടത്തിപരീക്ഷിപ്പാൻ വല്ല ഭരണാധികാരികളും തന്നെ ക്ഷണിക്കുമൊ എന്നു നോക്കിക്കൊണ്ടു് ഓരോ സംസ്ഥാനത്തിലും അലഞ്ഞുനടന്നു. ആരും അദ്ദേഹത്തെ ക്ഷണിക്കായ്കയാൽ അദ്ദേഹം തൻെറ 67-ാമത്തെ വയസ്സിൽ സ്വദേശമായ ലൂവിൽതന്നെ മടങ്ങിച്ചെന്നു് അവിടെ രാജ്യഭരണതത്വങ്ങളെ പഠിപ്പിക്കുവാൻ ഒരു വിദ്യാലയം സ്ഥാപിച്ചു. സുമാർ മൂവായിരത്തോളം ശിഷ്യന്മാർ അദ്ദേഹത്തിനുണ്ടായി. പഴയ രാജ്യതന്ത്രഗ്രന്ഥങ്ങൾ വ്യാഖ്യാനിച്ചും പഠിപ്പിച്ചും ബാക്കി കാലം കഴിച്ചു. ബി. സി. 479-ൽ 72-ാമത്തെ വയസ്സിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. തൻെറ ആദൎശങ്ങളെ നടപ്പിൽ വരുത്തുവാൻ സാധിച്ചില്ലല്ലൊ എന്ന

നിരാശതയോടെയാണത്രേ അദ്ദേഹം മരിച്ചതു്.

കൺഫ്യൂഷ്യസ്സ് ഉപദേശിച്ചിരുന്നതു് അഭിജാതനോ, ഉത്തമവംശജനോ ആയ ഒരുവൻെറ ജീവിതരീതിയാകുന്നു. വ്യക്തിപരമായ ആചാരനിഷ്ഠയിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. പൊതുകാര്യപ്രസക്തി ഇത്രത്തോളം തികഞ്ഞ മറെറാരു ലോകഗുരുവിനെ കാണുവാൻ പ്രയാസമാണു്. ഐഹികമായ ദീനതയും കുഴപ്പവും അദ്ദേഹത്തെ തടഞ്ഞുനിർത്തി. മനുഷ്യരെ ഉൽകൃഷ്ടരാക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. ജീവിതത്തിലെ ഓരോ സന്ദർഭത്തിനും ഉചിതമായ നിയമങ്ങളുണ്ടാക്കുവാൻ അദ്ദേഹം ശ്രമിച്ചു. മര്യാദക്കാരനും പൊതുകാര്യതൽപരനും ആത്മസംയമനത്തിൽ സുശിക്ഷിതനുമായ ഒരാളെയാണു് ഉത്തരചീനയിൽ വളർന്നുവരുന്നതായി അദ്ദേഹം കണ്ടതു്. ആ മാതൃകയ്ക്കു് അദ്ദേഹം സ്ഥായിയായി ഒരു രൂപം കൊടുക്കുകയും ചെയ്തു. ഇദ്ദേഹം ഒരു മതസ്ഥാപകനോ തത്വചിന്തകനോ അല്ല. എങ്കിലും അദ്ദേഹത്തിൻെറ ഉപദേശങ്ങൾക്കു ചീനയിൽ ഇന്നും ഒരു നിലയും വിലയുമുണ്ടു്.

കൺഫ്യൂഷ്യസ്സിൻെറ സമകാലീനനായി ലാവോട്സ്സ് എന്നൊരു തത്വചിന്തകനുണ്ടായിരുന്നു. ഇദ്ദേഹത്തെ ചീനയിലെ പുരാതന മതസ്ഥാപകനെന്നോ മതപരിവർത്തകനെന്നോ പറയാവുന്നതാണു്. ഇദ്ദേഹമാണു് ടോയിമതം സ്ഥാപിച്ചതു്. ബി. സി. 600-ാമാണ്ടിടയ്ക്കത്രേ ഇദ്ദേഹം ജനിച്ചതു്. ചൌ രാജവംശജനായ ഒരു രാജാവിൻെറ കാലത്തു് ഇദ്ദേഹം അവിടത്തെ ലൈ ഗ്രന്ഥശാലയിലെ കർത്തൃസ്ഥാനം വഹിച്ചിരുന്നു. ഇദ്ദേഹം ഇന്ത്യാരാജ്യത്തിൻെറ അതിർത്തിവരെ സഞ്ചരിച്ചിട്ടുള്ളതായി പറയപ്പെട്ടിരിക്കകൊണ്ടു ബുദ്ധമതസിദ്ധാന്തങ്ങളുമായി പരിചയപ്പെടുവാൻ ഇദ്ദേഹത്തിനു തരപ്പെട്ടിട്ടുണ്ടെന്നു കരുതാം. ലാവോട്സ് കൺഫ്യൂഷ്യസുമായി കൂട്ടിമുട്ടുകയും, അദ്ദേഹത്തിൻെറ അഹംകാരത്തെയും അഭിമാ

നത്തെയും അധിക്ഷേപിക്കുകയും ചെയ്തുവെന്നു പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ മതസിദ്ധാന്തങ്ങളെ ധൎമ്മമാൎഗ്ഗം എന്ന ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ പ്രവൃത്തി മുഴുമിച്ചശേഷം ഇദ്ദേഹം വനാന്തരത്തിൽ പ്രവേശിച്ചതായും അവിടെവെച്ചു സ്വൎഗ്ഗത്തിലേക്കു് ഉയൎന്നുപോയതായും പറയപ്പെടുന്നു.

ഏകാന്തതയും വിജനത്വവും ആണു് സൎവ്വത്തിന്റേയും കാരണം എന്നാണു് ഇദ്ദേഹത്തിന്റെ ഉപദേശം. മനുഷ്യനിൽ രണ്ടു തത്വങ്ങൾ ലയിച്ചു കിടപ്പുണ്ടു്. ഒന്നു സ്ഥൂലവും അനിത്യവും, മററതു സൂക്ഷ്മവും നിത്യവും ആണു്. ഐഹികവും ഐന്ദ്രിയകവുമായ ഭോഗങ്ങൾ അനുഭവിച്ചു തൃപ്തിപ്പെട്ടശേഷം അവൻ ഏതിൽനിന്നുത്ഭവിച്ചുവോ അതിൽതന്നെ ലയിക്കുമത്രേ. ഇദ്ദേഹത്തിന്റെ ജീവിതാദൎശം കളങ്കമററതാണു്. ധൎമ്മം, ദയ, സദ്വൃത്തി, സ്വതന്ത്രത, സാഹോദര്യം എന്നീ തത്വങ്ങളെല്ലാം ഉൾക്കൊണ്ടതാണു് ഇദ്ദേഹത്തിന്റെ ഉപദേശം.

## 20. വാങ്ങു് രാജവംശം.

ബി. സി. 3-ാം ശതകത്തോടുകൂടി ജനങ്ങൾ തത്വചിന്തകന്മാരുടെ ഉപദേശങ്ങൾ കേൾക്കാതായി. അരാജകത്വം രാജ്യമൊട്ടുക്കു നടമാടിത്തുടങ്ങി. ഓരോ സംസ്ഥാനവും കേന്ദ്രഭരണാധികാരത്തിൽനിന്നു് ഒററതിരിഞ്ഞു സ്വതന്ത്രമായി, ഭാഷയും സാഹിത്യവും മൂലം ഉളവായ സംസ്കാരം അന്നേവരെ അവരിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുന്നില്ല. സംസ്ഥാനങ്ങൾക്കു പ്രത്യേകം പ്രത്യേകം ആഘോഷങ്ങളും നടവടികളും ആചാരങ്ങളും ഉണ്ടായിരുന്നു. അളവും തൂക്കവുംകൂടി ഒരേ രീതിയിലല്ലായിരുന്നു. വണ്ടിയുടെ അച്ചുതണ്ടിന്റെ നീളം ഓരോ വിധമായിരുന്നതിനാൽ ഒരു സംസ്ഥാന

ത്തുള്ള വണ്ടികൾക്കു മറെറാരു സംസ്ഥാനത്തെ വെട്ടുവഴികളിൽ സഞ്ചരിപ്പാൻ സാധിച്ചിരുന്നില്ല. തന്മൂലം സംസ്ഥാനങ്ങൾ തമ്മിലുള്ള പോക്കുവരവുകൂടി ദുസ്സാദ്ധ്യമായിച്ചമഞ്ഞു.

ഈ കുഴപ്പങ്ങൾക്കെല്ലാം അറുതി വരുത്തിയതു ചിൻഷ വാങ്ങ്ടിയാണ്. അദ്ദേഹം ഭിന്നിച്ചുകിടന്നിരുന്ന രാജ്യത്തെ ഒന്നിച്ചുചേർത്ത് ഒരു സാമ്രാജ്യമാക്കി. മുമ്പുള്ള കാലങ്ങളിൽ പട്ടിണിയും പാട്ടമായി ജനങ്ങൾ കവർച്ചയും കൊള്ളയും നടത്തിയിരുന്നു. ചിൻഷ വാങ്ങ്ടി അവരെയെല്ലാം സൈന്യത്തിൽ ചേർത്തു പരിശീലനം നൽകി രാജ്യത്തിന്റെ അതിർത്തിയുടെ രക്ഷക്കായി നിയോഗിച്ചയച്ചു.

രാജ്യമൊട്ടുക്കു നല്ല നിരത്തുവഴികൾ വെട്ടി ഗതാഗതസൌകര്യം വർദ്ധിപ്പിച്ചു. ഗതാഗതസൌകര്യത്തിന്നായി തോടുകളും വെട്ടിച്ചു. വണ്ടിച്ചക്രങ്ങൾ തമ്മിലുള്ള അകൽച്ചയെ ക്രമീകരിച്ചു രാജ്യത്തിന്റെ ഏതു ഭാഗത്തും സഞ്ചരിപ്പാൻ സൌകര്യപ്പെടുത്തി. അളവും തൂക്കവും ലിപികളുമെല്ലാം ഐകരൂപ്യപ്പെടുത്തി. അങ്ങിനെ കുറച്ചുകാലംകൊണ്ടു് ചൈനയിലെ അനൈക്യം ദൂരീകരിക്കപ്പെട്ടു.

ജനങ്ങളുടെ ജീവിതമാതൃക ചക്രവർത്തിയായിരുന്നു. ദിവ്യത്വംകൂടി ചക്രവർത്തിക്കു കല്പിച്ചിരുന്നു. ജനങ്ങളിൽ ഈ വിശ്വാസം ഉറപ്പിക്കുവാൻവേണ്ടി ചക്രവർത്തി അജ്ഞാതമായി അവർക്കിടയിൽ നടന്നു വാർത്തകൾ ഗ്രഹിച്ചും രാജ്യത്തെ വൃത്താന്തങ്ങളെല്ലാം തന്നത്താൻ വായിച്ചു ഗ്രഹിച്ചും, വിചാരിച്ചിരിക്കാത്ത സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടും ഇരുന്നിരുന്നു.

സാമ്രാജ്യം വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ പ്രവർത്തിച്ചുതുടങ്ങിയപ്പോൾ പുറമേനിന്നു് ആക്രമിച്ചിരുന്ന താർത്താരിവർഗ്ഗക്കാരുടെ നേരെ ചക്രവർത്തിയുടെ ശ്രദ്ധ പതിഞ്ഞു. ചിലേടങ്ങളിൽ കോട്ടകളും കൊത്തളങ്ങളും പണിതു സൈന്യങ്ങളെ നിർത്തി ഈ വകക്കാരുടെ അക്രമങ്ങൾ തടുത്തിരുന്നുവെങ്കിലും അതുകൊണ്ടു പറയത്തക്ക ഫലമുണ്ടായില്ല. അ

ക്രമികളെ യുദ്ധത്തിൽ തോല്പിച്ചു കീഴടക്കുവാനും തരപ്പെട്ടില്ല. തന്മൂലം ഇവരുടെ ശല്യങ്ങളിൽനിന്നു രാജ്യത്തെ രക്ഷിപ്പാൻ, ബി. സി. 228_110 വർഷങ്ങൾക്കിടയിൽ അന്നുള്ള കോട്ടകൊത്തളങ്ങളെ യോജിപ്പിച്ചുകൊണ്ടു കുന്നുകളിലും താഴ്വരകളിലുംകൂടി 2250 നാഴിക നീളത്തിലും, 15 മുതൽ 20 വരെ അടി പൊക്കത്തിലും ഒരു വമ്പിച്ച മതിൽ പണിയിച്ചു. ഈ മതിൽനിരയിൽ അവിടവിടെയായി കാവൽപ്പുരകളും നിർമ്മിച്ചിരുന്നു. ഇവയിൽ നൂറോളം സൈന്യങ്ങൾക്കു നിവസിക്കാമായിരുന്നു. ഇങ്ങനെയുള്ള 20,000 കാവൽപ്പുരകളും പതിനായിരത്തോളം ചെറിയ കാവൽപ്പുരകളും അതിലുണ്ട്. ഈ വന്മതിലിന്റെ ചില ഭാഗങ്ങൾ ഇന്നും നശിക്കാതെ നില്ക്കുന്നു.

പുരാതന തത്വചിന്തകന്മാരുടെ തത്വങ്ങൾ പഠിച്ച ജനങ്ങൾ രാജ്യത്തിന്നകത്തു കുഴപ്പങ്ങൾ ഉണ്ടാക്കിയിരുന്നു. ആ കുഴപ്പങ്ങൾക്കു ശമനം വരുത്തുവാനായി ചക്രവത്തി അത്തരം തത്വങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ കിട്ടാവുന്നിടത്തോളം ശേഖരിച്ചു ചുട്ടുനശിപ്പിച്ചു. എങ്കിലും ആ വക ഗ്രന്ഥങ്ങളുടെ ഓരോ പ്രതി രാജകീയഗ്രന്ഥശാലയിൽ സൂക്ഷിച്ചിരുന്നു. ഇദ്ദേഹം നിര്യാതനായ ഉടനെ എങ്ങിനെയോ ആ ഗ്രന്ഥാലയവും നശിപ്പിക്കപ്പെട്ടു. ആകയാൽ ആ വക ഗ്രന്ഥങ്ങളെല്ലാം നഷ്ടപ്പെടുകതന്നെ ചെയ്തു.

ഈ ചക്രവത്തിയുടെ അനുഗാമികൾ ശേഷിയില്ലാത്തവരും സചിവന്മാർ ദുരാഗ്രഹികളുമായിരുന്നു. തന്മൂലം രാജ്യത്തിൽ കലഹം പിന്നെയും പൊട്ടിപ്പുറപ്പെട്ടു.

## 21. ഹാൻ രാജവംശം.

ഷാങ്ങ് വംശത്തിലെ അനന്തരഗാമികളുടെ ഭരണശക്തി ക്ഷയിച്ചു തുടങ്ങിയപ്പോൾ രാജ്യത്തു വീണ്ടും കലാപം ഉളവായി. നാലു കൊല്ലംകൊണ്ട് ലഹളക്കാരുടെ തലവൻ ചക്രവർത്തിയായി അഭിഷിക്തനായി. ചിൻ ചക്രവർത്തിയാൽ കെട്ടിപ്പടുക്കപ്പെട്ട ഭരണക്കൂടം, മുന്നെപ്പോലെ നിഷ്കർഷ ചെലുത്താതിരുന്നിട്ടും സുദൃഢമായിത്തന്നെ സ്ഥിതിചെയ്തു. ഈ പുതിയ വംശമാണ് ഹാൻ രാജവംശം. ഇവർ തടവുകാരെ നിർബന്ധപൂർവ്വം പണിയിക്കുന്ന പതിവ് ഒന്ന് ഇളച്ചു. മുൻഭരണകർത്താക്കന്മാർ നല്കി വന്നിരുന്ന കഠിനശിക്ഷകളെ ലഘൂകരിച്ചു. കുററത്തിനൊത്ത ശിക്ഷകൾ മാത്രമേ നല്കിവന്നുള്ളു. കൊലക്കു വധവും മുറിക്കു മുറിയുമെന്നുള്ള വിധത്തിലായിച്ചമഞ്ഞു ഇക്കാലത്തെ ശിക്ഷകൾ.

ചക്രവർത്തിപദം കൈവരുവാൻ ഉള്ളഴിഞ്ഞു സഹായിച്ചവർക്കെല്ലാം തക്ക പ്രതിഫലങ്ങളും സ്ഥാനമാനങ്ങളും കല്പിച്ചനുവദിച്ചു കൊടുത്തു. അപ്പോഴേക്കും രാജ്യഭരണം കുഴഞ്ഞുമറിഞ്ഞു പഴയപടി ശിഥിലപ്രായമായിച്ചമഞ്ഞു. യഥാർത്ഥത്തിൽ യുദ്ധം ഉണ്ടായില്ലെങ്കിലും രക്തംചിന്തൽ സാധാരണമായിരുന്നു. വിദ്യാവിഹീനനെങ്കിലും ഒന്നാമത്തെ ഹാൻ ചക്രവർത്തി പ്രാപ്തനായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ പ്രവൃത്തികൾ അന്നത്തെ ധർമ്മാചാരങ്ങൾക്കു യോജിച്ചതല്ലായിരുന്നു. കള്ളക്കുററങ്ങൾ ചുമത്തി മരണശിക്ഷ വിധിപ്പാനും ചതിപ്പാനും അദ്ദേഹം ഒട്ടും മടിച്ചിരുന്നില്ല. ചക്രവർത്തിപദം സുരക്ഷിതമാക്കാൻ രാജസ്ഥാനത്തുനിന്നു നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരിൽ രാജാവിന്റെ വകഭൂമിയുടെ ഉടമ മാററിക്കൊടുത്തിരുന്നു. ആ വക ഉദ്യോഗസ്ഥന്മാരുടെ ഹസ്തങ്ങളിൽ രാജ്യഭരണം നിർത്തിയും വന്നു. ഈ ബഹുമതികൾ ഉദ്യോഗസ്ഥന്മാർക്ക് അധികാരവലിപ്പമ

ണ്ടാക്കിയില്ലെങ്കിലും ആഭിജാത്യം കൈവരുത്തി.

ഇദ്ദേഹവും വാങ്ങ്‌വംശക്കാരെപ്പോലെ സാമ്രാജ്യത്തിന്നു വിസ്താരം വൎദ്ധിപ്പിപ്പാൻ ഉൽസുകനായിരുന്നു. ഈ വംശജന്മാരുടെ ബി. സി. 206 തൊട്ടു എ. ഡി. 220 വരെയുള്ള 400 കൊല്ലത്തെ ഭരണകാലത്താണ് രാജ്യത്തിന്റെ അതിൎത്തി പരമകാഷ്ഠയിൽ എത്തിയതു്. ഇതുപോലെതന്നെ തത്വചിന്തയും പരിഷ്കാരവും അഭിവൃദ്ധിപ്പെട്ടിരുന്നു. ജനങ്ങൾ അപരിഷ്കൃതനിലയിൽനിന്നു പരിഷ്കൃത സ്ഥിതിയിലെത്തിയതായി പ്രത്യക്ഷപ്പെട്ടതു് ഇക്കാലത്താണു്.

ദക്ഷിണ ചൈനയിൽ സ്വതന്ത്രരായി വൎത്തിച്ചിരുന്ന വങ്ക്കാർകൂടി ഇക്കാലത്തു ചൈനയിൽ ലയിച്ചു. എന്നിരുന്നാലും അവർ മുഴുവനുമായി കീഴടങ്ങിയിരുന്നില്ല. ടാങ്ങ് വംശാധിപത്യംവരെ കാന്റനും ചൈനയിൽ ഉൾപ്പെട്ടിരുന്നില്ല.

ഉത്തരഭാഗത്തും പശ്ചിമഭാഗത്തും രാജ്യരക്ഷയെ ഉദ്ദേശിച്ചു മാത്രമാണ് അതിൎത്തി വിസ്താരപ്പെടുത്തിയതു്. അപരിഷ്കൃതരായ പ്രബലശത്രുവൎഗ്ഗങ്ങൾ വന്മതിൽഭിത്തികളെ തകൎത്തു കയറിപ്പററിയിരുന്നു. ഈ ഹൂണവൎഗ്ഗക്കാരെ സമ്മാനാദികൾ കൊടുത്തു പാട്ടിൽ വെക്കുകയാണ് ഒന്നു രണ്ടു ചക്രവൎത്തിമാർ ചെയ്തതു്. അതിനുശേഷം രാജ്യത്തിന്റെ ശക്തി വൎദ്ധിച്ചു വരികയും, ഒടുവിൽ യുദ്ധനിപുണനായ ഫ്യൂടി ചക്രവൎത്തിയുടെ അനുമതിയോടുകൂടി ഹൂണരാജ്യത്തെത്തന്നെ കടന്നാക്രമിക്കുകയും ചെയ്തു. ഇതിന്നുശേഷം ഹൂണരാൽ തോല്പിക്കപ്പെട്ട ഒരു വൎഗ്ഗവുമായി സഖ്യം ചെയ്യുവാൻ ചക്രവൎത്തി ദൂതനെ പറഞ്ഞയച്ചുവെങ്കിലും അവൻ ഹൂണരാൽ ബദ്ധനായി വളരെക്കാലം സ്വദേശത്തേക്ക് മടങ്ങുവാൻ തരപ്പെടാതെ വന്നു. ഒടുവിൽ അവൻ ശത്രുക്കളിൽനിന്നു രക്ഷപ്പെട്ടുപോയി, ഉദ്ദിഷ്ടകാൎയ്യം നിറവേററുവാൻ പ

രീക്ഷിച്ചുവെങ്കിലും ആ വർഗ്ഗക്കാർ ഹൂണരുമായി യുദ്ധംചെയ്യുവാൻ കൂട്ടാക്കിയില്ല.

ഉദ്ദേശിച്ച കാര്യം ഫലപ്പെട്ടില്ലെങ്കിലും, അന്നോവരെ തങ്ങളോളം സമ്പൽസമൃദ്ധിയും പ്രതാപവുമുള്ള വർഗ്ഗക്കാർ ഭൂമിയിൽ വേറെയില്ലെന്നു കരുതിപ്പോന്ന ചീനക്കാർക്കു തങ്ങളെപ്പോലെതന്നെ മററു വർഗ്ഗങ്ങളുമുണ്ടെന്നു ബോദ്ധ്യമായി. ഇതിനെത്തുടൎന്നു ആ രാജ്യക്കാരുമായി രാജ്യതന്ത്രപരമായും വ്യാപാരപരമായും സഖ്യത്തിൽ ഏൎപ്പെടുവാൻ ദൂതന്മാരെ അയച്ചു. തങ്ങളുടെ സമൃദ്ധിയും പ്രതാപവും ഗ്രഹിപ്പിക്കുവാൻ പട്ടു തുടങ്ങിയ നിരവധി സമ്മാനങ്ങളും ദൂതൻപക്കൽ കൊടുത്തയച്ചിരുന്നു. ഈ രാജ്യങ്ങളിൽ ഒന്നു റോമാസാമ്രാജ്യത്തിലുൾപ്പെട്ട പാൎത്തിയയായിരുന്നു. റോമക്കാർ ആ പട്ടുതരങ്ങൾ കണ്ടു് ആ ചരക്കു് ചീനയിൽനിന്നു ധാരാളമായി വരുത്തിത്തുടങ്ങുകയും, ക്രമത്തിൽ ആ കച്ചവടം അഭിവൃദ്ധിപ്പെടുകയും ചെയ്തു. ഒടുവിൽ റോമക്കാർ ഒളിവായി പട്ടുപുഴക്കളെ ചീനയിൽനിന്നും കൊണ്ടുവരുവിച്ചു സ്വദേശത്തുതന്നെ പട്ടുണ്ടാക്കിത്തുടങ്ങുകയാൽ ആ വ്യാപാരം ഇടിഞ്ഞു. ബി. സി. ഒന്നാം ശതകത്തിൽ വിദേശരാജ്യങ്ങളുമായുള്ള ബന്ധം കാസ്പ്യൻ കടൽതീരംവരെയുള്ള രാജ്യങ്ങളോളം വ്യാപിച്ചു. പിന്നെത്തെ ശതകത്തിന്റെ മദ്ധ്യകാലത്തു അന്തഃഛിദ്രങ്ങൾ ഉത്ഭവിക്കുകയാൽ ഈ ബന്ധം പുലൎത്തുന്നതിൽ ശ്രദ്ധകുറഞ്ഞു. അതെല്ലാം ശമിച്ചപ്പോൾ ചീനയുടെ അതിൎത്തിയെ വിസ്താരപ്പെടുത്തുവാനുള്ള മോഹം വീണ്ടും ഉളവായി. ഇതിനു് ഒരുങ്ങിപ്പുറപ്പെട്ടതു വാൻചൊ എന്ന വിക്രമിയായിരുന്നു. അയാൾ രാജാവിന്റെ അനുമതിയോടുകൂടി പുറപ്പെട്ടു 17 കൊല്ലംകൊണ്ടു, എ. ഡി. 97-ാം ആണ്ടോടുകൂടി കാസ്പ്യൻ കടൽതീരത്തുള്ള രാജ്യങ്ങളെ അധീനപ്പെടുത്തി തിരികെ എത്തിച്ചേൎന്നു. ഇക്കാലത്തു ചീനസാമ്രാജ്യം റോമാസാമ്രാജ്യത്തിന്റെ അതിൎത്തിവരെ വ്യാപിച്ചു. ഒരു

കാലത്തും ചീനസാമ്രാജ്യം ഇത്രത്തോളം വിപുലമായിട്ടില്ല. അതുപോലെതന്നെ സാഹിത്യവും തത്വചിന്തയും കലയും ഈ ഭരണകാലത്തു ഉച്ചനിലയെ പ്രാപിച്ചു.

ഈ അഭിവൃദ്ധിക്ക് ഒരു വിഘ്നമായി സാമ്പത്തികപ്രശ്നം ഉയൎന്നുവന്നു. ചൈനയെ വലയംചെയ്തിരുന്ന വന്മതിലിനെ സുരക്ഷിതമാക്കിനിൎത്താൻ ഒട്ടധികം ജനങ്ങളും പണച്ചിലവും വേണ്ടിവന്നു. ഈ ചക്രവൎത്തിയുടെ കാലത്ത് ഈ ചിലവുകൾക്കായി നികുതി വൎദ്ധിപ്പിക്കതന്നെ ചെയ്തു. വിനിമയത്തിന്നു വേണ്ടിടത്തോളം നാണയം നടപ്പിലില്ലായിരുന്നതിനാൽ ജീവിതം നയിപ്പാൻ ജനങ്ങൾ ബുദ്ധിമുട്ടി.

വണിക്ക് എന്നൊരു പുതിയ വിഭാഗം സമുദായത്തിലുണ്ടായി. ഇവരാണു നിലവിലുണ്ടായിരുന്ന നാണയത്തെ വിനിമയം ചെയ്തു ക്ഷാമം ഉണ്ടാക്കിയതു്. ഇവർ പട്ടണങ്ങളിൽ കടന്നുകൂടി താമസം ആക്കി. ഇവൎക്കു സമുദായത്തിൽ ഒരു സ്ഥാനം നല്കുവാൻ രാജ്യഭരണകൎത്താക്കൾ വിമുഖത കാണിച്ചു.

രാജ്യത്തിലെ മുതലെടുപ്പ് നികുതി ചുമത്താതേയും ജനസാമാന്യത്തിന്റെ നന്മയ്ക്കു പ്രയോജനപ്പെടാതേയും പോകുന്നതായി ഗവൎമ്മെണ്ടു ഗ്രഹിച്ചതു് അപ്പോഴാണ്. കൎഷകന്മാരുടെ വക്കൽനിന്നു വിളവുകൾക്കു നികുതി പിരിച്ചിരുന്നു. നൂതനമായി ആവിൎഭവിച്ച ഇരിമ്പും ഉപ്പും വിററു നിരവധി ധനം സമ്പാദിച്ചതെല്ലാം നികുതി ചുമത്തപ്പെടാതെയുമിരുന്നു. ആവശ്യമനുസരിച്ചു വില കൂട്ടിയാണ് വണിക്കുകൾ ഈവക സാധനങ്ങൾ വിററുവന്നതു്. ഈ വണിക്കുകളുടെ അഭിപ്രായമനുസരിച്ചാണ് ചക്രവൎത്തി പ്രവൎത്തിച്ചിരുന്നതു്. ഒടുവിൽ ഉപ്പും ഇരിമ്പും കുത്തകവസ്തുക്കളാക്കി എങ്കിലും മുമ്പു വ്യാപരിച്ചവർ തന്നെയാണ് സൎക്കാർ നോട്ടത്തിന്മേൽ അതു പിന്നെയും വിററുവന്നതു്.

വണിക്കുകൾക്ക് എതിരായി വൎത്തിച്ചിരുന്ന സംഘത്തി

ന്റെ പ്രേരണയാൽ വണിക്കവൎഗ്ഗത്തിന്റെ മുതലിന്മേൽ നികുതി ചുമത്തുന്നതിനുവേണ്ടി അവരുടെ മുതൽകണക്കുകൾ സമൎപ്പിക്കണമെന്ന് ഒടുവിൽ ഒരു രാജകല്പന പുറപ്പെട്ടു. കളവായി കണക്കു കൊടുക്കുന്നവരുടെ മുതൽ സൎക്കാരിലേക്കു കണ്ടുകെട്ടുകയും, അവരുടെ കളവു കണ്ടുപിടിപ്പാൻ സൎക്കാരിലേക്കു തെളിവു കൊടുക്കുന്നവൎക്ക് കണ്ടുകെട്ടിയ മുതലിൽ പകുതി കൊടുക്കുകയും ചെയ്തിരുന്നു. ഈ പ്രവൃത്തിക്കാളുകൾ വേണ്ടുവോളമുണ്ടായി. മൎയ്യാദയ്ക്കുള്ള വ്യാപാരവും മിതവ്യയവുമെല്ലാം ഇതോടെ സമുദായത്തിൽനിന്നു നാടുകടന്നു. വണിക്കുകൾ കിട്ടിയതു മുഴുവൻ കണ്ടമാനം ചിലവിട്ടു തുടങ്ങി. വണിക്കുകളുടെ നാശം ജനസമുദായത്തിൽ പ്രത്യക്ഷപ്പെട്ടു. അതോടെ വണിക്കവൎഗ്ഗത്തിനും സമുദായത്തിൽ ഒരു സ്ഥാനമുണ്ടെന്നു തീൎച്ചയായി.

ചീനക്കാരുടെ ജീവിതത്തിൽ ഒരു വല്ലാത്ത പരിണാമം ദൃശ്യമായി. അതു കേന്ദ്രഭരണത്തിന്റെ ആവിൎഭാവത്തോടുകൂടി രാഷ്ട്രീയമായും, വണിക്കുകൾ ഉത്ഭവിച്ചതോടുകൂടി സമുദായപരമായും പ്രത്യക്ഷീഭവിച്ചു. സമുദായരീതി ആകപ്പാടെ അട്ടിമറിഞ്ഞു. പണ്ടത്തെ പ്രഭുത്വത്തെ ചക്രവൎത്തി തന്നെ നശിപ്പിച്ചു. ഗ്രന്ഥങ്ങളെല്ലാം നശിപ്പിക്കപ്പെട്ടുവെങ്കിലും പുരാതന സാഹിത്യത്തിനും വിദ്വൽജനങ്ങൾക്കും ക്ഷയം തട്ടിയില്ല. വിദ്യാശൂന്യരെങ്കിലും കാൎയ്യപ്രാപ്തിയുള്ളവരായിരുന്നതിനാൽ അധികാരികളും പുഷ്ടിപ്പെട്ടു. മൃഗീയമായ ബലംകൊണ്ടുമാത്രം ഒരു ജനതയെ ഭരിക്കാവതല്ലല്ലൊ. അതുപോലെ കൎഷകന്മാർ വിചാരിച്ചാൽ വിദ്വൽജനങ്ങളേയും അടക്കിവെപ്പാൻ തരമാകയില്ല. വിദ്വൽജനങ്ങളുടെ അവഹേളനവും വിരോധവും ഗണ്യമായ ഒന്നായിരുന്നു. ചക്രവൎത്തിക്കുതന്നേയും ഈ പ്രശ്നത്തെ നേരിടേണ്ടതായി വന്നു. വിദ്വൽജനങ്ങളെ അവരുടെ പഴയ സ്ഥിതിയിൽ അദ്ദേഹം പുനഃസ്ഥാപിച്ചു. കൺഫ്യൂഷ്യസ്സിന്റെ സിദ്ധാന്ത

ങ്ങൾതന്നെ വീണ്ടും പ്രബലതയെ പ്രാപിച്ചു.

നശിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങളിലെ തത്വങ്ങളെ കിട്ടിയേടത്തോളം കൂട്ടിയോജിപ്പിച്ചുവെക്കയാണു് വിദ്വൽജനങ്ങൾ അതുവരെ ചെയ്തുപോന്നതു്. അതിൽനിന്നു് അവർ ഏതൊരു കാര്യത്തിന്റേയും ശ്രേയസ്സിന്നു് അദ്ധ്വാനവും ക്ഷമയും അത്യാവശ്യമാണെന്നു ഗ്രഹിച്ചു. രാജ്യഭരണത്തിൽ അവരേയും പങ്കുചേൎത്തപ്പോൾ ഈ പാഠം അവർ അതിൽ പ്രയോഗിച്ചു.

പിന്നെ വിദ്വൽജനങ്ങളെ ഹാൻ രാജവംശത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ടുപോകുവാൻ വലിയ വിഷമതയൊന്നുമുണ്ടായില്ല. കൺഫ്യൂഷ്യസ്സ് വീക്ഷിച്ചിരുന്ന സമുദായഘടന ഉടഞ്ഞുപോയി. അന്നു നടപ്പിലുണ്ടായിരുന്ന ഭരണക്രമത്തെപ്പററി ഒന്നും തത്വഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചുമിരുന്നില്ല. ഭരണനിരീക്ഷകർ അതിനെപ്പററി പറഞ്ഞുപോയതല്ലാതെ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ഒന്നും വിമൎശിച്ചുമിരുന്നില്ല.

ഗ്രന്ഥങ്ങളെ നശിപ്പിച്ച കാലത്തു വന്മതിലുകൾക്കകത്തും മററും അവ ഒളിച്ചുവെക്കപ്പെട്ടിരുന്നു. പിൽക്കാലത്തു അവയെ തിരഞ്ഞു പിടിച്ചു ശരിപ്പെടുത്തുവാൻ വിദ്വൽജനങ്ങളിൽ താൽപര്യം ജനിച്ചു. അതവരിൽ ഗവേഷണബുദ്ധിയെ അങ്കുരിപ്പിച്ചു. ഈ ഗവേഷണവൃത്താന്തങ്ങൾ സൂക്ഷിക്കപ്പെടുകയും, അതിനെ അവലംബിച്ചു് ഒരു ചരിത്രം നിൎമ്മിപ്പാനുള്ള ആഗ്രഹം ജനിക്കയാൽ ചരിത്രകാരന്മാർ ആവിർഭവിക്കയും ചെയ്തു.

ഹാൻവംശാധിപത്യത്തിന്റെ പൂൎവ്വാൎദ്ധത്തിലാണു് ചീനയിലെ പ്രധാന ചരിത്രകാരൻ സുസുമ ചീൻ പ്രത്യക്ഷനായതു്. ഇദ്ദേഹം രചിച്ച ഗ്രന്ഥം പിന്നീടു ചരിത്രകാരന്മാൎക്കു മാതൃകയായി ഭവിച്ചു.

നിഘണ്ടുക്കളും ഇക്കാലത്തു നിൎമ്മിതങ്ങളായി. ലി

പികളെ അടിസ്ഥാനപ്പെടുത്തിയല്ല, ചിത്രീകൃതമായ വാക്കുകളിലെ കോറലുകളെ ആധാരമാക്കിയാണ് ഇവ വിരചിച്ചതു്. അങ്ങനെയുള്ള മൂന്നു നിഘണ്ടുക്കൾ അന്നു പ്രസിദ്ധപ്പെടുത്തി.

ഹാൻ രാജവാഴ്ചക്കാലത്തു് രാഷ്ട്രീയവിഷയത്തിൽ മാത്രമല്ല എല്ലാററിലും ചൈന വ്യക്തമായ ഒരു രൂപം കൈക്കൊണ്ടു. ഇന്നു ചീനക്കാരിൽ കാണുന്ന പ്രത്യേകതകൾ അന്നു അങ്കുരിച്ചവയാണ്. ഇതെല്ലാംകൊണ്ടും ഹാൻ രാജവംശഭരണം ചീനയിലെ ചരിത്രത്തിൽ ഒരു സുവർണ്ണദശയെ കുറിക്കുന്നതായി കരുതപ്പെടാം. എങ്കിലും ചില കാര്യങ്ങളിൽ, പ്രത്യേകിച്ചു രാജഗൃഹകാര്യങ്ങളിൽ അതു ശോച്യാവസ്ഥയേയും കുറിക്കുന്നുണ്ടു്.

---

## 22. ഇന്ത്യ—പ്രാചീനപരിഷ്കാരം

ഇന്നത്തെ ഇന്ത്യയിൽ പൂർവ്വപശ്ചിമ പരിഷ്കാരങ്ങൾ സമ്മേളിച്ചു കാണപ്പെടുന്നു. ഇന്നു കറാച്ചിയും ദെൽഹിയും കൽക്കത്തയും മദ്രാസ്സും മററു പ്രദേശങ്ങളും വിമാനമാർഗ്ഗമായി യോജിപ്പിക്കപ്പെട്ടിരിക്കുന്നു. പ്രാചീന രീതിയിലുള്ള നിലമുഴലും കാളവണ്ടിയും ഇന്നും ഇവിടെ കാണാം. വിദ്യാവിഹീനരായ ജനതയ്ക്കു വിദ്യാഭ്യാസം ഉണ്ടാവാൻ കമ്പിയില്ലാക്കമ്പിമൂലം പ്രചരണം നടത്തപ്പെടുന്നു.

ചീനയ്ക്കുള്ളപോലെ ഒരു പ്രാചീനപരിഷ്കാരം ഇന്ത്യയ്ക്കുമുണ്ടു്. സന്ധ്യാകർമ്മങ്ങളിലും വിവാഹകർമ്മങ്ങളിലും മൂവായിരം കൊല്ലങ്ങൾക്കുമുമ്പു് ഉപയോഗിച്ചു വന്നിരുന്ന പോലെ ഋഗ്വേദമന്ത്രങ്ങൾ ഇന്നും ഉപയോഗിക്കുന്നു. റോമാ ആവിർഭവിക്കുന്നതിനു മുമ്പുതന്നെ നിയമപരമായും സമുദായപരമായും ഉള്ള പദ്ധതികൾ ഇന്ത്യയിൽ സുസ്ഥാപിതമായിരുന്നു. സോക്രട്ടീസ്സിൻെറ മുമ്പുതന്നെ ഇന്ത്യയിൽ ത-

ത്വചിന്തകന്മാർ ആവിർഭവിച്ചിരുന്നു. മഹാവിദ്യാലയങ്ങളും വലിയ മന്ദിരങ്ങളും, ബ്രിട്ടീഷുകാർ കാടൻപ്രായത്തിൽനിന്നു പുരോഗമിക്കുന്നതിനു മുമ്പുതന്നെ ഇവിടെ ഉച്ചാവസ്ഥയെ പ്രാപിച്ചിരുന്നു.

പ്രാകൃതദൃശ്യവിശേഷങ്ങളും കാലാവസ്ഥയുമാണു് ഒരു രാജ്യത്തിലെ ജനങ്ങളുടെ പ്രകൃതിയേയും കർമ്മത്തേയും നിർണ്ണയിപ്പാൻ പര്യാപ്തമാകുന്നതെങ്കിലും ഇന്ത്യയെ സംബന്ധിച്ചിടത്തോളം അതു ശരിയല്ല. റഷ്യയെ ഒഴിച്ചുള്ള യൂറോപ്പിനോളം വലുപ്പംവരുന്ന ഇന്ത്യയിൽ കാലാവസ്ഥയും ഭൂമിശാസ്ത്രപരമായ പ്രകൃതിയും വിവിധതരത്തിലാണു്. മണലാരണ്യങ്ങളും ചതുപ്പുപ്രദേശങ്ങളും കാടുകളും ഫലപുഷ്ടിയുള്ള സമതലങ്ങളും മൊട്ടക്കുന്നുകളും ഹിമാവൃതങ്ങളായ പർവ്വതങ്ങളും ഉൾക്കൊണ്ടതാണു് ഇന്ത്യ. എന്നിരുന്നാലും രാജ്യത്തിന്റെ ചരിത്രത്തേയും അതിലെ നിവാസികളുടെ പ്രകൃതിയേയും വിശദമാക്കുവാൻ പ്രയോജനപ്പെടുന്ന സംഗതികൾ താഴെ എഴുതുന്നവയാണു്.

ഇന്ത്യക്കു് അന്യദേശങ്ങളെപ്പോലെ സർവ്വാവശ്യങ്ങൾക്കും ഇതരദേശങ്ങളെ അപേക്ഷിക്കേണ്ടതില്ല. രണ്ടുഭാഗം സമുദ്രത്താലും മററു രണ്ടുഭാഗം പർവ്വതങ്ങളാലും ആവൃതമായി സ്ഥിതിചെയ്യുന്ന ഈ ദേശം സമുദ്രസഞ്ചാരം അഭിവൃദ്ധിപ്പെടുന്നതുവരെ ദുഷ്പ്രാപമായിരുന്നു. വടക്കുകിഴക്കുഭാഗത്തു ദുർഗ്ഗമമായ ഹിമാലയം. വടക്കുപടിഞ്ഞാറു് അധൃഷ്യങ്ങളായ കൈബർ, ബോളൻ തുടങ്ങിയ ചുരങ്ങളും. ഇവയിൽകൂടി പ്രാചീനകാലംതൊട്ടേ വിദേശബന്ധം പുലർത്തപ്പെട്ടിരുന്നു. സമുദ്രം വഴിക്കു പേർഷ്യൻ ഉൾക്കടൽതീരങ്ങളോടും ബർമ്മയോടും ബന്ധം ഉണ്ടായിരുന്നു. ഓരോ കാലത്തു യുദ്ധം, സംസ്കാരം, വാണിജ്യം എന്നീ കാരണങ്ങളാൽ മെസപ്പൊട്ടേമിയ, പേർഷ്യ, മദ്ധ്യേഷ്യ, ബർമ്മ, ചൈന, സുമാത്ര, ജാവ, ഗ്രീസ്സ്, റോമ എന്നീ രാജ്യ

ങ്ങളായും ബന്ധപ്പെട്ടിരുന്നു. വിദേശസംസ്കാരങ്ങളൊന്നും ഏശാതെ സ്വസംസ്കാരത്തെ പുലർത്തിക്കൊണ്ടുതന്നെയാണ് ഇന്ത്യ വർത്തിച്ചിരുന്നതു്. ബുദ്ധമതപ്രചരണം ഒഴിച്ചു മറ്റൊന്നും ഇന്ത്യയിൽനിന്നു ലോകത്തിനു ലഭിക്കുവാൻ തരപ്പെട്ടിട്ടില്ല.

ഹിമാവൃതമായി ഉത്തരകോടിയിൽ സ്ഥിതിചെയ്യുന്ന പർവ്വതപ്രദേശം കഴിച്ചാൽ ഇന്ത്യ ഒരു ഉഷ്ണപ്രദേശമാണ്. ഉഷ്ണാധിക്യമില്ലെങ്കിലും നിത്യമായ ആതപത്താൽ തപ്തമായിരിക്കുന്ന ദക്ഷിണാപഥത്തിലേയും, രാത്രി അതിശൈത്യവും പകൽ അത്യുഷ്ണവും ഏററുകൊണ്ടുള്ള ഉത്തരപ്രദേശത്തിലേയും ജനങ്ങളുടെ സ്വഭാവം രൂപീകരിക്കപ്പെട്ടിരിക്കുന്നതും ഈ അവസ്ഥാഭേദങ്ങൾകൊണ്ടുതന്നെ. മനുഷ്യൻ പ്രകൃതിയെ വിജയിക്കയല്ല, അതിന്റെ ഒരു ഭാഗമായിച്ചമയുകയാണ് ചെയ്തിരിക്കുന്നതു്. ഏതു കാലത്തെ കലയേയും സാഹിത്യത്തേയും എടുത്തു പരിശോധിച്ചാലും ഇതു സ്പഷ്ടമാകുന്നതാണ്. വ്യക്തിപരമായ ജീവിതം അപ്രധാനമാണെന്നും മൃഗാദികൾ മനുഷ്യോപയോഗത്തിന്നായി സൃഷ്ടിക്കപ്പെട്ടവയല്ലെന്നുമുള്ള ബോധം അതിൽനിന്നുളവായതാണ്.

രണ്ടു സംഗതികൾകൂടി ഗൌനിക്കേണ്ടതുണ്ടു്. സിന്ധുഗംഗാതടങ്ങൾ വിദൂരങ്ങളല്ല. ഇന്ത്യയിൽ നടന്നിട്ടുള്ള ആയോധനങ്ങളെല്ലാം ഉണ്ടായിട്ടുള്ളതു് ദൽഹിയ്ക്കും ഹിമാലയത്തിനുമിടയ്ക്കുള്ള പ്രദേശത്തുവെച്ചാണ്. ആ പ്രദേശം കടന്നാൽ അക്രമികൾക്കു വടക്കുകിഴക്കൻ സമതലങ്ങളെ എളുപ്പത്തിൽ അധീനപ്പെടുത്താൻ കഴിയും. ദക്ഷിണാപഥം വിന്ധ്യശതപുര പർവ്വതങ്ങളാലും നർമ്മദാനദിയാലും ഇതരഭാഗങ്ങളിൽനിന്നു വേർതിരിക്കപ്പെട്ടാണ് കിടക്കുന്നതു്. ഡക്കാനും അതിനോടു ബന്ധപ്പെട്ട കന്യാകുമാരി മുനമ്പുവരെയുള്ള പ്രദേശവും ഉത്തരദേശത്തോടു ബന്ധമില്ലാതെയും അതിൽനിന്നു വ്യത്യസ്തമായും ആണ് അഭിവൃദ്ധിപ്പെട്ടതു്.

ഇന്ത്യയിൽ സിന്ധുനദീതീരത്താണ് പരിഷ്കാരം പുരോഗമിച്ചതു്. മററെങ്ങും കാണപ്പെടാത്ത വിധത്തിൽ 50 ശതാബ്ദങ്ങൾക്കു മുമ്പ് ഇന്ത്യയിൽ വസിച്ചിരുന്നവർ ഇപ്പോൾ വിസ്മൃതിയിൽപ്പെട്ടുപോയെങ്കിലും അവരുടെ അവശിഷ്ടങ്ങൾ നമുക്കു കണ്ടുകിട്ടിയിട്ടുണ്ടു്.

സിന്ധുനദീതടത്തിൽ അന്നു പ്രചരിച്ചിരുന്ന പരിഷ്കാരം ഈജിപ്റ്റിലും, സുമേറിയയിലും, ചൈനയിലും ഉണ്ടായിരുന്ന പ്രാചീന പരിഷ്കാരങ്ങളോടു കിടപിടിക്കത്തക്ക നിലയിലുള്ളതായിരുന്നു. ആര്യവർഗ്ഗക്കാരെ കവിഞ്ഞുള്ള ജനവർഗ്ഗത്തെ അനുസ്മരിപ്പിക്കുന്ന ലക്ഷ്യങ്ങളൊന്നും ഇരുപതു കൊല്ലം മുമ്പു ഗണനീയമായി ഉണ്ടായിരുന്നില്ല. അതിനിപ്പുറം മോഹഞ്ചൊദാറൊ എന്ന സിന്ധുവിലെ ഒരു പ്രദേശത്തുനിന്നു ബി. സി. 3000 കൊല്ലങ്ങൾക്കു മുമ്പ് അഭിവൃദ്ധിപ്രാപിച്ചിരുന്ന മഹാനഗരികൾ ഉണ്ടായിരുന്നതായി തെളിയിക്കുന്ന ലക്ഷ്യങ്ങൾ കണ്ടുകിട്ടി. ആ നഗരിക്കു ഒരു ചതുരശ്രനാഴിക വിസ്താരമുണ്ടു്. വീഥികളെ പരിഷ്കൃതരീതിയിൽ സമകോണമായിട്ടാണ് നിർമ്മിച്ചിരിക്കുന്നതു്. വസതികൾ ഇഷ്ടികകൊണ്ടുറപ്പിലാണ് പണിയിച്ചിരിക്കുന്നതു്. ഓരോ വീടിനും കുളിമുറികളുണ്ടു്. പൊതുജനങ്ങൾക്കായും കുളിമുറികൾ പണിതിരുന്നതായി കാണുന്നു. നഗരശുചീകരണവിഷയത്തിൽ ശ്രദ്ധ പതിച്ചിരുന്നതായി നഗരത്തിലെ മാലിന്യം നീക്കുവാൻ നീർച്ചാലുകൾ നിർമ്മിച്ചിരുന്നതിൽനിന്നു അനുമാനിക്കാം.

പുരുഷന്മാർ ക്ഷൌരക്കത്തികളും സ്ത്രീകൾ മുഖക്കണ്ണാടികളും സുഗന്ധദ്രവ്യങ്ങളും ഉപയോഗിച്ചിരുന്നു. കുട്ടികൾക്കു കളിപ്പാൻ കളിമണ്ണുകൊണ്ടുള്ള കോപ്പുകൾ നിർമ്മിച്ചിരുന്നു. അസ്ഥി, മൺപാത്രം, ലോഹപ്പണി, ചിത്രമെഴുത്തു, കൊത്തുപണി എന്നിവയുടെ അവശിഷ്ടങ്ങളിൽനിന്നെല്ലാം അന്നത്തെ ജനങ്ങളുടെ സ്വഭാവം ഒട്ടധികം ഗ്രഹിക്കാവുന്നതാണ്.

ഗോതമ്പും ബാർല്ലിയും അവർ കൃഷിചെയ്തിരുന്നു. പരുത്തിനൂററ വസ്ത്രങ്ങളും, സ്വർണ്ണം വെള്ളി എന്നിവകൊണ്ടുള്ള ആഭരണങ്ങളും അവർ ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. ചക്രത്തിന്റെ സഹായത്താൽ മൺപാത്രങ്ങളും ഇരിമ്പ് ചെമ്പ് എന്നീ ലോഹങ്ങൾകൊണ്ടുള്ള സാധനങ്ങളും ഉപയോഗിച്ചുവന്നു. ആടുമാടുകളും പന്നികളും കോഴികളും എല്ലാം വളർത്തപ്പെട്ടു. കുതിരയില്ലായിരുന്നു. ആദ്യമായി വിദേശികളായ ആക്രമികളായിരിക്കാം കുതിരയെ ഇങ്ങോട്ടു കൊണ്ടുവന്നതു്. പുലിയും ഖണ്ഡാമൃഗവും കരടും സാധാരണമായിരുന്നു. മൃഗാരാധന അന്നു കുറേശ്ശ നടപ്പുണ്ടായിരുന്നു. എന്നാൽ ദേവിയാണ് പ്രധാനാരാധനാമൂർത്തി. ആദിയിൽ ദേവന്മാരെ ലിംഗരൂപത്തിൽ ആരാധിച്ചുവന്നു. പിന്നീട് അതു ശിവനായി രൂപാന്തരപ്പെടുകയും ചെയ്തു.

സിന്ധുതടത്തിലെ ഈ പുരാതന നിവാസികൾക്ക് എഴുത്തറിയാമായിരുന്നു എന്നു കൊത്തപ്പെട്ട മുദ്രകളിൽനിന്നും രക്ഷായന്ത്രങ്ങളിൽനിന്നും മനസ്സിലാകുന്നു. എന്നാൽ എന്താണ് കൊത്തപ്പെട്ടിട്ടുള്ളതെന്നു പൊരുൾതിരിപ്പാൻ സാധിച്ചിട്ടില്ല. ഈ ജനങ്ങൾ ആരെന്നും ഗ്രഹിപ്പാൻ കഴിഞ്ഞിട്ടില്ല. ആര്യന്മാരുടെ ലക്ഷ്യങ്ങളിലൊന്നും അവർ ഉൾപ്പെട്ടിട്ടില്ല.

പ്രാചീനകാലം മുതല്ക്കേ ഇന്ത്യയും മെസൊപൊട്ടേമിയായും തമ്മിൽ വ്യാപാരബന്ധമുണ്ടായിരുന്നുവെന്നു മെസൊപൊട്ടേമിയായിലെ ലക്ഷ്യങ്ങൾ തെളിയിക്കുന്നു. സുമേറിയയിലെ ലിപികൾ കൊത്തിയ പാത്രങ്ങൾ സിന്ധുതടത്തിൽനിന്നും കണ്ടുകിട്ടിയിട്ടുണ്ട്. അനേകം ശതാബ്ദത്തോളം കാലം ഒരു വിസ്തൃതമായ പ്രദേശത്തു് ഈ സംസ്കാരം വ്യാപിച്ചിരുന്നുവെന്നു നമുക്കറിയാം. ഈ പുരാതന ഗവേഷണസ്ഥാനങ്ങളിൽ മോഹഞ്ചൊഡാറൊവിനാണ് പ്രാമാണ്യമെങ്കിലും ഇതിനു 100 നാഴിക വടക്കുമാറി ഹാരപ്പയിലും,

ബലൂചിസ്ഥാനത്തും, ഇന്ത്യയുടെ ഉത്തരഭാഗത്തു സിംലക്കടുത്തുള്ള പ്രദേശങ്ങളിലും പുരാതന പരിഷ്കാരങ്ങൾ ഉണ്ടായിരുന്നതായി കരുതപ്പെടുന്നു.

പുഴയുടെ വികൃതിമൂലമാണ് മോഹഞ്ചൊഡാരോ നശിച്ചത് എന്നു ഗണിക്കപ്പെടുന്നു. പലപ്പോഴും ഈ പട്ടണം വെള്ളപ്പൊക്കത്തിനു വിധേയമായിട്ടുണ്ട്. കാലാവസ്ഥയിലും മാററം വന്നിരിക്കാം. അങ്ങനെ അതു നിവാസയോഗ്യമല്ലാതായി ഭവിച്ചു. എന്നാൽ അവിടത്തെ ജനങ്ങൾക്കു എന്തുപററി എന്നു അറിവില്ല.

---

## 23 ആര്യന്മാർ

മഹഞ്ചൊഡാരോവിലെ പ്രാചീനപരിഷ്കാരം എന്നാണ് നശിച്ചതെന്നു വിവരമില്ല. അർവാചീനരെപ്പററി മാത്രമേ പറയുവാൻ കഴിവുള്ളു. ബി. സി. 2000-ൽ റഷ്യയുടെ ദക്ഷിണഭാഗത്തുനിന്നു വന്ന ഒരു കാട്ടാളപ്പുരിഷ ഇറാൻ പീഠഭൂമിയെ അധീനപ്പെടുത്തിയതായി മനു ഗ്രഹിച്ചിട്ടുണ്ടല്ലോ. ആ പരിഷയിലെ വിഭാഗങ്ങൾ പുതിയ പുൽത്തകിടികളന്വേഷിച്ച് ഹിന്ദുകുഷ് പർവ്വതനിരക്കും ഹിമാലയത്തിൻെറ പശ്ചിമഭാഗത്തേക്കും കുടുംബസമേതം പുറപ്പെടുകയും കൈബർചുരംവഴിയും മററും സംഘം സംഘമായി സിന്ധുതടത്തിൻെറ ഉത്തരഭാഗങ്ങളിൽ കയറിപ്പാറുകയും ചെയ്തുവെന്നു ഊഹിക്കപ്പെടുന്നു. ഇവരെ ആര്യന്മാരെന്നു പറയുന്നു. ഈ വർഗ്ഗങ്ങളിലും വിവിധഭാഷകൾ സംസാരിക്കുന്ന സംഘങ്ങളുണ്ടായിരുന്നു. ഇന്ത്യയിൽ വന്നു് അനേകകാലം കഴിഞ്ഞിട്ടും അവർ മഹഞ്ചൊഡാരോവിലെ ജനങ്ങളോളം പരിഷ്കാരമൊ, നഗരനിർമ്മാണ പരിജ്ഞാനമൊ, കൃഷിപ്പണിയിൽ നൂതനസമ്പ്രദായമൊ, എഴുത്തുവിദ്യയോ ഇല്ലാത്തവരായിരുന്നു. അവർ അന്നും കാലിമേച്ചുതന്നെയാ

ണു് ജീവിച്ചതു്. ആടുമാടുകളായിരുന്നു അവരുടെ സ്വത്തു്.

ഇന്ത്യയ്ക്കു് ഒരു ചരിത്രമുണ്ടാക്കിയവർ ആൎയ്യന്മാരാണു്. ഇവരുടെ ഭാഷയും സംസ്കാരവും ഇന്നും നിലനില്ക്കുന്ന ഹൈന്ദവമതത്തിന്റെയും ധൎമ്മശാസ്ത്രാദികളുടേയും ഉല്പത്തി ഇവരിൽനിന്നാണു്. പിന്നീടു രാജ്യമാക്രമിച്ചു വന്ന ഗ്രീക്കുകാരും, പേർഷ്യക്കാരും, ഹൂണരും, മംഗോളിയരുമെല്ലാം ഇവരിൽ ലയിക്കയാണു ചെയ്തതു്. രാജ്യാക്രമണം മാത്രം ഉദ്ദേശിച്ചെത്തിയ വിദേശയോദ്ധാക്കൾ ഇവിടെ നിവസിച്ചു തദ്ദേശസ്ത്രീകളുമായി ബന്ധം പുലൎത്തുകമൂലം ആഗതന്മാരുടെ ആചാരനടപടികളൊന്നും ഇവരിൽ പ്രതിഫലിക്കുവാൻ ഇടയായില്ല. ആൎയ്യന്മാർ തങ്ങളുടെ കുടുംബങ്ങളുമൊത്തു വസിച്ചിരുന്നതിനാൽ അവൎക്കു മററു വൎഗ്ഗങ്ങളുമായി കൂടിക്കഴിയുവാനോ അവരുടെ ആചാരനടപടികൾ കൈക്കൊള്ളുവാനോ ആവശ്യം നേരിട്ടില്ല. അങ്ങനെ അനേകം തലമുറ കഴിഞ്ഞുകൂടി. ആദിമ നിവാസസ്ഥാനങ്ങളിൽനിന്നു തെക്കോട്ടു നിൎഗ്ഗമിച്ചതോടുകൂടി അവൎക്കു അവിടങ്ങളിലെ ജനങ്ങളുമായി സഹവസിക്കേണ്ടിവന്നു. എന്നാൽ അവരുടെ സ്വഭാവവും, ദൃഢഗാത്രതയും, ജീവിതേച്ഛയും, സഹനശക്തിയും അവൎക്കു സ്വന്തം പ്രാബല്യത്തെ നിലനിൎത്തിപ്പോരുവാൻ പ്രയോജനപ്പെട്ടു. ആൎയ്യൻ എന്ന പദം സൂചിപ്പിക്കുന്നതും ശ്രേഷ്ഠത്വത്തെയാണു്. ഈ പ്രതാപംമൂലം അവർ രാജ്യത്തെ ആദിമനിവാസികളെ നിന്ദാപൂൎവ്വം വീക്ഷിച്ചിരുന്നു.

അനേകകാലം ഉരുവിട്ടു പഠിച്ചുവന്ന ഋഗ്വേദമന്ത്രങ്ങൾ അവരുടെ ജീവിതചൎയ്യയെ വിശദമാക്കുന്നു. കുടുംബത്തിലാണു് അവരുടെ സമുദായപ്രാബല്യം ഉറപ്പിക്കപ്പെട്ടിരുന്നതു്. സമുദായമാണു് രാഷ്ട്രീയപരിധി. ഓരോ സമുദായത്തിനും ഓരോ അധിപതിയുണ്ടു്. ഈ ആധിപത്യം പാരമ്പൎയ്യമായി സിദ്ധിക്കുന്നതാണു്. ചിലപ്പോൾ തിരഞ്ഞെടുപ്പുമൂലവും ഇതു സിദ്ധിക്കാറുണ്ടു്. ക്ലിപ്തമായ നിക

തിയല്ല പിരിക്കപ്പെട്ടിരുന്നതു്. രാജഭോഗമായിട്ടാണു് നികുതിപിരിവു നടത്തിയിരുന്നതു്. സമരത്തിനു ജനങ്ങളെ നയിച്ചിരുന്നതും ആരാധനകളിൽ പ്രഥമസ്ഥാനം വഹിച്ചിരുന്നതും രാജാവുതന്നെയാണു്. പ്രകൃതിയുടെ ആരാധകന്മാരായിരുന്നു അവർ. സൂര്യൻ, അഗ്നി, ഉഷസ്സു്, ഇടിമിന്നൽ എന്നീ ജ്യോതിസ്സുകളെ സ്തുതിക്കുകയും അവയ്ക്കു നൈവേദ്യാദികൾ കഴിക്കുകയും ചെയ്തിരുന്നു. വിജയപ്രാപ്തിക്കും, ജീവിതസമ്പാദനത്തിന്നും, സന്തതിക്കുമായിരുന്നു അവർ ആരാധന നടത്തിയിരുന്നതു്. ജ്ഞാനാജ്ഞാനങ്ങളും ധൎമ്മാധൎമ്മങ്ങളും വിവേചിച്ചറിവാനുള്ള അപേക്ഷകളും പ്രാൎത്ഥനകളിൽ ഉൾക്കൊണ്ടിരുന്നു. പ്രാൎത്ഥനകളുടെ ഫലപ്രാപ്തിയിൽ അവർ വിശ്വസിച്ചു. ദൈവത്തിൽ ഉറച്ച വിശ്വാസവും ദൈവം ഔദാര്യമൂൎത്തിയാണെന്ന ബോധവും അവൎക്കുണ്ടായിരുന്നു. മരണാനന്തരമുള്ള സ്വൎഗ്ഗപ്രാപ്തിയിലും അവർ വിശ്വസിച്ചു. കുടുംബബന്ധങ്ങളെല്ലാം പാവനമായിട്ടാണു കരുതിപ്പോന്നതു്. കുടുംബനാഥൻ പിതാവാണു്, സന്തത്യുല്പാദനം ധൎമ്മമായും കരുതപ്പെട്ടു. ഏകപത്നീവ്രതമാണു് നിശ്ചയിച്ചിരുന്നതു്. സതി, പൎദ്ദ, ബാലികാവിവാഹം ഇവ ഒന്നും വിധിച്ചിരുന്നതായി കാണുന്നുമില്ല.

## 24. ഇന്ത്യയിലെ ആദിമനിവാസികൾ

ആൎയ്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചശേഷം ആദ്യമായി വാസം ഉറപ്പിച്ചതു് പഞ്ചനദത്തിലും കാശ്മീരത്തിലുമാണു്. അവിടന്നു തെക്കോട്ടും കിഴക്കോട്ടും വ്യാപിപ്പാൻ വളരെ ശതാബ്ദങ്ങൾ കഴിഞ്ഞു. ഏതു വൎഗ്ഗക്കാരെ തോല്പിച്ചാണു് അവിടങ്ങളിൽ വ്യാപിച്ചതു് എന്നു വിവരമില്ല. അക്കാലത്തു രണ്ടു വൎഗ്ഗക്കാർ അവിടങ്ങളിൽ ഉണ്ടായിരുന്നുവെന്നു് ഊഹിക്കപ്പെടുന്നു. ദക്ഷിണഭാഗത്തു പൊക്കംകുറ

ഞ്ഞവരും, പതിഞ്ഞ മൂക്കുള്ളവരും, കറുത്തവരുമായ ദ്രാവിഡരായിരുന്നു. ഈ വർഗ്ഗക്കാർ ഒരു കാലത്തു ആഫ്രിക്കക്കാരുമായോ ആസ്ത്രേലിയക്കാരുമായോ ബന്ധപ്പെട്ടിരുന്നിരിക്കാം. തെലുങ്കു, തമിഴു തുടങ്ങിയ ഭാഷകളാണു് അവർ സംസാരിച്ചിരുന്നതു്. ഇവക്കു സാഹിത്യവും ഉണ്ടായിരുന്നു.

മറ്റൊരു വർഗ്ഗക്കാർ വടക്കുകിഴക്കൻമൂലയിലുള്ള തിബത്തിൽനിന്നു വന്നു ഗംഗാസമതലത്തിൽ കുടിയേറിപ്പാർത്തവരാകുന്നു. ഇവർ കനത്തു പരന്ന മുഖവും ചെറിഞ്ഞ നയനങ്ങളുമുള്ളവരാണു്. മൂപ്പത്തു ശതാബ്ദംമുമ്പു ആര്യന്മാർ കിഴക്കോട്ടു വ്യാപിച്ചപ്പോൾ അവിടങ്ങളിൽ അധികമായി നിവസിച്ചിരുന്നതു് ഇവരാണു്.

സിന്ധിലേക്കും ഗംഗാതടത്തിന്റെ മദ്ധ്യഭാഗങ്ങളിലേക്കും വ്യാപിച്ച ആര്യന്മാർ അവിടെയുള്ള ചില ദ്രാവിഡവർഗ്ഗക്കാരെ കീഴടക്കിയിരിക്കാം. എന്നാൽ ദ്രാവിഡരുടെ സംഘബലം അധികവും ദക്ഷിണാപഥത്തിലായിരുന്നു. പ്രകൃതിദുർഗ്ഗങ്ങളായ വിന്ധ്യശതപുരപർവ്വതങ്ങളാലും നർമ്മദാനദിയാലും സുരക്ഷിതമായിതന്ന ദ്രാവിഡരുടെ രാജ്യത്തെ ബലംപ്രയോഗിച്ചധീനമാക്കുവാൻ ആര്യന്മാർക്കു സാധിച്ചില്ല. അവർ ആര്യന്മാർക്കു വഴങ്ങാതെ വനനിബിഡവും പർവ്വതങ്ങളാൽ സുരക്ഷിതവുമായ ആ പ്രദേശത്തു് സ്വൈരമായി വസിച്ചു തങ്ങളുടെ സംസ്കാരത്തെ പോഷിപ്പിച്ചുവന്നു. ദ്രാവിഡർ വസിച്ചിരുന്ന ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിൽനിന്നു പരുത്തിയും കുരുമുളകും സ്വർണ്ണവും മുത്തും സമൃദ്ധിയായി ലഭിച്ചിരുന്നു. അവർ സമുദ്രംവഴി പൂർവ്വപശ്ചിമപ്രദേശങ്ങളുമായി വ്യാപാരബന്ധത്തിലും ഏർപ്പെട്ടിരുന്നു. ആര്യന്മാർ ഇന്ത്യയിലെ നിവാസികളുമായി സങ്കരിച്ചു വസിപ്പാൻ തുടങ്ങിയതിനുശേഷമേ ഔത്തരാഹരും ദാക്ഷിണാത്യരും തമ്മിൽ സഹകരിക്കുവാൻ തുടങ്ങിയുള്ളു. ബലംകൊണ്ടു വശത്താക്കുവാൻ തരപ്പെടാത്ത ഈ വർഗ്ഗക്കാരെ ആര്യ

ന്മാർ ബുദ്ധിവൈഭവത്താൽ അധീനമാക്കി. ദൈവങ്ങളെ അന്യോന്യം അംഗീകരിക്കയും ആചാരനടവടികളെ പരസ്പരം സ്വീകരിക്കുകയുമാണവർ ചെയ്ത ഉപായം. ഒരുവകമായി ആര്യന്മാർക്കു ഘോരസമരം ചെയ്യേണ്ടിവന്നു.

ബി. സി. 7-ാം നൂററാണ്ടുവരെ ആര്യഭാഷ സംസാരിച്ചിരുന്ന ഹിന്ദുക്കളുടെ ചരിത്രത്തെപ്പററി ക്ലിപ്തമായി ഒന്നും പറയുവാൻ നിർവ്വാഹമില്ല. അവർ ഇടയവൃത്തിയിൽനിന്നുയർന്നു കർഷകരായും പിന്നീടു പൌരന്മാരായും ചമഞ്ഞു. റോമ, മെസപ്പൊട്ടേമിയ, ഈജിപ്തു എന്നിവടങ്ങളിൽ സാമ്രാജ്യങ്ങൾ അഭിവൃദ്ധിപ്പെട്ടിരുന്നപ്പോൾ ഇന്ത്യയിൽ വലിയ രാജ്യസ്ഥാപനങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇടയവർഗ്ഗങ്ങളുടെ തലവന്മാർ ഓരോ പട്ടണത്തിന്റെയും തൽപരിസരങ്ങളുടെയും രാജാക്കന്മാരായി ഭവിച്ചു. ചില വർഗ്ഗക്കാർ പ്രജായത്തഭരണത്തോടുകൂടിയും വർത്തിച്ചിരുന്നു. ഇവരിൽ ചില പ്രത്യേക കുടുംബക്കാരോ ഗ്രാമസംഘങ്ങളോ ആണ് ഭരണം നടത്തിയിരുന്നതു്. വമ്പിച്ച സാമ്രാജ്യങ്ങൾ സ്ഥാപിതമായപ്പോഴും ഗ്രാമസംഘങ്ങൾ വർത്തിച്ചുതന്നെയിരുന്നു. ബി. സി. 6-ാം ശതകത്തിന്റെ ആദ്യത്തിൽ ഉത്തരസമതലത്തിൽ ഇത്തരത്തിലുള്ള പതിനാറു സ്വതന്ത്രരാജ്യങ്ങൾ സ്ഥാപിതമായിരുന്നു. അവയിൽ പ്രാധാന്യം അർഹിച്ചിരുന്നതു് കോസലവും, മഗധവും, വത്സവും, അവന്തിയുമാണ്. പശ്ചിമത്തിൽ ഗാന്ധാരവും തെക്കെ അററത്തു ലങ്കയ്ക്കു് എതിർവശം പാണ്ഡ്യവും സ്ഥിതിചെയ്തിരുന്നു. ജനസമൂഹം തമ്മിൽ തമ്മിൽ കലർന്നിരുന്നുവെങ്കിലും ആര്യന്മാരുടെ ആദർശങ്ങളും ഭാഷയും പ്രബലപ്പെട്ടുതന്നെ വന്നു. ഇതു വടക്കെ ഇന്ത്യ മുഴുവനും പരിലസിച്ചു. അധികമധികം രാജ്യങ്ങൾ അധീനപ്പെടുത്തപ്പെട്ടപ്പോൾ ഭാഷയ്ക്കും ആചാരാദികൾക്കും വ്യത്യാസങ്ങൾ വന്നുകൂടി. ഇന്ത്യയെ ആക്രമിച്ചു പിടിച്ച വീരന്മാർ ആ സംരംഭത്തിന്നു ശാന്തരായി സന്യസിക്കുവാൻ തുട

ങ്ങിയപ്പോൾ പുരോഹിതവർഗ്ഗത്തിന്നു പ്രാബല്യം സിദ്ധിച്ചു.

ഡെൽഹിയിലെ ഇടുങ്ങിയ സമതലത്തുകൂടി തെക്കോട്ടും കിഴക്കോട്ടും ആര്യന്മാർ വ്യാപിച്ചപ്പോൾ അവരുടെ ആചാരാദികളിൽ വ്യത്യാസങ്ങൾ ഭവിച്ചുതുടങ്ങി. മാംസഭക്ഷണം ത്യജിച്ചു. രാജാക്കന്മാരും പ്രഭുക്കളും മൃഗയാസക്തരായി. അവരുടെ സ്ത്രീകൾ അന്തഃപുരവാസിനികളും ആയി.

സമുദായം വിവിധജാതികളായി തിരിഞ്ഞു. അവർ തമ്മിൽ ആഭിജാത്യഭേദത്താൽ ഉച്ചനീചത്വങ്ങളും ഉണ്ടായി. കാലാന്തരത്തിൽ അതു ചാതുർവ്വർണ്ണ്യമായി രൂപാന്തരപ്പെട്ടു. പുരോഹിതന്മാരായ ബ്രാഹ്മണർ, യുദ്ധവീരന്മാരായ ക്ഷത്രിയർ, കൃഷകരും വണിക്കുകളുമായ വൈശ്യർ, സേവാകവൃത്തിക്കാരായ ശൂദ്രർ ഇവരാണ് നാലു വർണ്ണങ്ങൾ. ഇവർക്കു കീഴിൽ ഒരുജാതിയിലും പെടാതെയും ഒരുപാട്ടജനം ഉണ്ടായിരുന്നു. ഓരോ ജാതിയും അതതിനു വിധിച്ചിരുന്ന ജാതിമര്യാദകളെ പാലിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു.

ബ്രാഹ്മണനാണ് ജാതിവ്യവസ്ഥയുടെ നിയാമകൻ. മററുള്ളവർ ബ്രാഹ്മണനെ മാനിക്കണം. ജ്ഞാനവിജ്ഞാനങ്ങൾ ബ്രാഹ്മണാധീനങ്ങളാണ്. അവർ പ്രാർത്ഥനാമന്ത്രങ്ങൾ രചിക്കയും നീചസംസർഗ്ഗം ത്യജിക്കയും മരണാനന്തരമുള്ള സായൂജ്യത്തിൽ വിശ്വസിക്കയും ചെയ്തിരുന്നു. ഋഗ്വേദതത്വങ്ങളും അവയിലെ ദേവതമാരും മാത്രം അവരിൽ ചിലർക്കു തൃപ്തിനൽകിയിരുന്നില്ല. തദുപരിയുള്ള പരമാത്മജ്ഞാനം ആരാഞ്ഞു അവർ ചിന്തയിൽ മുഴുകി. ഈ ചിന്തകന്മാരുടെ വിചാരഗതിയെ രേഖപ്പെടുത്തിയിരിക്കുന്നതാണ് ഉപനിഷത്തുക്കൾ. ഇവയിൽ ചിലതിന്നു ബി. സി. 8-ാം ശതകത്തോളം പഴക്കമുണ്ട്. ഇന്ത്യയിലെ തത്വചിന്തകൾക്കെല്ലാം അടിസ്ഥാനം ഈ ഉപനിഷത്തുക്കളാണ്. ബുദ്ധമതസിദ്ധാന്തങ്ങളിലും ഈ തത്വങ്ങളിൽ ചിലതു പ്രതിഫലിക്കുന്നുണ്ട്.

ബ്രാഹ്മണരുടെ ചിന്താഫലമായി രണ്ടു കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ജീവിതത്തിന്റെ ഒരംശംമാത്രമാണ് ഐഹികജീവിതമെന്നും ജീവികൾക്കു പുനർജ്ജന്മമുണ്ടെന്നും ആ ജന്മം മുൻജന്മകർമ്മഫലങ്ങളെ അനുസരിച്ചിരിക്കുമെന്നും അവർ വിശ്വസിച്ചു. ഇതിനെയാണ് കർമ്മം എന്നു അവർ നിർവചിച്ചിരുന്നതു്. കർമ്മത്തിനു വിധി എന്നല്ല, പ്രവൃത്തി എന്നാണ് അർത്ഥം. സ്വകർമ്മംകൊണ്ടു മനുഷ്യൻ മൃഗമായും ജന്മം എടുക്കുമെന്ന് അവർ സിദ്ധാന്തിക്കുന്നു. ഈ സിദ്ധാന്തമാണ് അവരെ ഭൂതാനുകമ്പയുള്ളവരാക്കി തീർത്തതു്. ജന്തുക്കൾ മനുഷ്യോപയോഗത്തിനു സൃഷ്ടിക്കപ്പെട്ടവയല്ലെന്നും മനുഷ്യനുമായി ബന്ധമുള്ളവയാണെന്നും ആണ് വെപ്പ്. ജന്മഗ്രഹണം പാപമാണെന്നും അതിൽനിന്നു വിമുക്തനാകുവാൻ ഏവനും പ്രയത്നിക്കേണ്ടതാണെന്നും പ്രാചീനങ്ങളായ ഉപനിഷത്തുക്കൾ ഘോഷിക്കുന്നു. ഇതിനു സ്വയംസംയമനവും ജ്ഞാനവും സർവൈക്യബോധവും ഉണ്ടാകേണ്ടതാണ്. ഉപനിഷത്തുക്കളിലെ തത്വങ്ങളാണ് ജാതിക്കെട്ടിനെ ബലപ്പെടുത്തുന്നതു്. ഇഹത്തിൽ മാത്രമല്ല പരലോകത്തും ഈ സ്ഥിതി ഒഴിക്കാവതല്ല.

ഈ മഹനീയ തത്വങ്ങൾ സാധാരണ ജനതയെ ബാധിച്ചിട്ടേയില്ല. ദേവന്മാരെ ആരാധിച്ചു കഴിയുന്നതിൽ മാത്രമാണ് അവരുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നതു്. ഉപനിഷത്തുക്കളിലെ തത്വങ്ങൾ ഉണ്ടായിരുന്നിട്ടും ഇന്നും ജന്തുബലി നടപ്പിലുണ്ടു്. ജനനിബിഡങ്ങളായ നഗരങ്ങളിൽ പോലും നിരവധി ദേവന്മാർ ആരാധിക്കപ്പെടുന്നു. ദേവദാസിവർഗ്ഗം അവരുടെ സമ്പാദ്യം മുഴുവനും ക്ഷേത്രങ്ങൾക്കായി അർപ്പിക്കുന്നു. ക്ഷത്രിയരും, വൈശ്യരും, ശൂദ്രരുമെല്ലാം ബ്രാഹ്മണാജ്ഞയ്ക്കു കീഴ്പ്പെട്ടു നടക്കുന്നുണ്ടു്. അവരാണ് മതപരമായ കർമ്മങ്ങളും ദേവാരാധനയും നടത്തിയിരുന്നതു്. നർമ്മദാനദി തരണം ചെയ്തു ദക്ഷിണാപഥത്തിൽ വാസമാ

ക്കിയപ്പോഴുംകൂടി ആൎയ്യന്മാർ അവിടത്തെ നിവാസികളായ ദ്രാവിഡരെ നിഷ്കൃഷ്ടരായി കരുതി സ്വസംഘത്തിൽ ചേൎക്കാതെ പേർ തിരിച്ചുതന്നെയാണു് നിൎത്തിയിരുന്നതു്. ദ്രാവിഡരാകട്ടെ അവരെ ആദരിച്ചുപചരിക്കുകയും അവരുടെ തത്വോപദേശങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ഉത്തരദേശങ്ങളിലെ നഗരികളിലും സമതലങ്ങളിലും വസിക്കുന്നവർ സമരങ്ങൾ മൂലമൊ വിപ്ലവാദികൾ മൂലമൊ ജീവിതം അലങ്കോലപ്പെടായ്കയാൽ പറയത്തക്ക ഉപദ്രവങ്ങളൊന്നുംകൂടാതെ സ്വൈരമായി കഴിഞ്ഞുകൂടി. ആകയാൽ അവരുടെ ജീവിതചൎയ്യയിൽ ഭേദഗതികളൊന്നും വന്നില്ല. എന്നു മാത്രമല്ല ജാതിക്കെട്ടു് ഈ അവസ്ഥയെ സുഖമാക്കുകകൂടി ചെയ്തു. ഈ ഹിന്തുമതതത്വങ്ങൾ അനാൎയ്യവൎഗ്ഗക്കാരുടെ ഇടയിൽ നിഷ്പ്രയാസം പ്രചരിച്ചു. ബ്രാഹ്മണാധിപത്യത്തിൽ വൎത്തിച്ചിരുന്ന സമുദായത്തിൽ ഉൾപ്പെട്ടിരിപ്പാൻ ഒരു ഹിന്തു അഭിമാനിച്ചിരുന്നു. ജാതിക്കെട്ടു അതിലുൾപ്പെടാതെയിരുന്നിരുന്നവരോടെല്ലാം ചെറുത്തുനില്ക്കത്തക്ക ഐക്യം അവരിലുളവാക്കി. മററാചാരങ്ങളും വിശ്വാസങ്ങളും കൈക്കൊണ്ടിരുന്ന വിദേശീയർ ഇന്ത്യയെ ആക്രമിച്ചെങ്കിലും ഹൈന്ദവധൎമ്മത്താൽ കെട്ടിപ്പടുക്കപ്പെട്ട ബന്ധത്തെ തകൎപ്പാൻ ശക്തരായില്ല. ജാതിക്കെട്ടു് ഒരനാചാരമായി വിദേശികൾക്കു തോന്നുമായിരിക്കാം. അതുമൂലം ജനങ്ങൾ തമ്മിൽ സഹകരിച്ചു കഴിവാൻ തരപ്പെടുന്നില്ലെന്നു വാദിക്കുന്നവരുമുണ്ടായിരിക്കാം. ബ്രാഹ്മണതത്വങ്ങളാണു് ന്യായപരവും സുഖവുമായി ജീവിതം നയിക്കുവാൻ വിഘാതമായി വൎത്തിക്കുന്നതു് എന്നഭിപ്രായക്കാരുമുണ്ടു്. എന്നാൽ മൂവ്വായിരത്തിലധികം കൊല്ലം സമുദായാഭിവൃദ്ധിക്കു പ്രയോജനപ്പെട്ടതു് ജാതിക്കെട്ടും ബ്രാഹ്മണതത്വങ്ങളുമാണെന്നു് ആരും വിസ്മരിച്ചു പോകരുതു്.

---o---

## 25. ഹിന്ദുമതവും ബുദ്ധമതവും

ബി. സി. 600-ാമാണ്ടടുത്തു് ആൎയ്യന്മാർ പഞ്ചനദത്തിൽനിന്നു കിഴക്കോട്ടു ഗംഗാസമതലത്തിലേക്കും ദക്ഷിണാപഥത്തിലേക്കും വ്യാപിച്ചപ്പോൾ ആൎയ്യപുരാതനന്മാർ വിശ്വസിച്ചുവന്നതും ഋഗ്വേദം ഘോഷിക്കുന്നതുമായ വൈദികമതം ഒന്നു പരിഷ്കരിക്കപ്പെട്ടു. അപ്പോൾ അതു് അവിടങ്ങളിലെ വൎഗ്ഗക്കാൎക്കു രുചിക്കത്തക്കവണ്ണം അവരേയും ചേൎത്തും അവരുടെ ആരാധനാമൂൎത്തികൾക്കുകൂടി തുല്യസ്ഥാനം നൽകിയും വ്യവസ്ഥിതമായ ഒരു രൂപം കൈക്കൊണ്ടു. അങ്ങിനെ അതു ആദിമഹിന്ദുമതമായിച്ചമഞ്ഞു. വൈദികമതം ഹിന്ദുമതമായിച്ചമഞ്ഞപ്പോൾ അതിൽ മൂന്നു ജാതിയെ (ത്രൈവൎണ്ണികന്മാർ) ഉൾപ്പെട്ടിരുന്നുള്ളു. എന്നാൽ ഈ സമുദായത്തിൽ ചേൎക്കപ്പെടാതെ ഇരുന്നിരുന്ന ജാതിക്കാർ ബുദ്ധമതാവിൎഭാവത്തിൽ അതിൽ ചേരുകയാൽ ഹിന്ദുമതത്തിനു ക്ഷയം തട്ടുകയും ബ്രാഹ്മണപ്രാബല്യത്തിനു ക്ഷതമുണ്ടാകുകയും ചെയ്തു. ഇതു കണ്ടറിഞ്ഞ ബ്രാഹ്മണർ ഹിന്ദുസമുദായത്തിൽ നാലാമതു് ഒരു ജാതി സൃഷ്ടിക്കയും അതിൽ അന്നേവരെ സമുദായത്തിൽ ചേൎക്കാതെ നിൎത്തിയിരുന്നവരെയെല്ലാം ഉൾപ്പെടുത്തുകയും അങ്ങനെ അവരുടേയും ആരാധനാമൂൎത്തികളും ആചാരനടവടികളും ഉൾക്കൊണ്ടു നാം ഇന്നു കാണുമ്പോലുള്ള രൂപത്തിൽ ഹിന്ദുമതം ഭേദപ്പെടുകയും ചെയ്തു. തങ്ങളുടെ ക്ഷയിച്ച പ്രാബല്യത്തെ വീണ്ടെടുപ്പാൻ ബ്രാഹ്മണർ ചെയ്ത ഈ പ്രയോഗത്തിൽ അവർ ജയിക്കതന്നെ ചെയ്തു. ഈ ശൂദ്ര ജാതിക്കായി പുരാണേതിഹാസാദിഗ്രന്ഥങ്ങളും നിൎമ്മിക്കപ്പെട്ടു.

ഇന്നു് ഹിന്ദുമതത്തിലെ ആരാധനാമൂൎത്തികൾ മുപ്പത്തിമുക്കോടിയാണു്. അന്നാവട്ടെ 33 ദേവന്മാരെ മാത്രമാണു് ആരാധിച്ചുവന്നിരുന്നതു്. ഇന്നു് അവർ അഭിചാരകൎമ്മങ്ങ

ളിൽ വിശ്വസിക്കുന്നു. അവരുടെ ആചാരനടവടികൾ അനേകങ്ങളും ദുർഗ്രഹങ്ങളുമാണ്. ഇന്നത്തെ മന്ത്രാദികൾ എണ്ണമററ രൂപത്തിലുമാണ്. ഒട്ടാകെ നോക്കുകയാണെങ്കിൽ ഇന്നത്തെ ഹിന്തുമതം ഋഗ്വേദം ഘോഷിക്കുന്ന വൈദികമതം അല്ലതന്നെ.

ഹിന്ദുമതത്തിൽ സർവ്വജനങ്ങളേയും ഉൾപ്പെടുത്തുവാൻ തക്കവിധം അതിനെ വിപുലീകരിച്ചതു ബുദ്ധമതത്തിന്റെ ആവിർഭാവം നിമിത്തമാണ്. ഈ മതത്തിന്റെ സ്ഥാപകൻ ഹിമാലയപാർശ്വത്തിലെ ഒരു ചെറിയ രാജ്യം മാത്രമായ കപിലവസ്തുവിലെ രാജാവായ ശുദ്ധോദനന്റെ പുത്രൻ സിദ്ധാർത്ഥനാണ്. 19-ാം വയസ്സിൽ അദ്ദേഹം മനോഹരിയായ ഒരു രാജകന്യകയെ വിവാഹം ചെയ്തു. യൌവനകാലം മുഴുവനും വേട്ടയാടിയും വിനോദിച്ചും സുഖോല്ലാസാദികളിൽ ഏർപ്പെട്ടും കാലം കഴിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹത്തിനു മനസ്സംതൃപ്തി ഉണ്ടായില്ല. അതേവരെ താൻ നയിച്ചുപോന്ന ജീവിതം യഥാർത്ഥമല്ലെന്ന് അദ്ദേഹത്തിനു തോന്നി. രോഗം, മരണം, സുഖത്തിന്റെ അസ്ഥിരതയും അപൂർണ്ണതയും ഇവയെല്ലാം അദ്ദേഹത്തെ അസ്വസ്ഥചിത്തനാക്കി. ഇങ്ങനെ വിഷമിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന് ഒരു സന്യാസിയെ കണ്ടെത്തുവാൻ ഇടയായി. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ജീവിതത്തിൽ അഗാധമായി ലയിച്ചുകിടക്കുന്ന യാഥാർത്ഥ്യത്തെ ആരാഞ്ഞു കണ്ടെത്തുവാൻ സിദ്ധാർത്ഥൻ ഉറച്ചു.

പുത്രമിത്രാദികളെയെല്ലാം ത്യജിച്ചു ആരുമറിയാതെ വനംപ്രവേശിച്ചു യതിവര്യരുമായി വാദിച്ചും അവരുടെ ഉപദേശം കൈക്കൊണ്ടും കുറച്ചുകാലം നയിച്ചു. എന്നാൽ ഉപവാസവും ആത്മപീഡയും തപസ്സുംചെയ്തു ശക്തിയും ജ്ഞാനവും സമ്പാദിപ്പാനുള്ള ഈ ശ്രമം പരാജയപ്പെടുകയാണ് ചെയ്തതു്. പിന്നെ അദ്ദേഹം ആ ഉദ്യമം ത്യജിച്ചു. അതോ

ഴുകൂടി ശിഷ്യന്മാരും അദ്ദേഹത്തെ വിട്ടുപോയി.

മനുഷ്യന്നു ജ്ഞാനോദയമുണ്ടാകണമെങ്കിൽ ധ്യാനമാത്രതക്കൂടിയേ കഴിയൂ എന്നു് അദ്ദേഹം കണ്ടു. ഒരിക്കൽ നാനാചിന്തകളിലാണ്ടു് അസ്വസ്ഥചിത്തനായി ഒരു നദിക്കരയിലെ ഒരു മരച്ചുവട്ടിലിരിക്കുമ്പോൾ അദ്ദേഹത്തിന്നു വ്യക്തമായ ജ്ഞാനബോധം ഉണ്ടായി. അതിന്നുശേഷം അദ്ദേഹം കാശിയിൽ ചെന്നു പഴയ ശിഷ്യന്മാരെ തേടിപ്പിടിക്കുകയും കാശിരാജാവിന്റെ മൃഗോദ്യാനത്തിൽ പർണ്ണശാലകൾ കെട്ടി ജ്ഞാനസിദ്ധിക്കായി വന്നിരുന്ന നിരവധി ജനങ്ങളെ അദ്ധ്യയനം ചെയ്യിച്ചുവരികയും ചെയ്തു.

അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ സാരമാവിതു്:—ലോകത്തിലെ കഷ്ടാനുഭവങ്ങളെല്ലാം വ്യക്തികളുടെ തൃഷ്ണകളിൽ നിന്നുത്ഭവിക്കുന്നവയാകുന്നു. തൃഷ്ണകളെ ജയിക്കുന്നതുവരെ അവന്റെ ജീവിതം ദുരിതമയവും സന്താപനിമഗ്നവുമായിരിക്കും. പഞ്ചേന്ദ്രിയങ്ങൾ മൂലമുണ്ടാകുന്ന ലോഭമോഹാദികൾ, വ്യക്തിപരവും സ്വാർത്ഥജടിലവുമായ ആഗ്രഹം, ലോകായതത്വം, എന്നിങ്ങനെ മൂന്നു രൂപത്തിൽ ജീവിതാസക്തി ദോഷഭൂയിഷ്ഠമായിരിക്കുന്നു. സക്തിയുടെ ഈ എല്ലാ രൂപങ്ങളേയും ജയിച്ചാലേ ജീവിതത്തിലെ കഷ്ടപ്പാടുകളിൽനിന്നും നിരാശതകളിൽനിന്നും മുക്തിനേടുവാൻ കഴിയൂ. അവയെ ജയിച്ചാൽ—അഹംബുദ്ധി നിശ്ശേഷം മാഞ്ഞുപോയാൽ—ആത്മശമം അഥവാ നിർവ്വാണം പ്രാപിക്കാവുന്നതാണു്.

ഈ സിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റെ ശിഷ്യവർഗ്ഗത്തിനു കൂടി ദുർഗ്രഹങ്ങളായിരുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ ഇവ വളരെ ദുഷിച്ചുപോയി. അദ്ദേഹത്തിന്റെ മരണാനന്തരം പല കെട്ടുകഥകളും അദ്ദേഹത്തെപ്പറ്റി കെട്ടിച്ചമച്ചു. അതോടുകൂടി ബുദ്ധൻ ഒരവതാരപുരുഷനായിച്ചമയുകയും ചെയ്തു. എന്നാൽ അതു വിശ്വസിക്കാത്തവരും

ചിലർ ഉണ്ടാകയാൽ ബുദ്ധമതാനുയായികൾ രണ്ടായിപ്പിരിഞ്ഞു. അങ്ങനെയാണു് ബുദ്ധദേവനെ ഒരു തത്വജ്ഞനായി മാത്രം കരുതുന്ന ഹീനയാനക്കാരും, ദൈവമായി കരുതുന്ന മഹായാനക്കാരും ഈ മതാനുയായികളിൽ ഉണ്ടായതു്. പല പ്രദേശങ്ങളിലും അദ്ദേഹത്തെ ദിവ്യനായി കരുതി ആരാധിച്ചുവന്നു.

കാലക്രമത്തിൽ ഹിന്ദുമതവും ബുദ്ധമതവും തമ്മിലുള്ള ബന്ധം കുറഞ്ഞു. മൂന്നാം ഗുപ്തവംശചക്രവർത്തിയുടെ കാലത്തിന്റെ ആദ്യത്തോടുകൂടി ഈ മതം ഇന്ത്യയിലെ ഒട്ടധികം പ്രദേശത്തും വ്യാപിച്ചു. തുടക്കത്തിൽ നിർദ്ധനാവസ്ഥയിലിരുന്നിരുന്ന അവരുടെ സംഘം ഐശ്വര്യാവസ്ഥയെ പ്രാപിച്ചു.

ബുദ്ധമതസിദ്ധാന്തങ്ങൾ ചണ്ഡാലനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നതിനാൽ നിരവധി ജനങ്ങൾ അതിൽ ചേർന്നു. ബി. സി. മൂന്നാംശതകത്തോടുകൂടി അതു ദക്ഷിണേന്ത്യയിലും സിലോണിലും പ്രചാരപ്പെട്ടു. ഹിന്ദുമതാനുയായികളിൽ ഭൂരിപക്ഷത്തെക്കൂടി വിഴുങ്ങിക്കളയുമോ എന്നുള്ള ആശങ്ക അതുളവാക്കി. എന്നാൽ ആചാരവും ജാതിയും അതിനെ സഹായിച്ചില്ല. ബുദ്ധമതത്തിന്റെ വിജയങ്ങൾ ഇന്ത്യക്കു വെളിയിലാണു് പ്രത്യക്ഷപ്പെട്ടതു്. ബുദ്ധദേവന്റെ നിർമ്മലവും രമണീയവും ശാന്തിപരവുമായ ഉപദേശങ്ങൾ വിദേശജനതയുടെ ഹൃദയങ്ങളെ കവർന്നു. നീചവർഗ്ഗക്കാർക്കു ഹിന്ദുസമുദായത്തിൽ ഒരു സ്ഥാനം ഉണ്ടാക്കിക്കൊടുത്തതു്. ജീവിതം ജാതിക്കെട്ടിൽ ഉറച്ചാണു് നില്ക്കുന്നതു് എന്നു കരുതിപ്പോന്നവരിൽ വൈരസ്യം ജനിപ്പിച്ചു. തന്മൂലം അതിനു ഇന്ത്യയിൽ പ്രചാരമില്ലാതായി എങ്കിലും സംഘത്തിന്റെ പ്രവർത്തനങ്ങളാൽ അതു, സിലോൺ, ബർമ്മ, സയാം, തിബത്തു് എന്നീ സ്ഥലങ്ങളിൽ സുസ്ഥാപിതമായി. ചൈനയുടെ അഭിവൃദ്ധിക്കു കാരണമായതും ഈ മതം തന്നെ

യാണ്. മദ്ധ്യധരണ്യാഴി പ്രദേശത്തും ഈ സിദ്ധാന്തങ്ങളുടെ പ്രാബല്യം അനുഭവപ്പെട്ടു. ക്രിസ്തുമതാഭിവൃദ്ധിക്കും ഇതു വളരെ സഹായമായി ഭവിച്ചു.

## 26 ഫിനീഷ്യക്കാർ

സിറിയയുടെ ഉത്തരസമുദ്രതീരപ്രദേശമാണ് ഫിനീഷ്യ. ഇതിന്റെ കിഴക്കുഭാഗത്ത് ഉൾപ്രദേശവുമായുള്ള സാഹചര്യത്തിനു പ്രതിബന്ധമായി ലബാനൻപർവ്വതം സ്ഥിതിചെയ്യുന്നു. ഈ വീതികുറഞ്ഞ കരയിൽനിന്നു സമുദ്രത്തിലേക്കു പാറക്കുന്നുകൾ തുറിച്ചുനില്ക്കുന്നുണ്ട്. ഇങ്ങനെ വിടവുകളോടുകൂടിയ സമുദ്രമുഖത്തു നല്ല നൌകാശയങ്ങളും വളരെ ആവിർഭവിച്ചിട്ടുണ്ട്.

ഫിനീഷ്യയിലെ ജനങ്ങൾ കാനനൈററ്സ് എന്ന അഭിധാനത്താൽ അറിയപ്പെടുന്നു. ബി. സി 2800-ാമാണ്ടിൽ ചെങ്കടൽതീരത്തുനിന്നു വന്ന് ഇവിടെ കുടിയേറിപ്പാർത്തവരാണ് അവരെന്നു കരുതിവരുന്നു. ചുവന്ന മനുഷ്യരെന്നാണ് ഫിനീഷ്യരെന്ന പേരിന്നർത്ഥം. ഈ പേർകൊണ്ട് അവരെ വ്യപദേശിച്ചതു ഗ്രീക്കുകാരാണ്.

ഫിനീഷ്യക്കാർ സ്വതന്ത്രരായിരുന്നു. അവർ തങ്ങളുടെ നഗരികളെ കോട്ടകൾ കെട്ടി ഉറപ്പിച്ചു. ഈ വക നഗരികളിൽ പ്രാധാന്യം അർഹിക്കുന്നതു ടയറും, സിഡനും, ബൈബ്ളസ്സും, അരാദസ്സുമാണ്. ഓരോ നഗരിയും അതതു രാജാക്കന്മാരാലാണ് ഭരിക്കപ്പെട്ടിരുന്നതു്. അവർ തമ്മിൽ മത്സരിച്ചുമിരുന്നു. ഇങ്ങനെ മത്സരിച്ചിരുന്നവരിൽ പ്രാമാണ്യം ടയറിനും സീഡനുമാണ്.

സാഹസികളായ ഈ വർഗ്ഗക്കാരുടെ ചരിത്രമൊന്നും രേഖപ്പെടുത്തിവെച്ചിട്ടില്ല. എന്നാൽ ഇവർ സ്വന്തമായ ഒരക്ഷരമാല നിർമ്മിച്ചിരുന്നു. അതുകൊണ്ടും ആദ്യത്തെ സമുദ്ര

സഞ്ചാരികൾ എന്ന നിലയ്ക്കും ഇപ്പോഴും അവർക്കു പ്രാമാണ്യം കല്പിച്ചുവരുന്നു. പ്രത്യേകമായ പരിഷ്കാരമൊന്നും അവർക്കുണ്ടായിരുന്നില്ല. അവർ സമുദ്രസഞ്ചാരികളായിരുന്നതുകൊണ്ട് ഓരോ പ്രദേശത്തെ പരിഷ്കാരങ്ങളെ അന്യദേശങ്ങളിൽ പ്രചരിപ്പിക്കുവാൻ പ്രയോജനപ്പെട്ടിരുന്നു.

ഫിനീഷ്യ ഫലപുഷ്ടിയില്ലാത്ത പ്രദേശമാണ്. അതിനാൽ ഫിനീഷ്യക്കാർ സമുദ്രസഞ്ചാരത്തിൽ ഏർപ്പെട്ടതു ഭക്ഷണം അന്വേഷിച്ചായിരിക്കണം. മദ്ധ്യധരണ്യാഴിയിൽനിന്നു ലഭിച്ചിരുന്ന ടണ്ണി എന്ന മത്സ്യംകൊണ്ട് ഒരു വലിയ കുടുംബത്തിനു കുറച്ചുകാലം കഴിച്ചുകൂട്ടാം. അങ്ങനെയാണ് അവർ കഴിഞ്ഞുകൂടിയിരുന്നതും. ലബനൻ പർവ്വതത്തിലെ വനങ്ങളിൽനിന്നു ലഭിച്ച മരത്തടികൾകൊണ്ടുണ്ടാക്കിയതായിരിക്കാം അവരുടെ ആദ്യത്തെ സമുദ്രവാഹിനികൾ. ചങ്ങാടങ്ങളാവാനും വിരോധമില്ല. ഇഴകൾകൊണ്ട് തുഴഞ്ഞാണ് അത്തരം വാഹനങ്ങൾ നടത്തിയിരുന്നത്. പിന്നീടവ വക്കത്തു തണ്ടുകൾ വെച്ചുകെട്ടിയും, മൃഗത്തോൽകൊണ്ടും പൈപ്പറസ്സുകൊണ്ടും ചണനാരുകൊണ്ടും നിർമ്മിച്ച പായകൾ ഉപയോഗിച്ചും പരിഷ്കരിച്ചു. ഇവയെല്ലാം തീരപ്രദേശങ്ങളിൽക്കൂടിയുള്ള യാത്രകൾക്കേ ഉപയോഗപ്പെട്ടിരുന്നുള്ളു.

സിറിയൻ തീരപ്രദേശത്തു കുടിയേറിപ്പാർത്തതോടുകൂടി ഈ വർഗ്ഗക്കാർ സമുദ്രസഞ്ചാരത്തിൽ നൈപുണ്യം പ്രാപിച്ചു. അവർ കുടിയേറിപ്പാർത്ത പ്രദേശം ഇടുങ്ങിയതും കൃഷി ചെയ്യുവാൻ പ്രയോജനപ്പെടാത്തതുമായിരുന്നതിനാൽ അവർക്കു വ്യാപാരത്തിലേർപ്പെട്ടു ഉപജീവനം കഴിക്കേണ്ടതായിട്ടുതന്നെ വന്നുകൂടി. ലബനൺ മലകളിൽനിന്നു വള്ളങ്ങളും മററും പണിയുവാനുള്ള മരങ്ങൾ യഥേഷ്ടം ലഭിച്ചു. സ്വദേശത്തു നല്ല തുറമുഖങ്ങൾ വേണ്ടുവോളം ഇല്ലായിരുന്നതിനാൽ വിദൂരസ്ഥലങ്ങളിലേക്കു യാത്രചെയ്യുവാൻ അവർ പ്രേരിതരായി. അങ്ങനെയുള്ള യാത്രകളിൽ, അനുകൂലങ്ങളായ കടലോ

ഴക്കകൾ അവർ കണ്ടെത്തി. അങ്ങനെ അവർ ടയറിൽനിന്നു സൈപ്രസ്സിലെത്തി. അവിടന്നു തെക്കുള്ള ഈജിപ്തിൽ ചെന്നു് ആ വഴിക്കു സ്വദേശത്തേക്കും തിരിച്ചു.

ഈജിപ്തിന്റെ പ്രതാപം നശിച്ചപ്പോൾ വാണിജ്യം കരസ്ഥമാക്കിയതു ക്രീററുകാരായിരുന്നു. ക്രമത്തിൽ അവർക്കു ക്ഷയം പററുകയും അവരുടെ സ്ഥാനത്തു ഫിനീഷ്യക്കാർ കയറുകയും ചെയ്തു. കാലവിളംബമെന്യേ അവർ നാനാപ്രദേശങ്ങളിലും പ്രശസ്തിനേടി. അവരുടെ നാവികന്മാർ ധീരതയ്ക്കും സാഹസപ്രയത്നങ്ങൾക്കും പുകഴ്‌കൊണ്ടു. അവർ സൈപ്രസ്സിൽനിന്നു ലഭിക്കുന്ന ചെമ്പും ഈജിപ്തിൽ നിർമ്മിച്ചിരുന്ന സ്ഫടികവും മൺപാത്രങ്ങളും വ്യാപരിച്ചു. തകരവും അംബറും അഡ്രാട്ടിക് പ്രദേശങ്ങളിൽനിന്നു കൊണ്ടുവന്നു. അറേബിയയിലെ സുഗന്ധദ്രവ്യങ്ങളും, ഇന്ത്യയിലെ രത്നക്കല്ലുകളും ദന്തവും, ഈജിപ്തിലെ പരുത്തിയും ചണയും, ആഫ്രിക്കയിലെ സ്വർണ്ണവും കരിമരവും, ഒട്ടകപ്പക്ഷി തൂവലുകളും സ്പെയിനിലെ ധാന്യങ്ങളും, ഗ്രീസ്സിലെ ചെമ്പും, തകരവും, മാർബിളും ചായം കൊടുക്കുവാൻ ഉപയോഗപ്പെട്ടിരുന്ന ഒരുതരം മത്സ്യവും, പേഴ്‌സ്യയിലെ പരവധാനികളും, കാക്കസസ്സിലെ ധാതുദ്രവ്യങ്ങളും അടിമകളുമെല്ലാം അവരുടെ വ്യാപാരവസ്തുക്കളിൽ ഉൾപ്പെട്ടിരുന്നു. അവർ നിർമ്മിച്ചിരുന്ന വസ്തുക്കളായ പാത്രങ്ങളും ആഭരണങ്ങളും രമ്യമായി കസവു പിടിപ്പിച്ചുണ്ടാക്കിയിരുന്ന വസ്ത്രങ്ങളും സ്ഫടികവസ്തുക്കളും നീലച്ചായവുമാണു മററു വ്യാപാരവസ്തുക്കൾ.

ഈ വക വാണിജ്യസഞ്ചാരങ്ങൾ ആപൽക്കരങ്ങളായിരുന്നുവെങ്കിലും ലാഭേച്ഛ അവരെ ആ ഉദ്യമത്തിൽനിന്നു പിൻമാററിയില്ല. ദിക്‌നിർണ്ണയയന്ത്രങ്ങളോ ഭൂപടമോ ഒന്നും അന്നുണ്ടായിരുന്നില്ല. കപ്പലിന്റെ തട്ടിൽനിന്നു് അപകടങ്ങൾ കണ്ടറികതന്നെ വേണ്ടിയിരുന്നു. ആദികാലം മുതല്ക്കേ നക്ഷത്രങ്ങളെ ലക്ഷ്യമാക്കി സഞ്ചരിപ്പാൻ ഫിനീഷ്യക്കാർ

ഗ്രഹിച്ചിരുന്നതുകൊണ്ടു് രാത്രികാലങ്ങളിലും അവർ സഞ്ചരിച്ചിരുന്നു.

മദ്ധ്യധരണ്യാഴിതീരം മുഴുവനും അവർ ചുററി സഞ്ചരിച്ചിരുന്നു. അവരിൽ ചിലർ അവിടങ്ങളിലെ വിവിധസ്ഥലങ്ങളിൽ കയറിപ്പാർത്തു അവിടങ്ങളിൽനിന്നു ലഭിക്കാവുന്ന സാധനങ്ങൾ വാങ്ങി ശേഖരിച്ചിരുന്നു. അങ്ങനെ ആ വക സ്ഥാനങ്ങളിൽ അവർ പെരുകിവശായി. സ്വദേശത്തു ജനബാഹുല്യം കുറയ്ക്കുവാൻ ഈ കുടിയേററിപ്പാർക്കൽ ഉപകരിച്ചു. ഈ സങ്കേതങ്ങൾ പിന്നീടു വാണിജ്യകേന്ദ്രങ്ങളായും ചമഞ്ഞു. കൂടാതെ, ആഫ്രിക്കയുടെ ഉത്തരഭാഗങ്ങളിലും സിസിലിയിലും ഫ്രാൻസിൻെറ തെക്കുകിഴക്കൻ തീരത്തും സ്പെയിൻവരെയും അവർ പാർപ്പുറപ്പിച്ചിരുന്നു. ടയർ അധഃപതിച്ചതിനു ശേഷവും അവക്ക് അഭിവൃദ്ധിയാണുണ്ടായതു്. തകരത്തിനുവേണ്ടി ഇംഗ്ലണ്ടിലെ കോറൻവാളിൽകൂടി അവർ എത്തിയിരുന്നു.

ബി. സി. 600-ാമാണ്ടിടയ്ക്കു നിക്കോഫറോവിൻെറ ആവശ്യാത്ഥം ഫിനീഷ്യക്കാർ ആഫ്രിക്കൻ വൻകര ചുററി സഞ്ചരിച്ചതായി പറയപ്പെട്ടിരിക്കുന്നു. മദ്ധ്യധരണ്യാഴിപ്രദേശത്തെ വാണിജ്യം ഇവക്കു കുത്തകയായി ചമഞ്ഞ കാലത്തു് ഇവർ അദ്ധ്വാനശീലന്മാരായിരുന്നു. എന്നാൽ അവരുടെ പ്രവൃത്തികളിൽ തന്മയത്വം (originality) കണ്ടിരുന്നില്ല. അവർ നിർമ്മിച്ചിരുന്ന വസ്തുക്കളെല്ലാം അനുകരണമായിരുന്നു. 1922-ൽ ഉണ്ടായ ഒരു കരയിടിവിൽനിന്നു ബി. സി. 2000-ാം ആണ്ടിൽ ഭരിച്ചിരുന്ന ഒരു രാജാവിൻെറ ശവകുടീരം കണ്ടെത്തുകയുണ്ടായി. അതിൽ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഈജിപ്തുകാരുടെ മാതൃകയിൽ നിർമ്മിച്ച നിരവധി വസ്തുക്കൾ ഉണ്ടായിരുന്നു. ലോഹങ്ങൾ ഉരുക്കി വാക്കാനും അടിച്ചു പരത്തി തകിടുകളാക്കുവാനും അവയിൽ കൊത്തുപണികൾ ചെയ്യുവാനും അവർ വിദഗ്ദ്ധ

രായിരുന്നു. സ്ഫടികനിർമ്മാണവും അതിനു ചായം കൊടുക്കലും അവർ ഈജിപ്തുകാരിൽനിന്നു പഠിച്ചു. മർക്സ്മത്സ്യത്തിൽനിന്നാണ് അവരുടെ പ്രസിദ്ധമായ ഊതനിറത്തിലുള്ള ചായം ലഭിച്ചിരുന്നതു്. ഇവർ വഴിക്കാണ് പാശ്ചാത്യന്മാക്കിടയിലും പരിഷ്കാരം വ്യാപിച്ചതു്. താമരപ്പൂവു്, സ്ഫിൻക്സ് പക്ഷങ്ങളോടുകൂടിയ ഭീമാകാരമായ ജീവികൾ എന്നിവയെല്ലാം പാശ്ചാത്യക്കു പരിചയമായതു് ഇവരുടെ ചിത്രങ്ങളിൽനിന്നാണു്. വ്യാപാരംമൂലം വസ്ത്രധാരണരീതികളും അനുകരിച്ചു.

പാശ്ചാത്യദേശങ്ങളിൽ ഫിനീഷ്യൻ ലിപികൾ പ്രചരിച്ചതാണ് എല്ലാററിലും പ്രധാനമായിട്ടുള്ളതു്. ഈ ലിപികൾ ഈജിപ്തുകാരുടെ അനുകരണങ്ങളായിരുന്നുവെങ്കിലും അതിൽ 22 വ്യഞ്ജനാക്ഷരങ്ങളേ ഉൾക്കൊണ്ടിരുന്നുള്ളൂ. ഈജിപ്തിൽനിന്നു പെപ്പയറസ്സ് കൊണ്ടുവന്നു്, ഈ ലിപികൾ അതിൽ എഴുതി ക്രമപ്പെടുത്തുകയാണ് അവർ ചെയ്തു്. ഈ ലിപികളിൽനിന്നാണ് പാശ്ചാത്യദേശങ്ങളിലെ അക്ഷരമാലകളെല്ലാം രൂപീകരിക്കപ്പെട്ടിരിക്കുന്നതു്.

ഇവരിൽനിന്നു ലഭിച്ചിട്ടുള്ള രേഖകൾ വ്യാപാരപരമായ ചില കത്തിടവാടുകളും, ചില മതഗ്രന്ഥങ്ങളും, കൃഷിപരമായി നിർമ്മിച്ചിട്ടുള്ള ഒരു കൃതിയുമാണു്.

ഫിനീഷ്യരുടെ മതം വിഷയാസക്തിപരവും അക്രമപരവും ബഹുദേവതാമുള്ളതുമായിരുന്നു. സൂര്യന്റെ ചണ്ഡശക്തിയുമായി സംബന്ധിച്ചുള്ള ബാൽ ആണ് പ്രധാനപ്പെട്ട ആരാധനമൂർത്തി. ചന്ദ്രനോടു സംബന്ധമുള്ള ടാനിററം, ഫലപുഷ്ടിക്കധീശനായ അഷ്ടോത്തുമാണ് അവരാരാധിച്ചിരുന്ന മററ ദേവന്മാർ. മദ്യപന്മാരുടെ യോഗമായിട്ടാണ് കർമ്മങ്ങൾ ഇവർ നടത്തിയിരുന്നതു്. ശിശുബലിയും ഇതിൽ ഉൾപ്പെട്ടിരുന്നു.

ഫിനീഷ്യൻ കർമ്മകുശലരുടെ സഹായം പല രാജ്യക്കാ

രും ആവശ്യപ്പെട്ടിരുന്നു. ഗൃഹോപകരണാദികൾ നിർമ്മിപ്പാൻ ഫിനീഷ്യക്കാരെ ആശ്രയിച്ചിരുന്നു. യെരുശലേം പണിക്കായി ശലമോൻ നൃപനും അവരെ നിയമിച്ചു. ടയറിലെ രാജാവായ ഹിറാമിൽനിന്നാണ് ദേവാലയം പണിക്കുള്ള മരങ്ങൾ ശലമോൻ വാങ്ങിച്ചിരുന്നതു്.

ശലമോന്റെ കാലത്തും അഹാബിന്റെ കാലത്തും ഫിനീഷ്യക്കാർ ജൂതന്മാരുമായി മൈത്രീയിലാണ് വർത്തിച്ചിരുന്നതു്. എങ്കിലും അവർ തമ്മിൽ വലിയ പൊരുത്തമൊന്നും ഉണ്ടായിരുന്നില്ല. ഫിനീഷ്യക്കാർ കച്ചവടത്തിനോടൊപ്പം കൊള്ളയും സ്ത്രീമോഷണവും നടത്തിവന്നതായിരുന്നു ഇതിനുള്ള കാരണം. സ്ത്രീകളെ അടിമകളായും വിററുവന്നിരുന്നു.

മററു വർഗ്ഗക്കാരായും ഫിനീഷ്യക്കാർ സഖ്യത്തിലല്ല വർത്തിച്ചുവന്നതു്. അവരെ അക്കാലത്തെ വലിയ നുണയന്മാരായിട്ടാണ് കരുതുന്നതു്. അവരുടെ വ്യാപാരപഥങ്ങൾ അന്യരുടെ കൈയ്യിൽ അകപ്പെടാതിരിപ്പാൻ അന്യരിൽ ഭയം ജനിപ്പിക്കത്തക്ക കെട്ടുകഥകൾ അവർ നിർമ്മിച്ചു വിട്ടിരുന്നു. നെബുക്കഡ്നസ്സറാൽ നിരോധിക്കപ്പെട്ട ടയറിനെ പതിമൂന്നുകൊല്ലം അവർ ചെറുത്തു രക്ഷിച്ചു. ബാബിലോണിൽനിന്നും അവൎക്കു പൊറുതികേടുണ്ടായിക്കൊണ്ടിരുന്നു.

പേഴ്സ്യക്കാരുടേയും മാസിഡോണിയക്കാരുടേയും അക്രമങ്ങളിൽനിന്നു അവരുടെ പുരാതനനഗരികളെ രക്ഷിപ്പാൻ ഏഷ്യയിലെ ധീരന്മാരായ ഫിനീഷ്യക്കാൎക്കുകൂടി സാധിച്ചില്ല. ഇവരുടെ ചരിത്രം ഇവരെ കീഴടക്കിയവരുടേതിൽ ലയിച്ചുപോയി.

ആഫ്രിക്കയിൽ അവർ സ്ഥാപിച്ച ഉപനിവേശരാജ്യങ്ങൾ അവരുടെ സ്വാതന്ത്ര്യത്തെ സുരക്ഷിതമാക്കി സൂക്ഷിച്ചു. പിൽക്കാലത്തു കാർത്തേജ് റോമുമായി ഭരണാധികാരം പുലർത്തുവാൻ പൊരുതുകതന്നെ ചെയ്തു.

സിറിയയുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടുവെങ്കിലും അവി

ടത്തെ ജനതയാണ് ലോകത്തിന്റെ ബുദ്ധിശക്തിയെ ഉത്തേജിപ്പിക്കാൻ പര്യാപ്തരായതു്. അവരുടെ ചരിത്രമാണ് പൂർവ്വപശ്ചിമ പ്രദേശങ്ങളേയും പ്രാചീനമദ്ധ്യകാലങ്ങളിലെ ചരിത്രങ്ങളേയും കൂട്ടി ഇണക്കിക്കൊണ്ടുള്ള ശൃംഖലയായി പരിണമിച്ചതു്.

—o—

## 27. ഐറോപ്യൻ പരിഷ്കാരം

പണ്ടുകാലത്തു സഞ്ചാരപഥമായി ഉപയോഗപ്പെട്ടിരുന്ന പ്രധാനസമുദ്രം മദ്ധ്യധരണ്യാഴിയായിരുന്നു. ബി. സി. മൂവായിരാമാണ്ടു മുതല്ക്കേ ഈജിപ്തുകാരുടെ വാണിജ്യക്കപ്പലുകൾ അതിൽകൂടി സഞ്ചരിച്ചുതുടങ്ങി. കപ്പൽവഴിക്ക് ഈജിപ്തിൽ നിന്നു യൂറോപ്പിലേക്കു ചെമ്പു കൊണ്ടുപോയിരുന്നിരിക്കാം. ഈജിയൻ സമുദ്രതീരരാജ്യങ്ങളിലേയ്ക്കു് അവർ ഇതു കയററിക്കൊണ്ടുപോയിരുന്നു എന്നതു തർക്കമററ സംഗതിയാണ്. അവിടെനിന്നും കരമാർഗ്ഗം അതു നോർവെ, സ്വീഡൻ, ഡെൻമാർക്ക് എന്നീ രാജ്യങ്ങളിലേക്കും എത്തിച്ചിരുന്നു. ബി. സി. രണ്ടായിരമാമാണ്ടോടുകൂടി ചെമ്പു ഉത്തരപശ്ചിമയൂറോപ്പിൽ സാധാരണമായി ഉപയോഗിച്ചുതുടങ്ങി. നോർവേയിൽ പിച്ചളയും പ്രചുരപ്രചാരത്തിലിരുന്നു.

ലോഹങ്ങളുടെ ഉപയോഗം ഉത്തരപശ്ചിമയൂറോപ്പിൽ പറയത്തക്ക സംസ്കാരാഭിവൃദ്ധി വരുത്തുവാൻ പര്യാപ്തമായില്ല. സ്റ്റോൺഹെഡ്ജിനെപ്പോലെയും കാർനാക്കിനെപ്പോലെയും ഉള്ള പുരാതന ശിലാസ്തംഭങ്ങൾ ഉണ്ടായിരുന്നതല്ലാതെ രമണീയമായ ശില്പവേലകൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

പുരാതനകാലത്തെ ഐറോപ്യൻ സംസ്കാരം കണ്ടെത്തുവാൻ പരിഷ്കാരത്തിൽ പുരോഗമിച്ചിരുന്ന പൌരസ്ത്യദേശങ്ങളിലും അവയ്ക്കടുത്തു സ്ഥിതിചെയ്തിരുന്ന ഈജിയൻ ദ്വീപുകളിലും അവയുടെ പരിസരങ്ങളിലും ആരായുകതന്നെ വേ

ണം. ക്രിസ്തുവിന്നു രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പുതൊട്ടേ ഏഷ്യാമൈനറിലേയും പൌരസ്ത്യദേശങ്ങളിലേയും ജനങ്ങൾ തമ്മിൽ വ്യാപാരബന്ധം ഉണ്ടായിരുന്നതായി കാണപ്പെട്ടുന്നുണ്ട്.

ഏഷ്യാമൈനറിന്റെ വടക്കുപടിഞ്ഞാറെ മൂലയിൽ വ്യാപാരപഥങ്ങളുടെ മദ്ധ്യവർത്തിയായി ഡാർഡനൽസിന്റെ പ്രവേശദ്വാരത്തു ട്രോയി നഗരം സ്ഥിതി ചെയ്തിരുന്നു. അതിലെ നിവാസികൾക്കു ബി. സി. 2500 കൊല്ലങ്ങൾക്കു മുമ്പ് കളിമണ്ണുകൊണ്ടുള്ള പാത്രനിർമ്മാണവും, വസ്ത്രം നെയ്ത്തും അറിയാമായിരുന്നു. വെയിലത്തു വെച്ചുണക്കിയ ഇഷ്ടികകൾകൊണ്ടു കോട്ടകളും പണിതിരുന്നു. ഇങ്ങനെ പണിയപ്പെട്ടവയാണ് ആ പ്രദേശത്തെ പ്രഥമമായ കോട്ടകൾ. ബി. സി. 1600-ൽ ട്രോയി നഗരത്തിനു ചുററും ഒരു കോട്ട കെട്ടപ്പെട്ടു. ഇതിലെ മതിലിനു 15 അടി വണ്ണമുണ്ട്. അതിലെ പ്രവേശനദ്വാരങ്ങളും ഗോപുരങ്ങളും മഹത്തരങ്ങളാണ്. വാണിജ്യംകൊണ്ടും നികുതിപിരിവുകൊണ്ടും കൊള്ള ചെയ്തു ലഭിച്ച വകകൊണ്ടുമാണ് ഈ സമ്പൽസമൃദ്ധി അതിനുണ്ടായതു്. ഇവക്കു സഹായമായ ഒരു ലിപിയുണ്ടായിരുന്നു. കോലെഴുത്തുരൂപത്തിലുള്ള ഈ ലിപി അസ്സിറിയക്കാരുമായി വാണിജ്യബന്ധം പുലത്തുവാൻ ഉപയോഗപ്പെട്ടു.

പ്രബലമായ ട്രോയിലെ രാജകുമാരനായ-പാരീസ്സ്. പൈലോപ്പോനിസ്സിലുള്ള സ്പാർട്ടയിലെ മീനിലസ്സ് രാജാവിന്റെ രാജ്ഞിയായ ഹെലനെ ആ രാജ്യം സന്ദർശിച്ചപ്പോൾ വശീകരിച്ചു ട്രോയിലേക്കു കൊണ്ടുപോയി. അതിനു പകവീട്ടുവാനാണ് ട്രോയിലെ യുദ്ധം നടത്തപ്പെട്ടതു്. അതിൽ അക്കാക്കൻ രാജാക്കന്മാരെല്ലാം രാജാധിരാജൻ എന്നു പുകൾ കൊണ്ട അഗമെമ്നോണിന്റെ വരുതിയിൽ ട്രോയിക്കു നേരെ യുദ്ധത്തിനൊരുങ്ങി പുറപ്പെട്ടു. പത്തു കൊല്ലം നിരോധി

ച്ച് ആ നഗരത്തെ തന്ത്രംകൊണ്ടു കൈവശപ്പെടുത്തി നശിപ്പിക്കയാണ് അവർ ചെയ്തതു്.

അവരുടെ ചരിത്രത്തിലെ അതിപ്രധാനമായ ആദ്യത്തെ ഒരു സംഭവമായിട്ടാണ് ട്രോയിയുദ്ധത്തെ യവനന്മാർ ഗണിച്ചിരിക്കുന്നതു്. അവരുടെ പൂർവ്വികന്മാരുടെ മഹനീയകൃത്യങ്ങളെ അതു സൂചിപ്പിക്കുന്നു എന്നു അവർ കരുതുന്നു. ഈ യുദ്ധം കഴിഞ്ഞു മൂന്നു നൂററാണ്ടുകൾക്കപ്പുറം ഹോമർ എന്ന മഹാകവി ഈ യുദ്ധത്തോടു യവനർക്കിടയിൽ നടപ്പുണ്ടായിരുന്ന കഥകളെ കൂട്ടിയിണക്കി രണ്ടു കാവ്യങ്ങൾ രചിച്ചു. അവ ഇന്നും പാരായണം ചെയ്യപ്പെടുന്നുണ്ടു്. ഈ കാവ്യങ്ങൾ ലോകത്തിലെ മഹാകാവ്യങ്ങളുടെ കൂട്ടത്തിലൊന്നായിട്ടാണ് ഗണിക്കപ്പെട്ടുവരുന്നതു്. ഈ കാവ്യങ്ങളായ ഒഡിസ്സിയും ഇലിയഡും അക്കാലത്തെ ജനങ്ങളുടെ ജീവിതരീതിയെ പ്രതിപാദിക്കുന്നുണ്ടു്. അന്നത്തെ സമുദായാചാരങ്ങളും അവയിൽ ലീനമായി കിടപ്പുണ്ടു്.

## 28. ക്രീററു്.

ഈജിയൻ പ്രദേശങ്ങളേയും പരിഷ്കാരാഭിവൃദ്ധി പ്രാപിച്ചിരുന്ന പൂർവ്വപ്രദേശങ്ങളേയും സംയോജിപ്പിച്ചു നിർത്തുവാൻ ഏഷ്യാമൈനർ എപ്രകാരം പ്രയോജനപ്പെട്ടിരുന്നുവോ അപ്രകാരം ക്രീററും അതിനു ചുററും ഉള്ള പ്രദേശങ്ങളേയും ഈജിപ്തിനേയും സംഘടിപ്പിക്കുവാൻ ഉപയോഗപ്പെടുന്നതായിഭവിച്ചു. ബി. സി. 1800-ാമാണ്ടിനു മുമ്പു തന്നെ ഈജിപ്തിലേയും പേഴ്സ്യയിലേയുംപോലെ പഴക്കമുള്ള ഒരു പരിഷ്കാരം അവിടെയുമുണ്ടായിരുന്നു എന്നു അടുത്ത കാലത്തു നടത്തപ്പെട്ട ഭൂഗർഭഗവേഷണങ്ങൾ തെളിയിക്കുന്നു. ആ പരിഷ്കാരം നാലുശതാബ്ദംകൂടി നീണ്ടുനിന്നു. അക്കാലത്തു് ആ ദ്വീപു മൈനോസ്സ് എന്ന സ്ഥാനപ്പേരുള്ള

രാജാക്കന്മാരാണ് ഭരിച്ചിരുന്നതു്. തന്മൂലം ആ പരിഷ്കാരത്തിന്നു മൈനോൺ പരിഷ്കാരം എന്നുകൂടി പേർ വന്നു.

ഈജിയൻ പ്രദേശത്തെ ആദിമനാവികവീരന്മാർ ക്രീററിലെ ജനങ്ങളാണ്. അവരുടെ പ്രാബല്യം നിലനിന്നിരുന്നതു് നാവികസേനയിലും വിദേശവാണിജ്യത്തിലുമാണ്. ചെമ്പും, പച്ചിറംചായവുമായിരുന്നു അവരുടെ പ്രധാന വ്യാപാരപദാർത്ഥങ്ങൾ. എന്നാൽ സമുദ്രസഞ്ചാരത്തിലുള്ള വൈദഗ്ദ്ധ്യവും സ്വതസ്സിദ്ധമായ ബുദ്ധിശക്തിയുമാണ് അവരെ പ്രബലരാക്കിയതു്. ദ്വീപിൽ ഗണ്യമായ വിളവുകളൊന്നും ഇല്ല. അവർ കൊള്ളക്കൊടുക്കയിൽ മദ്ധ്യവർത്തികളായിരുന്നു. യവനദ്വീപസമൂഹങ്ങളും നീലനദിയുടെ മുക്കോൺതുരുത്തുകളും സിറിയയുമായി അവർ വ്യാപാരം നടത്തിപ്പോന്നു. അവരുടെ കലയും ജീവിതരീതിയും ഈജിപ്ഷ്യൻ പരിഷ്കാരത്തിന്റെ ഛായയുള്ളവയായിരുന്നു.

ഇക്കാലത്തു ക്രീററ് ഉത്സാഹശീലരും അഭിവൃദ്ധ്യുന്മുഖരുമായ ജനങ്ങളാൽ നിബിഡമായിരുന്നു. കൃഷി, വ്യവസായം, വ്യാപാരം എന്നിവയിലാണവർ ഏർപ്പെട്ടിരുന്നതു്. ആഡംബരപൂർണ്ണമായ ജീവിതം നയിച്ചിരുന്ന അവർക്കിടയിൽ സാഹിത്യവിദ്യയും പ്രചരിച്ചിരുന്നു. തലസ്ഥാനവും രാജസ്ഥാനവും നോസസ്സായിരുന്നെങ്കിലും പ്രധാന നഗരി ഫെസ്റ്റോസായിരുന്നു.

യൂറോപ്യൻ ചരിത്രത്തിലെ ആദ്യത്തെ മഹാനഗരിയായി നോസസ്സിനെ ഗണിക്കാം. ബി. സി. 1500-ൽ അതിൽ എണ്പതിനായിരം ജനങ്ങൾ അധിവസിച്ചിരുന്നു. ശുചീകരണപദ്ധതികളും നിവാസസൌകര്യങ്ങളും ഇന്നുള്ള നഗരികളിൽ കാണുംപോലെതന്നെയായിരുന്നു. തെരുവീഥികൾ സമകോണമായിട്ടാണ് നിർമ്മിച്ചിരുന്നതു്. ഗൃഹങ്ങൾക്കു രണ്ടും അധികവും നിലകൾ ഉണ്ടായിരുന്നു. നടുക്കു വിശാലമായ തളവും, അതിനുചുററും കാററും വെളിച്ചവും

സുലഭമായ മുറികളും, മുറികൾക്കിടയ്ക്കു കുളിമുറികളും ഉണ്ടായിരുന്നു.

നോസസ്സിലെ രാജമന്ദിരം രണ്ടു ഭാഗങ്ങളായി തിരിച്ചാണു് പണിയിരുന്നതു്. നിവാസത്തിനുദ്ദിഷ്ടമായ ഭാഗത്തു നാലഞ്ചു കോവണിപ്പടികളും, അലംകൃതങ്ങളായ അനേകം മുറികളും, കിടപ്പറകളും, കുളിമുറികളും, കക്കൂസകളും, പണിപ്പുരകളും എല്ലാമുണ്ടു്. മറുവശത്തു് ആസ്ഥാനസഭാഗൃഹം, പടക്കോപ്പും ഭക്ഷ്യപദാൎത്ഥങ്ങളും സംഭരിക്കുവാനുള്ള അറകൾ, ഒരു ദേവാലയം എന്നിവയാണു്. രാജമന്ദിരത്തിലേയ്ക്കുള്ള പ്രവേശനദ്വാരം ഇടുങ്ങിയതും വളഞ്ഞതുമായിരുന്നു. ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുത്തുനില്പാൻ ഉദ്ദേശിച്ചു പണിയപ്പെട്ടതാണു് അതു് എന്നു കരുതപ്പെടുന്നു. എന്നാൽ അതിനുചുററും കോട്ടമതിലുകളൊന്നുമില്ലതാനും.

അവരുടെ ചിത്രകല പരിഷ്കാരത്തിലും മേന്മയിലും തിളക്കത്തിലും വിസ്മയനീയമായിരുന്നു. രാജമന്ദിരത്തിന്റെ ഭിത്തികളിൽ മനുഷ്യമൃഗാദികളുടേയും, മധുവാഹകന്മാരുടേയും, നൎത്തകികളുടേയും, ഋഷഭോയോധനങ്ങളുടേയും, കായികവിനോദങ്ങളുടേയും ചിത്രങ്ങൾ പ്രകൃതിവിലാസത്തോടും വിവിധവൎണ്ണംകൊടുത്തും ലേഖനം ചെയ്തിരുന്നു.

ക്രീററിലെ ശില്പമാതൃകകളും നമുക്കു ലഭിച്ചിട്ടുണ്ടു്. അക്കാലത്തു് അവിടത്തെ മൺപാത്രനിൎമ്മാണവും, ദന്തശില്പവും, വൈരക്കല്ലു ചെത്തുക്കലും, ചിത്രവേലകളുമെല്ലാം മററു പരിഷ്കൃതരാജ്യങ്ങളിൽ ഉള്ളവയോടു കിടപിടിക്കത്തക്കവയായിരുന്നു. കൌതുകകരമായ വിവിധ തരങ്ങളിൽ അവർ വസ്ത്രം നെയ്തിരുന്നു. അരമറയ്ക്കുവാനുള്ള വസ്ത്രങ്ങൾകൊണ്ടു പുരുഷന്മാർ തൃപ്തിപ്പെട്ടിരുന്നുവെങ്കിലും വൎഷത്തിലെ ശൈത്യബാധ എല്ക്കാതിരിക്കുവാൻ അവർ കുപ്പായം ധരിച്ചിരുന്നു. സ്ത്രീകൾ വിവിധ വൎണ്ണങ്ങളോടുകൂടിയ മേലങ്കിയും, ചെറിയ അരമറയും, അടിവരെ ഞാന്ന മേലങ്കി

യും, ഉയൎന്ന ശിരസ്സുവും ഇഷ്ടപ്പെട്ടിരുന്നു. സ്ത്രീയും പുരുഷനും ഒരുപോലെ ആഭരണപ്രിയരായിരുന്നു. ക്രീററിൻെറ പ്രതാപകാലത്തു് അവർ ഗ്രീസ്സിലെ ദ്വീപുകളിലും പെലൊപ്പോനീസ്സിലും അധികാരം ചെലുത്തിയിരുന്നു. തലസ്ഥാന നഗരിയിൽ പ്രഭുജനങ്ങളും വണിക്കുകളും ആഡംബരപൂൎണ്ണമായിത്തന്നെ അന്നും ജീവിതം നയിച്ചുവന്നു.

ക്രീററിലെ പരിഷ്കാരം ഈജിപ്തിൻെറ അനുകരണമാണ് എന്നു ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ, അതു സ്വയം രൂപീകൃതമാണെന്നാണ് ആധുനികചിന്തകന്മാരുടെ അഭിപ്രായം. ഇവർ പരിഷ്കാരത്തിൽ ഈജിപ്ത്കാരെ എത്രത്തോളം അനുകരിച്ചുവോ അത്രത്തോളം അവർ ക്രീററുകാരേയും അനുകരിച്ചിട്ടുണ്ട്. ഒരുകാലത്തു് ഇവരുടെ പരിഷ്കാരം ഈജിപ്ത്കാരുടേയും ബാബിലോണിയക്കാരുടേയും പരിഷ്കാരത്തോടൊപ്പം അഭിവൃദ്ധിപ്പെട്ടിരുന്നു. വടക്കേ ഇററലിയിൽ കുടിയേറിപ്പാൎത്തിരുന്ന എററ്റസ്കൻകാരും ഫിലിസ്റ്റൻകാരും ക്രീററുകാരുടെ പിരിവുകളായിരിക്കാം എന്നു അനുമാനിക്കുന്നു. വാണിജ്യത്തിൻെറയും രാജ്യത്തിൻെറയും രക്ഷക്കു മാത്രമായിട്ടാണ് ക്രീററിലെ നാവികസേന ഉപയോഗപ്പെട്ടതു്. ക്രീററുകാരുടേയും ഈജിപ്ത്കാരുടേയും കപ്പൽവ്യാപാരം ഗ്രീസ്സുമായിട്ടായിരുന്നു. ആ വഴിക്കായിരിക്കണം ക്രീററിലെ പരിഷ്കാരം ഗ്രീസ്സിൽ പ്രചരിച്ചതു് .

ക്രീററിലേക്കാൾ മുമ്പു മൈസിനെയിലാണ് ഭൂഗൎഭഗവേഷണം നടത്തപ്പെട്ടതു്. തന്മൂലം ക്രീററിലെ പരിഷ്കാരം മൈസീനെയിലേതായി കരുതപ്പെട്ടു. എന്നാൽ ക്രീററിൽ നിന്നുത്ഭവിച്ചതാണ് മൈസീനെയിലെ പരിഷ്കാരമെന്നു പറയുന്നതായിരിക്കും അധികം യുക്തമായിരിക്കുക. 1867-ൽ ജൎമ്മൻ ഭൂഗൎഭഗവേഷകനായ സ്ലീമാനാണ് മൈസീനെയിലെ അവശിഷ്ടങ്ങൾ ഗവേഷണം ചെയ്തതു്.

ടൈറൻസും ഗ്രീസ്സിൻെറ ദക്ഷിണഭാഗത്തുള്ള മൈസീ

നേയും രണ്ടായി പിരിഞ്ഞു കിടക്കുന്നതായിട്ടാണ് സ്ലീ
മാൻ കണ്ടതു്. ഈ നഗരങ്ങളിലെ ഗൃഹാവശിഷ്ടങ്ങൾ കല്ലു
കൊണ്ടുള്ള അസ്ഥിവാരങ്ങളോടു കൂടിയവയാണ്. നഗരത്തി
ലേക്കുള്ള പ്രവേശം സിംഹകവാടത്തിൽകൂടിയാണ്. ഈ
ദ്വാരത്തിന്റെ മുകളിൽ രണ്ടു സിംഹങ്ങൾ പിൻകാലുകളിൽ
ഇരിക്കുന്നതായിട്ടുള്ള ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ടായിരുന്ന
തുകൊണ്ടാണ് അതിനു സിംഹകവാടം എന്നു പേർ സിദ്ധമാ
യതു്. ഈ ഭാഗത്തു പാറ വെട്ടിപ്പൊളിച്ചു നിർമ്മിച്ചിട്ടുള്ള
ആറു ശവകുടീരങ്ങൾ ഉണ്ടു്. അവയ്ക്കകത്തുള്ള മൃതശരീരങ്ങ
ളിൽ സ്വർണ്ണനിർമ്മിതമായ ആഭരണങ്ങളും, കിരീടങ്ങളും, ക
ല്ലുപതിച്ച ഉടമകളും, പടച്ചട്ടകളും കാണുന്നുണ്ടു്. ഈ ശവ
ശരീരങ്ങളിൽ ഒന്നു ജീർണ്ണിക്കാതിരിപ്പാൻ ഈജിപ്റ്റിലെ മാ
തൃകയിൽ തൈലലേപനം ചെയ്യപ്പെട്ടിട്ടുണ്ടു്. മകുടംവെച്ച
ഒരു മന്ദിരം ഈ പട്ടണത്തിന്റെ ഒരു പ്രത്യേകതയാണ്.
വിശേഷപ്പെട്ട ചിത്രവേലകൾ അതിൽ ചെയ്തിട്ടുണ്ടു്. അ
തിൽ ഒരു ശവകുടീരവുമുണ്ടു്. അതിനെ അറ്റ്റിയസിന്റെ
ഭണ്ഡാരമായിട്ടാണ് കരുതിവരുന്നതു്.

മൈസീനെയ്ക്കു പ്രാധാന്യം സിദ്ധിച്ചതു് അതിന്റെ
സ്ഥാനവിശേഷംകൊണ്ടാണ്. അർഗ്ഗോളിസ്സ് ഉൾക്കടലിൽനി
ന്നു കോറിന്തു ഉൾക്കടലിലേക്കുള്ള വ്യാപാരപഥം അതിൽ
കൂടിയാകുന്നു. അതുവഴി കടത്തിക്കൊണ്ടു പോകുന്ന സാമാ
നങ്ങൾക്കു ചുങ്കം ചുമത്തിയിരുന്നു. മൈസീനെയിലെ ക
ലാവിദ്യ രമണീയമായിരുന്നു. കല്ലുചെത്തുക്കൽ, ചിത്രരചന,
ലോഹപ്പണി എന്നീ തൊഴിലുകൾ അഭിവൃദ്ധി പ്രാപിച്ചി
രുന്നു. കൊത്തുവേലയും ഗൃഹനിർമ്മാണവും അത്രതന്നെ അഭി
വൃദ്ധിപ്പെട്ടിരുന്നില്ലെന്നുവേണം പറയുവാൻ,

ഈ കാലഘട്ടത്തെ പരിഷ്കാരം ഗ്രീസ്സിന്റെ ദക്ഷിണ
ഭാഗത്തേക്കു മാത്രമേ വ്യാപിച്ചിരുന്നുള്ളു. തെസലി സമത
ലത്തിലെ ജനങ്ങൾ മിക്കവാറും കാടരായിരുന്നു. ബി. സി.

1500 വരെ ലോഹങ്ങൾകൊണ്ടുള്ള പ്രയോഗം തെസലിക്കാർ അറിഞ്ഞിരുന്നില്ല.

## 29 യവനർ

യവനരാജ്യമായ ഗ്രീസ്സിന്റെ വിസ്മയനീയമായ ചരിത്രം ഭൂപ്രകൃതിയിലും, കാലാവസ്ഥയിലും, പരിതഃസ്ഥിതിയിലുമുള്ള അസാധാരണതയെ ആശ്രയിച്ചാണ് നിലകൊള്ളുന്നതു്. ഉത്തരഭാഗത്തു് ശൈത്യവും ദക്ഷിണഭാഗത്തു് ഉഷ്ണവും അധികമുള്ള പ്രദേശങ്ങൾക്കിടയിൽ മദ്ധ്യധരണ്യാഴിയിലാണ് ഗ്രീസ്സു സ്ഥിതി ചെയ്യുന്നതു്. യൂറോപ്പിലെ ഉത്തരസമതലത്തിൽനിന്നു പർവതനിബിഡമായ ബാൾക്കനാൽ ഇതു ഭിന്നിപ്പിക്കപ്പെട്ടിരിക്കുന്നു.

ഗ്രീസ്സിന്റെ പ്രകൃതിരാമണീയകം ഉത്തരദേശീയരെ അങ്ങോട്ടാകർഷിച്ചിരുന്നു. അവിടത്തെ നിർമ്മലമായ അന്തരീക്ഷം ചിത്രകാരന്മാരുടെ ചിന്താഗതിയെ അനന്യസാധാരണമാക്കിത്തീർത്തു. ഒരു പ്രത്യേക തരത്തിലുള്ള വീക്ഷണവും ചിന്താഗതിയും യവനജനതയ്ക്കു സ്വാഭാവികമായി.

പർവ്വതങ്ങളും സമുദ്രങ്ങളും മനുഷ്യരിൽ സ്വാതന്ത്ര്യേച്ഛ വളർത്തുന്നു. ഗ്രീസ്സിൽ രാജ്യമൊട്ടുക്കു പർവതങ്ങളും അവയ്ക്കിടയിൽ നിമ്നങ്ങളായ താഴ്വരകളുമുണ്ടു്. പർവതങ്ങളാൽ വേർതിരിക്കപ്പെട്ട വ്യത്യസ്തങ്ങളായ പല പ്രദേശങ്ങളായിട്ടാണു രാജ്യത്തിന്റെ കിടപ്പു്. ചെറു ചെറു സമുദായങ്ങളുടെ വളർച്ചയ്ക്കു് ഇതു് അനുകൂലംതന്നെ. എന്നാൽ അവയ്ക്കു തമ്മിൽ ഉണ്ടാകേണ്ട ഐക്യത്തിന്നു് ഇതു പ്രതികൂലമത്രെ.

വളഞ്ഞു പുളഞ്ഞു കിടക്കുന്ന യവനരാജ്യത്തിന്റെ ഉള്ളിലോട്ടു സമുദ്രം തള്ളികയറി അനേകം ഉൾക്കടലുകൾ ഉണ്ടാക്കിയിട്ടുണ്ടു്. സമുദ്രത്തിൽനിന്നു നാല്പതു നാഴികയിലധികം അകന്ന പ്രദേശങ്ങൾതന്നെ അവിടെയില്ല. സമുദ്രസ

ഞ്ചാരവും വാണിജ്യവുമാണവൎക്കു് അഭിമാനകരം.

ദിക്കുകൾ തിരിച്ചറിയുന്നതിന്നുതകുന്ന ഭൂപടങ്ങളൊ മററു ഉപകരണങ്ങളൊ അന്നുണ്ടായിരുന്നില്ല. സ്വരാജ്യത്തെ കടൽക്കരയിൽനിന്നു അകന്നുകിടക്കുന്ന സമുദ്രത്തിലെ പ്രവാഹങ്ങളെപ്പററിയൊ സമുദ്രത്തിലാണ്ടുകിടക്കുന്ന കരകളെപ്പററിയൊ അവൎക്കൊരറിവും ഇല്ലായിരുന്നു. സ്വരാജ്യത്തെ കരകളിലും ഈജിയൻ ദ്വീപസമൂഹത്തിലുമുള്ള പല തുറമുഖങ്ങളുമായി യവനർ വേനല്ക്കാലത്തു വ്യാപാരം നടത്തിയിരുന്നു. ഇങ്ങനെ വ്യാപരിച്ചിരുന്ന നാവികതലവന്മാരാണു് ഓരോ യവനരാജ്യത്തേയും പ്രബലമാക്കിയതു്. പൎവ്വതങ്ങൾ ഇല്ലായിരുന്നെങ്കിൽ യവനരുടെ ചരിത്രം ഒന്നു മാററിരചിക്കേണ്ടതായി വന്നേനെ. സമുദ്രമില്ലായിരുന്നെങ്കിൽ അവൎക്കു ബുദ്ധിവൈദഗ്ദ്ധ്യം പ്രകടിപ്പാനൊ മദ്ധ്യധരണ്യാഴിയിലും ഈജിയൻ കടലിലും കരിംകടലിലും ഉപനിവേശങ്ങൾ സ്ഥാപിപ്പാനൊ കപ്പൽസഞ്ചാരപഥങ്ങളെ നിൎണ്ണയിപ്പാനൊ സാദ്ധ്യമാകുമായിരുന്നില്ല. അവരുടെ ചരിത്രവും അത്രയ്ക്കു വിരളമായി ഭവിച്ചേനെ.

യവനരാജ്യത്തിലെ ജീവിതരീതിയെ അനുകൂലമാക്കിയിരുന്നതു കാലാവസ്ഥയാണു്. വേനല്ക്കാലത്തു പുറത്തിറങ്ങുവാൻ പാടില്ലാത്ത മട്ടിൽ ശൈത്യാധിക്യം അനുഭവപ്പെടായ്കയാൽ തുറന്ന സ്ഥലങ്ങളിൽ സ്വൈരമായി വിഹരിപ്പാൻ അവർ ഇഷ്ടപ്പെട്ടിരുന്നു.

പൎവ്വതനിബിഡമാകയാൽ യവനരാജ്യം കൃഷിക്കുപയുക്തമായിരുന്നില്ല. ചെറുതായ സമതലങ്ങളിൽനിന്നു ധാന്യങ്ങളും വീഞ്ഞും എണ്ണയും ലഭിച്ചിരുന്നു. പൎവ്വതപാൎശ്വങ്ങളിൽ ആടുമാടുകളും വളൎത്തപ്പെട്ടിരുന്നു.

യവനരുടെ ആദ്യചരിത്രം ഗ്രഹിക്കുവാൻ ഐറോപ്യൻ വൻകരയ്ക്കല്ല ഈജിയൻ കടലിന്റെ ദക്ഷിണഭാഗത്തു കിടക്കുന്ന ക്രീററ ദ്വീപിലേക്കാണു ശ്രദ്ധ പതിക്കേണ്ടതു്.

യവനപരിഷ്കാരത്തിന്റെ ഉത്ഭവമെങ്ങിനെ എന്നു പറയാവതല്ല. അനേകം വർഗ്ഗക്കാർ ഏകീഭവിച്ചുണ്ടായവരാണു് യവനർ. ഇങ്ങനെ ഏകീഭൂതമായ വർഗ്ഗങ്ങൾ ഏതെല്ലാം എന്നു് അറിഞ്ഞുകൂടാ. ക്രിസ്തുവിന്നു് ആയിരം വർഷങ്ങൾക്കു മുമ്പുള്ള യവനരുടെ പരിഷ്കാരവും ഗ്രീസിൽ വ്യാപിച്ചിരുന്ന ക്രീററിലെ പരിഷ്കാരവും തമ്മിൽ താരതമ്യപ്പെടുത്തിയാൽ അവയ്ക്കു തമ്മിൽ യാതൊരു പൊരുത്തവും ഇല്ലാതെയാണു് കാണുക. യവനൎക്കു കലയും ശില്പവിദ്യയും അറിവുണ്ടായിരുന്നതായി മാത്രം പറയാം. അതിന്റെ രാഷ്ട്രീയഘടനകൾ അതുമായി സമ്പൎക്കമുണ്ടായിരുന്ന ഈജിപ്തിലേയും അസിറിയയിലേയുംപോലെ സമുദായത്തിൽ ഉച്ചനീചത്വങ്ങളോടുകൂടിയവയും ആഡംബരപൂൎണ്ണങ്ങളും വൎഗ്ഗീയപ്രധാന്യം ഉള്ളവയുമായിരുന്നു. എന്നിരുന്നാലും ഈ സംസ്കാരം പിൻകാലത്തെ യവനചരിത്രത്തിനെ ക്രമീകരിപ്പാൻ പ്രയോജനപ്പെട്ടു. ചരിത്രപ്രാധാന്യമുള്ള ഒരു യവനജനതയെ സൃഷ്ടിക്കത്തക്കവണ്ണം ഒരു പ്രബലമായ തൊഴിലാളിവർഗ്ഗത്തിന്റെ ആവിർഭാവത്തിനും പിൽകാലത്തു അതൊരു അടിസ്ഥാനമായി പരിണമിച്ചു.

ബി. സി. രണ്ടായിരത്തിനും ആയിരത്തിനും മദ്ധ്യേ ഉത്തരഭാഗത്തുനിന്നു്—ഇപ്പോൾ മാസിഡോണിയ 'എന്നറിയപ്പെടുന്ന പ്രദേശത്തുനിന്നു—ചില പുതിയ വർഗ്ഗക്കാർ ഗ്രീസ്സിൽപ്രവേശിച്ചു പലേടങ്ങളിലുംകുടിയേറിപ്പാർത്തുതുടങ്ങി. രാജ്യത്തിലെ പ്രബലന്മാർ തമ്മിൽ മത്സരിക്കുകയും സ്പൎദ്ധിക്കയും ചെയ്തുവന്നു. അപ്പോൾ അവരിൽ ചിലർ ആഗതരുടെ സഹായം അഭ്യർത്ഥിച്ചു. ബി. സി. 1500-ാമാണ്ടോടു കൂടിയാണു് ഇതാരംഭിച്ചതു്. ഇങ്ങനെ ആക്രമണം തുടൎന്നവർ ഹെല്ലൻകാരും, തെസലിയക്കാരും, ഫോഷ്യക്കാരും, ഡോറിയക്കാരുമാണു്. അവർ അവിടത്തെ ആദിമനിവാസികളുമായി സൌകൎയ്യംപോലെ ബന്ധപ്പെട്ടു. അററിക്കയെ അധീനപ്പെടുത്തു

വാൻ പ്രയാസമായി കാണുകയാൽ അവരുമായി ഒത്തു യോജിച്ചു. സ്പാർട്ടയെ ആക്രമിച്ച ഡോറിയൻ വർഗ്ഗക്കാർ അവിടത്തെ ആദിമനിവാസികളുടെ കൂട്ടത്തിൽ ലയിക്കാതെ ഒററതിരിഞ്ഞു നിന്നു. മൈസേന നശിപ്പിക്കപ്പെട്ടു. അവിടത്തെ ഭാഷ ആക്രമിച്ച ആര്യന്മാരുടെ ഭാഷയായി ചമഞ്ഞു. അതാണ് യവനഭാഷ.

---

## 30. ക്രീററിലെ പരിഷ്കാരാഘാതം.

അനേകകാലംകൊണ്ടു യവനരാജ്യം അന്യാധീനപ്പെട്ടു. അവിടെനിന്നു രക്ഷതേടിപ്പുറപ്പെട്ട വർഗ്ഗക്കാർ സമുദ്രതരണം ചെയ്തു ഏഷ്യാമൈനറിൻെറ പശ്ചിമതീരത്തു ചെന്നുകൂടി. അങ്ങനെ വിജയിച്ച വർഗ്ഗക്കാരാണ് ഇയോളിയക്കാരും, ഐയോണിയക്കാരും, ഡോറിയക്കാരും. ഇങ്ങനെ വിദേശങ്ങളിൽ കയറിപ്പററിയ ഒരു സംഘമാണ് ട്രോയിനഗരം നശിപ്പിച്ചതു്.

ക്രീററിലെ നോസസ്സിനോടു പ്രതാപത്തിൽ കിടപിടിക്കത്തക്ക വേറെ രണ്ടു നഗരികൾകൂടി യവനരാജ്യത്തുണ്ടായിരുന്നു. പെലൊപ്പോനീസ്സിലെ വടക്കുപടിഞ്ഞാറെ മൂലയിൽ സ്ഥിതിചെയ്യുന്നതും ഡാർഡനൽസ്സുകടലിടുക്കിൻെറ രക്ഷാസ്ഥാനവുമായ മൈസീനാണ് അവയിൽ ഒന്നു്. ബി. സി. 1600-ൽതന്നെ അവിടെ രാജവാഴ്ചയുണ്ടായിരുന്നു. ക്രീററിലെ തൊഴില്ലാരെ അനുകരിച്ചു അഭിവൃദ്ധി പ്രാപിച്ചിരുന്ന വ്യവസായികളും തൊഴിലാളികളും സ്വർണ്ണവും അവിടെ സമൃദ്ധിയായിരുന്നു. ക്രീററിലെ പരിഷ്കാരം യവനരാജ്യത്തുറച്ചിരുന്നു. ബി. സി. 14-ാം നൂററാണ്ടിൻെറ ആദ്യത്തിൽ നോസസ്സ് നഗരം കടൽക്കൊള്ളക്കാർ കൊള്ളചെയ്തു് അഗ്നിക്കിരയാക്കിയപ്പോൾ സംസ്കാരാഭിവൃദ്ധി പ്രാപിച്ചും ഈജിയൻപ്രദേശത്തു പ്രതാപംപൂണ്ടും ഇരുന്നിരുന്നതു മൈസീനാ

ണ്. ഇന്നും നശിക്കാത്ത ഒരു മഹത്തായ രാജമന്ദിരവും പാറ വെട്ടിപ്പൊളിച്ചു തുരന്നുണ്ടാക്കിയ ഒരു ശവകുടീരവും നിർമ്മിച്ചവനും അജ്ഞാതനാമാവും പ്രതാപിയുമായ ഒരു രാജാവു യവനരാജ്യത്തുമുഴുവനും അന്നു അധികാരം ചെലുത്തിയിരുന്നു. അദ്ദേഹത്തിന്റെ വർഗ്ഗക്കാരാണ് ഏക്കിയൻസ്. അവർ സംസാരിച്ചിരുന്നതു യവനഭാഷയായിരുന്നതിനാൽ ആ പേർതന്നെ അവിടത്തെ ജനങ്ങൾക്കും കൈവന്നു.

ഈജിയൻപ്രദേശത്തു ഏക്കിയൻവർഗ്ഗക്കാരോടു പൊരുതുനില്ക്കത്തക്ക കരുത്തുള്ളവർ ആരുംതന്നെ അന്നുണ്ടായിരുന്നില്ല. തന്മൂലം അവക്കു മുമ്പു ട്രോയിക്കു അധീനമായിരുന്ന ഏഷ്യയിൽ ഉപനിവേശങ്ങൾ സ്ഥാപിപ്പാൻ സാധിച്ചു. ഇവയിൽ പ്രധാനം ലെസ്ബോസ്സാണ്.

ഈജിയൻ നൃപന്മാർ അനാഡംബരമായി നിർമ്മിക്കപ്പെട്ട വലിയ മന്ദിരങ്ങളിലാണ് നിവസിച്ചിരുന്നതു്. അവയ്ക്കു സ്വർണ്ണം, വെള്ളി, പിച്ചള എന്നിവയാൽ നിർമ്മിക്കപ്പെട്ട ശില്പവേലകൾകൊണ്ടു് അലംകൃതമായിരുന്നു. അടുപ്പു അകത്തിന്റെ നടുക്കും പുകപോകുവാനുള്ള ദ്വാരം നേരേ മുകളിലും ആണ്. ഈ തളത്തിനുചുററും കിടപ്പുമുറികളും, കലവറമുറികളും, കുളിമുറിയുമുണ്ടായിരിക്കും. സ്ത്രീകൾക്കു പ്രത്യേകമുറികൾ ഉണ്ടായിരുന്നെങ്കിലും അവർ സ്വച്ഛന്ദം പുരുഷന്മാരുമായി സഹവസിച്ചിരുന്നു. ഏക്കിയൻവർഗ്ഗക്കാർ സ്ത്രീതളേടേ വളരെ ശ്രദ്ധിച്ചാണ പെരുമാറിവന്നതു്. വൃദ്ധരോടും, സ്ത്രീകളോടും, അപരിചിതരോടും വളരെ വണക്കവും മര്യാദയും അവർ കാണിച്ചിരുന്നു.

സംഗീതം, നൃത്തം, കായികവിനോദം എന്നിവയിൽ വലിയ ഉത്സാഹവും സുഖഭക്ഷണത്തിലും കഥപറയുന്നതിലും താല്പര്യവും സാഹസപര്യടനങ്ങളിൽ പ്രതിപത്തിയും അവക്കുണ്ടായിരുന്നു. മൃഗയാവിനോദവും സമരവും അവരിഷ്ടപ്പെട്ടിരുന്നു. ആയുധങ്ങളിൽ പ്രാധാന്യം കുന്തത്തിനാണ്.

പിച്ചളകൊണ്ടുണ്ടാക്കി തുവൽകുത്തിപ്പിടിപ്പിച്ച ശിരസ്ത്രങ്ങളും ലോഹംകൊണ്ടോ തോലുകൊണ്ടോ ഉള്ള ആയുധകോശങ്ങളും പിച്ചളകൊണ്ടുള്ള കാൽമറയും മൂരിത്തോൽകൊണ്ടുള്ള പരിചയും അവർ ധരിച്ചിരുന്നു. രാജാക്കന്മാർ രഥാരൂഢരായിട്ടാണു് യുദ്ധയാത്രചെയ്തിരുന്നതു്. എന്നാൽ രഥത്തിൽ നിന്നിറങ്ങിയേ സമരം ചെയ്തിരുന്നുള്ളു. രാജാക്കന്മാർ തമ്മിൽതമ്മിലേ പൊരുതിരുന്നുള്ളു. സാധാരണജനങ്ങൾക്കു പറയത്തക്ക ആയുധമൊന്നുമുണ്ടായിരുന്നില്ല. അവർ പ്രസിദ്ധന്മാരായ യോദ്ധാക്കളുടെ പിന്നിൽക്കൂട്ടുകയാണു പതിവു്.

സമരത്തിലും സമാധാനപരിപാലനത്തിലും രാജാക്കന്മാൎക്കല്ലാതെ സാമാന്യജനങ്ങൾക്കു പങ്കൊന്നുമുണ്ടായിരുന്നില്ല. രാജാക്കന്മാർ ദൈവരക്ഷിതന്മാരാണെന്നും ഭരണാധികാരം ദൈവദത്തമാണെന്നും വിശ്വസിച്ചിരുന്നു. സ്വാമിയുടെ ആവശ്യത്തിനെന്നുകരുതിയാണു് കൃഷികൂടി ചെയ്തിരുന്നതു്.

അക്കിയൻജനതയുടെ പരിഷ്കാരത്തിൽ മതത്തിന്നു ഒരു പ്രധാനസ്ഥാനമുണ്ടു്. അവരുടെ മതത്തിൽ മററു പല വൎഗ്ഗക്കാരുടേയും ഇടയിൽ അക്കാലത്തുണ്ടായിരുന്നപോലെ അപരിഷ്കൃതവും നീചവും ആയ ആചാരങ്ങൾ ഉണ്ടായിരുന്നില്ല. നിരവധി ദേവന്മാരെ അവർ ആരാധിച്ചിരുന്നു. ഓരോ ദേവനും വെറെവെറെ നാമവും രൂപവും കൎമ്മവും കല്പിച്ചിരുന്നു. മനുഷ്യരിലെന്നപോലെ സ്ത്രീപുരുഷഭേദം ദേവന്മാൎക്കിടയിലും ഉണ്ടു്. എങ്കിലും അവൎക്കു നാശമില്ല. മനുഷ്യൎക്കെന്നപോലെ ദേവന്മാൎക്കും വികാരങ്ങൾ ഉണ്ടു്. പക്ഷെ അവയ്ക്കു മനുഷ്യരുടേതിനേക്കാൾ ശക്തികൂടും. മനുഷ്യരൂപത്തിലാണു് ദൈവങ്ങളെ നിരീക്ഷിച്ചിരുന്നതു്. അവരുടെ വാസസ്ഥാനമായി കരുതിയിരുന്നതു് ഉത്തരഗ്രീസ്സിലുള്ള ഹിമാവൃതവും മേഘചുംബിയുമായ ഒലിംപസ്സ് പൎവ്വതശിഖരത്തെയാണു്. ദേവാധിദേവനായ സ്യൂയസ്സിൻെറ അധികാരത്തിൻകീഴിൽ ഏകകുഡുംബമായിട്ടാണു് ദേവന്മാർ വൎത്തിച്ചു

ത്തു്. ഈ കുഡുംബത്തിലെ മാറംഗങ്ങൾ വാരിധികളുടേയും അശ്വങ്ങളുടേയും അധീശത്വം വഹിക്കുന്ന പോസിഡൺ, സംഗീതവൈദ്യശാസ്ത്രങ്ങളുടെ നാഥനായ അപ്പോളൊ, സമരത്തിനധിഷ്ഠാനദൈവമായ എറീസ്സ്, തൊഴില്ലധീശനായ അതീനി, മാരാധിപത്യം കൈക്കൊണ്ടിരുന്ന സുവണ്ണഅഫ്രോഡൈററു്, മൃഗയാധീശത്വം വഹിക്കുന്ന ആർട്ടിമീസ്സ് എന്നിവരത്രെ.

മനുഷ്യരുടെ അനാദരമൂലം ഈ ദേവന്മാക്കു് അപ്രീതി വരിക പതിവുണ്ടായിരുന്നുവെങ്കിലും അവക്കൊരു നേരും നെറിവും ഒക്കെയുണ്ടായിരുന്നു. ആരാധന ചെയ്യാത്തവരിലും അഹംകാരത്താൽ ബലഹീനരെ ഹിംസിക്കുന്നവരിലും മാത്രമേ അവർ അപ്രിയം കാണിച്ചിരുന്നുള്ളു. അല്ലാതെ മനുഷ്യരെ മനഃപൂവ്വം അവർ ഉപദ്രവിച്ചിരുന്നില്ല. മനുഷ്യരുടെ ദുഷ്പ്രവൃത്തികളിൽനിന്നാണു് സകല ദുരിതങ്ങളും ജാതമാകുന്നതു് എന്നു വിശ്വസിച്ചിരുന്നു. ആഭിചാരവും നരബലിയും കമ്മങ്ങളിൽ ഉൾപ്പെടുത്തിയിരുന്നില്ല. ജന്തുബലിയും പ്രാത്ഥനയും സ്തുതിഗീതങ്ങളും നൃത്തവും ഉൾപ്പെട്ടിരുന്നതാനും. വളരെ ഭക്തിശ്രദ്ധകളോടുകൂടിയാണു് കമ്മങ്ങൾ നടത്തിപ്പോന്നതു്. ബലിയായി അർപ്പിക്കപ്പെട്ട മാംസപേയാദികൾ ഭുജിച്ചു ദൈവസാമീപ്യം പ്രാപിപ്പാനാണു് അവർ യത്നിച്ചിരുന്നതു്.

ബി. സി. 4800-ൽ അക്കിയൻ വഗ്ഗക്കാർ ട്രോയി നഗരം അധീനമാക്കി. പിന്നെ രണ്ടു ശതാബ്ദം കഴിഞ്ഞപ്പോൾ ഉത്തരദേശനിവാസികൾ ആക്രമിച്ചു കയറി അവരെ നശിപ്പിച്ചു. ആ അക്രമികളിൽ പ്രബലന്മാർ ഡോറിയൻ വഗ്ഗക്കാരായിരുന്നു.

ഡോറിയൻ വഗ്ഗക്കാർ ചാരവൃത്തി കൈക്കൊണ്ടാണു് ആദ്യം രാജ്യത്തു കടന്നതു്. പിന്നീടവർ ഗ്രീസിൻെറ ദക്ഷി

ണഭാഗം അധീനപ്പെടുത്തുവാൻ ഒരു വമ്പിച്ച സേനയുമായി എത്തി. പ്രതാപവും ശക്തിയും ക്ഷയിച്ച ഏക്കിയൻ വർഗ്ഗക്കാർ രാജ്യത്തിന്റെ മൂലകളിലേയ്ക്കും വിദേശങ്ങളിലേയ്ക്കും ഒഴിഞ്ഞുമാറി. ഇവരുടെ കോട്ടനഗരികളായ മൈസീനയും ടൈറസും തീവെച്ചു നശിപ്പിച്ചു. മദ്ധ്യവർത്തിച്ചിരുന്ന അക്കാഡിയാ പ്രദേശമൊഴിച്ചുള്ള ഫിലിപ്പോനീസ് മുഴുവൻ ആക്രമികൾക്ക് അധീനമായി.

ഈ അക്രമികളുടെ ഉപദ്രവത്തിൽനിന്ന് ഒഴിഞ്ഞുനിന്നിരുന്നതു് അററിക്ക മാത്രമാണു്. പിന്നീട്ടു് ആവിടെ ഡോറിയൻ വർഗ്ഗക്കാരെക്കാൾ ബുദ്ധിശക്തിയുള്ള മറെറാരു വർഗ്ഗം ഉളവായി. പഴയ അക്കിയൻ വർഗ്ഗക്കാരിൽ പലരും അവിടെ അഭയം പ്രാപിച്ചിരുന്നു. അവിടെനിന്ന് അവർ ഈജിയൻ കടലിന്റെ മറുകരയിലും ഏഷ്യാമൈനറിന്റെ ഇപ്പുറമുള്ള ദ്വീപങ്ങളിലും വ്യാപിച്ചു. ഇവരിൽ ഉൾപ്പെട്ടവരാണു് ഐയോണിയക്കാർ. ഇവരിൽനിന്നാണു് ആ പ്രദേശത്തിനു ഐയോണിയ എന്ന പേർ ലഭിച്ചതു്. ഏഷ്യാമൈനറിന്റെ ഉത്തരകോണിൽ ഇയോളിയന് വർഗ്ഗക്കാർ ചെന്നുകൂടി. ഡോറിയൻവർഗ്ഗം ക്രീററിലും റോഡ്സിലും ഏഷ്യാമൈനറിന്റെ തെക്കുപടിഞ്ഞാറുഭാഗത്തും വാസം ഉറപ്പിച്ചു.

അങ്ങനെ ഡോറിയൻ വർഗ്ഗക്കാരുടെ അധീശത്വത്തിലും യവനജനതയുടെ വിദേശനയത്തിലും ഏക്കിയൻ ഭരണക്രമം ശിഥിലീഭവിച്ചു. പിന്നെ ഒരന്ധകാരപൂർണ്ണമായ കാലമാണാവിർഭവിച്ചതു്. ബി. സി. 8-ാം ശതാബ്ദംവരെയുള്ള കാലങ്ങളിലെ സ്ഥിതിഗതികളൊന്നും അറിവില്ല. ഡോറിയൻ വർഗ്ഗക്കാർ യവനഭാഷ സംസാരിക്കുന്നവർതന്നെയായിരുന്നു എങ്കിലും ഏക്കിയൻ വർഗ്ഗക്കാരെക്കാൾ താഴ്ന്ന പടിയിലായിരുന്നു. ഇവർ യവനരാജ്യത്തിന്നു് ഒരു പുതിയ ഉണർവ്വ് വരുത്തി. ഇവർ വന്നു അല്പകാലം കഴിഞ്ഞതോടെ യവനസംസ്കാരം രാജ്യത്തു് അവശേഷിക്കാതായി. പി

ന്നീട്ട് യവനർ തങ്ങളുടെ പുരാതനസംസ്കാരത്തെ ക്രൂരാഞ്ഞു ഡോറിയൻ വാഴ്ച്ചക്കാലത്തേയ്ക്കുപ്പുറമുള്ള മൈസീനയിലേക്ക് എത്തി.

---

## 31. നഗരഭരണാധിപത്യവും ഉപനിവേശസ്ഥാപനങ്ങളും.

വിദേശങ്ങളിൽ വ്യാപിച്ചിട്ടും യവനർ അനേകം കാലം പണ്ടത്തേപ്പോലെ ഗ്രാമങ്ങളിൽതന്നെയാണ് വസിച്ചുള്. കാലക്രമത്തിൽ ഓരോ ഗ്രാമക്കാരും മററുള്ളവരോട്ടു യോജിച്ചു ദൈവാരാധന നടത്തുകയും, വാണിജ്യബന്ധം നിലനിത്തുകയും, രാജ്യരക്ഷയ്ക്കും ഭരണത്തിനും രാഷ്ട്രസംഘങ്ങളായി വത്തിക്കുകയും ചെയ്തു. ഈ സമുദായപ്രവത്തനങ്ങളുടെ കേന്ദ്രം സമതലങ്ങളിലുള്ള ഉന്നതങ്ങളായ പാറപ്പുറങ്ങളൊ മറേറാ ആയിരുന്നു. അവ കോട്ടയോ തലസ്ഥാനനഗരിയൊ ആയി വത്തിച്ചു. അങ്ങനെയുള്ള സ്ഥാനങ്ങൾക്കു യവനഭാഷയിൽ "പോലീസ്സ്" എന്നും, ഇവയുടെ കേന്ദ്രങ്ങളായ കോട്ടകൾക്ക് "അക്രോപൊലീസ്സ്" എന്നും പേർ പറഞ്ഞുവന്നു. ഈ അക്രോപോലീസ്സുകളിൽ പ്രാമാണ്യം ഏതൻസ്നഗരിക്കാണ്.

ഇങ്ങിനെ നിരവധി നഗരഭരണസംഘടനകൾ ആവിർഭവിച്ചു. അവ ഓരോന്നും പർവ്വതങ്ങളാൽ വേർതിരിഞ്ഞു ഒന്നിനോടൊന്നു ബന്ധമില്ലാതെയാണു വത്തിച്ചിരുന്നതു്. ഓരോ വിഭാഗത്തിലേയും ജനങ്ങൾ ഭരണകേന്ദ്രത്തോട്ടു വളരെ സമീപിച്ചു വസിച്ചിരുന്നതിനാൽ ഓരോരുത്തക്കും ഭരണകാര്യങ്ങളിൽ ഭാഗഭാക്കാകണമെന്നുള്ള ആശ ജനിച്ചു. അങ്ങനെ ആ വിഭാഗങ്ങളിലുള്ള രാജാക്കന്മാരും പ്രഭുജനങ്ങളും തിരസ്കരിക്കപ്പെട്ടു; ഒരു ജനകീയ ഭരണഘടന സൃഷ്ടമാകയും ചെയ്തു. ഓരോരുത്തരും സ്വാതന്ത്ര്യത്തിൽ എന്തെന്നില്ലാതെ

അഭിമാനംകൊണ്ടു. ഈ സംഘടനകളിൽ ഉൾപ്പെടാതെയുള്ള ജീവിതം യവനൎക്കു ചിന്തിക്കതന്നെ വയ്യ. സംഘടനകൾ ഓരോന്നും തമ്മിൽ തമ്മിൽ മത്സരിച്ചാണു് കഴിഞ്ഞിരുന്നതു്. അവരവരുടെ രാജ്യത്തിനുവേണ്ടി ജീവൻ ബലികഴിപ്പാൻകൂടി ആരും മടിച്ചിരുന്നില്ല.

സമുദായഭരണഘടനകളിൽ ഉൾപ്പെട്ടിരുന്നവൎക്കെല്ലാം ആദ്യകാലത്തു അതിൽ സ്ഥാനം ലഭിച്ചിരുന്നില്ല. ഏഴും എട്ടും ശതാബ്ദങ്ങളിൽ ജന്മികളിലാണു് ഭരണാധികാരം നിലകൊണ്ടിരുന്നതു്. കൃഷിവൃത്തി മിക്ക ജനങ്ങളുടേയും നിത്യത്തൊഴിലായിരുന്നു. അവൎക്കൊന്നും ഭരണകാൎയ്യങ്ങളിൽ പങ്കുണ്ടായിരുന്നില്ല. നാണ്യം നടപ്പാക്കിയതോടുകൂടി ഭൂമിയുടമകളുടേയും കൃഷകരുടേയും സ്ഥിതി പരുങ്ങലായി. ധനം ആൎജ്ജിച്ചവനു് അതിനെ വേണ്ടപോലെ വ്യയം ചെയ്യുവാനും വകതിരിവില്ലായിരുന്നു. അവൎക്കു ദുരാഗ്രഹികളായ ജന്മികളുടെ കടുക്കകളിൽ പെട്ടു ഭൂമി അന്യാധീനപ്പെടുത്തേണ്ടതായിവന്നു. അവരെല്ലാം വെറും കുടിയാന്മാരായി ചമയുകയും ചെയ്തു.

അങ്ങനെ ഓരോ സമുദായ സംഘടനയിലും വസ്തുഉടമയില്ലാത്തവർ ഉണ്ടായിത്തീൎന്നു. അതുമൂലം മുതലാളിമാരായ ഭരണകൎത്താക്കളുടെ പേരിൽ സാധുജനങ്ങൾക്കു് അതൃപ്തിയുളവായി. അങ്ങനെ തടിച്ചുവളൎന്ന ദരിദ്രനാരായണന്മാരെ തീററിപ്പോററുവാൻ തക്ക ഫലപുഷ്ടി യവനരാജ്യത്തിനുണ്ടായിരുന്നില്ല. വസ്തുവഹകൾ പാവപ്പെട്ടവരോടൊപ്പം പങ്കിടുവാൻ ജന്മികൾ കൂട്ടാക്കിയതുമില്ല. ദരിദ്രരായ ജനതയെ വിദേശങ്ങളിലേക്കയച്ചു് അവിടങ്ങളിൽ പാൎപ്പിപ്പാനാണു് ഉദ്യമിച്ചതു്. സമ്പത്തു് അല്പം ചിലരുടെ കൈയിൽ പെട്ടതും, രാജ്യത്തു ജനസംഖ്യ പെരുകിയതും, രാഷ്ട്രീയമായ അസംതൃപ്തി ഉളവായതും ആണു് സാധുക്കളെ വിദേശങ്ങളിലേക്കു കയററി അയപ്പാൻ പ്രേരകമായതു്.

വിദേശങ്ങളിലുള്ള ഈ ഉപനിവേശസ്ഥാപനം നല്ല
കരുതലോടുകൂടിയാണ് ചെയ്തതു്. കാലേകൂട്ടി നോക്കി
ഉറപ്പിച്ച ഒരു സ്ഥലത്തേക്ക്, ഒരു തലവൻെറ നേതൃത്വ
ത്തിൽ, ഒരു സംഘം സ്ത്രീപുരുഷന്മാരെ അയയ്ക്കുയാണ് ചെ
യ്തിരുന്നതു്. ഇങ്ങനെ സ്ഥാപിതമായ ഉപനിവേശങ്ങൾക്കു
മാതൃരാജ്യത്തോടു സാമ്യമുണ്ടായിരുന്നു. മതംകൊണ്ടും, സ്നേ
ഹവാത്സല്യങ്ങൾകൊണ്ടും, അവ മാതൃരാജ്യവുമായി ബന്ധ
പ്പെട്ടിരുന്നു. ഈ ഉപനിവേശങ്ങൾ വെറും വാണിജ്യസ
ങ്കേതങ്ങളായിരുന്നില്ല. അവ മാതൃരാജ്യവുമായി വാണിജ്യ
ബന്ധം പുലർത്തിയിരുന്നു. തന്മൂലം ഉപനിവേശങ്ങൾ പുഷ്ടി
പ്പെട്ടു. വാണിജ്യം സമുദ്രംവഴിക്കായിരുന്നതിനാൽ നല്ല
തുറമുഖങ്ങൾ ഉപനിവേശങ്ങൾക്ക് ആവശ്യമായി. കപ്പൽ
പ്പണിക്കു പററിയ മരങ്ങളും, കുടിക്കുവാൻ ശുദ്ധജലവും, കൃ
ഷിക്കുപയുക്തമായ ഭൂമിയും, കാലികളെ മേയ്ക്കുവാൻ നല്ല
പുൽത്തകിടികളും, സർവ്വോപരി മത്സരബുദ്ധിയില്ലാത്ത അ
യൽരാജ്യക്കാരും ആവശ്യമായി വന്നു.

ഈ ഗുണവിശേഷങ്ങൾ ഉള്ളവയായിരുന്നു മദ്ധ്യധര
ണ്യാഴിപ്രദേശങ്ങളും കരിങ്കടൽപ്രദേശങ്ങളും. സ്വഗൃഹങ്ങ
ളിൽ സ്വസ്ഥമായിരിപ്പാൻ മടിയുള്ളവരും, പുതിയ പ്രദേശ
ങ്ങൾ കണ്ടുപിടിപ്പാൻ ഔൽസുക്യം പ്രകടിപ്പിച്ചിരുന്നവരും,
കടൽക്കൊള്ളക്കാരും, വ്യാപാരികളും ഇത്തരം പ്രദേശങ്ങളെ
പ്പററിയുള്ള അറിവുകൾ മാതൃരാജ്യത്തു എത്തിച്ചിരുന്നു. ഇ
ങ്ങനെ വർത്തിച്ച ഫിനീഷ്യക്കാരാണ് പശ്ചിമപ്രദേശത്തി
ൻെറ ഉള്ളിലേക്കു പ്രവേശിച്ചു കാഡിസ്സിന്നടുത്തുള്ള ടാർട്ടി
സ്സിലെ സ്വർണ്ണഖനി കണ്ടുപിടിച്ചതു്. ഇങ്ങനെ കണ്ടുകിട്ടിയ
സ്ഥലങ്ങളുടെ പൂർണ്ണവിവരം, തീർത്ഥയാത്രയ്ക്കായും കാര്യഗ്രഹ
ണങ്ങൾക്കായും നിരവധി ജനങ്ങൾ എത്തിക്കൂടുന്ന മദ്ധ്യഗ്രീ
സ്സിലെ ഡൽഫിയിലുള്ള അപ്പോളോവിൻെറ പുരോഹിത
ന്മാരെ അറിയിച്ചിരുന്നു. ഉത്തമമായ ഉപനിവേശങ്ങൾ

മിക്കതും ഈ പുരോഹിതന്മാരുടെ ഉപദേശമനുസരിച്ചു സ്ഥാപിക്കപ്പെട്ടതാണ്. ഭൂമിയുടെ മദ്ധ്യമാണ് ഡൽഫി എന്നും അവർ വിശ്വസിച്ചിരുന്നു. അതു വാർത്താവിതരണകേന്ദ്രമായും വർത്തിച്ചു.

ഗ്രീസ്സിൽനിന്നു പോയി ഏഷ്യാമൈനറിൽ ഉപനിവേശം സ്ഥാപിച്ചവർ അഭിവൃദ്ധിപ്പെട്ടതോടുകൂടി അവരും പുതിയ ഉപനിവേശങ്ങൾ സ്ഥാപിച്ചുതുടങ്ങി. കരിങ്കടൽ പ്രദേശത്തും ക്രിമിയയിലും മിലിററസ്സ് നിരവധി ഉപനിവേശങ്ങൾ സ്ഥാപിച്ചു. അതുപോലെ മെഗറയിൽ കയറിപ്പാർത്തവർ ചാൽസിഡനിലേക്കും ബെസൻറിയത്തിലേക്കും പ്രവഹിച്ചു. ഇവിടത്തുകാർ ധാന്യവും ചണയും മരത്തടികളും ഇരിമ്പും വെള്ളിയും മാതൃരാജ്യത്തേക്കു കയററി അയയ്ക്കുകയും പകരം അവിടെനിന്നു മൺപാത്രങ്ങളും ഏഷ്യാമൈനറിൽനിന്നു കമ്പിളിവസ്ത്രങ്ങളും ഇറക്കുമതി ചെയ്കയും ചെയ്തു. ചാൽസിഡിസിലെ ജനങ്ങൾ ഈജിയൻകടലിൻെറ ഉത്തരതീരം മുഴുവനും വ്യാപിക്കയാൽ ആ പ്രദേശങ്ങൾക്കു ചാൽസിഡിസ്സ് എന്നു പേരും വന്നു. കൊറിന്തും ഇറിട്രിയയും വളരെ പ്രാധാന്യമുള്ളവയായും ഭവിച്ചു. ദക്ഷിണഭാഗത്തേക്കു വ്യാപിച്ച യവനക്കു ഈജിപ്തിൽനിന്നും ഫിനീഷ്യക്കാരിൽനിന്നും വിരോധഭാവം അനുഭവപ്പെട്ടു. അവിടങ്ങളിലെ പ്രധാനപ്പെട്ട ഉപനിവേശങ്ങൾ നീലനദീതീരത്തിലെ നൃക്രാററിസും സൈരീനുമാണ്. സൈറീനിൽ വിവിധസമുദായരാഷ്ട്രങ്ങളിലെ യവനരും കയറിക്കൂടിയിരുന്നു. പശ്ചിമഭാഗത്ത് കൊറിന്തുകാർ കോർസൈറയിൽ ബലവത്തരമായ ഒരു ഉപനിവേശം സ്ഥാപിച്ചു. പശ്ചിമഭാഗത്തെ ഉപനിവേശങ്ങൾ സ്പാർട്ടൻകാർ കുടിയേറിപ്പാർത്ത ടാറൻറസ്സും, സൈബരീസും, ക്രോട്ടനും, പിസ്റ്റമും, നേപ്പിൾസും, ക്യൂമേയുമാണ്. ഇററലിയിലെ ദക്ഷിണപ്രദേശങ്ങളെല്ലാം മഹാഗ്രീസ്സ് എന്ന അ

ഭിധാനത്താൽ അറിയപ്പെട്ടിരുന്നു. അവിടെനിന്നും പടിഞ്ഞാട്ടു മാറി മർസേൽസിൽ ഫോഷ്യക്കാർ കയറിപ്പാറി റോൺ നദിയിൽകൂടിയുള്ള ഗതാഗതമെല്ലാം സ്വാധീനിച്ചു. കാർത്തജീനിയക്കാരുടെയും എസ്ട്രസ്കൻകാരുടേയും ഉപദ്രവം ഉണ്ടായിരുന്നിട്ടും സിസിലിക്കു പുറമെ യവനോപനിവേശങ്ങളായ സൈരാക്കൂസും, കമേറിനയും, ഗർജൻറയും, മെസീനയും, നക്സോസും പരിലസിച്ചിരുന്നു. ഇങ്ങനെ യവനർ രണ്ടു ശതാബ്ദകാലംകൊണ്ടു് മദ്ധ്യധരണ്യാഴി തീരത്തു കുടിയേറിപ്പാർത്തു് അതിനെ ഒരു യവനവാരിധിയാക്കിത്തീർത്തു.

സമുദായ ഭരണസംഘടനകൾക്കു് തമ്മിലുള്ള മത്സരം ഈ ഉപനിവേശാദ്യങ്ങളിലും പ്രത്യക്ഷപ്പെട്ടു. തന്മൂലം യവനർക്കു മദ്ധ്യധരണ്യാഴിയിൽ ഐക്യഭരണം സ്ഥാപിപ്പാൻ തരപ്പെട്ടില്ല. ഇത്തരത്തിലുള്ള ഉപനിവേശങ്ങളിൽകൂടിയാണു് യവനരുടെ ആദർശം അന്യദേശങ്ങളിൽ വിതരണം ചെയ്യുവാൻ സാധിച്ചതു്. ആ വഴിക്കാണു് ഇന്നേവരെ യവനപരിഷ്കാരം പ്രചരിച്ചതും.

---

## 32. സ്പാർട്ട.

യവനരാജ്യത്തിൽ ആക്രമണം നടത്തിയ ഡോറിയൻവർഗ്ഗക്കാരിൽ വെച്ചു ബലവാന്മാർ സ്പാർട്ടയെ തലസ്ഥാനമാക്കി ലാസിഡേമനിലെ പ്രകൃതിരമണീയമായ താഴ്വരയിൽ കയറിപ്പാർത്തവരായിരുന്നു. അവർ ടൈഗററ്സ് പർവ്വതങ്ങളുടെ ഇരുഭാഗത്തുമുള്ള ആദിമനിവാസികളെ കീഴടക്കി അടിമകളാക്കി. തന്മൂലം വിരോധികളായിത്തീർന്ന ഹെലട്ട്സ് എന്ന ആ ജനതയുടെ മദ്ധ്യത്തിൽ അവർക്കു വസിക്കേണ്ടതായി വന്നു. ഈ ആദിമനിവാസികൾ എണ്ണത്തിൽ ഒന്നുക്കു് ഇരുപതുവീതം ഉണ്ടായിരുന്നു. ബി. സി. എഴാം ശതകത്തി

ൽ ഇവർ ലഹളക്കൊരുങ്ങി. എങ്കിലും സ്പാർട്ടക്കാർ വളരെ പണിപ്പെട്ട് അതു് ഒതുക്കി. പിന്നെയും അത്തരം ലഹളകൾ ഉണ്ടായേക്കുമെന്നു കരുതിക്കൊണ്ടുതന്നെയാണ് പിന്നീടവർ ജീവിച്ചുപോന്നതു്. അങ്ങനെ ഒരു സന്ദർഭത്തെ നേരിടുവാനായി സ്പാർട്ടൻകാർ പെട്ടെന്നു തങ്ങളുടെ ജീവിതക്രമത്തിലും ഭരണരീതിയിലും മാററം വരുത്തി. സംഗീതവും കലയും സാഹിത്യവുമെല്ലാം വലിച്ചുകളഞ്ഞു. അധീനരായവരെ അടക്കിഭരിപ്പാൻ അവരും സന്തതികളും നിഷ്കർഷയോടെ അച്ചടക്കം പരിശീലിക്കുകയും, അങ്ങനെ അവർ ഒരുവക സംഘടിതയോദ്ധാക്കളായി മാറുകയും ചെയ്തു. അവരുടെ നഗരി ഒരു സൈന്യത്താവളമായും ചമഞ്ഞു.

പ്രജകളിൽ പുരുഷന്മാക്കു നിർബ്ബന്ധ സൈനികപരിശീലനം നൽകി. അബലരായ ശിശുക്കളെ നിഷ്ക്കരുണം വധിച്ചു. സ്പാർട്ടൻ വംശത്തിനു സങ്കരം വരാതെ നാട്ടിൻെറ നന്മയ്ക്കായി യുദ്ധവീരന്മാരെ പെററുണ്ടാക്കേണ്ടതു സ്ത്രീകൾക്കുള്ള ചുമതലയാണെന്നു് അവരെ പഠിപ്പിച്ചു. അവരെ ബലിഷ്ഠകളാക്കുവാൻ ഇതരയവന സമുദായത്തിൽ കാണപ്പെടാത്ത മട്ടിൽ പുരുഷന്മാരോടൊപ്പം സ്ത്രീജനങ്ങൾക്കും കായികാഭ്യാസങ്ങൾ നൽകിവന്നു. ഏഴു വയസ്സായാൽ പുരുഷപ്രജകൾ സൈനികനിവേശങ്ങളിൽ പാർപ്പാരംഭിക്കുകയായി. അവരുടെ മേൽനോട്ടം നടത്തിയിരുന്നതു പ്രായം ചെന്നവരോ, യുവാക്കളോ ആയ സ്പാർട്ടൻവർഗ്ഗക്കാർതന്നെയാണ്. ദേഹപീഡകൾ സഹിപ്പാനും ശരീരപുഷ്ടിയുണ്ടാകുവാനും പാകത്തിലുള്ള കായികാഭ്യാസവും മുഷ്കന്മാരായിതീരുവാൻതക്കവിധം ക്രൂരതരത്തിലുള്ള വിനോദങ്ങളുമാണ് അവക്കു നൽകിവന്ന ശിക്ഷണം. ഈ ശിക്ഷണത്തിൽ ജീവാപായം കൂടി ചിലപ്പോൾ ഉണ്ടായിക്കൊണ്ടിരുന്നു. മോഷണത്തിൽ വിദഗ്ദ്ധത നേടുന്നതിനുവേണ്ടി അയൽവാസികളുടെ ഭക്ഷ്യപദാത്ഥങ്ങൾ കട്ടെടുപ്പാനും അവക്കു പരിശീലനം നൽകിവന്നു.

മോഷ്ടിക്കുന്നതു് ഒരു പോരായ്മയായി കരുതപ്പെട്ടില്ല. മോഷണം കണ്ടുപിടിച്ചാൽ മാത്രമേ പോരായ്മയായി കരുതിയിരുന്നുള്ളു. പ്രായപൂർത്തിവന്ന പുരുഷന്മാരെല്ലാം രഹസ്യപ്പോലീസ്സിലും മുപ്പതു വയസ്സായവർ സമുദായപരമായി രൂപീകരിക്കപ്പെട്ട സൈനികസംഘത്തിലും പ്രവേശിച്ചുകൊള്ളണമെന്നു നിർബ്ബന്ധവുമുണ്ടു്. ഏതൊരു സ്പാർട്ടൻകാരനും വ്യാപാരത്തിലൊ കൃഷിവൃത്തിയിലൊ പ്രവേശിച്ചുകൂടാ. കർഷകവൃത്തി രാജ്യത്തിലെ ആദിമനിവാസികളായ ഹെലട്ട്സ് മാത്രമായിരുന്നു നടത്തിയിരുന്നതു്.

സ്പാർട്ടയിലെ ജീവിതരീതിയിൽ രമ്യമായി ഒന്നുംതന്നെയുണ്ടായിരുന്നില്ല. അവിടത്തെ ജനങ്ങൾ വൃത്തിയില്ലാത്തവരും ശുചിയായി ഭക്ഷിക്കാത്തവരുമാണു്. അവർ യുദ്ധവീരന്മാരായിരുന്നെങ്കിലും അവരുടെ ഭരണം ഗ്രീസ്സിൽ വെച്ചു വളരെ ദുഷിച്ച ഒന്നായിരുന്നു. അവരുടെ ധീരത അനന്യസാധാരണമായിരുന്നെങ്കിലും അച്ചടക്കത്തിലുള്ള നിഷ്കർഷമൂലം അവർ ചുമതലബോധമില്ലാത്തവരായി ചമഞ്ഞു. സദാ നിയന്ത്രിതരായിരുന്നതുകൊണ്ടു സഹിഷ്ണുത അവർക്കുണ്ടായിരുന്നില്ല. അവരെ യുദ്ധത്തിനു നയിച്ചിരുന്ന രണ്ടു രാജാക്കന്മാർകൂടി രഹസ്യപ്പോലീസ്സുകാരാൽ അനുഗതരായിരുന്നു. ഗവമ്മേണ്ടു കല്പനകളെ അതിലംഘിച്ചു വിദേശങ്ങൾ ആശ്രയം പ്രാപിച്ചിരുന്ന സ്പാർട്ടൻകാർ കുടിച്ചു മദിക്കുകയും ദുരാഗ്രഹികളും ദുർവൃത്തരുമായി ചമയുകയും ചെയ്തു. യാതൊരു വ്യത്യാസവും വരുത്തപ്പെടാതെ ഇങ്ങനിരുന്ന സ്പാർട്ടയിലെ ഏകപദ്ധതി ജനങ്ങളെ ധീരന്മാരാക്കിത്തീർക്കുക, ചോദ്യംകൂടാതെ അനുസരണമുള്ളവരാക്കിത്തീർക്കുക എന്നിവയാണു്. എന്നാൽ ഇതവരെ മൂർഖരും വിവേകശൂന്യരും ക്രൂരരും ആക്കിത്തീർത്തു. നിത്യവും നല്കിവന്ന പരിശീലനംകൊണ്ടവർ സുന്ദരഗാത്രരായും കഠിനചിത്തരായും തീർന്നു.

സ്പാട്ടൻകാർ ഏകാധിപത്യം മാത്രമേ ആഗ്രഹിച്ചിരുന്നുള്ളു. അതും അവരുടെ രാജ്യത്തു നടപ്പുള്ള നിയമങ്ങൾപ്രകാരമുള്ളതു മാത്രം. ബി. സി. ഏഴും ആറും നൂററാണ്ടുകളിൽ ഗ്രീസ്സിലെ മററു സമുദായ ഭരണരാജ്യങ്ങളിൽ അധിപതികളായി ചിലർ ആവിർഭവിച്ചു. ജനങ്ങളെ വിദേശങ്ങളിലേക്കു കുടിയേററിപ്പാർപ്പിച്ചിട്ടും രാജ്യത്തു ദാരിദ്ര്യവും അതൃപ്തിയും പ്രവൃദ്ധമായിത്തന്നെയിരുന്നു. താന്താങ്ങളെ ഭരിപ്പാനുള്ള സാമ്പത്തികസ്ഥിതിയോ സമയമോ ഇല്ലായിരുന്നു. കഷകരും വണിക്കുകളും തൊഴിലാളികളും പ്രഭുജനങ്ങളുടെ ദുഷിച്ച ഭരണത്തെ വെറുത്തു. ഈ മർദ്ദിതപ്പരിഷയുടെ പേരും പറഞ്ഞു ചിലർ പൊരുതു ജയിച്ചു ചിലപ്പോൾ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചിരുന്നു. ഉത്തരത്തിലുള്ള സ്വേച്ഛാപ്രഭുക്കൾ ക്രൂരരും പ്രാപ്തരും പ്രബലരുമായിരുന്നു. അവർ വാണിജ്യവ്യവസായങ്ങളെ പോഷിപ്പിക്കുകയും പൊതുമരാമത്തു പണികൾ ചെയ്തു പൊതുസാമ്പത്തിക സ്ഥിതിയേയും മേന്മയേയും വർദ്ധിപ്പിക്കുകയും ചെയ്തു. തദ്വാരാ ജനങ്ങളുടെ തൊഴിലില്ലായ്മയെ പരിഹരിക്കുകയും ചെയ്തിരുന്നു. സാഹിത്യത്തേയും പ്രോത്സാഹനം നല്കി പോഷിപ്പിച്ചിട്ടുണ്ടു്. ഈ സ്വേച്ഛാപ്രഭുക്കളും അവരുടെ പിൻഗാമികളും അധികകാലം അധികാരത്തിലിരിക്കുകയോ ജനസമ്മതരായി ഭരണം നടത്തുകയോ ചെയ്തിരുന്നില്ല. എന്തുകൊണ്ടെന്നാൽ, യവനർ സാധാരണക്കാർക്കു രാഷ്ട്രീയപ്രാമാണ്യം അനുവദിക്കാത്തതായ യാതൊരു ഭരണക്രമത്തേയും വകവെച്ചില്ല. ഏവരും ഒത്തുചേൎന്നു് നടത്തേണ്ട ഒന്നാണു് ഭരണം എന്നാണു് അവർ ഗ്രഹിച്ചിരുന്നതു്. ചന്തസ്ഥലങ്ങളിൽ വെച്ചുകൂടി സുഹൃത്തുക്കളുമായി രാഷ്ട്രകാര്യങ്ങൾ ചർച്ച ചെയ്യുവാൻ അവർ മടിച്ചിരുന്നില്ല. താന്താങ്ങളുടെ നഗരിയുടെ ക്ഷേമാഭിവൃദ്ധികളിൽ ഓരോരുത്തനും ഒരു പങ്കു വേണമെന്നവർ വാദിച്ചിരുന്നു. എന്നാൽ സ്വേച്ഛാപ്രഭുക്കൾ തങ്ങളുടെ കാ

ഷ്യം തന്നെ നടത്തുകയാണു് ചെയ്തിരുന്നതു്. ആർക്കും അവരോടു് ഒന്നും ചോദിച്ചുകൂടാ. സ്വേച്ഛാപ്രഭുക്കളുടെ ആധിപത്യത്തിൽ പൌരന്മാർ തീരെ സ്വതന്ത്രരായിരുന്നില്ല.

ഈ ദുരവസ്ഥകളുടെ പരിഹാരത്തിനുവേണ്ടി ആദ്യം തന്നെ കർഷകർ തങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളെ ക്രോഡീകരിച്ചു രേഖപ്പെടുത്തി വെപ്പാനാണു് ഉദ്യമിച്ചതു്. നിയമങ്ങൾ രേഖപ്പെടാത്ത കാലത്തു് അവയെ കൈക്കൂലികൊണ്ടും സ്വാധീനംകൊണ്ടും അന്യായക്കാരായ പ്രഭുക്കൾക്കനുകൂലമായി വ്യാഖ്യാനിപ്പാനും വിധി നേടുവാനും യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. ബി. സി. 624-ൽ അതിനിയക്കാർ ഡ്റാക്കോവിനെക്കൊണ്ടു കർഷകരെ സംബന്ധിക്കുന്ന നിയമാവലിയെ രേഖപ്പെടുത്തിച്ചു. ഈ നിയമങ്ങൾ കർഷകരുടെ അവശതകളെ പരിഹരിപ്പാൻ പര്യാപ്തങ്ങളായില്ല. എന്നുതന്നെയല്ല അവ വളരെ കഠിനങ്ങളുമായിരുന്നു. "ഡ്റാക്കോണിയൻ" പദത്തിനു വളരെ ദുസ്സഹമായതു് എന്നാണു് ഇക്കാലത്തർത്ഥം.

ബി. സി. 6-ാം ശതകത്തിന്റെ ആരംഭത്തിൽ അററിക്കയും അതിന്റെ തലസ്ഥാനനഗരിയായ എതൻസും കർഷകവൃത്തിയെയാണു് അവലംബിച്ചിരുന്നതു്. എന്നാൽ ധാന്യവിളയുടെ കുറവും ജന്മികളുടെ മർദ്ദനവും കുടിയാന്മാരുടെ ജീവിതത്തെ ദുസ്സഹമാക്കിച്ചെയ്തു. കുടിയാന്മാരും അവരുടെ ഭൂമികളും ഋണത്താലന്യാധീനപ്പെട്ടു. അടിമത്വവും പട്ടിണിയും നാടൊട്ടുക്കു കളിയാടിയിരുന്നതിനാൽ പരിഷ്കാരം അനിവാര്യമായി ചമഞ്ഞു. അതിനായി സോളനെ പ്രത്യേകം നിയമിച്ചു. "ദുരിതനിവാരണനിയമം" എന്നറിയപ്പെടുന്നതും സോളനാൽ നിർമ്മിതവുമായ നിയമംകൊണ്ടു ഭൂമിയിലെ കർഷകരുടെ ബാദ്ധ്യതകളെല്ലാം ദുർബലമാക്കി. അങ്ങനെ കർഷകരെല്ലാം വിമുക്തരായി. കടക്കാർക്കു് അടിമത്വം പാടില്ലെന്നു വിലക്കി. ധാന്യങ്ങൾ പുറമേയ്ക്കു

കയററി അയയ്ക്കുന്നതു നിരോധിച്ചു. ധാന്യവിലയിൽ കുറവു വരുത്തി. ഒലിക്കൃഷിക്കു പ്രചോദനം നൽകി. നാണയപരിഷ്ക്കാരംകൊണ്ടു വ്യാപാരം പുഷ്ടിപ്പെടുത്തി. ഉപനിവേശങ്ങളുമായുള്ള വാണിജ്യം ഇതുകൊണ്ട് അഭിവൃദ്ധിപ്പെട്ടു. വിദേശങ്ങളിലെ തൊഴിൽക്കാരെ പൌരാവകാശം നൽകി രാജ്യത്തിരുത്തി വ്യവസായം പോഷിപ്പിച്ചു. ജനകീയസഭയിൽ ഏവൎക്കും സാമാജികസ്ഥാനം നൽകി. ഭരണഘടന പരിഷ്ക്കരിക്കപ്പെട്ടു. ഉദ്യോഗമൊഴിഞ്ഞുപോകുന്ന ന്യായാധിപന്മാർ അപരാധികളല്ലെന്നു തീർച്ചപ്പെടുത്തുവാൻ ഉള്ള കോടതികളിൽ പൌരന്മാൎക്കും സ്ഥാനം നൽകി.

ഇത്രയെല്ലാം കാൎയ്യങ്ങൾ സോളന്റെ പരിഷ്ക്കാരംകൊണ്ടു നേടിയിട്ടും രാജ്യത്തിന്നു അതൃപ്തിയെ പാടേ ഉച്ചാടനംചെയ്യുവാൻ സാദ്ധ്യമായില്ല. മുപ്പതുവൎഷത്തിനുശേഷം ബി. സി. 560-ൽ ഫിസിസ്റ്റ്റാററസ്സ് രാജ്യഭാരം പിടിച്ചുപററി. വലിയ പ്രഭുജനങ്ങളെ അദ്ദേഹം നാടുകടത്തി അവരുടെ ഭൂസ്വത്തുക്കളെ കൎഷകൎക്കു വീതിച്ചുകൊടുത്തു. നിയമപ്രകാരം രാജ്യംഭരിച്ചുപോരുകയാൽ ഏതൻസു അഭിവൃദ്ധിപ്രാപിച്ചുതന്നെ വന്നു. പ്രവൃത്തിയില്ലാതെ മടിപിടിച്ചു അലഞ്ഞുതിരിയുന്നവൎക്കു അണകെട്ടുതുടങ്ങിയ പൊതുമരാമത്തുകളിൽ ജോലികൊടുത്തു. അക്രോപോലീസ്സിൻ ദേവാലയം പണികളും തുടങ്ങിച്ചു. കരിങ്കടൽപ്രദേശത്തുനിന്നു ധാന്യം ഇറക്കുമതിചെയ്തു അതിന്നുപകരമായി രാജ്യത്തു പുരോഗമിച്ചിരുന്ന മൺപാത്രവ്യവസായത്തിൽ ഉണ്ടാക്കപ്പെട്ട വസ്തുക്കൾ അങ്ങോട്ടും കയററി അയച്ചു. മിലിററ്യാദസിനെ ത്രേസിലെ ചിർസോണിയക്കാരെ ഭരിപ്പാൻ നിയമിച്ചു. തെസലി, മസിഡോണിയ, അൎഗ്ഗോസ്, ഇറിട്രിയ, തീബ്സ് എന്നീ രാജ്യങ്ങളുമായി സഖ്യംചെയ്തു. അതീനിയയുടെ സ്വാധീനശക്തിയെ വിപുലീകരിച്ചു. അദ്ദേഹത്തിന്റെ സമ്പത്തും പ്രതാപവും അനേകം കവികളേയും വിദ്വജ്ജനങ്ങ-

കളെയും മതാചാൎയ്യന്മാരേയും രാജസദസ്സിലേക്കാകൎഷിച്ചു: ഇതെല്ലാം അററിക്കയിലെ ജനങ്ങളെ ഏകീകരിപ്പാനും പ്രയോജനപ്പെട്ടു.

ഏതിനിയാധിപനായ പെസിസ്റ്റ്റാററസിന്റെ മകനു പിതാവിനോളം പ്രാപ്തിയില്ലായിരുന്നതിനാൽ ബി. സി. 510-ൽ സ്പാൎട്ടയുടെ സഹായത്തോടുകൂടി അയാൾ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അതിനുശേഷം അവിടെ ഒരധീശഭരണം സ്ഥാപിപ്പാൻ സ്പാൎട്ടക്കാർ പരിശ്രമിച്ചെങ്കിലും സ്വേച്ഛാപ്രഭുത്വഭരണംപോലും വെറുത്തിരുന്ന ജനങ്ങൾ അതിനു വഴിപ്പെട്ടില്ല. ബി. സി. 507-ൽ ക്ലീസ്തനീസ് അവിടെ ഒരു പ്രജാധിപത്യഭരണം സ്ഥാപിച്ചു. ഇതിൽ പ്രഭുവൎഗ്ഗങ്ങളെയെല്ലാം ത്യജിച്ചു; സാധാരണ ജനങ്ങളെ പത്തുവൎഗ്ഗങ്ങളായി ഭാഗിച്ചു. അവരവർ വസിച്ചിരുന്ന ദേശത്തെ പൌരാവകാശവും അവൎക്കു നൽകി. അങ്ങനെ പഴയ പ്രഭുജനപ്രാബല്യം ക്ഷയിച്ചു. കൊല്ലംതോറും ഓരോ വൎഗ്ഗക്കാരിൽനിന്നും ഓരോ നേതാവിനെ തിരഞ്ഞെടുത്തു. ഇവരൊത്താണ് രാജ്യകാൎയ്യങ്ങൾ നടത്തിപ്പോന്നത്. 500 അംഗങ്ങൾ അടങ്ങിയ ഒരു സഭയും അതോടൊപ്പം ജനകീയപ്രാതിനിധ്യമുള്ള ഒരു സഭയും ഏൎപ്പെടുത്തപ്പെട്ടു. ഈ സഭയിൽ ഏതു പൌരനും സന്നിഹിതനാകാവുന്നതാണ്. മേൽസഭയിൽനിന്നാണ് ചൎച്ചചെയ്യുവാനുള്ള കാൎയ്യങ്ങൾ ജനകീയസഭയ്ക്കു സമൎപ്പിച്ചിരുന്നത്. ഏതിനിയക്കാർ തൻകാൎയ്യങ്ങൾ താൻതന്നെ നോക്കണമെന്ന സ്ഥിതിയിലെത്തി. പണ്ടത്തെ അനാസ്ഥ പാടെ നശിച്ചു. തൽസ്ഥാനത്തു ഒരു നൂതന ചൈതന്യം ആവിൎഭവിച്ചു. ഇതു സഹജമായി സിദ്ധിച്ച സ്വാതന്ത്ര്യത്തിന്റെ ഫലമായതുകൊണ്ട് അവർ അന്നേവരെ ദുഷ്കരമായി തോന്നിയിരുന്ന കാൎയ്യങ്ങൾകൂടി നടത്തുവാൻ സന്നദ്ധരായി.

ഇക്കാലത്തു യവനരാജ്യങ്ങളിലെ പ്രാമാണ്യം സ്പാൎട്ടയ്ക്കു സിദ്ധിച്ചു. ബി. സി. 600-ാമാണ്ടോടുകൂടി മെസീന അ

ധീനപ്പെട്ടു. പിന്നത്തെ രണ്ടുതലമുറകളായി അവിടത്തെ സൈന്യശക്തിനിമിത്തം ആർഗ്ഗോസും, എക്കിയയും ഒഴിച്ചുള്ള പെലൊപ്പനീസ് മുഴുവനും സ്പാർട്ടയുടെ അധീശത്വം സ്വീകരിച്ചു. രാജ്യത്തെ പാടെ ബാധിക്കുന്ന സമരങ്ങളിൽ ഇവരെല്ലാം സ്പാർട്ടയുടെ നായകത്വത്തിൻകീഴിൽ അണിനിരന്നു പൊരുതിക്കൊള്ളണമെന്ന നിർബ്ബന്ധമായ ഒരു കൂട്ടുകെട്ടും അതിൽനിന്നുത്ഭവിച്ചു. ബി. സി. 545-ൽ സ്പാർട്ടയുടെ പുരാതനശത്രുവായ ആർഗ്ഗോസ് പരാജയപ്പെട്ടു. പിന്നത്തെ അരശതാബ്ദകാലത്തേക്കു യാതൊരുന്മേഷവും അവരിൽ കണ്ടതുമില്ല.

മററു നഗരപ്രജാധിപത്യദേശങ്ങളിൽ ഏകാധിപത്യം വഹിച്ചിരുന്നവരെ സ്പാർട്ട എതിർത്തു. വിദൂരദേശക്കാർക്കുകൂടി അവരെ ഭയമായിരുന്നു. എന്നിരുന്നാലും സ്വദേശത്തു ആദിമനിവാസികൾ ലഹളയ്ക്കൊരുമ്പെട്ടെങ്കിലൊ എന്നു ഭയപ്പെട്ടു അവർ കൊറിന്തുകടലിടുക്കിനപ്പുറം തങ്ങളുടെ കൂട്ടുകെട്ടു വ്യാപിപ്പിപ്പാൻ മുതിർന്നില്ല. എന്നിരുന്നിട്ടും ബി. സി. 520-ൽ ക്ലിയോമിനീസ് പ്രഥമൻ അതീനിയൻകാര്യങ്ങളിൽ ഇടപെടുകയും ഉത്തരാഫ്രിക്കയിലെ യവനരെ മട്ടിച്ചിരുന്ന ഫിനീഷ്യക്കാരുടെ നേർക്കു ഒരു സൈന്യത്തെ അയയ്ക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു. ക്ലിയോമിനീസ്സിന്റെ ഈ ഉദ്യമത്തിൽ സ്പാർട്ടക്കാർ പ്രതിബന്ധങ്ങൾ ഉണ്ടാക്കി. അങ്ങനെ ഒരു രാജ്യത്തെ ഭയന്നു അവർ ഒരു സാമ്രാജ്യത്തെ നഷ്ടപ്പെടുത്തി. ബി. സി. 6-ാം ശതകത്തിൽ പെലപ്പൊനീസിലെ നിരാക്ഷേപമായ ആധിപത്യം സ്പാർട്ടക്കു ലഭിച്ചു. ഗ്രീസിന്റെ മദ്ധ്യത്തിൽ ഏതൻസിലെ പ്രജാധിപത്യത്തിന്റെ ആഘാതം സ്പഷ്ടമായി കണ്ടുതുടങ്ങി. പൂർവ്വഭാഗത്തു വിദേശാധിപത്യത്തിലല്ലാത്ത ഒരു യവനജനതയുടെ കണികപോലും കാണാതാകത്തക്കവണ്ണമുള്ള ഒരു വിപത്തു പ്രത്യക്ഷപ്പെട്ടുതുടങ്ങി.

———:———

## 33. യവനപേഴ്സ്യയുദ്ധം

ബി. സി. 5-ാംശതകത്തിൽ രംഗം ഏഷ്യാമൈനറിലേക്കു മാറുന്നു. ഐയോണിയയിലെ യവനജനത ശാസ്ത്രം, വാണിജ്യം, കല തുടങ്ങിയവയുടെ പുരോഗതിയിൽ അഭിമാനംകൊണ്ടിരുന്നു. പാശ്ചാത്യചിന്തയുടേയും ശാസ്ത്രത്തിന്റേയും ജനയിതാക്കന്മാർ നേയില്സും, ഫിറാക്ലൂററസും, പൈനാഃഗ്രാസ്സും, ഫെക്കാററിയസും ആകുന്നു. മനുഷ്യാധിവാസമുള്ള ഭൂലോകത്തിലെ രഹസ്യങ്ങളെക്കുറിച്ചു ആദ്യമായി ചോദ്യം തുടങ്ങിയതും ഇവർതന്നെ. ബുദ്ധിക്കനുസരിച്ചു സമാധാനംകൊണ്ടേ അവർ തൃപ്തരായിരുന്നുള്ളു. അന്ധവിശ്വാസങ്ങളെ ത്യജിച്ചു പ്രകൃതിനിയമങ്ങളെ ആരാഞ്ഞുപിടിപ്പാനാണു് അവർ പണിപ്പെട്ടിരുന്നതു്. ഭൂമി ആകസ്മികമായി ഉണ്ടായതല്ലെന്നു കരുതി ഒരു വ്യവസ്ഥാപിതമായ പദ്ധതിയിലൂടെ അവർ പ്രയത്നിച്ചുവന്നു.

ഐയോണിയയിൽ വ്യവസായപോഷണംകൊണ്ടു ഉല്പന്നങ്ങൾ വർദ്ധിക്കമൂലം ഇവയെല്ലാം വിദേശങ്ങളിലേക്കയച്ചും അവിടങ്ങളിലെ ചരക്കുകൾ ഇങ്ങോട്ടിറക്കിയും രാജ്യത്തെ സാമ്പത്തികനില അഭിവൃദ്ധിപ്പെട്ടിരുന്നുവെങ്കിലും അനർത്ഥകരമായ അനൈക്യം ഐയോണിയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചു. അയൽരാജ്യമായ ലിഡിയയിലെ സമ്പന്നരായ രാജാക്കന്മാർ അവയെ സ്വരാജ്യത്തോടുകൂട്ടിച്ചേർത്തു അവിടങ്ങളിലെ ജനങ്ങൾക്കു നികുതികൾ ചുമത്തി. അധീശത്വം വഹിച്ചിരുന്നവരിൽനിന്നു നൂതനമായ ഒരു ജീവിതസമ്പ്രദായം അവർ സ്വീകരിച്ചു. അതു അവരുടെ ബലം ക്ഷയിപ്പിക്കുകയും ധൈര്യം കെടുത്തുകയും ചെയ്തു.

ബി. സി. 546-ൽ വിക്രമിയായ സൈറസ്സ് ലിഡിയ അധീനമാക്കി, അവിടത്തെ രാജാവായ ക്രീസസ്സിനേയും ഐയോണിയക്കാരേയും എളുപ്പത്തിൽ തോല്പിച്ചു. പേ

ഴ്സ്യക്കാർ തങ്ങളുടെ ചൊല്പടിക്കുള്ള ഭരണാധികാരികളെ അവിടെ നിയമിച്ചു. അവർ ലിഡിയയിലെ ഭരണാധികാരികളെക്കാറം നിഷ്ഠുരന്മാരായിരുന്നു. ഡറായസ്ചക്രവർത്തി സിത്തിയ ആക്രമണം കഴിച്ചു മടങ്ങിയതോടുകൂടി ഐയോണിയക്കാർ കലഹിച്ചു മാതൃരാജ്യത്തോടു സഹായം അഭ്യർത്ഥിച്ചു. സ്പാർട്ട് സാധാരണപോലെ കരുതലോടെ നിന്നിരുന്നുവെങ്കിലും ഏതൻസും ഇറിട്രിയയും സൈന്യങ്ങളെ അയച്ചുകൊടുത്തു. അങ്ങനെ അഞ്ചാംശതകത്തിന്റെ ആരംഭത്തിൽ പൂർവ്വപശ്ചിമദേശങ്ങൾ തമ്മിൽ കലഹിക്കുവാൻ തുടങ്ങി.

പേഴ്സ്യൻസാമ്രാജ്യം ഈജിയൻകടൽതീരത്തോളം വ്യാപിച്ചതോടെ ഗ്രീസ്സിനേയും ആക്രമിച്ചധീനപ്പെടുത്തണമെന്നു സൈറസ്സിനു മോഹമുണ്ടായി. പേഴ്സ്യൻസാമ്രാജ്യത്തെ ഐക്യത്തോടെ നിലനിർത്തിപ്പോരണമെങ്കിൽ ജനങ്ങളുടെ ആഗ്രഹം പൂർണ്ണമായി നിറവേറേണ്ടിയിരുന്നു. പശ്ചിമഭാഗത്തേക്കു സാമ്രാജ്യം വ്യാപിപ്പാൻ തരവുമുണ്ടായിരുന്നു.

യവനരാകട്ടെ ഏതുരാജ്യക്കാർക്കും ആഗ്രഹിക്കത്തക്ക പ്രജകളായിരുന്നു. പക്ഷെ അവർ കലഹപ്രിയരാണെന്നുമാത്രം. ഇതറിയാമായിരുന്ന പേഴ്സ്യൻചക്രവർത്തിയായ ഡറാനസ് അനൈക്യത്തിൽ വർത്തിച്ചിരുന്ന ഐയോണിയ വർഗ്ഗങ്ങളുടെ ക്രമീകൃതമല്ലാത്ത സേനയെ തന്റെ വൻപടകൊണ്ടു ആദ്യം ജയിച്ചു; അത്തിനിയക്കാർ ഐയോണിയയിലെ യവനരെ സഹായിപ്പാൻ കൂട്ടാക്കായ്കയാൽ ബി. സി. 494-ൽ ലേയിഡിൽവെച്ചുണ്ടായ നാവികയുദ്ധത്തിൽ അവർ തോല്പിക്കപ്പെട്ടു. അതോടെ ലഹള ശമിച്ചെങ്കിലും സമുദ്രാധിപത്യവും ഏകീകൃതമായ നേതൃത്വവും വിജയത്തിനു അനുപേക്ഷണീയമാണെന്നു അവർക്കു ബോദ്ധ്യപ്പെട്ടു.

ഐയോണിയയിലെ കലാപത്തിൽ പങ്കെടുത്തതിനു ഏതൻസ്സുകാരെയും ഇറിട്രിയക്കാരെയും ഒരു പാഠം പഠിപ്പിക്കണമെന്നു കരുതി ബി. സി. 490-ൽ പേഴ്സ്യക്കാർ ഒരു

വൻപടയുമായി ഈജിയൻകടൽ തരണംചെയ്തു്. അവിടെ എത്തി. ഈ സന്ദർഭത്തിൽ ഹെലിയസ്സ് തനിക്കു നഷ്ടപ്പെട്ട ആധിപത്യം കരസ്ഥമാക്കുവാൻ തരമാണെന്നുറച്ചു ശത്രുപക്ഷവർത്തിയായി ചമഞ്ഞു. ഏതൻസിലെ സ്വേച്ഛാധിപത്യം വഹിച്ചിരുന്ന പ്രഭു ആ നഗരത്തെ തങ്ങൾക്കു് അധീനമാക്കി കൊടുക്കുമെന്നു പേഴ്സ്യക്കാർ കരുതി. ഇറിട്രിയ അധീനപ്പെട്ടു. അതിനിവാസികൾ പേടിച്ചു വിറച്ചു. മിലീററിയാഡസ്സ് യവനരെ സംയോജിപ്പിച്ചു് അവരുടെ സൈന്യത്തെ മാരത്തൻ സമതലത്തിൽ അണിനിരത്തി. അവിടെയാണു് പേഴ്സ്യക്കാർ പാളയം അടിച്ചിരുന്നതു്. ഏതൻസിനെ ആക്രമിച്ചു പിടിപ്പാൻ പേഴ്സ്യക്കാർ അശ്വസേനയെ അയച്ചിരുന്നതിനാൽ, അശ്വസാധനരായ പേഴ്സ്യക്കാരോടു് ഏററുമുട്ടി വിജയം പ്രാപിച്ചു. പിന്നീടുള്ള തങ്ങളുടെ ഉദ്യമം വൃഥാവിലാണെന്നു കരുതി പേഴ്സ്യൻ സേനാനായകൻ സ്വദേശത്തേക്കു തിരിച്ചു.

അവിചാരിതമായി കൈവന്ന വിജയംകൊണ്ടു നിഷ്ഠുരനായ ശത്രുവിനെ എതിർക്കുവാനുള്ള ധൈര്യം യവനർക്കുണ്ടായി. പേഴ്സ്യക്കാർ അജയ്യരല്ലെന്നു തീർച്ചപ്പെട്ടു. അവരുടെ നായകനായ തിമിസ്റ്റോക്ലീസിന്റെ ഉപദേശമനുസരിച്ചു് അററിക്കയിൽ നൂതനമായി കണ്ടുകിട്ടിയ വെള്ളിഖനിയിലെ ആദായം മുഴുവനും ഒരു നാവികസേന രൂപീകരിപ്പാൻ വിനിയോഗിച്ചു, അങ്ങനെ ഏതൻസിനു അനുബന്ധമായി പ്രബലമായ ഒരു തുറമുഖം പൈരിയസിലും നിർമ്മിച്ചു. അല്പം കൊല്ലങ്ങൾകൊണ്ടു വളരെ കപ്പലുകളടങ്ങിയ ഒരു നാവികസേന അവർക്കുണ്ടായി. അതുമൂലം വിജിനാവിനോടു നേരിടത്തക്ക ശക്തി കൈവന്നു. അതു ഗ്രീസ്സിന്റെ രക്ഷയ്ക്കും പ്രയോജനപ്പെട്ടു.

ഡാറിയസ്സിന്റെ മകനായ സെർക്സീസും അച്ഛന്റെ നയംതന്നെ തുടർന്നു. ഗ്രീസിനെ ആക്രമിപ്പാൻ കരയിലും സ

മുദ്രത്തിലും വൻപടകൾ സജ്ജീകരിച്ചു. ബി. സി. 480-ൽ ഡാർഡനൽസ് കടലിടുക്ക വഞ്ചികൾ നിരത്തി കടന്നു ത്രേസ്സിൽ പ്രവേശിച്ചു. അവിടെനിന്നും ഉത്തര ഗ്രീസിൽ എത്തുകയും ചെയ്തു. ഒരേ സമയത്തു കരയിലും സമുദ്രത്തിലും യവനരെ എതിർത്തു തോല്പിക്കാമെന്നാണ് അദ്ദേഹം കരുതിയതു്. ഇതു കേട്ടു യവനർ സ്പാർട്ടയുടെ നായകത്വത്തിൽ ഏകോപിച്ചു് ശത്രുവിനെ എതിർക്കുവാൻ ആദ്യമായി തീർച്ചപ്പെടുത്തുകയും ചെയ്തു.

യവനർക്ക് ഉപദേശം നൽകി ശത്രുവിനോടു പൊരുതേണ്ട പദ്ധതികൾ തയ്യാറാക്കിക്കൊടുത്തിരുന്നതു സമർത്ഥനും പ്രയത്നശീലനുമായ തിമസ്റ്റോക്ലീസാണ്. അർഗ്ഗോസും തീബ്സും യവനരോടു യോജിച്ചില്ല. ഡൽഫിയിലെ പുരോഹിതന്മാർ ഈ യത്നം പരാജയത്തിലേ കലാശിക്കൂ എന്നുറപ്പിച്ചു പറഞ്ഞു. എന്നാൽ ജനങ്ങളിൽ ഏവരും ദൃഢനിശ്ചയരായിരുന്നു. കൊറിന്തു കടലിടുക്കിന്റെ ഉത്തരഭാഗത്തു് പൊളീനീഷ്യക്കാരെ വിളിച്ചുനിർത്തി മലംചുരം കാത്തുകൊള്ളുവാൻ തിമസ്റ്റോക്ലീസ പ്രേരിപ്പിച്ചു. കരയിൽ പേർഷ്യൻ സേനയോടു പൊരുതു ജയം നേടിക്കൊള്ളാമെന്ന വിചാരം ഉണ്ടായിരുന്നില്ലെങ്കിലും നാവികപ്പോരിൽ വിജയിക്കാമെന്നു കരുതി, തിരഞ്ഞെടുക്കപ്പെട്ട കുറെ സൈന്യവുമായി സ്പാർട്ടയിലെ രാജാവായ നിയോനിഡാസ്സ് തർമ്മാപ്പൈയിലി എന്ന ഇടുങ്ങിയ മലംചുരത്തിൽ നിലയുറപ്പിച്ചു് ശത്രുവിനോടു കുറച്ചു ദിവസം പൊരുതിനിന്നു. എന്നാൽ ആ സൈന്യം പാടെ നശിക്കയാണ് ചെയ്തതു്.

സൗകര്യമുണ്ടായിട്ടും വേണ്ടപോലെ അതിനെ ഉപയോഗിക്കാത്ത കാരണം ഒരു യവനരാജാവു മൃതിയടഞ്ഞതുകൊണ്ടും തോൽവി പിണയുകയാലും യവനർ ധൈര്യക്ഷയം പൂണ്ടു. ഉത്തരഗ്രീസ്സ് ത്യജിച്ചു് അവർ പിൻവാങ്ങി. എതിനിയയിലെ കുട്ടികളേയും സ്ത്രീകളേയും ദ്രുതഗതിയിൽ അ-

വിടെനിന്നു മാററി. അത്രയും സമയം നാവികസേനയുമായി സലാമീസിനും അററിക്കയ്ക്കും മദ്ധ്യേ നിലയുറപ്പിച്ചിരുന്ന തിമെസ്റ്റോക്ലീസ്സ ശത്രുവിനോടു ഏററുമുട്ടി. ഏതെൻസിലെ ദേവാലയവും ഗൃഹങ്ങളും കത്തി എരിയുന്ന ജ്വാല ആകാശത്തു് ഉയരുന്നതു തങ്ങളുടെ കപ്പലിൽനിന്നു കണ്ടപ്പോൾ അവർ ശത്രുവിനോടു സുധീരം പൊരുതുകയും വിജയം കൊള്ളുകയും ചെയ്തു. ശത്രു രാത്രിയിൽതന്നെ അവിടെനിന്നു പിൻവാങ്ങി. എന്നാൽ ഗ്രീസ്സിൽ കീഴടങ്ങാത്ത പ്രദേശങ്ങളെക്കൂടി അധീനപ്പെടുത്തുവാൻ മാർഡോണിയസ്സിൻെറ കീഴിൽ ഒരു സേനയെ നിൎത്തിയാണു് പേൎസ്യൻ രാജാവായ സർക്സീസ്സ പോയതു്.

സ്വദേശീയരെ ത്യജിച്ചു തങ്ങളോടു സഹകരിച്ചു വൎത്തിക്കുന്നതിനു് അതിനിയക്കാരെ കോഴകൊടുത്തു വശീകരിപ്പാൻ പേൎസ്യക്കാർ ഉദ്യമിച്ചെങ്കിലും അതിനു അവർ വഴിപ്പെട്ടില്ല. സമുദ്രാധിപത്യം വഹിച്ചിരുന്ന അതിനിയക്കാരോടു പേൎസ്യക്കാർ കരയ്ക്കുമാത്രമേ പൊരുതിരുന്നുള്ളു. പിന്നത്തെ വസന്തത്തിൽ കോറിന്തു കടലിടുക്കിനന്തരഭാഗത്തു പ്ലാററിയ എന്ന സ്ഥലത്തു പാളയമടിച്ചുകിടന്നിരുന്ന പേൎസ്യൻസേനയുമായി പോലിപോനേഷ്യൻ സംയുക്തസേന പൌഡാനിയസ്സിൻെറ നേതൃത്വത്തിൽ ഏററുമുട്ടി. ഉഗ്രൻകൊണ്ടുള്ള ഒരു സമരംതന്നെ നടന്നു. അതിൽ യവനസേന അപരിഷ്കൃതമായ പേൎസ്യൻ സൈന്യനിരയെ ഭേദിച്ചു. അനേകം ശത്രുസൈനികരെ വധിച്ചു. ഈ വിജയം ഐയോണിയയിലെ നഗരികളെ പേൎസ്യനാധിപത്യത്തിൽനിന്നു വിമുക്തമാക്കി.

## 84. ഡിലോസ്സിലെ ഐക്യരാഷ്ട്രസംഘം

പേഴ്സ്യൻ വിപത്തിനെത്തുടൎന്നു ഉത്തരാഫ്രിക്കയിലെ ഫിനീഷ്യൻ ഉപനിവേശങ്ങൾ സിസിലിയിലെ യവനോപനിവേശങ്ങളെ ആക്രമിക്കയുണ്ടായി. അതിൽ ഫിനീഷ്യക്കാർ തോററു. എട്രസ്കൻ വൎഗ്ഗക്കാരേയും യവനർ പൊരുതു ജയിച്ചു. അങ്ങനെ പൂൎവ്വപശ്ചിമദേശങ്ങൾ തമ്മിലുണ്ടായ പോരാട്ടം യവനരുടെ വിജയത്തിൽ കലാശിച്ചു. യവനരുടെ സംസ്കാരവും ഉണ്ണവ്വും അധഃപതിക്കാതെ രക്ഷപ്പെടുകയും ചെയ്തു.

പേഴ്സ്യക്കാരുടെ ആപത്തിൽനിന്നു് ഒഴിഞ്ഞതോടൊപ്പം യവനർ സ്പാൎട്ടയുടെ നേതൃത്വത്തിൽനിന്നും ഭേദിച്ചുതുടങ്ങി. വളരെ കരുതലോടും യാഥാസ്ഥിതിക മനഃസ്ഥിതിയോടുംകൂടി പെരുമാറിവന്ന സ്പാൎട്ട ഗ്രീസ്സിനു പുറമെ തങ്ങളുടെ പ്രാബല്യം വ്യാപിപ്പിപ്പാൻ ഇഷ്ടപ്പെട്ടില്ല. അവർ അധീനപ്പെടുത്തിവെച്ചിരുന്ന ഹെലട്ടുവൎഗ്ഗക്കാർ കലഹിച്ചെങ്കിലോ എന്നു ഭയന്നും രാജ്യാതിൎത്തി വിപുലപ്പെടുത്തിയാൽ അനാവശ്യമായ ആപത്തു വന്നുചേരുമെന്നു കരുതിയുമാണു് അവർ വിട്ടൊഴിഞ്ഞുനിന്നതു്.

ഏതൻസിന്റെ നിലയും നയവുമൊന്നു വേറെയായിരുന്നു. സലാമീസിലും മൈകേയിലും ജയം നേടിക്കൊടുത്ത നാവികസൈന്യം എന്തിനും തയ്യാറായി നിന്നിരുന്നു. ഏതൻസിലേയും പൈറേയസ്സിലേയും ജനങ്ങൾ ഏഷ്യാമൈനറിൽ നിവസിച്ചിരുന്ന യവനജനതയെ പേഴ്സ്യയുടെ അധീനതയിൽ നിന്നു വിമുക്തമാക്കുവാനും പേഴ്സ്യൻ പ്രദേശങ്ങളിൽ കയറി ആക്രമിക്കുവാനും വെമ്പിക്കൊണ്ടിരുന്നു. അത്രയുമല്ല, അവർ കയറിക്കൂടിയ ദേശങ്ങളിലെല്ലാം പ്രജായത്തഭരണം പരിചയപ്പെടുത്തുവാനും ശ്രമിച്ചു. ഉദ്ദേശസിദ്ധിക്കവർ അതിനിയയുടെ നേതൃത്വമാണു് സ്വീകരിച്ചതു്.

പേർഷ്യയുമായി പൊരുതുവാൻ ഉൽസുകരും ശക്തരുമായിരുന്ന അവരപ്പോൾ. ഐയോണിയക്കാരെ ആദ്യംമുതല്ക്കേ അവർ ബന്ധുക്കളായി കരുതുകയും ആ വഴിക്കു് ഐക്യം പുലർത്തിപ്പോരുകയുംചെയ്തു. എന്നാൽ ഇതു ദ്വിനായകത്വത്തിൽ പര്യവസാനിക്കയും സ്പാർട്ടയുടെ നയവൈകല്യംമൂലം ഈ രംഗത്തിൽനിന്നു പിൻമാറുകയുംചെയ്തു. അങ്ങനെ അതീനിയക്കാർക്കു സമുദ്രസാമീപ്യമുള്ള യവനദേശങ്ങളുടെ സംയുക്തസംഘത്തിൽ മേധാവിത്വം ലഭിച്ചു. ഈ സംയുക്തസംഘമാണു് ഡിലോസിലെ ഐക്യരാഷ്ട്ര സംയുക്തസംഘം എന്നറിയപ്പെട്ടതു്.

ശത്രുക്കളെ നിരോധിക്കുന്നതിനു മാത്രമായിരുന്നു സ്പാർട്ടയുടെ നേതൃത്വത്തിൽ പണ്ടു സംയോജനം നടന്നതു്. അതീനിയക്കാർ പേർഷ്യൻരാജ്യങ്ങളിൽ കയറി പൊരുതുവാൻ ഉത്സാഹിച്ചിരുന്നതുകൊണ്ടു് അവർക്കു നാവികസേന അത്യാവശ്യമായി വന്നു. ഈ സേനയെ പോററിപ്പുലർത്തുവാൻ ധനവും അതിനെ നിയന്ത്രിക്കാൻ ഒരു സംഘവും ആവശ്യമായി. സംഘത്തിലുൾപ്പെട്ടവർ കപ്പലുകൾ നൽകുകയോ അതിനു വേണ്ട ധനം കൊടുക്കുകയോ ചെയ്യാമെന്നു സമ്മതിച്ചു. ഈ സംഭാവന നൽകിവന്നതു് അതീനിയൻ ഉദ്യോഗസ്ഥന്മാർ വശമായിരുന്നു. അതുകൊണ്ടു് അതീനിയക്കാർ കപ്പലുകളുണ്ടാക്കി സേനയെ പുഷ്ടിപ്പെടുത്തി.

സംയുക്തസംഘത്തിന്റെ തലസ്ഥാനം ഐയോണിയക്കാരുടെ സംസ്കാരകേന്ദ്രമായിരുന്ന ഡിലോസാണു്. വളരെ ശതാബ്ദങ്ങളോളം ഐയോണിയക്കാർ ദേവാധിദേവനായ അപ്പോളോവിനെ വാദ്യനൃത്താദികൾകൊണ്ടു് ആരാധിച്ചുവന്നിരുന്നതു് ഇവിടെവെച്ചാണു്. ഇവിടെവെച്ചുതന്നെയാണു് സംയുക്തരാഷ്ട്രസംഘയോഗം അതീനിയയുടെ അദ്ധ്യക്ഷതയിൽ കൊല്ലംതോറും സമ്മേളിച്ചിരുന്നതും.

ഐയോണിയയിലേയും, ഡാർഡനൽസ് സമുദ്രതീരത്തും ഈജിയൻ സമുദ്രതീരത്തുമുള്ള ദ്വീപങ്ങളിലേയും വർഗ്ഗക്കാരെല്ലാം ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ഈ വർഗ്ഗങ്ങളിൽ ശക്തിയേറിയതു് ഏതൻസായിരുന്നു. അതിൻെറ നാവികസേന മററംഗങ്ങളുടേതിനേക്കാൾ എണ്ണത്തിൽ കവിഞ്ഞുമിരുന്നു. ഖജാനസൂക്ഷിപ്പും ആദ്യംമുതൽ അതിന്നിയക്കാർതന്നെയായിരുന്നു. കപ്പലുകൾക്കു പകരം പണം കൊടുക്കയാണു് ഭൂരിപക്ഷം അംഗങ്ങളും ചെയ്തിരുന്നതു്. ഐയോണിയയിലെ വ്യാപാരികൾക്കും വ്യവസായികൾക്കും കൃഷികക്കും സമരംചെയ്യുവാനുള്ള സമയമൊ ഇഷ്ടമൊ ഉണ്ടായിരുന്നില്ല. ഓരോ അംഗവും നൽകിവന്ന സംഭാവന അവക്കു് ഒരു ഭാരമായും തോന്നിയിരുന്നില്ല. പേഴ്സ്യക്കാരോടു മല്ലിട്ടു നില്പാൻ സുശക്തമായ ഒരു നാവികസേനയെ സജ്ജീകരിച്ചു നിലനിത്തിപ്പോരേണ്ട ചുമതല അതിന്നിയക്കാക്കുണ്ടായിരുന്നു. ഈ സേനയുടെ നായകത്വം വഹിച്ചതും അതീനിയക്കാർതന്നെ. സംയുക്തസംഘത്തിൽ നിന്നു സ്വയമേവ പിരിഞ്ഞുപോകേണ്ട കാര്യം വ്യവസ്ഥചെയ്യാതിരുന്നതിനാൽ അംഗങ്ങളുടെ സ്വാതന്ത്ര്യത്തിനു വിഘാതം വന്നു.

പേഴ്സ്യക്കാരുടെ ആക്രമണം കഴിഞ്ഞു കുറച്ചുകാലം ചെന്നപ്പോൾ രാഷ്ട്രീയമായ തന്ത്രംമൂലം തമിസ്റ്റക്ലീസ് രാജ്യഭ്രഷ്ടനായി. സമുദ്രസേനയുടെ നായകത്വം പ്രബലനും ധീരനുമായ മിലിററിയാഡസ്സിൻെറ സഹോദരൻ സൈമൻപ്രഭു കയറിപ്പററി. ഇദ്ദേഹത്തിൻെറ നായകത്വത്തിലും രാഷ്ട്രീയസംയുക്തസംഘം അതഹിക്കുന്ന ഗൌരവത്തോടുകൂടിത്തന്നെ വത്തിച്ചു. പേഴ്സ്യക്കാരുടെ അധീനതയിലിരുന്നിരുന്നതും കരിങ്കടലിൽനിന്നു ബസൻറിയത്തിൽ കൂടിയും സെസ്റ്റസിൽകൂടിയും ഈജിയനിൽ എത്തിയിരുന്നതുമായ പ്രധാന വ്യാപാരപഥം അവർ അധീനമാക്കി. ത്രേസിയൻ കടൽ

തീരത്തിലെ നഗരികളും കൈവശപ്പെടുത്തി. കടൽക്കൊള്ളക്കാരുടെ സങ്കേതമായി വർത്തിച്ചിരുന്ന സ്കൈറോസിനെ അധീനമാക്കി സമുദ്രപഥത്തെ പ്രബലപ്പെടുത്തി. അതോടെ അതീനിയ ഈജിയനിലെ രക്ഷാസ്ഥാനമായി.

ബി. സി. 467-ൽ പേഴ്സ്യൻശക്തിക്കെതിരെ സൈമൻ തന്റെ സേനയെ നയിച്ചു. ആ ജൈത്രയാത്രയിൽ അദ്ദേഹം സന്ദർശിച്ച ഓരോ നഗരിയും സംയുക്തസംഘാംഗമായി ചമഞ്ഞു. ഒടുവിൽ യൂറിമീഡൻ നദിക്കടുത്തുവെച്ചു ഒരു പേഴ്സ്യൻ കരസൈന്യവും നാവികസേനയുമായി അദ്ദേഹം ഏററുമുട്ടുകയും ഒരൊററദിവസംകൊണ്ടു് അദ്ദേഹം ശത്രുസൈന്യത്തെ സമുദ്രത്തിലും കരയിലുംവെച്ചു പരാജയപ്പെടുത്തുകയും ചെയ്തു. ഇതുകൊണ്ടുണ്ടായ ഫലം സീമാതീതമായിരുന്നു. ഈ വിജയത്തോടെ സംഘോദ്ദേശവും നിറവേറി. ഈജിയനിലെ നഗരികളെല്ലാം വിമുക്തമായി. യവനസമുദ്രങ്ങളിലെ പേഴ്സ്യൻകപ്പലുകളെയെല്ലാം ഓടിച്ചു.

ഇങ്ങനെ വിജയശ്രീലാളിതയായി പ്രതാപത്തോടെ അതീനിയ പത്തുകൊല്ലം വർത്തിച്ചു. അപ്പോൾ പേഴ്സ്യക്കാർക്കു് അധീനവും സമ്പൽസമൃദ്ധവുമായിരുന്ന നീലനദിയുടെ മുക്കോൺതുരുത്തു പ്രദേശത്തെ യവനനാവികസേന ആക്രമിച്ചു. ആദ്യം കുറെയൊക്കെ വിജയിച്ചെങ്കിലും ഒടുവിൽ യവനർ പേഴ്സ്യൻസേനക്കു കീഴടങ്ങുകതന്നെ ചെയ്തു. അതിൽ പററിയ നഷ്ടം സീമാതീതമായിരുന്നു. ഈ അഭിമാനക്ഷയം സൈപ്രസിന്നടുത്തുവെച്ചുണ്ടായ സമരത്തിലെ വിജയംകൊണ്ടു പരിഹരിച്ചു. പിന്നെ പേഴ്സ്യയുമായി സമരം തുടരേണ്ട കാര്യമില്ലായിരുന്നതിനാൽ അവരുമായി ഒരു സന്ധിയിൽ ഏർപ്പെട്ടു. പേഴ്സ്യൻസാമ്രാജ്യത്തിലുൾപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളെ ആക്രമിക്കാതിരിക്കുന്നേടത്തോളം കാലം ഈജിയൻസമുദ്രത്തിന്റേയും ഏഷ്യാമൈനറിന്റെ തീരപ്രദേശങ്ങളുടേയും ആധിപത്യം യവനർക്കു വിട്ടുകൊടുക്കാമെ

ന്നു പേഴ്സ്യ സമ്മതിച്ചു. ഇങ്ങനെ ഏതൻസ് സാമ്രാജ്യത്തിലേക്കു കാലെടുത്തുവെച്ചു.

---

## 35. അതീനിയൻ സാമ്രാജ്യം

അതീനിയക്കു, മുൻപ് ഐക്യരാഷ്ട്രസംഘടനയുടെ അദ്ധ്യക്ഷത മാത്രമേ ഉണ്ടായിരുന്നുള്ളു. ക്രമത്തിൽ അതു ഐക്യരാഷ്ട്രങ്ങളുടെ മേല്ക്കോയ്മ നടത്തുവാൻ തുടങ്ങി. ഖജാനാ ഡിലോസിൽനിന്നു ഏതൻസിലേക്കു മാററി. അതിലെ പണം അതീനിയക്കാർക്കുവേണ്ടിമാത്രം ചിലവാക്കുകയും ചെയ്തു. മററു യവനരാജ്യങ്ങളേയും നിർബ്ബന്ധിച്ചു ഐക്യരാഷ്ട്രസംഘത്തിൽ ചേർത്തുവന്നു. ചേർന്നവരെ പിരിഞ്ഞുപോകാൻ സമ്മതിച്ചിരുന്നുമില്ല. ഈ ഭീഷണഭരണത്തെ ഏതൻസുപോലും ഇഷ്ടപ്പെട്ടിരുന്നില്ല. ജനങ്ങൾക്കു സ്വാതന്ത്ര്യമില്ലാത്ത ഈ സാമ്രാജ്യഭരണത്തിൽ ഏവർക്കും വെറുപ്പായിരുന്നു.

ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളായ രാജ്യങ്ങളിൽനിന്നു നാവികസേനയ്ക്കെന്നു പറഞ്ഞു ഒരു കപ്പം പിരിച്ചിരുന്നു. ഇതു അസ്വാതന്ത്ര്യത്തിന്റെ ചിഹ്നമായി അംഗരാജ്യങ്ങൾ കരുതി. ഇതു കൂടാതെ വലിയ വ്യവഹാരങ്ങൾ തീരുമാനിച്ചിരുന്നതു് ഏതൻസിലെ കോടതികളിലാണു്. അവയിൽനിന്നു തീർപ്പുകൾ ഉണ്ടാകുവാൻ വളരെ കാലതാമസവും വേണ്ടിവന്നു. ഈ രണ്ടു സംഗതികളും അംഗങ്ങളായ രാജ്യങ്ങളെ അസംതൃപ്തരാക്കി.

എന്നാൽ അതീനിയക്കാർ തങ്ങളുടെ നാവികസേനയുടെ ബലംകൊണ്ടു യവനദേശങ്ങളേയും ഉപനിവേശങ്ങളേയും പേഴ്സ്യയിൽനിന്നും കടൽക്കൊള്ളക്കാരിൽനിന്നും രക്ഷിക്കുകയും വാണിജ്യത്തിന്നു് അഭിവൃദ്ധി വരുത്തി സാമ്പത്തികസ്ഥിതി ഉയർത്തുകയും ചെയ്തുവരുന്നു. സംഘാംഗങ്ങളായ രാജ്യങ്ങൾക്കു കപ്പം അടയ്ക്കുകയല്ലാതെ യാതൊരു ഭാര

വും വേണ്ടിവന്നില്ല. രക്ഷയും സമാധാനവും ലഭിക്കുന്നേടത്തോളംകാലം കപ്പം കൊടുത്തതു് എങ്ങനെ ചിലവാക്കി എന്നന്വേഷിക്കേണ്ടതില്ല. വ്യവഹാരതീർപ്പുകൾമൂലം ശരിയായ നീതിന്യായങ്ങൾ ലഭിച്ചിരുന്നു. ഇവയ്ക്കും പുറമെ അതീനിയക്കാർ ഉപനിവേശവാസികൾക്കും മററും തങ്ങളുടെ രാജ്യത്തും വ്യാപാരം ചെയ്യുന്നതിനും യവനസംസ്കാരം ആസ്വദിക്കുന്നതിനും സൌകര്യം നൽകിയിരുന്നു. ഈ സ്ഥിതികൾ കപ്പം കൊടുത്തു രാജ്യരക്ഷാകാര്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി നിന്നിരുന്നതിൽ സംഘങ്ങൾതന്നെയാണു അപരാധികൾ. ആദ്യം സ്പാർട്ടയും പിന്നീടു മററു ചില അംഗരാജ്യങ്ങളും ഇക്കാര്യത്തിൽ ഉദാസീനത അവലംബിക്കയാൽ അതീനിയയുടെ സാമ്രാജ്യസ്ഥാപനം തന്നെ ത്യജിക്കേണ്ടിവന്നു.

അതീനിയക്കാരുടെ പുരോഗമനത്തെ സ്പാർട്ട ആശങ്കയോടുകൂടിയാണു് വീക്ഷിച്ചിരുന്നതു്. ബി. സി 478-ൽ ഏതൻസിലേയും അതിനോടു ചേന്ന വൈയേറിയ തുറമുഖത്തെയും സുരക്ഷിതമാക്കുവാൻ ശ്രമിച്ചപ്പോൾ സ്പാർട്ട അതിനു വിരോധം ഉണ്ടാക്കി. എങ്കിലും 20 കൊല്ലംകൊണ്ടു് അവർ ആ ശ്രമം പൂർത്തിപ്പെടുത്തി. സ്പാർട്ടയ്ക്കുസമീപമുള്ള ആർക്കേഡിയ, ഇലിസ്, അർഗോസ്സ എന്നീ പ്രദേശങ്ങളിൽ ലഹളകളുണ്ടായി. അപ്പോൾ അവയെ ശമിപ്പിപ്പാൻ സ്പാർട്ട വ്യാപൃതയായി. അതിനെ തുടർന്നു ഹെലട്ട്സും ലഹളയ്ക്കൊരുങ്ങി. അതു് ഒതുക്കുവാൻ സ്പാർട്ട അതീനിയയുടെ സഹായം ആവശ്യപ്പെട്ടു. അതീനിയ സഹായത്തിനായി സൈന്യത്തെ അയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ സ്പാർട്ടക്കാർ തങ്ങളുടെ ജന്മസിദ്ധമായ ഉപചാരമില്ലായ്മമൂലം ആ സേനയെ മടക്കി അയയ്ക്കുകയാണു് ചെയ്തതു്. അതിൽ അതീനിയ അരിശംകൊണ്ടു; സ്പാർട്ടയുമായുള്ള സൌഹാർദ്ദബന്ധം മേലിൽ സുസാധ്യമല്ലെന്നു തീർച്ചപ്പെടുത്തുകയും ബി. സി. 461 മുതൽ രണ്ടു രാജ്യങ്ങളും മത്സരിച്ചു തിരിയുകയും ചെയ്തു. സ്പാർട്ട

യുമായി മൈത്രിയിൽ വർത്തിച്ചിരുന്നവരെ അതിനിയക്കാർ പരസ്യമായി ആക്രമിച്ചു. ഡോറിയൻകാരുടെ വലിയ ദ്വീപായ ഏജിന അവരധീനപ്പെടുത്തി. കൊറിന്തു കടലിടുക്കിന്റെ ഇരുഭാഗങ്ങളിലും നാവികസേനയെ കാവൽനിർത്തി കൊറിന്തിന്റെ വാണിജ്യം നശിപ്പിച്ചു.

## 36. പെരിക്ലീസിന്റെ കാലം.

യവനചരിത്രത്തിലെ സുവർണ്ണകാലം ബി. സി. അഞ്ചാം ശതകത്തിന്റെ മദ്ധ്യത്തിൽ പെരിക്ലീസ്സിന്റെ മുപ്പതു കൊല്ലത്തെ അവിസ്മരണീയമായ ഭരണമാണ്. ഇദ്ദേഹം ഏതൻസിലെ ഒരുയർന്ന കുലത്തിലാണ് ജനിച്ചതു്. സൽസ്വഭാവവും ബുദ്ധിയും ഗൌരവവും തികഞ്ഞ ഇദ്ദേഹം മിതഭാഷിയും അനഹംകാരിയും ശാലീനനും മിതവ്യയശീലനുമായിരുന്നു.

പെരിക്ലീസിന്നു ജനാധിപത്യത്തിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം ജനാധിപത്യതത്വങ്ങളെ അങ്ങേഅറ്റത്തോളം അനുസരിച്ചു പ്രവർത്തിച്ചു. ജനങ്ങളാൽ നടത്തപ്പെടുന്ന ഭരണമാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നതു്. ഇത്തരം ഭരണരീതിയാണദ്ദേഹം നടപ്പാക്കിയതു്. അതിൽ അതിനിയക്കാരായ മാതാപിതാക്കളിൽനിന്നു ജനിച്ച യവനൎക്കു മാത്രമേ പൌരാവകാശം നൽകിയുള്ളു. നിയമദൃഷ്ടിയിൽ ഏവൎക്കും സമത്വം സനുവദിച്ചു. സമ്പത്തിനെക്കാൾ പ്രാപ്തിയെയാണു സ്ഥാനാദികളിൽ പ്രധാനമായി കരുതിയതു്. വ്യക്തിസ്വാതന്ത്ര്യം പരക്കെ ഉണ്ടായിരുന്നു. എന്നാൽ അതോടൊപ്പം നീതിന്യായങ്ങളും അണുപോലും തെറ്റാതെ ആദരിക്കപ്പെട്ടു. ഏകാധിപത്യത്തിനും അരാജകത്വത്തിനും മദ്ധ്യത്തിൽ വ്യവസ്ഥാപിതമായിട്ടാണ് സമുദായം വർത്തിച്ചിരുന്നതെങ്കിലും അദ്ദേഹം വാസ്തവത്തിൽ ഒരു സ്വേച്ഛാധികാരിതന്നെയായിരുന്നു. അസാധാരണമായ വാ

മിതംകൊണ്ടു് അദ്ദേഹം സ്വേച്ഛാധികാരം സമ്പാദിക്കുകയും നിലനിത്തിപ്പോരുകയും ചെയ്തു. അദ്ദേഹം ജനങ്ങളെ നയിച്ചതല്ലാതെ അവരാൽ നയിക്കപ്പെട്ടില്ല. സ്വഭാവഗുണമുള്ളതുകൊണ്ടു ജനങ്ങൾക്കതിൽ രോഷം തോന്നിയിരുന്നില്ല. പേരിനു പ്രജാധിപത്യഭരണമായിരുന്നെങ്കിലും അതു് രാജ്യത്തിലെ പ്രധാനനായ ഏകൻെറ ഭരണംതന്നെയായിരുന്നു.

ശാസ്ത്രം, തത്വചിന്ത, കല, രാഷ്ട്രീയകാര്യം എന്നിവയിൽ തൻെറ ആദർശങ്ങളെ പെരിക്ലീസ് നല്ലപോലെ ഗ്രഹിച്ചുവെച്ചിരുന്നു. ശാസ്ത്രജ്ഞാനത്തിൽ അദ്ദേഹത്തിന്നു അനാക്സാഗ്രോസ്സു് എന്ന തത്വചിന്തകൻെറ ആപ്തമൈത്രിയും ഉണ്ടായിരുന്നു. ഗ്രീസ്സിലെ വിദ്വജ്ജനങ്ങളെ ആകർഷിപ്പാനും ഏതൻസിനെ ഗ്രീസ്സിലെ വിദ്യാകേന്ദ്രമാക്കുവാനും അദ്ദേഹം ഉത്സുകനായി. വലിയ ദേവാലയം നിർമ്മിച്ചു ശില്പകലയെ പോഷിപ്പിച്ചു. അതിൽ ശില്പിയും കൊത്തുവേലക്കാരനും ചിത്രകാരനും കർമ്മചാതുര്യം പ്രകടിപ്പിച്ചു. അങ്ങനെ ഏതൻസു് മനോഹരമായും അതിലെ പൌരന്മാർ കർത്തവ്യധീരന്മാരായും പരിണമിച്ചു. ധീരതയാണു് സ്വാതന്ത്ര്യമെന്നും സ്വാതന്ത്ര്യമാണു് പരമമായ ഭാഗ്യമെന്നും അദ്ദേഹം യവനരെ ഗ്രഹിപ്പിച്ചു. വിജ്ഞാനപൂർണ്ണമായി നടത്തിയ അദ്ദേഹത്തിൻെറ ഭരണത്തിൽ ജനങ്ങൾ സാമ്രാജ്യവുമായി ദൃഢബദ്ധരായി. അദ്ദേഹത്തിൻെറ പ്രേരണയാൽ ഏതു രാജ്യത്തു പോവാനും ഏതു ജലധിയെ തരണംചെയ്യുവാനും അവർ കൂസിയില്ല. അങ്ങനെ ചെന്നേടങ്ങളിലെല്ലാം അവർ സ്നേഹവും, വെറുപ്പും ഭാവിയിൽ സ്മരണീയമാക്കിവെച്ചു. പെരിക്ലീസ് തൻെറ ജ്ഞാനവും സൌന്ദര്യബോധവും അധികാരേച്ഛയും ഏതൻസിൽ പ്രത്യക്ഷമാക്കി. എന്നാൽ അദ്ദേഹം പൌരജനങ്ങളെ വിസ്മരിച്ചു നഗരത്തെ ആരാധിച്ചിരുന്നില്ല.

ഏതൻസിനോടു വലിയ മാത്സര്യത്തിലാണു് സ്പാർട്ട

വർദ്ധിച്ചുവന്നതു്. സ്പാർട്ടക്കാർ വളരെക്കാലം നിരുത്സാഹരായി പെലോപൊനീസ്സിൽ കഴിച്ചുകൂട്ടി. കൊറിന്തും സ്പാർട്ടയെ അനുഗമിച്ചു. മദ്ധ്യധരണ്യാഴിയിലെ വാണിജ്യാധിപത്യം കരസ്ഥമാക്കുവാൻ അതിനു കഴിഞ്ഞില്ല. ബി. സി. 431-ൽ ഈ പെലിപൊനേഷ്യൻ വർഗ്ഗക്കാരുടെ രോഷാഗ്നി ജ്വലിച്ചു. അതോടെ അവരുമായി സമരമുത്ഭവിച്ചു.

അതീനിയൻ സാമ്രാജ്യത്തിനെതിരായി ഒരാക്രമണം ഉണ്ടാകുമെന്നു മുൻകൂട്ടി ഗ്രഹിച്ചിരുന്ന പെരിക്ലീസ് അതമർത്തുവാൻ വേണ്ട പണം സംഭരിച്ചുവെച്ചിരുന്നു. എന്നാൽ അതീനിയൻ സൈന്യം സ്പാർട്ടയിലേയും തിബ്സ്സിലേയും കരസൈന്യത്തോടു കിടപിടിക്കത്തക്കതായിരുന്നില്ല. എന്നാലും അതീനിയൻ നാവികസേന സമുദ്രത്തിന്റെ ആധിപത്യം വഹിച്ചിരുന്നു. ശത്രുക്കളേക്കാൾ കൂടുതൽ സമ്പത്തും അതീനിയക്കാർക്കുണ്ടു്. അതിനാൽ കൊല്ലംതോറുമുണ്ടാകാറുള്ള ശത്രുക്കളുടെ ആക്രമണങ്ങൾക്കു വിധേയമാക്കി ആററിക്കയെ ഒഴിച്ചുവിടുവാൻ പെരിക്ലീസ് അതീനിയക്കാരെ പ്രേരിപ്പിച്ചു. അവർ അതീനിയയിലെ കോട്ടയ്ക്കകത്തിരുന്നു്, ശത്രുക്കളോടു പകവീളുവാൻ നാവികബലത്തേയും പ്രയോജനപ്പെടുത്തി. സാമ്രാജ്യത്തെ സർവ്വഥാ രക്ഷിപ്പാനും യുദ്ധം അവസാനിക്കുന്നവരെ പുതിയ രാജ്യസമ്പാദനത്തിനു ശ്രമിക്കാതിരിപ്പാനും അവരെ പെരിക്ലീസ് ഉപദേശിച്ചു.

ക്ഷമാപൂർവ്വമായ ഈ മൌനദീക്ഷകൊണ്ടു ശത്രുവിനെ വിജയിക്കാമെന്നു പെരിക്ലീസ് വിശ്വസിച്ചു. എന്നാൽ ജനനിബിഡമായ നഗരത്തിൽ ഒരു പകച്ചവ്യാധി പിടിപെടുകയും വളരെ ജനങ്ങൾ മരിക്കുകയും ചെയ്കയാൽ ആൾബലവും ഉത്സാഹവും നശിച്ചു. ഈ വ്യാധിയിൽപെട്ടു പെരിക്ലീസും മൃതിയടഞ്ഞു. ബി. സി. 429-ൽ അദ്ദേഹത്തെ പിൻതുടർന്നുവന്ന രാഷ്ട്രീയനേതാക്കൾക്കു് അദ്ദേഹത്തോളം പ്രാപ്തിയുണ്ടായിരുന്നില്ല. അവർ അദ്ദേഹം ഉപദേശിച്ചി

രുന്ന നയം ത്യജിച്ചു. അവർ ആലോചനകൂടാതെ ബിയോഷ്യയിലും പശ്ചിമോത്തരഗ്രീസിലും ഓരോ പദ്ധതികൾ ആരംഭിച്ചുവെച്ചു. അത്രയുമല്ല, അററിക്കയിലെ കൃഷകൎക്കും പൗരജനങ്ങൾക്കും സ്വദേശത്തേയ്ക്കു തിരിക്കുന്നതിലുണ്ടായിരുന്ന തടസ്ഥം പെരിക്ലീസിന്റെ മരണത്തോടുകൂടി നീങ്ങി. സ്പാർട്ടക്കാരായ ചില യുദ്ധത്തടവുകാർ അധീനതയിലുണ്ടായിരുന്നതിനാൽ അവർ മുഖേന സ്പാർട്ടയുമായി ഒരു സമാധാനസന്ധി ചെയ്യാൻ തരപ്പെടുകയും ചെയ്തു. എന്നിട്ടും ഇതരവർഗ്ഗങ്ങളുമായുള്ള മത്സരത്തിനു ഒരറുതിയുണ്ടായില്ല. തീബ്സും കൊറിന്തും ആ സന്ധിയെ അനുകൂലിച്ചുമില്ല.

ഈ ദീർഘസമരംമൂലം അതീനിയക്കാരുടെ സ്വഭാവം ദുഷിച്ചു. കീഴടങ്ങിയവരോടു അവർ നിഷ്ഠുരമായി പെരുമാറി. പെരിക്ലീസിനാൽ നിരോധിക്കപ്പെട്ട വിദേശാക്രമണത്തിൽ അവർ ആശവെക്കുകയും, സിസിലിയേയും മഹാഗ്രീസിനേയും ആക്രമിപ്പാൻ ഒരു വൻപടയുമായി പുറപ്പെടുകയും ചെയ്തു. അതിനു പുറപ്പെട്ട നേതാക്കന്മാർ അപ്രാപ്തരും വഞ്ചകരുമായിരുന്നു. സൈറാക്കൂസിലെ ജനങ്ങൾ അതീനിയക്കാരുടെ കരസൈന്യത്തേയും നാവികസേനയേയും കൊന്നൊടുക്കി അവരെ തോല്പിച്ചു.

അതോടെ ഏതൻസിലെ യുദ്ധവീരന്മാരും കപ്പലുകളുമെല്ലാം നഷ്ടപ്പെട്ടു. സാമ്രാജ്യത്തിൽ ആകമാനം ലഹളകളും പൊട്ടിപ്പുറപ്പെട്ടു. പൊലിപോനേഷ്യൻ ശത്രുക്കൾ അതിനെ എതിർക്കുവാൻ ചാടിപ്പുറപ്പെട്ടു. രാജ്യത്തും അന്തഃഛിദ്രമുത്ഭവിച്ചു. ഇത്രയെല്ലാമായിട്ടും ഏതൻസു ഒരു നൂതനനാവികപ്പടയെ രൂപീകരിച്ചു സ്പാർട്ടയുടെ നാവികസേനയെ തോല്പിച്ചു. എന്നാൽ സലാമീസിലും യൂറിമീഡനിലുംവെച്ചു പററിയ പരാജയത്തിനു പക വീളുവാൻ പെഴ്സ്യ ഇക്കാലത്തു ഇടയിൽ ചാടി വീണ് സ്പാർട്ടൻനാവികത്തലവനായ ലൈസാൻറൎക്കു ആവശ്യമുള്ള ധനം കൊടുത്തു സഹായിക്കുക

ഷ്ടം ചെയ്തു. അങ്ങനെ പേർഷ്യനാധിപത്യത്തെ ഉന്മൂലനാശം ചെയ്വാൻ ഒത്തൊരുമിച്ചു വർത്തിച്ച കക്ഷിയിലെ ഒരു ഭാഗം മററെ ഭാഗത്തെ നശിപ്പിപ്പാൻ പേർഷ്യൻധനം കൈപ്പററി. ബി. സി, 405-ൽ അതിനു ഒരു അന്ത്യതീരുമാനവും വന്നു. ഹെല്ലസ്പോണ്ടിനോടടുത്തുള്ള ഏഗോസ്പൊട്ടാമിയിൽവെച്ചു അതീനിയക്കാരുടെ നാവികസേന പാടെ തോല്പിക്കപ്പെട്ടു. ലൈസാൻറർ തെക്കോട്ടു കപ്പലോടിച്ചുകൊണ്ടുപോയി. അതീനിയനഗരത്തെ അധീനമാക്കി. കൊരിന്തും തീബ്സും അതിനെ നശിപ്പിക്കണമെന്നു ശഠിച്ചുവെങ്കിലും ലൈസാൻറർ അതിന്നു അനുകൂലിച്ചില്ല. അതിനെ ചുററി കെട്ടപ്പെട്ട കോട്ടമതിലുകൾ ഇടിച്ചുതകത്തു.

അതോടെ ഏതൻസിന്റെ സാമ്രാജ്യം അസ്തമിച്ചു. എല്ലാ ജനതയേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജനകീയ ഭരണം സാദ്ധ്യമല്ലെന്നു തീർച്ചപ്പെട്ടു. രാജ്യത്തുള്ള ജനതയിൽ സ്വാതന്ത്ര്യബോധം വളത്തക്കവിധം ഏവക്കും പൌരസ്ഥാനം നൽകുവാൻ സാധിച്ചതുമില്ല. ജനങ്ങളുടെ സ്നേഹാദരങ്ങൾ ആർജ്ജിപ്പാനും അവരുടെ അവശത പരിഹരിപ്പാനും അരപ്പെടാതെ ഏതൻസിലെ ജനകീയഭരണം തകന്നു.

---

## 37. യവനരുടെ അധഃപതനം

ബി. സി. 4-ാം ശതകം മത്സരപൂർണ്ണമായ ഒരു കാലമായിരുന്നു. രാജ്യങ്ങൾ തമ്മിൽ തമ്മിൽ സദാ കലഹിച്ചാണു കഴിഞ്ഞിരുന്നതു്. മനുഷ്യഹൃദയത്തിൽ നൂതനങ്ങളും പ്രാചീനങ്ങളുമായ ആശയങ്ങൾ തമ്മിൽ പൊരുതിയതിനാൽ അഭ്യന്തരകലഹം സാധാരണമായി. വഗ്ഗീയസ്പദ്ധ വദ്ധിക്കയും ചെയ്തു.

ഈ വഗ്ഗീയകലഹങ്ങൾ യവനരുടെ പ്രജാധിപത്യരാജ്യങ്ങളുടെ അധഃപതനത്തിനും നാശത്തിനും കാരണമായി.

ഗ്രീസിന്റെ നല്ല കാലം കഴിഞ്ഞുവെന്ന വിചാരം യവനരുടെ അന്തരംഗങ്ങളിൽ കടന്നുകൂടി. അവരുടെ പ്രതാപം സങ്കുചിതമായി. ആദർശമുള്ള മാർഗ്ഗം അടഞ്ഞു.

ബി. സി. 404-ൽ പേഴ്സ്യനാക്രമണത്തിന്റെ പരാജയത്തിനുശേഷം സ്പാർട്ടയ്ക്കു പ്രാധാന്യം ലഭിച്ചു. ഏതൻസിന്റെ പ്രാബല്യവും പ്രാമാണ്യവും നഷ്ടപ്പെടുകയും ചെയ്തു. സ്പാർട്ടൻകാർക്ക് സൈന്യബലം ഉണ്ടായിരുന്നതിനു പുറമെ അവരുടെ പ്രകൃതിക്കും ജനകീയഭരണ സംഘടനകൾക്കും ഒരു സ്ഥിരതയുണ്ടായിരുന്നു. പെലിപോനേഷ്യൻ സംയുക്തരാഷ്ട്രസംഘടനയെ നയിപ്പാനുള്ള പരിചയവും അവർക്കു സിദ്ധിച്ചിരുന്നു. പക്ഷെ മററു യവനവർഗ്ഗങ്ങളെ അപേക്ഷിച്ച് അവർ സംസ്കാരത്തിൽ എത്രയോ താണപടിയിലാണിരുന്നിരുന്നതു്. അവർ നിർദ്ദയരും ദുരാഗ്രഹികളും പൌരശക്തി കുറഞ്ഞവരുമാണ്. പെലോപ്പൊന്നീസിൽ മാത്രം പരിചയിച്ചിരുന്ന അവർ പെലിപോടെ സംസ്കാരം ഗ്രഹിപ്പാനുള്ള വീക്ഷണഗതിയില്ലാത്തവരായിപ്പോയി.

ലൈസാൻറർ ഏതൻസിനെ വിജയിച്ചതിനു ശേഷം ബലം പ്രയോഗിച്ചും ചതിച്ചുമല്ലാതെ അവിടെ ഭരണം നടത്തുവാൻ സ്പാർട്ടക്കാർ പ്രാപ്തരായില്ല. ഏതൻസിനെ വെല്ലുവാൻ തങ്ങളെ സഹായിച്ച പേഴ്സ്യക്ക് ഏഷ്യാമൈനറിലെ പല നഗരികളും അവർ വിട്ടുകൊടുത്തു. അതീനിയൻ സാമ്രാജ്യത്തിൽപെട്ട മററു നഗരികളിൽ അവർ സൈനികസഹായത്താൽ തദ്ദേശത്തെ സ്വേച്ഛാപ്രഭുക്കളെക്കൊണ്ടു ഭരണം നടത്തിച്ചു. ഏതൻസിലെ ഭരണംതന്നെയും ദുർഭരണത്തിനു പേരെടുത്ത സ്വേച്ഛാപ്രഭുക്കളെക്കൊണ്ടാണ് നടത്തപ്പെട്ടിരുന്നതു്. യുദ്ധത്തിൽ തങ്ങളെ തുണച്ച പെലിപ്പോനേഷ്യൻ ബന്ധുക്കളെ യുദ്ധത്താലുണ്ടായ സമ്പാദ്യത്തിൽ ഒരു പങ്കും നല്കാതെ അവർ ത്യജിച്ചു. അതിനാൽ

അവർ എലിസ്സിനെ ആക്രമിച്ചു; മാന്റിനീയയെ നശിപ്പിച്ചു. കൊറിന്തും ആഥേൻസുമായി സമരത്തിനു പുറപ്പെട്ടു. തീബ്സിനെ ചതിച്ചധീനമാക്കി. അങ്ങനെ അല്പംകാലം കൊണ്ടു സ്പാൎട്ടയെ ഏവരും വെറുത്തു.

നീണ്ടുനിന്ന അന്തഃഛിദ്രം നിമിത്തം നിരവധി യവനൎക്കു ജോലിയില്ലാതായി. പ്രയത്നിച്ചു കാലം കഴിയണമെന്ന വിചാരവും നശിച്ചു. പോരാടിക്കൊണ്ടു ജീവിക്കണമെന്നുള്ള ആഗ്രഹം വേരൂന്നി. അതിനുവേണ്ടി അവർ വിദേശസൈന്യങ്ങളിൽ ചേൎന്നു. സൈറസ്സ് സ്വസഹോദരന്റെ പക്കൽനിന്നു പേഴ്സ്യൻ സാമ്രാജ്യം അപഹരിക്കുവാൻ ചെയ്ത സമരത്തിൽ പതിനായിരം പേർ ചേൎന്നു് ഏഷ്യാമൈനറിൽകൂടി കടന്നു പേഴ്സ്യൻ സാമ്രാജ്യത്തിന്റെ ഉള്ളിലെത്തി. അതിൽ അവർ പരാജിതരായി. പിന്നെ യുദ്ധത്തിനു വേറെ മാൎഗ്ഗം കാണാതെ വളരെ കഷ്ടപ്പെട്ടും നായകന്മാർ നശിച്ചും സ്വരാജ്യത്തെത്തി.

ഭാഷയിലുള്ള ഐക്യമല്ലാതെ മറെറാരു തരത്തിലുള്ള ഐക്യവും യവനരുടെ ഇടയിൽ ഇല്ലാതായി. അപരിഷ്കൃതരോടുള്ള വെറുപ്പിലും അവർ ഏകമനസ്സോടുകൂടിത്തന്നെയിരുന്നു. അവർ നിപുണനും വിവേകിയുമായ സെനഫൻ എന്നാളെ നായകനായി തിരഞ്ഞെടുത്തു. അദ്ദേഹത്തെ അനുസരിച്ചു വൎത്തിച്ചു കരിങ്കടൽതീരംവരെ എത്തുകയും ചെയ്തു.

സെനഫൻ വിജയിച്ചതു കണ്ടു സ്പാൎട്ടൻകാർ ഏഷ്യാമൈനറിലെ പേഴ്സ്യൻ എജമാനന്മാരുമായി കലഹിക്കുവാൻ ഒരുങ്ങി. കരയ്ക്കു ചില വിജയങ്ങളെല്ലാം അവൎക്കുണ്ടായി. എന്നാൽ പേഴ്സ്യൻ നാവികസൈന്യം ഏതൻസിലെ നായകത്വത്തിൽ സ്പാൎട്ടക്കാരെ പരാജിതരാക്കി. അങ്ങനെ പേഴ്സ്യ യവനദേശത്തു കലഹത്തിനു വട്ടംകൂട്ടി. പേഴ്സ്യയുടെ ധനംകൊണ്ടു അതീനിയയുടെ കോട്ടമതിൽ പുതുക്കിപ്പണിയിച്ചു. വിട്ടുപോയ ചില ബന്ധുക്കളും കൂടി

ച്ചേൻ. അതോടെ സ്പാർട്ടക്കെതിരായി പൊരുതുവാനും ത
രപ്പെട്ടു. തിബ്സ് സ്വതന്ത്രമായി. അവർ അതീനിയരോ
ടുചേൻ സ്പാർട്ടയ്ക്കെതിരെ പൊരുതുകയും ഒരു ഐക്യരാഷ്ട്ര
സംഘം രൂപീകരിക്കയും ചെയ്തു. അതീനിയക്കാരുടെ നാ
വികസേന ഈജിയൻ സമുദ്രാധിപത്യം നേടി. ശത്രുക്കൾ
പ്രബലരായിരുന്നെങ്കിലും സ്പാർട്ടയുടെ പ്രതാപം കുറഞ്ഞു.
രാഷ്ട്രീയപ്രതാപം അങ്ങനെ തിബ്സിൽ ലയിച്ചു.

തിബ്സിൽ ലയിച്ച ആ പ്രതാപംകൊണ്ട് അവരുടെ
നായകനായ ഇഫാമിനോൺദാസിന്റെ മരണംകാരണം
കാര്യമില്ലാതായി. ഇതോടുകൂടി അവരുടെ നഗരിയുടെ പു
രോഗമനവും അസ്തപ്രായമായി. ഗ്രീസ്സിലെ വൻനഗരി
കൾ തമ്മിൽ തമ്മിൽ കലഹിച്ച് എല്ലാം ക്ഷയിച്ചപ്പോൾ
അവയെല്ലാം ബി. സി. 338-ൽ മാസിഡോണിലെ ഫിലി
പ്പിന്റെ ആക്രമണത്തിനു വിധേയമാകയും അദ്ദേഹത്തിനു്
അധീനപ്പെടുകയും ചെയ്തു.

—o—

## 38. ഡമസ്തനീസ്സ്

പുരാതനഗ്രീസ്സിലെ വിഖ്യാതവാഗ്മിയായ ഡമസ്തനീ
സ്സ് ഏതൻസിലെ ഒരു വാൾക്കച്ചവടക്കാരന്റെ മകനായി
രുന്നു. ഇദ്ദേഹം ജനിച്ചതു് ബി. സി. 382-ലൊ 385-ലൊ
ആണെന്നു പറയപ്പെടുന്നു. പിത്രാർജ്ജിതമായ സ്വത്തു് അ
ദ്ദേഹത്തിനു ലഭിച്ചുവെങ്കിലും അതു കബളിച്ചെടുപ്പാൻ ശ്ര
മിച്ച രക്ഷിതാക്കന്മാരുടെ പേരിൽ വ്യവഹാരപ്പെട്ടിട്ടു വേ
ണ്ടിയിരുന്നു സ്വന്തമാക്കുവാൻ. വാഗ്മിയാവാനാണ് പി
ന്നീടദ്ദേഹം ഉദ്യമിച്ചതു്. അദ്ദേഹത്തിന്റെ ശ്വാസകോശ
ങ്ങൾക്കു ബലം കുറവായിരുന്നു. സംസാരത്തിൽ കൊഞ്ഞലു
ള്ളതിനു പുറമെ വികൃതങ്ങളായ അഭിനയങ്ങളുമുണ്ടായിരു
ന്നു. എന്നാൽ നിരന്തരമായ പരിശ്രമശീലംകൊണ്ടു് ഇത

ന്യൂനതകളെ വിജയിച്ചു. ഗ്രീസ്സിനെ അധീനപ്പെടുത്തു വാൻ തക്കംപാർത്തിരുന്ന മാസിഡനിലെ രാജാവായ ഫിലി പ്പിനു നേരെ യവനജനതയെ ഇളക്കിവിടുവാൻ അദ്ദേഹം ശക്തിയോടുകൂടി പ്രസംഗങ്ങൾ നടത്തി. എന്നാൽ സ്വദേ ശസ്നേഹം ക്ഷയിച്ചും മാസിഡോണിയക്കാരുടെ കാഞ്ചനം കണ്ടു കണ്ണുമഞ്ഞിയുമിരുന്ന യവനർ വഴിപിഴച്ചുപോയി. ബി. സി. 380-ൽ ചെറോണിയായിൽവെച്ചു യവനരും മാസിഡോണിയരുമായി നടന്ന യുദ്ധത്തിൽ ഡമസ്തനീസ്സ് ഭാഗഭാക്കായിരുന്നു. അതിൽ അതീനിയക്കാരും ബിയോ ഷിയാക്കാരും പരാജിതരായി. അങ്ങനെ യവനരുടെ സ്വാ തന്ത്ര്യം നഷ്ടപ്പെട്ടു. ബി. സി. 336-ൽ അലക്സാന്തർ രാജ സ്ഥാനം പ്രാപിച്ചപ്പോഴും രാജ്യത്തു് ഒട്ടാകെ ഒരു വിപ്ലവം ഉണ്ടാക്കിത്തീർപ്പാൻ ഡമസ്തനീസ്സ് യത്നിച്ചുവെങ്കിലും അല ക്സാന്തർ അതിനെ ബലം പ്രയോഗിച്ചു് അമർത്തി. അതിനു് അതീനിയക്കാർ അലക്സാന്തരോടു ക്ഷമായാചനം ചെയ്കയും ചെയ്തു. എന്നാൽ അലക്സാന്തരുടെ കൈയിലകപ്പെടാതെ കഴിച്ചുകൂട്ടുവാൻ ഡമസ്തനീസ്സ് നന്നേ കുഴങ്ങി. ബി. സി. 324-ൽ അലക്സാന്തരുടെ സേനാനികളിൽ ഒരുവനെ കൈ ക്കൂലികൊടുത്തു പാട്ടിലാക്കുവാൻ ശ്രമിച്ചു എന്നൊരു കുററ മാരോപിച്ചു് അദ്ദേഹത്തെ രാജ്യഭ്രഷ്ടനാക്കുകയാണു് ചെയ്ത തു്. പിറേറക്കൊല്ലം അലക്സാന്തർ മരിച്ചു. ഡമസ്തനീസ്സ് വിമുക്തനുമായി. ആൻറിപാററർ യവനരെ തോല്പിച്ച പ്പോൾ ഡമസ്തനീസ്സ് യവനസമുദ്രതീരത്തിലെ കാലൌറിയ ദ്വീപിലുള്ള പോസിഡൻ ദേവാലയത്തിൽ ഒളിച്ചു രക്ഷ പ്പെട്ടു. പിന്നെയും തിരഞ്ഞു നടന്നിരുന്ന രാജകിങ്കരന്മാരു ടെ പിടിയിൽ പെടാതിരിപ്പാൻ അദ്ദേഹം ബി. സി. 322-ൽ വിഷംകടിച്ചു മരിക്കയാണു് ചെയ്തതു്.

ഡമസ്തനീസ്സ് നിഷ്കളങ്കനായിരുന്നു എന്നു് ആധുനിക വിദ്വാന്മാർ ഉന്നേിപ്പറയുന്നുണ്ടു്. കാവ്യനിർമ്മാണത്തിൽ

ഹോമർക്കുള്ളത്ര ഖ്യാതി വാഗ്മിത്വത്തിൽ ഡമസ്തനീസ്സിന്നുമുണ്ടു്. ഒരു തികഞ്ഞ വാഗ്മിപ്രവരനെന്നാണ് അദ്ദേഹത്തെപ്പററി സിസറൊ അഭിപ്രായപ്പെട്ടിരിക്കുന്നതു്. യവനഗദ്യസാഹിത്യത്തെ അതിൻെറ പരമകാഷ്ഠയിൽ എത്തിച്ചു പ്രതിഷ്ഠിച്ച മഹാനാണ് അദ്ദേഹം. അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളെല്ലാം സ്വാഭാവികങ്ങളും, ശക്തിയുള്ളവയും, ഒതുങ്ങിയവയും, സന്ദർഭോചിതങ്ങളുമായിരുന്നു. അദ്ദേഹത്തിൻെറ വകയായി 61 പ്രഭാഷണങ്ങൾ ഉള്ളതായി പറയപ്പെടുന്നുണ്ടെങ്കിലും അവയിൽ ചിലതു് അദ്ദേഹത്തിൻേറതല്ലെന്നും പറയപ്പെടുന്നു.

---

## 39. പ്ലേറെറാ

ബി. സി. 4_ാം ശതകത്തിലെ മഹത്തായ സംഗതി തത്വചിന്തയുടെ പുരോഗമനമാണ്. അതിൽ അത്യന്തം വിദഗ്ദ്ധനായതു് സോക്രട്ടീസിൻെറ ഉററ ശിഷ്യനായ പ്ലേറേറാവാണ്. ചോദ്യോത്തരരൂപത്തിൽ തത്വചിന്ത ചെയ്തുകൊണ്ടു് അദ്ദേഹം ജീവിതം നയിച്ചു. പ്ലേറേറാ ഒരു വൈജ്ഞാനികനും ബീജഗണിതജ്ഞനും ധർമ്മോപദേഷ്ടാവും കലാകാരനുമായിരുന്നു. കവിതയും ദീർഘദർശിത്വവും വിചാരശക്തിയും അദ്ദേഹത്തിൽ ഒത്തിണങ്ങിയിരുന്നു. അദ്ദേഹത്തിൻെറ ചോദ്യോത്തരങ്ങളിൽ നായകസ്ഥാനം ഗുരുവായ സോക്രട്ടീസിനുതന്നെ നൽകി. ആദ്യം ആചാരപരമായ വിഷയങ്ങളിലാണ് അദ്ദേഹം ലയിച്ചതു്. പിന്നീടു മനുഷ്യബുദ്ധിക്കതീതമല്ലാത്ത സകല വിഷയങ്ങളേയും പരാമർശിച്ചുതുടങ്ങി. ഏതൊന്നിൻേറയും യഥാർത്ഥം എന്തെന്നു ചോദിച്ചും ആരാഞ്ഞുമിരുന്നു. അദ്ദേഹം ഭൗതികവസ്തുക്കളെ മാത്രമല്ല അന്തഃകരണത്തേയും ആത്മാവിനേയും വിശദമാക്കാൻ യത്നിച്ചു. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളും നിർവ്വചനരീതി

കളും തത്വചിന്തകർക്കിടയിൽ മേലേക്കിടയിൽ ഉള്ളവയാകുന്നു.

നീതി, സത്യം, സൌന്ദര്യം, ഇത്യാദികളെപ്പററി ചിന്തിക്കുംതോറും അവയുടെ പാരമ്യം കണ്ടെത്തുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിന്നു ബോദ്ധ്യപ്പെട്ടു. നാം കരുതിപ്പോരുന്ന ആ വക ഗുണങ്ങൾ യഥാർത്ഥമായിട്ടുള്ളവയിൽനിന്നു് എത്രയോ താണ പടിയിലിരിക്കുന്നവയാണു്. യഥാർത്ഥഗുണങ്ങൾ നമുക്കുപരിയായി സ്ഥിതിചെയ്യുന്ന ആത്മലോകത്തിൽ മാത്രമേ കണ്ടെത്തുവാൻ സാദ്ധ്യമാകൂ. ഇഹലോകത്തിലെ കാര്യങ്ങൾ സദാ മാറിക്കൊണ്ടും, രൂപം പൂണ്ടുകൊണ്ടും, മിഥ്യയായിട്ടുമാണിരിക്കുന്നതു്. ഇഹത്തിൽനിന്നു വ്യത്യാസപ്പെട്ട പരലോകമെന്നു ഒന്നുണ്ടു്. അവിടെ എല്ലാം മാററമില്ലാതെയും, നാശമില്ലാതെയും, യഥാർത്ഥങ്ങളായും ഇരിക്കുന്നു. അവയുടെ അനുഭൂതിയിൽ ആത്മാവു മാത്രമേ ശക്തമാകയുള്ളു. അവ മാത്രമേ യഥാർത്ഥങ്ങളായുമുള്ളു. ജനനത്തിനു മുമ്പു് ആത്മാക്കൾ അഭൌതികമായ ലോകത്തിലായിരുന്നുവെന്നും, ജഡബന്ധത്തിൽ ഉൾപ്പെട്ടു കിടക്കുന്ന നമുക്കു് അതു് ഗ്രാഹ്യമല്ലാതാകുന്നുവെന്നും അദ്ദേഹം വിശ്വസിച്ചു. അനശ്വരതയെ നമ്മിൽനിന്നു മറച്ചുകളയുന്നതു കാലദേശാവസ്ഥകളാണു്. ഈ ജന്മത്തിൽ അതു നമുക്കു കാണുവാൻ സുദീർഘമായ ശിക്ഷണംകൊണ്ടേ സാധിക്കൂ. ആത്മീയലോകമെന്നതു യഥാർത്ഥഗുണസമ്പൂർണ്ണമായ അവസ്ഥയാണു്. അതു സുന്ദരവും സത്യവും അനശ്വരവുമായ ജ്ഞാനമാകുന്നു. ഈ ജ്ഞാനം സിദ്ധിക്കുകയായിരിക്കണം ഏവരുടേയും ഉദ്ദേശ്യം.

പ്ലേറോ തന്റെ റിപ്പബ്ലിക് എന്ന മഹാഗ്രന്ഥത്തിൽ ആദർശപരമായ ഒരു സമുദായത്തെ ചിത്രീകരിച്ചിട്ടുണ്ടു്. അതിൽ, സ്ത്രീയായാലും പുരുഷനായാലും ഭേദമില്ല, ഏവർക്കും സംതൃപ്തിയോടും സുഖത്തോടുംകൂടി ജീവിതം നയിക്കാം

എന്നു സ്ഥാപിച്ചിട്ടുണ്ടു്. വിദ്യാഭ്യാസത്തിന്നാണു് പ്രാധാന്യം കല്പിച്ചിരിക്കുന്നതു്. മറെറാന്നുകൊണ്ടും ആത്മീയബോധം ഉണ്ടാകുന്നതല്ല. അതില്ലാത്ത ജീവിതം ഉദ്ദേശശൂന്യവും, അതിൻെറ അഭാവത്തിൽ മനുഷ്യൻ മൃതപ്രായനുമാണു്. ഐഹികചിന്തകളിൽനിന്നും ഭോഗങ്ങളിൽനിന്നും മനുഷ്യനെ വിമുക്തനാക്കത്തക്കതാകണം വിദ്യാഭ്യാസം. സാഹിത്യം, കായികം, ഗാനം, ബീജഗണിതം, തത്വചിന്ത എന്നീ വിഷയങ്ങളെക്കുറിച്ചെല്ലാം 35 കൊല്ലം എവൻ പരിശീലിക്കുന്നുവോ അവനു മാത്രമേ മററുള്ളവരെ ഭരിപ്പാൻ അവകാശമുള്ളു എന്നാണു് അദ്ദേഹം സിദ്ധാന്തിക്കുന്നതു്.

പ്ലേറേറാവിൻെറ ജനനം ബി. സി. 428_നും 427_നും മദ്ധ്യയും മരണം 348_നും 347_നുമിടയ്ക്കുമാണു്. അദ്ദേഹം അതീനിയയിലെ ഒരു ഉൽകൃഷ്ടവംശജനാകുന്നു. സോളൻ വംശജയാണു് അദ്ദേഹത്തിൻെറ മാതാവു്. രാഷ്ട്രീയപ്രവൎത്തനങ്ങളിൽ പ്രകൃത്യാ ഉൽസുകനായിരുന്നെങ്കിലും രാഷ്ട്രീയ പ്രവൎത്തനത്തിനു സാക്രട്ടീസിനു വധശിക്ഷ നല്കിയതുമൂലം രാഷ്ട്രരംഗത്തിൽ തനിക്കു സ്ഥാനമില്ലെന്നുതന്നെ അദ്ദേഹം തീൎച്ചപ്പെടുത്തി. ബി. സി. 387_ൽ തത്വചിന്തയും ശാസ്ത്രവും പഠിപ്പിക്കുവാൻ അദ്ദേഹം ഒരു വിദ്യാലയം സ്ഥാപിച്ചു.

തത്വചിന്തകന്മാർ രാജ്യം ഭരിച്ചാലേ സമുദായത്തിൽ പരിപൂൎണ്ണമായ സൌഭാഗ്യം ഉണ്ടാവൂ എന്നു അദ്ദേഹം വിശ്വസിച്ചു. ഒരു സമുദായത്തിൻെറ പരമോദ്ദേശം ഗുണസമ്പൂൎണ്ണരായ സ്ത്രീപുരുഷന്മാരെ സൃഷ്ടിക്കയാണെന്നും ഗുണത്തിൻെറ യഥാൎത്ഥം ഗ്രഹിച്ചവൎക്കു മാത്രമേ മററുള്ളവരെ ഗുണവാന്മാരാക്കുവാൻ കഴിയൂ എന്നും അദ്ദേഹം സിദ്ധാന്തിച്ചു. അതിനിയൻ പ്രജായത്തഭരണത്തിൻെറ തോല്മയെപ്പററി അദ്ദേഹം ബാല്യത്തിൽതന്നെ ഗ്രഹിച്ചിരുന്നു. ഭരണനൈപുണ്യമില്ലാത്തവരാൽ നടത്തപ്പെടുന്ന ഭരണത്തിൽ അദ്ദേഹ-

ത്തിന് ആജീവനാന്തം വിശ്വാസമില്ലായിരുന്നു. ഭരണത്തിന് പരമമായ വൈദഗ്ദ്ധ്യവും ജ്ഞാനവും ആവശ്യമാണ്. പരിചയമില്ലാത്തവരെ ഭരണം ഏല്പിക്കുന്നതു പരമവിഡ്ഢിത്തമാണെന്നു അദ്ദേഹം സിദ്ധാന്തിച്ചു. ചില വിഷയങ്ങളിൽ അദ്ദേഹം അന്നു നടപ്പിലുണ്ടായിരുന്നതിൽ കവിഞ്ഞ ചില തത്വങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഒന്നു് സ്ത്രീകൾക്കു് പുരുഷന്മാരെപ്പോലെ പൊതുജോലികളിൽ പ്രവേശനം നല്കണമെന്നുള്ളതാണ്. രാജ്യഭരണവിഷയത്തിൽ മററുള്ള യവനരേക്കാൾ അധികം വിവേകം അദ്ദേഹത്തിനുണ്ടായിരുന്നു. ആത്മീയമായ അടിസ്ഥാനത്തിൽ മാത്രമേ ശരിയായ ഒരു സമുദായഘടന നിർമ്മിക്കുവാൻ സാദ്ധ്യമാകയുള്ളുവെന്നും അദ്ദേഹം സിദ്ധാന്തിച്ചു. അതിനു മാതൃകയായി സ്വർഗ്ഗീയനഗരിയെയാണ് അദ്ദേഹം നിർദ്ദേശിച്ചുകൊടുത്തതു്.

പാശ്ചാത്യ തത്വചിന്തകന്മാരിൽ പ്രഥമസ്ഥാനം പ്ലേറേറാവിനാണ്. ഇദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിന്മേലാണ് പിൽക്കാലത്തെ തത്വചിന്തകർ തങ്ങളുടെ അഭിപ്രായങ്ങളെ രൂപീകരിച്ചതു്. ആർക്കും ഈ സിദ്ധാന്തങ്ങളെ നിരാകരിപ്പാൻ കഴിഞ്ഞിട്ടില്ല. മനസ്സുമടുക്കുമ്പോഴും, ഇഹത്തിലെ മിഥ്യാവ്യാപാരങ്ങളെക്കൊണ്ടു വിഷമിക്കുമ്പോഴും, ദൈവജ്ഞാനം സിദ്ധിപ്പാൻ പണിപ്പെടുമ്പോഴും ഈ സിദ്ധാന്തങ്ങളെയാണ് സാധാരണക്കാർപോലും ആധാരമാക്കുന്നതു്.

## 40. അരിസ്റ്റോററൽ

പ്ലേറേറാവിന്റെ ശിഷ്യനായ അരിസ്റ്റോററൽ ഗുരുവിനെക്കാൾ ഒട്ടും താഴെയായിരുന്നില്ല. അതീനിയക്കാരനായ ഇദ്ദേഹം ജീവിച്ചിരുന്നതു് ബി. സി. 384-നും 322-നും മദ്ധ്യേയാണ്. മദ്ധ്യകാലത്തെ ക്രിസ്തുമതാനുയായികൾ അ

നേകം ശതാബ്ദങ്ങളോളം ഇദ്ദേഹത്തിന്റെ തത്വചിന്തകളെയാണ് വിജ്ഞാനങ്ങൾക്കാധാരമാക്കിയിരുന്നതു്. വെറും ഒരു തത്വചിന്തകൻമാത്രമായിരുന്നില്ല അദ്ദേഹം. ഭൗതികതത്വങ്ങളിൽതന്നെയാണ് ഇദ്ദേഹം നില ഉറപ്പിച്ചിരുന്നതു്. സംഗതികളുടെ യഥാൎത്ഥം ആരാഞ്ഞറിയുന്നതിൽ ശ്രദ്ധ പതിക്കയും അവയ്ക്കു വ്യക്തമായ രൂപവും നാമവും കൊടുത്തുകാണിക്കുകയും ചെയ്തിരുന്നു. യഥാൎത്ഥഗ്രഹണത്തിനു നവീനശാസ്ത്രമനുസരിച്ച പദ്ധതി കൈക്കൊണ്ട ആദ്യത്തെ ആൾ ഇദ്ദേഹമാണ്. പ്രകൃതിനിരീക്ഷണങ്ങൾ നടത്തി അനുഭവങ്ങളിൽനിന്നു സാമാന്യസിദ്ധാന്തങ്ങൾ രൂപീകരിച്ച ആദ്യത്തെ ശാസ്ത്രജ്ഞനും ഇദ്ദേഹംതന്നെ. പ്ലേറ്റോവിനെപ്പോലെ സാഹിത്യരസികത്വമില്ലായിരുന്നുവെങ്കിലും ചിന്താഫലങ്ങളെ യുക്തിയുക്തമാംവണ്ണം എവൎക്കും അനായാസേന ഗ്രഹിക്കുമാറാകത്തക്കവണ്ണം ഭാഷപ്പെടുത്തിവെച്ചിരുന്നു. ശരീരശാസ്ത്രമായിരുന്നു അദ്ദേഹത്തിന്റെ ഹിതത്തിന്നു പറ്റിയ ശാസ്ത്രം. എന്നാൽ ഇദ്ദേഹം സാഹിത്യനിരൂപണങ്ങളും, രാഷ്ട്രതന്ത്രവും, ഭൗതികശാസ്ത്രവും, നീതിശാസ്ത്രവും, തൎക്കശാസ്ത്രവും രചിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ അപാരവും ബുദ്ധിവൈദഗ്ദ്ധ്യം മഹനീയവുമായിരുന്നു. അദ്ദേഹം ഒരിക്കലും വിഡ്ഢിത്തം പറഞ്ഞിരുന്നില്ല; എന്നാൽ വിജ്ഞാനങ്ങൾ കോരി ചൊരിയുകയും ചെയ്തിരുന്നു. ഭൗതികകാൎയ്യങ്ങളിലാണ് ചിന്ത ചെലുത്തിയിരുന്നതെങ്കിലും അദ്ദേഹം യഥാൎത്ഥങ്ങളിലേക്കാണ് ചരിച്ചിരുന്നതു്; അതും ശരിയായ വഴിക്കുതന്നെയായിരുന്നു. പ്ലേറ്റോവിന്റെ അനുമാനങ്ങൾക്കു് അനുരൂപമായിത്തന്നെയാണ് ഇദ്ദേഹത്തിന്റെ ഉപരിയായ ചിന്താഗതികളും. ഇവയിൽ അടങ്ങിയിരുന്നതു് വിദ്യാഭ്യാസത്തിന്റെ പ്രാമാണ്യവും, മനുഷ്യാത്മാവിന്റെ ദിവ്യത്വവും, നിത്യനായ ദൈവത്തിന്റെ ഗുണങ്ങളുമാണ്. അഭിജ്ഞന്മാരുടെ നായകനായിത്തന്നെ അദ്ദേഹം എന്നും പരിലസിക്കുകയും ചെയ്യും.

## 41. എപ്പിക്കൂറസ്.

എപ്പിക്കൂറിയൻ തത്വചിന്തകളുടെ സ്ഥാപകനായ എപ്പിക്കൂറസ്സ് സോമസ്സ്ദ്വീപിൽ ബി. സി. 342-ൽ ജനിച്ചു. ബി. സി. 306 തൊട്ട് ഇദ്ദേഹത്തിന്റെ സ്ഥിരതാമസം ഏതൻസിലായി. അവിടെ ഒരു ഉദ്യാനം വിലയ്ക്കു വാങ്ങി, ഒരു വിദ്യാലയവും സ്ഥാപിച്ച് അനാഡംബരമായി ജീവിച്ചും പൊതുക്കാര്യങ്ങളിൽ സംബന്ധിക്കാതെയും നിരവധി ശിഷ്യരാൽ സ്നേഹാദരങ്ങളോടുകൂടി ശുശ്രൂഷിക്കപ്പെട്ടും അദ്ദേഹം ആയുശ്ശേഷം നയിച്ചു. ഡിമോക്രാറ്റീസിന്റെ അണുസിദ്ധാന്തതത്വങ്ങളോടു ബന്ധപ്പെട്ടുകൊണ്ടുള്ളതായിരുന്നു ഇദ്ദേഹത്തിന്റെ പ്രപഞ്ചത്തെപ്പററിയുള്ള സിദ്ധാന്തം. സുഖദുഃഖങ്ങൾ നന്മതിന്മകളിൽനിന്നു ഭിന്നിച്ചവയല്ലെന്നും ഗുണംനേടുവാൻ യത്നിക്കയും തിന്മയെ പാടെ ത്യജിക്കയും ചെയ്യേണ്ടതു് ഏവന്റേയും കത്തവ്യമാണെന്നും ഇദ്ദേഹം സിദ്ധാന്തിച്ചു. ഈ സിദ്ധാന്തങ്ങൾക്കു ഒരു സന്മാർഗ്ഗീകച്ഛായകൊടുപ്പാൻ താൻ നിർവചിക്കുന്ന സുഖഭോഗാദികൾ ശ്രേഷ്ഠങ്ങളും ഗുണപൂർണ്ണങ്ങളും അനശ്വരങ്ങളും ആണെന്നു് അദ്ദേഹം സ്ഥാപിച്ചു. ഇതിൽനിന്നു ഭിന്നമായ സുഖാദികളെല്ലാം സൌഭാഗ്യത്തിനു വിഘാതങ്ങളാണെന്നും അവ മനഃക്ലേശമുണ്ടാക്കിത്തീക്കുന്നവയാണെന്നും പരമമായ ഗുണത്തെ—സത്തിനെ—കെടുത്തിക്കളയുമെന്നും സ്ഥാപിച്ചു. സമാധിമൂലം ഉളവാകുന്ന മനസ്സമാധാനം ഗുണങ്ങൾക്കാധാരമാണ്.

ഈ സിദ്ധാന്തങ്ങളെ പാടേ എതിക്കുന്നവരും ഇല്ലാതില്ല. എന്നാൽ ഈ സിദ്ധാന്തങ്ങൾ മൃഗീയമായ സുഖാനുഭവങ്ങളെ കുറിക്കുന്നില്ല. അവ ഒരു വ്യത്യസ്തനിലയിലുള്ള സുഖഭോഗാദികളെ കുറിക്കുന്നവയാണ്. പുരാതനകാലത്തു യവനജനതയ്ക്കിടയിൽ ഈ സിദ്ധാന്തങ്ങൾക്കു നല്ല പ്ര

ചാരമുണ്ടായിരുന്നു. ഇത്രതന്നെ റോമക്കാർക്കിടയിൽ ഉണ്ടായിരുന്നുമില്ല. എന്നാൽ ഇരുവർഗ്ഗങ്ങളിലും ഈ സിദ്ധാന്താനുയായികൾ ധാരാളം ഉണ്ടായിരുന്നു. ഇദ്ദേഹം ഇവയെപ്പററി ഒരുപാടു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പക്ഷെ അവയൊന്നും അത്ര പ്രചാരം സിദ്ധിച്ചില്ല. ഇദ്ദേഹം ഏതൻസിൽവെച്ചു ബി. സി. 270-ൽ മരിച്ചു.

---

## 42. മാസിഡോണിൻെറ പുരോഗതി.

ഗ്രീസ്സിലെ നഗരാധിപത്യങ്ങൾ തമ്മിൽ തമ്മിൽ കലഹിച്ചുകഴിഞ്ഞിരുന്ന കാലത്തു ബാൾക്കൻ ഉപദ്വീപാംശത്തിൻെറ ഉത്തരഭാഗത്തുള്ള മലംപ്രദേശങ്ങളിൽ ഒരു വമ്പിച്ച ശക്തി ആവിർഭവിക്കുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങി. തെസലിക്കപ്പുറത്ത്, പുരാതനവും യവനസംസ്കാരം സ്പർശിച്ചിട്ടില്ലാത്തതുമായ മാസിഡോണിയ രാജ്യം സ്ഥിതിചെയ്തിരുന്നു. രാജഭക്തന്മാരായ പ്രഭുജനങ്ങളിൽനിന്നു ശക്തി ലഭിച്ചിരുന്ന അന്നാട്ടിലെ രാജാക്കന്മാർ യവന കവികളേയും കലാകാരന്മാരേയും "പെല്ലയിലു"ള്ള രാജഗൃഹത്തിലേക്ക് ആകർഷിച്ചിരുന്നു. ചിലപ്പോൾ യവനരുടെ രാഷ്ട്രീയകാര്യങ്ങളിലും അവർ കൈ കടത്തിയിരുന്നു. എന്നാൽ യവനർ അവരെ അർദ്ധപരിഷ്കാരികളായിട്ടേ കരുതിയിരുന്നുള്ളൂ. ബി. സി. 359-ൽ പെല്ലയിൽ സാധാരണമായിരുന്ന കുഡുംബച്ഛിദ്രങ്ങളിൽ ഒന്നിൽ വെച്ചു ഫിലിപ്പു മാസിഡോണിലെ രാജസ്ഥാനം കയ്യിലാക്കി. അനൈക്യത്തിൽ പെട്ട ഗ്രീസ്സിനെ സ്വാധീനിച്ചു കൈവശപ്പെടുത്തുവാൻ ആദ്യംമുതല്ക്കേ ഫിലിപ്പു ഉത്സാഹിച്ചു. യവനവിദ്യാഭ്യാസം സിദ്ധിച്ച അദ്ദേഹം പേർഷ്യയെ എതിർക്കുവാൻ ഒരു ഐക്യമുന്നണി സൃഷ്ടിക്കേണ്ടതിന്നു ഐസോക്രാറ്റീസ്സ് പ്രസംഗിച്ചിരുന്നതെല്ലാം പഠിച്ചിരുന്നു. തീബ്സിൽ ബന്ധനസ്ഥനായിരുന്ന കാലത്ത്

അദ്ദേഹം ഇഫാമിനോൻഡാസ് പക്കൽനിന്നു യുദ്ധതന്ത്രങ്ങളും ഗ്രഹിച്ചു. പിരിക്ലീസിന്റെ കാലത്തിനുശേഷം ഗ്രീസിലെ രാഷ്ട്രീയ രംഗത്തിൽ അധികം പ്രബലൻ അദ്ദേഹമായിരുന്നു. ധീരതയോടും നിർവ്വികാരതയോടുംകൂടി കാര്യങ്ങൾ ഗ്രഹിപ്പാൻ അദ്ദേഹം നിപുണനായിരുന്നു. സത്തുക്കളുമായി കൂട്ടുകൂടി ഉല്ലസിക്കുവാനുള്ള വാസനയും, നിഷ്കളങ്കമായ സംസ്കാരാസക്തിയും, ബുദ്ധിവൈദഗ്ദ്ധ്യവും ഒത്തിണങ്ങിയിരുന്ന അദ്ദേഹം ഉററ മിത്രങ്ങളുടെ പ്രീതിക്കു പാത്രമായി. പരേംഗിതജ്ഞനായിരുന്ന അദ്ദേഹം പരന്മാരുമായി കടിപിടികൂട്ടുന്നതിലും വഞ്ചന പ്രയോഗിച്ചു കാര്യം നേടുന്നതിലും വിദഗ്ദ്ധനായിച്ചമഞ്ഞു. തന്റെ ഉദ്ദേശങ്ങൾ നല്ലപോലെ ദൃഢമാക്കിയതിനുശേഷം തൽപ്രാപ്തിക്കായി ക്ഷമയോടുകൂടി യത്നിച്ചിരുന്നു. അതിനുവേണ്ടി എന്തു പ്രവർത്തിപ്പാനും അദ്ദേഹം മടിച്ചിരുന്നില്ല.

വിജയത്തിനുള്ള പ്രഥമമായ ഉപാധി സൈന്യബലമാണെന്നു ഫിലിപ്പു ഗ്രഹിച്ചിരുന്നു. മാസിഡോണിലെ കർഷകരിൽനിന്നു് ഒരു സ്ഥിരമായ സേനയെ രൂപീകരിച്ചു അവൎക്കു തീബ്സിലെ സമ്പ്രദായത്തിൽ പരിശീലനം നൽകി. എന്നാൽ സേനയുടെ വ്യൂഹനത്തിലും കുന്തം പ്രയോഗിക്കുന്നതിലും അദ്ദേഹം തീബ്സിലെ സേനാപതിയായിരുന്ന ഇഫാമിനോൻഡാസ്സിനെ ഒന്നു കവിച്ചുവെച്ചു. ഈ മാസിഡോണിയയിലെ സേനയോടു എതിർത്തുനില്ക്കുവാൻ ആൎക്കുംതന്നെ സാദ്ധ്യമായില്ല. ഈ കാലാൾപ്പടയ്ക്കു് ഇരുഭാഗത്തും അശ്വസേനയും അണിനിരന്നു നിന്നിരുന്നു. നൂതനങ്ങളായ ഈ സൈന്യങ്ങളുടെ സഹായത്തോടുകൂടി ഫിലിപ്പു മാസിഡോണിലും ഡാന്യൂബ് തടത്തിലുമുള്ള കാടപ്രായന്മാരായ വർഗ്ഗങ്ങളെ അധീനപ്പെടുത്തി. ഇത്തരത്തിലുള്ള ചില പോരാട്ടങ്ങൾ സൈന്യങ്ങൾക്കു പരിശീലനം നൽകുവാനും പ്രയോജനപ്പെട്ടു. തീവ്രസമരങ്ങളിൽ ആവശ്യംപോലെ സഹായത്തി

ന്നു വിളിപ്പാൻ വേറൊരു സൈന്യത്തെയും സജ്ജമാക്കിയിരുന്നു. ത്രേസ്സിലെ സ്വർണ്ണഖനികളിൽ പങ്കുള്ളവയും ഡാർഡനൽസിൽകൂടി കരിംകടൽ പ്രദേശവുമായി വ്യാപാരബന്ധം പുലർത്തിയിരുന്നവയുമായ യവനനഗരികളെല്ലാം അദ്ദേഹത്തിനു വിരോധികളായി.

അങ്ങനെ ഫിലിപ്പു ഒരു സന്ദിഗ്ദ്ധാവസ്ഥയെ പ്രാപിച്ചു. അദ്ദേഹത്തിന്റെ വിദേശസേന യവനരാജ്യങ്ങളെ തോല്പിക്കത്തക്കതു തന്നെയായിരുന്നു. എങ്കിലും പേർഷ്യക്കാരുടെ നേർക്കുള്ള സമരങ്ങളിൽ യവനപരിഷ്കാരത്തിന്റെ ആധിപത്യം താനാണ് വഹിക്കുന്നതു് എന്നു സ്ഥാപിക്കണമെന്നായിരുന്നു ഉദ്ദേശം. അതിനു നയംപോലെ ബലപ്രയോഗം ഉതകുകയില്ലല്ലോ. യവനർ അദ്ദേഹത്തിന്റെ വളർച്ചവരുന്ന ബലം കണ്ടു വിറകൊള്ളുകയും അദ്ദേഹത്തിന്റെ ഉദ്ദേശങ്ങളെ സംശയത്തോടെ വീക്ഷിക്കുകയും ചെയ്തു. സന്തോഷപുരസ്സരം നീട്ടി കാണിക്കുന്ന ഫിലിപ്പിന്റെ സഹായഹസ്തങ്ങളെ സ്വീകരിപ്പാനും യവനജനതയെ സംയോജിപ്പിച്ചു നയിക്കുവാനുമുള്ള പ്രാപ്തി അദ്ദേഹത്തിനുമാത്രമേയുള്ളുവെന്നും ഐസോക്രെറ്റീസുപദേശിച്ചു. എന്നാൽ ഡമസ്തനീസിന്റെ നേതൃത്വത്തിലുള്ള എതിർകക്ഷി ഫിലിപ്പിനെ ഒരു സ്വേച്ഛാപ്രഭുവും യവനദേശങ്ങളിലെ ജനകീയഭരണത്തിന്റെ ഘാതകനുമായി ചിത്രീകരിച്ചു. ഫിലിപ്പ് ഏതൻസുകാരുടെ സംസ്കാരത്തെ ബഹുമാനിച്ചും ജനനേതാക്കളെ ആദരിച്ചും അവരെ വശപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ ഡമസ്തനീസ്സ് തന്റെ അതിരററ വാചാലത്വംകൊണ്ടും എതിരററ വികാരശക്തികൊണ്ടും ജനപ്രതിനിധിസഭയെ ഇളക്കിമറിച്ചു.

ഇങ്ങനെ എല്ലാമായാലും ഇക്കാലത്തു് അതിനിയക്കാർ രാജ്യക്ഷേമകരങ്ങളായ സംഗതികൾക്കു വോട്ടുചെയ്തിരുന്നതല്ലാതെ അവയെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ യത്നിക്കുക

യൊ, രാജ്യത്തിനുവേണ്ടി പടവെട്ടുവാൻ ഒരുങ്ങുകയൊ ചെയ്തിരുന്നില്ല. ഫിലിപ്പിന്റെ സുശിക്ഷിതമായ സേനയോടു എതിരിടുവാൻ അവർ ഒട്ടു ശക്തരുമായിരുന്നില്ല. അതിനാൽ ഡമസ്തനീസ്സിന്റെ തീരാപ്പക അപജയത്തിൽ കലാശിക്കുകയേയുള്ളു എന്നു തീർച്ചപ്പെട്ടു. എങ്കിലും ഒരു മഹത്തായ ആദർശത്തിനുവേണ്ടി പൊരുതുകമൂലം അദ്ദേഹം എല്ലാവരുടേയും എന്നപോലെ ഫിലിപ്പിന്റേയും ബഹുമാനത്തിനു പാത്രീഭവിച്ചു. കുറേശ്ശ കുറേശ്ശയായി അദ്ദേഹം വിജയം നേടിക്കൊണ്ടുവന്നു. നയത്താലും ബലത്താലും അദ്ദേഹം ഉത്തരഈജിയൻ പ്രദേശങ്ങളെ സ്വാധീനമാക്കി. തർമ്മാപൈലിയെ കടന്നു മദ്ധ്യഗ്രീസ്സിലെ ഫിനീഷ്യക്കാരെ അടിച്ചുടച്ചു് അവിടെയും തന്റെ പ്രാബല്യം സ്ഥാപിച്ചു.

ബി. സി. 338-ൽ ചിറോണിയയിലെ സമരത്തിൽവെച്ചു മാസിഡോണിലെ സേന ഏതൻസിന്റേയും തീബ്സിന്റേയും സൈന്യങ്ങളെ പാടെ പരാജയപ്പെടുത്തി. ജനകീയഭരണം അതോടെ അധഃപതിച്ചു. മാസിഡോണിലെ മന്നവൻ ഗ്രീസിന്റെ അധിപനായി. ഫിലിപ്പിനു കൊറന്തിൽ വെച്ചു ഒരു സ്വീകരണം നല്കുവാൻ സ്പാർട്ടു് ഒഴിച്ചുള്ള ഗ്രീസിലെ മററു നഗരികളെല്ലാം പ്രതിനിധികളെ അയച്ചു. പേർഷ്യൻ സാമ്രാജ്യത്തിന്നെതിരെ ഏകോപിച്ച ഒരു യവനസേനയെ നയിക്കണമെന്നാണു് തന്റെ പരമമായ ഉദ്ദേശം എന്നു് അദ്ദേഹം അവരെ അവിടെവെച്ചു ധരിപ്പിച്ചു. ഈ ഉദ്ദേശം ഫലപ്പെടുമെന്ന ദിക്കോളം എത്തി. ആ സമയത്തു മാസിഡോണിലെ രാജ്ഞിയായ ഒലിംപസ്സിന്റെ ചതിപ്രയോഗംമൂലം അദ്ദേഹത്തിന്റെ പുത്രിയുടെ വിവാഹാഘോഷവേളയിൽ ഫിലിപ്പു അജ്ഞാതഹസ്തങ്ങളാൽ വധിക്കപ്പെട്ടു.

## 43. മഹാനായ അലക്സാന്തർ

ബി. സി. 336-ൽ ഇരുപതു വയസ്സു പ്രായമായിരുന്ന അലക്സാന്തർ അച്ഛനെ പിൻതുടൎന്നു രാജാവായി. അദ്ദേഹത്തിന്റെ അമ്മയെപ്പോലെ അദ്ദേഹവും അഭിമാനിയും ക്രോധിയുമായിരുന്നു. എന്നാൽ പിതാവിനെപ്പോലെ വിവേകപൂൎവ്വം ഏതു കാൎയ്യവും പ്രവൎത്തിപ്പാനുള്ള ബുദ്ധിശക്തിയും രാഷ്ട്രീയകാൎയ്യങ്ങളിലും യുദ്ധകാൎയ്യങ്ങളിലും വിദഗ്ദ്ധമായ പ്രവൎത്തനസാമൎത്ഥ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. പതിമൂന്നാം വയസ്സിൽ അലക്സാന്തരെ തത്വചിന്തകനായ അരിസ്റ്റോററലിന്റെ ശിക്ഷണത്തിലാക്കി. അദ്ദേഹം ഹോമർകവിയുടെ കൃതികൾ വായിച്ചു ഗ്രഹിക്കുകയും അതിലെ നായകനായ അച്ചിലിസ്സിനെ മാതൃകാപുരുഷനായി കൈക്കൊള്ളുകയും ചെയ്തു; അദ്ദേഹം തത്വചിന്തയിലും ശാസ്ത്രത്തിലും വൈദ്യാദികളിലും അഭിരുചിയുള്ളവനാകയാൽ പിൽക്കാലത്തു സൈനികരുടെ ആരോഗ്യസംരക്ഷണത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും തന്റെ ജൈത്രയാത്രകളിൽ ശാസ്ത്രജ്ഞാനപോഷണത്തിന്നുതകുന്നതെല്ലാം സംഭരിക്കുവാൻ ശ്രമിക്കുകയും ചെയ്തു. മിതശീലവും വിട്ടുവീഴ്ചയും വ്യക്തികൾക്കെന്നപോലെ ഭരണകൎത്താവിന്നും ആവശ്യമാണെന്നു് അദ്ദേഹം ഗ്രഹിച്ചിരുന്നു.

18-ാമത്തെ വയസ്സിൽ അലക്സാന്തർ അച്ഛന്റെ അശ്വസേനയുടെ നായകത്വം കൈയേററു. അശ്വസേനയെക്കൊണ്ടാണു് അദ്ദേഹം ചെയ്റോണിയായിൽ വെച്ചു തീബ്സിലെ തികഞ്ഞ സൈന്യത്തെ തോല്പിച്ചതു്. അശ്വസേനാനേതൃത്വത്തിലുള്ള വൈദഗ്ദ്ധ്യവും അനുരഞ്ജകഗുണവുംമൂലം മാസിഡോണിയിലെ സൈനികന്മാൎക്കു് അദ്ദേഹം ആരാധനാമൂൎത്തിയായിത്തീൎന്നു. ഉദാരമതിയും, സുഹൃൽപ്രിയനും, ഉല്പതിഷ്ണുവുമായ അദ്ദേഹം സുന്ദരനും ചെറുപ്പവുമായി

രുന്നിട്ടും വിവേകമുള്ളവനുമായിരുന്നു. എന്നാലും യൌവന ത്തിളപ്പ് അദ്ദേഹത്തിന്റെ അന്തരംഗത്തിൽ ഉജ്വലിച്ചിരുന്നു. അന്നേവരെ ഒരുവനും വിചാരിച്ചിട്ടുകൂടിയില്ലാത്ത മഹത്വം സമ്പാദിച്ച് അദ്ദേഹം ജന്മസിദ്ധമായ മഹത്വത്തിനു മാററുകൂട്ടി.

ഫിലിപ്പിന്റെ മരണത്തോടുകൂടി അദ്ദേഹത്തിന്റെ ശക്തിയും ക്ഷയിച്ചുവെന്നു മററുള്ളവരാൽ തെററിദ്ധരിപ്പിക്കപ്പെട്ട യവനജനത കരുതി. ഡാന്യൂബ് തടത്തിലെ വന്യജനങ്ങളെ കീഴടക്കിയപ്പോൾ ഡമസ്തനീസ്സ് അസാധാരണമായ വാഗ്ധോരണികൊണ്ടു ഏതൻസിലെ ജനങ്ങളെ കലഹത്തിനു പ്രേരിപ്പിച്ചു വിട്ടിരുന്നു. പൂർവ്വദേശങ്ങൾ പിടിച്ചടക്കുവാൻ പോകുന്ന തക്കത്തിൽ യവനർ ലഹളകൂട്ടാതിരിക്കുന്നതിന്ന് അവരെ ഒന്നു പഠിപ്പിക്കുവാൻതന്നെ തീർച്ചയാക്കി അദ്ദേഹം തെക്കോട്ടു ചെന്ന് തീബ്സിനെ അധീനപ്പെടുത്തി നശിപ്പിച്ചു. പിൻതർ കവിയുടെ ഗൃഹവും ദേവാലയങ്ങളും മാത്രമേ ഈ നാശത്തിൽനിന്നു ഒഴിവാക്കപ്പെട്ടിരുന്നുള്ളു. ഗ്രീസ്സധീനമായിട്ടുംകൂടി ഏതൻസിനോട്ട് ആദരപൂർവ്വമാണ് അദ്ദേഹം പെരുമാറിയതു്. ഡമസ്തനീസ്സിനു അദ്ദേഹം അവജ്ഞയോടെതന്നെ മാപ്പു നല്കി. ഫിലിപ്പിനെപ്പോലെ അദ്ദേഹവും കൊറിന്തിൽവെച്ചു യവനസൈന്യനേതാവായി പ്രഖ്യാപിക്കപ്പെട്ടു. സ്പാർട്ട ഒഴിച്ചു മററ യവനരാജ്യങ്ങളെല്ലാം സൈനികസാഹായ്യത്താൽ അദ്ദേഹത്തിന്റെ സൈന്യബലത്തെ പോഷിപ്പിച്ചു.

ഗ്രീസ്സിലെ മർമ്മസ്ഥാനങ്ങളിലെല്ലാം സൈന്യങ്ങളെ നിർത്തി, ബി. സി. 334-ൽ ഡാർഡനൽസ കടലിടുക്ക തരണംചെയ്തു്, പാർമ്മിനിയോവിലുള്ള തന്റെ സൈന്യത്തലവനുമായി അലക്സാന്തർ സന്ധിക്കുകയും, മുമ്പുതന്നെ ആലോചിച്ചുറപ്പിച്ചിട്ടുള്ള പദ്ധതിയനുസരിച്ചു ഗുണദോഷങ്ങൾ ചിന്തിക്കാതെ പേഴ്സ്യൻസാമ്രാജ്യം ആക്രമിപ്പാൻ മുതിരുക

യും ചെയ്തു.

പൂർവ്വദേശങ്ങളിൽ നടത്തിയ ആക്രമണങ്ങളിലെല്ലാം അദ്ദേഹം വിജയം വരിച്ചു. പേഴ്സ്യൻസൈന്യാധിപന്മാരെ തോല്പിച്ച് പശ്ചിമഏഷ്യാമൈനറിനെ വിമുക്തയാക്കി. പതിനായിരം വീരഭടന്മാരോടുകൂടി സിസിലിയൻകവാടത്തിലൂടെ കടന്ന് അദ്ദേഹം ഫലപുഷ്ടിയുള്ള സിറിയയിൽ പ്രവേശിച്ചു. അവിടെവെച്ചു പേഴ്സ്യയുടെ ബലമേറിയ സൈന്യത്തെ പോരിൽ തോല്പിച്ചോടിച്ചു. പേഴ്സ്യൻചക്രവർത്തിയായ ഡാരിയസ്സ് പലായനം ചെയ്തു് യൂഫ്രട്ടീസ് നദിയുടെ പശ്ചിമഭാഗത്തുള്ള പ്രദേശങ്ങളെല്ലാം വിട്ടുകൊടുക്കുവാൻ സമ്മതിച്ചു സമാധാനത്തിനപേക്ഷിച്ചു. ആ സന്ധിയ്ക്കുള്ള അപേക്ഷയെ സ്വീകരിപ്പാൻ സേനാനായകന്മാർ നിർബ്ബന്ധിച്ചെങ്കിലും ഒരു അഖിലലോകസാമ്രാജ്യം സ്ഥാപിക്കുവാൻ പുറപ്പെട്ടിരുന്ന അദ്ദേഹം അതിനു വഴിപ്പെടാതെ മുന്നോട്ടു ഗമിക്കുകതന്നെ ചെയ്തു.

അക്കാലത്തു സിസിലിയിൽ പുതുതായി കണ്ടുപിടിച്ചിരുന്ന യന്ത്രസാമഗ്രികൾ പ്രയോഗിച്ചു അലക്സാന്തർ ഫിനീഷ്യക്കാരുടെ പൂർവ്വമദ്ധ്യധരണ്യാഴിപ്രദേശത്തുള്ള നാവികസങ്കേതങ്ങളെ എല്ലാം പിടിച്ചടക്കി. പേഴ്സ്യൻമേൽക്കൊയ്മയിലിരുന്നു മനസ്സിടിഞ്ഞിരുന്ന ഈജിപ്തും അനായാസേന കീഴടങ്ങി. അങ്ങനെ പേഴ്സ്യൻനാവികസങ്കേതങ്ങളെല്ലാം കൈവശം വരികയാൽ പേഴ്സ്യൻനാവികസൈന്യത്തിൻെറ ബാധയും ഒഴിഞ്ഞു. അലക്സാന്ത്രിയയെ ഒരു വാണിജ്യകേന്ദ്രവും സംസ്കാരകേന്ദ്രവുമാക്കി പുനരുദ്ധരിച്ചു പുതുക്കി പണിതു. ഈജിപ്തിലെ ഭരണത്തെ ഉറപ്പിച്ചതിനുശേഷം അദ്ദേഹം ഏഷ്യയെ ലക്ഷ്യമാക്കിത്തിരിച്ചു. നിനവയ്ക്കു സമീപംവെച്ചു ടൈഗ്രീസ് നദി തരണംചെയ്തു് ബി. സി. 333–ൽ ഗൌഗാമീലയിൽവെച്ചു ഡാരിയസ്സിൻെറ അവശേഷിച്ച സൈന്യത്തേയും ഉന്മൂലനം ചെയ്തു. ഡാരിയസ്സ് തിരിച്ചോടി എങ്കിലും സ്വ

ജനങ്ങളാൽ വധിക്കപ്പെട്ടു. അങ്ങനെ പേഴ്സ്യൻസാമ്രാജ്യം
അലക്സാന്തരുടെ അധീനതയിലായി.

അലക്സാന്തർ ബാബിലോണിലെ രാജാധിരാജന്റെ തല്പ
ത്തിൽ കിടന്നുകൊണ്ടു്, അന്നത്തെ ലോകത്തിൽ പരിഷ്കാരം
കൊണ്ടു പുരോഗമിച്ചിരുന്ന രണ്ടു സാമ്രാജ്യങ്ങളുടെ ആധിപ
ത്യം ഇദംപ്രഥമമായി ഒരു യൂറോപ്യൻകോയ്മയ്ക്കധീനപ്പെട്ടതി
നെപ്പററി ചിന്തിച്ചു. അതുകൊണ്ടും തൃപ്തനാവാതെ അദ്ദേഹം
സൂസയ്ക്കെതിരെ ചെന്നു് പേഴ്സ്യൻചക്രവർത്തിയുടെ ഖജാന
പിടിച്ചടക്കുവാൻ പുറപ്പെട്ടു. അവിടെനിന്നു പെഴ്സെ
പൊലീസിലേക്കു തിരിച്ചു് സ്വഹസ്തങ്ങളാൽതന്നെ അവിട
ത്തെ രാജമന്ദിരങ്ങൾ തീവെച്ചു നശിപ്പിച്ചു. പേഴ്സ്യക്കാ
രോടു് ആനുകൂല്യം കാണിക്കകയാൽ അസൂയാലുക്കളായി
ച്ചമഞ്ഞ യവനർ അദ്ദേഹത്തെ വധിപ്പാനായി ചെയ്ത ഗൂഢ
ശ്രമം വെളിപ്പെടുകയാൽ അദ്ദേഹത്തിന്റെ പഴയ സേനാ
നായകനായ പാർമ്മിനോവും അയാളുടെ പുത്രൻ ഫിക്ടോ
സും വധിക്കപ്പെട്ടു. എന്നിരുന്നാലും സൈന്യം അദ്ദേഹ
ഹത്തെ വിശ്വാസപൂർവ്വം അനുഗമിക്കുകതന്നെ ചെയ്തു. ബി.
സി. 330 മുതൽ 324 വരെ അലക്സാന്തരും അനുയായികളും
പല കഷ്ടതകൾ സഹിച്ചു ശത്രുക്കളെ ജയിച്ചുംകൊണ്ടു് അനേ
കായിരം നാഴിക പ്രയാണംചെയ്തു ഏഷ്യയുടെ ഉള്ളിലേക്കു
ചെന്നു, കിഴക്കു ബാക്ട്രീറിയ, തെക്കു സിന്ധുനദിക്കപ്പുറമുള്ള
പഞ്ചനദം, ഓക്സസ്സ് നദികളും ജാക്സാർട്ടീസ്സ് നദികളും അ
പ്പുറത്തുള്ള ഉത്തരതുർക്കിസ്ഥാനം എന്നീ പ്രദേശങ്ങളിലെല്ലാം
ചെന്നു സമരംചെയ്തു തന്റെ ആധിപത്യം സ്ഥാപിച്ചു. വീ
ണ്ടും പുരോഗമിക്കുവാൻ ഉദ്ദേശിച്ചിരിക്കുമ്പോൾ അദ്ദേഹ
ത്തിന്റെ സേന അസംതൃപ്തിപൂണ്ടു് ആ സംരംഭത്തെ ത
ടഞ്ഞു.

ശത്രുക്കളിൽനിന്നു് ഒരിക്കലും അപജയം ഭവിച്ചിട്ടി
ല്ലാത്ത മന്നൻ സ്വജനങ്ങളാൽ പരാജിതനായി. ഇന്ത്യയിലെ

കാലസ്ഥിതി മാസിഡോണിലെ ജനതയ്ക്കു് യോജിച്ചതായി രുന്നില്ല. യുദ്ധാസക്തരായി പത്തുകൊല്ലക്കാലം വിദേശങ്ങളിൽ അലഞ്ഞുതിരിഞ്ഞ സൈനികൎക്കു സ്വദേശത്തിൻെറ സ്മരണ വന്നു. അലക്സാന്തർ ബാബിലോണിലേയ്ക്കുതന്നെ തിരിച്ചു. ഇന്ത്യാസമുദ്രതീരപ്രദേശത്തുള്ള മണലാരണ്യങ്ങളിൽ കൂടിയാണു് തിരിച്ചതു്. നാവികസേന പേഴ്സ്യൻ ഉൾക്കടൽ ചുററി സഞ്ചരിച്ചു ടൈഗ്രീസ്സ്, യൂഫ്രട്ടീസ് നദികളുടെ മുഖങ്ങളിലണഞ്ഞു. വിജയശ്രീലാളിതനെങ്കിലും ക്ഷീണിച്ചു വശായ അദ്ദേഹം ഏഴു കൊല്ലത്തിനുശേഷമാണു് ബാബിലോണിൻെറ തലസ്ഥാനനഗരിയിൽ എത്തിച്ചേൎന്നതു്. കുറച്ചു മാസങ്ങൾക്കുശേഷം അറേബിയയേയും കാൎത്തജിനേയും ഇററലിയേയും പശ്ചിമമദ്ധ്യധരണ്യാഴിപ്രദേശങ്ങളേയും അധീനപ്പെടുത്തേണ്ട പദ്ധതികളെക്കുറിച്ചു പരിചിന്തനം ചെയ്തുതുടങ്ങി. അതിനിടയിൽ അലക്സാന്തൎക്കു പനി പിടിക്കുകയും അതോടെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം ചരമഗതി അടയുകയും ചെയ്തു.

അലക്സാന്തർ മരിച്ചതു ഭാഗ്യമായി. മരണകാലത്തു് അദ്ദേഹത്തിൻെറ യശസ്സും പ്രതാപവും ഉച്ചാവസ്ഥയെ പ്രാപിച്ചിരുന്നു. മുമ്പ് ഒരിക്കലും ആരും ചെയ്യാൻ ഉദ്യമിച്ചിട്ടുപോലുമില്ലാത്തത്ര സമരങ്ങളിൽ അദ്ദേഹം ഏൎപ്പെട്ടിരുന്നു. പിന്നെയും ജീവിച്ചിരുന്നെങ്കിൽ സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിപ്പാൻ അദ്ദേഹത്തിനു പ്രയാസം വരുമായിരുന്നു. രാജ്യങ്ങൾ അനായാസേന ആക്രമിച്ചു പിടിക്കാം; അവയെ വേണ്ടപോലെ രക്ഷിച്ചുപോരുവാനാണു വിഷമം. അതിനും അലക്സാന്തർ പ്രാപ്തനാകുമായിരുന്നു. അദ്ദേഹം തൻെറ ചുരുങ്ങിയ ജീവിതകാലത്തുതന്നെ ഏഷ്യാ, യൂറോപ്പ് എന്നീ വൻകരകളെ യവനസംസ്കാരത്തിൽ ഏകീകരിച്ചു നിൎത്തുവാൻ യത്നിച്ചു. ഈ ഉദ്ദേശത്തോടുകൂടി ഏഷ്യയിൽ ഉപനിവേശങ്ങൾ സ്ഥാപിക്കയും അവിടങ്ങളിൽ വിവിധ യവനവസ്തു

ങ്ങളിൽ ഉൾപ്പെട്ട ജനതയെ പാർപ്പിക്കയും ചെയ്തു.

എല്ലാ നഗരനിർമ്മാതാക്കളേയും അലക്സാന്തർ അതിശയിച്ചു. ഈജിപ്ത് തുടങ്ങി അഫ്ഘാനിസ്ഥാനംവരെ അദ്ദേഹം നഗരികൾ സ്ഥാപിച്ചു. അവിടങ്ങളിലെല്ലാം യവനസൈന്യത്തെയും വണിക്കുകളേയും നാട്ടുകാരോടും മാസിഡോണിയക്കാരോടുമൊപ്പം പാർപ്പിച്ചു. യവനവാണിജ്യസങ്കേതങ്ങളുടെ മേൽനോട്ടത്തിനും വാണിജ്യത്തിൻെറ വ്യാപ്തിക്കും ഈ നഗരികൾ പ്രയോജനപ്പെട്ടു. അങ്ങനെ വിദേശങ്ങളിൽ കയറിപ്പാർത്തവർ തദ്ദേശസ്ത്രീകളെ വിവാഹം ചെയ്കയാൽ അവർ കാലാന്തരത്തിൽ യവനജനതയെക്കാൾ ഏഷ്യൻ ജനതയായി ചമയുകയാണുണ്ടായതു്. ഏഷ്യക്കാരും യൂറോപ്യന്മാരും ചേർന്ന ഒരു ഏകസാമ്രാജ്യം സൃഷ്ടിപ്പാനാണ് അലക്സാന്തർ യത്നിച്ചതു്. അതിനായി അദ്ദേഹം ഒരു പേഴ്സ്യൻരാജകുമാരിയേയും, അദ്ദേഹത്തിൻെറ സേനാനികൾ പേഴ്സ്യൻ വനിതകളേയും വിവാഹംകഴിച്ചു. ഇതിനും പുറമെ മാസിഡോണിയൻ പടയാളികളേയും പേഴ്സ്യൻ വനിതകളെ വിവാഹംചെയ്യുവാൻ പ്രേരിപ്പിച്ചു. എന്നാൽ വർഗ്ഗീയത്വം നശിപ്പിക്കാനുള്ള അദ്ദേഹത്തിൻെറ ഈ യത്നം വിഫലമായി. വർഗ്ഗീയത്വം അജയ്യമാംവണ്ണം പ്രബലതയിൽ ഇരുന്നിരുന്നതുതന്നെ അതിനു കാരണം. എന്നിരുന്നാലും ഏഷ്യൻ ജനതയുടെ ഒരു വമ്പിച്ച വിഭാഗത്തിൽ യവനസംസ്കാരം പ്രചരിപ്പാൻ അതു് ഉപയോഗപ്പെട്ടു. അങ്ങനെ ഏഷ്യയിലെ കലകളിലും വിചാരഗതികളിലും യവനരുടെ ആശയങ്ങൾ കടന്നുകൂടി. ഇന്ത്യയിൽ പ്രത്യേകമായും ഇതു പ്രത്യക്ഷപ്പെട്ടു.

ഭിന്നങ്ങളായ വർഗ്ഗങ്ങളും ആചാരങ്ങളും മതവിശ്വാസങ്ങളുമുള്ള സാമ്രാജ്യത്തെ ഏകോപിച്ചു നിർത്തുന്നതിന്, തന്നെത്തന്നെ ദൈവമായി കരുതി ആരാധിച്ചുകൊള്ളുവാൻ അദ്ദേഹം അനുവദിച്ചു. എന്നാൽ ഗ്രീസ്സിലൊഴികെ എവിടേയും

രാജാവിന്നു ദൈവത്വം കല്പിക്കാത്തതുകൊണ്ടു് ഈ നിശ്ചയം സാമ്രാജ്യസംയോജനത്തിനു് ഉതകിയില്ല.

നയതന്ത്രനിപുണനും, ലക്ഷ്യം പിഴയ്ക്കാത്തവനും, ജനരഞ്ജകനും, സേനാനികളുടെ ഭക്തിഭാജനവുമായിരുന്ന മഹാനായ അലക്സാന്തർ പ്രാചീനലോകത്തിൽ മാതൃകാഭൂതനായ ഒരു സേനാനിയായിരുന്നു. വലിയ പദ്ധതികളെ ചിന്തിപ്പാനും പ്രവൎത്തനത്തിൽ കൊണ്ടുവരുവാനും ഉള്ള മെയ്മിടുക്കും മനക്കരുത്തും അദ്ദേഹത്തിനുണ്ടായിരുന്നു. താൻ ചെയ്യുന്ന പ്രവൃത്തികളെപ്പററി പരിപൂൎണ്ണജ്ഞാനവും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ സ്ഥാനം മററുള്ളവരുടേതിൽനിന്നുയൎന്നതാണെന്ന ബോധമുണ്ടായിരുന്നിട്ടും മററുള്ളവരെ അടക്കി ഭരിക്കുന്നതിലും ഭേദം സ്വസംയമനമാണു് എന്നദ്ദേഹം അറിഞ്ഞിരുന്നു. വളരെ ശതാബ്ദങ്ങളോളം അദ്ദേഹത്തിന്റെ പ്രതാപം ഏഷ്യാഖണ്ഡത്തിൽ നിലനിന്നു.

അലക്സാന്തർ പരിഷ്കാരത്തിൽ ഒരു നൂതനാബ്ദം ആരംഭിച്ചുവെച്ചു. നഗരഭരണങ്ങളുടെ ഇടുങ്ങിയതും ഞെരുങ്ങിയതുമായ അതിൎത്തികളെ നിവാസയോഗ്യമാക്കി ചെയ്തതു് അദ്ദേഹമാണു്. ഒരേ സംസ്കാരവും ഒരേ ഭാഷയുമുള്ള പരിഷ്കൃത ജനതയ്ക്കു വ്യത്യാസമെന്യേ അതിനെ അദ്ദേഹം അനുഭവിക്കുമാററാക്കി. ഗ്രീസ്സിലെ സന്ദേശത്തെ റോമിന്നു പകൎത്തി കൊടുത്തതു് അലക്സാന്തരാൽ നിൎമ്മിക്കപ്പെട്ട യവനലോകമാണു്. മനുഷ്യർ ആത്മീയൈക്യം ആരാഞ്ഞു നടന്നിരുന്നപ്പോൾ ആവിൎഭവിച്ച കൃസ്തീയമതത്തിനു വികാസവും വ്യാപ്തിയും സുലഭമായി വന്നതും അലക്സാന്തരുടെ പരിഷ്കാരം ജനങ്ങൾക്കിടയിൽ പ്രചരിക്കകൊണ്ടാണു്. അന്യോന്യം സഹകരിച്ചും, വൎഗ്ഗീയത്വമൊ ആചാരഭിന്നതയൊ കൂടാതെയും, സ്നേഹത്തിനു മാത്രം അടിമപ്പെട്ടുമിരിക്കുന്ന ഒരു മനോഹരലോകത്തെയാണു് മഹാനായ അലക്സാന്തർ സ്വപ്നം കണ്ടുകൊണ്ടിരുന്നതു്. ദൈവാജ്ഞയാലാണു് രാജാവു ഭരണം

നടത്തുന്നതെന്നും ദൈവാംശമാണദ്ദേഹമെന്നുമുള്ള ബോധം മാസിഡോണിൽനിന്നാണു നവീനലോകത്തിനു സിദ്ധമായതു്. മനുഷ്യർ തമ്മിലുള്ള ശാശ്വതമായ സഹോദരത്വം സൃഷ്ടിച്ചതും ഈ മഹാൻ തന്നെ.

———o———

## 44. റോമൻ പരിഷ്കാരം.

ബി. സി. ആയിരത്തിരുനൂറോടുകൂടി ക്രീറ്റു സാമ്രാജ്യം ശിഥിലമായപ്പോൾ അവിടത്തെ ജനങ്ങൾ പൂർവ്വമദ്ധ്യധരണ്യാഴി പ്രദേശങ്ങളിൽ നൂതനനഗരികൾ സ്ഥാപിക്കയും, യവനരാജ്യത്തും ഏഷ്യാമൈനറിലും കയറിക്കൂടുകയും ചെയ്തു. ഇതിൽ ഒരു കൂട്ടർ സമുദ്രത്തിന്റെ മദ്ധ്യതടം നോക്കി തിരിച്ചു് ഇററലിയുടെ പശ്ചിമതീരത്തുകൂടി കയറി. ഇവരാണു് എട്രസ്കൻകാർ. അവർ സുഖലോലുപരും നിഷ്ഠുരരും മല്ലയുദ്ധപ്രിയരുമായിരുന്നു. അവരുടെ മതം ക്രൂരവും അന്ധവിശ്വാസങ്ങൾ നിറഞ്ഞതുമായിരുന്നുവെന്നു്, അവരുടെ ആരാധനച്ചടങ്ങുകളും ശവകുടീരങ്ങളിലെ ചിത്രങ്ങളും തെളിയിക്കുന്നു.

വടക്കെ ഇററലിയിലാണു് എട്രസ്കൻ വർഗ്ഗക്കാർ വസിച്ചിരുന്നതു്. അതിനു വടക്കു ശത്രുക്കൾക്കു ദുഷ്പ്രാപമായ ആൽപ്സ് പർവ്വതവും, തെക്കു് ഉപദ്വീപാംശത്തിന്റെ മദ്ധ്യത്തിൽകൂടി ഉടനീളത്തിൽ കിടക്കുന്ന അപ്പിനയിൻ പർവ്വതനിരയും, അതിന്റെ ഇരുപാർശ്വങ്ങളിലും ഫലപുഷ്ടിയുള്ള തീരപ്രദേശങ്ങളുമാണു്. അവിടങ്ങളിലാണു് ആദിമനിവാസികൾ പാർപ്പുറപ്പിച്ചതു്. അടുത്ത കാലത്തു ഗ്രീസിലേക്കുപോയ ആര്യവർഗ്ഗക്കാരുമായി ബന്ധപ്പെട്ടവരും അവിടെ ഉണ്ടായിരുന്നു. അവർ കാൻറൻസ് എന്നു പറയുന്ന തുറന്ന ഗ്രാമങ്ങളിലാണു് നിവസിച്ചതു്. ഈ കാൻറനുകളിൽ ചിലതു ശത്രുക്കളോടു പൊരുതേണ്ടിവരുമ്പോൾ മാത്രം ഒത്തുചേർന്നിരുന്നു.

ഇവരുടെ അധികാരപരിധി കാൻറനായിരുന്നു.

ഇററലിയിലെ യഥാർത്ഥനിവാസികൾ കൃഷകരും കാർഷികമതക്കാരുമായിരുന്നു. അവർ മഴ, സൂര്യൻ, അഗ്നി, വിളയുന്നു തുടങ്ങി കൃഷകരെ തുഷ്ടിപ്പെടുത്തുന്ന ശക്തികളെയെല്ലാം ദൈവങ്ങളായി ആരാധിച്ചുപോന്നു. ചെങ്കുത്തായ തരിശുകുന്നുകളോടും ചെളികെട്ടിയ ചതുപ്പുപ്രദേശങ്ങളോടും കൂടിയ ഒരു രാജ്യത്തു കൃഷകന്നു സ്വരക്ഷക്ക് പൊരുതുകതന്നെ വേണം. ഫലപുഷ്ടിയുള്ള പ്രദേശങ്ങളെല്ലാം എട്രസ്കൻ വർഗ്ഗക്കാരിൽ ആയതുകൊണ്ട് അവയെ രക്ഷിപ്പാൻ ആദിമനിവാസികൾക്കു പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരുന്നു. അങ്ങനെ അവരുടെ സമരപ്രിയം ഉദ്ദീപിക്കപ്പെടുകയും ചെയ്തു.

എട്രസ്കൻ വർഗ്ഗത്തെത്തുടർന്നു ബി. സി. 8-ാംശതകം മുതല്ക്കു സിസിലിയിലും ഇററലിയിലെ ദക്ഷിണഭാഗത്തും യവനർ ഉപനിവേശങ്ങൾ സ്ഥാപിച്ചുതുടങ്ങി. അവർ എട്രസ്കൻകാരെപ്പോലെ അക്രമികളായിരുന്നില്ല. ആദിമനിവാസികളെ മുന്തിരിക്കൃഷിയും ഓലിക്കൃഷിയും അക്ഷരവിദ്യയും പഠിപ്പിച്ചു. ഇതു കാരണം അവിടത്തെ നിത്യജീവിതത്തിൽ രാഷ്ട്രീയമായിട്ടല്ലെങ്കിലും ഒരു സ്ഥാനം അവക്കു ലഭിച്ചു.

എട്രസ്കൻ രാജ്യത്തിൻെറ തെക്കെ അതിർത്തി ടൈബർനദിവരെ വ്യാപിച്ചിരുന്നു. ഈ സമതലത്തിൽ കൂടെക്കൂടെ വെള്ളപ്പൊക്കമുണ്ടാകാറുണ്ട്. നദീമുഖത്തുനിന്നു 15 നാഴിക ഉള്ളിലേക്കു കടന്നാൽ വെള്ളപ്പൊക്കം ബാധിയ്ക്കാത്തതും സുഖമായ കാലാവസ്ഥയുള്ളതും നദീതരണത്തിനു സൌകര്യമുള്ളതുമായ ഒരുകൂട്ടം കുന്നുകളിൽ പണ്ടിനാലെ ഓരോ സമുദായമായി ലത്തീൻകാർ എന്ന ഇററാലിയൻ വർഗ്ഗക്കാർ നിവസിച്ചിരുന്നു. ഇവർ തൊട്ടടുത്തുള്ള ശത്രുക്കളായ എട്രസ്കൻ വർഗ്ഗക്കാരെ ചെറുക്കുവാൻ ഒരു സംഘമായി ചേർന്നുനിന്നിരുന്നു. ഇങ്ങനെയാണ് റോമാനഗരം രൂപീകൃതമായതു്. ഒന്നില

ധികം വൎക്കാർ ചേൎന്ന ബി. സി. 753_ൽ നിൎമ്മിച്ചതാണിതു്.

പിൽക്കാലത്തു റോമ ലോകത്തിന്റെ തലസ്ഥാനമായിന്നപ്പോൾ അതിന്റെ ഉത്ഭവത്തോടു ചേൎത്തു ട്രോയിലെ വീരന്മാരേയും ഒലിംപസ്സ്പൎവ്വതത്തിലെ ദൈവങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള നിരവധി ഐതിഹ്യങ്ങൾ കൂട്ടിപ്പിടിപ്പിച്ചു. എളിയ സ്ഥിതിയിൽ നിന്നു സമുന്നതാവസ്ഥയെ പ്രാപിപ്പാൻ റോമിനു ദൈവീകശക്തിയൊന്നും വേണ്ടിവന്നില്ല. ഇററലിയുടെ ഉത്തരദക്ഷിണഭാഗങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള അതിന്റെ സ്ഥാനംതന്നെ അതിന്റെ വളൎച്ചയ്ക്കനുകൂലമാണു്. പോരെങ്കിൽ ഒരു ഉത്തമ നൌകാശയമാകത്തക്ക അഴിമുഖത്തോടുകൂടിയ ടൈബർ നദിമേലാണു് അതു നിൽക്കുന്നതു്. മദ്ധ്യധരണ്യാഴിപ്രദേശങ്ങൾ ഒന്നിച്ചുചേൎന്നപ്പോൾ ഇററലിയായിരുന്നു അതിന്റെ പ്രധാന കേന്ദ്രം. ആദ്യകാലങ്ങളിൽ കുറെ ചെറുകുന്നുകളുടെ മുകളിൽ സ്ഥിതിചെയ്യുന്ന കുറേ ഗ്രാമങ്ങളുടെ സമാഹാരം മാത്രമായിരുന്നു റോമ. ആ കുന്നുകളിൽനിന്നു പുഴയ്ക്കപ്പുറം നോക്കിയാൽ തങ്ങളോടു യുദ്ധത്തിന്നൊരുക്കപ്പെട്ട എട്രസ്കൻ സൈന്യങ്ങളെ ആ നാട്ടുകാൎക്കു കാണാമായിരുന്നു. അതുകൊണ്ടു് അവൎക്കു ശത്രുവിനോടു് എതിരിടുവാൻ സദാ ഒരുങ്ങിയിരിക്കേണ്ടതായി വന്നു. അങ്ങനെ ഈ പടയൊരുക്കം അവൎക്കു സ്വാഭാവികമാകയും അവർ ഭടജനങ്ങളായി തീരുകയും ചെയ്തു. അവരുടെ സകല സ്ഥാപനങ്ങളിലും ഒരു സമരമനഃസ്ഥിതി പ്രതിഫലിച്ചു കാണപ്പെടുന്നുണ്ടു്.

ആദ്യം റോമക്കാർ പുരോഹിതപ്രധാനിയും, സേനാനിയും, നിയമകൎത്താവുമായ ഒരു രാജാവിനാൽ ഭരിക്കപ്പെട്ടു. ആ രാജാവാണു് ദൈവാരാധനാക്രമവും വൈദേശികബന്ധങ്ങളും നാട്ടുനടപ്പുമെല്ലാം വ്യവസ്ഥപ്പെടുത്തിയിരുന്നതു്. അദ്ദേഹത്തിന്റെ ഭരണത്തിൽ ജനങ്ങളിൽ ഉച്ചനീചത്വങ്ങൾ

ഉണ്ടായിരുന്നു. പെട്രിഷ്യൻകാർ പ്രഭുക്കന്മാരും ശ്രേഷ്ഠന്മാരുമാണ്. പ്ലീബിയൻകാർ അവരുടെ കീഴിൽ തൊഴിൽ ചെയ്യുന്ന സാധാരണക്കാരുമാകുന്നു. പ്രഭുജനങ്ങളിൽനിന്നു ലോകപരിചയമുള്ളവരും വൃദ്ധന്മാരുമായ അംഗങ്ങളെ തിരഞ്ഞെടുത്തു രാജാവിന്നു് ഒരുപദേശകസമിതി രൂപീകരിച്ചുവന്നു. നാടുവാഴുന്ന രാജാവു് മരിച്ചാൽ പിന്നത്തെ രാജാവിനെ നിയമിച്ചു ശിപാർശി ചെയ്യാൻ ഈ സമിതിക്കധികാരമുണ്ടു്. ആ ശിപാർശിയെ ജനത സ്വീകരിച്ചുകൊള്ളണം.

ഈ പദ്ധതി കുറച്ചു കാലത്തേയ്ക്കു് ഉപകാരപ്പെട്ടു. റോമ സർവ്വകാലത്തും സമരത്തിൽ ഏർപ്പെട്ടിരുന്നു. രാജാക്കന്മാർ ജനങ്ങളുടെ നായകത്വം വഹിക്കുവാൻ ശക്തരുമായിരുന്നു. എങ്കിലും പടച്ചട്ട വാങ്ങുവാൻ സാധിക്കുന്ന ജനങ്ങളെ കൂട്ടിച്ചേർത്തു നിർമ്മിക്കപ്പെട്ട ഒരു ചെറുസൈന്യത്തിന്നു എട്രസ്കൻകാരുമായി മല്ലിട്ടു നില്പാൻ എത്രത്തോളം സാദ്ധ്യമാകും? മററു ലത്തീൻജനതയോടു പൊരുതുനിൽക്കുവാൻ റോമക്കാർ വിദഗ്ദ്ധരായിരുന്നു. അവരിൽ ആധിപത്യംതന്നെ അവർ സ്ഥാപിക്കയും ചെയ്തിരുന്നു.

ബി. സി. ആറാം നൂററാണ്ടോടുകൂടി റോമ എട്രസ്കന്നധികാരത്തിന്നധീനമായി. എട്രസ്കൻ രാജാക്കന്മാരെ സ്വേച്ഛാപ്രഭുക്കളായിട്ടാണു് റോമാക്കാർ കരുതിവന്നതു്. ഈ രാജാക്കന്മാർ നഗരശുചീകരണപദ്ധതികൾ ഏർപ്പെടുത്തുകയും, രമണീയങ്ങളായ ദേവാലയങ്ങൾ പണിയിക്കുകയും, സാമ്പത്തികസ്ഥിതിക്കനുസരിച്ചു ജനതയെ വിഭജിക്കുകയും, സൈന്യത്തെ വിപുലീകരിക്കയും ചെയ്തു. എങ്കിലും അവർ വിദേശികളായിരുന്നു. അവരുടെ ഭരണം നൂറു കൊല്ലം തികച്ചും നിന്നില്ല. എട്രസ്കൻ ആധിപത്യത്തിനു മററു ലത്തീൻ നഗരികളെപ്പോലെ റോമിനു വഴങ്ങേണ്ടിവന്നെങ്കിലും ക്രമത്തിൽ അതു പുരോഗതിയെ പ്രാപിച്ചു് ആ വിദേശരാജാക്കന്മാരെ ഓടിക്കതന്നെ ചെയ്തു.

ഈ സംഭവത്തെ "രാജബഹിഷ്കരണം" എന്നാണ് ഐതിഹ്യം ഘോഷിക്കുന്നതു്. പിന്നീടു വളരെ ശതാബ്ദങ്ങളോളം രാജാവു് എന്ന സ്മരണതന്നെ റോമക്കാരിൽ വെറുപ്പുളവാക്കിവന്നു. അഞ്ഞൂറു കൊല്ലത്തിനുശേഷം ഒരു ഏകാധിപത്യം സ്ഥാപിച്ചപ്പോഴും രാജാവു് എന്ന നാമം ത്യജിക്കയാണ് അവർ ചെയ്തതു്. അഹംകാരിയായ ടാർക്വിൻ രാജാവിന്റെ സ്മരണ അത്രമാത്രം വെറുപ്പു അവരിൽ ജനിപ്പിച്ചിരുന്നു.

അന്യാധീനതയിൽനിന്നു വിമുക്തമായ റോമിൽ പ്രജാധിപത്യഭരണം സ്ഥാപിതമായി. അധികാരം ഒരാളുടെ കൈയിൽ ചെന്നുപെടാതിരിപ്പാനുള്ള നിബന്ധനകളെല്ലാം ചെയ്തു. പുരോഹിതശക്തി നടത്തിവന്ന പുരാതന രാജാക്കന്മാരുടെ അധികാരം "പവിത്രവസ്തുക്കളുടെ രാജൻ" എന്ന ഒരാളിൽ അർപ്പിച്ചു. ഈ സ്ഥാനത്തിലിരിക്കുന്നാൾക്കു രാഷ്ട്രീയ കാര്യങ്ങളിൽ സ്ഥാനമൊന്നും ഉണ്ടായിരുന്നില്ല. സ്ഥാനം കൊല്ലംതോറും മാറിയുമിരുന്നു. തന്മൂലം അവർക്കു ഒരു കാലത്തും പ്രാബല്യം നേടുവാൻ സാധിച്ചില്ല. നീതിന്യായത്തിനു മജിസ്ട്രേട്ടുമാരും, യുദ്ധകാര്യങ്ങൾക്കു കോൺസൽമാരുമുണ്ടായിരുന്നു. ഇങ്ങനെ അധികാരം അനേകം പേരിലായി പെടുകയാൽ ആർക്കും പ്രാബല്യം പ്രാപിപ്പാൻ തരമുണ്ടായില്ല. ഓരോ മജിസ്ട്രേട്ടിനേയും അധികാരം നടത്തുന്നതിൽ സഹായിപ്പാൻ വേറൊരു സഹായിയെക്കൂടി നിയമിച്ചിരുന്നു. ജനങ്ങളുടെ സഭയ്ക്കാണ് പ്രാമാണ്യം. അവരാണ് മജിസ്ട്രേട്ടുമാരെ തിരഞ്ഞെടുത്തിരുന്നതു്. അവർക്കുപദേശം നല്കിവന്ന സേനട്ടിലെ അംഗങ്ങളെ തിരഞ്ഞെടുത്തുവന്നതും അവർതന്നെ.

പെട്രീഷ്യക്കാരും പ്ലീബിയൻസും തമ്മിൽ ആദ്യം മുതൽക്കേ ഉണ്ടായിരുന്ന പിളപ്പു വർദ്ധിച്ചുതന്നെവന്നു. തങ്ങൾക്കുള്ള പ്രത്യേകാനുകൂല്യങ്ങൾ മുറുകെ പിടിപ്പാൻ പ്രഭു

വർഗ്ഗവും, അവയെ അടിച്ചമർത്തുവാൻ പ്ലീബിയൻസും രണ്ടു ശതാബ്ദകാലം പൊരുതി. അന്നു സകലാനുകൂല്യങ്ങളും പ്രഭുവർഗ്ഗക്കാർക്കായിരുന്നു. മജിസ്ട്രേട്ട സ്ഥാനത്തിനും അവരെ ഉപദേശിപ്പാനുള്ള സമിതിയിലെ അംഗങ്ങളായിരിക്കുന്നതിനുമുള്ള അവകാശം അവർക്കായിരുന്നു. ഈ സഭയിൽ അവർ എണ്ണത്തിൽ കുറവായിരുന്നിട്ടും അവർതന്നെയാണ പ്രാമാണ്യം വഹിച്ചിരുന്നതു്. പൌരോഹിത്യസ്ഥാനങ്ങളും അവരുടെ ചൊല്പടിക്കുതന്നെ പ്രവർത്തിച്ചിരുന്നു. പ്രഭുക്കൾക്കു രുചിക്കാത്ത ഏതു പദ്ധതിയെയും ദൈവാനുകൂല്യമില്ലാത്തതെന്നു പുരോഹിതന്മാർ വിധിച്ചിരുന്നു. സർവ്വോപരി നിയമപരിജ്ഞാനവും അവർക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാരണം അവിടത്തെ നിയമങ്ങൾ രേഖാരൂഢമായിരുന്നില്ല.

എന്നാൽ പ്ലീബിയൻസിനു് ആൾബലമുണ്ടായിരുന്നു. ഏതുകാലത്തും എന്തു കാര്യം നടത്തുവാനും അവരുടെ സഹായം അപരിത്യാജ്യമായിരുന്നു. ഏതു സമയത്തും പണിമുടക്കു നടത്തുവാൻ അവർക്കു കഴിവുമുണ്ടായിരുന്നു. അതുകൊണ്ടു പെട്രീഷ്യൻ ശക്തിയെ ഉടയ്ക്കുവാൻ അവർക്കു സാധിച്ചിരുന്നു. കടന്ന കൈ പ്രയോഗിക്കേണ്ടിവരുമ്പോൾ അവർ റോമാനഗരം വിട്ടു പുറത്തുപോയി അവിടങ്ങളിലെ വല്ല കോട്ടകളിലും കയറിക്കൂടും. അപ്പോൾ പ്രഭുക്കൾക്കു അവരുമായി ഒരു ഒത്തുതീർപ്പു കൂടാതെ നിർവ്വാഹമില്ലെന്നു വരും. ഈ ഉപായം ആക്കാലത്തു് അഞ്ചു പ്രാവശ്യം പ്ലിബിയൻസ് പ്രയോഗിച്ചതായും, പല പ്രാവശ്യവും പ്രയോഗിക്കുമെന്നു ഭീഷണിപ്പെടുത്തിയതായും പറയപ്പെടുന്നു. കാലക്രമത്തിൽ അവർക്കുള്ള സ്വാതന്ത്ര്യം വർദ്ധിച്ചുകൊണ്ടേ വന്നു. അവരുടെ ആദ്യത്തെ വിജയം ട്രിബ്യൂൺ സ്ഥാപിച്ചതാണു്. പ്ലിബിയൻസിനെ കോൺസൻസിൻെറ ഊരധികാരങ്ങളിൽനിന്നു രക്ഷിക്കുന്നതാണു് ഈ ട്രിബ്യൂണിൻെറ പ്രവൃത്തി. ഇവരുടെ അവകാശങ്ങളിൽ മജിസ്ട്രേട്ടുമാർ കൈകടത്തിയാൽ അതിനെ അസാധു

വാക്കാനും അതിന് അധികാരമുണ്ടായിരുന്നു. കാലക്രമത്തിൽ അവർ അധികാരത്തെ സുലഭമായി പ്രവൃത്തിയിൽ കൊണ്ടുവന്നതിനാൽ നഗരജീവിതത്തിൽതന്നെ വലുതായ അധികാരം അവർ ചെലുത്തിത്തുടങ്ങി. ഇതിനുപുറമെ ഈ ട്രിബ്യൂൺ, പ്ലീബിയൻസിനെ സംഘടിപ്പിക്കുന്നതിനും ചുമതലപ്പെട്ടിരുന്നു. തന്മൂലം പെട്രീഷ്യക്കാരാൽ രൂപീകരിക്കപ്പെട്ട ഔദ്യോഗികസഭയ്ക്കും പുറമെ പ്ലീബിയൻസിന്റെ സഭയും—ആദ്യത്തിൽ അനൌദ്യോഗികമായിട്ടാണ് വർത്തിച്ചുവന്നതെങ്കിലും—രണ്ടു ശതാബ്ദംകൊണ്ടു നിയമാനുസൃതമായി കരുതപ്പെട്ടു.

ഈ കാര്യം നടപ്പിലാകുന്നതിനു മുമ്പു പെട്രീഷ്യക്കാരുടെ എതിർപ്പുകളെ തടയുവാൻ പല ഭരണപരിഷ്കാരങ്ങളും വരുത്തേണ്ടതുണ്ടായിരുന്നു. ജനകീയഭരണത്തിന്റെ ആദ്യത്തെ ശതകത്തിൽ പെട്രീഷ്യരിൽനിന്നു ബലം പ്രയോഗിച്ചു വ്യക്തിസ്വാതന്ത്ര്യം തട്ടിയെടുക്കതന്നെ ചെയ്തു. ക്രോഡീകരിക്കപ്പെട്ട ഒരു നിയമാവലി എഴുതി പ്രസിദ്ധപ്പെടുത്തുവാൻ പെട്രീഷ്യർ നിർബ്ബന്ധരായി. ഇതിന്നായി പത്ത് അംഗങ്ങൾ അടങ്ങിയ ഒരു കമ്മീഷനെ നിയമിച്ചു. ഈ കമ്മീഷൻ പൌരജീവിതത്തെ സംബന്ധിച്ച് 12 നിയമപട്ടികകൾ കല്ലിൽ കൊത്തിയുണ്ടാക്കി. ഈ പട്ടികകളിലെ നിയമങ്ങൾ പുതിയതൊന്നുമായിരുന്നില്ല. മുമ്പു നടപ്പിലുണ്ടായിരുന്നതും എന്നാൽ രേഖപ്പെടുത്താത്തതും മാത്രമായിരുന്നു അവ. കമ്മീഷണർമാരുടെ പ്രവൃത്തി പൂർത്തിപ്പെട്ടതിനുശേഷം അവർ വീണ്ടും സ്ഥാനാർത്ഥികളായി തിരഞ്ഞെടുപ്പിനു നിന്നു. അപ്പോൾ അവർ നിയമപരമല്ലാത്ത ഒരു പുതിയ ഭരണനടപടി സൃഷ്ടിക്കയായിരിക്കുമോ എന്നു ജനത സംശയിച്ചു. അതിനെത്തുടർന്ന് ഒരു പണിമുടക്കുണ്ടായി. അപ്പോഴെ പെട്രീഷ്യൻസിനു പ്രജ്ഞയുണ്ടായുള്ളു. പ്ലീബിയൻസ് പണിപ്പെട്ടു നേടിയ അവകാശങ്ങൾ സ്ഥിരീകരിക്കപ്പെട്ടു.

12 നിയമപ്പട്ടികയ്ക്ക് പ്രസിദ്ധീകരണംകൊണ്ടു താന്താങ്ങൾക്കുള്ള ചുമതല എന്തെന്നു് ഓരോരുത്തക്കും അറിയാറാകയും, അവയെ അക്ഷരംപ്രതി അനുസരിപ്പിക്കുന്നതിൽ ട്രിബ്യൂണൽ നിഷ്കർഷ ചെലുത്തുകയും ചെയ്കയാൽ പിന്നീടു് ഒരിക്കലും അതു് അസാധ്യവാക്കപ്പെട്ടില്ല. റോമാനഗരം നശിച്ചിട്ടും ഈ നിയമപ്പട്ടിക നശിച്ചില്ല. സാമ്രാജ്യം അസ്തമിച്ചിട്ടും ദ്വാദശനിയമങ്ങൾ നടപ്പിലിരുന്നു. ഇന്നു യൂറോപ്യൻ രാജ്യങ്ങളിൽ കാണുന്ന മിക്ക നിയമങ്ങളുടേയും അടിസ്ഥാനം ഇവയാകുന്നു.

സമുദായത്തിലെ ഉച്ചനീചത്വങ്ങളെ ഇല്ലാതാക്കുന്നതിനുള്ള ശ്രമമാണു് പിന്നീടു നടന്നതു്. പെട്രീഷ്യരും പ്ലീബിയൻസും തമ്മിൽ വിവാഹബന്ധം അനുവദിക്കപ്പെട്ടു. യുദ്ധകാലങ്ങളിൽ ഉച്ചനീചത്വങ്ങൾ വിസ്മരിച്ചു രാജ്യത്തിനു മാത്രമായി അവർ പടവെട്ടി. നാലാം ശതകത്തിന്റെ ആദ്യം പ്ലീബിയൻസിൽനിന്നും കോൺസൽസിനെ തിരഞ്ഞെടുത്തുതുടങ്ങി. അങ്ങനെ ഉദ്യോഗത്തിലേക്കുള്ള അവകാശവും അവക്കു ലഭിച്ചു. അതിനെത്തുടന്നു് ഉപദേശകസമിതിയിലും അവക്കു സ്ഥാനം ലഭിച്ചു. മൂന്നാം ശതകത്തിൽ പ്ലീബിയൻസഭയുടെ തീരുമാനങ്ങൾക്കു നിയമപ്രാബല്യം കല്പിച്ചുതുടങ്ങി. അതോടൊപ്പം ഇരുവർഗ്ഗവുമായുള്ള ഭിന്നതകൾ പാടേ നശിച്ചു.

ഇരുകക്ഷികളും തമ്മിൽ റോമിലിരുന്നു് അധികാരാവകാശങ്ങൾക്കായി പൊരുതിയതിനോടൊപ്പംതന്നെ അവർ നഗരിയുടെ നിലനില്പിനും സമരം നടത്തുന്നുണ്ടായിരുന്നു. റോമിലെ എട്രസ്കൻ രാജാക്കന്മാരെ ആട്ടിഓടിച്ചപ്പോൾ പുഴയ്ക്കപ്പുറത്തുള്ള മററു എട്രസ്കൻ വർഗ്ഗക്കാരിൽനിന്നു് എതിർപ്പു് ഉണ്ടായിക്കൊണ്ടിരുന്നു. എട്രസ്കൻ രാജാക്കന്മാക്കു് നല്ല കോട്ടകളും വിദഗ്ദ്ധമായ സൈന്യവും ഉണ്ടായിരുന്നതുകൊണ്ടും ഭാവിയിൽ പരമശത്രുക്കളായി വരാൻ പോകുന്നവ

രോടു പൊരുതുവാൻ മററു ലത്തീൻ വർഗ്ഗക്കാരുമായി സഖ്യം ചെയ്തുകൊണ്ടുമാണ് അവക്ക് ഈ എതിർപ്പുകളെ എതിരിടുവാൻ സാധിച്ചതു്. അവർ വളരെ പണിപ്പെട്ടു ദക്ഷിണപൂർവ്വഭാഗങ്ങളിൽനിന്നുള്ള ശത്രുക്കളെ ഓടിച്ചു. ഇവരുടെ പ്രധാനമായ എട്രസ്കൻ ശത്രു "വിയി"യായിരുന്നു. റോമിൽനിന്നു 12 നാഴിക ദൂരെ കിടങ്ങുകളാൽ സുരക്ഷിതമായി ഒരുയർന്ന പാറപ്പുറത്തു സ്ഥിതി ചെയ്തിരുന്ന ഈ സ്ഥലത്തെ വളരെ പണിപ്പെട്ടും വളരെ കാലംകൊണ്ടും മാത്രമേ അധീനപ്പെടുത്തുവാൻ തരപ്പെട്ടുള്ളു. ഇതു റോമൻ ചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമാണ്.

ബി. സി. 5-ാം ശതകത്തോടടുത്തു ഡാന്യൂബ് നദിയുടെ മുകൾത്തടത്തിൽ നിവസിച്ചിരുന്ന ഗാൾസ് വർഗ്ഗക്കാർ യൂറോപ്പിലെ മററു പ്രദേശങ്ങളിലെന്നപോലെ ഇററലിയിലും കയറി ആക്രമണം നടത്തി. ഉത്തരഭാഗത്തുനിന്ന് ആക്രമണമൊന്നും ഉണ്ടാവുന്നതല്ലെന്ന് വിശ്വസിച്ചു കരുതലില്ലാതിരുന്ന എട്രസ്കൻകാർക്ക് അവരോട് എതിർപ്പാൻ സാദ്ധ്യമായില്ല. ഗാൾവർഗ്ഗക്കാർ ഉത്തരഭാഗം അനായാസേന കൈവശപ്പെടുത്തി അവിടത്തെ ആദിമനിവാസികളെ അടക്കി ഭരിക്കയും, അവരുടെ ആശയങ്ങളും ജീവിതരീതിയും അനുകരിച്ചു വിജയികളായി വാഴുകയും ചെയ്തു.

എട്രസ്കൻ പ്രതാപം ഇതോടെ അധഃപതിച്ചു. വടക്കു ഗാൾസും തെക്കു റോമക്കാരും അവരെ എതിർത്തു. സമുദ്രാധിപത്യം സിസിലിക്കാരും കരസ്ഥമാക്കി. ദക്ഷിണഭാഗത്തുള്ള വസ്തുവാഹകർ കാടന്മാരുടെ കൈയിലും പെട്ടു. ഇത്രയായിട്ടും അവർ രാജ്യം വിട്ടുപോകാതെ സ്വതന്ത്രങ്ങളായ സ്വന്തനഗരികളിൽതന്നെ ഇരിക്കയും ക്രമേണ വിജയിച്ചവരുടെ വർഗ്ഗങ്ങളിൽ ലയിക്കുകയും ചെയ്തു.

ബി. സി. 390-ൽ ഗാൾസ് റോമിനെ ആക്രമിച്ചു. റോമക്കാർ അവരോടു ചെറുത്തു നിന്നെങ്കിലും ഒടുവിൽ

ന്ത്യന്തരമില്ലാതെ അക്രമികൾക്ക് ഒരു വലിയ സംഖ്യ കൊടുത്തു സന്ധി ചെയ്യുകയാണ ചെയ്തതു്. അതേവരെ അവരെ ഭയന്നും സഖ്യനിലയിലും വർത്തിച്ചുവന്ന കിരാതവർഗ്ഗക്കാരും ലത്തീൻകാരും അവരെ കൂട്ടാക്കാതെയുമായി. അങ്ങനെ 50 കൊല്ലക്കാലം റോമ നന്നേ വിഷമിച്ചു. ഈ കാലങ്ങളിലാണ റോമാക്കാരുടെ ജാതിസിദ്ധമായ ധൈര്യം പ്രത്യക്ഷപ്പെട്ടതു്. അവർ നഗരിയുടെ കോട്ട കൊത്തളങ്ങൾ കെട്ടിയും സൈന്യത്തെ പരിഷ്കരിക്കുകയും ചെയ്തു.

ഗോൾസ് വർഗ്ഗക്കാരുടെ അക്രമങ്ങളെ ശങ്കിച്ചാണ് സൈന്യത്തിൽ പരിഷ്കാരങ്ങൾ വരുത്തിയതെങ്കിലും തങ്ങളോടു സഹകരിക്കാതെ കഴിഞ്ഞിരുന്ന കിഴക്കും തെക്കുമുള്ള വർഗ്ഗക്കാരെ സ്വാധീനപ്പെടുത്തുവാൻ അതുപകരിച്ചു. ഇക്കാലങ്ങളിൽ പലപ്പോഴും വ്യവസ്ഥാപിതഭരണത്തിൽനിന്നു ചലിച്ചു വ്യത്യസ്ത നടപടികൾ അവലംബിക്കേണ്ടി വന്നിട്ടുണ്ടു്. രണ്ടു കോൺസൽമാക്കു പകരം പൂർണ്ണാധികാരത്തോടുകൂടി ഒരാളെ നിയമിച്ചു. വിയി സമരത്തിലെ വീരനായ കാമിലിയലസ്സിനെ രാജ്യഭ്രഷ്ടനാക്കുകയും പിന്നീടു് ആദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ അംഗീകരിച്ചു തിരിച്ചു വിളിക്കുകയും ചെയ്തു. ഇദ്ദേഹത്തിൻെറ സൈന്യപരിഷ്കാരം മൂലമായിരിക്കാം അവക്കു വിജയം കൈവന്നതു്.

ബി. സി. 4-ാം ശതകത്തോടുകൂടി റോമ വീണ്ടും പുരാതന പ്രതാപം പ്രാപിച്ചു. റോമാസാമ്രാജ്യം അപ്പിനയിൻ പർവ്വതത്തിൻെറ അടിവാരംവരെ വിസ്താരപ്പെട്ടു. പുഴയ്ക്കപ്പുറത്തു് എട്രസ്കൻകാരുടെ അധീനതയിൽ കിടന്നിരുന്ന പ്രദേശങ്ങൾ അധികഭാഗവും അവക്കധീനമായി. ഗോൾസിൻെറ ഉപദ്രവം തീർന്നതായി കരുതാമെങ്കിലും അപ്പിനയിൻഗിരിനിരയുടെ ദക്ഷിണഭാഗത്തുള്ള സാമയിററ വർഗ്ഗക്കാരിൽനിന്നു മറെറാരുപദ്രവം ആവിർഭവിച്ചു. ഈ വർഗ്ഗക്കാരിൽ ചിലർ കാമ്പാണിയ സമതലത്തിൽ കയറിപ്പാത്തു പരിഷ്കാരം

പ്രാപിച്ചു. അവർ റോമാക്കാരുമായി സൌഹാർദ്ദത്തിൽ തന്നെയാണു് കഴിഞ്ഞിരുന്നതെങ്കിലും കാട്ടിൽ നിവസിച്ചിരുന്ന അപരിഷ്കൃതർ സമതലങ്ങളിലെ ജനങ്ങളെ വിറകൊള്ളിച്ചിരുന്നു. സിസിലിയിലേയും ദക്ഷിണ ഇററലിയിലേയും യവനനഗരികൾ അവരുടെ സൈന്യത്തിൽ ഈ യുദ്ധവീരരെ ചേർത്തുമിരുന്നു.

സാമയിററവർഗ്ഗക്കാരെ അടക്കുവാൻ 50 വർഷം നീണ്ടുനിന്ന മൂന്നുസമരങ്ങൾ വേണ്ടിവന്നു. അതിനിടയിൽ അനേകം അപജയങ്ങളും റോമക്കാർക്കു പിണഞ്ഞു. ലത്തീൻ ജനതയും ലഹളക്കൊരുങ്ങിയെങ്കിലും അതിൽ അവർ പരാജിതരായി. ഇവരുടെ രാജ്യങ്ങളിൽ പലതും റോമയോടു ചേർക്കപ്പെട്ടു. ശേഷിച്ചവർ സഖ്യനിലയിൽ കരുതപ്പെട്ടുവെങ്കിലും അവരോടു് അടിമകളോടെന്നപോലെയാണു് പെരുമാറിവന്നതു്. സാമയിററുകാർ അടങ്ങിയതോടുകൂടി ഇററലിയിലെ രണനിപുണരായ അവശേഷിച്ച വർഗ്ഗവും കീഴടങ്ങി.

ഭിന്നിപ്പിച്ചു ഭരിക്കയാണു് ഇററലിയിലെ ഇതരവർഗ്ഗക്കാരോടു റോമ കൈക്കൊണ്ട നയം. അഭ്യന്തരകാര്യങ്ങളിൽ സ്വയംഭരണം അവക്കനുവദിച്ചുവെങ്കിലും വർഗ്ഗങ്ങൾ തമ്മിൽ യോജിച്ചു വർത്തിപ്പാൻ റോമക്കാർ അനുവദിച്ചിരുന്നില്ല. ഈ വർഗ്ഗക്കാരുടെ സൈന്യാധിപത്യം ഒരു റോമൻ കോൺസലാണു് വഹിച്ചിരുന്നതു്. ഓരോ വർഗ്ഗക്കാർക്കും നിർത്താവുന്ന സൈന്യത്തിന്റെ എണ്ണം തീർച്ചപ്പെടുത്തിയിരുന്നതും റോമതന്നെ. ഈ വർഗ്ഗങ്ങളിൽ റോമിലെ പൌരന്മാരോടു തുല്യാവകാശങ്ങൾ ലത്തീൻകാർക്കു് ഉണ്ടായിരുന്നുള്ളൂ. സ്വയം കീഴടങ്ങുന്നവർക്കു കൂടുതൽ ആനുകൂല്യങ്ങൾ നല്കിയിരുന്നതിനാൽ ഏവരും എതിർപ്പുകൂടാതെ റോമിന്നു കീഴടങ്ങി. മുമ്പു ശത്രുതയിലിരുന്നവർകൂടി റോമയോടു മൈത്രിയിൽ വർത്തിച്ചുതുടങ്ങി. പിന്നെ ഇററലിയുടെ പശ്ചിമതീരത്തു ഉപനിവേശങ്ങൾ സ്ഥാപിച്ചു റോമക്കാരെ കൊണ്ടുപോയി പാർപ്പിച്ചു.

വിദേശീയരായ അക്രമികൾ ഇററലിയുടെ തീരത്തു വന്നു കയറിയാലും അവൎക്കു വലിയ സഹായമൊന്നും ലഭിക്കാതാക്കി തീൎത്തു. സൎവ്വരും റോമയുടെ ഭരണത്തിൽ തൃപ്തികൊള്ളുകയും ചെയ്തു.

ഇററലിയിലെ പ്ലെബ്സും, പെട്രേഷ്യരും, സാമയിററുകാരും തമ്മിലുള്ള കലഹം ഏകകാലത്തു അവസാനിച്ചതിനാൽ ജനാധിപത്യത്തിനു പ്രാമാണ്യം കൈവന്നു എന്നു തോന്നി. എങ്കിലും യഥാൎത്ഥഭരണം പ്രഭുജനങ്ങളുടെ കൈയിൽ തന്നെയായിരുന്നു. ഈ പ്രഭുത്വം വഹിക്കുന്നതു് ആലോചനസഭ (സെനററു)യായി എന്നു മാത്രമേ വ്യത്യാസമുള്ളു. ആലോചനസഭയിൽ ഏവൎക്കും സ്ഥാനമുണ്ടായിരുന്നു. എങ്കിലും അതിലെ അംഗങ്ങളായി പ്രബലകുഡുംബാംഗങ്ങളെയാണു് സാധാരണമായി തിരഞ്ഞെടുത്തയച്ചിരുന്നതു്.

ഈ ആലോചനസഭയുടെ ശക്തി ക്രമത്തിൽ വൎദ്ധിച്ചുവന്നു. മൂന്നാംശതകത്തിൽ കാൎയ്യങ്ങളിലെ തീരുമാനം ദ്രുതഗതിയിൽ ചെയ്യേണ്ടിവന്നു. അധികാരികൾ അധികമാകയാൽ കാൎയ്യങ്ങൾ ആലോചിച്ചുറയ്ക്കുവാൻ വിളംബവും വന്നിരുന്നു. അതുകൊണ്ടു് ആലോചനസഭയോടു് ആലോചിച്ചാണു് കാൎയ്യങ്ങൾ നിൎവ്വഹിക്കപ്പെട്ടിരുന്നതു്. കാലക്രമത്തിൽ ഖജാനയുടെ അധികാരവും ആലോചനസഭയിൽ ലയിച്ചു. റോമാസാമ്രാജ്യം വിപുലമായതിനാൽ സാമ്പത്തികകാൎയ്യങ്ങളിൽ കരുതലോടെ വൎത്തിക്കേണ്ടിവന്നു. ഭരണം ധനകാൎയ്യവുമായി ബന്ധപ്പെട്ടപ്പോൾ ആലോചനസഭയുടെ പ്രാബല്യം ഒന്നുകൂടി ശക്തിപ്പെട്ടു.

റോമയ്ക്കു വികസനത്തിനൊപ്പം പ്രതാപവും കൈവന്നു. അതിനെത്തുടൎന്നു മററു രാജ്യങ്ങളും പരിഷ്കാരം പ്രാപിച്ചു. ഇതിൽ പ്രാധാന്യം അൎഹിച്ചിരുന്നവർ ദക്ഷിണ ഇററലിയിലും സിസിലിയിലും ഗ്രീസ്സിലും ഉള്ള യവനരും സമുദ്രത്തിനപ്പുറത്തുള്ള കാൎത്ജീനക്കാരുമാണു്.

ഇവരുമായി ആദ്യം ആഘാതമുണ്ടായതു തെക്കെ ഇററലിയിൽവെച്ചാണു്. അവിടത്തെ യവനർ അടുത്തുള്ള കിരാതവർഗ്ഗക്കാരുടെ ശല്യം ഒഴിക്കുവാൻ റോമിന്റെ സഹായം ആവശ്യപ്പെട്ടു. ടാറൻറ റോമിന്റെ സാഹായ്യോദ്യമത്തെ അനുകൂലിച്ചില്ല. അവർ എപ്പിരിയസ്സിലെ രാജാവിന്റെ സഹായത്തോടുകൂടി റോമിനോടു പോരിനൊരുമ്പെട്ടു. അതിൽ റോമ വിജയം പ്രാപിച്ചു. ടാറൻറം അതിന്റെ മിത്രരാജ്യങ്ങളും റോമിന്റെ മേൽക്കോയ്മക്കു വഴങ്ങി. പോനദിക്കു തെക്കുള്ള ഇററലിയിലെ രാജ്യങ്ങളെല്ലാം ആ ഭരണത്തിൻകീഴിലായി.

കാർത്തജീനിയക്കാർ റോമുമായി സ്നേഹത്തിലാണു് വർത്തിച്ചിരുന്നതു്. എന്നാൽ പെയിറസ്സിന്റെ പരാജയം വേറൊരു മഹായുദ്ധത്തിനു വഴിവെച്ചു. റോമ വികസിച്ചതു് അതിന്റെ സൈന്യങ്ങളുടെ നിപുണതകൊണ്ടാണു്. കാർത്തജു പുഷ്ടിപ്പെട്ടതു് വാണിജ്യം മൂലവുമാണു്. ഇവർ കോറൻവാൽതൊട്ടു നൈജർ നദീമുഖംവരെ കുടിയേറിപ്പാർത്തു വാണിജ്യം നടത്തിയിരുന്നു. കോഴ്സിക്കയും സാർഡിനിയയും സിസിലിയുടെ പശ്ചിമഭാഗവും അവർ അധീനപ്പെടുത്തി സമാധാനം പുലത്തിവന്നു. അവിടങ്ങളിൽ നഗരജീവിതം രൂപീകരിക്കയും കൃഷിപ്പണി നന്നായി നടത്തിപ്പോരുകയും ചെയ്തിരുന്നു.

കാർത്തജീനിയക്കാർക്കു റോമക്കാരെപ്പോലെ യുദ്ധനൈപുണ്യം ഉണ്ടായിരുന്നില്ല. അന്യരാജ്യസൈന്യങ്ങളെ ശമ്പളത്തിനു കൂട്ടീട്ടാണു് അവർ പൊരുതിയിരുന്നതു്. ഇതു നിമിത്തം അവരുടെ സൈന്യങ്ങൾ രാജ്യസ്നേഹമില്ലാത്തവരായിരുന്നു. റോമക്കാർ ഇററലി മുഴുവൻ കീഴടക്കിയശേഷം സിസിലിയുടെ കാര്യങ്ങളിൽ കൈകടത്തിത്തുടങ്ങിയപ്പോൾ അവർ പേടിച്ചു. സന്ധിയോ വിഗ്രഹമോ രണ്ടിലൊന്നു് അനിവാര്യമാണെന്നു വന്നു. ബി. സി. 264-ൽ ഒരു നി

സ്ഥാരസംഗതിമൂലം ഇരുരാജ്യങ്ങളും സമരത്തിനു മുതിന്നു.

റോമക്കാർ യവനനാവികന്മാരുടെ ഒത്താശയോടുകൂടി ഒരു നാവികസൈന്യം തയ്യാറാക്കി. കാർത്തജീനിയക്കാരെ സിസിലിയിൽനിന്നു അകററണമെന്നു മാത്രമാണു് ആദ്യം കരുതിയതു്. കരയിലും സമുദ്രത്തിലും അവരുമായി പൊരുതിയിട്ടും വിജയം ലഭിക്കായ്കയാൽ കാർത്തജീനിയയെത്തന്നെ ആക്രമിപ്പാൻ പിന്നീടു് ഉറച്ചു. ഒരു നാവികയുദ്ധത്തിൽ അവരെ തോല്പിക്കയാൽ റോമിന്നു് ആഫ്രിക്കയിൽ കടന്നുകൂടുവാൻ തരമായി. കരയിൽവെച്ചു യുദ്ധം ചെയ്തതിലും അവർ ജയിച്ചു. അതോടെ കാർത്തജീനിയക്കാർ സമാധാനത്തിനപേക്ഷിച്ചു. റോമക്കാരുടെ സമാധാനനിബന്ധനകൾ ദുസ്സഹങ്ങളായിരുന്നതിനാൽ അവർ അവയെ തിരസ്കരിച്ചു് ഒരു പുതിയ സേനയെ രൂപീകരിച്ചു വീണ്ടും റോമിനോടു പൊരുതുവാൻ പുറപ്പെട്ടു. ഇത്തവണ റോമിനാണു് തോൽവി പിണഞ്ഞതു്. അവരുടെ നായകൻ ബന്ധനസ്ഥനായി. എന്നിട്ടും റോമക്കാർ സമാധാനത്തിനു് അപേക്ഷിക്കായ്കയാൽ സമരം നീണ്ടു. റോമക്കാർ നാവികസേനയെ വീണ്ടും സജ്ജീകരിച്ചു പരിഷ്കരിച്ചു. കാർത്തജീനിയക്കാർ അക്കാലമത്രയും അലസതപൂണ്ടിരുന്നതിനാൽ റോമക്കാർ ഇരുപതുകൊല്ലം കഴിഞ്ഞിട്ടു വീണ്ടും ഒരിക്കൽക്കൂടി അവരുമായി യുദ്ധംചെയ്തു. അതിൽ വിജയം നേടി,. റോമക്കാർ വീണ്ടും ആഫ്രിക്കയെ ആക്രമിക്കയും അപ്പോൾ കാർത്തജീനിയക്കാർ സമാധാനത്തിന്നപേക്ഷിക്കയും ചെയ്തു. ഇതിലെ നിബന്ധനകളനുസരിച്ചു കാർത്തജീനിയക്കാർ സിസിലി വിട്ടു. യുദ്ധച്ചിലവിനു് ഒരു വലിയ തുകയും കൊടുത്തു.

ഇരുപതു കൊല്ലത്തോളം നീണ്ടുനിന്ന ഈ യുദ്ധം ഇരുകൂട്ടക്കും വലിയ ജനനാശവും ധനനാശവുമുണ്ടാക്കി. അതിൽവെച്ചുണ്ടായ സമാധാനസന്ധിയും താൽക്കാലികമായി

രുന്നു. അന്യോന്യം വിശ്വാസമില്ലാതെയാണ് ഇരുകക്ഷികളും പെരുമാറിയതു്. സിസിലിക്കാൎക്കും റോമിന്നനുകൂലമായിട്ടുതന്നെയാണ് തീൎച്ചപ്പെടുത്തിയതെങ്കിലും മററു ചിലേടങ്ങളിൽ സമരകാരണങ്ങൾ നിലകൊണ്ടിരുന്നു. തന്മൂലം പിന്നത്തെ ഇരുപതുകൊല്ലവും യുദ്ധത്തിനുള്ള സജ്ജീകരണം ആയിരുന്നു. സാർഡീനിയയും കോഴ്സിക്കയും റോമ അധീനപ്പെടുത്തി. അതു തടുപ്പാൻ കാൎത്തേജിനു കഴിഞ്ഞില്ല. പിന്നീട് ഇററലിയുടെ ഉത്തരഭാഗം കീഴടക്കി റോമിന്റെ മാതൃകയിലാക്കുവാൻ ഉദ്യമിച്ചു. സിസിലിയും റോമിലെപ്പോലെ ഭരണക്രമം ഏൎപ്പെടുത്തി. കാൎത്തേജ് അതുകണ്ടു് അടങ്ങിയിരുന്നില്ല. സിസിലി, സാർഡീനിയ, കോഴ്സിക്ക എന്നിവയെ ത്യജിച്ചു സ്പെയിനിൽ ചെന്നുപാറുവാൻ ശ്രമിച്ചു. അങ്ങിനെ ഹമിൽകരുടെ നേതൃത്വത്തിൽ സ്പെയിനാക്രമണം ആരംഭിച്ചു. അദ്ദേഹത്തിന്റെ മകൻ അതു പൂൎത്തിപ്പെടുത്തുകയും ചെയ്തു.

ഹമിൽക്കറെ പിന്തുടൎന്ന ഹാനിബലും റോമിനോടു വിരോധിയായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ നാവികബലം നശിച്ചിരുന്നു. പ്രാപ്തരായ സേനാനായകന്മാരുമുണ്ടായിരുന്നില്ല. എന്നാൽ ഹാനിബാൾ സ്പെയിൻകാരെ സൈന്യത്തിൽ ചേൎത്തു പരിശീലനം കൊടുത്തു. പിന്നെ അദ്ദേഹം ഒരു വലിയ സൈന്യവുമായി പൈറിനീസ്സ്, ആൽപ്സ് എന്നീ മലകൾ ലംഘിച്ചു് ഇററലിയിൽ കടന്നുകൂടുവാൻ നിശ്ചയിച്ചു.

റോമിന്റെ മൈത്രിയിൽ ഇരുന്നിരുന്നതും അനാക്രമണസന്ധിചെയ്തതും ആയ സഗുണ്ടംനഗരിയെ ആക്രമിപ്പാൻ ഹാനിബാൾ സന്നദ്ധനായി. ഈ പ്രവൃത്തികൊണ്ടു ഒട്ടധികം റോമക്കാരെ സ്പെയിനിലേക്കു് ആകൎഷിക്കുകയും ചെയ്തു. റോമക്കാർ ഗോളിന്റെ തീരപ്രദേശം പകുതി കയറുന്നതിനു മുമ്പു്, ഹാനിബാൾ പൈറിനീസ് കടന്നു റോൺനദി തരണം

ചെയ്തുകഴിഞ്ഞു. ഈ വാൎത്തയറിഞ്ഞു് റോമൻസേനാനി ഇററലിയിലേക്കു തിരിച്ചു ഹാനിബലിന്റെ വരവും കാത്തുനിന്നു. അദ്ദേഹം എതിൎപ്പുകൾമൂലം കുഴങ്ങി എങ്കിലും വഴിക്കുവെച്ചു റോമിനോടു രസമില്ലാതിരുന്ന ഗോൾസും അദ്ദേഹത്തിന്റെ സൈന്യത്തിൽ ചേൎന്നു.

റോമക്കാരും കാൎത്തജീനിയ സൈന്യവും തമ്മിൽ ഏററുമുട്ടി. ആദ്യത്തെ രണ്ടു കൊല്ലത്തിൽ രണ്ടു റോമൻ സൈന്യങ്ങൾ തോററു. ഹാനിബലിനും ആൾനാശം വളരെയുണ്ടായി. ക്ഷീണിച്ചുവശായ തന്റെ സൈന്യത്തെ സ്പെയിനിൽനിന്നു യോദ്ധാക്കളെ കൊണ്ടുവന്നു പുഷ്ടിപ്പെടുത്തുന്നതിനെ റോമ തടഞ്ഞു. റോമിനെത്തന്നെ കീഴടക്കിയാലെ ഇനി പോംവഴിയുള്ളു എന്നു ഹാനിബാൾ തീൎച്ചപ്പെടുത്തി. എന്നാൽ റോമ സുരക്ഷിതവും തന്റെ മാൎഗ്ഗം നഗരീകരണയന്ത്രങ്ങൾ കൊണ്ടുപോകുവാൻ പാടില്ലാത്തവിധം ദുൎഗ്ഗമവും ആയിരുന്നതിനാൽ റോമിനെ ജയിക്കുവാൻ പ്രയാസമെന്നു് അദ്ദേഹത്തിനു തോന്നി. റോമുമായി അതൃപ്തിയിൽ വൎത്തിക്കുന്ന വൎഗ്ഗക്കാരെ പാട്ടിലാക്കി റോമിനെതിരെ കലഹിപ്പിക്കാമെന്നു കരുതി. അതിനു ദക്ഷിണഭാഗത്തു തക്കവുമുണ്ടായിരുന്നു. എന്നാൽ മദ്ധ്യ ഇററലിയിലെ ജനങ്ങൾ റോമയ്ക്കനുകൂലമായിത്തീൎന്നിരുന്നതിനാൽ ആരും ശത്രുപക്ഷത്തിൽ ചേൎന്നില്ല. അവരിൽ ഭയം ഉളവാക്കി കലഹം സൃഷ്ടിപ്പാനാണു് പിന്നെ അദ്ദേഹം ഉദ്യമിച്ചതു്. കാൎത്തജീനിയക്കാരോടു നേരിട്ടു യുദ്ധം ചെയ്യാതെ ശല്യപ്പെടുത്തി വിഷമിപ്പിക്കയാണു് റോമക്കാർ ആദ്യം ചെയ്തതു്. എങ്കിലും ബി. സി. 216-ൽ കന്നായിൽവെച്ചു നേരിട്ടു പൊരുതുകയും അതിൽ പരാജയപ്പെടുകയും ചെയ്തു. ഹാനിബലിനോടു നേരിട്ടുനിന്നു പൊരുതിക്കൂടാ എന്നു അതിൽനിന്നു റോമക്കാർ ഗ്രഹിച്ചു. വീണ്ടും അവർ ആലോചനസഭയുടെ അധികാരപരിധിയിൻകീഴിൽ സൈന്യസജ്ജീകരണം ചെയ്തു. ഇത്രയും കാലം റോ

മക്കാർ ഹാനിബലിന്റെ പാർശ്വവർത്തികളെ ആക്രമിച്ചുമിരുന്നു. എന്നാൽ സൈന്യബലം കുറവാകയാൽ ഹാനിബലിന്ന് അവരെ സഹായിപ്പാൻ തരപ്പെട്ടില്ല. കന്നായി യുദ്ധത്തിന്നുശേഷം ഹാനിബാൾ മാസിഡോൺ രാജാക്കന്മാരുമായും സഖ്യം ചെയ്തെങ്കിലും നാവികബലം ശത്രുഭാഗത്തേക്കായിരുന്നതിനാൽ മാസിഡോണിയക്കാരിൽനിന്നു സഹായമൊന്നും ലഭിപ്പാൻ തരപ്പെട്ടില്ല.

ഒടുവിൽ കാർത്ത്ജീനിയക്കാർ ഹാനിബലിന്നു സഹായം നല്കുവാൻതന്നെ തീർച്ചപ്പെടുത്തി. അപ്പോഴേക്കും ഹാനിബലിന്റെ സോദരൻ ഒരു സ്പെയിൻ സൈന്യവുമായി ആൽപ്സ് വഴി ഇററലിയിൽകടന്നു റോമക്കാരുമായി മെററാറസ് നദീതീരത്തുവെച്ചു യുദ്ധം ചെയ്തു മരണമടഞ്ഞു.

ഈക്കാലത്തു സ്കിസിപ്പിയൊ എന്ന റോമൻ സേനാനി ആലോചനസഭയെ പ്രേരിപ്പിച്ചു ആഫ്രിക്കയെ ആക്രമിപ്പാൻ തിരിക്കയാൽ സ്വദേശരക്ഷയ്ക്കായി ഹാനിബാൾ അങ്ങോട്ടുപോയി. എന്നാൽ അതേവരെ വിശ്വാസത്തിൽ വർത്തിച്ചിരുന്ന ബർബർ അശ്വസൈന്യം റോമക്കാരുമായി ചേരുകയാൽ അദ്ദേഹം ക്ഷീണിക്കയും, ബി. സി. 202_ൽ സാമായിൽവെച്ചുണ്ടായ സമരത്തിൽ റോമക്കാരോടു തോല്ക്കുകയും ചെയ്തു. അതിനെ തുടർന്നു കാർത്ത്ജിന്നു വിദേശസ്ഥാപനങ്ങൾ നഷ്ടപ്പെടുകയും ഒരു വമ്പിച്ച തുക യുദ്ധച്ചിലവിന്നു കൊടുക്കേണ്ടിവരികയും റോമിന്റെ സമ്മതംകൂടാതെ യാതൊരു യുദ്ധത്തിലും ഏർപ്പെടുവാൻ തരമില്ലാതാകയും ചെയ്തു.

ഹാനിബാൾ ഇററലിയിൽ കാർത്ത്ജീനയക്കാർക്കെതിരായി ഒരു കക്ഷിയെ സൃഷ്ടിച്ചുവിട്ടു. അവർ കാർത്ത്ജീനയെ നശിപ്പിച്ചേ കഴിയൂ എന്നു ശഠിച്ചു. സമാധാനം സ്ഥാപിതമായ കാലത്തു വീണ്ടും അഭിവൃദ്ധിപ്പെട്ടുവന്ന കാർത്ത്ജീനിയ 50 കൊല്ലത്തിന്നുശേഷം റോമുമായി സമരത്തിലേ

പ്പെടുകയും ചെയ്തു. നാലുകൊല്ലം അവർ റോമക്കാരോടു പൊരുതുന്നിന്നു. അവസാനം ബി. സി. 146-ൽ കാർത്തജിനിയ പാടെ തോല്പിക്കപ്പെട്ടു. യുദ്ധത്തിൽ ബന്ധിക്കപ്പെട്ടവരെ അടിമകളായി വിററു. നഗരം തട്ടിനിരത്തപ്പെട്ടു. ആഫ്രിക്കയിൽ കർത്തജിലുൾപ്പെട്ട രാജ്യങ്ങൾ റോമസാമ്രാജ്യത്തോടു ചേർക്കപ്പെട്ടു.

—o—

## 45. റോമിന്റെ വ്യാപനം.

അനന്തരം റോമിന്റെ ശ്രദ്ധ തിരിഞ്ഞതു് ഗ്രീക്കു രാജ്യങ്ങളുടെ നേരെയാണു്. റോമക്കാരുടെ സമരതന്ത്രങ്ങളിൽ യവനരും യവനരുടെ പരിഷ്കാരത്തിൽ റോമക്കാരും അന്യോന്യം ബഹുമാനംകൊണ്ടിരുന്നതിനാൽ അവക്കു് എന്തുതന്നെ വിരുദ്ധാഭിപ്രായങ്ങൾ ഉണ്ടായിരുന്നിട്ടും തമ്മിൽ തല്ലി നശിക്കണമെന്നോ നശിപ്പിക്കണമെന്നോ ഉള്ള വിചാരം ഉണ്ടായിരുന്നില്ല.

ഏഷ്യാമൈനറിന്റെ പശ്ചിമോത്തരഭാഗത്തു മാസിഡൻ, സിറിയ, ഈജിപ്തു എന്നിവയ്ക്കും പുറമെ മററനേകം ചെറുരാജ്യങ്ങളുണ്ടായിരുന്നു. അവയിൽ എണ്ണപ്പെട്ട ഒന്നായിരുന്നു പെർഗമം. ഇതു വേഗത്തിൽ റോമുമായി സഖ്യം ചെയ്തു. മാസിഡനിലെ ഫിലിപ്പു പഞ്ചമൻ കാർത്തജിനിയക്കാരുമായി സഖ്യം ചെയ്തിരുന്നതിനാൽ ഇതിനു റോമക്കാർ വേഗത്തിൽ അനുകൂലിക്കയും ചെയ്തു.

ഫിലിപ്പു് ഈജിപ്തിന്റെ ഉത്തരദേശങ്ങളെ ആക്രമിച്ചു കൊള്ളയടിപ്പാൻ പുറപ്പെട്ടപ്പോൾ റോമ അതിൽ പ്രവേശിപ്പാൻ തീർച്ചപ്പെടുത്തി. സിറിയ ഈജിപ്തുമായി പൊരുതിയിരുന്ന തക്കം നോക്കി റോമക്കാർ ഫിലിപ്പിന്റെ നേക്കു് ഒരു സൈന്യത്തെ അയച്ചു് അത്തീനിയക്കാരുടേയും സ്പാർട്ടൻകാരുടേയും ആനുകൂല്യത്തോടുകൂടി ബി. സി. 197-ൽ സൈ

നോസിഫാലിയിൽ വെച്ചു് ഫിലിപ്പിനെ തോല്പിക്കയും ചെയ്തു. രാജ്യം അദ്ദേഹംതന്നെയാണു് പിന്നീടും ഭരിച്ചതു്. എന്നാൽ മേലിൽ അദ്ദേഹത്തിൽനിന്നുള്ള ഭയത്തിന്നവകാശമില്ലാതായി.

പിന്നത്തെ ശത്രു സിറിയയാണു്. ബി. സി. 190-ൽ സിറിയയും തോല്പിക്കപ്പെട്ടു. സിറിയയ്ക്കധീനമായിരുന്ന അനേകം ചെറുനഗരികൾ വിമുക്തമാകയും, അവ റോമയോടു് അനുകൂലമായി വർത്തിച്ചു വരികയും ചെയ്തു. ഈജിപ്തുകാരും റോമിനെ രക്ഷാധികാരിയായി സ്വീകരിക്കയാണു് ചെയ്തതു്. ഇങ്ങനെ മദ്ധ്യധരണ്യാഴിപ്രദേശമെല്ലാം റോമാധികാരത്തിൻകീഴിൽ പെട്ടു.

ഈ അധീനരാജ്യങ്ങൾ ആദ്യം അതതു് രാജാക്കന്മാർ തന്നെയാണു് ഭരിച്ചുവന്നതു്. എന്നാൽ അവർ എതിരായി ചമഞ്ഞുതുടങ്ങിയപ്പോൾ ആ രാജ്യങ്ങളായ മാസിഡോണിയയും പെർഗമയും റോമിന്റെ നേരിട്ടുള്ള ഭരണത്തിലായി. അങ്ങനെ നൂറു കൊല്ലത്തിന്നിടയ്ക്കു പശ്ചിമയൂറോപ്പു മുഴുവനും, ഏഷ്യാമൈനറിന്റെ ഒരു വലിയ ഭാഗവും, സിറിയയും പ്രവിശ്യകളായി വിഭജിക്കപ്പെട്ടു. റോമൻ ഗവർണ്ണർമാർ അവയുടെ ഭരണം നടത്തിവന്നു.

മദ്ധ്യധരണ്യാഴിയുടെ ഒരററം മുതൽ മറെറ അററംവരെ റോമിന്റെ അധികാരം വ്യാപിച്ചു. സ്പെയിൻ, സിസിലി, ഉത്തര ആഫ്രിക്കയിലെ പ്രധാനമായ ഭാഗങ്ങൾ, ഗ്രീസ്സു്, മാസിഡോണിയ, ഏഷ്യാമൈനറിലെ ഫലഭൂയിഷ്ഠമായ ഭാഗങ്ങൾ തുടങ്ങിയ പ്രദേശങ്ങളെല്ലാം പ്രവിശ്യകളായി തിരിക്കപ്പെട്ടു. അധീനപ്പെട്ട രാജ്യങ്ങളിലെ സമ്പത്തു റോമിൽ മണിമന്ദിരങ്ങൾ കെട്ടുവാൻ പ്രയോജനപ്പെട്ടു. ഉദ്യോഗസ്ഥവൃന്ദങ്ങൾ ഇതുമൂലം സമ്പന്നരായി. ഏഷ്യയിൽനിന്നും ഗ്രീസ്സിൽനിന്നും കൊണ്ടുവരപ്പെട്ട കൊത്തുവേലകൾ റോമിലെ ധനികരുടെ ആരാമങ്ങളെ അലങ്കരിച്ചു. യവനപരിഷ്കാരം

റോമിനെ പാടേ അധീനമാക്കി. യവനഗ്രന്ഥങ്ങൾ പഠിച്ചു ഗ്രഹിക്കുന്നതിലും യവനവിദ്യാഭ്യാസം സമ്പാദിക്കുന്നതിലും റോമക്കാർ വ്യാപൃതരായി. റോമിൽനിന്നു നാനാഭാഗങ്ങളിലേക്കും നല്ല നല്ല നിരത്തുകൾ പോയിക്കൊണ്ടിരുന്നു. ഇത്രയെല്ലാമായിട്ടും റോമിലെ കർഷകരുടെ അവസ്ഥ ശോചനീയമായിത്തന്നെ ഇരുന്നതേയുള്ളു. ആഫ്രിക്കയിലും സ്പെയിനിലും സമരത്തിനു പോയി തിരിച്ചുവന്നപ്പോൾ അയൽവക്കക്കാരായ സാധുജനതയുടെ വസ്തുവഹകൾ ജന്മികളുടെ അധീനതയിൽ പെട്ടു് അടിമകൾ പണിയുന്നതായിട്ടാണു യോദ്ധാക്കൾ കണ്ടതു്. തന്മൂലം യോദ്ധാക്കൾ തങ്ങളുടെ വസ്തുക്കളെയും വിററു് ഉപജീവനാർത്ഥം തലസ്ഥാനനഗരിയെ നോക്കിത്തിരിച്ചു. അവിടെ ജീവിതമത്ര ക്ലേശമുള്ളതായിരുന്നില്ല. കാരണം ഉദ്യോഗകാംക്ഷികൾ വോട്ടു പിടിച്ചിരുന്നതു പണം കൊടുത്തായിരുന്നു. സുഖിച്ചു രസിപ്പാൻ ഗവണ്മെണ്ടിൽനിന്നു സൌജന്യമായി കൊടുത്തിരുന്ന ധനവും വിനോദസ്ഥാനങ്ങളുമുണ്ടായിരുന്നു. അധീന രാജ്യങ്ങളിൽനിന്നു ധാന്യാദികൾ യഥേഷ്ടം റോമിൽ എത്തിച്ചേർന്നിരുന്നതിനാൽ രാജ്യത്തെ വിളകൾക്കു വില ഇടിയുകയും, അങ്ങനെ കർഷകർ അവശരായി ഭൂമികൾ വില്ക്കുകയും ചെയ്തു. ഭൂമികളിൽ പണി എടുത്തിരുന്ന അടിമകൾ എണ്ണത്തിൽ ചുരുക്കമായിരുന്നെങ്കിലും അവരും ഇടയ്ക്കിടയ്ക്കു ലഹള കൂട്ടിക്കൊണ്ടിരുന്നു.

ഈ വിധം റോമിന്റെ പ്രാബല്യം ക്ഷയിച്ചുപോയിരുന്നതു തടയുവാൻ ശ്രമിച്ചതു ടൈബീറിയസ്സ് ഗ്രാക്കസ്സ്, കായസ്സ് ഗ്രാക്കസ്സ് എന്ന രണ്ടു പ്രഭുവംശജരായ സോദരന്മാരായിരുന്നു. ബി. സി. 133ൽ ടൈബീരിയസ് ട്രിബ്യൂണായപ്പോൾ, വളരെക്കാലം കൈവശം വെച്ചനുഭവിക്കുക കാരണം സ്വകാര്യ സ്വത്തുക്കളായി ചമഞ്ഞ ഭൂമികളെ തിരിച്ചെടുത്തു് സാധുജനങ്ങൾക്കു നിസ്സാര നികുതി ചുമത്തി വീതിച്ചുകൊടു

ക്കുവാൻ ഉത്സാഹിച്ചു. ഈ പ്രയത്നം ഭരണസമിതിയുടെ അധികാരത്തിന്മേൽ കൈകടത്തലായിരുന്നതുകൊണ്ട് അവർ വേറൊരു ട്രിബ്യൂണിനെ നിൎത്തി എതിൎത്തു. അപ്പോൾ ടൈബീരിയസ്സ് ജനതയെ സമീപിച്ചു വിജയിപ്പാൻ ഉത്സാഹിച്ചു. ഈ ശ്രമത്തെ ഭരണസമിതി എതിൎക്കുകയും അതിൽ വിജയം സംശയാസ്പദമായി കണ്ടപ്പോൾ ആറു അനുയായികളോടുകൂടി ടൈബീരിയസ്സിനെ വധിക്കയും ചെയ്തു.

കൊല്ലം പത്തുകഴിഞ്ഞു. ഗായസ്സ് ഗ്രാക്കസ്സ് ട്രിബ്യൂണായി. അദ്ദേഹം ഇററലിയിലെ രാജ്യങ്ങൾക്കും റോമിലെ പൌരാവകാശം അനുവദിച്ചുകൊടുക്കുകയും, റോമാനഗരിയിലെ തൊഴിലില്ലാത്ത ജനങ്ങൾക്കെല്ലാം ധാന്യങ്ങൾ വില കുറച്ചു നൽകുവാനുള്ള ഒരു പദ്ധതി ഏൎപ്പെടുത്തുകയും ചെയ്തു. ജനങ്ങൾക്കു പൊതുവെ അദ്ദേഹം കാൎത്തേജിൽ ഒരു ഉപനിവേശം സ്ഥാപിപ്പാനും ഉറച്ചു. ഭരണസമിതിയിലെ അംഗങ്ങൾക്കു സ്വകാൎയ്യവ്യാപാരങ്ങൾ നടത്തി മുതൽ സമ്പാദിപ്പാൻ തരമില്ലാതിരുന്നതിനാൽ അവരുടെ കീഴിൽ തൊഴിലുകളിലും വ്യാപാരത്തിലും "നൈററ്സ്" ഏൎപ്പെട്ടിരുന്നു. അവൎക്കു സമ്പത്തും പ്രാബല്യവും വൎദ്ധിച്ചുവന്നു. ഏഷ്യയിലെ പുതിയ പ്രവിശ്യകളിൽ നികുതിപിരിവിനുള്ള കുത്തക ഈ വൎഗ്ഗക്കാൎക്കു കൊടുത്തു. അങ്ങനെ ഭരണസമിതിയുടെ അധികാരത്തെ അമൎത്തുവാൻ പലേ വഴികളും സൃഷ്ടിച്ചിട്ടു. ഇവയെ എല്ലാം എതിരിടുവാൻ പ്രാപ്തിയില്ലാതിരുന്ന സമിതി വീണ്ടും ബലപ്രയോഗംകൊണ്ടു ഗായസ്സ് ഗ്രാക്കസിനേയും വധിച്ചു.

ഈ സഹോദരന്മാരുടെ പരിശ്രമം സാമ്പത്തികമായി വലിയ ഗുണം വരുത്തിയില്ലെങ്കിലും രാഷ്ട്രീയാന്തരീക്ഷത്തെ അപ്പാടേ കീഴ്മേൽമറിച്ചു. ഭരണസമിതിക്കെതിരായി പ്രവൎത്തിക്കുവാൻ ജനങ്ങൾക്കധികാരമുണ്ടെന്നു വരുത്തി. കാൎയ്യസാദ്ധ്യത്തിനു ബലപ്രയോഗമാവാം എന്നും ജനങ്ങൾ ധരിച്ചു—അതിനെത്തുടൎന്നു ഭരണസമിതിയും ജനങ്ങളും തമ്മിൽ

യുദ്ധം തുടങ്ങി.

ഗ്രാക്കസ്സ് സഹോദരന്മാർ മരിച്ചു പത്തുകൊല്ലം കഴിഞ്ഞപ്പോൾ വിദേശനയത്തെ കുറിച്ചു വിവാദമായി. ബി. സി. 112 മുതൽ 106 വരെ സ്പെയിനിലെ ലഹളയമർത്താൻ അയയ്ക്കപ്പെട്ടിരുന്ന ജഗുർത്ത ഉത്തരാഫ്രിക്കയിൽ ചെന്നു ഒരു രാജ്യം സ്ഥാപിച്ചു രാജാവായി വാണു. ഇദ്ദേഹം റോമിന്റെ അധികാരത്തിനു വഴങ്ങാതെ ശല്യപ്പെടുത്തിയിരുന്നതിനാൽ അദ്ദേഹത്തെ അമർത്താൻ സൈന്യങ്ങളെ അയച്ചു. യുദ്ധത്തിന്നായിച്ചെന്ന സേനാനികളെ എല്ലാം ജഗുർത്ത കോഴകൊടുത്തു വശത്താക്കിയിരുന്നു. ഒടുവിൽ മെറ്റില്ലസ്സ് എന്ന സൈന്യാധിപൻ ജഗുർത്തയെ തോല്പിച്ചു. ഈ വിജയത്തിനുശേഷം മാരിയസ്സ് എന്ന വിദഗ്ദ്ധനായ സൈന്യാധിപൻ ജഗുർത്തയെ തോല്പിച്ചു വിലങ്ങിട്ടു റോമിലേക്കു കൊണ്ടുവന്നു. അതിനിടയിൽ കെൽട്ടിക്‌വർഗ്ഗക്കാർ റോമിനെ വളഞ്ഞിരുന്നു. അതു തടയുവാൻ ഭരണസമിതിയിലെ നായകന്മാർ അശക്തരായിവരികയാൽ മാരിയസ്സുതന്നെ സൈന്യാധിപനായി നിയമിക്കപ്പെടുകയും അദ്ദേഹം ശത്രുവിനെ അടിച്ചോടിക്കുകയും ചെയ്തു. ഇങ്ങനെ ജനപ്രീതി സമ്പാദിച്ച മാരിയസ്സിനെ ഭരണസമിതി വല്ലാതെ ഭയപ്പെട്ടു.

എളിയനിലയിൽനിന്നു പ്രാബല്യം പ്രാപിച്ച മാരിയസ്സിനെ വേണ്ടപോലെ ബഹുമാനിക്കുന്നതിൽ ഭരണസമിതി വൈമുഖ്യം കാണിച്ചു. അദ്ദേഹത്തെ തുടർച്ചയായി ആറുകൊല്ലം കോൺസലായി തിരഞ്ഞെടുത്തു. കോൺസലിനാൽ നടത്തപ്പെടേണ്ട കാര്യങ്ങൾ ഇദ്ദേഹം തുടർച്ചയായി നടത്തിപ്പോന്നതുകൊണ്ടു ഭരണസമിതിയുടെ അധികാരത്തിനു ക്ഷതം തട്ടി. അദ്ദേഹം മുമ്പുണ്ടായിരുന്ന പൌരസേനയെ പിരിച്ചു തൽസ്ഥാനത്തു ഒരു പുതിയ സേനയെ രൂപീകരിക്കയും, അതിനെ അതൃപ്തിയുണ്ടാകാത്തവിധം സംരക്ഷിച്ചുപോരുകയും ചെയ്തു. ഈ സേന കോൺസലിനോടാണ് ബാദ്ധ്യതപ്പെ

ട്ടിരുന്നതു്; ഭരണസമിതിയോടല്ല. ഈ സേനയെ സ്വജനങ്ങൾക്കെതിരെ മാത്രമല്ല ശത്രുക്കളുടെ നേരെയും ശക്തമാംവണ്ണം നയിക്കുമാറാക്കി.

മാരിയസ്സ് ഒരു യോദ്ധാവു മാത്രമല്ലാതെ ഒരു രാജ്യതന്ത്രജ്ഞനായിരുന്നില്ല. തന്മൂലം ആഭ്യന്തരകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിച്ചില്ല. അതിനാൽ രാജ്യത്തുള്ള വിവിധപ്രദേശങ്ങൾ തങ്ങൾക്കു നൽകിയിരുന്ന താഴ്ന്ന സ്ഥാനത്തെച്ചൊല്ലി ബലം പ്രയോഗിച്ചും റോമിലെ ജനതയ്ക്കുണ്ടായിരുന്നത്ര ആനുകൂല്യങ്ങൾ പിടിച്ചെടുപ്പാൻ ഒരുമ്പെട്ടു് ബി. സി. 91-ൽ ലഹളയ്ക്കൊരുങ്ങി.

ലഹള ഭയങ്കരമായി എങ്കിലും ഇററലിയുടെ ഉത്തരഭാഗവും റോമാനഗരിയുടെ പരിസരങ്ങളും ശാന്തമായിത്തന്നെയിരുന്നു. പൂർവ്വതീരപ്രദേശങ്ങളിലും അപ്പിനയിൻപ്രദേശങ്ങളിലുമുള്ള ഇററലിക്കാർ റോമാപൌരാവകാശം സിദ്ധിക്കാൻ ലഹളയ്ക്കൊരുങ്ങി. എന്നാൽ ലഹളക്കാർ തമ്മിൽ തമ്മിൽ യോജിപ്പില്ലായ്കയാൽ അവർക്കു് ഒത്തുചേർന്നു റോമിനെ ആക്രമിപ്പാൻ തരപ്പെട്ടില്ല. കീഴടങ്ങിയവർക്കു റോമാപൌരാവകാശം നല്കിയതിനാൽ ഇവരുടെ കൂട്ടം ഭിന്നിച്ചു. ഈ ലഹളയിൽ മാരിയസ്സും അദ്ദേഹത്തിന്റെ കീഴിൽ ആഫ്രിക്കയിൽവെച്ചു പൊരുതിയിരുന്ന സുല്ലയുമാണു് നായകത്വം വഹിച്ചിരുന്നതു്. ഇവർ ഇററലിക്കാരായ കർഷകരുടെ പുരകൾ കൊള്ളിവെക്കയും; കൊള്ളയടിക്കുകയും, സ്ത്രീപുരുഷന്മാരെയും കുട്ടികളെയും പിടിച്ചുകൊണ്ടുപോയി അടിമകളായി വില്ക്കുകയും, എസ്റ്റേററുകളിൽ നിർബ്ബന്ധിച്ചു ജോലി എടുപ്പിക്കുകയും ചെയ്തു.

വിജയം വന്നപ്പോൾ മാരിയസ്സും സുല്ലയും തമ്മിൽ പ്രാബല്യത്തിന്നു മത്സരിച്ചുതുടങ്ങി. ലഹളക്കാലത്തു സേനയുടെ സ്നേഹഭാജനമായിത്തീർന്ന സുല്ല അതിന്നു നിരവധി ധനം കൊടുത്തു സന്തോഷിപ്പിച്ചു പോഷിപ്പിച്ചുവന്നു. മാ

രിയസ്സിന്റെ സൈന്യമാതൃകയിൽ ഒരു സൈന്യം സുല്ല രൂപീകരിച്ചു. തന്മൂലം മാരിയസ്സും സുല്ലയും അഭ്യന്തരകലഹം അവസാനിപ്പിക്കാൻ ഒരുങ്ങിയില്ല. എന്നാൽ റോമക്കാർ ഇററലിക്കാരുടെ നിബന്ധനകളെല്ലാം സമ്മതിച്ചു കൊടുക്കയാൽ ആ കലഹം അങ്ങനെ കലാശിച്ചു. അക്കാലത്തും പോണ്ടസ്സിലെ രാജാവുമായി സമരത്തിനു ഒരുങ്ങേണ്ടതായി വന്നു. ഇതിൽ നായകത്വം മാരിയസ്സിനോ സുല്ലയ്ക്കോ കൊടുക്കേണ്ടതു് എന്നു് തർക്കമായി. ഭരണസമിതി സുല്ലയ്ക്കും പൌരന്മാർ മാരിയസ്സിനും നായകത്വം അർപ്പിച്ചു. വീണ്ടും ഒരഭ്യന്തരകലഹം ഉണ്ടാകയും അതിൽ സുല്ല വിജയിക്കുകയും മാരിയസ്സു ഓടുകയും ചെയ്തു. സുല്ല നഗരഭരണത്തിനു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തു പോണ്ടിയസ്സുമായി പടവെട്ടുവാൻ പൂർവ്വപ്രദേശത്തേക്കു തിരിച്ചു. ആ സമരത്തിൽ സുല്ല പോണ്ടിയസ്സിലെ രാജാവിനെ തോല്പിച്ചു അദ്ദേഹത്തിന്റെ രാജ്യത്തിന്നകത്തുതന്നെയാക്കി. 4 കൊല്ലത്തിനുശേഷം ജനകീയപ്രധാനികൾ മാരിയസ്സിനെ വിളിച്ചുവരുത്തി സുല്ലയുടെ അനുബന്ധികളേയും ഭരണസമിതിയേയും ക്ഷയിപ്പിച്ചു. എന്നാൽ മാരിയസ്സിന്റെ മരണാനന്തരം സുല്ലയോടു എതിർപ്പാൻ പ്രാപ്തരാവാതെ അവർ അദ്ദേഹത്തിനു കീഴടങ്ങി.

സുല്ല ഭരണസമിതിയെ ഒന്നു പരിഷ്കരിച്ചു. സ്വത്തു പിടിച്ചടക്കിയും വധിച്ചും എതിർകക്ഷിയെ നശിപ്പിച്ചു. പത്തുകൊല്ലത്തിലിടയ്ക്കു ഒരുവന്നു ഒരിക്കൽ മാത്രമേ കോൺസൽസ്ഥാനം വഹിച്ചുകൂടു എന്നു നിയമമുണ്ടാക്കി. അങ്ങനെ ഒരു വ്യക്തി പ്രബലനാവാതിരിപ്പാൻ വേണ്ടതെല്ലാം ചെയ്തു വെച്ചു സുല്ല അധികാരം ഒഴിഞ്ഞു. ഭരണസമിതിക്കു സർവ്വാധികാരം ലഭിച്ചുവെങ്കിലും അധികാരം നടത്തുവാൻ വേണ്ട സൈന്യബലം അതിനുണ്ടായിരുന്നില്ല. സുല്ലയുടെ പദ്ധതി ഒമ്പതുകൊല്ലം മാത്രമേ നിലവിൽ നിന്നുള്ളു. പി

ന്നത്തെ നാല്പതുകൊല്ലം ജനകീയനേതാക്കന്മാർ തമ്മിൽ ആധിപത്യത്തിന്നായി പൊരുതിക്കൊണ്ടേയിരുന്നു.

പിന്നെ കുറെ വർഷങ്ങളിൽ പ്രധാനന്മാരായ നാലുപേരിൽ ക്രാസ്സസ്സും പോംപിയും സുല്ലയുടെ കീഴിൽ സേനാനായകന്മാരായിരുന്നു. സുല്ല പൂർവ്വപ്രദേശത്തുനിന്നു മടങ്ങിവന്നപ്പോൾ അദ്ദേഹത്തെ തുണച്ചതിനാൽ നിരവധി ഭൂമി ക്രാസസിനു സമ്മാനിക്കപ്പെട്ടു.

പോംപി ഒരു സൈന്യനായകനായിരുന്നു. ഇദ്ദേഹം ഏതു യുദ്ധത്തിലും ജയിച്ചിരുന്നു. ജയിച്ച രാജ്യങ്ങളിലെ ഭരണമെല്ലാം ക്രമപ്പെടുത്തിയും വന്നു. എന്നാൽ അദ്ദേഹം അഭ്യന്തരഭരണത്തിൽ ശ്രദ്ധ പതിച്ചിരുന്നില്ല.

ഭരണസമിതിക്കു് അടക്കിഭരിപ്പാൻ കഴിയാത്തവിധം പ്രവിശ്യകളിലെ ഗവൺണ്ണർമാർ ശക്തരായി ചമഞ്ഞു. സുല്ലയാൽ നിയമിതനായ സ്പെയിനിലെ ഒരു ഗവൺണ്ണർ ഭരണസമിതിയുടെ അധികാരത്തെ ധിക്കരിച്ചു. അതിനെ അടക്കുവാൻ പോംപിയെയാണയച്ചതു്. എട്ടുകൊല്ലംകൊണ്ടു് അതു നിർവ്വഹിച്ചു അദ്ദേഹം ശിക്ഷണം ലഭിച്ച ഒരു സേനയുമായി തിരിച്ചു. രണ്ടാമത്തെ സംഗതി ഇററലിയിലെ അടിമകളുടെ കാര്യമായിരുന്നു. മൃഗങ്ങളെപ്പോലെയാണു് അവരോടു പെരുമാറിയിരുന്നതു്. ഇതിൽനിന്നു മുക്തി കിട്ടുവാൻ മരണംകൊണ്ടു മാത്രമേ സാദ്ധ്യമായുള്ളു. ഈ ദുസ്ഥിതിയിൽ മനസ്സുവെറുത്തു വർത്തിച്ചിരുന്ന അടിമകൾ തക്കതായ ഒരു നായകനെ കിട്ടിയപ്പോൾ ഒട്ടാകെ ലഹളകൂട്ടി. ക്രാസ്സസ്സു് ആ ലഹളയടക്കി. അതിൽ ശേഷിച്ചവരെ വഴിയരികിൽ ക്രൂശിക്കയും ചെയ്തു.

പോംപിയുടേയും ക്രാസസിന്റേയും ഉദ്ദേശങ്ങൾ ഭിന്നിച്ചിരുന്നതിനാൽ വീണ്ടും ഒരഭ്യന്തരകലഹം ആവിർഭവിച്ചേക്കുമോ എന്നു തോന്നിപ്പോയി. പക്ഷേ സുല്ലയുടെ ഭരണപദ്ധതിയിൽ ചില വൈകല്യങ്ങൾ കണ്ടിരുന്നതിനെ ശരി

പ്പെടുത്തുവാൻ അവർ യോജിച്ചു പ്രവൎത്തിക്കുകയും അതിൽ ഭരണസമിതിയുടെ അധികാരം പാടെ നശിക്കുകയും ചെയ്തു.

പോംപി മദ്ധ്യധരണ്യാഴിയിലുള്ള കടൽക്കൊള്ളക്കാരെ നശിപ്പിക്കാൻ നിയോഗിക്കപ്പെട്ടു. അതിനുശേഷം മിത്രിഡേത്തിസ്സിനെ അടക്കുവാനും ചെന്നു. അഞ്ചുകൊല്ലം സമരം ചെയ്തു ആ കാര്യവും സഫലമാക്കി. അങ്ങനെ വിജയശ്രീലാളിതനായി റോമിലേക്കു തിരിച്ചെത്തി.

പോംപിയുടെ വിദേശവാസത്തിൽ രണ്ടു നൂതനവ്യക്തികൾ പ്രധാനന്മാരായി ചമഞ്ഞു. സുല്ലയുടെ കാലത്തു ഇററലിയിലെ ഒരു ചെറിയ പട്ടണത്തിൽനിന്നു സിസറൊ എന്നൊരാൾ അഭിഭാഷകനായി റോമിൽ വന്നുകൂടി. വിദ്യാസമ്പന്നനും വാഗ്മിയുമായ ഇദ്ദേഹം വേഗത്തിൽ അവിടങ്ങളിലെ കോടതികളിൽ പ്രമാണ്യം നേടുകയും ക്രമേണ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുകയും ചെയ്തു. പോംപി മടങ്ങി എത്തിയ കാലത്തു സീസറോ കോൺസലായി. അക്കാലത്തു ഭരണാധികാരത്തിന്നെതിരെ ഉണ്ടായ ഒരു ലഹളയെ ധൈര്യപൂർവ്വം അമൎത്തുകയാൽ അദ്ദേഹത്തിന്റെ ഖ്യാതി അഭിവൃദ്ധിപ്പെട്ടു. അദ്ദേഹം ഭരണസമിതിയെ കാര്യമായിട്ടാണു് കരുതിവന്നതു്. ഭരണസമിതിയുടെ നിലയും നൈററ്സ് എന്ന വൎഗ്ഗത്തിന്റെ വിലയും പോംപിയുടെ സൈനികബലവും കൂട്ടി ഇണക്കി വീണ്ടും റോമിനെ വ്യവസ്ഥാപിതമായിത്തന്നെ ഭരിക്കാവുന്നതാണെന്നു കരുതിയാണു് സീസറൊ പ്രവൎത്തിച്ചുവന്നതു്.

ഈ യോജിപ്പിനെ ദുസ്സാദ്ധ്യമാക്കിത്തീൎത്ത ദേഹം ഗയസ്സ് ജൂലിയസ്സ് സിസറാണു്. അക്കാലത്തുണ്ടായിരുന്ന നാലു പ്രമാണപ്പെട്ടവരിൽ മുമ്പൻ സീസറാണു്. അദ്ദേഹം സിസറോവിനെപ്പോലെ വാഗ്മിയല്ലെങ്കിലും വിജ്ഞാനസമ്പന്നനായിരുന്നു. ക്രാസസിനെപ്പോലെ സമ്പന്നനായിരുന്നില്ലെങ്കിലും ക്രാസസിനെക്കൂടി വശത്താക്കി പ്രവൎത്തിപ്പാൻ സാമ

ത്ഥ്യമുള്ളവനായിരുന്നു. പോംപിയോടൊപ്പം നില്ക്കുന്ന ഒരു
യോദ്ധാവായിരുന്നു സീസർ; എന്നാൽ അക്കാലത്തെ അഭ്യ-
ന്തരഭരണത്തിൽ വേണ്ടപോലെ പയററുവാൻ പ്രാപ്തനുമാ-
യിരുന്നു. സൈന്യങ്ങളുടെ സ്നേഹം സമ്പാദിപ്പാനുള്ള വൈഭ-
വം അദ്ദേഹത്തിനുണ്ടായിരുന്നു. കുലീനനായിരുന്നതിനാൽ
ഭരണസമിതിക്കു അദ്ദേഹത്തെ അഗണ്യകോടിയിൽ തള്ളു-
വാൻ തരപ്പെട്ടില്ല. മാരിയസ്സിൻെറ മകളെ വിവാഹം ചെയ്തി-
രുന്നതിനാൽ ഒരു ജനനായകനായിത്തീരുവാനുള്ള അവസ്ഥ-
യുമദ്ദേഹത്തിനുണ്ട്. കൊല്ലംതോറും ഒരു ഭരണകർത്താവി-
നെ തിരഞ്ഞെടുത്തു ഒരു സാമ്രാജ്യഭരണം നടത്തിപ്പോരുന്ന
കാര്യം ദുസ്സാദ്ധ്യമാണെന്നു കണ്ടറിവാനുള്ള ബുദ്ധിവൈദഗ്ദ്ധ്യം
അദ്ദേഹത്തിനുണ്ടായി. സിസറൊ വിഭാവനം ചെയ്ത ഭരണ-
പദ്ധതിയെ അദ്ദേഹം ആദരിച്ചു; എങ്കിലും അതു പ്രവർത്തന-
ത്തിൽ കൊണ്ടുവരുവാൻ സാദ്ധ്യമല്ലെന്നുതന്നെ അദ്ദേഹം കരു-
തി. സ്ഥിതിഗതികൾകൊണ്ടു ഏകാധിപത്യം സ്ഥാപിക്കേ-
ണ്ട കാലമായിരുന്നു അതു്. അതിനാൽ രാജ്യഭരണം കൈ-
വശപ്പെടുത്തുവാൻതന്നെ സീസറും ഒരുമ്പെട്ടു.

എല്ലാററിനേയും ഏകീകരിച്ചു ഭരണസമിതിയുടെ അ-
ധികാരത്തിൻകീഴിൽ ഭരണം നടത്തിപ്പോരുവാൻ സിസറൊ
അഭിപ്രായപ്പെട്ടുവെങ്കിലും അതിനു പോംപി വഴങ്ങിയില്ല.
പോംപിയുടെ സൈന്യങ്ങൾക്കു സിസറൊ അനുകൂലമായ പ-
ദ്ധതികൾ കാണിച്ചുകൊടുത്തതിനാൽ പോംപി അവയെ സ്വീ-
കരിച്ചു. അങ്ങനെ സീസറും, പോംപിയും, ക്രാസസ്സും ഒത്തു-
ചേർന്നു ഭരണസമിതിക്കു എതിരെ പ്രവർത്തിച്ചുവന്നു. അല്പ-
കാലംകൊണ്ടു അവരൊരു പ്രവർത്തനരീതി രൂപീകരിച്ചു. അത-
നുസരിച്ചു് സീസർ ഗാളിലേയ്ക്കും, ക്രാസസ് പൂർവ്വപ്രദേശങ്ങ-
ളിലേയ്ക്കും, പോംപി സ്പെയിനിലേക്കും പോകുവാൻ നി-
യോഗിക്കപ്പെട്ടു.

സീസർ ഗാളിനെ കീഴടക്കി വിജയിച്ചു. ക്രാസസ് പാ

ത്തിയൻ ശക്തിയോടെതിൎത്തു മരിച്ചു. പോംപിയാകട്ടെ സ്പെയിനിലേക്ക് അനുചരന്മാരെ അയച്ചതേയുള്ളു. അതോടുകൂടി അദ്ദേഹം സമിതിയുമായി ഒരു ഒത്തുതീൎപ്പിൽപ്പെട്ടു. സീസരെ യെന്നാണു ഭരണസമിതി ഈ ഒത്തുതീൎപ്പിനു പുറപ്പെട്ടതു്. ഈ ഏൎപ്പാടുകൾ ആഭ്യന്തര കലഹത്തിനു കാരണമായി. ക്രാസ്സസിന്റെ നിര്യാണത്താൽ സീസരോടു പൊരുതു ജയിക്കാമെന്നും അങ്ങനെ ഭരണസമിതിയെ തുണയ്ക്കാമെന്നും പോംപിക്കു ധൈൎയ്യമുണ്ടായി. ഗാളിലെ വിജയപ്രാപ്തിമൂലം മദിച്ചുവശായ സീസറും സൈന്യവും ഏതു ദുരിതങ്ങളേയും നേരിടുവാൻ ബദ്ധകങ്കണരായിത്തന്നെയിരുന്നു. രാഷ്ട്രീയമായ എതിൎപ്പുകളാൽ കുഴങ്ങിയ സീസർ ബി. സി. 49-ൽ നഗരത്തിനെതിരെ തന്റെ സേനയുമായി കയറി. ഈ എതിൎപ്പിനെ തടയുവാൻ വേണ്ട കരുതലുകളൊന്നും പോംപി ചെയ്തിരുന്നില്ല. അതിനാൽ അദ്ദേഹം ഭരണസമിതിക്കക്ഷിയിലെ ഭൂരിപക്ഷം ജനങ്ങളോടും ചിതറിയ അല്പം സൈന്യത്തോടുംകൂടി ഗ്രീസ്സിലേക്കോടി രക്ഷപ്പെട്ടു. അവിടേയും സീസരെത്തി പോംപിയെ ബി. സി. 48-ൽ ഫാൎസാലസ്സിൽവെച്ചു് തോല്പിച്ചു. അങ്ങനെ റോമിലെ ജനകീയ ഭരണത്തിന്റെ അന്ത്യവും വന്നു. പോംപിയാകട്ടെ ഈജിപ്തിലേക്കു രക്ഷയ്ക്കായി ഓടി എങ്കിലും അവിടെ വെച്ചു വധിക്കപ്പെട്ടു. പിന്നേയും ഒന്നു രണ്ടു കൊല്ലം പോംപിയുടെ അവിടവിടെയുണ്ടായിരുന്ന ശേഷിച്ച സൈന്യങ്ങളെ നശിപ്പിക്കുന്നതിൽ സീസർ ഉത്സുകനായിരുന്നു. അതിനുശേഷം അദ്ദേഹം എതിരില്ലാതെ റോമസാമ്രാജ്യത്തിന്റെ ഭരണാധികാരിയായി റോമാനഗരത്തേയ്ക്കു കയറിച്ചെന്നു. അങ്ങനെ റോമ അതിന്റെ നന്മക്കു വേണ്ടതെല്ലാം ഗ്രഹിച്ചിരുന്ന ഒരു ഏകാധിപതിയ്ക്കധീനത്തിലായി.

സീസർ പഴയ സമ്പ്രദായങ്ങളെ പരിഷ്കരിച്ചു. രാജ്യ

ത്തെ സാമ്പത്തിക സ്ഥിതിക്കു മാററം വരുത്തുവാനായി പൊതുമരാമത്തു പണികഠം തുടങ്ങിച്ചു. തൊഴിലില്ലാത്തവക്കു തൊഴിലുണ്ടാക്കിക്കൊടുത്തു. ധാന്യം വിതരണം ചെയ്യുന്നതിലും പരിഷ്കാരം വരുത്തി. നാശോന്മുഖമായി വത്തിച്ചിരുന്ന പല പട്ടണങ്ങളിലും പുതിയ ഉപനിവേശങ്ങഠം സ്ഥാപിച്ചു. നഗരത്തിലെ ജനത്തിരക്കു കുറച്ചു. നികുതി സമ്പ്രദായം പരിഷ്കരിച്ചു. പ്രവിശ്യകളെ ശക്തിപ്പെടുത്തി. പ്രവിശ്യകളിലെ ഭരണാധികാരികളെ തന്റെ മേൽനോട്ടത്തിലാക്കി അവരുടെ ശക്തിയെ കുറച്ചു. ജനങ്ങഠക്കു പൌരാവകാശം നൽകി അവരുടെ സ്ഥിതി ഉയത്തി. ഇററലിയിലെ എല്ലാ നഗരികഠക്കും പ്രത്യേകം ഭരണാധികാരികളെ നിയമിച്ചു. അവയിൽ ഭരണസമിതികളും ഏപ്പെടുത്തി.

ജനനന്മയെ ഉദ്ദേശിച്ചാണ് സീസർ ഇതെല്ലാം ചെയ്തതെങ്കിലും ഈ പ്രവത്തനത്തിനെല്ലാം എതിരുണ്ടെന്നറിവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. നന്മ ചെയ്യുന്ന തന്നെ ആരും ഒന്നും ചെയ്യുകയില്ലെന്നും തന്മൂലം എവിടേയും അംഗരക്ഷകന്മാരാരും ഇല്ലാതെ തനിക്കു സഞ്ചരിക്കാമെന്നും കരുതി പെരുമാറിവന്ന അദ്ദേഹത്തെ ബി. സി. 44_ൽ അതൃപ്തരായ ചില ഗൂഢസംഘക്കാർ കൂടി ചതിയായി വധിച്ചു. മരിക്കുമ്പോഠം അദ്ദേഹത്തിന്റെ പരിഷ്കാരങ്ങഠം പകുതിപ്പെട്ടിരുന്നതേയുള്ളു. പിന്നെ അതിനെ അഗസ്റ്റസ്സ് മുഴുവനാക്കി.

ലോകചരിത്രത്തിൽ സീസറിന്റെ പ്രാധാന്യത്തെപ്പററി എത്രതന്നെ പറഞ്ഞാലും മതിയാകുന്നതല്ല. അപ്രധാനങ്ങളെങ്കിലും സ്ഥായിയായി നിന്നിരുന്ന അദ്ദേഹത്തിന്റെ രണ്ടു കായ്യങ്ങളിൽ ഒന്നു പഞ്ചാംഗപരിഷ്കരണമാണ്. 1582 വരെ യൂറോപ്പിലും 1752 വരെ ഇംഗ്ലണ്ടിലും ഇതിനു യാതൊരു വ്യത്യാസവും അന്നത്തേതിൽനിന്നു വരുത്തിയിരുന്നില്ല. 1914—18 വരെയുണ്ടായ ലോകമഹായുദ്ധത്തിൽ

രാജാധികാരം നഷ്ടപ്പെട്ട ജമ്മനിയിലെ കൈസറും, ആസ്ത്രേലിയായിലെ രാജാവും, റഷ്യയിലെ സാറും ആദ്യമായി സ്ഥാനങ്ങൾ കൈപ്പററിയതു സീസറിൽനിന്നാകുന്നു.

സീസറിൻെറ മരണശേഷം പരിഷ്ക്കാരങ്ങൾക്കു വിഘാതം വന്നു. എതിരാളികളുടെ പ്രവൃത്തിയുടെ ഫലമായി പിന്നെയും പതിമൂന്നു സംവത്സരം രാജ്യം മാത്സര്യത്താൽ അലങ്കോലപ്പെട്ടു. അതിൽവെച്ചു ഗൂഢസംഘം നാമാവശേഷമായി. അങ്ങനെ വിജയിച്ചവർതമ്മിൽ ഭരണാധിപത്യത്തിനു മത്സരമായി. ഇതിൽ പ്രധാനികൾ സീസരുടെ ഒരു സൈന്യനായകനായ മാക്ക് ആൻറണിയും ഒക്ടേവിയൻ എന്നൊരു ചെറുപ്പക്കാരനുമാണ്. ബി. സി. 31-ൽ ആൻറണി ഒക്ടേവിയനാൽ ആക്ടിയാമിൽ വെച്ചു തോല്പിക്കപ്പെട്ടു. പിറേറക്കൊല്ലം ആൻറണിയും അദ്ദേഹത്തിൻെറ ഭാര്യയായ ഈജിപ്റ്റിലെ റാണി ക്ലിയോപേട്രയും സ്വഹസ്തങ്ങൾകൊണ്ടുതന്നെ മരണപ്പെട്ടു. ഒക്ടേവിയനാവട്ടെ വിജയാഡംബരങ്ങളോടും അഗസ്റ്റസ് ചക്രവർത്തി എന്ന ബിരുദത്തോടുംകൂടി റോമിൽ പ്രവേശിച്ചു.

സീസറിൽനിന്നു വ്യത്യസ്തമായ സ്വഭാവത്തോടുകൂടിയവനായിരുന്നു അഗസ്റ്റസ്. സീസറെപ്പോലെ യുദ്ധവൈദഗ്ധ്യമോ വശീകരണശക്തിയോ ഉണ്ടായിരുന്നില്ലെങ്കിലും ഉൽകൃഷ്ടമായി പെരുമാറുവാനുള്ള വശത അദ്ദേഹത്തിനുണ്ടായിരുന്നു. മിതവ്യയവും പരിശ്രമശീലവും അനാഡംബരജീവിതവുമാണ് അദ്ദേഹത്തിൻെറ ഉന്നതിക്കു പ്രധാനകാരണങ്ങളായിരുന്നതു്. മററുള്ളവരോടു പെരുമാറുവാനുള്ള നയം അദ്ദേഹത്തിനു സ്വതസ്സിദ്ധമായിത്തന്നെ ഉണ്ടായിരുന്നു.

അക്കാലത്തു ഭരണസമിതി ഭരണം നടത്തുവാൻ പ്രാപ്തമല്ലാതായി ചമഞ്ഞിരുന്നു. എങ്കിലും അഗസ്റ്റസ് അതു ഭാവിച്ചില്ല. അദ്ദേഹം അതിൽനിന്നു ഉപദ്രവം ഏല്ക്കാതെയും

തക്ക പ്രതാപത്തോടെയും നിരുപദ്രവമായ ഭരണാധികാരങ്ങൾ വകവെച്ചുകൊടുത്തു പുലൎത്തിവന്നു. പ്രധാന ഭരണകാൎയ്യങ്ങളെല്ലാം താൻതന്നെ ഏറ്റു നടത്തുകയും ചെയ്തു. പുതിയ തസ്ഥികകൾ ഏൎപ്പെടുത്തി പ്രാബല്യം കൈവരിക്കയല്ല നിലവിലുള്ളവയുടെ അധികാരം കൈക്കലാക്കുകയാണ് അദ്ദേഹം ചെയ്തത്. കുറച്ചുകാലം മാത്രമേ കോൺസൽസ്ഥാനം അദ്ദേഹം വഹിച്ചുള്ളുവെങ്കിലും ഭരണസമിതിയും ജനങ്ങളും സ്ഥിരാധികാരമൎപ്പിക്കയാൽ ഏതു ഭരണാധികാരിയുടെയും അധികാരത്തെ ധിക്കരിച്ചു അദ്ദേഹത്തിനു പ്രവൎത്തിക്കാമായിരുന്നു.

സൈന്യത്തിന്റെ പരമാധികാരം അഗസ്റ്റസ്സിൽതന്നെയായിരുന്നു. അതിനാൽ ഭരണയന്ത്രങ്ങളുടെ നിയന്ത്രണമെല്ലാം അദ്ദേഹം നടത്തിപ്പോന്നു. എന്നാൽ ജനകീയ ഭരണതത്വങ്ങളെ ആരും അനാദരിച്ചിരുന്നില്ല. ഇദ്ദേഹത്തിന്റെ നൈപുണ്യംമൂലം ഭരണസമിതിയാൽകൂടി കഴിഞ്ഞ നൂറു കൊല്ലങ്ങളായി പ്രദാനംചെയ്യുവാൻ സാദ്ധ്യമാകാതവണ്ണം സുസ്ഥാപിതമായ ഒരു ഭരണം സ്ഥാപിക്കപ്പെട്ടു.

എന്നാൽ ചക്രവൎത്തിയുടെ പിൻവാഴ്ച നിൎണ്ണയിക്കുന്ന കാൎയ്യം പ്രയാസസാദ്ധ്യമായി. അദ്ദേഹത്തിനു ആണ്മക്കൾ ഉണ്ടായിരുന്നില്ല. എങ്കിലും ചക്രവൎത്തിസ്ഥാനം വഹിപ്പാൻ പ്രാപ്തരായ പലരേയും അദ്ദേഹം തന്റെ കുഡുംബത്തിൽതന്നെ കരുതിവെച്ചിരുന്നു. പക്ഷെ ഭാഗ്യദോഷത്താൽ അദ്ദേഹത്തിന്റെ മകളുടെ ഭൎത്താവു മരിച്ചു. തന്മൂലം മകളുടെ മൂന്നാമത്തെ ഭൎത്താവിൽ രാജ്യഭാരം അൎപ്പിക്കപ്പെട്ടു. എന്നാൽ തന്റെ വംശത്തിൽതന്നെ ഭരണാധികാരം നിൎത്തുവാൻ അദ്ദേഹം ചെയ്ത പരിശ്രമം വിപത്തുണ്ടാക്കിത്തീൎക്കുകയാണ് ചെയ്തത്.

## 46. റോമിലെ ജീവിതരീതി

ഇക്കാലത്തു റോമ 6 ലക്ഷം ജനങ്ങളുള്ള ഒരു വലിയ നഗരിയായി രൂപാന്തരപ്പെട്ടിരുന്നു. ജനങ്ങളിൽ പ്രഭുക്കളും വണിക്കുകളും സമ്പന്നരും കുറച്ചു മാത്രമേയുണ്ടായിരുന്നുള്ളു. മൂന്നു ലക്ഷത്തിലധികം ജനങ്ങൾ ഇടയ്ക്കിടയ്ക്കു സക്കാരിൽനിന്നും നൽകിവന്ന ധമ്മം വാങ്ങിച്ചു കഴിഞ്ഞിരുന്ന സാധുക്കളാണു്. ബാക്കി ജനങ്ങൾ അടിമകളോ അടിമത്വത്തിൽനിന്നു വിമുക്തരാക്കപ്പെട്ടവരൊ ആയി സാമ്രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു വന്നുകൂടിയവരാണു്. വിവിധവർഗ്ഗക്കാരായ ഈ ജനങ്ങളിൽ സമാധാനം പുലത്തുവാൻ പോലീസ്സേർപ്പാടു് ഇല്ലായ്കയാൽ സാമ്രാജ്യത്തിന്റെ അന്യഭാഗങ്ങളിൽ ഉണ്ടായിരുന്നത്ര രക്ഷ റോമാനഗരിയിൽ ഉണ്ടായിരുന്നില്ല. നഗരം അപരിഷ്കൃതമായിരുന്നു. തെരുവുകളെല്ലാം വെടുപ്പാക്കി വെക്കുകയൊ നിരത്തുകൾ വിരിച്ചു പടുക്കുകയൊ പുഴ കടക്കുവാൻ വേണ്ടത്ര പാലങ്ങൾ പണിയുകയൊ ചെയ്തിരുന്നില്ല. നഗരത്തിന്റെ ഉന്നതഭാഗങ്ങളിൽ സമ്പന്നന്മാർ നല്ല ഗൃഹങ്ങളിൽ താമസിച്ചുവന്നു. സാധുജനങ്ങളാവട്ടെ താഴത്തെ ഭാഗത്തുള്ള ഗൃഹങ്ങളിൽ അടിഞ്ഞുകൂടിയാണു നിവസിച്ചതു്. അവിടം രോഗങ്ങളുടേയും പട്ടിണിയുടേയും ദുഷ്കൃത്യങ്ങളുടേയും സങ്കേതമായിത്തീന്നു. സാധുജനങ്ങളുടെ സങ്കേതങ്ങളിൽ പണം ചിലവിടുന്നതു് ഏതു കാലത്തും സമ്പാദ്യത്തിനു് ഉത്തമമായ ഒരു മാർഗ്ഗമാണല്ലൊ. വാടകപിരിച്ചിരുന്നതു് ഏതു തരത്തിലാണെന്നു രൂപമില്ല; എങ്കിലും സാധുക്കൾ പണവ്യാപാരികളുടെ പിടിയിൽനിന്നു രക്ഷപ്പെടാതെയാണിരുന്നിരുന്നതു്. റോമിലെ ജീവിതം വ്യയഹേതുകമായിരുന്നില്ല. ഗോതമ്പും ഫലങ്ങളും കായ്കറികളുമാണു് ജനങ്ങൾ ഭക്ഷിച്ചിരുന്നതു്. ഒരണക്കു് ഒരു ഗാലൻ വീഞ്ഞു ലഭിച്ചിരുന്നു. ഇതു വെള്ളം

ഷേത്താണു് റോമക്കാർ കുടിച്ചിരുന്നതു്.

റോമിലെ സമ്പന്നന്മാരും ഗവർണ്ണർമാരും പ്രവിശ്യങ്ങളെ ധനസമ്പാദനമാർഗ്ഗമായിത്തന്നെ കരുതിപ്പോന്നു. സാധുജനങ്ങളിൽനിന്നു കണക്കില്ലാതെ നികുതി പിരിച്ചുവന്നു. കോഴ വാങ്ങുന്നതിൽ സങ്കോചമോ ഭയമോ ആർക്കും ഉണ്ടായിരുന്നില്ല. നീതിന്യായനടപടികൂടി കോഴയെ അനുസരിച്ചാണു് നടത്തിവന്നതു്. പ്രവിശ്യകളെ ചൂഷണം ചെയ്തു സമ്പാദിച്ചിരുന്നതു് ധനവാന്മാർ മാത്രമായിരുന്നില്ല. റോമിലെ സാധുജനങ്ങൾക്ക ഇടയ്ക്കിടയ്ക്കു സൌജന്യമായി നല്കിവന്ന ധാന്യങ്ങളും ഈ പ്രവിശ്യകളിൽനിന്നാണു് വന്നിരുന്നതു്. പ്രവിശ്യകളിൽ നികുതി പിരിക്കുവാൻ കമ്പനികൾ രൂപീകരിച്ചിരുന്നു.

യവനരുടെ പരിഷ്കാരമൊന്നും റോമിൽ ഉണ്ടായിരുന്നില്ല. യവനരാജ്യത്തെപ്പോലെ നാടകശാലകളോ കായികവിനോദങ്ങളോ റോമിൽ ഇല്ലായിരുന്നു. ബി. സി. 55-ൽ പോംപിയാണു് ആദ്യമായി ഒരു നാടകശാല പണിയിച്ചതു്. ഈ അഭിനയങ്ങളെക്കാൾ അധികമായി റോമാക്കാർ ഇഷ്ടപ്പെട്ടിരുന്നതു തേരോട്ടങ്ങളും ദുഷ്ടജന്തുക്കൾ തമ്മിലുള്ള പോരാട്ടവും കാണുവാനാണു്. മല്ലയുദ്ധത്തിലാണവർ അധികം വാസന പ്രകടിപ്പിച്ചിരുന്നതു്. ഈ വിനോദം ബി. സി. 264-ലാണു് ആരംഭിക്കപ്പെട്ടതു്. അതു നടത്തിവന്നതു് ടൈററസ് ചക്രവത്തിയാൽ നിമ്മിക്കപ്പെട്ട കൊളൊസിയം എന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്താണു്. റോമൻ ചക്രവത്തിമാരുടെ കാലത്തു് ഇതിനു് അഭിവൃദ്ധിയുണ്ടായി. ജനങ്ങളുടെ സന്തോഷത്തിനായി സേനാനികളും, ഉദ്യോഗസ്ഥപ്രമുഖന്മാരും, ഉത്സവാദികളിൽ ഭരണകർത്താക്കന്മാരും, വിരുന്നുസല്ക്കാരാദികളിൽ ധനവാന്മാരും ഇതു നടത്തിവന്നു.

പുരാതനറോമക്കാർ മനുഷ്യരൂപികളായ ദേവതകളെയാണു് ആരാധിച്ചിരുന്നതു്. ഓരോ ദേവതയ്ക്കും ഓരോ

സ്ഥാനം കല്പിച്ചിരുന്നു. കുന്നിൻപുറവും, കാടും, അരുവികളും മററുമായിരുന്ന ദേവതകളുടെ ആവാസസ്ഥാനം. തങ്ങളുടെ ജീവിതചര്യക്കും, കൃഷിക്കും, ഗൃഹത്തിനും പററുന്ന തരത്തിലുള്ള ഏതു മൂർത്തിയെയും അവർ ദൈവമായി ആരാധിച്ചുവന്നു. അതുകാരണം അവർക്കിടയിൽ കർഷകോത്സവങ്ങൾ ഉത്ഭവിച്ചു. ഗൃഹദേവതകളിലും അവർക്കു വിശ്വാസം ജനിച്ചു. ദ്വാരദേവതയായ ജാനസും, മഹാനസദേവതയായ വെസ്റ്റയും, സംഭാരമുറിക്കധിദേവതയായ പെനാടീസും, ഭൂമിക്കധിദേവതയായ ലാരീസും ഗൃഹദേവതകളിൽ പ്രധാനമായിരുന്നു. ഗൃഹങ്ങളിലെ അടിമവർഗ്ഗങ്ങളാണു് ഇവയെ ആരാധിച്ചുവന്നിരുന്നതു്.

റോമ കർഷകസ്ഥിതിയിൽനിന്നു നഗരസങ്കേതമായി രൂപാന്തരപ്പെട്ടപ്പോൾ ഈ ദേവതകൾക്കും പുതിയ സ്ഥാനങ്ങൾ നൽകപ്പെട്ടു. അംബരാധിപത്യം വഹിച്ചിരുന്ന ജൂപ്പിററർ നീതിന്യായാധിദേവതയായി. കർഷകദേവതയായി കരുതപ്പെട്ടുവന്ന മാഴ്സ് രണദേവതയായി. നഗരദേശാധിപത്യകാലത്തു് ഇതരരാജ്യങ്ങളുമായി ഏററുമുട്ടിയിരുന്നപ്പോൾ ആ വർഗ്ഗക്കാരുടെ ദൈവങ്ങളെയും തങ്ങളുടെ ദൈവഗണത്തിൽ കൂട്ടുവാൻ റോമക്കാർ മടിച്ചില്ല. പിൽക്കാലത്തു റോമാസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന വിവിധജാതി മതസ്ഥരേയും യോജിപ്പിച്ചുകൊണ്ടു നടപ്പാൻ സാധിച്ചതു റോമക്കാരുടെ ഈ ഒരു ഔദാര്യബുദ്ധിമൂലമാണു്. ക്രിസ്തുമതം റോമിൽ അംഗീകരിച്ചപ്പോഴും മുമ്പിനാലെയുള്ള അന്ധവിശ്വാസങ്ങൾ അങ്ങനെതന്നെ അതിൽ ഉൾക്കൊള്ളിച്ചിരുന്നു. ഈ വിശ്വാസത്തിൽനിന്നാണു് ക്രിസ്തുമസ്സ്കാലത്തു സമ്മാനാദികൾ കൊടുക്കുന്നതും, വിജയാശംസകൾ ചെയ്യുന്നതും മററുമായ ചടങ്ങുകൾ ഉത്ഭവിച്ചതു്.

റോമക്കാർ രാജ്യത്തെയും മതത്തെയും യോജിപ്പിച്ചുകൊണ്ടാണു് വർത്തിച്ചതു്. രാജ്യകാര്യങ്ങൾ തീർച്ചപ്പെടുത്തി

യിരുന്നതു മതകാൎയ്യങ്ങളുടെകൂടെ യോജിപ്പിച്ചുകൊണ്ടാണു്. ലക്ഷണങ്ങൾ നോക്കിഗ്രഹിച്ചല്ലാതെ ഭരണാധികാരി ഭരണസമിതി വിളിച്ചുകൂട്ടുകയോ സേനാനി യുദ്ധത്തിൽ ഏൎപ്പെടുകയോ ചെയ്തിരുന്നില്ല. ഭരണസമിതി ചില ദിവസങ്ങളിൽ കൂടുവാൻ പാടില്ലെന്നു വിധിച്ചിരുന്നു. കോടതികളും പൊതുകാൎയ്യങ്ങളും അതുപോലെതന്നെ. വിജയിയായ ഒരു സൈന്യാധിപൻ തന്റെ സൈന്യയാത്ര, കാപ്പിറ്റോളിലേക്കുള്ള വളഞ്ഞ വഴിയിൽകൂടി കയറി, സമരത്തിൽനിന്നു കൊണ്ടുവന്ന നിധികളെ ജൂപിററരുടെ ദേവാലയത്തിൽ നിക്ഷേപിച്ചതിനു ശേഷമെ അവസാനിപ്പിച്ചിരുന്നുള്ളു. മതകാൎയ്യങ്ങൾ ഒരു സംഘം പുരോഹിതന്മാരിലാണു് ഏല്പിക്കപ്പെട്ടിരുന്നതു്. മതപരമായ ഘോഷയാത്രകൾ കടന്നുപോകുന്ന വഴികളുള്ള പാലങ്ങൾ കേടുതീൎത്തു സൂക്ഷിക്കേണ്ട ബാദ്ധ്യത അവൎക്കുള്ളതായിരുന്നു.

## 47. റോമാസാമ്രാജ്യം

റോമാസാമ്രാജ്യം അഞ്ചു ശതാബ്ദകാലം, അതായതു് അഗസ്റ്റസ് ചക്രവൎത്തിയുടെ കാലം (ബി. സി. 27) തൊട്ടു് മാൎക്കസ് അരീലിയസ്സു ചക്രവൎത്തിയുടെ മരണം (ഏ. ഡി 180) വരെ നിലനിന്നു. ഇക്കാലമത്രയും അതു് ഐക്യത്തോടും ആഭ്യന്തരസമാധാനത്തോടുംകൂടി വൎത്തിക്കുകയും ചെയ്തു. ഏ. ഡി. 180 മുതൽ 476 വരെ ഈ സാമ്രാജ്യം അധോഗതി പ്രാപിച്ചുകൊണ്ടുവന്നു. അന്നു് ആഭ്യന്തരമായി അനൈക്യം ബാധിച്ചു; നേരും നെറിവുമില്ലാത്തവരും പലപ്പോഴും മാറിക്കൊണ്ടിരുന്നവരുമായ ചക്രവൎത്തികളാണു് അന്നു ഭരിച്ചിരുന്നതു്.

ആദ്യത്തെ ചക്രവൎത്തിയുടെ കാലത്തു സാമ്രാജ്യം ഉത്തരഭാഗത്തു റൈൻ, ഡാന്യൂബ് എന്നീ നദികളുടേയും പൂൎവ്വഭാ

ഗത്തു യൂഫ്രട്ടീസ് നദിയുടേയും ഗതിയെ അനുസരിച്ചാണിരുന്നിരുന്നതു്. ഉത്തരജൎമ്മനിയെ കീഴടക്കി സാമ്രാജ്യത്തോടു ചേൎപ്പാൻ അദ്ദേഹം യത്നിച്ചു. അതിൽ അപജയം പിണയുകയാൽ അദ്ദേഹം തന്റെ അനുഗാമികളെ ആ യത്നത്തിൽനിന്നു വിലക്കി. അദ്ദേഹം പ്രവിശ്യകളിലെ ചില ന്യൂനതകൾക്കു പരിഹാരം വരുത്തി. സങ്കടനിവാരണത്തിനു ചക്രവൎത്തിയുടെ മുമ്പിൽ അപ്പീൽ ബോധിപ്പിക്കാമെന്നു നിശ്ചയിച്ചു. ഇദ്ദേഹമത്രെ പിൻതുടൎന്ന ടൈബീരിയസ്സ് കൌൺസലുകളേയും പ്രീറ്റർമാരേയും തിരഞ്ഞെടുപ്പാനു് ജനങ്ങൾക്കുള്ള അവകാശത്തെ ഭരണസമിതിയിൽ അൎപ്പിച്ചു. ഭരണസമിതിയിലെ അംഗങ്ങൾ ചക്രവൎത്തിയാൽ നിയമിതരായിരുന്നതുകൊണ്ടു് ആ അധികാരം ചക്രവൎത്തിയുടെ ശക്തിയെ വൎദ്ധിപ്പിക്കയാണു് ചെയ്തതു്. അന്നു പലസ്തീനം റോമാസാമ്രാജ്യത്തിലുൾപ്പെട്ടാണിരുന്നതു്. ഇക്കാലത്താണു് ക്രിസ്തു ക്രൂശിക്കപ്പെട്ടതു്. കാലിഗുല ഭ്രാന്തനായിരുന്നു. ഇദ്ദേഹം സ്വഭൃത്യന്മാരാൽ വധിക്കപ്പെട്ടു. ക്ലാഡിയസ്സ് സൈന്യശക്തിയാലാണു് പ്രബലനായതു്. ഇദ്ദേഹത്തിന്റെ കാലത്തു ബ്രിട്ടന്റെ ദക്ഷിണഭാഗം റോമാസാമ്രാജ്യത്തിൽ ഉൾപ്പെടുത്തപ്പെട്ടു. ഇദ്ദേഹം സ്വഭാൎയ്യയായ അഗ്രിപ്പിനയാൽ വധിക്കപ്പെട്ടു. ഇവരുടെ പുത്രനാണു് നീറൊ. ഇദ്ദേഹം ഏ. ഡി. 54 മുതൽ 68 വരെ ചക്രവൎത്തിയായി വാണു. നീറൊ അമ്മയേയും ഭാൎയ്യയേയും വധിക്കയും ക്രിസ്ത്യാനികളെ മൎദ്ദിക്കയും ചെയ്തു. 64-ൽ റോമയുടെ പകുതിയും അഗ്നിക്കിരയാക്കിയതു് ഇദ്ദേഹത്തിന്റെ പ്രേരണയാലാണെന്നു കരുതപ്പെട്ടു. തന്നെ സ്ഥാനഭ്രഷ്ടനാക്കുന്നതിനു ഗൽബയുടെ നേതൃത്വത്തിൽ റോമിലേക്കു വന്നിരുന്ന സൈന്യത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെടുവാൻ സാധിക്കാതെ ഇദ്ദേഹം ആത്മഹത്യചെയ്തു. ഇതിനുപുറമെ ബ്രിട്ടനിൽ റോമാസൈന്യം ബൊഡീഷ്യയാൽ തോല്പിക്കപ്പെട്ടു. തെക്കെ ഇറ്റലിയി

ൽ ഒരു വലിയ ഭൂമികുലുക്കമുണ്ടായി. അന്ധവിശ്വാസികളായ റോമക്കാർ ഇതിനെല്ലാം കാരണം ഭാഗ്യഹീനനായ രാജാവിൻെറ ഭരണമാണെന്നു കരുതിയാണ് ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കുവാൻ തുനിഞ്ഞതു്. പിന്നീടു വന്ന ചക്രവർത്തിമാരിൽ പ്രധാനന്മാർ വെസ്പാസിയനും (70—79) ടൈററസും (79—81) ട്രാജനും (98—117) ഹാഡ്രിയനും (117—138) മാർക്കസ് അറീലിയസ്സും (161—180) ആണ്.

മാർക്കസ് അറീലിയസ് ശക്തനായ ഒരു ചക്രവർത്തിയായിരുന്നു. പ്രകൃതികോപങ്ങളും മഹാവ്യാധിയും വെള്ളപ്പൊക്കത്താലും മററുമുള്ള ക്ഷാമവും രാജ്യത്തെ പീഡിപ്പിച്ചിരുന്ന കാലത്തു് ഇദ്ദേഹം സമാധാനം പുലർത്തിവന്നു. ഇദ്ദേഹം ഭരണച്ചിലവു ചുരുക്കി. മുഷ്ടിയുദ്ധം നിറുത്തി. റോഡുകളെ നന്നാക്കി സൂക്ഷിച്ചു. യോഗ്യന്മാരെ മാത്രമേ ഭരണാധികാരികളായി നിയമിച്ചുള്ളു. തെരുവുകളിലെ ഗതാഗതം നിയന്ത്രിച്ചു. ഇദ്ദേഹം "ധ്യാനം" എന്ന ഒരു ഗ്രന്ഥവും രചിച്ചിട്ടുണ്ടു്. ഇത്രയെല്ലാം ധർമ്മബുദ്ധിയുള്ളവനായിരുന്നിട്ടും അദ്ദേഹം ക്രിസ്ത്യാനികളെ മർദ്ദിക്കതന്നെ ചെയ്തു. ഇദ്ദേഹത്തിൻെറ ഭാര്യ നീചയും, മകൻ സ്വരാലും വെറുക്കപ്പെട്ടവനുമായിരുന്നു.

ബി. സി. 27-നും എ. ഡി. 180-നും ഇടയ്ക്കുള്ള കാലത്തു റോമ കുബേരകുചേലന്മാരാൽ നിബിഡമായിരുന്നു. ധനികന്മാർ കുന്നുകളുടെ മുകളിൽ മനോഹരമന്ദിരങ്ങളിലും സാധുക്കൾ താഴ്വരകളിൽ തിങ്ങിക്കൂടി കുടിലുകളിലും വസിച്ചുവന്നു. ചില ചക്രവർത്തിമാർ ദുർവിഷയങ്ങൾക്കായി പണം വാരിക്കോരി ചിലവുചെയ്തു. എന്നാൽ അത്തരക്കാർ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. സാമ്രാജ്യഭരണം നടത്തിപ്പോന്ന ഉദ്യോഗസ്ഥന്മാർ പരിശ്രമശാലികളായിരുന്നു. പ്രാപ്തികുറഞ്ഞ ചക്രവർത്തികൾകൂടി പ്രവിശ്യകളെ നല്ലവണ്ണം ഭരിക്കുന്നതിൽ മനസ്സിരുത്തിവന്നു. ക്ഷാമമുണ്ടാകുമ്പോൾ

ധനികരിൽനിന്നു പണം പിടിച്ചെടുത്തിരുന്നു. ആദ്യത്തെ രണ്ടു ശതാബ്ദകാലത്തു ജനങ്ങൾ സാഹിത്യത്തിൽ ഉൽസുകരായിരുന്നു. അന്നു ചുരുങ്ങിയ വിലയുള്ള ഗ്രന്ഥങ്ങൾ സുലഭമായിരുന്നു. അടിമകളെക്കൊണ്ടാണു് ഗ്രന്ഥങ്ങൾ എഴുതിപ്പിച്ചിരുന്നതു്. ഇതിനു പ്രത്യേകം സ്ഥാപനങ്ങളുമുണ്ടായിരുന്നു. റോമൻ സാഹിത്യം അതിൻെറ ഉച്ചാവസ്ഥയിൽ എത്തിയതു് അഗസ്റ്റസ്സ് ചക്രവർത്തിയുടെ ഭരണകാലത്താണു്. സാഹിത്യകാരന്മാക്കു പ്രോത്സാഹനം നല്കിവന്നതു് മെയിസിനസ്സാണു്. സാഹിത്യകാരന്മാരിൽ പ്രധാനന്മാർ ഹോറസ്സും വെർജിലുമായിരുന്നു.

അടിമകളെല്ലാം ഗൃഹവൃത്തിയിലാണു് ഏർപ്പെട്ടിരുന്നതു്. അവരെ നല്ലവണ്ണം സംരക്ഷിച്ചും വന്നു. വിദ്യാസമ്പന്നരായ അടിമകളെ യജമാനന്മാർ സുഹൃത്തുക്കളായി കരുതിവന്നു. ചില ജന്മികൾ അടിമകളെക്കൊണ്ടു ഭൂമികൾ പരിപാലിപ്പിക്കയും അവരെ കുട്ടകാരായി ചേർത്തു വിമുക്തരാക്കുകയും ചെയ്തിരുന്നു. ഇവർ അഭിവൃദ്ധി പ്രാപിച്ചുമിരുന്നു. കൃഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന അടിമകളെ നിർബന്ധിച്ചു വേല എടുപ്പിച്ചിരുന്നു. അവരെ കാലികളെപ്പോലെയാണു് പാർപ്പിച്ചിരുന്നതു്. ചില വ്യക്തികൾ അവരോടു ക്രൂരമാംവണ്ണം പെരുമാറിയുമിരുന്നു. ബി. സി. ഒന്നാംശതകത്തിൽ അടിമകളോടു യജമാനന്മാർ കാണിച്ചിരുന്ന ക്രൂരതകളെ അമത്തത്തക്കവിധം അടിമകൾക്കു കോടതികളിൽ ആവലാധി ബോധിപ്പിപ്പാനുള്ള അവകാശം നല്കിക്കൊണ്ടുള്ള നിയമങ്ങൾ ഉണ്ടായി. സാഹോദര്യം പ്രസംഗിച്ചുകൊണ്ടും അടിമത്വത്തെ അപലപിച്ചുകൊണ്ടും സ്റ്റോയിക്സ് നടന്നിരുന്നു.

തൊഴിലാളികളുടെ സ്ഥിതിയാണു് അന്നു മെച്ചമായിരുന്നതു്. രാവിലെ മുതൽ ഉച്ച തിരിഞ്ഞു 3 മണിവരെയായിരുന്നു അവരുടെ പ്രവൃത്തിസമയം. പ്രവൃത്തിദിവസങ്ങൾ ഇന്നുള്ളതിനെക്കാളും കുറവായിരുന്നു. 175 പൊതുമുട

ക്കു ദിവസങ്ങൾ അനുവദിക്കപ്പെട്ടിരുന്നു. ഇവയ്ക്കു പുറമെ പ്രത്യേക ഒഴിവുദിനങ്ങളും ഉണ്ടായിരുന്നു. വേല കഴിഞ്ഞാൽ പൊതുസ്നാനസ്ഥലങ്ങളിൽ കുളിക്കാം. ചുടുവെള്ളവും പച്ചവെള്ളവും നല്കപ്പെട്ടിരുന്നതിനും പുറമെ കായികാഭ്യാസത്തിനുള്ള സൌകര്യവും, ഗ്രന്ഥാലയങ്ങളും, ചൂതുകളിക്കുള്ള ഏർപ്പാടുകളും അവിടെയുണ്ടായിരുന്നു. ഈ സ്നാനസ്ഥലങ്ങൾ ചക്രവൎത്തിമാരാലാണു് നിൎമ്മിക്കപ്പെട്ടിരുന്നതു്. ഇവിടങ്ങളിൽ ആൾ ഒന്നുക്കു കാലണ മാത്രമേ കൊടുക്കേണ്ടു. നാടകാദികൾ തൊഴിലാളികൾക്കു സൗജന്യമായിരുന്നു. ഇവരുടെ പ്രധാന വിഹാരവിനോദങ്ങൾ മത്സരിച്ചുള്ള തേരോട്ടങ്ങളും, മനുഷ്യരുടെ ഓട്ടങ്ങളും, ജാലവിദ്യയും, കയറിന്മേലുള്ള നൃത്തവും മററുമായിരുന്നു. ധാന്യവും വിദ്യാഭ്യാസവും പൊതുവെ എല്ലാ സ്ഥലത്തും, റോമിൽ സൌജന്യചികിത്സയും നൽകിവന്നു. തൊഴിലാളികൾക്കു മിതവ്യയം ശീലിപ്പിക്കാനും അവരുടെ കൂലിനിരക്കു ചുരുങ്ങാതെയിരിപ്പാനും വേണ്ടി ട്രേഡ് യൂണിയൻ സ്ഥാപനങ്ങളുമുണ്ടായിരുന്നു. ഓരോ തൊഴിൽക്കാൎക്കു സംഘങ്ങൾ വേറെ വേറെയാണു്. ബി. സി. 2_ാം ശതകത്തിൽ ഈ സംഘങ്ങളുടെ സംഖ്യ സീമാതീതമായി വൎദ്ധിച്ചതുകൊണ്ടു പുതിയ സംഘങ്ങൾ രൂപീകരിപ്പാൻ ഗവൎമ്മെണ്ടു് അനുമതി നൽകുകയുണ്ടായില്ല.

റോമിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ട സാധനങ്ങൾ വിദേശങ്ങളിൽനിന്നു വന്നിരുന്നു. അതുകൊണ്ടു വിദേശവാണിജ്യം ധാരാളമായിരുന്നു എന്നു കരുതണം. സിറിയയിൽനിന്നാണു രോമചൎമ്മങ്ങൾ വരുത്തിയിരുന്നതു്. ബാൾട്ടിക്ക് മുതൽ ഡാന്യൂബ്തീരംവരെയുള്ള പ്രദേശങ്ങളിൽനിന്നു് അംബറും, ബാബിലോണിൽനിന്നു പരവധാനികളും, പൂൎവ്വപ്രദേശങ്ങളിലെ മററു സംസ്കൃത പദാൎത്ഥങ്ങളും വന്നിരുന്നു. അധികമായി വ്യാപാരം നടത്തിവന്ന രാജ്യങ്ങൾ ഇന്ത്യയും അറേബിയയുമാണു്.

വിദേശങ്ങളിൽനിന്നു് അനേകം കാര്യങ്ങൾ റോമ സ്വീകരിച്ചിരുന്നു. റോമൻസൈന്യം ചെന്ന പ്രദേശങ്ങൾക്കെല്ലാം അതു നൽകിയിട്ടുണ്ടു്. കൊള്ളയിട്ടിട്ടുണ്ടെങ്കിൽ അതുമൂലം ലോകത്തിനു പരിഷ്കാരം വരുത്തിയിട്ടുണ്ടു്. സാമ്രാജ്യത്തിന്റെ ഒരററം മുതൽ മറേറ അററംവരെ വലുതും മനോഹരവുമായ നഗരികളും അവയോടു ചേൎന്ന ദേവാലയങ്ങളും, നാടകശാലകളും, കളിമന്ദിരങ്ങളും, കളിക്കോട്ടകളും വിലസിയിരുന്നു. ഇത്തരം കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും ബ്രിട്ടൻ, ഗാൾ, സ്പെയിൻ, ഉത്തരാഫ്രിക്ക, ഏഷ്യാമൈനർ എന്നിവിടങ്ങളിൽ കാണാം. റോമൻഭരണം എല്ലാ സ്ഥലങ്ങളിലും രക്ഷ നൽകിയിരുന്നു. ഇവരെപ്പോലെ പ്രവൃത്തിശ്രദ്ധ തികഞ്ഞു മറെറാരു ജനത ഉണ്ടായിരുന്നില്ല. സാമ്രാജ്യം മുഴുവനും വ്യാപിച്ചു കിടക്കുന്ന രാജവീഥികളും, വിദ്യാലയങ്ങളും, കോടതികളും, സുസ്ഥാപിതമായ ഭരണരീതിയുമെല്ലാം ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. തൽഫലമായി കാലത്തിനും പരിതഃസ്ഥിതികൾക്കും ഒത്തവണ്ണം അവരുടെ നിയമങ്ങൾ രൂപീകരിച്ചിരുന്നു. അതിനാൽ ന്യായാധിപതികളുടെ വിധികളിൽനിന്നു് ഒരുപാടു നിയമങ്ങൾ ഉണ്ടായിത്തീൎന്നു. ഈ വിധികളെല്ലാം എ. ഡി. ആറാം ശതകത്തിൽ ജസ്റ്റീനിയൻ ചക്രവൎത്തിയാൽ ക്രോഡീകരിക്കപ്പെട്ടു. ഈ നിയമാവലിയാണു യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലും ഏറെക്കുറെ അംഗീകരിക്കപ്പെട്ടിരിക്കുന്നതു്. തന്മൂലം റോമക്കാരാണു് ലോകത്തിനു നിയമങ്ങൾ ഉണ്ടാക്കിവെച്ചതു് എന്നു പറയുന്നതിൽ അതിശയോക്തി ഒന്നുമില്ല.

റോമക്കാർ യവനരെപ്പോലെ ചിന്താശീലരല്ലാതിരുന്നതിനാൽ അവരുടെ സാഹിത്യം അത്രതന്നെ മെച്ചപ്പെട്ടില്ല. സാമ്രാജ്യം വമ്പിച്ചതായിരുന്നു എങ്കിലും അവയെ സംബന്ധിച്ചു എഴുതിവെച്ചിട്ടുള്ള വിവരണങ്ങൾ വളരെ ശുഷ്കമാണു്. എന്നാൽ അവർ സാഹിത്യത്തിലും ചിലതെല്ലാം ചെ

ശ്യാതിരുന്നില്ല. അതു പിൽക്കാലത്തു മനുഷ്യഗതിയെ രൂപീകരിപ്പാൻ പ്രയോജനപ്പെടുകയും ചെയ്തു. ഹാസസാഹിത്യം ഒഴിച്ചു മററുള്ളവയെല്ലാം യവനസാഹിത്യത്തെ അനുകരിച്ചുള്ളതോ യവനരുടെ ആശയം ഉൾക്കൊണ്ടതോ ആണ്. റോമക്കാരുടെ സഹകരണമില്ലായിരുന്നെങ്കിൽ യവന പരിഷ്കാരം മനുഷ്യർക്കുപയുക്തമായ വിധത്തിൽ വ്യാപിക്കുകയോ അംഗീകരിക്കയോ ചെയ്യുകയില്ലായിരുന്നു. യവന സാഹിത്യത്തിനു റോമൻ സാഹിത്യം എത്രത്തോളം കടപ്പെട്ടിട്ടുണ്ടോ അത്രത്തോളം ഇന്നത്തെ സാഹിത്യം റോമൻ സാഹിത്യത്തിനും കടപ്പെട്ടിട്ടുണ്ട്. റോമൻ സാഹിത്യകാരന്മാർ അനുകാരകന്മാരും പ്രചാരകന്മാരും മാത്രമല്ല ആയിരുന്നതു്. ലിവിയും ടാസിററസും കേമന്മാരായ ചരിത്രകാരന്മാരും, സീസറൊ ആധുനിക യൂറോപ്പിലെ ഗദ്യസാഹിത്യത്തിൻെറ ജനയിതാവുമാണ്.

ബി. സി. 106 മുതൽ 43 വരെ ജീവിച്ചിരുന്ന സിസരോവിൻെറ കാലത്താണ് ലത്തീൻഭാഷ പൂർണ്ണവളർച്ചയെ പ്രാപിച്ചതു്. ലോകത്തിൽവെച്ചു ഗദ്യസാഹിത്യത്തിനു തികഞ്ഞ ഭാഷയായിത്തീൎന്നു അതു്.

ലത്തീൻ പദ്യസാഹിത്യത്തിലും ചില മികച്ച കൃതികൾ ആവിർഭവിച്ചിട്ടുണ്ട്. വെർജീൽ, ലുക്രീഷ്യസ്, ഹൊറേസ്സ്, ഒവിഡ്, കാററല്ലസ്, തുടങ്ങിയവർ മററു രാജ്യങ്ങളിലെ കവിവരന്മാരോടു കിടപിടിക്കത്തക്കവർതന്നെ. മററു യൂറോപ്യൻ വർഗ്ഗക്കാരുടെ ഗദ്യസാഹിത്യത്തിനു പ്രത്യക്ഷമായും പരോക്ഷമായും അവരുടെ കൃതികൾ സഹായമായിട്ടുണ്ട്.

റോമാക്കാരുടെ നാടകകൃതികൾക്കു തന്മയത്വം കുറവാണ്. എങ്കിലും 16-ാം നൂററാണ്ടിലെ നാടകരചനയ്ക്കു് അവ മാതൃകയായി ചമഞ്ഞു. യവനകൃതികളുടെ അനുകരണം മാത്രമായിരുന്നു ഇവ. എന്നാൽ അവയിൽ മാതൃകകളെ തിര-

ഞെരുക്കുന്നതിൽ വലിയ വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിട്ടുണ്ട്. അവയ്ക്ക് നിർമ്മാണകാലത്തേക്കാൾ അധികം പ്രയോജനം പിൽക്കാലത്തുണ്ടായിരുന്നു.

ചക്രവർത്തിമാരുടെ ഭരണകാലത്തു റോമിൽ രണ്ടുതരം മനുഷ്യർ ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. ഇവയിൽ ഒന്നു യഥാർത്ഥമനുഷ്യരും, മറേറതു മാർബിൾകൊണ്ടും പിച്ചളകൊണ്ടും നിർമ്മിക്കപ്പെട്ട പ്രതിമകളും ആയിരുന്നു. അനവധി പ്രതിമകൾ റോമയിലെ വീഥികളിൽ സ്ഥാപിച്ചിരുന്നു. ഈ പ്രതിമകളിൽ അധികഭാഗവും അധീനപ്പെടുത്തപ്പെട്ട ദേശങ്ങളായ സൈറാക്കൂസ് (ബി. സി. 212) മാസിഡൻ (ബി. സി. 197) കൊറിന്തു (ബി. സി. 143) ഏതൻസ് (ബി. സി. 86) എന്നിവയിൽനിന്നു കൊള്ളചെയ്തു കൊണ്ടുവന്നതാണ്. എന്നാൽ റോമിന് പ്രത്യേകമായും പ്രതിമാരചനയിൽ ചാതുര്യം ഉണ്ടായിരുന്നു. എ. ഡി. 50-ാമാണ്ടോടുകൂടി പ്രതിമാനിർമ്മാതാക്കളുടെ ഒരു സംഘം റോമിൽ ആവിർഭവിച്ചു. ഇവരുടേയും യവനരുടേയും രചനകൾക്കു തമ്മിൽ അന്തരം വളരെയുണ്ടു്. റോമക്കാരുടെ പ്രതിമാനിർമ്മാണം മാതൃകയുടെ സമരൂപത്തിലാണ്. യവനരുടെ രചനയാകട്ടെ മാതൃകയെ അനുകരിച്ചല്ല; യഥാർത്ഥത്തിൽ എങ്ങനെ ഇരിക്കണം എന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തിയാകുന്നു.

മതകാര്യങ്ങളിൽ റോമക്കാർക്കു വലിയ സിദ്ധാന്തമൊന്നുമുണ്ടായിരുന്നില്ല. ആദ്യകാലത്തിൽ ഈജിപ്റ്റിലേയും പേർഷ്യയിലേയും മതങ്ങൾ റോമിൽ പ്രചരിച്ചിരുന്നു. ഈ മതക്കാരോടു കാണിച്ചത്ര ദാക്ഷിണ്യം ക്രിസ്ത്യാനികളോട് റോമക്കാർ കാണിച്ചിരുന്നില്ല. ഇതിനു കാരണം ജൂതന്മാരോടുള്ള പകയാണ്. ക്രിസ്ത്യാനികളെ ജൂതരിൽനിന്നു വ്യത്യസ്തരായി കരുതിയില്ല. മററു മതക്കാർ ചക്രവർത്തിമാർക്ക് ദിവ്യത്വം കല്പിക്കുവാൻ മടിച്ചില്ല. ജൂതരാകട്ടെ അതിനു

മതിനൊത്തുമില്ല. എന്നു മാത്രമല്ല, ലഹളക്കു് ഒരുങ്ങുകയും ചെയ്തു. ക്രിസ്ത്യാനികളും ചക്രവർത്തിക്കു ദിവ്യത്വം അനുവദിപ്പാൻ ഒരുങ്ങിയില്ല; റോമൻ സൈന്യത്തിൽ ചേൎന്നു ചോര ചിന്തുവാനും അവർ കൂട്ടാക്കിയില്ല.

ഏ. ഡി. 180 മുതൽ 476 വരെ 60 ചക്രവർത്തിമാരോളം രാജ്യം ഭരിച്ചു. ഇവർ ഓരോരുത്തരും അല്പകാലമേ ചക്രവർത്തിമാരായി വാണുള്ളുവെങ്കിലും സ്ഥാനത്തിന്നവകാശികളായവർ തമ്മിൽ തമ്മിൽ കലഹിച്ചിരുന്നു. ഇവരിൽ ചിലർ റോമക്കാർതന്നെയായിരുന്നില്ല.

അവസാനത്തെ രണ്ടു ശതകങ്ങളിലായി ട്യൂട്ടൻ വർഗ്ഗക്കാർ കൂടക്കൂടെ സാമ്രാജ്യം ആക്രമിച്ചുവന്നു. ഇവരിൽ ചിലർ തോററോടി; ചിലരെ റോമാസാമ്രാജ്യത്തിന്നകത്തു പാൎപ്പാൻ ഓരോ കാലത്തു ചക്രവർത്തിമാർ അനുവദിക്കുകയും ചെയ്തു. അലാറിക്കിന്റെ നേതൃത്വത്തിൽ റോമിനെ ആക്രമിച്ച ഗോത്തുകൾ റോമിൽ സ്ഥിരമായിപ്പാൎപ്പാനുള്ള കരുതലോടുകൂടിത്തന്നെയാണു് വന്നതു്. ഇവരെ പേടിച്ചു റോമിലെ അശക്തരായ പ്രഭുജനങ്ങൾ ഇററലി വിട്ടു് കോൎസിക്കയ്ക്കോ സാർഡിനിയയ്ക്കോ പൊയ്ക്കളയാമെന്നും പറഞ്ഞിരുന്നു. ഗോത്തുകളുടെ പുരോഗമനം ആദ്യം സ്റ്റിലിച്ചോവിനാൽ പോളനീഷ്യയിൽ വെച്ചു തടയപ്പെട്ടു; രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ബി. സി. 404-ൽ ഗോത്തുകൾ ഇററലി വിട്ടു പോകത്തന്നെ ചെയ്തു.

അധികം താമസിയാതെ ചക്രവർത്തി ശത്രുക്കളെ ഭയന്നു് തലസ്ഥാനം റവെന്നയ്ക്കു മാററി. പിറെറ കൊല്ലം വീണ്ടും ഗോത്തുകൾ ഇററലിയെ ആക്രമിച്ചു, വീണ്ടും സ്റ്റിലിച്ചോ അവരെ പരാജയപ്പെടുത്തുകയും ചെയ്തു. പിന്നെ മൂന്നുകൊല്ലം കഴിയുന്നതിന്നു മുമ്പു ഹൊണേറിയസ്സ് ചക്രവർത്തിയുടെ കല്പനയാൽ സ്റ്റിലിച്ചോ വധിക്കപ്പെട്ടു. ഇതിനെത്തുടൎന്നു റോമാസൈന്യത്തിലുണ്ടായിരുന്ന മുപ്പതിനായിരം ട്യൂട്ടോണിക്ക

ടേന്മാരും അവരുടെ കുഡുംബങ്ങളും വധിക്കപ്പെട്ടു. ഇവർ അലറിക്കിനെ അഭയം പ്രാപിച്ചു. അദ്ദേഹം 408-ൽ ആൽപ്സ് പർവ്വതനിരയെ തരണംചെയ്തു റോമിൻെറ നേരെ തിരിച്ചു. അദ്ദേഹം കടന്നുപോയ പ്രദേശങ്ങളെല്ലാം കൊള്ളചെയ്തു നശിപ്പിച്ചു. തന്മൂലം ദുർഭിക്ഷവും വ്യാധിയും റോമിൽ നടമാടി. അപ്പോൾ റോമക്കാർ സമാധാനമപേക്ഷിച്ചുംകൊണ്ടു് ഒരു ദൂതനെ അലറിക്കിൻെറ സമീപത്തേക്കയച്ചു. അവർ അപേക്ഷിച്ചപോലെ സമാധാനസന്ധി നടന്നില്ലെങ്കിൽ യുദ്ധം അനിവാര്യമാണെന്നും അദ്ദേഹത്തെ അവർ അറിയിച്ചിരുന്നു. 4000 റാത്തൽ സ്വർണ്ണവും 3000 റാത്തൽ വെള്ളിയും 4000 പട്ടുവസ്ത്രങ്ങളും 3000 ഉറയ്ക്കിട്ട ചുവപ്പുചായം കൊടുത്ത തോലും 3000 റാത്തൽ കുരുമുളകും കൊടുത്തു അദ്ദേഹവുമായി റോമക്കാർ സന്ധിചെയ്തു.

ഈക്കാലത്തു സൈന്യനായകത്വം വഹിച്ചു തങ്ങളുടെ സ്വാതന്ത്ര്യം രക്ഷിപ്പാൻ അലറിക്കായാൽ മതി എന്നു അനേകം റോമക്കാർ വിചാരിച്ചിരുന്നു. അതുതന്നെ അലറിക്കും കരുതി. എന്നാൽ ചക്രവർത്തി അതിന്നനുകൂലിച്ചില്ല. അദ്ദേഹം ബ്രിട്ടനിൽവെച്ചു ലഹളകൂട്ടിയ യോദ്ധാക്കളാൽ തങ്ങളുടെ നായകത്വം നല്കപ്പെട്ട കോൺസ്റ്റൻറൈനുമായി സാമ്രാജ്യം പകുപ്പാൻ ഒരുങ്ങി. ഈ ധിക്കാരംകണ്ടു അലറിക് റോമ നിരോധിക്കയും, വേറെ ഒരു ചക്രവർത്തിയെ നിയമിക്കുകയും ചെയ്തു. ഇതുകൊണ്ടൊന്നും ഹൊണോറിയസ്സിനു കുലുക്കമുണ്ടായില്ല. അലറിക്കിനാൽ നിയമിതനായ ചക്രവർത്തി പ്രാപ്തനല്ലായിരുന്നതിനാൽ അദ്ദേഹത്തെ അലറിക്തന്നെ രാജ്യഭ്രഷ്ടനാക്കി. വീണ്ടും ഹൊണോറിയസുമായി ഒത്തുതീരുവാൻ ഉത്സാഹിച്ചു. അതും ഫലപ്പെട്ടില്ല; അലറിക് മൂന്നാമതും റോമ നിരോധിച്ചു. നഗരം അധീനപ്പെടുത്തി കൊള്ളചെയ്തു നശിപ്പിച്ചു. എന്നാൽ ക്രിസ്തീയ ദേവാലയങ്ങൾ ഒന്നും നശിപ്പിക്കരുതെന്നു കല്പനയുണ്ടായിരു

ന്നു. ആറുദിവസംകൊണ്ടു ഗോത്ത്സ് നഗരംവിട്ടുപോയി. പിന്നെയും ഒമ്പതുമാസക്കാലം റോമചക്രവത്തിഭരണത്തിൽ തന്നെ നിന്നു.

റോമിനെ കൊള്ളയടിച്ചു നശിപ്പിച്ചശേഷം ഗോത്തുകാം ആഫ്രിക്കയെ ലക്ഷ്യമാക്കി തെക്കോട്ടുപോയി. എന്നാൽ അലറിക്കിന്റെ നാവികസേന ഒരു ഭയങ്കരമായ കൊടുംകാററിൽപ്പെട്ടു ശിഥിലമായി. ഏറെത്താമസിയാതെ അദ്ദേഹം മരിക്കയും ചെയ്തു.

എ. ഡി. 451_ൽ അററില എന്ന ഹൂണവർഗ്ഗത്തലവൻ ഇററലിക്കെതിരെ പുറപ്പെട്ടു; പക്ഷെ ബിഷപ്പു ലിയോവിന്റെ അപേക്ഷയനുസരിച്ച് അദ്ദേഹം അതിനെ ആക്രമിച്ചില്ല. പിറെറക്കൊല്ലം അററില മരിക്കയും ഹൂണരിൽനിന്നുള്ള ബാധ അവസാനിക്കയും ചെയ്തു.

എ. ഡി. 455_ൽ ഒരു വൻഡാൽ നാവികപ്പട കാത്തജിൽനിന്നു റോമിലേയ്ക്കു ടൈബർ നദിമാർഗ്ഗമായി കയറിവന്നു. ബിഷപ്പു ലിയോ അതിന്റെ നായകനോടു റോമിനെ നശിപ്പിക്കരുതെന്നഭ്യത്ഥിച്ചു. എങ്കിലും അദ്ദേഹം അതനുസരിക്കാതെ ഇററലിയെ കൊള്ളയിട്ടു; പക്ഷെ ജനങ്ങളെ നശിപ്പിച്ചില്ല. ഒടുവിൽ എ. ഡി. 476_ൽ പശ്ചിമഭാഗത്തുള്ള സാമ്രാജ്യം അധഃപതിച്ചു. 476-ൽ ജമ്മൻ ജനറൽമാരിൽ പ്രധാനിയായ ഒഡേസർ പശ്ചിമ സാമ്രാജ്യത്തിലെ ഒടുവിലത്തെ ചക്രവത്തിയെ രാജ്യഭ്രഷ്ടനാക്കി തൽസ്ഥാനത്തു കയറി. ഇദ്ദേഹം പേരിനുമാത്രം പൂവ്വദേശ സാമ്രാജ്യത്തിന്റെ വൈസ്രായിയുമായി. ഈ സാമ്രാജ്യം 1453_വരെ നിലനിന്നു.

———o———

## 48. പൂർവ്വറോമസാമ്രാജ്യം

റോമസാമ്രാജ്യം അഞ്ചുശതാബ്ദത്തോളം നിലനിന്നു. അതിൽ അഗസ്റ്റസ് ചക്രവർത്തിതൊട്ടു മാർക്കസ് അരീലിയസ്സിന്റെ കാലാവസാനം വരെയുള്ള രണ്ടു ശതാബ്ദം രാജ്യത്തു ഒരുവിധം സമാധാനം പുലന്നു. അതിനുശേഷം ഏ. ഡി. 180 മുതൽ 471-വരെ സാമ്രാജ്യം അധഃപതിച്ചുകൊണ്ടേ വന്നു. ഇക്കാലത്തു ഭരണാധികാരികൾക്കു ധർമ്മബോധവും വിവേകവും കുറവായിരുന്നു. എന്നുമാത്രമല്ല, അവർ കൂടക്കൂടെ മാറിയുമിരുന്നു.

ഉത്തരദേശത്തു റൈൻനദിയും ഡാന്യൂബ് നദിയും പൂർവ്വദേശത്തു യൂഫ്രട്ടീസ് നദിയും, ആദ്യത്തെ ചക്രവർത്തിയാൽ റോമാസാമ്രാജ്യത്തിന്റെ അതിരുകളായി നിശ്ചയിക്കപ്പെട്ടിരുന്നു. ഉത്തരജർമ്മനിയെക്കൂടി അധീനപ്പെടുത്തുവാൻ അദ്ദേഹം പരിശ്രമിച്ചുവെങ്കിലും അതു ഫലപ്പെട്ടില്ല. അതിനുശേഷം രാജ്യാതിർത്തിയെ വിപുലമാക്കുന്നതിൽ നിന്നു തന്റെ പിൻഗാമികളെ അദ്ദേഹം വിലക്കുകയും ചെയ്തു.

ഏ. ഡി. 284 മുതൽ 305 വരെ വാണിരുന്ന ഡയോക്ലീഷ്യൻ ചക്രവർത്തി അതിർത്തിപ്രദേശങ്ങളെ സദാ ആക്രമിച്ചുകൊണ്ടിരുന്ന കിരാതവർഗ്ഗക്കാരിൽനിന്നു സംരക്ഷിപ്പാൻ കഴിയായ്കയാൽ സാമ്രാജ്യത്തെ രണ്ടായി ഭാഗിച്ചു് തന്നോടു തുല്യാധികാരമുള്ള മറ്റൊരു ചക്രവർത്തിയെക്കൂടി നിയമിച്ചു. ഇവർ ഇരുവരും വീണ്ടും രാജ്യത്തെ ഈരണ്ടായി പകുക്കുകയും, അവയിലും തങ്ങളോടൊപ്പം അധികാരമുള്ള ഓരോ ചക്രവർത്തിയെ നിയമിക്കയും ചെയ്തു. അങ്ങിനെ സാമ്രാജ്യം നാലു ചക്രവർത്തിമാർ ഭരിച്ചു തുടങ്ങിയതുകൊണ്ടു് ഏതാണ്ടൊരു താൽക്കാലികഗുണം ഉണ്ടായി. ഏ. ഡി. 323-ൽ കോൺസ്റ്റൻറയിൻ ചക്രവർത്തി സാമ്രാജ്യമൊട്ടുക്കു് അടക്കി ഭരിച്ചു. സാമ്രാജ്യത്തിന്റെ മദ്ധ്യത്തിലായി ഇരുഭാഗവും

കടലിനാൽ ചുററപ്പെട്ടും ഒരുഭാഗം കരയോടു ചേൻറം കിടന്നിരുന്ന ബൈസൻറയത്തേക്കു തലസ്ഥാനം മാററി സ്ഥാപിച്ചും ആണ് കോൺസ്റ്റയിൻ സാമ്രാജ്യഭരണം തുടങ്ങിയതു്. തന്മൂലം ഇദ്ദേഹത്തിനു രാജ്യത്തിൻെറ പൂൎവ്വപശ്ചിമഭാഗങ്ങളിൽ പ്രവൎത്തനം നടത്തിയിരുന്ന സൈന്യങ്ങളുടെ രക്ഷയും, ഒരു നല്ല തുറമുഖം കൂടിയായ ആ സ്ഥാനത്തു് ഒരു നാവികസേനയെ നിൎത്തുന്നതിനും സൌകൎയ്യമായി. അജയ്യശാക്തി ചെയ്തിരുന്ന ഈ സ്ഥലത്തിന്നു കോൺസ്റ്റൻറയിൻ ചക്രവൎത്തിയുടെ പ്രതാപത്തെ കുറിക്കുവാൻ കോൺസ്റ്റൻറിനോപ്പിൾ എന്ന പേരും നൽകി. അദ്ദേഹം അവിടെ ഇരുന്നു സാമ്രാജ്യഭരണത്തിൽ പല പരിഷ്കാരങ്ങളും വരുത്തി. എ. ഡി. 337_ൽ ആ ചക്രവൎത്തി മരിച്ചപ്പോൾ അദ്ദേഹത്തിൻെറ മൂന്നു മക്കളാണു് സാമ്രാജ്യം ഭരിച്ചതു്. എന്നാൽ എ. ഡി. 351_ൽ സാമ്രാജ്യം കോൺസ്റ്റൻറിയാസ്സിൽ വന്നുചേൻറ വീണ്ടും ഏകീകൃതമായി.

പിന്നത്തെ ചക്രവൎത്തിയായ ജൂലിയൻ പുരാതനമതത്തെ പുനഃസ്ഥാപിപ്പാൻ ശ്രമിച്ചു. അദ്ദേഹം എ. ഡി. 363_ൽ പേഴ്സ്യയുമായുണ്ടായ രണത്തിൽ കാലഗതി പ്രാപിച്ചു. ഇദ്ദേഹത്തിൻെറ പിന്തുടൎച്ചയായി ഭരണമേററ ചക്രവൎത്തിയുടെ കാലത്തു സാമ്രാജ്യം വീണ്ടും പകുക്കപ്പെട്ടു. ഇക്കാലം മുതൽക്കാണ്—എ. ഡി. 364—സാമ്രാജ്യം വിഭജിച്ചതായി സാധാരണ കരുതപ്പെടുന്നതു്. ഇക്കാലത്തു പൂൎവ്വസാമ്രാജ്യഭരണം നടത്തിവന്നതു വാലൻസ് ചക്രവൎത്തിയാണ്. അദ്ദേഹത്തിനു ഹൂണരിൽനിന്നും പൂൎവ്വഭാഗങ്ങളിലെ ഗോതേ്സ് വൎഗ്ഗക്കാരിൽനിന്നുമുള്ള ആക്രമണങ്ങൾ ഏൽക്കേണ്ടതായി വന്നു. അവരിൽ പൂൎവ്വഭാഗത്തെ ശത്രുക്കളെ അമൎത്തുവാൻ സാധിച്ചു. പശ്ചിമഭാഗത്തുള്ള വൈരികൾ ക്രിസ്തുമതാനുയായികളായി ചമഞ്ഞതിനാൽ ഡാന്യൂബ് നദിയുടെ ദക്ഷിണതീരത്തു നിവസിച്ചുകൊള്ളുവാൻ ചക്രവൎത്തി അനു

രെ അനുവദിച്ചു. ഇവർ റോമാഭരണാധികാരികളുടെ മർദ്ദനം സഹിക്കുവാൻ വഹിയാതെ എ. ഡി. 378-ൽ കലഹിക്കുകയും, ചക്രവർത്തിയെ വധിക്കുകയും ചെയ്തു.

നിഹതനായ ചക്രവർത്തിയെ പിൻതുടർന്നതു് അദ്ദേഹത്തിന്റെ മകനായ തിയോഡോസിയസ്സാണു്. അദ്ദേഹം അധഃപതിച്ചുകൊണ്ടിരുന്ന പൂർവ്വപ്രദേശങ്ങളെ വീണ്ടെടുത്തു് ഭരണം പരിഷ്കരിച്ചു. ബി. സി. 395-ൽ ഇദ്ദേഹം മരിച്ചപ്പോൾ ഇദ്ദേഹത്തിന്റെ പ്രായപൂർത്തിവരാത്ത രണ്ടു മക്കൾ സാമ്രാജ്യാധിപതികളായി. മൂത്ത മകൻ പൂർവ്വപ്രദേശങ്ങളുടേയും ഇളയവൻ പശ്ചിമദേശങ്ങളുടേയും ആധിപത്യം വഹിച്ചു. ഇവരുടെ സഹായികൾ പൂർവ്വദേശത്തെ രാജമന്ദിരാധികാരിയും, കാടർവർഗ്ഗങ്ങളുടെ തലവനായ വാണ്ടൽസ്റ്റിലിക്കോവും ആയിരുന്നു. അങ്ങനെ പശ്ചിമഭാഗത്തെ ഭരണം നാലാം ശതകത്തിൽ അനായാസേന കാടർവർഗ്ഗക്കാർക്കു കൈവന്നു.

തിയോഡോസിയസ്സ് അന്തരിച്ചപ്പോൾ ഗോത്തുകൾ വീണ്ടും കൊള്ളയ്ക്കൊരുങ്ങി കോൺസ്റ്റാന്റിനോപ്പിളിനെതിരെ ചെന്നു. അവരെ കോഴകൊടുത്തു പ്രസാദിപ്പിച്ചു് അന്യരാജ്യങ്ങളിൽ പ്രവർത്തനങ്ങൾ നടത്തിക്കൊള്ളുവാൻ വിട്ടു. അവർ പശ്ചിമസാമ്രാജ്യത്തു ചെന്നു് ആക്രമണം തുടങ്ങി. ഈ പ്രവർത്തനങ്ങൾമൂലം പശ്ചിമഭാഗം അപരിഷ്കൃതവർഗ്ഗക്കാർക്കധീനമായി. അവർ പൂർവ്വദേശചക്രവർത്തിയുടെ പരമാധികാരം വകവെച്ചുകൊടുത്തുകൊണ്ടു അവിടെ ഭരണം നടത്തിത്തുടങ്ങുകയും ചെയ്തു.

പശ്ചിമപ്രദേശങ്ങൾ കിരാതവർഗ്ഗങ്ങളുടെ ആക്രമണങ്ങൾ ഏറ്റുകൊണ്ടിരുന്നപ്പോൾ പൂർവ്വപ്രദേശങ്ങൾ സ്വയം കാര്യങ്ങൾ ശരിപ്പെടുത്തുന്നതിൽ വ്യാപൃതമായിരുന്നു. പൂർവ്വദേശക്കാർ ആക്രമികളെ ചെറുക്കുവാൻതന്നെ അശക്തരായി ഭവിച്ചു. പോരെങ്കിൽ അവർക്കു പേഴ്സ്യയുടെ എതിർപ്പു

കൾ തടുക്കേണ്ടതായും ഡാന്യൂബുനദി അതിർത്തിയെ കാക്കേണ്ടതായും വന്നു. ഇതിനെല്ലാററിനുംപുറമെ തലസ്ഥാനത്തെ സമാധാനപാലനവും നടത്തേണ്ടിയിരുന്നു.

ഏ. ഡി. 527_ൽ റോമയുടെ നശിച്ചുപോയ പ്രതാപത്തെ വീണ്ടെടുപ്പാൻ ഉദ്ദേശിച്ചുകൊണ്ടു ജസ്റ്റീനിയൻ ചക്രവത്തി രാജ്യഭാരം ഏററു. ഇദ്ദേഹത്തിനു സഹായമായി നയചാതുരതയോടുകൂടിയ പത്നിയും യുദ്ധനിപുണനായ സേനാനിയുമുണ്ടായിരുന്നു. പേഴ്സ്യക്കാരെ പരാജയപ്പെടുത്തുവാൻ സേനാനിക്ക കഴിഞ്ഞില്ലെങ്കിലും അവരെ കുഴക്കി ഒരു സന്ധിയിലേപ്പെടുവാൻ സാധിച്ചു. ഇതിന്റെ ഫലമായി പേഴ്സ്യൻസേന പശ്ചിമദേശങ്ങളിലേക്കു തിരിച്ചുപോകയാണുണ്ടായതു്. പിന്നെ മുപ്പതു കൊല്ലത്തോളം പൂർവ്വദേശത്തുള്ള ഗോത്തുകളുമായി പൊരുതുകയും, ഇതിൽ ആഫ്രിക്കയിലും ഇററലിയിലും ചക്രവത്തിക്ക ഗോളിന്റെ ദക്ഷിണഭാഗത്തു ഫ്രാങ്കകാക്കും വിജയം വരികയും ചെയ്തു. ഭരണം വളരെ അശക്തമായിരുന്നതിനാൽ അക്രമികളെ അകററുവാൻ തരപ്പെടായ്ക നിമിത്തം ഈ സന്ധികൊണ്ടു പറയത്തക്ക ഗുണമൊന്നുമുണ്ടായില്ല. തന്മൂലം ഓരോ നഗരിക്കും അതതിന്റെ രക്ഷ നോക്കേണ്ടിവരികയും, അങ്ങനെ ഇററലി അനേകം ചെറുരാജ്യങ്ങളായി പിരിയുകയും ചെയ്തു. പിന്നീടു് 1300 വഷങ്ങൾക്കശേഷമെ ഈ ഭിന്നിപ്പു തീന്നു സാമ്രാജ്യസംയോജനം തരപ്പെട്ടുള്ളു.

ജസ്റ്റീനിയന്റെ നയം ഇററലിയിൽ അപജയത്തിലാണു പര്യവസാനിച്ചതു്. സ്പെയിനിലും ആഫ്രിക്കയിലും പൂത്തിപ്പെട്ടതുമില്ല. പ്രവൃത്തികളുടെ ഫലങ്ങളെപ്പററി അദ്ദേഹത്തിനെ പ്രശംസിക്കാറില്ലെങ്കിലും അവയ്ക്കായി തുനിഞ്ഞതിനെ ശ്ലാഘിക്കാറുണ്ടു്. പരിഷ്ക്കരിപ്പാൻ ഉദ്യമിച്ചപ്പോൾ അഭ്യന്തരകലഹങ്ങൾ ഉത്ഭവിച്ചു. അതോടൊപ്പം അതിത്തിപ്രദേശങ്ങളിൽ കലാപങ്ങളുമുണ്ടായി. കോൺസ്റ്റൻറി

നോപ്പിളിലെ വ്യാപാരാഭിവൃദ്ധിയാണു് രാജ്യത്തിന്റെ ശോച്യമായ സാമ്പത്തികനിലയെ ശരിപ്പെടുത്തിക്കൊണ്ടു വന്നതു്.

ജസ്റ്റീനിയന്റെ പ്രശസ്തി നിലകൊള്ളുന്നതു് അദ്ദേഹം കോൺസ്റ്റന്റിനോപ്പിളിൽ സെന്റ് സോഫിയ പള്ളി നിർമ്മിച്ചതിലും, റോമൻ ഭരണകാലത്തു് ആവിർഭവിച്ച ചട്ടങ്ങളേയും അവയ്ക്കു് ഓരോ കാലത്തുള്ള ന്യായാധിപന്മാർ കൊടുത്ത വ്യാഖ്യാനങ്ങളെയുംയോജിപ്പിച്ചു ക്രോഡീകരിച്ചു അതിനെ ലോകത്തിനു് ഉപകാരപ്രദമാക്കിയതിലുമാണു്. ജസ്റ്റീനിയന്റെ സാമ്രാജ്യം നശിച്ചു; എങ്കിലും ഈ പ്രവൃത്തികൾ രണ്ടും ഇന്നും അദ്ദേഹത്തിന്റെ നാമത്തെ സ്മരണീയമാക്കിച്ചെയ്യുന്നു.

ജസ്റ്റീനിയനെ പിൻതുടർന്ന ചക്രവർത്തിമാരുടെ കാലത്തു വീണ്ടും കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു് രാജ്യത്തെ ഭിന്നിപ്പിക്കുകതന്നെ ചെയ്തു. ഉത്തരഭാഗത്തുനിന്നു് അപരിഷ്കൃതരും, പൂർവ്വഭാഗത്തുനിന്നു പേർഷ്യക്കാരും രാജ്യാതിർത്തികളെ ആക്രമിച്ചു. നാവികബലം ഒന്നുകൊണ്ടു മാത്രമാണു് സാമ്രാജ്യം നിലനിന്നു പോന്നതു്.

എ. ഡി. 610-ൽ ഹിരാക്ലീസ്സ് ചക്രവർത്തിയായി. ഇദ്ദേഹം ആദ്യംതന്നെ സൈന്യത്തെ പരിഷ്ക്കരിച്ചു. ആ ഇടയ്ക്കു് പേർഷ്യക്കാർ സിറിയയിലും ഈജിപ്തിലും കയറിപ്പററി. വടക്കു കാടർവർഗ്ഗത്തിന്റെ അക്രമവും നിലവിലുണ്ടായിരുന്നു.

ഹിറാക്ലീസ്സ് ചക്രവർത്തി കാടരേയും പേർഷ്യക്കാരേയും പരാജയപ്പെടുത്തി പേർഷ്യയുടെ ഉള്ളിലേക്കുതന്നെ കയറിച്ചെന്നു. സിറിയയും ഈജിപ്തും തിരിച്ചുപിടിച്ചു. എന്നാൽ ജനങ്ങളുടെ സ്നേഹാദരങ്ങൾ വീണ്ടെടുപ്പാൻ അദ്ദേഹത്തിനു തരപ്പെട്ടില്ല.

നൂതനവും ശക്തവുമായ ഒരു ചൈതന്യം അറേബിയയിൽ ഉത്ഭവിക്കുന്നതിനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങിയ ഈ

കാലം ഐക്യത്തോടുകൂടി അണിനിരക്കേണ്ട ഘട്ടമായിരുന്നു.

ഹിരാക്ലീസിന്റെ കാലശേഷം സാമ്രാജ്യത്തിൽ വീണ്ടും അരാജകത്വം വ്യാപിച്ചു. സാമ്രാജ്യം മുഴുവനും ശത്രുക്കളാൽ ആക്രമിക്കപ്പെട്ടു. ഏഷ്യയിലെ ജനതയെ മുഹമ്മദീയരും അടക്കി. ബൾഗർ സാമ്രാജ്യത്തെ കൊമ്പുകുത്തിച്ചു കപ്പവും പിരിച്ചെടുത്തുവന്നു. മുഹമ്മദീയർക്ക് അത്രയ്ക്കുണ്ടായിരുന്നു ശക്തി. ക്രിസ്തീയലോകം ഇസ്ലാമിനു അടിപ്പെടേണ്ടിവരുമോ എന്ന സന്ദിഗ്ദ്ധാവസ്ഥയിൽ എത്തിച്ചേർന്നു. ആ ഘട്ടങ്ങളിൽ രണ്ടുതവണ തലസ്ഥാനത്തുനിന്നു ലഭിച്ച സഹായം മൂലം സാമ്രാജ്യം രക്ഷപ്പെട്ടു. കോൺസ്റ്റൻറിനോപ്പിളിന്റെ രക്ഷയെ ആശ്രയിച്ചാണ് യൂറോപ്പിന്റെ രക്ഷ നിലനിന്നിരുന്നത്. തന്മൂലം രണ്ടു പ്രാവശ്യം മുഹമ്മദീയർ അതിനെ നിരോധിച്ചെങ്കിലും യവന സഹായത്തോടുകൂടി അതെല്ലാം തടുത്തുനിർത്തി. ഹിരാക്ലീസുവംശജരുടെ ഭരണകാലം കലാപത്തിലും അരാജകത്വത്തിലും തന്നെ പര്യവസാനിക്കയും, തൽസ്ഥാനത്തെ ലിയോ തൃതീയൻ എന്ന സിറിയൻ ചക്രവർത്തി കരസ്ഥമാക്കുകയും ചെയ്തു. ഈ കാലത്തിനിടക്കു പൂർവ്വസാമ്രാജ്യം യവനരാജ്യമായി ചമഞ്ഞിരുന്നു. അവിടത്തെ നടവടിക്രമങ്ങളെല്ലാം റോമക്കാരുടേതായിരുന്നുവെങ്കിലും ആശയങ്ങൾ യവനരുടേതായിരുന്നു. എന്നാൽ ലിയോ തൃതീയന്റെ വാഴ്ചയാരംഭിച്ചതോടുകൂടി സാമ്രാജ്യത്തിന്റെ ദൗർബ്ബല്യം നീങ്ങിത്തുടങ്ങി. അതിന്റെ ആദ്യപ്രതാപത്തെ മങ്ങിച്ചിരുന്നതു ബിംബാരാധനയെ കുറിച്ചു നടന്നിരുന്ന വിവാദമായിരുന്നു. ഉൽപതിഷ്ണുവായ അദ്ദേഹം ആദ്യം തന്നെ സൈന്യത്തെയും സാമ്പത്തികനിലയേയും പരിഷ്കരിച്ചു. ഇസ്ലാംശക്തിയെ പരാജയപ്പെടുത്തി. എങ്കിലും അല്പം ചില പ്രദേശങ്ങൾ മുഹമ്മദീയരുടെ അധീനതയിൽ പെടാതിരുന്നില്ല.

ഈ വംശജന്മാരുടെ ഭരണകാലമത്രയും ബൾഗാര

യിട്ടും മുഹമ്മദീയരായിട്ടും റഷ്യക്കാരായിട്ടുമുള്ള സമരം കൊണ്ടും മതപരമായ വ്യവഹാരംകൊണ്ടുമാണ് കഴിഞ്ഞുകൂടിയതു്. ഇതിനും പുറമെ രാജധാനിയിൽതന്നെ ലഹളങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. അതിനാൽ ആദ്യകാലങ്ങളിൽ ശക്തമായിരുന്നിരുന്ന ഭരണം ദുഷിക്കുകയും, മഹാനായ ചാറൽസിന്റെ കാലത്തു് പശ്ചിമഭാഗം സുസ്ഥാപിതമായപ്പോൾ സാമ്രാജ്യങ്ങൾ രണ്ടും വിഭക്തങ്ങളായിത്തന്നെ നിലകൊള്ളുകയും ചെയ്തു. എന്നിട്ടും ബൾഗറായും മുഹമ്മദീയരായുമുള്ള സമരം തുടൎന്നുകൊണ്ടേയിരുന്നു. എ. ഡി. 815-ൽ കോൺസ്റ്റാന്റിനോപ്പിൾ വീണ്ടും നിരോധിക്കപ്പെടുകയും, അതിൽ വെച്ചു ക്രീറ്റും സിസിലിയും മുഹമ്മദീയാധിപത്യത്തിൽ പെടുകയും ചെയ്തു. എ. ഡി. 842-ൽ തിയോഫിലസ് ചക്രവൎത്തിയുടെ ഭാൎയ്യയുടെ ആഭിമുഖ്യത്തിൽ ബിംബാരാധനയെ സംബന്ധിച്ച വ്യവഹാരം തീൎന്നു. എ. ഡി. 867-ൽ ഈ രാജവംശം അവസാനിക്കയും, മാഡിഡനിലെ രാജവംശം അധികാരത്തിൽ വരികയും ചെയ്തു. ബാസിൽ പ്രഥമനാൽ സ്ഥാപിക്കപ്പെട്ട ഈ രാജവംശം പതിനൊന്നാം ശതകത്തിന്റെ അന്ത്യംവരെ നിലനിന്നു. ഇക്കാലത്തു ബൾഗർവൎഗ്ഗങ്ങൾ പാടെ അധീനപ്പെടുത്തപ്പെടുകയും, പന്ത്രണ്ടാം ശതകത്തിന്റെ അധികഭാഗവും അവർ പൂൎവ്വസാമ്രാജ്യത്തെ ആശ്രയിച്ചുതന്നെ വസിക്കയും ചെയ്തു. ഇക്കാലത്തു യവനർ മുഹമ്മദീയരോടും ബൾഗരോടും റഷ്യക്കാരോടും എതിൎത്തുതന്നെ നിന്നു.

ഇതിനുശേഷം അധികാരം വിവിധഹസ്തങ്ങളിലായി മാറിക്കൊണ്ടിരുന്നു. പ്രബലമായ ഒരു ശക്തി ഇല്ലായിരുന്നതിനാൽ പുതിയ ശത്രുക്കൾ രംഗത്തിൽ ആവിൎഭവിച്ചുതുടങ്ങി. നോൎമ്മൻകാർ ഇറ്റലിയുടെ കൈവശത്തിലുള്ള രാജ്യങ്ങൾ ആക്രമിച്ചു തുടങ്ങി. പൂൎവ്വഭാഗം മുഹമ്മദീയരെക്കാൾ നിഷ്ഠുരന്മാരായ സെൽജൂക്കിയതുൎക്കികളാലും അതിക്രമിക്കപ്പെട്ടു.

ഇവർ മുഹമ്മദീയരെ ആട്ടി ഓടിച്ചു. ഇക്കൂട്ടർ ഇരുവരും ഒരേ സമയത്തു അതിർത്തികളെ ആക്രമിച്ചപ്പോൾ ചക്രവർത്തി തുർക്കികളുടെ ആക്രമണത്തിൽനിന്നു് സാമ്രാജ്യത്തിനെ രക്ഷിപ്പാൻ യൂറോപ്പിന്റെ സഹായം അഭ്യർത്ഥിച്ചു. നയതന്ത്രത്താലും ശ്രദ്ധയാലും കുരിശുയുദ്ധക്കാർ സഹായത്തിനെത്തി. സാമ്രാജ്യത്തിന്റെ ഐശ്വര്യവും അവർക്കു ഗുണമായി. അങ്ങനെ ഏഷ്യാമൈനറിൽ തിരിച്ചുപിടിച്ച രാജ്യങ്ങൾ ചക്രവർത്തിയെ തിരികെ ഏല്പിച്ചു. എന്നാൽ പൂർവ്വദേശത്തു സ്ഥാപിതമായ ലത്തീൻകാരുടെ യെരുശലേം രാജ്യം സാമ്രാജ്യത്തിനു ഒരു ആപത്തായിട്ടാണു തീർന്നതു്. ഇതിന്റെ സ്ഥാപനത്തോടുകൂടി കരയിലേയും സമുദ്രത്തിലേയും വ്യാപാരപഥങ്ങളെല്ലാം ഇതിൽ ഉൾപ്പെടുകയും, തന്മൂലം സാമ്രാജ്യത്തെ സംരക്ഷിപ്പാൻ പൂർവ്വഭാഗത്തെയും പശ്ചിമഭാഗത്തേയും ശക്തമാക്കേണ്ടി വരികയും ചെയ്തു. അങ്ങനെ സൃഷ്ടമായ ശത്രുതമൂലം ക്രിസ്തീയ വിഭാഗങ്ങൾതന്നെ സമരത്തിലേർപ്പെട്ടു. അതിൽനിന്നു മതവും രാജ്യവും തമ്മിലുള്ള സമരമുളവായി. നോർമ്മൻ വർഗ്ഗക്കാർ പൂർവ്വദേശാധിപത്യത്തെ നശിപ്പിക്കാൻ ബദ്ധകങ്കണരായിരുന്നു. ചക്രവർത്തി പശ്ചിമദേശത്തിൽ കൈക്കൊണ്ട നയം പൂർവ്വദേശക്കാർക്കു രുചിക്കായ്കയാൽ ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. സാമ്രാജ്യം ശക്തമല്ലാതെയും ചമഞ്ഞു. ബൾഗർവർഗ്ഗക്കാർ വീണ്ടും സ്വതന്ത്രരായി. 13-ാം ശതാബ്ദിന്റെ ആരംഭത്തോടുകൂടി സാമ്രാജ്യം കീഴ്മേൽ മറിഞ്ഞു. ഇതിനെത്തുടർന്നു 4-ാം കുരിശുയുദ്ധം നടക്കുകയും, അതോടുകൂടി മതപരമായ ശത്രുത അവസാനിക്കുകയും, പൂർവ്വചക്രവർത്തി അധികാരത്തിൽ വരികയും ചെയ്തു. എന്നാൽ ഒട്ടുവിലത്തെ പ്രവൃത്തി അഹിതമായിത്തീരുകയാലും ചക്രവർത്തിക്കു തന്റെ വാക്കു പാലിക്കുവാൻ ത്രാണിയില്ലാതെ വരികയാലും കുരിശുയോധക്കാർ സാമ്രാജ്യത്തിൽനിന്നു ലത്തീൻ പ്രദേശത്തെ ഒരു വ്യത്യസ്തരാജ്യമായി വിഭാഗിച്ചു. പൂർവ്വദേശസാമ്രാജ്യത്തി

ൻെറ അധഃപതനത്തിന് ഇതിനെപ്പോലെ പ്രാധാന്യം അൎഹിക്കുന്ന മറെറാരു കാരണവുമില്ല.

ലത്തീൻ സാമ്രാജ്യത്തിൻെറ ആവിൎഭാവം തങ്ങളുടെ ശക്തിക്കു ഹാനികരമാണെന്നു കണ്ട വെന്നിഷ്യക്കാർ അതിനെ വേഗത്തിൽ നാമാവശേഷമാക്കി. കോൺസ്റ്റൻറിനോപ്പിളിനെ കൊള്ളചെയ്തതും ഈ സാമ്രാജ്യത്തെ ഭിന്നമാക്കി ചെയ്തതും യദൃച്ഛാസംഭവങ്ങളായിരുന്നു. പരിതഃസ്ഥിതികൾ അനുകൂലിക്കയും നാലാം ക്രൂശായോധനക്കാർ സന്ദർഭം പാഴാക്കിക്കളയാതിരിക്കയും ചെയ്തു. അങ്ങനെ സാമ്രാജ്യം ഭിന്നിക്കയും ഭിന്നിച്ചുണ്ടായ രാജ്യങ്ങളെല്ലാം ലത്തീൻ ചക്രവൎത്തിമാരുടെ അധീനതയിൽ വൎത്തിക്കുമാറാകയും ചെയ്തു. ഈ സാമ്രാജ്യം പ്രഥമചക്രവൎത്തിയായ ബാൾഡ്വിൻ ഒന്നാമൻെറ കാലംതൊട്ടു പത്തുവൎഷം കഴിഞ്ഞപ്പോൾ അധഃപതിച്ചുതുടങ്ങി. ഏ. ഡി. 1261-ൽ കോൺസ്റ്റൻറിനോപ്പിൾ യവനചക്രവൎത്തിയാൽ അധീനപ്പെടുത്തപ്പെട്ടു. ഇതിനുശേഷവും ഭരിച്ചിരുന്ന ചാറൽസ്സിനാൽ സാമ്രാജ്യത്തിനു വിപത്തു് ആവിൎഭവിച്ചു; 1282-ൽ അദ്ദേഹം ഹതനാകയാൽ ഈ വിപത്തു ഒഴിഞ്ഞുമാറി.

പിന്നത്തെ ഒന്നര ശതാബ്ദകാലം തുൎക്കികളുടെയും സെൎവ്വിയക്കാരുടെയും ശക്തി വൎദ്ധിച്ചുവന്നു. ബൾഗർ വൎഗ്ഗക്കാരെ ആദ്യം സെൎവ്വിയക്കാർ ഉന്മൂലനം ചെയ്തെങ്കിലും 14-ാം ശതകത്തിൻെറ അന്ത്യത്തിൽ അവരും തുൎക്കികളാൽ നശിപ്പിക്കപ്പെട്ടു. അങ്ങനെ തുൎക്കികൾ കുറച്ചുകുറച്ചായി സാമ്രാജ്യത്തിൻെറ ഭാഗങ്ങൾ കൈക്കലാക്കിവന്നു. ഏ. ഡി. 1360-ൽ തുൎക്കികൾ യൂറോപ്പിലും കടന്നു. ഇവരെ ചക്രവൎത്തികൾ നല്ലപോലെ എതിൎത്തിരുന്നു. യൂറോപ്പിൻെറ സഹായവും അവർ അഭ്യൎത്ഥിച്ചു. അങ്ങനെ സാമ്രാജ്യത്തെ അന്യാധീനപ്പെടുത്താതെ കഴിപ്പാൻ അവരാൽ ആവുന്നവിധമെല്ലാം പ്രവൎത്തിച്ചു. പക്ഷേ ഫലമുണ്ടായില്ല. യൂറോപ്പിൽനിന്നു സ

ഹായമൊന്നും ലഭിച്ചില്ല. തുൎക്കികൾ ക്രമത്തിൽ ബാൾക്കൻ അൎദ്ധദ്വീപാംശത്തെ അധീനപ്പെടുത്തി. പിന്നെ ഹംഗറിക്കെതിരെ ചെന്നു. തുൎക്കികളെ ഉന്മൂലനം ചെയ്യുവാൻ ചക്രവൎത്തി ശ്രമിക്കാതിരുന്നില്ല. അതിൽ ഒരു വിജയം കൈവരികയും ചെയ്തു. എന്നാലും തുൎക്കികൾ വിജയിക്കുക തന്നെ ചെയ്തു. 15-ാം ശതകത്തിന്റെ ആദ്യത്തിൽ മംഗോളിയക്കാരിൽനിന്നു വന്ന അപജയംമൂലം തുൎക്കിശക്തി ഒന്നു മന്ദീഭവിച്ചു എങ്കിലും 1420-ൽ അവർ വീണ്ടും കോൺസ്റ്റൻറിനോപ്പിളിനെ ആക്രമിച്ചു. 1443-ൽ സഹായത്തിന്നു എത്തിക്കൂടിയ ക്രിസ്ത്യാനികളുടെ പരിശ്രമത്താൽ വിജയം നേടി. എങ്കിലും അതിന്നു പകരമായി 1444-ൽ വൎണ്ണയിൽ വെച്ചു തുൎക്കികളും അവരെ പരാജയപ്പെടുത്തി.

അവസാനമായി 1453-ൽ തുൎക്കികൾ വീണ്ടും കോൺസ്റ്റൻറിനോപ്പിളിനെ നിരോധിച്ചു് അതിനെ നശിപ്പിച്ചു. ഇതിന്റെ അധഃപതനത്തോടുകൂടി പൂൎവ്വസാമ്രാജ്യവും നാമാവശേഷമായി. ഇങ്ങനെ ഒരായിരംകൊല്ലത്തോളം നിലവിലിരുന്ന ബൈസൻറയിൻ സാമ്രാജ്യം ലോകത്തിൽ വലുതായ നന്മയെ ചെയ്തിരുന്നു. ഇതു മുഹമ്മദീയരുടെ അടിച്ചുകയറ്റത്തെ തടഞ്ഞുനിന്നു. ക്രിസ്തുമതത്തിന്റെയും പരിഷ്കാരത്തിന്റെയും പ്രചരണത്തിന്നു പ്രയോജനപ്പെട്ടു. നാലുപാടും കിരാതവൎഗ്ഗത്താൽ ചുററപ്പെട്ടിരുന്നിരുന്ന ചില ഭാഗങ്ങളിൽ വ്യവസ്ഥാപിതമായ ഒരു ഭരണവും, ചട്ടങ്ങളും, നയവും പുലൎത്തിപ്പോരികയും ചെയ്തിരുന്നു.

———o———

## 44. റോമിന്റെ അധഃപതനകാരണം.

റോമാസാമ്രാജ്യം വിസ്തീൎണ്ണമായിരുന്നതിനാൽ അതു അടക്കി ഭരിപ്പാൻ തക്ക ഗുണവിശേഷവും സ്വദേശപ്രതിപത്തിയും ഏകാഗ്രചിത്തതയും അതിലെ ജനങ്ങൾക്കുണ്ടായിരി

ക്കേണ്ടതാണു്. ഇക്കാരണത്താലായിരിക്കണം അഗസ്റ്റസ്സ് സാമ്രാജ്യാതിർത്തികളെ വിപുലമാക്കുന്നതിൽ വൈരസ്യം കാണിച്ചതും, പിൻഗാമികളെ വിലക്കിയതും, ഡയൊക്ലീഷ്യൻ ചക്രവർത്തി മൂന്നു ചക്രവർത്തിമാരേയുംകൂടി കൂട്ടി സാമ്രാജ്യം ഭാഗിച്ചു ഭരണം നടത്തിപ്പിച്ചതും, തിയോഡോസിയസ്സ് സാമ്രാജ്യത്തെ തന്റെ രണ്ടു മക്കൾക്കുമായി പകുത്തുകൊടുത്തതും. എന്നാൽ അശക്തരായ ചക്രവർത്തിമാർ പിൻതുടർച്ചാവകാശികളായിവന്നു രാജ്യഭരണം നടത്തിയതുകൊണ്ടു് ആ ഏർപ്പാടുകൊണ്ടുള്ള ഗുണം പാടെ നശിക്കയാണു് ചെയ്തതു്. വിസ്തൃതമായ സാമ്രാജ്യത്തെ അടക്കിഭരിപ്പാൻ ഒരു വമ്പിച്ച സൈന്യത്തിന്റെ സഹായം ആവശ്യമായിവന്നു. പിൽക്കാലത്തു സൈന്യങ്ങൾ ദേശഭക്തിയില്ലാത്തവരും, വിദേശികളും അപരിഷ്കൃതരുമായ വർഗ്ഗക്കാരിൽനിന്നും സംഭരിക്കപ്പെട്ടവരുമായി ചമഞ്ഞു. ഇങ്ങനെയുള്ള സൈനികരുടെ കൈക്കടത്തൽകൊണ്ടുതന്നെയാണു് സാമ്രാജ്യം അവസാനത്തിൽ അധഃപതിച്ചതും. യഥാർത്ഥത്തിൽ ഈ സൈന്യങ്ങൾ ബലത്തേക്കാൾ വിപത്തായി പരിണമിക്കയാണു ചെയ്തതു്. ഇവരിൽ അധികവും അധികാരികളെ പുച്ഛത്തോടുകൂടിയാണു കരുതിപ്പോന്നതു്. സേനാധിപതിയുടെ കല്പനകളെ വഴങ്ങിയിരുന്നതല്ലാതെ മറ്റൊന്നും അവർ അനുസരിച്ചിരുന്നില്ല. സേനാപതിയുടെ ഹിതത്തിനു നിയമപരമായ ഭരണകൂടത്തെക്കൂടി നശിപ്പിക്കുവാൻ അവർ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. പലപ്പോഴും ശത്രുക്കളോടു ചേർന്നു യജമാനന്മാർക്കെതിരെ പ്രവർത്തിപ്പാൻ ഇവർ മടിച്ചിരുന്നുമില്ല. ഇവരെ വെച്ചുപലർത്തുവാൻ ഒരുപാടു പണവും ആവശ്യമായിവന്നു. ഇതു നേടിയിരുന്നതു സാധാരണജനങ്ങൾക്കു താങ്ങുവാൻ വഹിയാത്തത്ര നികുതി പിരിച്ചുമായിരുന്നു. നികുതി പിരിവുസമ്പ്രദായം വളരെ കഠിനമായിരുന്നു. ഭൂനികുതി പിരിവിന്നു് ഒരു പ്രദേശത്തേക്കു എല്ലാംകൂടി ചില ധനികന്മാരെ ചുമതല

പ്പെടുത്തി അവരിൽ നിന്നാണ് മുഴുവൻ സപ്ലൈയും വസൂൽ ചെയ്തിരുന്നതു്. പിരിവിൽ കുറവു വല്ലതും വന്നാൽ അതിനുള്ള കാരണങ്ങൾ ഒന്നുംതന്നെ ചിന്തിക്കാതെ ചുമതലപ്പെട്ടവർ കൊടുത്തുകൊള്ളണം. ഇതിന്റെ ഫലമായി ഭൂമിയുടമകളിൽ ഭൂരിപക്ഷവും നശിച്ചു. വലിയ ധനികന്മാർ മാത്രമേ ഇതു താങ്ങുവാൻ പ്രാപ്തരായിരുന്നുള്ളു. സമുദായത്തിലെ ഇടത്തരക്കാർ ദരിദ്രരായും നിരാശരായും ചമഞ്ഞു. ജനതയിലെ ഭൂരിപക്ഷവും വമ്പിച്ച രാഷ്ട്രീയ സംഭവങ്ങളെപ്പോലും അലസതയോടുകൂടിയാണ് വീക്ഷിച്ചിരുന്നതു്. കിരാതവർഗ്ഗക്കാർ ഹൊണോറിയസ്സ് ചക്രവർത്തിയുടെ കാലത്തു് ഇറ്റലിയിൽ പ്രവേശിച്ച സന്ദർഭത്തിൽകൂടി, സ്റ്റിൽച്ചോ ജനതയിൽനിന്നു ഒട്ടാകെ സൈനികരെ ചേർക്കാതെ അടിമവർഗ്ഗത്തിൽനിന്നാണ് ചേർത്തിരുന്നതു്.

ആക്രമിച്ചു കയറിയവർക്കെതിരെ ഒരൊററ പൊതുജനകലാപങ്ങളും ഉണ്ടായിട്ടേയില്ല. റോമാസാമ്രാജ്യത്തെച്ചൊല്ലി പൊരുതിയിട്ടു കാര്യമൊന്നുമില്ലെന്ന മനഃസ്ഥിതിയായിരുന്നു ജനതയ്ക്കു്. സാഹിത്യവും കലയുംകൂടി ദുഷിച്ചിരുന്നു. ചട്ടങ്ങൾ വെറും രേഖകളായിട്ടാണ് ഗണിക്കപ്പെട്ടതു്. നികുതിപിരിവുകാരെക്കാളുമൊ അടിമകളെ നിയന്ത്രിച്ചിരുന്നവരെക്കാളുമൊ ദുഷ്ടന്മാരായിരിക്കയില്ല ആക്രമിച്ചു കയറുന്നവർ എന്നായിരുന്നു ജനങ്ങൾ ഗണിച്ചിരുന്നതു്. അത്രയ്ക്കുമാത്രം ദുഷിച്ചിരുന്ന റോമാഭരണം വിദേശീയരായ പ്രബലശത്രുക്കളുടെ ആഘാതം തടുപ്പാൻ ശക്തമാകാഞ്ഞതുകൊണ്ടാണ് നശിക്കുവാൻ ഇടയായതു്.

## 45. യഹൂദന്മാർ

പുരാതനജനസമുദായങ്ങളിൽ വെച്ചു മതപരമായി വലിയ പ്രാധാന്യമർഹിക്കുന്നവരാണ് യഹൂദന്മാർ. ആഫ്രി-

ക്കയുടെയും ഏഷ്യയുടെയും സംഗമസ്ഥാനത്തു കടലിനും മരുഭൂമിക്കുമിടയ്ക്കുള്ള ഫലപുഷ്ടിയോടുകൂടിയ പലസ്തീനം എന്ന ഇടുങ്ങിയ പ്രദേശമായിരുന്നു യഹൂദരുടെ വാസസ്ഥലം. ഈജിപ്ത്, അസ്സീറിയ, ഹാററി എന്നീ വലിയ സാമ്രാജ്യങ്ങളാൽ വലയംചെയ്യപ്പെട്ടാണ് ഈ പ്രദേശത്തിന്റെ കിടപ്പ്.

ധാരാളം കുന്നുകളും ഇടയ്ക്കിടയ്ക്കു ഫലപുഷ്ടിയുള്ള താഴ്വരകളും നിറഞ്ഞ പലസ്തീനയിൽ ഗോതമ്പ്, ബാർലി, അത്തി, മുന്തിരി മുതലായ കൃഷികളും, ആടുമാടുകളെ വളർത്തലും സുലഭമായിരുന്നു. വ്യവസായം ഇല്ലെന്നുതന്നെ പറയാം. സംയുക്തഭരണമോ രാഷ്ട്രീയപ്രഭാവമോ അവിടെ ഉണ്ടാവാനിടയായില്ല. വടക്കുഭാഗത്തെ നൌകാശയങ്ങൾ ഫിനീഷ്യക്കാരും തെക്കുഭാഗത്തെ ഫിലിസ്റ്റൻകാരും അടക്കിഭരിച്ചിരുന്നതിനാൽ രാജ്യത്തിന്നു സമുദ്രസമ്പർക്കം ഇല്ലായിരുന്നു.

അറേബിയയിൽ കാലികളെ മേച്ചു അലഞ്ഞു തിരിഞ്ഞിരുന്ന എബ്രായക്കാരായ ഹിബ്രുവർഗ്ഗക്കാരാണ് യഹൂദന്മാരുടെ പൂർവികന്മാർ. ബി. സി. 1400-നും 1200-നും മദ്ധ്യത്തിലാണ് ഇവർ പലസ്തീനിൽ പ്രവേശിച്ചതു്. എബ്രായക്കാരിൽ ഒരു വർഗ്ഗക്കാർ ഈജിപ്തിൽ ഹൈക്സോസ് രാജവംശത്തിന്റെ ഭരണകാലത്ത് അവിടെ ചെന്നുകൂടീട്ടുണ്ടായിരുന്നു. ഫറോവിന്നു കീഴിൽ ഗവർണ്ണരായിരുന്ന യോസഫ് അവരിൽ ഒരാളാണ്. ഹൈക്സോസ് ഭരണം അവസാനിച്ചശേഷം രാജാനുകൂല്യമില്ലായ്കയാൽ അവരുടെ സ്ഥിതി ശോച്യമായി. കാലക്രമത്തിൽ ഇവർ അടിമകളായിഭവിക്കയും, നിരവധി ദുരിതാനുഭവങ്ങൾക്കു പാത്രമാകയും ചെയ്തു. പിന്നീടു യഹൂദനിയമകർത്താവായ മോശയുടെ നേതൃത്വത്തിൽ അടിമത്തത്തിൽനിന്നു മോചിച്ച് ഒരുവിധത്തിൽ ഇവർ ഈജിപ്തിൽനിന്നു പുറത്തുചാടി.

വിമുക്തരായ എബ്രായക്കാർ വളരെക്കാലം അങ്ങുമിങ്ങും അലഞ്ഞുതിരിഞ്ഞു കാലം കഴിച്ചു. പിന്നീടാണു പലസ്തീനത്തിൽ എത്തിച്ചേൎന്നതു്. അവിടെ അധികാരം സ്ഥാപിപ്പാൻ അവർ ശ്രമിച്ചു എങ്കിലും അതിനു സാധിക്കായ്കയാൽ ഉപദ്രവമേല്ക്കാത്ത പ്രദേശങ്ങളിൽ കയറിപ്പാൎക്കുകയാണു് ചെയ്തതു്. അവർ ഒററ ഒററ വർഗ്ഗമായി തിരിഞ്ഞുനിന്നിരുന്നതുകൊണ്ടു് പലസ്തീനിനെ അധീനപ്പെടുത്തുവാൻ യാതൊരു ശ്രമവും ചെയ്തതുമില്ല.

എബ്രായക്കാർ അന്യവർഗ്ഗങ്ങളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു സങ്കരിച്ചിരുന്നു. ഹിററയിററു് വർഗ്ഗക്കാരുൾപ്പെടെയുള്ള പലസ്തീനത്തിലെ ഇതര ജാതിക്കാരുമായി അവർ വിവാഹബന്ധത്തിലേർപ്പെട്ടു. മതം മാത്രമാണു് അവരിൽ ഐക്യം നിലനിർത്തിപ്പോന്നതു്. അറബികളെപ്പോലെ അവരും അബ്രഹാമിന്റെ സന്താനപരമ്പരയിൽ പെട്ടവരാണെന്നു് അഭിമാനിച്ചിരുന്നു. അബ്രഹാമിന്റെ കുലദൈവമായ യഹോവയെ തന്നെയാണു് അവർ ആരാധിച്ചിരുന്നതും.

യഹോവാരാധകന്മാരായ എബ്രായക്കാർ യഹോവയെ കുടിയിരുത്തിയിരുന്ന പേടകത്തേയും പലസ്തീനിലേക്കു കൊണ്ടുചെന്നിരുന്നു. ഈ പേടകത്തിൽ അവൎക്കു മോശയാൽ നൽകപ്പെട്ടിരുന്ന കല്പനകൾ കല്ലിൽ കൊത്തി നിക്ഷേപിച്ചിരുന്നു. ഉത്തരദേശവാസികളായ യഹൂദർ നാടോടിമട്ടു വിട്ടു ഗൃഹങ്ങൾ നിൎമ്മിച്ചു വാസമുറപ്പിച്ചു. ദക്ഷിണദേശക്കാരാവട്ടെ പണ്ടത്തെപ്പോലെ നാടോടിജീവിതം തന്നെയാണു നയിച്ചുവന്നതു്. യഹോവയെത്തന്നെയാണു് അവർ ആരാധിച്ചിരുന്നതെങ്കിലും തദ്ദേശീയരായ കാനീനെററ വർഗ്ഗക്കാൎക്കുള്ള ദേവതകളുടെ കൂട്ടത്തിൽ ഒന്നായ യഹോവയേയും അവർ കരുതി വന്നുള്ളു. ചില സന്ദർഭങ്ങളിൽ നരബലിയും അവർ നടത്തിയിരുന്നു. മരണാനന്തരമുള്ള ജീവിതത്തിൽ യഹോവ

ക്കു് ഒരധികാരവുമുള്ളതായി അവർ ഗണിച്ചിരുന്നില്ല. പലകാലും രചിക്കപ്പെട്ടതെന്നു കരുതപ്പെടുന്ന ബൈബിളിലെ പഴയ നിയമപുസ്തകങ്ങൾ ഇപ്പോഴത്തെ രൂപം കൈക്കൊണ്ടതു ബി. സി. 350-ലാണു്.

കാനനൈററകാരും എബ്രായക്കാരും തമ്മിൽ പലപ്പോഴും കലഹിച്ചിരുന്നു. എങ്കിലും പ്രധാന ശത്രുക്കളായ ഫിലിസ്റ്റിൻ വർഗ്ഗക്കാരോടുള്ള വൈരം അവരെ ഏകീകരിച്ചു നിർത്തുവാൻ പ്രയോജനപ്പെട്ടു. ബി. സി. 11-ാം ശതകത്തിന്റെ അവസാനത്തിൽ അതായതു ബി. സി. 1000-ാമാണ്ടിനു മുമ്പു് അവർ ശത്രുക്കളുമായി സമരം ചെയ്യുവാനാരംഭിച്ചപ്പോൾ ദക്ഷിണദേശക്കാരനായ സാളിനെ അവർ രാജാവായി വാഴിച്ചു. ഭിന്നിച്ചുവർത്തിക്കുന്ന വർഗ്ഗക്കാരെ ഏകോപിപ്പിച്ചു, പൊരുതുന്നതു് അവരുടെ ഗുണത്തിന്നുതന്നെയാണെന്നു് അവരെ ഗ്രഹിപ്പിക്കുവാൻ സാൾ വല്ലാതെ കഷ്ടപ്പെട്ടു.

ശമുവൽ എന്ന പ്രവാചകൻ സാളിനെ ഇഷ്ടപ്പെട്ടിരുന്നില്ല, എന്നുതന്നെയല്ല വളൎന്നുവന്നുകൊണ്ടിരുന്ന സാളിന്റെ പ്രതാപത്തിൽ അദ്ദേഹം അസൂയാലുവായും ചമഞ്ഞു. സമാധാനകാലത്തു ശമുവലിന്റേയും ഒട്ടധികം വർഗ്ഗക്കാരുടേയും പിൻതാങ്ങോടുകൂടി ദാവിദ്, രാജാവായ സാളുമായി കലഹിക്കുകയാൽ അദ്ദേഹം രാജ്യഭ്രഷ്ടനാക്കപ്പെട്ടു. സാൾ ഫിലിസ്റ്റീൻകാരിൽനിന്നു തനിക്കു പററിയ അപജയവും സമരത്തിൽ പുത്രൻ നിര്യാതനായതുമോർത്തു സ്വഹസ്തങ്ങളാൽ തന്നെ മൃതിയടഞ്ഞു.

സാളിനെ അനുഗമിച്ചതു് അദ്ദേഹത്തിന്റെ ജാമാതാവും രാജ്യഭ്രഷ്ടനാക്കപ്പെട്ടവനുമായ ദാവീദാണു്. ഫിലസ്റ്റീൻകാർ അധീനമാക്കിയിരുന്ന നഗരികളെ ഒന്നൊന്നായി അദ്ദേഹം പിടിച്ചടക്കി. ദക്ഷിണദേശക്കാരുടെ സഹായത്തോടുകൂടി അദ്ദേഹം ജബൂസൈററ വർഗ്ഗക്കാരുടെ അധീനതയിലിരുന്ന യരുശലേം നഗരം പിടിച്ചടക്കി അതിനെ ഉത്തര

ദക്ഷിണ പ്രദേശങ്ങളുടെ തലസ്ഥാനമാക്കി പലസ്തീനിന്റെ അധികഭാഗത്തെയും ഏകഭരണത്തിൻകീഴിൽ നിർത്തി. അങ്ങനെ അദ്ദേഹത്തിന്റെ സമ്പൽസമൃദ്ധമായ ഭരണം എബ്രായ ചരിത്രത്തിൽ മഹനീയമായി ചമഞ്ഞു.

ഒരു മഹാധൈര്യശാലിയും കവിയുമായ ദാവീദിന്റെ വീര്യപരാക്രമങ്ങൾ തലമുറ തലമുറയായി പ്രകീർത്തനം ചെയ്യപ്പെട്ടു. എബ്രായവീരന്മാരിൽ വെച്ച് അഗ്രഗണ്യനും ജനരഞ്ജകനുമായ ഒരു ഭരണകർത്താവായിരുന്നു ഇദ്ദേഹം. സാളിനാൽ രാജ്യഭ്രഷ്ടനാക്കപ്പെട്ട് ഇദ്ദേഹം അയൽരാജ്യങ്ങളിൽ നിന്നു കപ്പം വാങ്ങിയാണ് കാലം കഴിച്ചുകൂട്ടിയതു്. കപ്പം ശരിക്കു കൊടുത്തിരുന്നവരെ ശത്രുക്കളിൽനിന്നു രക്ഷിക്കയും അല്ലാത്തവരുടെ രാജ്യങ്ങളെ ആക്രമിച്ചു കൊള്ളയടിക്കയും ചെയ്തിരുന്നു.

സാളിന്റെ പുത്രനും പ്രധാന സേനാനിയും ഹനിക്കപ്പെട്ടപ്പോൾ യാതൊരു പ്രതിബന്ധവും കൂടാതെ ദാവീദിനു രാജാസനം കൈവശമാക്കാൻ തരപ്പെട്ടു. അദ്ദേഹം യറൂശലേം തലസ്ഥാനമാക്കി അവിടെ ദൈവപീഠം സ്ഥാപിച്ചു. ഒരു ദേവാലയം നിർമ്മിപ്പാനുള്ള ഒരുക്കങ്ങളും ചെയ്തു. ബി. സി. 970 വരെ ദാവീദ് രാജ്യം ഭരിച്ചു. എന്നാൽ വാർദ്ധക്യകാലത്തു രാജ്യത്തു കലാപം ഉളവാകയും അതിൽ അദ്ദേഹത്തിന്റെ മകൻ മൃതിപ്പെടുകയും ചെയ്തു.

ദാവീദിനെ പിൻതുടർന്നതു ശലമോനാണ്. രാജ്യാവകാശികളായ അനേകം പേരെ വധിച്ചാണ് ശലമോൻ രാജാവായതു്. എബ്രായ രാജാക്കന്മാരുടെ ബഹുഭാര്യാത്വമാണ് രാജ്യാവകാശികൾ വളരെയുണ്ടാവാൻ കാരണം. രാജ്യഭരണത്തിൽ സമാധാനപരമായ നയമാണ് ഇദ്ദേഹം കൈക്കൊണ്ടതു്. വ്യാപാരം പോഷിപ്പിച്ചു. അന്യവർഗ്ഗങ്ങളിൽ നിന്നു വിവാഹം ചെയ്തും, സഖ്യത്തിൽ ഏർപ്പെട്ടും അദ്ദേഹം ബന്ധം പുലർത്തി. ടയറിലെ രാജാവുമായി യോജിച്ചു. ഒരു

വാണിജ്യക്കപ്പൽസേന ഇദ്ദേഹം പുലർത്തുകയും ഈജിപ്തും മററു പൌരസ്ത്യദേശങ്ങളുമായി വാണിജ്യം നടത്തി വരുകയും ചെയ്തു. ഇദ്ദേഹത്തിന് ആയിരത്തോളം ഭാര്യമാർ ഉണ്ടായിരുന്നു. ഇദ്ദേഹം ഒരു വിഷയാസക്തനായിരുന്നുവെന്നു കരുതപ്പെടുന്നു. രാജാവിന്റെ ഈ നയം പുരോഹിതന്മാരേയും പ്രവാചകന്മാരേയും അരിശംകൊള്ളിച്ചെങ്കിലും ദേവാലയങ്ങളും ബലിപീഠങ്ങളും മററുള്ളവരുടെ ആരാധനയ്ക്കു വേണ്ടിയുള്ളവയായിട്ടാണ് രാജാവ് കരുതിയത്. ഇദ്ദേഹമാണ് യഹോവയുടെ ആരാധനയ്ക്കുള്ള ആദ്യത്തെ ദേവാലയം നിർമ്മിച്ചത്. ഇദ്ദേഹത്തിനെ ഒരു മഹാജ്ഞാനിയായി കീർത്തിക്കുന്നുണ്ട്. എന്നാൽ അതിയായ വിഷയാസക്തിയും അസഹ്യമായ നികുതീപിരിവും മററും നോക്കുമ്പോൾ ഈ പ്രശസ്തി മിഥ്യയാണെന്നു തോന്നിപ്പോകുന്നു. ഈ നികുതിഭാരമാണ് ഇദ്ദേഹത്തിന്റെ മകനായ റിഹോബോമിന്റെ ഭരണകാലത്തു ബി. സി. 930-ൽ ഉത്തരദേശത്തിലെ ദശഗോത്രക്കാരെ ഭിന്നിച്ചുപോകുവാൻ നിർബ്ബന്ധിച്ചതു്. ഈ ഉത്തരദേശക്കാർ ഇസ്രയിൽ എന്ന പേരോടുകൂടി സമേറിയയെ തലസ്ഥാനമാക്കി വസിച്ചു. ദക്ഷിണദേശക്കാരായ രണ്ടു ഗോത്രക്കാർ യരുശലേമിനെ തലസ്ഥാനമാക്കി യൂദിയയിലും വാണു. യൂദിയയേക്കാൾ ഫലപുഷ്ടിയുള്ളതായിരുന്നു ഇസ്രയിൽ. അതു ജനനിബിഡവും വാണിജ്യത്തിനു കീർത്തിപ്പെട്ടതും ഐശ്വര്യാഭിവൃദ്ധിയുള്ളതുമായ നഗരങ്ങളാൽ പരിലസിച്ചിരുന്നു. യൂദിയയാകട്ടെ മേച്ചിൽക്കാരായ ജനങ്ങളുടെ വാസഭൂമിയായിരുന്നു. നിത്യവൃത്തിക്കുതന്നെ അവർ നന്നേ കഷ്ടപ്പെട്ടിരുന്നു. ഉത്തരദേശത്തെ ഐശ്വര്യസമൃദ്ധി കണ്ടു് ബി. സി. 722-ൽ അസീറിയക്കാർ അവിടെ ആക്രമണത്തിനു് ഒരുങ്ങി. ക്ഷയിച്ചു കിടന്നിരുന്ന യൂദരാജ്യമാകട്ടെ ബി. സി. 586 വരെയേ നിലനിന്നുള്ളു. ഇക്കാലത്തു നെ

ബുക്കഡ്നെസ്സർ യെരുസലേം നശിപ്പിച്ചു യഹൂദജനതയെ ബന്ധിച്ചു ബാബിലോണിലേക്കു കൊണ്ടുപോയി.

കൽദായസാമ്രാജ്യത്തെ പേർഷ്യൻ ചക്രവർത്തിയായ സൈറസ്സ് നശിപ്പിച്ചപ്പോൾ അദ്ദേഹം ഈ ബാബിലോണിയൻ തടവുകാരെ സെറുബബൽ എന്ന നായകന്റെ മേൽനോട്ടത്തിൽ സ്വദേശത്തേയ്ക്കു തിരിച്ചയച്ചു. അവിടന്നു 17 കൊല്ലം കഴിഞ്ഞപ്പോൾ അവർ രണ്ടാമതും തങ്ങളുടെ ദേവാലയം പുതുക്കിപ്പണിയുവാൻ ആരംഭിച്ചു. അഞ്ചു കൊല്ലം കൊണ്ടു് അതു പൂർത്തിയായി. പിന്നത്തെ ഒരു നൂററാണ്ടുകാലം അവർ ഉയിരും ഉണർവ്വും ഉല്ലാതെയാണു് കഴിഞ്ഞുകൂടിയതു്. അതിനുശേഷം എസ്രയും നെഹീമയും ആണു് അവരെ അലസതയിൽനിന്നു ഉണർത്തിയതു്. പിന്നത്തെ ലോകചരിത്രത്തിൽ അവർ എതിരുമതിരുമില്ലാത്ത സ്വാധീനത നേടി. ബാബിലോണിൽനിന്നു തിരിച്ചെത്തിയതിനുശേഷം ജൂതന്മാർ ദേവാലയനിർമ്മാണത്തിൽ ബദ്ധശ്രദ്ധരായി. അപ്പോൾ മററു ചിലർ അവരുടെ മതഗ്രന്ഥങ്ങളെ പകർത്തെഴുതുന്നതിലും ചിലതിനെ കൂട്ടിച്ചേർക്കുന്നതിലും ഏർപ്പെട്ടു. ഇങ്ങനെ ക്രോഡീകരിക്കപ്പെട്ട പഴയ നിയമമതഗ്രന്ഥവുമേന്തി 17000 അനുചരന്മാരോടുകൂടി എസ്രയും നെഹിമയും യരുശലേമിലേക്കു ചെന്നു. ബി. സി. 44-ൽ അവർ എബ്രായക്കാരുടെ ഒരു മഹായോഗം വിളിച്ചുകൂട്ടി. അതിൽ വെച്ചു വേദഗ്രന്ഥത്തിലെ നിയമങ്ങളെ അനുസരിച്ചു നടന്നുകൊള്ളാമെന്നു് അവരെല്ലാം സത്യപ്രതിജ്ഞ ചെയ്കയും ചെയ്തു.

ഇതിനെത്തുടർന്നു മതപ്രധാനന്മാരും മതഗ്രന്ഥങ്ങളുടെ പൊരുൾതിരിക്കുന്നവരുമായ ഒരു വർഗ്ഗക്കാർ ആവിർഭവിച്ചു. അവരാണു് സ്ക്രൈബ്സ്, എന്നു പറയപ്പെടുന്നവർ. മതപരമായ നികുതി കൊടുത്തുവന്ന ചിലർ പുരോഹിതന്മാരായി. എന്നാൽ ഈ പൌരോഹിത്യസൃഷ്ടി പൊതുജനഗുണത്തിന്നു്

അനുകൂലമല്ലായിരുന്നു. ഈ പുരോഹിതന്മാർ സമ്പന്നന്മാരായ ഒരു വർഗ്ഗമായി തീരുകയാണു് ചെയ്തതു്. ഇവരെ സാധൂസീസ്സ് എന്നു പറഞ്ഞു വരുന്നു.

അലക്സാന്തരുടെ ആക്രമണങ്ങൾ യൂദിയായെ യവനസംസ്കാരത്തിന്റെ പരിധിയിൽ പെടുത്തി. എന്നാൽ സ്ക്രൈബ്സ് വർഗ്ഗക്കാർ അനുകൂലിക്കായ്കയാൽ അതു യവനസംസ്കാരത്തിൽ ലയിച്ചില്ല. ഇതിനും പുറമെ ബി. സി. 165-ൽ ആൻറിയോക്കസ് സിപിഫെനിസ് ജൂതമതത്തെ പാടേ നശിപ്പിപ്പാൻ പരിശ്രമിച്ചു. ഈ പരിശ്രമം എബ്രായക്കാരെ ജൂഡാസ്സ് മാക്കാബിയസ്സ് എന്നാളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും, അവർ എസ്രയാൽ നിർമ്മിതമായ ആ പഴയ നിയമത്തിനുവേണ്ടി കലഹിക്കുകയും ചെയ്തു. ആൻറിയോക്കസ്സ് പരാജിതനായി. അതോടുകൂടി യവനസംസ്കാരത്തിന്റെ യൂദയിലുള്ള സ്വാധീനശക്തി പാടെ നശിച്ചു. ഈ കലാപത്തിന്റെ അന്തത്തിൽ യഹൂദമതം ഒരു നിയമപദ്ധതിയായി വേരുറച്ചു. റാബീസ് എന്ന ഗുരുക്കന്മാരാണു് ഇതിൽ കൈകാര്യം നടത്തിത്തുടങ്ങിയതു്.

ബി. സി. 63-ൽ പോംപി ജൂദയിൽ എത്തിച്ചേർന്നപ്പോൾ യഹൂദന്മാർക്കു റോമുമായി സമ്പർക്കത്തിന്നു തരമായി. ആദ്യം അവർ റോമാസാമ്രാജ്യത്തിൽ ഒരു വിഭാഗമായി ചേർന്നില്ല. യഹൂദിയൻ ഭരണം ഒരു ഇടുമിയൻപ്രധാനിയായ ഹെറോദിനെ ഏല്പിച്ചു. റോമിനോടു സ്നേഹവിശ്വാസത്തോടെ പെരുമാറിയിരുന്ന കാലത്തോളം അദ്ദേഹം സ്വാതന്ത്ര്യത്തോടുകൂടിത്തന്നെ ഭരണം നടത്തി. ക്രിസ്തുവിന്റെ ജനനകാലത്തോടുകൂടി അദ്ദേഹത്തിന്റെ ഭരണവും അവസാനിച്ചു. അദ്ദേഹത്തെ പിൻതുടർന്നു വന്നവർ പ്രാപ്തിയില്ലാത്തവരായിരുന്നതിനാൽ അവരെ സ്ഥാനഭ്രഷ്ടരാക്കി. യേശു ക്രൂശിക്കപ്പെട്ട കാലത്തു റോമിന്റെ അധീശത്വം വഹിച്ചു. ഹെറട്ട് ആൻറിപ്പാസ് ഗലീലിയയും പോൺടിയസ്സ് പൈ-

ലറവ യഹൂദയും ഭൂണ്ട് ഭരിച്ചിരുന്നതു്. പിന്നെ 41 കൊല്ലം കഴിഞ്ഞപ്പോൾ എ. ഡി. 70-ൽ ടൈററസിനാൽ യരൂശലം നശിപ്പിക്കപ്പെട്ടു. അതോടെ യഹൂദരാജ്യത്തിൻെറ ചരിത്രവും നിലച്ചു.

നാടോടികളായി വർത്തിച്ചിരുന്ന എബ്രായക്കാർ അന്യശക്തികൾക്ക സദാ വിധേയരായിരുന്നിട്ടും ദൈവവീക്ഷണത്തിൽ ഇത്രയധികം പ്രബലരായി ചമഞ്ഞതെങ്ങനെ എന്ന സംഗതി ഇന്നും അജ്ഞാതമായിട്ടാണിരിക്കുന്നതു്. അവരുടെ ദൈവങ്ങളും, ആരാധനാരീതികളും ആദിമദശയിൽ ഇതരവർഗ്ഗക്കാരുടേതിൽനിന്നു വ്യത്യസ്തങ്ങളായിരുന്നില്ല. ഈ ആരാധനാസമ്പ്രദായങ്ങളിൽ അധികവും അവർ നിവസിച്ചിരുന്ന രാജ്യത്തിലെ ആദിമനിവാസികളിൽനിന്നു കൈക്കൊണ്ടതായിരിക്കണം. ദൈവങ്ങളുടെ ആവാസസ്ഥാനങ്ങളായി ചില ശിലകളേയും വൃക്ഷങ്ങളേയും കരുതിപ്പോന്നു. അവ അവർക്കു പവിത്രങ്ങളുമായിത്തീർന്നു. ജലം ജീവപ്രദായകമാണെന്നു കരുതി ആദ്യേകുപലങ്ങളിൽ അവർ ആരാധിച്ചിരുന്നു. മരണാനന്തരജീവിതം അധോലോകത്തിലെ ഇരുട്ടടഞ്ഞ സ്ഥാനങ്ങളിലാണെന്നു കരുതുകയാൽ മൃതശരീരങ്ങളെ കുഴിച്ചിടുന്നതു കാര്യമായി ഗണിച്ചിരുന്നു. അതോടൊപ്പം എബ്രായക്കാർ ബാബിലോൺ ജനതയുടെ ക്ഷുദ്രാചാരങ്ങളെ വെറുത്തുമിരുന്നു.

എബ്രായക്കാരുടെ മതത്തിനു പിൽക്കാലത്തു ഏക ദൈവവിശ്വാസം ഉളവായി. മനുഷ്യസഹജമായ വീഴ്ചകളില്ലാത്ത ഏക ദൈവം യഹോവാ മാത്രമാണെന്നു വിശ്വസിക്കപ്പെട്ടു. ദൈവത്തിൻെറ ഈ ഗുണം പിന്നീടു് ആവിർഭവിച്ച പ്രവാചകന്മാരാലും ജനങ്ങളോടു് ഉപദേശിക്കപ്പെട്ടു.

———o———

## 51. ക്രിസ്തുവും അദ്ദേഹത്തിൻെറ ഉപദേശവും

ക്രിസ്തുമതസ്ഥാപകനായ യേശുക്രിസ്തു ബി. സി. 4-ാം വഷത്തിൽ യൂദാവിലെ ബെത്ലഹം എന്ന കുഗ്രാമത്തിൽ ജനിച്ചു. അമ്മ യൂദാഗോത്രത്തിലെ മറിയം എന്ന കന്യകയും, അച്ഛൻ യൂദരുടെ രാജാവായിരുന്ന ദാവീദിൻെറ വംശജനും തൊഴിൽകൊണ്ടു ഒരു തച്ചനുമായ ജോസഫും ആയിരുന്നു. രാജ്യവാസികളായ സവ്വക്കും നികുതി ചുമത്തണമെന്നു രാജവിളംബരമുണ്ടായപ്പോൾ ജോസഫിനും മറിയത്തിനും തങ്ങൾ പാത്തിരുന്ന നസ്രേത്തിൽനിന്നു സ്വദേശമായ ബെത്ലഹേമിലേക്കു പോകേണ്ടിവന്നു. ഈ കാരണത്താൽ തന്നെ നിരവധി ജനങ്ങൾ ബെത്ലഹേമിൽ ചെന്നുചേന്നിരുന്നു. ജോസഫിനും മറിയത്തിനും സ്വന്തം വീടില്ലായിരുന്നതിനാൽ മററുള്ളവരെപ്പോലെ ബെത്ലഹേമിലുള്ള സത്രത്തെത്തന്നെ അവലംബിക്കേണ്ടതായി വന്നു. എന്നാൽ കാലേക്കൂട്ടിവന്ന ജനങ്ങൾ സത്രത്തിൽ തിങ്ങിക്കൂടിയിരുന്നതിനാൽ അവക്ക് അകത്തു കടക്കുവാൻ തരമാകാതെ ഒരു തൊഴുത്തിൽ പാക്കേണ്ടതായി വന്നു. പൂണ്ണഗഭയായിരുന്ന മറിയം സത്രത്തൊഴുത്തിലെ പുൽത്തൊട്ടിയിൽ കിടന്നു പ്രസവിച്ചു. ആ ശിശുവാണ് ക്രിസ്തു.

ജനനദിവസം രാത്രി അടുത്ത വയലുകളിൽ ആടുകളെ കാത്തു കിടന്നിരുന്ന ചില ഇടയന്മാരുടെ മുമ്പിൽ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അവരുടെ രക്ഷിതാവായ യേശു ജനിച്ചിരിക്കുന്നുവെന്ന് അരുളിച്ചെയ്തു. ഇടയന്മാർ ആ ശിശുവിനെ ചെന്നു ദശിച്ചു വന്ദിച്ചുപോരികയും ചെയ്തു.

എട്ടാം ദിവസം ശിശുവിന്നു യഹൂദാചാരപ്രകാരമുള്ള ചേലാകമ്മം മാതാപിതാക്കന്മാർ നിവ്വഹിച്ചു. പൂവ്വദേശങ്ങളിലെ ചില ജ്ഞാനികൾ ക്രിസ്തുവിൻെറ ജനനവൃത്താന്തമറിഞ്ഞ് അദ്ദേഹത്തെ ചെന്നു ദശിക്കുകയും, രാജോചിതമാ

യ തിരുമുൽക്കാഴ്ചകൾ സമൎപ്പിച്ചു വന്ദിച്ചു മടങ്ങിപ്പോവുകയുമുണ്ടായി.

അക്കാലത്തു ടൈബീരിയസ്സ് ആയിരുന്നു റോമാ ചക്രവൎത്തി. അദ്ദേഹത്തിന്റെ പ്രതിപുരുഷനായ ഹെറോദാണു് യൂദാരാജ്യം ഭരിച്ചിരുന്നതു്. ഒരു പുതിയ രാജാവു് ജനിച്ചിട്ടുണ്ടെന്നു കേട്ടു സ്വസ്ഥാനത്തിനു നഷ്ടം സംഭവിച്ചേക്കുമോ എന്നു ഭയന്നു ഹെറോദ് ഏതുവിധവും ക്രിസ്തുവിനെ വധിക്കണമെന്നുറച്ചു ബെത്‌ലഹേമിലും പരിസരങ്ങളിലും രണ്ടു വയസ്സിനുള്ളിലുള്ള എല്ലാ ശിശുക്കളേയും കൊന്നുകളയുവാൻ കല്പിച്ചു. ദൈവഗത്യാ ജോസഫ് ഈ കല്പനയറിഞ്ഞു് അന്നുതന്നെ ശിശുവിനേയും മറിയത്തിനേയും കൂട്ടി ബത്‌ലഹേമിൽനിന്നു ഈജിപ്തിലേക്കു മാറിക്കളഞ്ഞു. പിന്നെ ഹെറോദ്‌രാജാവു് മരിച്ച ശേഷമേ അവർ മടങ്ങിയുള്ളു.

ഇതിനുശേഷം ഒരു പന്തീരാണ്ടുകാലം ക്രിസ്തുവിന്റെ ജീവിതത്തെപ്പററി യാതൊരു അറിവുമില്ല. പന്ത്രണ്ടാമത്തെ വയസ്സിൽ മാതാപിതാക്കന്മാർ അദ്ദേഹത്തെ യരുശലേം ദേവാലയത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ചെന്നു ചേൎന്നതിനുശേഷം അദ്ദേഹത്തെ എവിടെയെല്ലാമൊ തിരഞ്ഞിട്ടും മൂന്നു ദിവസത്തേക്കു കണ്ടുകിട്ടിയില്ല. നാലാം ദിവസം അദ്ദേഹം ദേവാലയത്തിൽ വിദ്വജ്ജനങ്ങളുമായി ഓരോ വിഷയത്തെക്കുറിച്ചു വിവദിച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു.

അതിൽപിന്നീടു ക്രിസ്തുവിന്റെ പതിനെട്ടു കൊല്ലത്തെ ജീവിതത്തെപ്പററി ഒന്നുംതന്നെ ആൎക്കും അറിഞ്ഞുകൂടാ. അത്രയുംകാലം അദ്ദേഹം ആശാരിപ്പണിയിലേൎപ്പെട്ട പിതാവിനെ സഹായിച്ചിരുന്നുവെന്നാണു് കരുതപ്പെടുന്നതു്. മുപ്പതു വയസ്സായപ്പോൾ അദ്ദേഹം ജ്ഞാനസ്നാപകനായ യോഹന്നാനിൽനിന്നു യോൎദ്ദാൻ നദിയിൽ ജ്ഞാനസ്നാനം ഏററു; രക്ഷിതാവെന്നു് അദ്ദേഹം സംബോധനം ചെയ്യപ്പെട്ടു; പി

ന്നെ പൊതുജനങ്ങളോടു പ്രഘോഷണം ചെയ്യുവാൻ മുതിന്നു. അനന്തരം അദ്ദേഹം മരുഭൂമിയുടെ ഏകാന്തതയിൽ ചെന്നു നാല്പതു ദിവസം ഉപവസിച്ചു ധ്യാനനിരതനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അക്കാലത്താണു് പിശാചു് അദ്ദേഹത്തെ പരീക്ഷിച്ചതു്. അതിൽ അദ്ദേഹം വിജയിക്കതന്നെ ചെയ്തു.

ധ്യാനത്തിനുശേഷമാണു് ക്രിസ്തു ശിഷ്യന്മാരെ വിളിച്ചുകൂട്ടുവാനും, ജനങ്ങളോടു ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിക്കുവാനും, അത്ഭുതകർമ്മങ്ങൾ കാട്ടുവാനും ആരംഭിച്ചതു്.

ക്രിസ്തു തന്റെ പൊതുസേവനകാലത്തു പല അത്ഭുതകൃത്യങ്ങളും ചെയ്കയുണ്ടായി. ആദ്യമായി അദ്ദേഹം മാതാവുമൊത്തു ഗലീലിയയിലെ കാനായിൽ ഒരു ബന്ധുഗൃഹത്തിൽ വിവാഹത്തിനു പോയി. വിരുന്നുകാർക്കു നല്കുവാൻ സംഭരിച്ചുവെച്ചിരുന്ന വീഞ്ഞു മതിയാവാതെ വരികയാൽ ഗൃഹസ്ഥൻ വിഷമിച്ചു. അപ്പോൾ ക്രിസ്തു അമ്മയുടെ അപേക്ഷയനുസരിച്ചു പാത്രങ്ങളിൽ പകർന്നു വെച്ചിരുന്ന വെള്ളം തന്റെ ദിവ്യശക്തിയാൽ വീഞ്ഞാക്കിച്ചെയ്തു. പെസഹാദിനത്തിൽ യരുശലേം ദേവാലയത്തിൽവെച്ചു കച്ചവടംചെയ്തിരുന്ന വണിക്കുകളെ ആട്ടിഓടിച്ചു. കപ്പർനഹോമിലെ ഒരു ധനികന്റെ മകനെ ആജ്ഞാമാത്രത്താൽ രോഗമുക്തനാക്കി. കുഡുംബത്തിന്റെ എളിയ സ്ഥിതിയോർത്തു നസറത്തിലെ ജനങ്ങൾ ക്രിസ്തുവിനെ അവജ്ഞയോടുകൂടിയാണു് സ്വീകരിച്ചതു്. പന്ത്രണ്ടു ശിഷ്യന്മാരെ വിളിച്ചുകൂട്ടി. പർവ്വതപ്രസംഗം ചെയ്തു ജനങ്ങൾക്കു് ജ്ഞാനമുപദേശിച്ചു. ഒരു സേനാനിയുടെ മകനെ സുഖപ്പെടുത്തി. നെയിനിൽവെച്ചു ഒരു വിധവയുടെ മരിച്ച പുത്രനെ ഉയിർത്തെഴുന്നേല്പിച്ചു. ബെഥ്സെയ്ദാ തടാകതീരത്തിൽവെച്ചു ഒരുവനു രോഗശാന്തിവരുത്തി. അഞ്ചപ്പവും രണ്ടു മീനുംകൊണ്ടു അയ്യായിരം ജനങ്ങളെ മൃഷ്ടമായി ഭുജിപ്പിച്ചു. ഗന്നിസാരത്തിലെ കടലിലുണ്ടായ കൊടുങ്കാററിനേയും

കോളിനേയും ശാസിച്ചു ശാന്തമാക്കി. ഒരു സൈനോഫിനീഷ്യൻ സ്ത്രീയുടെ മകളുടെ ഭൂതബാധ ഒഴിപ്പിച്ചു. മലമുകളിൽവെച്ചു മറുരൂപം കൈക്കൊണ്ടു. ബെതനിയിൽവെച്ചു ലാസറസ്സിനെ മരണത്തിൽനിന്നു ഉയൎത്തെഴുന്നേല്പിച്ചു. ആ സ്ഥലത്തുവെച്ചുതന്നെ അന്ധനായ ലാസറസ്സിനു കാഴ്ച നല്കി. യരുശലേം ദേവാലയത്തിൽ അധികാരത്തോടും ആഡംബരത്തോടുംകൂടി പ്രവേശിച്ചു. ശിഷ്യരെ കാൽ കഴുകി അന്ത്യമായ ഊട്ടു് കഴിപ്പിച്ചു. ഗത്‌സമനി തോട്ടത്തിൽവെച്ചു കഷ്ടതകൾ അനുഭവിച്ചു. ശിഷ്യരിൽ ഒരുവൻ ഒററിക്കൊടുത്തു. പീലാത്തോസ്സു് വിചാരണചെയ്തു. ഗോൽഗോത്തായിൽ വെച്ചു ക്രൂശിക്കപ്പെട്ടു.

ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ മൃതശരീരം കുരിശിൽനിന്നിറക്കി നവമായ ഒരു കല്ലറയിൽ അടക്കംചെയ്തതു് അരമെരിക്കാരനായ യോസഫ് ആണു്. ആ കല്ലറയ്ക്കു യഹൂദപ്പട്ടാളം കാവൽ നിന്നു. അവിടന്നു മൂന്നു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ഉയൎത്തെഴുന്നേററു ശിഷ്യൎക്കും മററുള്ളവൎക്കും ദൎശനം നല്കി. അവിടന്നു നാല്പതാംദിവസം ഒലിവപൎവ്വതത്തിന്മേൽവെച്ചു ശിഷ്യന്മാർ കണ്ടുനില്ക്കെ അദ്ദേഹം സ്വൎഗ്ഗത്തിലേക്കുയൎന്നു അദൃശ്യനായി. പൊതുജനസേവനകാലമായ മൂന്നു കൊല്ലംകൊണ്ടാണു് യേശുക്രിസ്തു ഈ കൃത്യങ്ങളെല്ലാം നിൎവ്വഹിച്ചതു്.

ക്രിസ്തുമതം ഉത്ഭവിച്ചതു യഹൂദരുടെ രാജ്യത്താണു്. ക്രിസ്തുവിന്റെ മതപ്രസംഗങ്ങൾ ശ്രവിപ്പാൻ എല്ലാ സ്ഥലത്തും പുരുഷാരം തടിച്ചുകൂടിയിരുന്നു. യഹൂദന്മാരുടെ പുരാതന മതതത്വങ്ങളെപ്പററിത്തന്നെയാണു് അദ്ദേഹം പ്രതിപാദിച്ചതു്. അതു ബാഹ്യകൎമ്മങ്ങളെക്കൊണ്ടു ദുഷിച്ചുപോയിരിക്കുന്നതിനെ അദ്ദേഹം അവൎക്കെടുത്തു കാണിച്ചുകൊടുത്തു. അതിൽ ലയിച്ചിരുന്ന വൎഗ്ഗീയവാദങ്ങളെ അധിക്ഷേപിച്ചു. തൽസ്ഥാനത്തു എളിമയും സ്നേഹവും വേണമെന്നു അദ്ദേഹം

ഉപദേശിച്ചു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക; നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക; നിങ്ങളെ വെറുക്കുന്നവൎക്കു നന്മചെയ്യുക, നിങ്ങളെ അധിക്ഷേപിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നവരുടെ നന്മയ്ക്കായി പ്രാൎത്ഥിക്കുക—എന്നെല്ലാം അദ്ദേഹം ശ്രോതാക്കളെ ഉൽബോധിപ്പിച്ചു.

നിൎഭയനും, കണ്ടതു തുറന്നുപറയുന്നവനും ജനങ്ങളുടെ മുമ്പിൽവെച്ചുതന്നെ അവരുടെ നേതാക്കളെ അധിക്ഷേപിക്കുന്നതിനു സങ്കോചമില്ലാത്തവനുമായിരുന്നു ക്രിസ്തു. ഇന്ദ്രിയങ്ങളെ കീഴടക്കിനിൎത്തുക; രാഗദ്വേഷങ്ങളിൽനിന്നെല്ലാം അകന്നു നില്ക്കുക; ഏകമായ സത്യത്തിൽ പരിപൂൎണ്ണമായ വിശ്വാസത്തോടെ മനസ്സുറപ്പിക്കുക; തന്നെപ്പോലെതന്നെ സൎവ്വജീവികളേയും കാണുക; നിൎമ്മലനും ആശാരഹിതനുമായിരിക്കുക; ആത്മവിശ്വാസത്തോടെ യജ്ഞാൎത്ഥകൎമ്മങ്ങളിൽ ഏൎപ്പെടുക. എന്നാൽ സൎവ്വം കൈവരും എന്നാണു് അദ്ദേഹം ജനങ്ങളോടു് ഉപദേശിച്ചതു്.

———o———

## 52. വിശുദ്ധ: പൌലൂസ്സും പത്രോസ്സും

ക്രിസ്തുമതം സംസ്ഥാപിതമായതു രാജ്യചരിത്രത്തിൽ ആകസ്മികമായ ഒന്നായിട്ടേ കരുതേണ്ടിയിരുന്നുള്ളു. എന്നാൽ അതിനു വിചാരിച്ചതിലും അധികം വൎദ്ധിക്കുവാൻ ഇടവന്നു. അക്കാലത്തു റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും യഹൂദന്മാർ ചിന്നിച്ചിതറി വ്യാപിച്ചിരുന്നു. ആ പ്രദേശങ്ങളിലെല്ലാം അവരുടെ മതവും പ്രചരിച്ചിരുന്നു. ക്രിസ്തുവിന്റെ ആദ്യശിഷ്യന്മാരെല്ലാം സാധാരണക്കാരായിരുന്നുവെങ്കിലും അവൎക്കു തങ്ങളുടെ ഗുരുദേവനിലുള്ള വിശ്വാസവും ഭക്തിയുംമൂലം അവരിലെല്ലാം അനുകമ്പ ജനിപ്പിച്ചു. ചിന്നിച്ചിതറി പോയിരുന്ന യഹൂദന്മാരിൽ ആരെല്ലാം ആ മതംകൊണ്ടു തൃപ്തിപ്പെട്ടില്ലയോ അവരെയെല്ലാം ക്രിസ്തുമത

ത്തിലേക്കു പരിവർത്തനം ചെയ്യിച്ചു. അങ്ങനെ പ്രവർത്തിപ്പാൻ തക്ക കണ്ണും കരളും ഉള്ള രണ്ടു ശിഷ്യപ്രധാനികൾ വിശുദ്ധന്മാരായ പൌലൂസ്സും പത്രോസ്സുമായിരുന്നു.

ക്രിസ്തുവിൻെറ പിൽക്കാലത്തും ജൂതന്മാരുടെ ഇടയിൽ ഒരു ചെറിയ സംഘക്കാർ മാത്രമായിരുന്നു ക്രിസ്തുമതക്കാർ. എന്നാൽ ആ മതത്തിലെ തത്വങ്ങൾ സകലരും ഗ്രഹിക്കേണ്ടതാണെന്നും, അതു മനുഷ്യവർഗ്ഗത്തിനെല്ലാം സ്നേഹമാകുന്ന പീയൂഷത്തെ വാരിക്കൊടുക്കുന്ന ഒന്നാണെന്നും, യഹൂദമതത്തിലെ ഏകദൈവസിദ്ധാന്തത്തെത്തന്നെയാണു് ക്രിസ്തുമതവും കൈക്കൊണ്ടിരിക്കുന്നതു് എന്നും ലോകരെ ഗ്രഹിപ്പിക്കുവാൻ ഏഷ്യാമൈനറിൻെറ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ടാർസസ്സിലെ സാൾ എന്ന മഹാൻ മുന്നിട്ടു പുറപ്പെട്ടു. ക്രിസ്തുവിൻെറ ശിഷ്യരിൽ ഒരുവനായ ഇദ്ദേഹത്തെ വിശുദ്ധ പൌലൂസ്സ് എന്നാണു ജനങ്ങൾ വിളിച്ചുവന്നതു്. ഇദ്ദേഹത്തിൻെറ മാതാപിതാക്കൾ യഹൂദവർഗ്ഗത്തിലുൾപ്പെട്ടവർതന്നെ. ജനിച്ച സ്ഥലം റോമാസാമ്രാജ്യത്തിലുൾപ്പെട്ടതായിരുന്നതുകൊണ്ടു് ഇദ്ദേഹവും റോമാസാമ്രാജ്യത്തിലെ ഒരു പൌരനായിതീൎന്നു. ചെറുപ്പത്തിൽ ജൂതക്കാവശ്യമായ വിദ്യകളെല്ലാം അഭ്യസിച്ചശേഷം യഹൂദഗുരുവായ ഗാമേലിയൻെറ ശിക്ഷണത്തിലിരുന്നു കുറേക്കൂടി വൈദഗ്ദ്ധ്യം നേടുവാൻവേണ്ടി അദ്ദേഹം യരുശലേമിലേക്കു പുറപ്പെട്ടു. പിന്നെ അദ്ദേഹം പരീശവർഗ്ഗക്കാരുമായി ഒത്തു ക്രിസ്ത്യാനികളെ കണ്ടേടം വെച്ചു ദ്രോഹിപ്പാൻ തുടങ്ങി. യരുശലേമിന്നകത്തും പുറത്തുമുള്ള ക്രിസ്ത്യാനികളെ മർദ്ദിക്കുന്നതിനു വേണ്ട സഹായങ്ങൾ യഹൂദരുടെ മഹായോഗത്തിൽനിന്നും അദ്ദേഹത്തിനു ലഭിച്ചു. സ്തീഫനെ കല്ലെറിഞ്ഞു കൊന്നതിലും ഇദ്ദേഹത്തിനു് ഒരു പങ്കുണ്ടു്. ഒരിക്കൽ ഇദ്ദേഹം ഡമാസ്കസിലേക്കു പോകുമ്പോൾ ഒരു ഇടിവാൾ വെട്ടിയെന്നും, അതോടെ ഇദ്ദേഹം അന്ധനായി ചമഞ്ഞുവെന്നും പറയപ്പെടുന്നു. അതി

കന്നതുടൻ ഒരശരീരിയും കേൾക്കാറായി. "ശൗലെ നീ
എന്തിനാണ് എന്നെ ദ്രോഹിക്കന്നതു്" എന്നു്. അതിനുത്ത
രമായി "ആരാണ് ആ ചോദിക്കന്നതു്" എന്നു് ഇദ്ദേഹവും
ചോദിച്ചു. "നീ ദ്രോഹിക്കന്ന യേശുതന്നെയാണ് ഞാൻ"
എന്നായിരുന്നു ശൗലിന്നു കിട്ടിയ മറുപടി. ഈ കഥ എങ്ങ
നെയുമിരിക്കട്ടെ. ചെറുപ്പംതൊട്ടു് അദ്ദേഹം അന്നേവരെ
ഗ്രഹിച്ചുവെച്ചിരുന്നതും കൈക്കൊണ്ടിരുന്നതുമായ ആ വി
ശ്വാസത്തിനു വിരുദ്ധമായ മതതത്വം പ്രചരിപ്പിച്ചിരുന്ന
വരെ വീറോടെ എതിർത്തു ഉപദ്രവിച്ചിരുന്ന അദ്ദേഹത്തിനു
പൊടുന്നനവെ—അതു ദൈവത്തിന്റെ അരുളപ്പാടുകൊണ്ടോ
ദിവ്യവചസ്സുകൊണ്ടോ ആയിക്കൊള്ളട്ടെ—ഒരു മാററം സം
ഭവിച്ചു. അന്നുതൊട്ടദ്ദേഹം ക്രിസ്തുമതപ്രമാണങ്ങളിൽ വി
ശ്വസിച്ചു തുടങ്ങുകയും ഒരു ക്രിസ്ത്യാനിയാവുകയും ചെയ്തു.
അന്നു മുതല്ക്കാണ് അദ്ദേഹത്തിനു പൌലൂസ്സെന്ന അഭിധാനം
സിദ്ധിച്ചതു്. ക്രിസ്തുവിന്റെ ശിഷ്യത്വം വഹിക്കുകയും ഗുരു
ദേവനിൽ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തിരുന്ന അദ്ദേ
ഹത്തിനു സകല പ്രതിബന്ധങ്ങളേയും ജയിപ്പാൻ തരപ്പെട്ടു.
അറേബിയ, സിറിയ, ഏഷ്യാമൈനർ, ഗ്രീസ്സ്, മദ്ധ്യധര
ണ്യാഴിയിലെ ദ്വീപങ്ങൾ എന്നീ പ്രദേശങ്ങളെല്ലാം അദ്ദേ
ഹത്തിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെട്ടിരുന്നു. മാ
സിഡോണിയയിലെ ഫിലിപ്പിയിലും കൊറിന്തു്, ഗ
ലേഷ്യ, തെസ്സലോണിക്ക എന്നിവടങ്ങളിലുമുള്ള ക്രിസ്തീ
യ സംഘങ്ങൾ ഇദ്ദേഹത്താൽ സ്ഥാപിതങ്ങളാണ്.
ഈ ക്രിസ്തീയസംഘങ്ങൾക്കും ഗ്രീസിലെയും ഏഷ്യാമൈനറി
ലെയും സംഘങ്ങൾക്കും അദ്ദേഹം ലേഖനങ്ങൾ എഴുതീട്ടു
ണ്ടു്. അവിശ്വാസികളെ സംഘത്തിൽ ചേർക്കുകയാൽ യഹൂ
ദന്മാരുടെ ഈർഷ്യയ്ക്കദ്ദേഹം പാത്രമായി. അവർ അദ്ദേഹ
ത്തെ മതദ്വേഷിയായി കരുതി. അതൊന്നും കൂട്ടാക്കാതെ
അദ്ദേഹം യരുശലേമിലേക്കു പുറപ്പെട്ടു. അവിടെ വെച്ചദ്ദേ

ഹം ബന്ധിക്കപ്പെടുകയും, സിസിലിയിലേക്കു കൊണ്ടുപോയി അവിടത്തെ റോമൻഭരണാധികാരികളായ ഫിസ്റ്റസ്സിന്റെയും ഫിലിക്സിന്റെയും ആജ്ഞയനുസരിച്ചു് തുറുങ്കിൽ പാർപ്പിക്കപ്പെടുകയും ചെയ്തു. റോമസാമ്രാജ്യത്തിലെ പൌരൻ എന്ന നിലയ്ക്കു് അദ്ദേഹം റോമചക്രവർത്തിക്കു് ആവലാതി ബോധിപ്പിച്ചു, അങ്ങനെ എ. ഡി. 62-ൽ റോമിലേക്കു പോകുംവഴി കപ്പലപകടം പിണഞ്ഞു മാൾട്ടയിലെ തീരത്തു് അദ്ദേഹം ഇറങ്ങി. അവിടെനിന്നും റോമിൽ എത്തിയപ്പോൾ അധികാരികൾ അദ്ദേഹത്തോടു വളരെ ആദരവോടുകൂടിയാണു പെരുമാറിയതു്. ഇതു കാരണം ഇദ്ദേഹം വിമുക്തനായി എന്നു കരുതാം. പിന്നെ നീറോവിന്റെ ഭരണകാലത്തു മതപ്രവർത്തനത്തിന്റെ പേരും പറഞ്ഞു അദ്ദേഹത്തെ വധിച്ചുവെന്നാണു പറയുന്നതു്.

ഇതുപോലെ ക്രിസ്തുമതപ്രചാരണത്തിനു പുറപ്പെട്ടു മൃതിയടഞ്ഞ മറ്റൊരു ദേഹമാണു് വിശുദ്ധ പത്രോസ്സ്. ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ പെട്ടവനും ശിമയോൻ എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്നവനുമായ പത്രോസ് ഗലീലിയയിലെ ഒരു മുക്കുവനായ ജോനയുടെ പുത്രനും വിശുദ്ധനായ ആൻറ്റൂസിന്റെ സഹോദരനുമാണു്. ആൻറ്റൂസാണു് പത്രോസിനെ ക്രിസ്തുസവിധത്തിലേക്കാനയിച്ചതു്. കണ്ട മാത്രയിൽ ക്രിസ്തു അദ്ദേഹത്തെ “ജോനയുടെ പുത്രനായ ശിമയോനാണു നീ. മേലിൽ പാറ എന്നർത്ഥമുള്ള പത്രോസ് എന്ന അഭിധാനത്താൽ നീ അറിയപ്പെടും” എന്നു പറഞ്ഞു.

ഒരിക്കൽ ക്രിസ്തുവുമൊന്നിച്ചിരിക്കുമ്പോൾ പത്രോസ് വലവീശുകയുണ്ടായി. ആദ്യം നിരാശനായി ചമഞ്ഞുവെങ്കിലും പിന്നീടു ഗുരുദേവന്റെ അനുഗ്രഹത്താൽ ഒട്ടധികം മത്സ്യം വലയിൽ പെട്ടു. ഈ സംഭവത്തിനുശേഷം അദ്ദേഹം ഗുരുദേവന്റെ ശിഷ്യരിൽ ഒരുവനായി. പോരാ, അ

ദ്ദേഹത്തിന്റെ ആപ്തശിഷ്യരിൽതന്നെ ഒരുവനായി.

ഒരു മുൻശുണ്ഠിക്കാരനായിരുന്നു പത്രോസ്സ്. തന്മൂലം ശിഷ്യനായിച്ചമഞ്ഞ ആദ്യകാലങ്ങളിൽ ഗുരുദേവൻ പലപ്പോഴും അദ്ദേഹത്തെ അവിവേകത്തിനു ശാസിച്ചിരുന്നു. കൃത്യനിർവ്വഹണത്തിലുള്ള ശേഷിയും വാചാലതയും കാരണം പ്രധാന സംഗതികളിൽ ശിഷ്യഗണപക്ഷം പിടിച്ചു വാദിപ്പാൻ അദ്ദേഹത്തെയാണ് സാധാരണയായി ഏല്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക ക്രിസ്ത്യൻ സംഘങ്ങളിൽ വലിയ മതിപ്പുണ്ട്. അവിശ്വാസികളുമായുള്ള പെരുമാററത്തിൽ അവിവേകമായി പ്രവർത്തിക്കമൂലം വിശുദ്ധ പൌലോസുപോലും ഒരിക്കൽ അദ്ദേഹത്തെ ശാസിച്ചിട്ടുണ്ട്.

പത്രോസ്സിന്റെ പിന്നീടുള്ള ജീവിതസംഭവങ്ങളെപ്പററി വലിയ അറിവൊന്നുമില്ല. റോമിലെ പള്ളി സ്ഥാപിക്കുന്നതിൽ ഇദ്ദേഹത്തിനും ഒരു കർത്തൃത്വം ഉണ്ട്. എ. ഡി. 64-ാമാണ്ടിടയ്ക്ക് അദ്ദേഹവും നീറോവിന്റെ ഭരണകാലത്തു മതപ്രചാരണത്തിലൾപ്പെട്ടു വധിക്കപ്പെട്ടു എന്നാണ് കരുതപ്പെടുന്നത്. അദ്ദേഹം രണ്ടു ലേഖനങ്ങൾ എഴുതീട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും രണ്ടാമത്തെ ലേഖനത്തിന്റെ കർത്തൃത്വത്തെപ്പററി സംശയം ഇല്ലായ്കയില്ല.

---

## 58. ക്രിസ്ത്യാനികളുടെ അഭിവൃദ്ധി

ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ പ്രചാരണവേലകൊണ്ടു സമുജ്ജ്വലിച്ചിരുന്നതുമായ ആ നൂതനമതത്തിലെ തത്വങ്ങൾ യഹൂദമതതത്വങ്ങളുടെതന്നെ ബാഹ്യാചാരവിഹീനമായ രൂപമായിരുന്നു. ആദ്യം ആരും അതിനത്ര പ്രാധാന്യം കല്പിച്ചിരുന്നില്ല. എന്നാൽ പൌലൂസിനു ധാരാളം ശിഷ്യന്മാരും അനുയായിക

ളമുണ്ടായിരുന്നതുകൊണ്ടു് ആദ്യത്തെ ശതാബ്ദം മുഴുവനും സ്വവിശേഷപ്രചാരണവേലക്കു് അത്ര പ്രതിബന്ധമൊന്നും ഉണ്ടായില്ല. നീറോ ചക്രവർത്തിയുടെ കാലത്തു റോമിലുണ്ടായ അഗ്നിബാധക്കു കാരണം ക്രിസ്ത്യാനികളാണെന്നു പറഞ്ഞു അവരിൽ ഒട്ടധികംപേരെ വധിക്കയുണ്ടായി. രണ്ടാം ശതാബ്ദത്തിന്റെ ആരംഭത്തോടുകൂടി ഇവർ എണ്ണത്തക്ക ഒരു സംഘമാണെന്നു റോമിലെ ഭരണാധികാരികൾ ഗ്രഹിച്ചു. അപ്പോഴും അവക്കു ഗണ്യമായ ഉപദ്രവമൊന്നും ഉണ്ടായില്ല; എങ്കിലും ഇടയ്ക്കിടക്കു ചില സ്പൾകൾ പൊട്ടിപ്പുറപ്പെടാതെയുമിരുന്നില്ല. ക്രിസ്ത്യാനികളുടെ മേൽ വല്ല കുററവും ചുമത്തിയാൽ അവക്കു് ഒരു കോടതിയിലും രക്ഷ കിട്ടുകയില്ല. യൂദന്മാരെപ്പോലെ ചക്രവത്തിയെ ആരാധിച്ചുകൊള്ളണമെന്നുള്ള നിയമത്തിൽനിന്നു് ഈ കൂട്ടരെ ഒഴിവാക്കിയിരുന്നില്ല. എങ്കിലും അങ്ങനെ പ്രവത്തിക്കുന്നതു് അവരുടെ വിശ്വാസത്തിനു വിരുദ്ധമായിരുന്നു. ക്രിസ്തുമതം രാജകീയനിയമങ്ങളെ ലംഘിച്ചിരുന്നതിനാൽ ക്രിസ്ത്യാനികൾ പലപ്പോഴും ദണ്ഡിക്കപ്പെട്ടിരുന്നു. മതത്തെ ത്യജിപ്പാൻകൂടി അവരെ നിർബ്ബന്ധിച്ചിരുന്നു. അതിനു സമ്മതിക്കാത്തവരെ കുരിശിൽ തറച്ചും മൃഗക്കൂട്ടിൽ വിട്ടു മൃഗങ്ങളെക്കൊണ്ടു കടിപ്പിച്ചും മററുവിധത്തിലും വധിച്ചിരുന്നു. അരാജകത്വം ആരംഭിക്കുന്നതുവരെ വധിപ്പാനല്ലാതെ ക്രിസ്തുമതത്തെ പിഴുതുകളയുവാൻ ഒരു ചക്രവത്തിയും ഉദ്യമിച്ചില്ല. എന്നാൽ എ. ഡി. 250-ൽ ക്രിസ്തുമതപ്രചാരണങ്ങളൊന്നും നടത്തിക്കൂടെന്നു ഒരു രാജകീയവിളംബരംതന്നെ ഉണ്ടായി. സമാധാനം പാലിപ്പാൻ പ്രയാസമായിരുന്ന അക്കാലത്തു മതപ്രചാരണംമൂലം കുഴപ്പം വർദ്ധിക്കും എന്നു കരുതീട്ടാണു് അങ്ങനെ പ്രവത്തിച്ചതു്. അന്നു അനേകം ക്രിസ്ത്യാനികൾ മതം ഉപേക്ഷിച്ചു. ഒട്ടധികംപേർ മരണം വരിച്ചു. വളരെപ്പേർ പഴയ ശവകുടീരങ്ങളിലും മററും ഒളിച്ചിരുന്നു ആരാധന നട-

ത്തിയിരുന്നു.

ഈ ദുരവസ്ഥ ഭവിച്ചതു കൃസ്ത്യാനികൾ മൂലമാണെന്നു പറയുവാൻ എളുപ്പമുണ്ടെങ്കിലും അവരെ പിഴുതുകളവാൻ സാദ്ധ്യമല്ലാത്തവിധത്തിൽ അവരുടെ എണ്ണവും സ്വാധീനശക്തിയും അവൎക്കനുകൂലമായ പൊതുജനാഭിപ്രായവും വൎദ്ധിച്ചുവന്നു. പത്തുകൊല്ലം കഴിഞ്ഞപ്പോൾ ഭരണാധികാരികൾ അതുവരെ കൈക്കൊണ്ടിരുന്ന നയം മാററി. അതോടെ ക്രിസ്ത്യാനികൾ ദ്രോഹവിമുക്തരായി ചമഞ്ഞു. ഡയോക്ലിഷ്യന്റെ ഭരണാരംഭംവരെ ഈ രാജാനുകൂല്യം അവൎക്കു സിദ്ധിച്ചു. ഇദ്ദേഹം ചക്രവൎത്തിപദത്തിലെത്തിയതോടുകൂടി ക്രിസ്ത്യാനികളുടെ സ്ഥിതി വീണ്ടും അപകടത്തിലായിത്തീൎന്നു. എന്നിട്ടും അവർ സ്ഥിരപ്രതിജ്ഞരായിത്തന്നെ നിന്നു. ഭരണാധികാരികളുടെ ബലം ക്ഷയിച്ചു. ചക്രവൎത്തിതന്നെ അവരെ ശിക്ഷിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചാലും അതു നടത്തുവാൻ കീഴ്ജീവനക്കാർ കൂട്ടാക്കാതെയായി. ഡയോക്ലിഷ്യന്റെ ഭരണം അവസാനിച്ചതോടുകൂടി ക്രിസ്ത്യാനികൾക്കെതിരായി പുറപ്പെടുവിച്ചിരുന്ന കല്പനകളെല്ലാം പിൻവലിക്കപ്പെട്ടു. അദ്ദേഹത്തെ തുടൎന്ന കോൺസ്റ്റൻറയിൻ ചക്രവൎത്തിതന്നെ ഒരു ക്രിസ്ത്യാനിയായിരുന്നു. അങ്ങനെ ഏ. ഡി. 323-ൽ ക്രിസ്തുമതം സാമ്രാജ്യത്തിലെ രാജകീയമതമായി പരിണമിച്ചു.

രാഷ്ട്രീയരംഗത്തിലെ ഒരു ധീരപ്രവൃത്തിയായിരുന്നു ഇതു്. അന്നുമുതൽ ക്രിസ്ത്യാനികളുടെ ആനുകൂല്യം സാമ്രാജ്യത്തിനുണ്ടാകുമെന്നു തീൎച്ചപ്പെട്ടു. എന്നാൽ ക്രിസ്ത്യാനികൾക്ക ഗണ്യമായ ഗുണമൊന്നും അതുകൊണ്ടുണ്ടായില്ല. ക്രിസ്ത്യാനികൾ മൎദ്ദിക്കപ്പെട്ടിരുന്ന കാലത്തു ധനേച്ഛയുള്ളവരാരും ആ മതം അവലംബിച്ചിരുന്നില്ല. പൂൎണ്ണമായ വിശ്വാസമുള്ളവർ മാത്രമേ അതു അംഗീകരിച്ചുള്ളു. ഇപ്പോൾ അതു രാജപ്രീതി സമ്പാദിപ്പാൻ ഒരു ഉപാധിയായി ഭവിച്ചു. ക്രി-

സ്ത്യാനികളുടെ ദുർദ്ദശാകാലത്തും അവക്കു തമ്മിൽ അഭിപ്രായഭിന്നതകളുണ്ടായിരുന്നെങ്കിലും അവർ അതു് ഒതുക്കി ശത്രുക്കളെ ചെറുത്തുനിന്നു. എന്നാൽ സുദിനം ഉദിച്ചപ്പോൾ ആ ഭിന്നതകൾ പ്രത്യക്ഷത്തിൽ പൊട്ടിപ്പുറത്തുവന്നു. അതിന്റെ ഫലമായിട്ടു ക്രിസ്ത്യൻ സംഘങ്ങൾ ഒത്തുചേന്നു ക്രിസ്തീയതത്വങ്ങളെ ക്രോഡീകരിച്ചു ഒരു നൂതന വിശ്വാസം രൂപീകരിച്ചു.

ക്രിസ്തുമതത്തിന്റെ പരമസിദ്ധാന്തം ദൈവത്തിന്റെ പിതൃത്വത്തിലും മനുഷ്യരുടെ സാഹോദര്യത്തിലുമാണു് അടിയുറച്ചിരിക്കുന്നതു്. മനുഷ്യരെല്ലാം ദൈവത്തിന്റെ സന്താനങ്ങളാണെന്നും ദൈവം എല്ലാ മനുഷ്യരേയും ഒരുപോലെ സ്നേഹിക്കുന്നു എന്നും ക്രിസ്തു ലോകത്തെ പഠിപ്പിച്ചു. മനുഷ്യസമുദായത്തിന്റെ സദാചാരപരവും ആദ്ധ്യാത്മികവുമായ ജീവിതത്തിൽ ക്രിസ്തുമതം വലിയ ഒരു പരിവത്തനം ഉളവാക്കി. സവ്വസാഹോദര്യത്തോടുകൂടി വത്തിച്ചാൽ മാത്രമേ ക്രിസ്തു ഉദ്ദേശിച്ചിരുന്ന ദൈവസാമ്രാജ്യം ലോകത്തിൽ സ്ഥാപിപ്പാൻ സാധിക്കയുള്ളു. വ്യക്തികളെ സംബന്ധിച്ച ആശകളെ അടക്കി സാമുദായികശ്രേയസ്സിനുവേണ്ടി പ്രവൃത്തിക്കയാണു് മനുഷ്യരുടെ കത്തവ്യം. അതുകൊണ്ടു മാത്രമേ സാധുസംരക്ഷണം സാധിതമാകയുള്ളു. ഈ സാംസ്കാരികമനോഭാവത്തോടുകൂടിയാണു് ക്രിസ്തു സ്വജീവിതത്തെ ബലികഴിച്ചതു്. സംസ്കാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പൊതുനന്മയുടേയും സിദ്ധിക്കുവേണ്ടി ക്രിസ്തു ആത്മാപ്പണം ചെയ്തു. മൃഗീയമായ ശക്തിയിൽനിന്നു അദ്ദേഹം മനുഷ്യനെ മുക്തനാക്കി. ക്രിസ്തുമതത്തിലെ ഉപദേശങ്ങൾ സദാചാരപരമായും ആദ്ധ്യാത്മികമായും വളരെ വിലയുള്ളവയാകുന്നു. അവ എന്നെന്നും നിലനില്ക്കും. അവയെ തത്വചിന്തകന്മാർ എന്നും വിലമതിക്കുകയും ചെയ്യും.

വിദ്യാവിനോദിനി അച്ചുകൂടം, തൃശ്ശിവപേരൂർ.

२३२५